KOTTAYAM PUBLIC LIBRARY

Call No. 14200 Acc. No. 4235

Author വർമ്മ വി.വി.

Title [illegible]

882

14200
No. 4235

'രാധാകൃഷ്ണവിലാസം'
എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയ
ശ്രീജയദേവകവികൃതമായ

# ഗീതഗോവിന്ദകാവ്യം

അഥവാ

# അഷ്ടപദി

KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.

രാമപുരത്തുവാര്യരുടെ
ഭാഷാഷ്ടപദി-
യോടുകൂടിയതു്.

വ്യാഖ്യാതാവു്,
വി. വി. ശർമ്മാ, വിദ്യാഭൂഷണൻ,
ലക്ചറർ, യൂണിവെർസിററികാളേജ്,
തിരുവനന്തപുരം.

V. V. & BROS.,
TRIVANDRUM.
1122

[വില രൂപ 2½

## വിഷയവിവരം.

1. ആമുഖം.

2. സർഗസമുദ്ദേശം.

3. പ്രബന്ധസമുദ്ദേശം.

4. ഗീതഗോവിന്ദവും അഷ്ടപദിയും വ്യാഖ്യാനവും.

5. അനുക്രമണിക ഒന്നു്.

6. അനുക്രമണിക രണ്ടു്.

# ആമുഖം.

ഗീതഗോവിന്ദം—പരമഭാഗവതോത്തമനും ഭക്തശിരോമണിയും ഗായകശിഖാമണിയും ആയ ശ്രീജയദേവകവി നിരന്തരം സമാഹിതചിത്തനായി തന്റെ മനോമുകുരത്തിൽ തന്നിൽ നിന്നു അഭിന്നമായി എപ്പൊഴും പ്രതിഫലിക്കുന്നതായി ഭാവനചെയ്യുന്ന, ഭഗവാനും ഭക്തവത്സലനും ലോകാനുഗ്രഹത്തിനായി യദുകുലത്തിൽ ലീലാമാനുഷവിഗ്രഹമായി അവതരിച്ചു ബൃന്ദാവനപ്രദേശത്തിൽ ഗോപസ്ത്രീകളോടു രാസക്രീഡ ചെയ്തുകൊണ്ടിരിക്കുന്നവനും ആയ ശ്രീകൃഷ്ണബ്രഹ്മം ഈ കാവ്യത്തിൽ നായകനായി ആദ്യന്തം വർണ്ണിക്കപ്പെടുന്നതിനാൽ ഈ കാവ്യത്തിന് ഗീതഗോവിന്ദം എന്നു പേർ.

ശ്രീകൃഷ്ണങ്കൽ നിർഭരപ്രേമഭരിതയായി എന്നാൽ വിപ്രലംഭദശയിൽ വിപ്രലബ്ധയായും ഖണ്ഡിതയായും കലഹാന്തരിതയായും വാസകസജ്ജികയായും അഭിസാരികയായും മററും പല ക്ലേശങ്ങൾ അനുഭവിച്ചു ഒടുവിൽ സംഭോഗദശയിൽ സ്വാധീനഭർത്തൃകയായിത്തീൎന്നു ശ്രീകൃഷ്ണസായൂജ്യം ലഭിച്ചു പരമാനന്ദനിർവൃതിയെ പ്രാപിക്കുന്ന ഗോപിമാരിൽ ഒരുത്തിയായ രാധ. ഇതാണു ഈ കാവ്യത്തിലേ പ്രതിപാദ്യം. ഇങ്ങനെ രാധയ്ക്കു ആശ്രിത എന്ന നിലയും, ഗോവിന്ദനു (കൃഷ്ണനു) ആശ്രയം എന്ന നിലയും ഉള്ളതിനെ അടിസ്ഥാനപ്പെടുത്തി "പ്രധാനേന വ്യപദേശാ ഭവന്തി" എന്ന ന്യായമനുസരിച്ചു ഈ കാവ്യത്തിനു 'ഗീതരാധം' എന്ന പേരു നൾകാതെ 'ഗീതഗോവിന്ദം' എന്നു പേരുകൊടുത്തിരിക്കുന്നതു ഉചിതമായിരിക്കുന്നു. പ്രതിപാദ്യമായ ഈ പ്രമേയത്തെ സരസമായി സാംഗമായി സഹൃദയഹൃദയാഹ്ലാദകമായി വിശിഷ്ടമായി കാവ്യസന്ദർഭരൂപത്തിൽ നിർവഹിക്കുന്നതിനു കവി ശൃംഗാരോത്തരമായ ഭംഗിഭണിതിവൈചിത്ര്യങ്ങളെ സ്വീകരിച്ചിരിക്കുന്നു.

ഇതിലെ പ്രതിപാദ്യം എല്ലാ ജനങ്ങൾക്കും ആദരണീയമായ ഒരു ഒന്നാംതരം ജ്ഞാനപാഠമായും വിളങ്ങുന്നു. അതായതു ജീവിതക്ലേശങ്ങളിൽ ബദ്ധരായി സംസാരികളായി ഉഴലുന്ന എല്ലാവരും ഏതുരൂപത്തിലായാലും ശരി, നിത്യശുദ്ധബുദ്ധമുക്തസ്വഭാവമായ പരമാത്മാവിങ്കൽ നിർഭരഭക്തിഭരിതരായിത്തീർന്നാൽ മുക്തിയെ പ്രാപിക്കും എന്നു. എന്നുവച്ചാൽ ശ്രീകൃഷ്ണൻ പരമാത്മാവും മററുള്ളവരെല്ലാം ജീവാത്മാക്കളും ആകയാൽ ജീവാത്മാക്കൾക്കു പരമാത്മസായുജ്യം ലഭിക്കുവാൻ മാർഗദർശകമായിരിക്കുന്നു ഈ കാവ്യംഎന്നാത്ഥം. ഇവ്വണ്ണമുള്ള സായുജ്യലബ്ധിയാണല്ലോ ആർഷവും ഔപനിഷദവും ആയ അധ്യാത്മതത്വസിദ്ധാന്തം. സായുജ്യലബ്ധിക്കുള്ള മാർഗങ്ങൾ അധികാരിഭേദമനുസരിച്ചു ഭിന്നങ്ങളാണല്ലോ. അതിൽ ഒരു ഭക്തൻ എന്ന നിലയിൽ ഗീതതാളമേളങ്ങളോടുകൂടി പത്നീസഹിതനായി ചതുർവിധങ്ങളായ അഭിനയങ്ങളെക്കൊണ്ടും കവി ശ്രീകൃഷ്ണനെ–രാസക്രീഡയിലെ ശ്രീകൃഷ്ണനെ—ഭജിച്ചു അനുസന്ധാനം ചെയ്യുതിന്റെ ഫലമായി ആവിർഭവിച്ചതായിരിക്കണം ഗീതഗോവിന്ദം കാവ്യം. കൃഷ്ണഭക്തനായ കവി കൃഷ്ണങ്കൽ നിന്നു അഭിന്നനായും, കവിപത്നിയായ പദ്മാവതി കൃഷ്ണാനുരക്തയായ രാധയിങ്കൽ നിന്നു അഭിന്നയായും, ഇങ്ങനെ രണ്ടുപേരും ഭക്തിഭരത്താലും പ്രേമഭരത്താലും ഭരിതരായി രമിച്ചു വിഹരിച്ചു സായുജ്യം പ്രാപിച്ചതായി പറയപ്പെടുന്നു.

രാധയും മററു ഗോപിമാരും അവരവരുടെ ചിത്തവൃത്തിക്കു അനുസരണമായി ശ്രീകൃഷ്ണസായുജ്യരൂപമായ മുക്തിയെ പ്രാപിച്ചതിനെപ്പററി ഭാഗവതത്തിൽ വിസ്തരിച്ചു വർണ്ണിക്കപ്പെട്ടിട്ടുണ്ടു്. ഉദാഹരണത്തിനായി ഭാഗവതഭാഗം ഒന്നു മാത്രം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"തദപ്രാപ്തിമഹാദുഃഖവിലീനാശേഷപാതകാ
തച്ചിന്താവിപുലാഹ്ലാദക്ഷീണപുണ്യചയാ തഥാ

ചിന്തയന്തീ ജഗത്സൂതിം പരം ബ്രഹ്മസ്വരൂപിണം
നിരുച്ഛ്വാസതയാ മുക്തിം ഗതാന്യാ ഗോപകന്യകാ."

'ഗോപസ്ത്രീകളിൽ ഒരുത്തി ശ്രീകൃഷ്ണനെ പ്രാപിക്കാഞ്ഞതുകൊണ്ടുള്ള മഹാദുഃഖത്തിൽ വിലയം പ്രാപിച്ച സകല പാപങ്ങളോടുകൂടിയവളായും, ശ്രീകൃഷ്ണചിന്തയാകുന്ന ആനന്ദഭരത്താൽ ക്ഷയിച്ച പുണ്യങ്ങളോടുകൂടിയവളായും, ഇങ്ങനെ പുണ്യപാപങ്ങൾ രണ്ടും ഇല്ലാത്തവളായിത്തീർന്ന്, ജഗത്കാരണനും പരബ്രഹ്മസ്വരൂപിയും ആയ ഭഗവാങ്കൽ തന്നെ സമാഹിതചിത്തയായി ശ്വാസവേഗം നശിച്ചവളായി മുക്തിയെ പ്രാപിച്ചു.'

പാപമെല്ലാം വിലയത്തെ പ്രാപിച്ചതുകൊണ്ടു അവൾക്കു പാപഫലങ്ങളായ നരകാദികളൊന്നും അനുഭവിക്കേണ്ടതില്ല. പുണ്യമെല്ലാം ക്ഷയിച്ചതുകൊണ്ടു പുണ്യഫലമായ സ്വർഗാദികളൊന്നും അനുഭവിക്കേണ്ടതില്ല. അവളുടെ ചിത്തം ഭഗവാങ്കൽ നിലകൊണ്ടു ഭഗവച്ചിന്തയൊന്നല്ലാതെ മറെറാന്നും ഇല്ലാത്തവളായി ശ്വാസവേഗംപോലും നശിച്ചു അവൾ മുക്തിയെ പ്രാപിച്ചു എന്നു താത്പര്യം.

<u>കേരളത്തിലെ പ്രസിദ്ധി</u>—ഗീതഗോവിന്ദം സർവാംഗസുന്ദരമാണ്. അതു വായിച്ചാൽ അവാച്യമായ നിർവൃതിയുണ്ടാകും. ശ്രീകൃഷ്ണഭക്തി വർദ്ധിക്കും. പാടിക്കേട്ടാൽ ഐഹികങ്ങളായ ക്ലേശങ്ങൾ നമ്മെ ബാധിക്കുകയില്ല. കേരളത്തിൽ ഈ കാവ്യത്തിനു ആദ്യകാലം മുതല്ക്കുതന്നെ വളരെ പ്രചാരമുണ്ടായിരുന്നു. കൃഷ്ണനാട്ടംതന്നെ കേരളീയർക്കു ഗീതഗോവിന്ദത്തോടുള്ള പ്രതിപത്തിക്കു നല്ല തെളിവാണ്. കഥകളിയിലെ അഭിനയരീതിതന്നെ അഷ്ടപദിയാട്ടത്തിൽ നിന്നും സ്വീകരിക്കപ്പെട്ടതാണ്. അഷ്ടപദിയിലെ ചില ഗാനപ്രബന്ധങ്ങൾ കഥകളിക്കാർ പാടിവരുന്നു. ഉദാഹരണമായി 'ശ്രിതകമലാ' ഇത്യാദിയായ രണ്ടാമത്തെ പ്രബന്ധം കഥകളിക്കാർ ആട്ടത്തിൻെറ ആദ്യവസാനങ്ങളിൽ മംഗളമായി പാടിവരുന്നു. കേരളത്തിലെ ക്ഷേത്രങ്ങളിൽ ഗീതഗോവിന്ദഗാന

ങ്ങളും പദ്യങ്ങളും പാണിവാദനത്തോടുകൂടി പാടപ്പെട്ടുവരുന്നു. ഈ പ്രവൃത്തി മാരാന്മാരുടെ കുഡുംബക്കഴകമായിരിക്കുന്നു. ഗീതഗോവിന്ദത്തെ അനുകരിച്ചു 'ഗീതരാമം' എന്നൊരു കാവ്യം രാമപാണിവാദൻ നിർമിച്ചിട്ടുണ്ട്. ഇപ്പോൾ ശ്രദ്ധാ ജാഡ്യം നിമിത്തം കേരളത്തിൽ ഉണ്ടായിട്ടുള്ള അഷ്ടപദീപ്ര ചാരലോപത്തെ പരിഹരിച്ച് അതിൻെറ അഭ്യവപത്തിയ്ക്കായി ഉള്ള പ്രവർത്തനപരിപാടികൾ ആരംഭിച്ചിരിക്കുന്നതായറിയു ന്നതിൽ സന്തോഷമുണ്ട്.

രസം—ഹൈന്ദവസാഹിത്യത്തിൽ ഗീതഗോവിന്ദത്തിനു ള്ള സ്ഥാനം അദ്വിതീയമാണ്. രാധയും കൃഷ്ണനും കാമ ക്രീഡയിലുള്ള ഔത്സുക്യം മുതലായവയെ വസ്തുരൂപത്തിലും അലങ്കാരരൂപത്തിലും രസരൂപത്തിലും വർണ്ണിക്കുന്ന മട്ടിൽ അനു വാചകന്മാരുടെയും ശ്രോതാക്കളുടേയും അനുദ്രഷ്ടാക്കളുടേയും മനസ്സിനെ വികാരതരളിതമാക്കിത്തീർക്കുന്ന ഇക്കാവ്യം—അല്ലെ ങ്കിൽ ഈ നാട്യപ്രബന്ധം—സംസാരത്തിൻെറ നശ്വരതയേയും അതിനെ വെറുത്തു പരബ്രഹ്മസായൂജ്യം പ്രാപിക്കേണ്ട ആവ ശ്യകതയേയും നമ്മെ പഠിപ്പിക്കുന്നു.

"ന വിനാ വിപ്രലംഭേന സംഭോഗഃ പുഷ്ടിമശ്നുതേ"

എന്നിങ്ങനെ കാവ്യമീമാംസാതത്ത്വവേദികളുടെ വചന ത്തിനു തക്കവണ്ണം ആദ്യത്തെ പത്തു സർഗങ്ങളിൽ രണ്ടു പേരുടേയും കാമക്രീഡാപരിപാടികളെ സഹജമായ രീതിയിൽ തന്മയമായി വർണിച്ചു വർണിച്ചു വിപ്രലംഭശൃംഗാരം സംഭോ ഗനിലയെ പ്രാപിക്കുന്നു. പതിനൊന്നും പന്ത്രണ്ടും സർഗ ങ്ങളിൽ സംഭോഗശൃംഗാരവും മൂർദ്ധന്യദശയെ പ്രാപിച്ചിരി ക്കുന്നു. ഇങ്ങനെ മററു രസഭാവാദികളാൽ അചുംബിതമായി ആദ്യന്തം ശൃംഗാരരസസംവലിതമായ കാവ്യങ്ങളിൽവച്ചു പ്ര ഥമഗണനീയമായ സ്ഥാനമാണ് ഗീതഗോവിന്ദത്തിനുള്ളതു്.

ഇത്രയും പറഞ്ഞതുകൊണ്ടു ഗീതഗോവിന്ദത്തിലെ രസം ശൃംഗാരമാണെന്നുള്ളതു വ്യക്തമാണല്ലോ. രാധയും കൃഷ്ണനും,

കൃഷ്ണനും രാധയും ആലംബനവിഭാവങ്ങളാകുന്നു. മൂന്നുപുറവും യമുനാനദി ഒഴുകുന്നതും വഞ്ജുളനികുഞ്ജങ്ങളാൽ മഞ്ജുളതരവും ആയ ബൃന്ദാവനോദ്യാനപ്രദേശം സഖീപ്രേരണ പക്ഷികൂജിതങ്ങൾ തമിസ്ര വസന്തശോഭ ചന്ദ്രോദയം മലയവായു മുതലായവയെല്ലാം ഉദ്ദീപകങ്ങൾ. സ്തംഭ-സ്വേദ-രോമാഞ്ചാദികൾ ഭാവങ്ങൾ. ആലംബനാശ്രയമായ വിപ്രലംഭം പതിനൊന്നു സർഗ്ഗങ്ങളിൽ മുറയ്ക്കു ഉത്കർഷത്തെ പ്രാപിച്ചു ഒടുവിലത്തെ സർഗ്ഗത്തിൽ സംഭോഗമായി പരിണമിച്ചു പരമാഹ്ലാദകമായിരിക്കുന്നു.

ഗീതഗോവിന്ദത്തിലെ ശൃംഗാരം വളരെ പരിശുദ്ധമായിട്ടുള്ളതാകുന്നു. വിടൻ സ്യാലൻ നാഗരകൻ മുതലായവർക്കു യോജിച്ചതോ വൈശികമോ ആയ ശൃംഗാരമല്ല. ജയദേവർ ഈ കാവ്യത്തിൽ ഭക്തിയെ ശൃംഗാരത്തിൽ ലയിപ്പിച്ചിരിക്കുന്നു. പരിപൂതപ്രേമമാകുന്ന ഭക്തി പരിശുദ്ധമായ ശൃംഗാരമായി പരിലസിക്കുന്നു. ആയതുകൊണ്ടാണല്ലോ ഗീതഗോവിന്ദത്തെ ഭക്തിരസനിഷ്യന്ദിയായ ഗ്രന്ഥമായി പൊതുവേ ധരിക്കാറുള്ളതു്. മാത്രമല്ല, ദേവദാസീസമ്പ്രദായത്തിൽ ദേവാലയങ്ങളിലും മററുമുള്ള ഭരതനാട്യത്തിനു ശൃംഗാര സർവസ്വമായ പദങ്ങൾ പാടുന്നതും ദേവസന്നിധിയിൽ അഭിനയം നടത്തുന്നതും മററും പരിശുദ്ധശൃംഗാരത്തിനു ഭക്തിയിൽ പാരമ്യന്തികമായ ലയം ഉള്ളതുകൊണ്ടാണു്. ഗോപിമാരെല്ലാവരും കൃഷ്ണൻെറ രൂപലാവണ്യത്തിലും കലാകൌശല്യത്തിലും മയങ്ങിയവരായി കാമാവേശം പൂണ്ടവരായി കൃഷ്ണനോടുകൂടി രാസക്രീഡ ഹല്ലീസകപ്രക്രീഡിതകം മുതലായവ നടത്തി, കാമോത്സവം കൊണ്ടാടുന്നു. അവർക്കു കൃഷ്ണനോടു രമിക്കുന്നതിൽ ആശ തീരുന്നില്ല. അങ്ങനെയുള്ള അവർ പോലും ശ്രീകൃഷ്ണൻെറ ദിവ്യതയെ ഉണർന്നു ഉണർന്നു ഭക്തിഭരഭരിതകളായി കൈകൂപ്പുകയും പൂജിക്കുകയും നമസ്കരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു.

ഇതിവൃത്തം—ഗീതഗോവിന്ദത്തിലെ ഇതിവൃത്തം ഭാഗവതം ദശമസ്കന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന രാസക്രീഡാവർണ്ണനയെ ആശ്രയിച്ചുള്ളതാകുന്നു. മററുഗോപിമാരോടുകൂടി രമിക്കുന്നതിനാൽ അസഹിഷ്ണുവായി മാനവതിയായിത്തീൎന്ന രാധയോടു പിണങ്ങി കൃഷ്ണൻ പിരിഞ്ഞുപോകുന്നു. പിന്നെ രാധ വിരഹിണിയായി സന്തപിച്ചു മൂർച്ഛാപര്യന്തങ്ങളായ കാമദശകൾക്കു വിധേയയായി വളരെ കഷ്ടപ്പെടുന്നു. കൃഷ്ണനും അതുപോലെ വിരഹിയായി സന്തപിക്കുന്നു. താൻ പിണങ്ങിപ്പിരിഞ്ഞുവന്നതിനെപ്പററി പശ്ചാത്തപിക്കുന്നു. പിന്നെ രണ്ടുപേരും കൂടിച്ചേർന്നു പരമാനന്ദഭരിതരായിത്തീരുന്നു. ഇതാണു് ഇതിലെ ഇതിവൃത്തം. ഈ ഇതിവൃത്തം പന്ത്രണ്ടു സർഗ്ഗങ്ങളായി വിസ്തരിച്ചു വർണ്ണിക്കപ്പെട്ടിരിക്കുന്നു. ഓരോ സർഗ്ഗത്തിൻെറയും പേരുതന്നെ അതതു സർഗ്ഗത്തിലെ പ്രതിപാദ്യം ഇന്നതാണെന്നുള്ളതിനെ സൂചിപ്പിക്കുന്നു.

പാത്രങ്ങൾ— ഗീതഗോവിന്ദത്തിലെ കഥാപാത്രങ്ങൾ ശ്രീകൃഷ്ണനും രാധയും രാധയുടെ സഖിയും എന്നിങ്ങനെ മൂന്നു പേർ മാത്രമാകുന്നു. അനന്തകല്യാണഗുണനിലയനും ജഗത്തിൻെറ സൃഷ്ടി-സ്ഥിതി-ലയങ്ങൾക്കു കാരണനും പുരുഷോത്തമനും ആയ ശ്രീമന്നാരായണൻെറ അവതാരമാണു് ഇതിലെ നായകനായ കൃഷ്ണൻ—അതായതു രാത്രിയായാൽ പേടിക്കുന്ന കൃഷ്ണൻ. അദ്ഭുതശക്തികളും കലാവിദ്യകളിൽ നൈപുണ്യവും സിദ്ധിച്ചവനും ശൃംഗാരിയും ഏററവും സുന്ദരനും കാമികളിൽ അഗ്രഗണ്യനും രാധയുടെ പ്രേമസർവസ്വവുമാണു് കൃഷ്ണൻ.

കൃഷ്ണനു വളരെ യോജിച്ച നായികയാണു രാധ. അതിസുന്ദരിയും കൃഷ്ണങ്കൽ അതിരു കടന്ന കാമം പൂണ്ടവളും കലാവിദ്യകളിൽ നിപുണയും വിചിത്രസുരതങ്ങളിൽ സമർത്ഥയും പ്രഗല്ഭയും കൃഷ്ണൻെറ ശൃംഗാരസർവ്വസ്വവും

ആകുന്നു രാധ. രാധയെ അവസ്ഥാഭേദമനുസരിച്ചു പല പ്രകാരത്തിലുമുള്ള നായികയായി കവി ഈ കാവ്യത്തിൽ ചിത്രണം ചെയ്യുന്നു.

രാധയുടേയും കൃഷ്ണൻെറയും ഇംഗിതഗതികളെ അറിഞ്ഞു പ്രവത്തിക്കുന്നവളായതിനാൽ രണ്ടുപേക്കും യോജിക്കുന്നവളും രണ്ടുപേരുടെ വിശ്വാസത്തിനു് പാത്രമായിരിക്കുന്നവളും ആണു് സഖി. രണ്ടുപേരും യോജിക്കുന്നതിൽ അവൾക്കു വളരെ താത്പയ്യം ഉണ്ടു്. ആയതിനാൽ അതിലേയ്ക്കായി അവൾ ദൂതിയെന്ന നിലയിലും മററും വളരെ ശ്രമിക്കുന്നു. വിരഹിണിയായ രാധയുടെ അവസ്ഥാവിശേഷങ്ങളെ കൃഷ്ണനോടും, കൃഷ്ണൻെറ വിരഹാവസ്ഥയെ രാധയോടും പറഞ്ഞു കേൾപ്പിച്ചു രണ്ടുപേക്കും സംഗമത്തിൽ ഉത്കണ്ഠയെ വർദ്ധിപ്പിക്കുന്നു. കൃഷ്ണനോടു അഭിസരണം ചെയ്യുവാൻ രാധയെ ക്രമത്തിലധികം പ്രേരിപ്പിക്കുന്നു. അഭിസരണവൃത്തിയെപ്പററി രാധയോടു സരസമായി പറഞ്ഞു കേൾപ്പിക്കുന്നു. സഖീഗുണങ്ങളെല്ലാം തികഞ്ഞവളും വിദഗ്ദ്ധയും നല്ല കൌശലക്കാരിയും രണ്ടുപേരെയും അന്യോന്യം ഘടിപ്പിക്കുന്നതിൽ മദ്ധ്യസ്ഥയായി സാമത്ഥ്യത്തോടുകൂടി പ്രവത്തിക്കുന്നവളും ആകുന്നു.

കവിത —ഗീതഗോവിന്ദത്തിൽ കാവ്യഗുണങ്ങൾ പുഷ്കലങ്ങളാകുന്നു. സന്ദർഭശുദ്ധി എന്നുള്ളതു ഈ കാവ്യത്തിലെ പ്രത്യേകതയാകുന്നു. കാവ്യത്തിൻെറ ഏതു ഭാഗത്തിലും മാധുര്യം പ്രസാദം എന്നീ രണ്ടു ഗുണങ്ങൾ തികഞ്ഞു പരിലസിക്കുന്നുണ്ടു്. അക്ലിഷ്ടവും ശ്രവണസൌഖ്യത്തെ നൾകുന്നതും ആണു് കവിതാരീതി. ആപാദചൂഡം കാവ്യം സരസവും ലളിതവും ഹൃദയംഗമവും ആണ്. പദസംഘടന ശൃംഗാരത്തിനു വിശിഷ്യ വസന്തവർണ്ണന വിരഹവർണ്ണന മുതലായവയ്ക്കു എത്രയും അനുയോജ്യമായതാകുന്നു.

ഗീതഗോവിന്ദത്തിൽ പന്ത്രണ്ടു സർഗങ്ങളിലായി നൂറോളം പദ്യങ്ങളും ഇരുപത്തിനാലു ഗീതപ്രബന്ധങ്ങളും ഉൾപ്പെ

ട്ടിരിക്കുന്നു. പദ്യങ്ങളെല്ലാം ഭാവഗംഭീരങ്ങളും വാച്യമര്യാദയിലും വ്യംഗ്യമര്യാദയിലും വസ്തു—ലങ്കാര—രസപ്രധാനങ്ങളും ആകുന്നു. ആകെയുള്ള ഇരുപത്തിനാലു ഗാനപ്രബന്ധങ്ങളിൽ ഭഗവാന്റെ അവതാരമാഹാത്മ്യത്തെപ്പററി വർണ്ണിക്കുന്ന ഒന്നും രണ്ടും പ്രബന്ധങ്ങളും, രാധ കൃഷ്ണനെ കണ്ടതായി പറയുന്ന ഇരുപത്തിമൂന്നാമത്തെ പ്രബന്ധവും കവിയുടെ വാക്കായിട്ടുള്ളവയാകുന്നു. മററെല്ലാ പ്രബന്ധങ്ങളും കഥാപാത്രങ്ങൾ സന്ദർഭാനുസാരം ഗാനം ചെയ്യുന്നതായി രചിക്കപ്പെട്ടിരിക്കുന്നു. ഓരോ പ്രബന്ധത്തിലും ഒടുവിലത്തെ പദം മംഗളാശംസാപരവും കവിയുടെ നാമമുദ്രിതവും ആണു്. പദലാലിത്യം രചനാചാതുര്യം കല്പനാചമത്കാരം വർണ്ണനാനൈപുണ്യം എന്നീ നാലു ഗുണങ്ങളും എല്ലാ പ്രബന്ധങ്ങളിലും ഒന്നുപോലെ സാധാരണങ്ങളായി ശോഭിക്കുന്നു. ചില പ്രബന്ധങ്ങൾ ചില പ്രത്യേക കാലങ്ങളിൽ പാടേണ്ടതുകളാണെന്നും ആയതിനായി പ്രത്യേക രാഗതാളനാമധേയങ്ങളിൽ നിബദ്ധങ്ങളാണെന്നും, അങ്ങനെ പാടിയാൽ ശ്രേയസ്സുണ്ടാകുമെന്നും വിശ്വസിച്ചുവരാറുണ്ടു്. ഓരോ പ്രബന്ധത്തിന്റേയും രാഗതാളാദിമേളവിധാനം ശാസ്ത്രാനുസാരിയാകുന്നു. സംഗീതരാജം എന്ന സംഗീതശാസ്ത്രഗ്രന്ഥത്തിൽ അവയെപ്പററിയുള്ള വിശദവിവരങ്ങൾ നിരൂപണം ചെയ്യപ്പെട്ടിരിക്കുന്നതിനെ വ്യാഖ്യാതാക്കൾ അതാതു പ്രബന്ധവ്യാഖ്യാനാവസരങ്ങളിൽ ഉദ്ധരിക്കുന്നുണ്ടു്.

ശ്രീജയദേവകവി—ഗീതഗോവിന്ദം കാവ്യം ശ്രീജയദേവരുടെ കൃതിയാണു്. ജയദേവർ പണ്ഡിതനും വൈഷ്ണവകവിയും ബ്രാഹ്മണശ്രേഷ്ഠനും ആയിരുന്നു. ഭോജദേവനും രാമാദേവിയും ജയദേവരുടെ മാതാപിതാക്കന്മാരായിരുന്നു. ജയദേവരുടെ പത്നിയുടെ പേരു് പദ്മാവതി എന്നാണു്. ജയദേവർക്കു പദ്മാവതിയോടുള്ള വിവാഹത്തെപ്പററി ഐതിഹ്യങ്ങൾ പലതുണ്ടു്. ജഗന്നാഥക്ഷേത്രത്തിനു അടുത്തുണ്ടായിരുന്ന

'തിന്ദുബില്വം' എന്ന ഗ്രാമമാകുന്നു ജയദേവരുടെ അഭിജന പ്രദേശം. എന്നാൽ ജയദേവർ ഗ്രാമത്തിൽ വസിക്കാൻ സ്വന്തം ഗൃഹമോ മററു സൗകര്യങ്ങളോ ഇല്ലാതെ ഗ്രാമത്തിന്നു വെളിയിൽ ഒരു പർണ്ണകുടീരത്തിൽ പരമദരിദ്രനായി ദീനനായി നിരപേക്ഷനായി സന്തുഷ്ടനായി എപ്പോഴും ഭഗവദ്ധ്യാനത്തിൽ ലയിച്ചവനായി ജീവിതം നയിച്ചുവന്നു. ക്രിസ്തുവർഷം പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന ബല്ലാലസേന പുത്രനും വംഗദേശത്തിലെ രാജാവും ആയ ലക്ഷ്മണസേന മഹാരാജാവിൻെറ ആസ്ഥാനവിദ്വാന്മാരായി ശോഭിച്ചിരുന്ന ഉമാപതിധരൻ, ശരണൻ, ഗോവർദ്ധനൻ, ധോയി, ശ്രുതിധരൻ മുതലായവരുടെ കൂട്ടത്തിൽ ജയദേവരും ഉൾപ്പെടുന്നുണ്ട്. ഭക്തരാജനായ ജയദേവരുടെ മഹത്വവും അനാസക്തിയോഗവും പ്രസിദ്ധമായതിൽ പിന്നീടാണ് ജയദേവർ മഹാരാജാവിൻെറ പ്രത്യേകാഭിമാനബഹുമാനങ്ങൾക്കു പാത്രമായിത്തീന്നതു്. പതിന്നാലാംശതകത്തിൽ വിശ്വനാഥപഞ്ചാനനനാൽ രചിക്കപ്പെട്ട 'സാഹിത്യദർപ്പണ'ത്തിൽ ജയദേവരുടെ ഗീതഗോവിന്ദത്തിലുള്ള 'ഉന്മീലന്മധുഗന്ധലുബ്ധമധുപ' ഇത്യാദി പദ്യം വൃത്ത്യനുപ്രാസത്തിന്നു ഉദാഹരണമായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഇതു ജയദേവകൃതികൾക്കു അക്കാലത്തുതന്നെ ഉണ്ടായിരുന്ന ആദരണീയതയെ പ്രസ്പഷ്ടമാക്കുന്നുണ്ടു്.

ജയദേവർ ചെറുപ്പത്തിൽത്തന്നെ തികഞ്ഞ കൃഷ്ണഭക്തനും 'മഹാസാധു'വും സർവഭൂതസുഹൃത്തും ആയിത്തീന്നു. ജയദേവർ,

"ആത്മൗപമ്യേന സർവത്ര സമം പശ്യതി യോഽർജ്ജുന!
സുഖം വാ യദി വാ ദുഃഖം സ യോഗീ പരമോ മതഃ"

എന്നിങ്ങനെ ഗീതയിൽ പറഞ്ഞിരിക്കുന്നവണ്ണം ഉള്ള പരമയോഗിയായി ഈശ്വരാനുസന്ധാനം തന്നെ ജീവിതലക്ഷ്യമായി കരുതി പ്രവൎത്തിച്ച ആളായിരുന്നു. എപ്പോഴും പത്നീസഹിതനായി ശ്രീകൃഷ്ണനെ ആരാധിച്ചുവന്ന ജയദേവർ കൃഷ്ണൻെറ ദർശനം ലഭിച്ച ദിവ്യപുരുഷനാണ്. പദ്മാ

വതി പാതിവ്രത്യശക്തി തികഞ്ഞവളും. ജയദേവക്ക് വളരെ അനുരൂപയും ആയ ഒരു ഉത്തമസഹധർമചാരിണിയായിരുന്നു.

"പതിസേവാപരാ നാരീ സുഖമക്ഷയ്യമശ്നുതേ"

എന്നതു പദ്മാവതിയുടെ ജീവിതോദ്ദേശ്യമായിരുന്നു. ചുരുക്കത്തിൽ ജയദേവനും പദ്മാവതിയും ഏകപ്രാണന്മാരായിരുന്നു എന്നുപറഞ്ഞാൽ കഴിഞ്ഞുവല്ലോ.

ജയദേവകൃതികളെ പാടാൻ അഭ്യസിച്ചവരായി, പരാശരൻ തുടങ്ങിയ ചിലരും അക്കാലത്തിൽ ഉണ്ടായിരുന്നു. ജയദേവക്ക് 'കൃഷ്ണബ്രഹ്മം' എന്നും പദ്മാവതിക്കു 'കവിപത്നി' എന്നും പേരുകൾ പ്രസിദ്ധങ്ങളാകുന്നു. പദ്മാവതി നൃത്തപടുവായും സംഗീതകലകളിൽ നിപുണയും ആയിരുന്നു. ജയദേവരുടെ കൃതികളെ പാടിക്കൊണ്ടു സമുചിതങ്ങളായ താളമേളങ്ങളോടുകൂടി നൎത്തനം ചെയ്തു ശ്രീകൃഷ്ണനെ ആരാധിക്കുന്നതു രണ്ടുപേരുടേയും നിത്യവ്രതമാകുന്നു. ഇക്കാൎയ്യത്തെപ്പററി

"സ്വയം കൃതേന ഗീതേന തോഷയിഷ്യാമ്യഹം ഹരിമ്
ഇതി നിശ്ചിത്യ നിർമായ ഗീതഗോവിന്ദനാമകമ്
ഗായംസ്തു ദേവദേവാഗ്രേ പത്ന്യാ സഹ നനൎത്ത ഹ
ഏവം നിത്യവ്രതം തസ്യ"

എന്നിങ്ങനെ ഭക്തമാല എന്ന ഗ്രന്ഥത്തിൽ പറഞ്ഞുകാണുന്നു. ചന്ദ്രദത്തവിരചിതമായ ഭക്തമാലയിൽ ഭഗവദ്ഭക്തിമാഹാത്മ്യകഥനപ്രസ്താവത്തിൽ മുപ്പത്തൊൻപതു മുതൽ നാല്പത്തൊന്നുവരെയുള്ള മൂന്നു സർഗങ്ങളിൽ ജയദേവചരിതം സവിസ്തരം വർണിതമായിരിക്കുന്നു. ഭക്തവിജയം എന്ന തമിഴ്കൃതിയിൽ ജയദേവചരിതവും ഉൾപ്പെടുന്നു. ഈ ജയദേവചരിതം ഭാഷയിൽ കിളിപ്പാട്ടായി വിവൎത്തനം ചെയ്യപ്പെട്ടു പ്രത്യേകപുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്.

സംസ്കൃത സാഹിത്യചരിത്രം പരിശോധിച്ചുനോക്കിയാൽ ജയദേവനാമധേയത്തോടുകൂടിയ ഗ്രന്ഥകാരന്മാർ പലർ ഉണ്ടായിരുന്നതായി അറിയാം. ശൃംഗാരമാധവീയം എന്ന ചമ്പൂ

കാവ്യത്തിൻെറ കർത്താവായി ഒരു ജയദേവകവി ഉണ്ടായിരുന്നു. ഈ കവിക്കു 'കൃഷ്ണദാസൻ' എന്നുകൂടി പേർ പ്രസിദ്ധമായിരുന്നതിനാലും, ചമ്പൂകാവ്യം ശ്രീകൃഷ്ണവിഷയകമായതിനാലും, ഗീതഗോവിന്ദകാരനും ഈ ജയദേവകവിയും ഒരാളല്ലയോ എന്നു സംശയിക്കാൻ വഴിയുണ്ട്. പ്രസന്നരാഘവനാടകകർത്താവും ഒരു ജയദേവകവിതന്നെ. ന്യായശാസ്ത്രമായ ഗംഗേശോപാധ്യായരുടെ തത്വചിന്താമണിക്കു ആലോകം എന്ന വ്യാഖ്യാനം രചിച്ച ശാസ്ത്രകാരനായ ഒരു ജയദേവരും ഉണ്ടായിരുന്നു. ഈ ജയദേവനു പക്ഷധരമിശ്രൻ എന്നുകൂടി പേരുണ്ട്. ഒടുവിൽ പറഞ്ഞ രണ്ടുപേരുടേയും മാതാപിതാക്കന്മാരുടെ പേരുകളും ഗോത്രവും ഭിന്നമായികാണപ്പെടുന്നതിനാൽ അവരോടു ഗീതഗോവിന്ദകർത്താവായ ജയദേവരെ അഭിന്നനായി സംഭാവന ചെയ്യുവാൻ വഴിയില്ല. ഗംഗാസ്തവപ്രബന്ധം എന്നൊരു കൃതിയും ഗീതഗോവിന്ദകാരൻെറതായി ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായം ശരിവയ്ക്കുവാൻ കവിതാശൈലിയും, ഭക്തമാലയിൽ വിവരിച്ചിരിക്കുന്ന ജയദേവർ ഗംഗാതീരത്തിൽ ചെന്ന വൃത്താന്തവും അനുകൂലിക്കുന്നുണ്ട്.

<u>ഭാഷാഷ്ടപദി</u>—കുചേലവൃത്തം വഞ്ചിപ്പാട്ടിൻെറ കർത്താവും പ്രസിദ്ധമഹാകവിയും ആയ രാമപുരത്തു വാര്യരുടെ ഭാഷാഷ്ടപദിയും ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. രാമപുരത്തുവാര്യർ, അനിഴം നാളിൽ തിരുവവതാരം ചെയ്തു കൊല്ലവർഷം ൯൦൪-ാമാണ്ടു മുതൽക്കു ൯൩൩-ാമാണ്ടുവരെ തിരുവിതാങ്കോട്ടു സംസ്ഥാനം വാണരുളിയ ആധുനിക തിരുവിതാംകൂറിൻെറ പ്രസ്ഥാപകനും, കവികളെയും വിദ്വാന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ തത്പരനും ആയിരുന്ന ശ്രീമാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ ആശ്രിതന്മാരിൽ ഒരാളായി ജീവിച്ചിരുന്ന കാര്യം പ്രസിദ്ധമാണല്ലോ. ഇക്കാര്യം വാര്യർതന്നെ അഷ്ടപദിയുടെ അവസാനഭാഗങ്ങളിൽ മുകതകണ്ഠം പ്രസ്താവിച്ചുകാണുന്നു.

ഭാഷാഷ്ടപദി ഗീതഗോവിന്ദകാവ്യത്തിന്റെ ഒരു ശരിയായ പദാനുപദതർജ്ജിമയല്ല. ജയദേവരുടെ ആശയങ്ങളെ ആശ്രയിച്ചു സ്വതന്ത്രമായി രചിക്കപ്പെട്ടതാണു്. പദ്യങ്ങളിൽ ഒട്ടുമുക്കാലും തർജ്ജിമചെയ്യപ്പെട്ടിട്ടില്ല. കഥാതന്തുവിനു വിച്ഛേദമുണ്ടാകാതെയിരിക്കുവാനായി മാത്രം ഇടയ്ക്കിടയ്ക്കു ഓരോ ഭാഷാശ്ലോകങ്ങൾ കാണപ്പെടുന്നു.

ഗീതഗോവിന്ദകാവ്യം മൂലം രാമപുരത്തു വാര്യരുടെ ഭാഷാഷ്ടപദിയോടു കൂടി കൊല്ലം വി. വി. പ്രസ്സിൽ നിന്നും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. അതിലെ ഭാഷാഷ്ടപദി ചില ഭാഗങ്ങളിൽ വികലമായും വികൃതമായും ആണു് കാണപ്പെടുന്നതു. അങ്ങിനെയുള്ള ഭാഗങ്ങളെ, തിരുവിതാംകൂർ യൂനിവെർസിററിവക 'ഓറിയൻറൽ മാനുസ്ക്രിപ്ട്സ് ലൈബ്രറി' യിൽ സൂക്ഷിച്ചിട്ടുള്ള ഭാഷാഷ്ടപദിയുടെ കൈയ്യെഴുത്തു പ്രതിയോടു ഒത്തുനോക്കി, പിഴകൾ തിരുത്തിയും വിട്ടുപോയ ഭാഗങ്ങൾ കൂട്ടിച്ചേർത്തും ശരിപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടു്. കൈയ്യെഴുത്തു പ്രതി ഒത്തുനോക്കുന്നതിനായി തന്നു സഹായിച്ച ലൈബ്രറിയിലെ ഹാണററിഡയറക്ടരവർകളോടു ഞാൻ കൃതജ്ഞനാകുന്നു.

തിരുവനന്തപുരം,
25—7—1122.

വി. വി. ശർമ്മാ,
വിദ്യാഭൂഷണൻ.

# സർഗ്ഗങ്ങൾ.


1. സാമോദദാമോദരം (വശം 1—65)

2. അക്ലേശകേശവം (66—91)

3. മുഗ്ദ്ധമധുസൂദനം (92—110)

4. സ്നിഗ്ദ്ധമധുസൂദനം (111—135)

5. സാകാംക്ഷപുണ്ഡരീകാക്ഷം (136—158)

6. ധന്യവൈകുണ്ഠകുങ്കുമം (159—170)

7. നാഗനാരായണം (171—209)

8 വിലക്ഷലക്ഷ്മീപതി (210—222)

9. മുഗ്ദ്ധമുകുന്ദം (223—233)

10. ചതുരചതുർഭുജം (234—254)

11. സാനന്ദദാമോദരം (255—292)

12. സുപ്രീതപീതാംബരം (293—324)

# ഗീതഗോവിന്ദം

അല്ലെങ്കിൽ

# അഷ്ടപദി.

---

## സാമോദദാമോദരം എന്ന ഒന്നാംസർഗം.

---

(ശ്ലോകം)

മേഘൈർ മേദുരമംബരം വനഭുവഃ ശ്യാമാസ്തമാലദ്രുമൈർ
നക്തം ഭീരുരയം ത്വമേവ തദിമം രാധേ! ഗൃഹം പ്രാപയ
ഇത്ഥം നന്ദനിദേശതശ്ചലിതയോഃ പ്രത്യധ്വകുഞ്ജദ്രുമം
രാധാമാധവയോർ ജയന്തി യമുനാകൂലേ രഹഃകേളയഃ ൧

'രാധേ, അംബരം—അല്ലയോ രാധേ!, ആകാശം
മേഘൈഃ—കാർമേഘങ്ങളാൽ
മേദുരം—നിബിഡമായിരിക്കുന്നു.
വനഭുവഃ—വനപ്രദേശങ്ങൾ
തമാലദ്രുമൈഃ—തമാലം എന്ന പച്ചിലവൃക്ഷങ്ങളാൽ
ശ്യാമാഃ—കറുത്തിരുണ്ടിരിക്കുന്നു.
അയം—ഇവൻ (ഈ കൊച്ചുകൃഷ്ണൻ).
നക്തം—രാത്രികാലത്തിൽ
ഭീരുഃ—ഭയപ്പെടുന്ന സ്വഭാവക്കാരനാകുന്നു.
തത്, ത്വം, ഏവ—ആയതുകൊണ്ടു്, നീ തന്നെ
ഇമം—ഇവനെ
ഗൃഹം, പ്രാപയ—വീട്ടിൽ കൊണ്ടാക്കിയാലും.'
ഇത്ഥം—ഇവ്വണ്ണമുള്ള
നന്ദനിദേശതഃ—നന്ദഗോപന്റെ ആജ്ഞയാൽ
ചലിതയോഃ—(നന്ദഗോപങ്കൽനിന്നു) പുറപ്പെട്ടവരായ

രാധാമാധവയോഃ—രാധാമാധവന്മാരുടെ
യമുനാകൂലേ—കാളിന്ദീതീരത്തിൽ
പ്രത്യധ്വകുഞ്ജദ്രുമം—വഴികളിലുള്ള വള്ളിക്കുടിലുകളിലും
[മരച്ചുവട്ടുകളിലും
രഹഃകേളയഃ—(ഉണ്ടായ)രഹസ്യക്രീഡകൾ
ജയന്തി—ജയിക്കുന്നു (സർവോത്കൃഷ്ടങ്ങളായി വർത്തിക്കുന്നു).

'അല്ലയോ രാധേ! ആകാശപ്രദേശമെല്ലാം കാർമേഘങ്ങളെക്കൊണ്ടു് നിറഞ്ഞിരിക്കുന്നു. വനപ്രദേശങ്ങളെല്ലാം തമാല വൃക്ഷങ്ങളാൽ കറുത്തിരുണ്ടിരിക്കുന്നു. ഇവൻ രാത്രിയിങ്കൽ പേടിക്കുന്നവനുമാണു്. ആയതിനാൽ നീ തന്നെ ഇവനെ വീട്ടിൽ കൊണ്ടാക്കിയാലും' എന്നിങ്ങനെയുള്ള നന്ദഗോപൻെറ കല്പനയനുസരിച്ചു ഗൃഹത്തിലേയ്ക്കു തിരിച്ച രാധയും മാധവനും പോകുംവഴിയ്ക്കു യമുനാതീരത്തുള്ള ഓരോ വള്ളിക്കുടിലിലും മരച്ചുവട്ടിലും നടത്തിയ രതിക്രീഡകൾ സർവോത്കൃഷ്ടങ്ങളായി വർത്തിക്കുന്നു.

പരമഭാഗവതോത്തമനായ ശ്രീ ജയദേവമഹാകവി രാധയ്ക്കും മാധവനും തമ്മിലുള്ള രതിക്രീഡകളെ വിസ്തരിച്ചു വർണ്ണിക്കുവാനായി ഗീതഗോവിന്ദം എന്ന ശൃംഗാരോത്തരമായ സത്കാവ്യം ആരംഭിക്കുന്നു. കാവ്യം നിർവിഘ്നമായി സമാപ്തിയെ പ്രാപിക്കുവാനായി സർവോത്തമങ്ങളായ ഭഗവത് ക്രീഡകളെത്തന്നെ കാവ്യാരംഭത്തിങ്കൽ കവി തൻെറ നമസ്കാരവിഷയമായി ഭാവനചെയ്യുന്നു. ഭാവനചെയ്യുന്നതോടുകൂടി കാവ്യത്തിലെ പ്രതിപാദ്യവസ്തു രാധാമാധവന്മാരുടെ കാമക്രീഡകളാണെന്നും നിർദ്ദേശിക്കുന്നു. 'ജയന്തി' എന്ന പദത്തെ ആശീരർത്ഥത്തിലും വ്യാഖ്യാനിക്കാം. ശ്രീകൃഷ്ണകേളികൾ സർവോത്കർഷങ്ങളായി വർത്തിക്കുംതോറും ലോകക്ഷേമം വർദ്ധിക്കുമല്ലോ. വിലാസകലകളിൽ സർവോത്കൃഷ്ടങ്ങളായ ആ കേളികൾ നമ്മെ രക്ഷിക്കട്ടെ എന്നു താത്പര്യം. ഇങ്ങനെ ആശിസ്സ് നമസ്കൃതി വസ്തുനിർദ്ദേശം എന്നീ മൂന്നു വിധമായ കാവ്യമുഖമംഗളവും ഈ പദ്യത്തിൽ ചെയ്തിരിക്കുന്നു.

രാധയോടുകൂടി വനത്തിൽ ഏകാന്തമായി വിഹരിക്കുവാൻ ഉത്സുകനായ ശ്രീകൃഷ്ണൻ നന്ദനോടു ഭീരുത്വംനടിച്ചു വീട്ടിൽ തന്നെക്കൊണ്ടാക്കുന്നതിനു രാധയെ അയയ്ക്കാൻ ഇടയുള്ള തക്കം നോക്കി നന്ദനെ പ്രേരിപ്പിച്ചതുമൂലം നന്ദൻ രാധയോടു കൃഷ്ണനെ വീട്ടിൽ കൊണ്ടാക്കുവാൻ ആജ്ഞാപിക്കുന്നു. രാത്രികാലത്തിൽ പേടിയുള്ള കൃഷ്ണനാ

ണല്ലോ രാധയോടുകൂടി ക്രീഡകൾ നടത്തുന്നതു്. കാർമേഘം പൊങ്ങി ആകാശത്തെ വ്യാപിച്ചിരിക്കുന്നതും, ആയതിനാലും തമാലവൃക്ഷനിരകളാലും വനപ്രദേശങ്ങൾ ഇരുളടഞ്ഞിരിക്കുന്നതും ഏകാന്തക്രീഡയ്ക്കു അനുകൂലങ്ങളായ പരിതഃസ്ഥിതികളാകുന്നു.

രാധ ഒരു ഗോപികയാണ്. യമുനാതീരത്തിൽ കാർത്ത്യായനിയെ ഉപാസിക്കുവാൻ ചെന്നിരുന്ന നന്ദൻ അവളെയാണു അഭിസംബോധനം ചെയ്യുന്നതു്. നന്ദൻ യശോദയുടെ ഭർത്താവും, കംസഭയം നിമിത്തം വസുദേവനാൽ കൊണ്ടേല്പിക്കപ്പെട്ട ശ്രീകൃഷ്ണനെ ബാല്യം മുതല്ക്കു വളർത്തിയ പിതാവും, ഗോപന്മാരിൽ പ്രധാനിയും ആകുന്നു.

ത്വം, ഏവ—നീതന്നെ എന്നു നന്ദൻ കോപിച്ചു പറഞ്ഞതായി ഗ്രഹിക്കാം. ഈ ബാലനായ കൃഷ്ണനെ ഇത്രയും ദൂരം കൂട്ടിക്കൊണ്ടുവന്നതു നീയാണ്. ആയതുകൊണ്ടു നീതന്നെ അവനെ തിരിയെ വീട്ടിൽ കൊണ്ടാക്കേണ്ടതും എന്നർത്ഥം. ശ്രീകൃഷ്ണങ്കൽ അനുരക്തയും എന്നാൽ അനുരാഗത്തെ രഹസ്യമായി വച്ചുകൊണ്ടിരിക്കുന്നവളും ആയ രാധ ആരും സംശയിക്കാത്ത രീതിയിൽ ശ്രീകൃഷ്ണനോടു എപ്പൊഴും ഇടപെട്ടുവരുന്നു. എന്നാൽ അവൾക്കു ശ്രീകൃഷ്ണനോടുകൂടി ഏകാന്തമായി രമിക്കാൻ അത്യാർത്തിയുണ്ടായിരുന്നതിനാൽ അതു സാധിക്കുന്നതിനുള്ള പരിതഃസ്ഥിതിയുണ്ടാകത്തക്കവണ്ണം കൃഷ്ണനെ ഇത്രയും ദൂരം യമുനാതീരപ്രദേശംവരെ കൂട്ടിക്കൊണ്ടുവന്നു. സന്ധ്യയുമായി. നന്ദൻെറ കോപവചനം അവൾക്കു വലിയ അനുഗ്രഹമായി. തമാലം—തൊലി കറുത്തതും പച്ചില അധികം വളരുന്നതും ആയ ഒരുതരം വൃക്ഷം.

ഈ കാവ്യത്തിൻെറപേരു് ഗീതഗോവിന്ദം എന്നാകുന്നു. യാതൊരു കാവ്യത്തിൽ ഗോവിന്ദൻ ശ്രീകൃഷ്ണൻ ഗാനം ചെയ്യപ്പെട്ടവനായി വർണ്ണിക്കപ്പെട്ടവനായിരിക്കുന്നുവോ അങ്ങനെയുള്ള കാവ്യം ഗീതഗോവിന്ദം എന്നർത്ഥം. കേരളത്തിൽ ഈ കാവ്യത്തിനു അഷ്ടപദി എന്ന പേർ പ്രസിദ്ധമായിരിക്കുന്നു. ഇതിലുള്ള ഓരോ ഗാനത്തിനും അഷ്ടപദി എന്നാണല്ലോ പേരു്. ചില ഗാനങ്ങളിൽ പദങ്ങൾ കൂടിയും കുറഞ്ഞും ഇരുന്നാലും സാധാരണ എട്ടെന്നു സങ്കല്പിച്ചാണ് അഷ്ടപദി എന്നപേരുണ്ടായതു്. ഇതു രഘുവംശാദികളെപ്പോലെയുള്ള കാവ്യമല്ല. ശാകുന്തളാദികളെപ്പോലെ നാടകവും അല്ല. എന്നാൽ കാവ്യമാണുതാനും. ഇതിനെ പ്രത്യേക രീതിയിൽ രചിക്കപ്പെട്ട ഒരു ഗാനപ്രബന്ധം എന്നോ നാട്യപ്രബന്ധം എന്നോ തീർത്തു പറയാം.

ശ്രീകൃഷ്ണനും രാധയും രാധയുടെ സഖിയും എന്നിങ്ങനെ മൂന്നു പേരാണ് ഗീതഗോവിന്ദത്തിലെ കഥാപാത്രങ്ങൾ. കവിവാക്യങ്ങൾ ഒട്ടുമുക്കാലും പദ്യമായും, കഥാപാത്രങ്ങളുടെ വാക്യങ്ങൾ മിക്കവാറും ഗാനങ്ങളായും രചിക്കപ്പെട്ടിരിക്കുന്നു. ഈ കാവ്യത്തിന് സർഗരൂപമായും പ്രബന്ധരൂപമായും രണ്ടു വിധം വിഭാഗം ഉണ്ട്. രണ്ടാമത്തെ വിഭാഗമനുസരിച്ചു ഇരുപത്തിനാലു പ്രബന്ധങ്ങൾ ഈ കാവ്യത്തിൽ അടങ്ങിയിരിക്കുന്നു. ഒന്നാമത്തെ വിഭാഗമനുസരിച്ചു ഈ കാവ്യം പന്ത്രണ്ടു സർഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. സാമോദദാമോദരം എന്നാണ് ഒന്നാംസർഗത്തിന്റെ പേര്. ആമോദത്തോടു സന്തോഷത്തോടുകൂടിയ ദാമോദരൻ ശ്രീകൃഷ്ണൻ യാതൊന്നിൽ വർണിക്കപ്പെടുന്നുവോ അങ്ങനെയുള്ള സർഗം സാമോദദാമോദരം എന്നർത്ഥം.

ഈ സർഗത്തിൽ ശ്രീകൃഷ്ണൻ ഗോപസ്ത്രീകളോടുകൂടി രമിക്കുന്നതും, കാമവികാരം അസഹ്യമായിത്തീർന്ന രാധയോടു അവളുടെ പ്രിയസഖി ശ്രീകൃഷ്ണന്റെ ക്രീഡകളെപ്പററിയും വസന്തകാലത്തെപ്പററിയും വർണ്ണിക്കുന്നതും, അപ്പോൾ ദൂരത്തായി കൃഷ്ണൻ ഗോപസ്ത്രീകളോടു ഇടചേർന്നു രസമായി വിഹരിച്ചുകൊണ്ടിരിക്കുന്നതിനെ രാധയ്ക്കു കാണിച്ചുകൊടുക്കുന്നതും മററും സരസമായി പ്രതിപാദിക്കപ്പെടുന്നു.

ഈ കാവ്യത്തിൽ ശൃംഗാരരസം പ്രധാനം. മേഘം തുടങ്ങിയുള്ളവ ഉദ്ദീപന വിഭാവങ്ങൾ. രാധയ്ക്കു ശ്രീകൃഷ്ണനും ശ്രീകൃഷ്ണനു രാധയും ആലംബന വിഭാവങ്ങൾ. ഭീരുത്വം മുതലായതു അനുഭാവം. ഹർഷം വേഗം ഔത്സുക്യം ശങ്ക വ്രീഡ ചാപല്യം ഇവ വ്യഭിചാരിഭാവങ്ങൾ. ഇങ്ങനെ കാര്യകാരണ സഹകാരികളായ വിഭാവാ-നുഭാവ-വ്യഭിചാരിഭാവങ്ങളാൽ പരിപുഷ്ടമായ രതിയെന്ന സ്ഥായിഭാവം, സംഭോഗമെന്നും, അഭിലാഷം വിരഹം ഈർഷ്യ അസൂയ എന്നീരൂപങ്ങളിലുള്ള വിപ്രലംഭമെന്നും രണ്ടുവിധമായി പറയപ്പെടുന്ന സകലരസസമ്രാട്ടായ ശൃംഗാരരസമായി സാംഗോപാംഗം ഈ കാവ്യത്തിൽ ആദ്യവസാനം സ്ഫുരിക്കുന്നുണ്ട്.

(ശ്ലോകം)

വാഗ്ദേവതാചരിതചിത്രിതചിത്തസദ്മാ
പത്മാവതീചരണചാരണചക്രവർത്തീ
ശ്രീവാസുദേവരതികേലികഥാസമേത-
മേതം കരോതി ജയദേവകവിഃ പ്രബന്ധമ് ൨

വാഗ്ദേവതാചരിതചിത്രിതചിത്തസദ്മാ—വാഗ്ദേവതയുടെ സരസ്വതീദേവിയുടെ ചരിതത്താൽ ചിത്രീകരിക്കപ്പെട്ട വിചിത്രമായ ഹൃദയമാകുന്ന ഗൃഹത്തോടുകൂടിയവനും അതായതു സരസ്വതിദേവിയുടെ ആരാധനയിൽ തത്പരനും

പത്മാവതീചരണചാരണചക്രവർത്തീ—പത്മാവതിയുടെ താമരയെ കയ്യിൽ വച്ചുകൊണ്ടിരിക്കുന്ന ലക്ഷ്മീദേവിയുടെ ചരണങ്ങളിൽ പാദങ്ങളിൽ ചാരണം ശുശ്രൂഷ അതിൽ ചക്രവത്തിയും ശ്രേഷ്ഠനും ആയ

ജയദേവകവിഃ—ജയദേവൻ എന്ന കവി

ശ്രീവാസുദേവരതികേളികഥാസമേതം—ശ്രീയായ രാധയുടേയും വാസുദേവനായ ശ്രീകൃഷ്ണന്റെയും രതികേളികളാകുന്ന സുരതക്രീഡകളാകുന്ന കഥയോടുകൂടിയ

ഏതം, പ്രബന്ധം—ഈ ഗീതഗോവിന്ദം (അഷ്ടപദി) എന്ന പ്രബന്ധത്തെ

കരോതി—രചിക്കുന്നു.

സരസ്വതീദേവിയെ നല്ലപോലെ ആരാധിച്ചു കല്പനാവൈചിത്ര്യം തികഞ്ഞവനും വശ്യവചസ്സും ലക്ഷ്മീദേവിയുടെ പാദഭക്തന്മാരിൽ ശ്രേഷ്ഠനും ആയ ജയദേവകവി രാധാമാധവന്മാരുടെ സുരതക്രീഡകളാൽ സനാഥമായ ഗീതഗോവിന്ദം എന്ന പ്രബന്ധത്തെ രചിക്കുന്നു.

ഈ പദ്യത്തിൽ കവി സകല കലികല്മഷങ്ങളേയും നശിപ്പിക്കുന്ന ഹരിചരിതത്തിന്റെ അനുസ്മരണത്താൽ സാരസ്യത്തെ ഉളവാക്കി ഭക്തജനങ്ങളെ അനുഗ്രഹിക്കുന്നവനായി, ശ്രീകൃഷ്ണന്റെ ലീലകളെ തന്മയമായി ഭാവന ചെയ്യുന്നവനായി, രാഗികൾക്കും മുമുക്ഷുക്കൾക്കും ഒന്നുപോലെ ഭഗവാങ്കൽ രതിയുണ്ടാകത്തക്കവണ്ണം ശൃംഗാരപ്രധാനവും സകലജനമനോഹരവും ഭഗവത്ക്രീഡാവർണനാപരവും ആയ പ്രബന്ധം താൻ രചിക്കുന്നതായി പ്രതിജ്ഞചെയ്യുന്നു.

വാഗ്ദേവതാചരിതചിത്രിതചിത്തസദ്മാ—സരസ്വതിയായ വാഗ്ദേവതയെ അനുസ്മരണം ചെയ്യുന്നതിൽ തത്പരമായ ഹൃദയത്തോടുകൂടിയവൻ എന്നത്ഥം. വാഗ്ദേവതയുടെ ചരിതത്താൽ പ്രസാദമാധുര്യാദിഗുണസമ്പന്നമായ ലോകോത്തരമായ കാവ്യരചനാസ്വരൂപത്താൽ ചിത്രിതമായ ചിത്രത്തോടുകൂടിയതായി ചെയ്യപ്പെട്ട വിചിത്രകല്പനയോടുകൂടിയതാക്കി ചെയ്യപ്പെട്ട ചിത്തരൂപമായ സദ്മത്തോടു ഗൃഹത്തോടുകൂടിയ എന്നു പദാത്ഥം. സകല ജനങ്ങൾക്കും

ആഹ്ലാദത്തെ ഉണ്ടാക്കുന്നതിനാലും നാനാവർണമായതിനാലും വാഗ്ദേവതാചരിതത്തെ കവി ചിത്രമായി വർണ്ണിച്ചിരിക്കുന്നു. വിചിത്ര കവിതയാകുന്ന മഹാധനത്തിനു ഇരിപ്പിടമായതിനാലും സംസാരതാപത്തിൽ ഉഴലുന്ന കവിയ്ക്കു കൃഷ്ണന്റെ ക്രീഡാവർണനാദികളാൽ വിശ്രമവിനോദസ്ഥാനമായതിനാലും ചിത്തത്തെ ഗൃഹമായി വർണിച്ചിരിക്കുന്നു. വിവിധങ്ങളായ സ്ത്രീചിത്രങ്ങളാൽ അലംകൃതങ്ങളായ സാധാരണഗൃഹങ്ങൾപോലും മനസ്സിനു നിർവൃതിയെ ജനിപ്പിക്കുന്നവയാണല്ലോ. വാഗ്ദേവതയെ നല്ലപോലെ ഉപാസിച്ചിട്ടുള്ളതിനാൽ തന്റെ ഈ കാവ്യപ്രബന്ധം എല്ലാവർക്കും ആദരണീയമായിരിക്കും എന്നു താത്പര്യം.

പദ്മാവതീചരണചാരണചക്രവർത്തീ—പദ്മാവതിയെന്നു ജയദേവന്റെ പത്നിയുടെ പേർ. അവളുടെ ചരണങ്ങളുടെ ചാരണം സഞ്ചാരവിശേഷം, അതിൽ ചക്രവർത്തി ശ്രേഷ്ഠൻ എന്നർത്ഥം. അതായതു ശ്രീകൃഷ്ണഭക്തനായ ജയദേവൻ താൻ നാട്യാചാര്യനായിരുന്നു തന്റെ ഭാര്യയായ പദ്മാവതിയെക്കൊണ്ടു നൃത്തം ചെയ്യിക്കുക സാധാരണയാണ് എന്നു സാരം. ഈ വിശേഷണം, കവി ശൃംഗാരിയാണെന്നും ശ്രീകൃഷ്ണഭക്തനാണെന്നും കവിയുടെ പത്നി നാട്യകലയിൽ നിപുണയാണെന്നും സൂചിപ്പിക്കുന്നു. ആയതിനാൽ സരസമായ കാവ്യരചനയിൽ കവി അധികാരിയാണെന്നു സിദ്ധിക്കുന്നു. അല്ലെങ്കിൽ നൃത്ത്യാദികളാൽ ലക്ഷ്മീദേവിയെ എപ്പൊഴും ആരാധിക്കുന്നതിൽ തത്പരൻ എന്നും അർത്ഥം.

ശ്രീയായ രാധ—രാധാരൂപത്തിൽ അവതരിച്ച ലക്ഷ്മീദേവി എന്നർത്ഥം. രാധ ശൃംഗാരകലകളിൽ നിപുണയാണ്. രതികേളി—രതിയോടു ശൃംഗാരരസത്തിന്റെ സ്ഥായിഭാവമായ അനുരാഗത്തോടു കൂടിയുള്ള കേളി ലീല എന്നർത്ഥം.

(ശ്ലോകം)

യദി ഹരിസ്മരണേ സരസം മനോ
യദി വിലാസകലാസു കുതൂഹലമ്
മധുരകോമലകാന്തപദാവലീം
ശൃണു തദാ ജയദേവസരസ്വതീമ് ൩.

(ഹേ ശ്രോതഃ—അല്ലയോ ശ്രോതാവേ!)

ഹരിസ്മരണേ—ഹരിയെ കൃഷ്ണനെ സ്മരിക്കുന്ന വിഷയത്തിങ്കൽ

മനഃ—മനസ്സ്

സരസം, യദി—രസമുള്ളതാണെങ്കിൽ അതായതു ഏകാഗ്രമായ [അനുരാഗം ഉള്ളതാണെങ്കിൽ

വിലാസകലാസു—വിലാസകലകളിൽ ഹാവഭാവാദികളായ [ശൃംഗാരകലകളിൽ

കുതൂഹലം, യദി—കൗതുകമുണ്ടെങ്കിൽ

തദാ—അപ്പോൾ

മധുരകോമലകാന്തപദാവലീം—മധുരങ്ങളായും കോമളങ്ങളായും കാന്തങ്ങളായും അതായതു മനോജ്ഞങ്ങളായും ഉള്ള പദപരമ്പര [കളോടുകൂടിയ

ജയദേവസരസ്വതീം—ജയദേവകവിയുടെ വാക്പ്രബന്ധത്തെ

ശൃണു—കേട്ടാലും.

അല്ലയോ ശ്രോതാക്കളായ സജ്ജനങ്ങളെ! ശ്രീകൃഷ്ണനെ നിരന്തരമായി സ്മരിക്കുന്നതിൽ നിങ്ങൾക്കു താത്പര്യമുണ്ടെങ്കിൽ, ശൃംഗാരികളുടെ കാമകലാവിലാസങ്ങളിൽ നിങ്ങൾക്കു കൗതുകമുണ്ടെങ്കിൽ, ഹൃദയപ്രീതികരവും മൃദുവും ലലിതവും മനോഹരവും ആയ പദപരമ്പരകളാൽ രചിക്കപ്പെട്ട ജയദേവകവിയുടെ പ്രബന്ധരൂപമായ കവിതയെ കേട്ടു ആനന്ദിച്ചാലും.

ശ്രോതാക്കളുടെ പ്രവൃത്തിയെക്കരുതി കവി ഈ പദ്യത്തിൽ മററു കാവ്യങ്ങളെ അപേക്ഷിച്ചു തൻെറ കാവ്യപ്രബന്ധത്തിനുള്ള ഉത്കർഷത്തെ സൂചിപ്പിച്ചുകൊണ്ടു കാവ്യപ്രബന്ധപഠനത്തിനു അധികാരിയേയും പ്രയോജനത്തെയും പ്രസ്താവിക്കുന്നു.

'മധുരകോമളകാന്ത' എന്നീ പദങ്ങൾ മാധുര്യം ഓജസ്സു പ്രസാദം തുടങ്ങിയുള്ള പത്തുഗുണങ്ങളും തികഞ്ഞതാണു ഈ കാവ്യത്തിലെ പദരചനയെന്നുള്ളതിനെ സൂചിപ്പിക്കുന്നു. ശബ്ദത്തിലും അർത്ഥത്തിലും മാധുര്യം ഉണ്ടു്. അതിഖരം ഘോഷം എന്നീ അക്ഷരങ്ങൾ അധികമില്ലാതെയിരുന്നാൽ ശബ്ദം മധുരമായിരിക്കും. കല്പനാവൈചിത്ര്യംതന്നെ അർത്ഥത്തിലെ മാധുര്യം. അതുപോലെ പരുഷമല്ലാത്ത ബന്ധംതന്നെ കോമലമായ ശബ്ദം. കോമളമായ അർത്ഥം ക്ലേശമില്ലാതെ അർത്ഥപ്രതീതിയെ ഉണ്ടാക്കും. അതുപോലെ ഉജ്ജ്വലമായ ബന്ധവിശേഷത്താൽ മനസ്സിനും ശ്രോത്രത്തിനും പ്രീതിയെ നൽകുന്ന ശബ്ദം കാന്തിമത്തു്.

രസദീപ്തിയുള്ളതു കാന്തമായ അത്ഥമാകുന്നു. ഇവ്വണ്ണമെല്ലാമുള്ള ശബ്ദാത്ഥഭംഗികളോടുകൂടിയ ജയദേവന്റെ കവിത എന്നത്ഥം. വിലാസം—രാഗികൾക്കു അംഗക്രിയകളിൽ താത്കാലികമായുണ്ടാകുന്ന വിശേഷം.

ഈ പദ്യത്തിൽ പ്രയോജനം വിഷയം സംബന്ധം അധികാരി എന്നീ അനുബന്ധചതുഷ്ടയവും സൂചിതമായിരിക്കുന്നു. ശ്രീകൃഷ്ണനെ അനുചിന്തനം ചെയ്യുക പരമമായ പ്രയോജനം. ഈ കാവ്യപ്രബന്ധത്തെ പ്രായോഗികമായി പരിശീലിക്കുന്നതുകൊണ്ടു വിലാസകലകളിൽ അഭ്യാസം സിദ്ധിക്കുക എന്നതു അവാന്തരപ്രയോജനം. വിലാസകലകൾ വിഷയം. സ്മാര്യസ്മാരകഭാവം സംബന്ധം. ഭക്തന്മാർ അധികാരികൾ. വിലാസകലകളിൽ കുതൂഹലം ഉണ്ടാവണമെങ്കിൽ മധുരവും കോമളവും കാന്തവും ആയ പദരചനയോടുകൂടിയിരിക്കണമല്ലോ കവിത. ഈ ഔചിത്യം ഈ കാവ്യപ്രബന്ധത്തിൽ നല്ലപോലെ ദീക്ഷിച്ചിരിക്കുന്നതിനാൽ ശൃംഗാരസ്വരൂപത്തിനു അനുരൂപമായ വാക്യാത്ഥം പ്രബന്ധത്തിൽ എല്ലായിടത്തും തെളിഞ്ഞുകാണുന്നു.

(ശ്ലോകം)

വാചഃ പല്ലവയത്യുമാപതിധരഃ സന്ദർഭശുദ്ധിം ഗിരാം
ജാനീതേ ജയദേവ ഏവ ശരണഃ ശ്ലാഘ്യോ ദുരൂഹദ്രുതേഃ
ശൃംഗാരോത്തരസത്പ്രമേയരചനൈരാചാര്യഗോവർദ്ധന-
സ്പർദ്ധീ കോഽപി ന വിശ്രുതഃ ശ്രുതിധരോ ധോയീ
[കവിക്ഷ്മാപതിഃ ൪

ഉമാപതിധരഃ—ഉമാപതിധരൻ എന്ന കവി

വാചഃ—വാക്കുകളെ

പല്ലവയതി—വിസ്തരിക്കുന്നു. അതായതു വാഗ്വിസ്താരത്താൽ അഭിപ്രായഗർഭങ്ങളായ ഉക്തിവൈചിത്ര്യത്താൽ പ്രബന്ധരചനയിൽ [സാമത്ഥ്യമുള്ളവനായിരിക്കുന്നു.

ശരണഃ—ശരണൻ എന്ന കവി

ദുരൂഹദ്രുതേഃ—എളുപ്പം മനസ്സിലാക്കാൻ വയ്യാത്ത രസത്തോടുകൂടിയ കവിതയിൽ അല്ലെങ്കിൽ അപൂർവമായ പദപദാത്ഥജ്ഞാനത്താൽ അല്ലെങ്കിൽ ദുരൂഹവും ഗൂഢാത്ഥവും ആയ കാവ്യത്തിന്റെ [ശീഘ്രരചനയാൽ

ശ്ലാഘ്യഃ—പ്രശംസയ്ക്കുപാത്രമായിരിക്കുന്നു.

ശൃംഗാരോത്തരസത്പ്രമേയരചനൈഃ—ശൃംഗാര പ്രധാനങ്ങളായ [നല്ല അർത്ഥകല്പനകളാൽ (കവിതാവിഷയത്തിൽ)

ആചാര്യഗോവർധനസ്പർദ്ധീ—ഗോവർദ്ധനാചാര്യനോടു [സ്പർദ്ധയുള്ളവനായി

കഃ, അപി, ന—ആരും ഇല്ല.

ശ്രുതിധരഃ—ശ്രുതിധരൻ എന്ന കവി

വിശ്രുതഃ—വളരെ പ്രസിദ്ധനാകുന്നു.

ധോയീ—ധോയി എന്നു പേരുള്ളവൻ

കവിക്ഷ്മാപതിഃ—കവിചക്രവർത്തിയും (ആകുന്നു). (എങ്കിലും)

ഗിരാം—വാക്കുകളുടെ

സന്ദർഭശുദ്ധിം—രചനാസൗഷ്ഠവത്തെ (ഗുണാലങ്കാരസമ്പന്ന [മായ ശുദ്ധസംഘടനയെ)

ജയദേവഃ, ഏവ—ജയദേവകവിതന്നെ

ജാനീതേ—അറിയുന്നു.

ഉമാപതിധരൻ എന്ന കവി വാക്കുകളെ വിസ്തരിച്ചു അതായതു അധികമായ ശബ്ദവൈചിത്ര്യകോലാഹലത്തോടുകൂടി അർത്ഥത്തെ പ്രതിപാദിക്കുന്നതിൽ ശക്തനാകുന്നു. ശരണകവിയാകട്ടെ രസിക്കാൻ എളുപ്പമല്ലാത്ത കാവ്യരചനയിൽ ശ്ലാഘ്യനായിരിക്കുന്നു. ശൃംഗാരപ്രധാനമായ കല്പനാവൈചിത്ര്യത്തോടുകൂടിയ കാവ്യരചനയിങ്കൽ ഗോവർദ്ധനാചാര്യനു തുല്യനായി ആരുമില്ല. ശ്രുതിധരനാകട്ടെ പ്രസിദ്ധനമാകുന്നു. ധോയിയാകട്ടെ കവിയല്ല, കവി ചക്രവർത്തിയാണ്. ഇങ്ങനെയെല്ലാമാണെങ്കിലും വാക്സന്ദർഭങ്ങളുടെ ശുദ്ധിയെ അതായതു ശുദ്ധിയായി വിശിഷ്ടമായി ഉള്ള പദസംഘടനാരീതിയെ അറിയുന്നവൻ ജയദേവൻ മാത്രമാണ്.

കാവ്യപ്രബന്ധങ്ങളിൽ ആരംഭത്തിൽ കവികളെ സ്മരിക്കുക പതിവാണ്. സത്കവികളെ പ്രശംസിക്കുന്നതും ദുഷ്കവികളെ നിന്ദിക്കുന്നതും ചിലർ ചടങ്ങായി സ്വീകരിച്ചിരിക്കുന്നു. ജയദേവനാകട്ടെ തന്റെകാലത്തുണ്ടായിരുന്ന ചില കവിപ്രധാനന്മാരെ സ്തുതിക്കുന്നവൻപോലെ സ്മരിച്ചുകൊണ്ടു ഓരോ വിശേഷമുള്ള അവർ ഓരോരുത്തരിൽ നിന്നും താൻ വിശിഷ്ടനാണെന്നു ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു.

കഃ, അപി, ശ്രുതിധരഃ, ശൃംഗാരോത്തരസത്പ്രമേയരചനൈഃ, ആചാര്യ്യഗോവർദ്ധനസ്പർദ്ധീ, ന, വിശ്രുതഃ—ഒരു ശ്രുതിധരൻ എന്ന കവി ശൃംഗാരപ്രധാനങ്ങളായ അർത്ഥകല്പനകളോടുകൂടിയ ഉത്തമ പ്രബന്ധങ്ങളുടെ രചനകളാൽ (ഗർവിഷ്ഠനായി) ആചാര്യ്യഗോവർദ്ധനനോടു മത്സരിക്കുക ഹേതുവായി പ്രസിദ്ധിയില്ലാത്തവനായി അല്ലെങ്കിൽ കുപ്രസിദ്ധനായി തീൎന്നു എന്നു മത്ഥം. ആചാര്യ്യഗോവർദ്ധനൻ വളരെ വിശിഷ്ടനാണു്. അദ്ദേഹത്തോടു ശ്രുതിധരൻ മത്സരിക്കുക നിമിത്തം പേരില്ലാത്തവനായി.

ധോയീ, കവിക്ഷ്മാപതിഃ, ശ്രുതിധരഃ—ധോയി എന്ന കവിരാജൻ ശ്രുതികൊണ്ടുമാത്രം ധരിക്കുന്നവൻ ഗ്രഹിക്കുന്നവൻ അതായതു ഒരിക്കൽ കേട്ടാൽമതി, കാര്യ്യമെല്ലാം ഗ്രഹിക്കും, എന്നല്ലാതെ സത് കവിതാരചനയിൽ കൌശലമുള്ളവനല്ല എന്നു മത്ഥം.

'ചരണഃ' എന്നും പാഠം. 'ദുരൂഹാദ്രുതേ' എന്നും പാഠം.

വാഗ്വൈഭവമുള്ള ഉമാപതിധരൻ കേവലം ശബ്ദാഡംബരമുള്ളതും അത്ഥശൂന്യവും ആയ കാവ്യരചനയിൽ പ്രസിദ്ധൻ. അങ്ങനെയുള്ള അതായതു് വാഗ്മാധുര്യശൂന്യവും ശബ്ദാത്ഥഗുണശൂന്യവും ആയ കാവ്യത്തെയാണെല്ലോ 'ശബ്ദചിത്രം' എന്നു അധമകാവ്യമായി ഗണിച്ചിരിക്കുന്നതു്. അങ്ങനെയുള്ള കാവ്യം സഹൃദയന്മാരുടെ ഹൃദയപ്രീതിക്കായി ഭവിക്കുന്നില്ല. ആയതുകൊണ്ടു് ഉമാപതിധരൻ നല്ല കവിയല്ല എന്നുള്ള അസാധാരണ്യപ്രകടനം താത്പര്യം. ഉമാപതിധരൻ ലക്ഷ്മണസേനമഹാരാജാവിൻെറ മന്ത്രിയായിരുന്നു. ദുർവിഷയങ്ങളിൽ രസമുണ്ടാകത്തക്ക കവിത രചിക്കാതെയിരുന്നാൽ ശരണകവി ശ്ലാഘ്യൻ തന്നെ. ദുർവിഷയങ്ങളിൽ അഭിരുചിയെ ഉണ്ടാക്കുന്ന കവിതകൾ നിർമ്മിക്കുന്നതിലാണു ശരണൻെറ വാസന എന്നു മത്ഥം. അല്ലെങ്കിൽ ശരണൻെറ കവിത ദുരൂഹമായ എളുപ്പം അത്ഥം മനസ്സിലാകാത്ത ദ്രുതിയോടു ശീഘ്രരചനയോടു അല്ലെങ്കിൽ ചിത്തദ്രുതികാരകമായ രസബന്ധത്തോടുകൂടിയതിനാൽ ഗൂഢാത്ഥം എന്ന കാവ്യദോഷമുള്ളതും പ്രസാദാദിഗുണശൂന്യവും ആകുന്നു. ആയതുകൊണ്ടു ശരണനും നല്ല കവിയല്ല, ശരണൻെറ കാവ്യം സത്കാവ്യവും അല്ല എന്നു മത്ഥം. ശൃംഗാരപ്രധാനമായ കാവ്യം നിമ്മിക്കുന്നതിൽ ഗോവർദ്ധനാചാര്യ്യൻ അദ്വിതീയനാകുന്നു. മററു രസങ്ങളേയും വസ്തു അലങ്കാരാദികളേയും വർണ്ണിച്ചുകൊണ്ടുള്ള കാവ്യരചനയിൽ ഗോവർദ്ധനൻ അപ്രഗല്ഭനത്രേ. മററുവിദ്യകളെ അഭ്യസിച്ചതുകൊണ്ടു ആചാര്യ്യസ്ഥാനമുണ്ടു്. എങ്കിലും വിടസഹജമായ ശൃംഗാരിത്വം മാത്രം

തെളിഞ്ഞു പ്രകാശിക്കുന്നതിനാൽ നല്ല കവിയെന്നു പറയാൻ നിവൃത്തിയില്ല എന്നർത്ഥം. ധോയിയെ കവിചക്രവർത്തിയായി വർണിച്ചിരിക്കുന്നതു അഹങ്കാരിയെന്നു സൂചിപ്പിക്കുവാനാകുന്നു. ആയതുകൊണ്ടു സത്കവികളുടെ കൂട്ടത്തിൽ സ്ഥാനമില്ലാത്തവൻ എന്നർത്ഥം. അല്ലെങ്കിൽ ചക്രവർത്തി പ്രജകളെ ശാസിച്ചു ഭരിക്കുന്നതുപോലെ ധോയി മററുകവികളുടെ ദോഷങ്ങളെ നിരൂപണംചെയ്തു അവരെ ശാസിക്കുന്നതിൽ അഹങ്കാരിയായിരുന്നു എന്നല്ലാതെ സ്വയം കവിയല്ല എന്നർത്ഥം. ഇങ്ങനെ ശബ്ദാഡംബരമോ അർത്ഥക്ലേശമോ മാത്സൎയ്യമോ ദോഷദർശിത്വമോ അല്ല കവിക്കു വേണ്ടതു്. പിന്നെയോ സന്ദർഭശുദ്ധിയാണു് പ്രധാനമായി കവിക്കു വേണ്ടതു്. അതു തികഞ്ഞുള്ളവൻ ജയദേവകവി മാത്രമാകുന്നു. അങ്ങനെ ഉചിതവും ഗുണാലങ്കാരസമ്പന്നവും ആയ രചനാവിശേഷം വശ്യമായിരിക്കുന്നതു ജയദേവനുമാത്രമാണു് എന്നു സാരം. ജയദേവൻെറ കവിതാ പ്രബന്ധം ഭഗവത് ക്രീഡകളെ വർണിക്കുന്നതിനാൽ ലൌകികന്മാരുടെ ലീലകളെ വൎണ്ണിക്കുന്നതിൽ നിന്നു മാഹാത്മ്യംകൂടിയതും പരിശുദ്ധവും ആകുന്നു. ആയതുകൊണ്ടു മററു കാവ്യങ്ങളെ പരിശീലിക്കുന്നതിനെക്കാൾ ജയദേവൻെറ ഈ കാവ്യപ്രബന്ധം പരിശീലനം ചെയ്യുന്നതു നന്നു് എന്നു സാരം. ഉമാപതിധരൻ, ശരണൻ, ഗോവദ്ധനാചാൎയ്യൻ, ശ്രുതിധരൻ, ധോയി എന്നിവർ ജയദേവനെപ്പോലെ വംഗദേശത്തിലെ രാജാവായിരുന്ന ലക്ഷ്മണസേനൻെറ ആസ്ഥാനത്തിൽ കവികളും വിദ്വാന്മാരും ആയിരുന്നു. ധോയി എന്നതു ദേശപ്രസിദ്ധമായ പേരാകുന്നു.

## അഷ്ടപദി ൧.

---

മാലവരാഗേണ ഗീയതേ രൂപകതാളേന വാദ്യതേ.

---

൧. പ്രളയപയോധിജലേ ധൃതവാനസി വേദം
വിഹിതവഹിത്രചരിത്രമഖേദം
കേശവ! ധൃതമീനശരീര! ജയ ജഗദീശ! ഹരേ!.

൨., ക്ഷിതിരതിവിപുലതരേ തവ തിഷ്ഠതി പൃഷ്ഠേ
ധരണിധരണകിണചക്രഗരിഷ്ഠേ.
കേശവ! ധൃതകച്ഛപരൂപ! ജയ ജഗദീശ! ഹരേ!.

൩. വസതി ദശനശിഖരേ ധരണീ തവ ലഗ്നാ
ശശിനി കലങ്കകലേവ നിമഗ്നാ
കേശവ! ധൃതസൂകരരൂപ! ജയ ജഗദീശ! ഹരേ!.

൪. തവ കരകമലവരേ നഖമദ്ഭുതശൃംഗം
ദലിതഹിരണ്യകശിപുതനുഭൃംഗം
കേശവ! ധൃതനരഹരിരൂപ! ജയ ജഗദീശ! ഹരേ!.

൫. ഛലയസി വിക്രമണേ ബലിമദ്ഭുതവാമന!
പദനഖനീരജനിതജനപാവന!
കേശവ! ധൃതവാമനരൂപ! ജയ ജഗദീശ! ഹരേ!.

൬. ക്ഷത്രിയരുധിരമയേ ജഗദപഗതപാപം
സ്നപയസി പയസി ശമിതഭവതാപം
കേശവ! ധൃതഭൃഗുപതിരൂപ! ജയ ജഗദീശ! ഹരേ!.

൭. വിതരസി ദിക്ഷു രണേ ദിക്പതികമനീയം
ദശമുഖമൗലിബലിം രമണീയം
കേശവ! ധൃതരഘുപതിരൂപ!ജയ ജഗദീശ! ഹരേ!.

൮. വഹസി വപുഷി വിശദേ വസനം ജലദാഭം
ഹലഹതിഭീതിമിലിതയമുനാഭം
കേശവ! ധൃതഹലധരരൂപ! ജയ ജഗദീശ! ഹരേ!.

൯. നിന്ദസി യജ്ഞവിധേരഹഹ!ശ്രുതിജാതം
സദയഹൃദയ ദർശിതപശുഘാതം
കേശവ! ധൃതബുദ്ധശരീര! ജയ ജഗദീശ!ഹരേ!.

൧൦. മ്ലേഛനിവഹനിധനേ കലയസി കരവാലം
ധൂമകേതുമിവ കിമപി കരാലം
കേശവ! ധൃതകല്ക്കിശരീര! ജയ ജഗദീശ! ഹരേ!.

൧൧. ശ്രീജയദേവകവേരിദമുദിതമുദാരം
ശൃണു ശുഭദം സുഖദം ഭവസാരം
കേശവ!ധൃതദശവിധരൂപ! ജയ ജഗദീശ! ഹരേ!.

## ഭാഷ

### വന്ദനശ്ലോകം

ശ്രീമാർത്താണ്ഡമഹീമഹേന്ദ്രനരുളിച്ചെയ്തിട്ടു മന്ദോഽപി ഞാ-
നാമൃഷ്ടാഷ്ടപദീഗതം പദകദംബം ഭാഷയാക്കീടുവാൻ
സാമോദം തുനിയുന്നു തുഷ്യതു ഭൃശം ശ്രീപത്മനാഭോ മമ
സ്വാമീ രാമപുരേശ്വരശ്ച ഭഗവാൻ കൃഷ്ണൻ പ്രസാദിക്ക് മേ.

### ഒന്നാംഅഷ്ടപദി. മാലവരാഗം അടതാളം.

൧. നിരവധിലയകടലിൽ തിരകളിചെയ്തുഴലും
സുരമുനിമാർക്കു സുഖത്തെ വരുത്തിയ
മാധവ! ധൃതമത്സ്യശരീര! ജയ ജഗദീശ! ഹരേ!

൨. ചുമലിലീമഹിയാകും ചുമടെടുത്തധികം
വിമലതയൊടു വിലസുന്ന വിഭോ! ഹേ!
മാധവ! ധൃതകൂർമ്മശരീര! ജയ ജഗദീശ! ഹരേ!

൩. തിങ്കളിലങ്കംപോലെ തിറവിയ ദംഷ്ട്രാഗ്രേ
ശങ്കവെടിഞ്ഞവനീതലമേന്തിയ
മാധവ! ധൃതകോലശരീര! ജയ ജഗദീശ! ഹരേ!

൪. ഹിരണ്യകശിപുദേഹം വിരവൊടു പിളർന്ന നഖം
ശരണ്യമായിട്ടു മമ ശമയതു മോഹം
മാധവ! ധൃതനരഹരിരൂപ! ജയ ജഗദീശ! ഹരേ!

൫. ബലിയൊടു മൂന്നുലകം നലമൊടുമേടിപ്പാൻ
വടിവൊടു പടുവായിവന്ന വിഭോ! ഹേ!
മാധവ! ധൃതവാമനരൂപ! ജയ ജഗദീശ! ഹരേ!

൬ ക്ഷത്രിയരുടെ രുധിരംകൊണ്ടു കയംതീർത്തു
തത്ര മുഴുകിപ്പിതൃതർപ്പണം ചെയ്തോരു
മാധവ! ധൃതഭാർഗ്ഗവരൂപ! ജയ ജഗദീശ! ഹരേ!

൭. രാവണനുടെ കണ്ഠം പത്തുമറുത്തവനേ!
പാവന! പംക്തിസ്യന്ദനനന്ദന!
മാധവ! ധൃതരാഘവരൂപ! ജയ ജഗദീശ! ഹരേ!

൮. ഖലദലനം ചെയ്വാൻ ഹലമെടുത്തരിതാപം
കലനം ചെയ്ത ബലായ നമസ്തേ
മാധവ! ധൃതരാമശരീര! ജയ ജഗദീശ! ഹരേ!

൯. കർമനിഷേധം ചെയ്വാൻ ധർമം പറഞ്ഞവനെ
നിർമലനിഗമത്തെ നിന്ദിച്ച വിഷ്ണോ!
മാധവ! ധൃതബുദ്ധശരീര! ജയ ജഗദീശ! ഹരേ!

൧൦. മ്ലേച്ഛജനമിഹ ഹനനം ചെയ്വാനവതാരം
ചേർച്ചയോടെ ചെയ്ത വാളെടുപ്പവനേ!
മാധവ! ധൃതകല്ക്കിശരീര! ജയ ജഗദീശ! ഹരേ!

൧൧. ശ്രീജയദേവൻെറ രചനയുടെ ഭാഷാം
കേൾക്ക ജനങ്ങളേ! ഗതിവരുമാക്കും
മാധവ!ധൃതദശവിധരൂപ! ജയ ജഗദീശ! ഹരേ!

ഭക്തജനങ്ങളുടെ മനോരഥപൂരണത്തിനായിക്കൊണ്ടു ഭഗവാൻ വിവിധസ്വരൂപത്തിൽ അവതരിക്കുന്നു. ഭഗവാൻെറ അവതാരങ്ങൾ അസംഖ്യങ്ങളുമാണ്. എങ്കിലും പ്രധാനമായി അവതാരങ്ങൾ പത്താകുന്നു. ഭഗവല്ലീലകളെ വർണ്ണിക്കുകയാകുന്നു ജയദേവൻെറ അഭിലഷിതം. ആ കർമ്മത്തിങ്കൽ ഉണ്ടാകാവുന്ന ദുരിതങ്ങളെ ആ ഭഗവാൻ തന്നെ നിവാരണംചെയ്യുന്നവൻ എന്നുള്ള ആശയത്തോടുകൂടി ഒന്നാമത്തെ അഷ്ടപദിയിങ്കൽ പത്തവതാരങ്ങളേയും പുരസ്കരിച്ചു കാവ്യത്തിലെ നായകനായ ശ്രീകൃഷ്ണഭഗവാൻ സ്തുതിക്കപ്പെടുന്നു. പത്തുവിധമായി അവതരിച്ചു അതാതു ലീലാവിശേഷങ്ങളെ ചെയ്യുന്ന ഭഗവാൻ ശ്രീകൃഷ്ണനായ നായകനെ വർണ്ണിച്ചാൽ നായകൻെറ വിശിഷ്ടഗുണഗണങ്ങളെ ശ്രവിക്കുന്നതിൽ ശ്രോതാക്കൾക്കു ഔത്സുക്യമുണ്ടാകുമല്ലോ. ഈ അഷ്ടപദി മാലവരാഗത്തിൽ ഗാനം ചെയ്യപ്പെടണം. താളം ആദിതാളമെന്നു ചിലരും രൂപകതാളമെന്നു ചിലരും അടതാളമെന്നു മററു ചിലരും അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഷ്ടപദിയിങ്കൽ ഭഗവാൻ

ധീരലലിതനായകനായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. രസം ഉത്സാഹമാകുന്ന സ്ഥായിഭാവത്തോടുകൂടിയ വീരമാണ്. ഈ അഷ്ടപദി പ്രബന്ധത്തിനു 'ദശാവതാരകീർത്തിധവളം' എന്നുപേർ.

ആദ്യമായി മീനസ്വരൂപത്തിൽ അവതരിച്ച ഭഗവാനെ സ്തുതിക്കുന്നു—

ധൃതമീനശരീര—സ്വേച്ഛകൊണ്ടുധൃതമായ ധരിക്കപ്പെട്ട സ്വീക
[രിക്കപ്പെട്ടമീനശരീരത്തോടുമത്സ്യസ്വരൂപത്തോടുകൂടിയുള്ളോവേ!
കേശവ—കേശവനായുള്ളോവേ!
ജഗദീശ—ജഗത്തിനെല്ലാം ഈശ്വരനായുള്ളോവേ!
പ്രളയപയോധിജലേ — പ്രളയത്തിൽ കല്പാന്തകാലത്തിൽ ഉള്ള
[പയോധിജലത്തിൽ സമുദ്രജലത്തിൽ
വിഹിതവഹിത്രചരിത്രം—വിഹിതമായ കൃതമായ(ചെയ്യപ്പെട്ട) വഹിത്രത്തിൻെറ പോതത്തിൻെറ (പൊങ്ങുതടിയുടെ) ചരിത്രമാകുംവണ്ണം
ത്വം—നിന്തിരുവടി
അഖേദം—ക്ലേശമില്ലാതെ
വേദം—ഋക്ക്-യജുസ്സ് ഇത്യാദിരൂപത്തിലുള്ള വേദത്തെ
ധൃതവാൻ, അസി—ധരിച്ചവനായിരിക്കുന്നു. (ആയതുകൊണ്ട്)
ഹരേ—ഹരിയായുള്ളോവേ!
ജയ—(നിന്തിരുവടി) ജയിച്ചാലും.

കല്പാന്തസമുദ്രജലത്തിൽ ഋഗാദിരൂപമായ വേദം ആണ്ടുപോകുമ്പോൾ മത്സ്യരൂപത്തിൽ അവതരിച്ചു പ്രളയസമുദ്രജലത്തിൽ പൊങ്ങുതടിയായി പ്രവർത്തിച്ചു ആ വേദത്തെ നിഷ്പ്രയാസം വീണ്ടെടുത്തു ഉദ്ധരിച്ച ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

നിന്തിരുവടി പ്രളയകാലത്തിലുള്ള സമുദ്രത്തിൽ പോതചേഷ്ടിതം സ്വീകരിച്ചാലും അല്പംപോലും ആയാസത്തെ പ്രാപിച്ചില്ല എന്നർത്ഥം. ജഗത്തുക്കൾക്കു പതിന്നാലു ഭുവനങ്ങൾക്കു ഈശൻ നാഥൻ ജഗദീശൻ. നിരാലംബമായ സമുദ്രത്തിൽ വേദത്തെ ധരിച്ചതിനാൽ വേദോദ്ധാരണത്തിനായിട്ടുതന്നെ നിന്തിരുവടി മത്സ്യാവതാരം സ്വീകരിച്ചതു് എന്നു് സാരം. കേശവ ജഗദീശ എന്നിത്യാദി സംബോധനങ്ങൾ ആദരാതിശയത്തെ സൂചിപ്പിക്കുന്നു. ഭക്തജനങ്ങളുടെ ക്ലേശത്തെ ഹരിക്കുന്നവൻ ഹരി. ഗാനസമയത്തിൽ കേശവപദം ഒന്നുകൂടി ആവർത്തിക്കുക പതിവാണ്. ജയശബ്ദം സർവോത്കൃഷ്ടതയെ

സൂചിപ്പിക്കുന്നു. നിഷ്പ്രയാസം വേദോദ്ധാരണംചെയ്ത സാമത്ഥ്യം പ്രദർശിപ്പിച്ച നിന്തിരുവടി അസാധാരണസാമത്ഥ്യത്താൽ എപ്പൊഴും ജഗത്തിനെ രക്ഷിച്ചാലും എന്നു താല്പര്യം.

അനന്തരം കൂർമസ്വരൂപത്തിൽ അവതരിച്ച ഭഗവാനെ സ്തുതിക്കുന്നു—

ധൃതകച്ഛപരൂപ—സ്വേച്ഛകൊണ്ടു ധൃതമായി സ്വീകരിക്കപ്പെട്ട [കച്ഛപരൂപത്തോടു കൂർമ്മശരീരത്തോടുകൂടിയുള്ളോവേ!

കേശവ —കേശവനായുള്ളോവേ!

ജഗദീശ—ജഗത്തിനെല്ലാം ഈശനായുള്ളോവേ!

തവ—നിന്തിരുവടിയുടെ

അതിവിപുലതരേ—വിസ്താരമേറിയതും

ധരണിധരണകിണചക്രഗരിഷ്ഠേ—ധരണിയെ ഭൂമിയെ ധരിക്കുക ഹേതുവാൽ ഉണ്ടായ യാതൊരു കിണചക്രമുണ്ടോ വട്ടമായ പാടുണ്ടോ അതിനാൽ ഗരിഷ്ഠമായും ഗൗരവത്തോടുകൂടിയതും ആയ

പൃഷ്ഠേ—പൃഷ്ഠത്തിൽ പിൻഭാഗത്തിൽ
ക്ഷിതിഃ, തിഷ്ഠതി—ഭൂമി സ്ഥിതിചെയ്യുന്നു.
ഹരേ —ഹരിയായുള്ളോവേ!
ജയ—(നിന്തിരുവടി) ജയിച്ചാലും.

ഭൂമിയെ ചുമന്നതുകൊണ്ടു ഉണ്ടായ പാടുകളോടുകൂടിയതും, വളരെ വിസ്താരമുള്ളതും ആയ നിന്തിരുവടിയുടെ പൃഷ്ഠഭാഗത്തിൽ ഭൂമി സ്ഥിതീചെയ്യുന്നു. കൂർമ്മമായി അവതരിച്ചു അവ്വണ്ണം ഭൂമിയെ താങ്ങിക്കൊണ്ടിരിക്കുന്ന ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

അമൃതമഥനകാലത്തിൽ സമുദ്രത്തിൽ ആണ്ടുപോയ ഭൂമിയെ ഭഗവാൻ ആദികൂർമ്മമായി അവതരിച്ചു ചുമലിൽ താങ്ങി പൊക്കിയെടുത്തു. 'തിഷ്ഠതി' എന്ന വത്തമാനകാല പ്രയോഗം ഇപ്പൊഴും ഭഗവാൻ ഭൂമിയെ താങ്ങിക്കൊണ്ടിരിക്കുന്നതിനെ സൂചിപ്പിക്കുന്നതിനാൽ കച്ഛപാവതാരത്തിൻെറ പ്രയോജനം സുവ്യക്തമായിരിക്കുന്നു. കിണചക്രം രക്താകൃതിയിലുള്ള കിണത്തിൻെറ പാടിൻെറ ചക്രം സമൂഹം എന്നത്ഥം സംസാരപ്രവാഹം അനാദിയായതിനാൽ അനേകം പ്രാവശ്യം ഭൂമിയെ ചുമലിൽ ധരിക്കനിമിത്തം പാടുകൾ വളരെയുണ്ടായി. വിസ്താരമേറിയ—ഭൂമിയെ അപേക്ഷിച്ചു വിസ്താരമേറിയ എന്നത്ഥം. അമ്പത്തഞ്ചുകോടിയോജനവിസ്താരമുള്ളഭൂമിയെയാണല്ലോ കൂർമ്മമായി അവതരിച്ച ഭഗവാൻ ഓരോകല്പത്തിലും തൻെറ പൃഷ്ഠഭാഗംകൊണ്ടു താങ്ങുന്നതു്.

മൂന്നാമതായി വരാഹരൂപമായി അവതരിച്ച ഭഗവാനെ സ്തുതിക്കുന്നു—

ധൃതസൂകരരൂപ—ഭസ്വച്ഛകൊണ്ടു് ധൃതമായ ക്രീഡാവതാരമായി സ്വീകരിക്കപ്പെട്ട സൂകരത്തിൻെറ വരാഹത്തിൻെറ രൂപമത്തോടു ശരീര [രത്തോടുകൂടിയുള്ളോവേ!

കേശവ—കേശവനായുള്ളോവേ!

ജഗദീശ—ജഗത്തിനെല്ലാം ഈശ്വരനായുള്ളോവേ!

ധരണീ—ഭൂമി

തവ—നിന്തിരുവടിയുടെ

ദശനശിഖരേ—ദശനങ്ങളുടെ ദന്തങ്ങളുടെ ശിഖരത്തിൽ അഗ്ര [ഭാഗത്തിൽ അററത്തിൽ

ശശിനി—ചന്ദ്രങ്കൽ

നിമഗ്നാ—അന്തർഭവിച്ചിരിക്കുന്ന

കളങ്കകലാ, ഇവ—കളങ്കരൂപമായ കല രേഖ എന്നപോലെ

ലഗ്നാ—സംശ്ലിഷ്ടയായി പററിയിരിക്കുന്നതായി

വസതി—വസിക്കുന്നു.

ഹരേ—ഹരിയായുള്ളോവേ!

ജയ—(നിന്തിരുവടി) ജയിച്ചാലും.

ചന്ദ്രങ്കൽ അന്തർഭവിച്ചിരിക്കുന്ന കളങ്കരേഖ എന്നപോലെ വരാഹമായി അവതരിച്ച നിന്തിരുവടിയുടെ ദംഷ്ട്രയിൽ ഭൂമി പററിയിരിക്കുന്നു. ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

ഭഗവാൻ വരാഹമായി അവതരിച്ചതു ഹിരണ്യാക്ഷനെ കൊല്ലുവാനാണല്ലോ. 'അന്തർഭവിച്ചിരിക്കുന്ന' എന്നുപറഞ്ഞതുകൊണ്ടു ബാലചന്ദ്രൻെറ സാദൃശ്യം സൂചിപ്പിച്ചിരിക്കുന്നു. ബാലചന്ദ്രനിൽ കളങ്കലേശം അന്തർഭവിച്ചിരിക്കുന്നു. ബാലചന്ദ്രൻ വളഞ്ഞ വില്ലുപോലെ ഇരിക്കുന്നതിനാൽ ദംഷ്ട്രയോടു സാദൃശ്യം യോജിക്കുന്നു.

നാലാമതായി നരസിംഹരൂപമായി അവതരിച്ച ഭഗവാനെ സ്തുതിക്കുന്നു—

ധൃതനരഹരിരൂപ—സ്വേച്ഛകൊണ്ടു ധരിക്കപ്പെട്ട ക്രീഡാവതാരമായി സ്വീകരിക്കപ്പെട്ട നരസിംഹത്തിൻെറ രൂപത്തോടുകൂടിയുള്ളോവേ!

കേശവ—കേശവനായുള്ളോവേ!

ജഗദീശ—ജഗത്തിനെല്ലാം ഈശ്വരനായുള്ളോവേ!

ത്വ—നിന്തിരുവടിയുടെ

കരകമലവരേ—കൈയാകുന്ന ശ്രേഷ്ഠമായ കമലത്തിൽ

അദ്ഭുതശൃംഗം—അദ്ഭുതമായ ആശ്ചര്യമായ ശൃംഗത്തോടു അഗ്ര [ഭാഗത്തോടുകൂടിയതും (ആയതുകൊണ്ടു

ദലിതഹിരണ്യകശിപുതനുഭൃംഗം—ദലിതമായ പിളക്കപ്പെട്ട ഹിരണ്യകശിപു എന്ന രാക്ഷസൻെറ തനുവാകുന്ന ശരീരമാകുന്ന [ഭൃംഗത്തോടു വണ്ടോടുകൂടിയതും ആയ

നഖം—നഖരം (ശോഭിക്കുന്നു).

ഹരേ—ഹരിയായുള്ളോവേ!

ജയ—നിന്തിരുവടി ജയിച്ചാലും.

നിന്തിരുവടിയുടെ ശ്രേഷ്ഠമായ കൈത്താമരയിൽ രാക്ഷസനായ ഹിരണ്യകശിപുവിൻെറ ശരീരമാകുന്ന വണ്ടിനെ പിളർക്കത്തക്കവണ്ണം അദ്ഭുതശക്തിയുള്ള മുനയോടുകൂടിയ നഖം ഉണ്ടായി ശോഭിക്കുന്നു. അവ്വണ്ണം നരസിംഹമായി അവതരിച്ച ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

ദലിതഹിരണ്യകശിപുതനുഭൃംഗം എന്ന വാക്കു നഖത്തിനു ഹേതുഗർഭവിശേഷണം. അദ്ഭുതശൃംഗമായ നഖരം ഉണ്ടാകുന്നതിനുള്ള പ്രയോജനമാണ് ഈ വിശേഷണത്തിൽ പറയുന്നതു്. കരത്തെ കമല ശ്രേഷ്ഠമായും ശരീരത്തെ വണ്ടായും രൂപകമായി വർണിച്ചിരിക്കുന്നു. കൈയ്ക്കു കമലത്വം ഉള്ളതിനാൽ കമലപദത്തിനു കമലാഗ്രം എന്നു അർത്ഥം ഗ്രഹിച്ചുകൊള്ളാം. എന്തെന്നാൽ വണ്ടു കമലാഗ്രത്തെ പിളന്നു അകത്തു പ്രവേശിച്ചു മകരന്ദത്തെ അതായതു പുഷ്പരസത്തെ പാനം ചെയ്തു തൃപ്തിനേടുക സാധാരണ വർണ്ണനാവിഷയമാണ്. ഇവിടെയാകട്ടെ നരസിംഹമായി അവതരിച്ച ഭഗവാൻെറ കരകമലാഗ്രഭാഗത്താൽ ഹിരണ്യകശിപുവിൻെറ ദേഹമാകുന്ന വണ്ടു പിളർക്കപ്പെട്ടു എന്നുള്ളതു് ആശ്ചര്യം. താമരയിതളുകളെ വണ്ടുകൾ പിളർക്കും. ഇവിടെ താമരയാൽ വണ്ടു പിളർക്കപ്പെട്ടതു വിശേഷം. നൃസിംഹകരത്തെ താമരയായും ഹിരണ്യകശിപുദേഹത്തെ വണ്ടായും വർണ്ണിച്ചതിനാൽ നൃസിംഹകരകമലത്തെ അപേക്ഷിച്ചു രാക്ഷസശരീരം വളരെ ചെറുതാണെന്നു വ്യക്തമാകുന്നു.

അഞ്ചാമതായി വാമനനായി അവതരിച്ചഭഗവാനെ സ്തുതിക്കുന്നു—

ഛലിതവാമനരൂപ—സ്വേച്ഛകൊണ്ടു ധരിക്കപ്പെട്ട സ്വീകരിക്കപ്പെട്ട വാമനൻെറ (മുണ്ടൻെറ) രൂപത്തോടു ശരീരത്തോടുകൂടിയുള്ളോവേ!

കേശവ—കേശവനായുള്ളോവേ!

ജഗദീശ—ജഗത്തിനെല്ലാം ഈശനായുള്ളോവേ!

അദ്ഭുതവാമന—ആശ്ചര്യ്യമായ വടുവാമനന്റെ വേഷം [ഉള്ളോവേ!

പദനഖനീരജനിതജനപാവന—പദനഖനീരത്താൽ കാലിലെ നഖത്തിനു മാത്രം പര്യ്യാപ്തമായിത്തീൎന്ന യാതൊരു നീരം പാദോദകം ഉണ്ടോ അതിനാൽ ജനിപ്പിക്കപ്പെട്ട ജനങ്ങളുടെ ശുദ്ധിയോടുകൂടി [യുള്ളോവേ!

വിക്രമണേ—കാലുവെയ്ക്കുക എന്നുള്ള മൂന്നു പരാക്രമപ്രവൃത്തി [യിങ്കൽ

ബലിം—മഹാബലിചക്രവൎത്തിയെ

ഛലയസി—നിന്തിരുവടി വഞ്ചിക്കുന്നു.

ഹരേ—ഹരിയായുള്ളോവേ!

ജയ—നിന്തിരുവടി ജയിച്ചാലും.

ആശ്ചര്യ്യമായി വടുവാമനവേഷത്തിൽ (മുണ്ഡനായ കൊച്ചനായി) അവതരിച്ച ഭഗവാനേ! കാലിലേ നഖജലത്താൽ ജനങ്ങൾക്കു ശുദ്ധി വരുത്തിയവനേ! നിന്തിരുവടി തൃക്കാൽവെയ്പാകുന്ന പരാക്രമത്താൽ മഹാബലി ചക്രവൎത്തിയെപ്പോലും വഞ്ചിക്കുന്നു. ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

'ചലയസി' എന്നും പാഠം. വിക്രമംകൊണ്ടു മഹാബലി സത്യത്തിൽ നിന്നും ചലിക്കുന്നു എന്നൎത്ഥം. 'പദനഖനീരജനിതജനപാവന' എന്ന സംബോധനം വാമനാവതാരപ്രയോജനസൂചകമായ ഹേതുഗർഭസംബോധനമാകുന്നു. അൎത്ഥികൾ എന്തുചോദിച്ചാലും കൊടുക്കാമെന്നു അഹങ്കാരം പൂണ്ടിരുന്ന മഹാബലി ചക്രവൎത്തിയെ പരീക്ഷിക്കുവാനായി ഭഗവാൻ വടുവാമനനായി ചെന്നു. മഹാബലി വന്നുചേൎന്ന അതിഥിയെ അൎഘ്യപാദ്യാദികളാൽ ഉപചരിച്ചു തുടങ്ങി. പാദത്തിൽ പാദ്യമായ ഗംഗാജലം ഒഴിക്കുമ്പോൾ ഭഗവാൻ സ്വരൂപം വലുതാക്കിയതു നിമിത്തം ബലി ഒഴിച്ച വെള്ളമത്രയും കാലിലെ നഖങ്ങൾക്കു മാത്രമേ പര്യ്യാപ്തമായി ഭവിച്ചുള്ളു. ആ നഖജലത്താൽ ജനങ്ങളെ പരിശുദ്ധിവരുത്തിയ ഭഗവാൻ എന്നു താത്പൎയ്യം. ആയതുകൊണ്ടാണ് കാലിലെ ജലം എന്നു പറയാതെ കാലിലെ നഖജലം എന്നു പറഞ്ഞതു്. പിന്നീട് വാമനരൂപധാരിയായ ഭഗവാൻ ബലി

യോടു മൂന്നു ചുവടു ഭൂമി അപേക്ഷിക്കുകയും; ബലി കൊടുക്കാമെന്നു സമ്മതിക്കുകയും ചെയ്തു. ഭഗവാൻ തന്റെ സ്വരൂപത്തെ വലുതാക്കി പതിന്നാലു ഭുവനങ്ങളേയും രണ്ടു ചുവടുകളിൽ അളന്നു. മൂന്നാമത്തെ ചുവടിനു വഴിയില്ലാതെ ബലിയുടെ തലയിൽ കാലുവച്ചു താഴെ തള്ളുകയും ചെയ്തു എന്നു പുരാണകഥയുണ്ട്. 'ഛലയസി' എന്ന വർത്തമാന കാലപ്രയോഗത്തിനു സംസാരപ്രവാഹം അനാദിയായതിനാൽ ഓരോ വാമനാവതാരത്തിലും നിന്തിരുവടി ബലിചക്രവർത്തിയെ വഞ്ചിക്കുന്നു എന്നർത്ഥം. അദ്ഭുതവാമന— ആകൃതികൊണ്ടു വാമനവടുവാണെങ്കിലും ശക്തി തേജസ്സു മുതലായതുകൾക്കു കുറവില്ലാത്തതിനാൽ നിന്തിരുവടി വിഭാവനചെയ്യാൻ വയ്യാത്ത സ്വരൂപത്തോടുകൂടിയിരിക്കുന്നതിനാൽ ആശ്ചര്യമായ വാമനസ്വരൂപം.

അല്ലെങ്കിൽ മൂന്നാമതായി കാലുവച്ചതു് ബ്രഹ്മലോകത്തിലായിരുന്നു. ഉടൻ ബ്രഹ്മദേവൻ ഭഗവാന്റെ വരവു കണ്ടു അർഘ്യജലത്താൽ ഉപചരിച്ചു. അങ്ങനെ കാലിലെ നഖജലത്താൽ പരിശുദ്ധമായിഭവിച്ചു ജഗത്തു് എന്നർത്ഥം.

വലുതായിക്കൊണ്ടിരിക്കുന്ന വാമനശരീരത്തിന്റെ ചരണാംഗുഷ്ഠനഖത്താൽ ബ്രഹ്മാണ്ഡത്തിന്റെ ആദ്യമായ പാർത്ഥിവാവരണം (കാരണജലം) വിദീർണ്ണമായപ്പോൾ അതേരീതിയിൽ ഭഗവച്ചരണാരവിന്ദപ്രക്ഷാളനത്താലുണ്ടായ രണ്ടാമത്തെ ആവരണജലം ബ്രഹ്മാവിന്റെ അർഘ്യജലത്തോടു കലർന്നു ഒന്നായി മനുഷ്യലോകത്തിൽ ഒഴുകി ഗംഗ എന്ന പ്രസിദ്ധിയോടുകൂടി ജനങ്ങളെ പരിശുദ്ധരാക്കിച്ചെയ്യുന്നു എന്നു പുരാണകഥയുണ്ട്, ഭൂലോകസ്ഥിതനായ വാമനൻ ബ്രഹ്മാണ്ഡജലത്തെ വരുത്തിയതിൽ ആശ്ചര്യം.

ആറാമതായി പരശുരാമനായി അവതരിച്ച ഭഗവാനെ സ്തുതിക്കുന്നു—

ധൃതഭൃഗുപതിരൂപ—സ്വേച്ഛയാൽ ധൃതമായ സ്വീകരിക്കപ്പെട്ട ഭൃഗുപതിയുടെ പരശുരാമന്റെ രൂപത്തോടു ശരീരത്തോടുകൂടിയ [ള്ളോവേ!

കേശവ—കേശവനായുള്ളോവേ!

ജഗദീശ—ജഗത്തിനെല്ലാം ഈശ്വരനായുള്ളോവേ!

(ത്വം—നിന്തിരുവടി)

ക്ഷത്രിയരുധിരമയേ—ക്ഷത്രിയന്മാരുടെ രുധിരത്താൽ രക്തത്താൽ [പ്രചുരമായ (രക്തമയമായ)

പയസി—ജലത്തിൽ

അപഗതപാപം—അപഗതമായ പോയതായ പാപത്തോടുകൂടി [യതാകുംവണ്ണം

ശമിതഭവതാപം—ശമിതമായ ശമിപ്പിക്കപ്പെട്ടതായ ഭവതാപ [ത്തോടു സംസാരദുഃഖത്തോടുകൂടിയ

ജഗത്—ജഗത്തിനെ

സ്നപയസി—സ്നാനംചെയ്യിപ്പിക്കുന്നു.

ഹരേ—ഹരിയായുള്ളോവേ!

ജയ—നിന്തിരുവടി ജയിച്ചാലും.

പരശുരാമനായി അവതരിച്ച നിന്തിരുവടി പാപമെല്ലാം തീരത്തക്കവണ്ണം ജഗത്തിനെ ക്ഷത്രിയന്മാരുടെ രക്തജലത്തിൽ മുഴകിച്ചു സംസാരദുഃഖത്തെ ശമിപ്പിച്ചു. അപ്രകാരമുള്ള ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

രുധിരമയേ—രക്തവികാരരൂപമായ എന്നർത്ഥം. പരശുരാമൻ ഇരുപത്തൊന്നു പ്രാവശ്യം ക്ഷത്രിയന്മാരെകൊന്നു് അവരുടെ രക്തജലത്താൽ കുരുക്ഷേത്രത്തിൽ രാമഹ്രദതീർത്ഥം തുടങ്ങിയുള്ള അഞ്ചു ഹ്രദതീർത്ഥങ്ങളെ (പരിശുദ്ധങ്ങളായ കുളങ്ങളെ) ഉണ്ടാക്കി അതുകളിൽ പിതൃതർപ്പണം ചെയ്തതായും, ആയതിനാൽ അഞ്ചു ഹ്രദങ്ങളും മഹാതീർത്ഥങ്ങളായി തീൎന്നതായും പുരാണകഥയുണ്ടു്. ഇപ്പൊഴും ലോകർ ഈ തീർത്ഥങ്ങളിൽ മുങ്ങി പാപത്തെ പരിഹരിച്ചുകൊള്ളുന്നു. 'അപഗതപാപം' എന്നതു ഹേതുഗർഭമായ വിശേഷണം. ആയതുകൊണ്ടു ശമിതഭവതാപം എന്നർത്ഥം. ആദ്ധ്യാത്മികം എന്നും ആധിഭൗതികം എന്നും ആധിദൈവികംഎന്നും മൂന്നുവിധമാണല്ലോ സംസാരദുഃഖം. ഇവയ്ക്കു താപത്രയങ്ങൾ എന്നു പേർ. ഇപ്പൊഴും ജനങ്ങൾ ഈ തീർത്ഥങ്ങളിൽ സ്നാനം ചെയ്തു താപത്രയങ്ങളോടു വേർപെട്ടവരായി ഭവിക്കുന്നു. പ്രാണികൾക്കു പാപബന്ധംകൊണ്ടാണല്ലോ ദുഃഖങ്ങൾ ഉണ്ടാവുക. തീർത്ഥസ്നാനത്താൽ സകല പാപവും നശിക്കുന്നു. സന്താപമുള്ളവൻ ജലത്തിൽ മുങ്ങിയാൽ താപം തീരുക സാധാരണയാണല്ലോ.

ഏഴാമതായി ശ്രീരാമനായി അവതരിച്ച ഭഗവാനെ സ്തുതിക്കുന്നു.-

ധൃതരഘുപതിരൂപ—സ്വേച്ഛയാൽ ധൃതമായ സ്വീകരിക്കപ്പെട്ട ദശരഥപുത്രനായ ശ്രീരാമന്റെ രൂപത്തോടുകൂടിയുള്ളോവേ!

കേശവ—കേശവനായുള്ളോവേ!

ജഗദീശ—ജഗത്തിനെല്ലാം ഈശനായുള്ളോവേ!

(ത്വം—നിന്തിരുവടി)

രണേ—യുദ്ധത്തിൽ

രമണീയം—മനോഹരവും

ദിക്പതികമനീയം—ദിക്പതികളായ ദിക്പാലന്മാരായ ഇന്ദ്രാദികൾക്കു കമനീയവും അഭിലഷിക്കത്തക്കതും അതായതു് അഭീഷ്ടവും [ആയ

ദശമുഖമൗലിബലിം—ദശമുഖൻെറ രാവണൻെറ മൗലികളാകുന്ന ബലിയെ ബലിരൂപമായ ദാനത്തെ

ദിക്ഷു—ദിക്കുകളിൽ

വിതരസി—കൊടുക്കുന്നു (നടത്തുന്നു).

ഹരേ, ജയ—ഹരിയായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

ശ്രീരാമനായി അവതരിച്ച നിന്തിരുവടി രാവണനോടുകൂടിയുള്ള യുദ്ധത്തിങ്കൽ രാവണൻെറ പത്തു തലകളേയും ഓരോന്നായി ഛേദിച്ചു പത്തു ദിക്കുകളിലും ഇട്ടു (കാഴ്ചവച്ചു്) പത്തുദിക്കുകൾക്കും അധിപന്മാരായ ഇന്ദ്രൻ തുടങ്ങിയുള്ള ദേവന്മാൎക്കു പ്രീതികരവും മനോഹരവും ആയ ബലിദാനക്രിയയെ നടത്തിയിരിക്കുന്നു. അപ്രകാരമുള്ള ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

രാവണവധം ലോകാഭിരാമമായതിനാൽ രമണീയമായ ബലി. മൗലി—കിരീടമെന്നൎത്ഥം. രാക്ഷസന്മാരിൽ നിന്നും ജഗത്തിനു ഉപദ്രവം ഇല്ലാതെയിരിക്കുന്നതിനു രാക്ഷസശിരസ്സുകളെത്തന്നെ ബലിസാധനമാക്കിത്തീൎത്തു എന്നു സാരം. പത്തു ദിക്പാലന്മാൎക്കു അത്രയും ശിരസ്സുകൾ കാഴ്ചവയ്ക്കാൻ ഉണ്ടായിരുന്നതിനാൽ രമണീയം. 'ധൃതരാമശരീര' എന്നും പാഠം.

എട്ടാമതായി ബലദേവനായി അവതരിച്ച ഭഗവാനെ സ്തുതിക്കുന്നു—

ധൃതഹലധരരൂപ—സ്വേച്ഛകൊണ്ടു ധൃതമായ സ്വീകരിക്കപ്പെട്ട ഹലധരൻെറ ബലദേവൻെറ രൂപത്തോടു ശരീരത്തോടുകൂടിയു [ള്ളോവേ!

കേശവ—കേശവനായുള്ളോവേ!

ജഗദീശ—ജഗത്തിനെല്ലാം ഈശ്വരനായുള്ളോവേ!

(ത്വം—നിന്തിരുവടി)

വിശദേ—ശുഭ്രമായ

വപുഷി—ശരീരത്തിൽ

ജലദാഭം—ജലദത്തിന്റെ കാർമേഘത്തിന്റെ ആഭപോലുള്ള [ആഭയോടു ശോഭയോടുകൂടിയതും

ഹലഹതിഭീതിമിലിതയമുനാഭം—ഹലത്താൽ കലപ്പയാൽ യാതൊരു ഹതി ഹനനം ഉണ്ടോ അതിൽനിന്നുമുള്ള ഭീതികൊണ്ടു ഭയംകൊണ്ടു മിലിതമായ വന്നുചേന്ന യമുനയുടെ കാളിന്ദീനദിയുടെ ആഭപോലെയുള്ള ആഭയോടു ശോഭയോടുകൂടിയതും ആയ

വസനം—വസ്ത്രത്തെ

വഹസി—ധരിക്കുന്നു.

ഹരേ—ഹരിയായുള്ളോവേ!

ജയ—നിന്തിരുവടി ജയിച്ചാലും.

ഹലധരനായ നിന്തിരുവടിയുടെ കലപ്പകൊണ്ടുള്ള അടിയെ ഭയന്നു വന്നുചേന്ന യമുനാനദിയെന്നു തോന്നത്തക്കവണ്ണം കാർമേഘംപോലെ നീലനിറമായ വസ്ത്രം ധരിച്ചിരിക്കുന്ന ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

വസ്ത്രത്തെ യമുനയോടു ഉപമിച്ചിരിക്കുന്നതായും ഉത്പ്രേക്ഷിച്ചിരിക്കുന്നതായും അത്ഥം പറയാം. ധവളയായ ഗംഗ മേചകവർണ്ണയായ യമുനയോടു സംഗമിക്കുന്ന പ്രയാഗക്ഷേത്രം പാപഹരമാണല്ലോ. ശുഭ്രയായ ബലഭദ്രമൂത്തിയും അപ്രകാരമുള്ളതാണെന്ന അത്ഥവും ധ്വനിക്കുന്നു. ബലദേവൻ പാപഹരൻ മാത്രമല്ല അഭീഷ്ടദനും ആണു്. മലയമാരുതനാൽ വിറയ്ക്കുന്ന വസ്ത്രം ഭയപ്പെട്ടിരിക്കുന്ന യമുനയാണെന്നു ഉത്പ്രേക്ഷ. ഭീരുക്കൾ വിറയ്ക്കുക സാധാരണയാണു്. ഒരിക്കൽ ബലഭദ്രൻ മദ്യപാനം ചെയ്തു മദിച്ചവനായി വൃന്ദാവനത്തിൽ ഗോപസ്ത്രീകളോടു കൂടി വിഹരിച്ചുകൊണ്ടിരുന്നു. അപ്പോൾ ജലക്രീഡയ്ക്കായി യമുനയെ വിളിച്ചു. വിളിച്ചതു കുടിവെറിയാണെന്നു വിചാരിച്ചു അടുത്തുചെല്ലാതെ ഇരുന്ന യമുനയെ കലപ്പയിട്ടു വലിച്ചതായി പുരാണകഥയുണ്ടു്. ദുഷ്ടനിഗ്രഹത്തിനായി കലപ്പയെ ആയുധമായി ധരിച്ചവൻ ഹലധരൻ.

ഒമ്പതാമതായി ശ്രീബുദ്ധനായി അവതരിച്ച ഭഗവാനെ സ്തുതിക്കുന്നു—

ധൃതബുദ്ധശരീര—സ്വേച്ഛകൊണ്ടു് ധൃതമായ സ്വീകരിക്കപ്പെട്ട ശ്രീബുദ്ധന്റെ ശരീരത്തോടുകൂടിയുള്ളോവേ!

കേശവ—കേശവനായുള്ളോവേ!

ജഗദീശ—ജഗത്തിനെല്ലാം ഈശ്വരനായുള്ളോവേ!

സഹൃദയഹൃദയ—സഹൃദയന്മാരുടെ ഹൃദയത്തോടുകൂടിയുള്ളോവേ!

ത്വം—നിന്തിരുവടി

ദർശിതപശുഘാതം—ദർശിതമായ ഉപദേശിക്കപ്പെട്ട പശുഘാത
[ത്തോടു പശുവധത്തോടുകൂടിയ

യജ്ഞവിധേഃ—യാഗവിധിയെ സംബന്ധിച്ച

ശ്രുതിജാതം—ശ്രുതികളെ അതായതു് വേദവാക്യങ്ങളെ

നിന്ദസി—നിന്ദിക്കുന്നു.

അഹഹ—ആശ്ചര്യം.

ഹരേ—ഹരിയായുള്ളോവേ!

ജയ—നിന്തിരുവടി ജയിച്ചാലും.

ശ്രീബുദ്ധനായി അവതരിച്ച നിന്തിരുവടി സഹൃദയന്മാരുടെ ഹൃദയമുള്ളവനായി, അതായതു് ജീവകാരുണ്യമുള്ളവനായി യാഗങ്ങളിൽ പശുക്കളെ വധിക്കേണ്ടതായി വിധിക്കുന്ന വേദവാക്യങ്ങളെ നിന്ദിക്കുന്നു. ആശ്ചര്യം. ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

പശുഹിംസയുള്ള യാഗാദികർമ്മങ്ങളെ അനുഷ്ഠിക്കുന്നതിനേക്കാൾ ജീവകാരുണ്യം അഹിംസ സത്യം അസ്തേയം പരോപകാരം മുതലായവകളാൽ മോക്ഷം ഉണ്ടാകും, ഹിംസാപ്രധാനങ്ങളായ യാഗാദികർമ്മങ്ങൾ നടത്തണമെന്നു വിധിക്കുന്ന വേദവാക്യങ്ങൾക്കു് പ്രാമാണ്യമില്ല, എന്നിത്യാദിതത്വങ്ങളെ ലോകർക്കു ഉപദേശിക്കുവാനാണല്ലോ ഭഗവാൻ ശ്രീബുദ്ധനായി അവതരിച്ചിരിക്കുന്നതു്. ശ്രുതിജാതം—വേദവാക്യസമൂഹം എന്നർത്ഥം. അഹഹ—കഷ്ടം എന്നർത്ഥം. വേദംപോലും പശുമാരണത്തെ ഉപദേശിക്കുന്നു എന്നുള്ളതു കഷ്ടമെന്നർത്ഥം. ബുദ്ധനായി അവതരിച്ചു വേദത്തെ നിന്ദിക്കുന്ന ഭഗവാൻ എങ്ങനെ സ്തുത്യർഹൻ എന്നു ശങ്കിച്ചാൽ അതിനു സമാധാനമാകുന്നു 'നിന്ദസി' ഇത്യാദിവാക്യം. പശുമാരണത്തെ വിധിക്കുന്ന വേദവാക്യങ്ങളെ മാത്രം നിന്ദിക്കുന്നു എന്നല്ലാതെ എല്ലാവേദഭാഗത്തേയുമല്ല എന്നു സാരം. 'സഹൃദയഹൃദയ' എന്ന സംബോധനത്തിൽ നിന്ദയ്ക്കുകാരണം സൂചിപ്പിച്ചിരിക്കുന്നു. ദയ കാരുണ്യം, അതോടുകൂടിയ ഹൃദയത്തോടുകൂടിയുള്ളോവേ എന്നർത്ഥം. ഹിംസയിൽ തത്പരരായി ജനങ്ങളെ കണ്ടിട്ടു ഹിംസയുള്ള യാഗാദികൾ മോക്ഷവിരോധികളാകുന്നു; മോക്ഷസാധനമായ

THE KOTTAYAM PUBLIC LIBRARY KOTTAYAM TRAVANCORE

നിവൃത്തിമാർഗ്ഗം അഹിംസാദികളാകുന്നു; എന്നിങ്ങനെ ഉപദേശിച്ചു ജനങ്ങളുടെ സമ്മോഹത്തെ മാററുവാനായിട്ടാണ് നിന്തിരുവടിയുടെ ഈ ബുദ്ധാവതാരസ്വീകാരം എന്നു താത്പര്യം.

പത്താമതായി കല്ക്കിയായി അവതരിച്ച ഭഗവാനെ സ്തുതിക്കുന്നു—

ധൃതകല്ക്കിശരീര—സ്വേച്ഛകൊണ്ടു ധൃതമായ സ്വീകരിക്കപ്പെട്ട [കല്ക്കിയോടു കല്ക്കിശരീരത്തോടുകൂടിയുള്ളോവേ!

കേശവ—കേശവനായുള്ളോവേ!

ജഗദീശ—ജഗത്തിന്റെ എല്ലാം ഈശ്വരനായുള്ളോവേ!

(ത്വം—നിന്തിരുവടി)

മ്ലേച്ഛനിവഹനിധനേ—മ്ലേച്ഛന്മാരുടെ നിവഹത്തിന്റെ [സമൂഹത്തിന്റെ നിധനത്തിങ്കൽ വധത്തിങ്കൽ

ധൂമകേതും, ഇവ—ധൂമകേതു എന്ന ഉത്പാതസൂചകമായ [ഗ്രഹവിശേഷംപോലെ

കരാളം—വളരെ ഭയങ്കരമായ

കിമപി, കരവാളം—ഒരു വാളിനെ

കലയസി—ധരിക്കുന്നു.

ഹരേ—ഹരിയായുള്ളോവേ!

ജയ—നിന്തിരുവടി ജയിച്ചാലും.

കല്ക്കിയായി അവതരിച്ച ഭഗവാനേ! നിന്തിരുവടി മ്ലേച്ഛകുലത്തെ നശിപ്പിക്കുവാനായി ധൂമകേതു എന്ന ഉത്പാതനക്ഷത്രംപോലെ വളരെ ഭയങ്കരമായ വാളിനെ ധരിക്കുന്നു. ഹരിയായുള്ളോവേ! ജഗദീശനായുള്ളോവേ! കേശവനായുള്ളോവേ! നിന്തിരുവടിജയിച്ചാലും.

ധൂമകേതു—ഉത്പാതസൂചകമായ നക്ഷത്രവിശേഷം. അല്ലെങ്കിൽ യാതൊന്നിന്റെ ധൂമം പുക കേതുവോ ചിഹ്നമോ അതു ധൂമകേതു. വഹ്നിഎന്നർത്ഥം. ഉത്പാതകാലത്തിൽ അതായതു വിനാശകാലത്തിൽ ധൂമകേതു ഉദിക്കുന്നതായി പ്രസിദ്ധിയുണ്ടു. ധൂമകേതുവിനു തുല്യമായ വാളിനെ മ്ലേച്ഛന്മാരുടെ വിനാശകാലത്തിൽ നിന്തിരുവടി ധരിക്കുന്നു എന്നു താത്പര്യം. വാളിന്റെ ശോഭ ധൂമകേതുവിന്റെ (ഗ്രഹത്തിന്റെ) പോലെ നീലഭാസ്വരമായതിനാൽ സാദൃശ്യം. ഭഗവാൻ കാരുണ്യമൂർത്തിയായി ശ്രീബുദ്ധരൂപത്തിൽ അവതരിച്ചതായി മുമ്പു പ്രസ്താവിച്ചു. അപ്രകാരമുള്ള ഭഗവാൻ പ്രാണിവധനിരതനായിത്തീർന്നതു വിരുദ്ധമല്ലയോ എന്നു പ്രതിപാദിക്കുന്നു 'മ്ലേച്ഛനിവഹ' എന്നിത്യാദിപദം. യുദ്ധത്തിങ്കൽ ഉദിച്ച ധൂമകേതുസദൃശമായ ആ വാളിന്നു

കണ്ട ഉടൻതന്നെ മ്ളേച്ഛന്മാൎക്ക് നാശംഭവിക്കുന്നു. എന്നിങ്ങനെയും വാളിന്ന് ധൂമകേതുസാമ്യം പറയാം. ഉദിച്ചുപൊങ്ങിയ ധൂമകേതുവിനെ കാണുന്ന പ്രാണികൾക്ക് ആപത്തു ഉണ്ടാകും. എന്നു ജ്യോതിശ്ശാസ്ത്രത്തിൽ പ്രസിദ്ധിയുണ്ട്. വാൾ നീലമായതിനാൽ പുകയോടും വാളിന്റെ പിടി സുവൎണ്ണമയമായതിനാൽ അഗ്നിയോടും സാമ്യം വഹിക്കുന്നു. ധൂമകേതുവിനെ വാൽനക്ഷത്രം എന്നു പറയാറുണ്ട്. മ്ളേച്ഛൻ—നീചൻ.

"ഗോമാംസഖാദകോ യസ്തു വിരുദ്ധം ബഹു ഭാഷതേ
സർവാചാരവിഹീനശ്ച മ്ളേച്ഛ ഇത്യഭിധീയതേ"

'ഗോമാംസം ഭക്ഷിക്കുന്നവനും ഏതു വ്യവഹാരത്തിലും കുതൎക്കം പറയുന്നവനും യാതൊരു ആചാരവും ഇല്ലാത്തവനും ആയുള്ളവൻ മ്ളേച്ഛൻ എന്നു പറയപ്പെടുന്നു.' എന്നിങ്ങനെ മ്ളേച്ഛലക്ഷണം ബോധായനനാൽ പറയപ്പെട്ടിരിക്കുന്നു.

പതിനൊന്നാമതായി, കവി, ഇവ്വണ്ണം പത്തുവിധത്തിൽ ക്രീഡാൎത്ഥമായി അവതരിച്ചു ലോകഹിതംചെയ്ത ഭഗവാൻ ശ്രീകൃഷ്ണപരമാത്മാവ് ഈ കാവ്യപ്രബന്ധത്തെ ശ്രവിച്ചു സന്തുഷ്ടനായി അനുഗ്രഹിക്കേണമെന്നു ഉപസംഹരിക്കുന്നു—

ധൃതദശവിധരൂപ—സ്വേച്ഛകൊണ്ടു ധൃതമായ സ്വീകരിക്കപ്പെട്ട ദശവിധമായ പത്തുപ്രകാരത്തിലുള്ള രൂപത്തോടു ശരീരത്തോടു കൂടിയുള്ളോവേ!

കേശവ—കേശവനായുള്ളോവേ!
ജഗദീശ—ജഗത്തിന്നു എല്ലാം ഈശനായുള്ളോവേ!
(ത്വം—നിന്തിരുവടി)
ശ്രീജയദേവകവേഃ—ജയദേവകവിയായ എന്റെ
ഉദാരം—എളുപ്പത്തിൽ പദാൎത്ഥത്തെ മനസ്സിലാക്കിത്തരുന്നതും
ഭവസാരം—ഭവത്തിൽ സംസാരത്തിൽ സാരമും കാൎയ്യമായിട്ടുള്ളതും
സുഖദം—ആനന്ദത്തെ നല്കുന്നതും
ശുഭദം—നന്മയെ ഉണ്ടാക്കുന്നതും ആയ
ഇദം, ഉദിതം—ഈ സ്തോത്രരൂപമായ ഭാഷിതത്തെ
ശൃണു—ശ്രവിച്ചാലും കേട്ടാലും.
ഹരേ—ഹരിയായുള്ളോവേ!
ജയ—നിന്തിരുവടി ജയിച്ചാലും.

അല്ലയോ പത്തുവിധമായുള്ള അവതാരരൂപങ്ങളെ ധരിച്ചവനായുള്ളോവേ! നിന്തിരുവടിയുടെ ഭക്തനായ ജയദേവകവിയുടെ മാഹാത്മ്യമേറിയതും മംഗലപ്രദവും സുഖപ്രദവും സംസാരികൾക്ക അത്യുത്തമവും ആയ ഈ ഭാഷിതത്തെ ശ്രവിച്ചു അനുഗ്രഹിച്ചാലും. ഹരിയായുള്ളോവേ! കേശവനായുള്ളോവേ! ജഗദീശനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

പരമഭാഗവതോത്തമനായ ജയദേവകവിയുടെ ഈ കാവ്യപ്രബന്ധത്തെ പഠിച്ചു കേൾക്കുന്നവൎക്കെല്ലാം ആനന്ദവും നന്മയും ഉണ്ടാകും എന്നൎത്ഥം. അതിനു അനുഗുണമായി ആദ്യത്തെ രണ്ടു വരിയെ പ്രത്യേകമായി തിരിച്ച് 'അല്ലയോ ലോകമേ! ഇവ്വണ്ണമുള്ള ഈ സ്തോത്രത്തെ ശ്രവിച്ചു നന്മയെ പ്രാപിച്ചാലും' എന്നു മററുള്ളവരെ ശ്രവിപ്പിക്കുവാനായിക്കൂടി ഉദ്ദേശിച്ചിരിക്കുന്നതായി വ്യാഖ്യാനിക്കാം. കൃഷ്ണകീൎത്തനമായതിനാൽ മംഗലപ്രദം. ശൃണു—'എൻെറ ഭക്തനായ ജയദേവൻ എന്നെത്തന്നെ ശരണംപ്രാപിച്ചവനായി സ്തുതിക്കുന്നു' എന്നുള്ളതിനെ, നിന്തിരുവടി ഉണൎന്നാലും എന്നൎത്ഥം. ഭവസാരം—സംസാരദുഃഖത്തെ നശിപ്പിക്കുന്ന കാരണങ്ങളിൽ വച്ചു സാരം ഏററവും പ്രധാനമായ കാരണം എന്നൎത്ഥം. നിർവ്വതിയെ ഉണ്ടാക്കുന്നതിനാൽ സുഖദം. അമംഗളങ്ങളെ നശിപ്പിക്കുന്നതിനാലും ശുഭദം. ഗീതാവസാനത്തിൽ കവിയുടെ നാമമുദ്രകാണുന്നതു സമ്പ്രദായസിദ്ധമായ ആചാരമാകുന്നു.

(ശ്ലോകം)

വേദാനുദ്ധരതേ ജഗന്നിവഹതേ ഭൂഗോളമുദ്ബിഭ്രതേ
ദൈത്യാൻ ദാരയതേ ബലിം ഛലയതേ ക്ഷത്രക്ഷയം കുൎവ്വതേ
പൗലസ്ത്യം ജയതേ ഹലം കലയതേ കാരുണ്യമാതന്വതേ
മ്ലേച്ഛാൻ മൂർഛയതേ ദശാകൃതികൃതേ കൃഷ്ണായ തുഭ്യം നമഃ

ഭാഷ

വേദംവീണ്ടുദ്ധരിച്ചു ഭുവനമഥ ഭുവം നീരിൽനിന്നുദ്ധരിച്ചു
ഭേദിച്ചു ദൈത്യരാജം ബലിമരുണദഹോ ബാഹുജാൻ
[കൊന്നൊടുക്കി
രക്ഷോരാജം വധിച്ചു വരമുസലമെടുത്തു ഭവാൻ ബുദ്ധനായി
രക്ഷാർത്ഥം കല്ക്കിയാംപോലിനി ദശവപുഷം കൃഷ്ണ! വന്ദേ
[ഭവന്തമ്

വേദാൻ—വേദങ്ങളെ

ഉദ്ധരതേ—(മീനരൂപമായി അവതരിച്ചു) ഉദ്ധരണം ചെയ്യുന്ന
[വനും

ജഗത്—ഭുവനത്തെ
നിവഹതേ—(കച്ഛപരൂപമായി അവതരിച്ചു) ധരിക്കുന്നവനും
ഭൂഗോളം—ഭൂമണ്ഡലത്തെ
ഉദ്ബിഭ്രതേ—(വരാഹമായി അവതരിച്ചു) പൊക്കി ധരിക്കുന്ന [വനും
ദൈത്യാൻ—രാക്ഷസന്മാരെ
ദാരയതേ—(നൃസിംഹമായി അവതരിച്ചു) പിളക്കുന്നവനും
ബലിം—മഹാബലിചക്രവത്തിയെ
ഛലയതേ—(വാമനനായി അവതരിച്ചു) വഞ്ചിക്കുന്നവനും
ക്ഷത്രക്ഷയം—ക്ഷത്രിയ വംശനാശത്തെ
കർവതേ—(പരശുരാമനായി അവതരിച്ചു) ചെയ്യുന്നവനും
പൗലസ്ത്യം—രാവണനെ
ജയതേ—(ശ്രീരാമനായി അവതരിച്ചു്) ജയിക്കുന്നവനും
ഹലം—കലപ്പയെ
കലയതേ—(ബലഭദ്രനായി അവതരിച്ചു് ദുഷ്ടന്മാരെ നിഗ്രഹിക്കു വാനുള്ള ആയുധമായി, സ്വീകരിച്ചിരിക്കുന്നവനും
കാരുണ്യം—കൃപയെ
ആതന്വതേ—(ശ്രീബുദ്ധനായിഅവതരിച്ചു ലോകത്തിൽ)പ്രചരി [പ്പിക്കുന്നവനും
മ്ലേച്ഛാൻ—മ്ലേച്ഛന്മാരായ നീചന്മാരെ
മൂർഛയതേ—(കല്ക്കിരൂപത്തിൽ അവതരിച്ചു)നശിപ്പിക്കുന്നവനും
ദശാകൃതികൃതേ—ഇവ്വണ്ണം പത്തുവിധമായ അവതാരത്തെ സ്വീ [കരിച്ചിരിക്കുന്ന
കൃഷ്ണായ, തുഭ്യം-ശ്രീകൃഷ്ണപരമാത്മാവായ നിന്തിരുവടിക്കായ്ക്കൊണ്ടു
നമഃ—നമസ്കാരം.

മീനമായി അവതരിച്ചു വേദങ്ങളെ ഉദ്ധരിക്കുന്നവനും, കൂമ്മമായി അവതരിച്ചു ഭുവനത്തെ ധരിക്കുന്നവനും, വരാഹമായി അവതരിച്ചു ഭൂമണ്ഡലത്തെ ഉദ്ധരിക്കുന്നവനും, നൃസിംഹമായി അവതരിച്ചു് ദൈത്യനെ പിളന്നുകൊല്ലുന്നവനും, വാമനനായി അവതരിച്ചു മഹാബലിചക്രവത്തിയെ ചതിക്കുന്നവനും, പരശുരാമനായി അവതരിച്ചു് ക്ഷത്രിയ വംശത്തെ നശിപ്പിക്കുന്നവനും, ശ്രീരാമനായി അവതരിച്ചു രാവണനെ ജയിക്കുന്നവനും, ബലരാമനായി അവതരിച്ചു കലപ്പയെ ആയുധമായി ധരിയ്ക്കുന്നവനും ബുദ്ധനായി അവതരിച്ചു കാരുണ്യത്തെ (ഭൂതദയയെ) ലോകത്തിൽ പ്രചരിപ്പിക്കുന്നവനും, കല്ക്കിയായിഅവതരിച്ചു് മ്ലേച്ഛന്മാരെ നിഗ്രഹിക്കുന്നവനും, ഇങ്ങനെ പത്തുവിധമായുള്ള അവതാരങ്ങളെ

ല്ലാം നിന്തിരുവടി ഒരാൾതന്നെ. അവ്വണ്ണം പരിപൂർണ്ണസ്വരൂപിയും ശ്രീകൃഷ്ണപരമാത്മാവും ആയ നിന്തിരുവടിക്കു നമസ്കാരം.

അംശാവതാരം ഓരോന്നിനേയും പ്രത്യേകമായി സ്തുതിച്ചിട്ടു ഈ ശ്ലോകത്തിൽ എല്ലാ അവതാരങ്ങളും ശ്രീകൃഷ്ണഭഗവാങ്കൽ നിന്നു അഭിന്നങ്ങളാണെന്നു പ്രതിപാദിക്കുവാനായി പത്തവതാരങ്ങളേയുംഒന്നിച്ചു ചേൎത്തു വർണ്ണിച്ചു ഭഗവാനെ സ്തുതിച്ചു വന്ദിക്കുന്നു. വെറും ഗോപാലനല്ല, ഇവ്വണ്ണമെല്ലാം അവതരിക്കുവാൻ ശക്തിസാമർത്ഥ്യങ്ങൾ തികഞ്ഞ ഭഗവാനാകുന്നു നിന്തിരുവടി എന്നർത്ഥം. അവ്വണ്ണം മീനാദിരൂപത്തിൽ പത്തു വിധമായി അവതരിച്ച നിന്തിരുവടിക്കായ്ക്കൊണ്ടു നമസ്കാരം എന്നു സാരം. 'പ്രളയപയോധി'എന്നുതുടങ്ങിയുള്ളപതിനൊന്നു പദ്യങ്ങളും 'കീൎത്തിധവളം' എന്ന ഛന്ദസ്സിൽ രചിക്കപ്പെട്ടവയാകുന്നു.

'ദശാവതാരകീർത്തനധവളം' എന്ന ഒന്നാംപ്രബന്ധം സമാപ്തമായി.

## അഷ്ടപദി ൨.

ഗൂർജരിരാഗേണ ഗീയതേ അടതാളേന വാദ്യതേ.

൧. ശ്രിതകമലാകുചമണ്ഡല! ധൃതകുണ്ഡല!
കലിതലലിതവനമാല! ജയ ജയ ദേവ! ഹരേ!

൨. ദിനമണിമണ്ഡലമണ്ഡന! ഭവഖണ്ഡന!
മുനിജനമാനസഹംസ! ജയ ജയ ദേവ! ഹരേ!

൩. കാലിയവിഷധരഗഞ്ജന! ജനരഞ്ജന!
യദുകുലനലിനദിനേശ! ജയ ജയ ദേവ! ഹരേ!

൪. മധുമുരനരകവിനാശന! ഗരുഡാസന!
സുരകുലകേലിനിദാന! ജയ ജയ ദേവ! ഹരേ!

൫. അമലകമലദലലോചന! ഭവമോചന!
ത്രിഭുവനഭവനനിദാന! ജയ ജയ ദേവ! ഹരേ!

൬. ജനകസുതാകൃതഭൂഷണ! ജിതദൂഷണ!
സമരശമിതദശകണ്ഠ! ജയ ജയ ദേവ! ഹരേ!

൭. അഭിനവജലധരസുന്ദര! ധൃതമന്ദര!
ശ്രീമുഖചന്ദ്രചകോര! ജയ ജയ ദേവ! ഹരേ!
൮. തവ ചരണേ പ്രണതാ വയമിതി ഭാവയ
കുരു കുശലം പ്രണതേഷു ജയ ജയ ദേവ! ഹരേ!
൯. ശ്രീജയദേവകവേരിദം കുരുതേ മുദം
മംഗളമുജ്ജ്വലഗീതി ജയ ജയ ദേവ! ഹരേ!

## ഭാഷ

രണ്ടാംഅഷ്ടപദി. ഗൂർജരീരാഗം അടതാളം.

൧. ശ്രീഭഗവതിയുടെ കുചയുഗം പുണരും വിഭോ!
ശോഭയേറും പദ്മനാഭ! ജയ ജയ ദേവ! ഹരേ!
൨. കനകകിരീടാദിശോഭയും ജിതദിനകര
ഘനകാളക പദ്മനാഭ! ജയ ജയ ദേവ! ഹരേ!
൩. കാളിയഫണിയുടെ ഫണംതോറും നടനംചെയ്തു
കേളിയാടിയ പദ്മനാഭ! ജയ ജയ ദേവ! ഹരേ!
൪. മുരനരകാദിവിനാശന! മുനിമാനദ!
മുരളീരത! പദ്മനാഭ! ജയ ജയ ദേവ! ഹരേ!
൫. ജനകസുതാശയരഞ്ജന! ജനിഭഞ്ജന!
ജലദനിഭ! പദ്മനാഭ! ജയ ജയ ദേവ! ഹരേ!
൬. കമലലോചന! ലോകപാവന! കലിവിമോചന!
കമലാകാമുക! പദ്മനാഭ! ജയ ജയ ദേവ! ഹരേ!
൭. ഹലധരസോദര! സുന്ദര! ധൃതമന്ദര!
രമിതേന്ദിര! പദ്മനാഭ! ജയ ജയ ദേവ! ഹരേ!
൮. ശ്രീജയദേവകൃതേരിയം പരിഭാഷ തേ
കുരുതാം മുദം പദ്മനാഭ! ജയ ജയ ദേവ! ഹരേ!

'ഹരിവിജയമംഗളാചാരം' എന്ന രണ്ടാംപ്രബന്ധം ആരംഭിക്കുന്നു. മുമ്പു് ക്രീഡകൾ ജയിക്കുന്നതായി പറഞ്ഞു. നായകനു ഉത്കർഷമില്ലാതെ ക്രീഡകൾ സംഭവിക്കുന്നില്ല. ആയതുകൊണ്ടു സമസ്തനായകചൂഡാമണിയായ ശ്രീകൃഷ്ണഭഗവാൻെറ ലോകോത്തരങ്ങളായ

ഗുണങ്ങളെ സ്വരൂപനിരൂപണത്തോടുകൂടി പ്രതിപാദിച്ചുകൊണ്ടു വർണ്ണനാവിഷയമായ ഭഗവാനെ മംഗളഗീതത്താൽ സ്തുതിക്കുന്നു. ഒന്നാമത്തെ പദം—

ശ്രിതകമലാകുചമണ്ഡല—ശ്രിതമായ ആശ്രയിക്കപ്പെട്ട കമലയുടെ ശ്രീഭഗവതിയുടെ കുചമണ്ഡലത്തോടു തടിച്ചു ശിഖരംപോ[ലെ ഉരുണ്ടിരിക്കുന്ന മുലകളോടുകൂടിയുള്ളോരവേ!

ധൃതകുണ്ഡല—ധൃതമായ ധരിക്കപ്പെട്ട കുണ്ഡലങ്ങളോടു കർണ്ണാ[ഭരണങ്ങളോടുകൂടിയുള്ളോരവേ!

കലിതലലിതവനമാല—കലിതമായ ധരിക്കപ്പെട്ട ലലിതമായ മനോഹരമായ വനമാലയോടു കാലുവരെ തൂങ്ങിക്കിടക്കുന്ന പുഷ്പമാല[യോടുകൂടിയുള്ളോരവേ!

ദേവ—ദേവനായുള്ളോരവേ!

ഹരേ – ഹരിയായുള്ളോരവേ!

ജയ, ജയ—നിന്തിരുവടി ജയിച്ചാലും ജയിച്ചാലും.

അല്ലയോ ലക്ഷ്മീദേവിയുടെ കുചമണ്ഡലത്തെ പുണരുന്നവനായുള്ളോരവേ! കാതിൽ കുണ്ഡലങ്ങളേയും മാർവ്വിടത്തിൽ മനോഹരമായ വനമാലയേയും ധരിച്ചുള്ളോരവേ! ദേവനായുള്ളോരവേ! ഹരിയായുള്ളോരവേ! നിന്തിരുവടി ജയിച്ചാലും.

പ്രകാശിക്കുന്നവൻ ദേവൻ. മുലകളെ പുണരുന്നതിനാൽ നിന്തിരുവടി ലക്ഷ്മീദേവിക്കു പ്രിയനാകുന്നു. വനമാല—ഇലകളും പൂക്കളും ഇടകലർത്തിയുണ്ടാക്കിയ മാല. അല്ലെങ്കിൽ വനം ജലം അതിൻെറ നനവുള്ളമാല എന്നർത്ഥം. വിശേഷണങ്ങളെല്ലാംഭഗവാൻ സേവ്യനെന്നുസൂചിപ്പിക്കുന്നു. രണ്ടാമത്തെ ജയശബ്ദത്തോടു ദേവശബ്ദത്തെ ചേർത്ത് പറിച്ചാൽ കവിയുടെ പേരാകും. കവി ശ്രീകൃഷ്ണസായൂജ്യം പ്രാപിച്ചു ശ്രീകൃഷ്ണനിൽനിന്നു അഭിന്നനായി പദം പാടി അഭിനയിക്കുന്നതായിട്ടാണു സങ്കല്പം. 'ജയ ജയ' എന്ന ആവൃത്തി ആദരവിനെ സൂചിപ്പിക്കുന്നു. എട്ടാമത്തെ സംസ്കൃതപദത്തിനു ഭാഷ കാണുന്നില്ല.

രണ്ടാമത്തെ പദം—

ദിനമണിമണ്ഡലമണ്ഡന—ദിനമണിയുടെ സൂര്യൻെറ മണ്ഡല[ത്തിനു മണ്ഡനമായി അലങ്കാരമായുള്ളോരവേ!

ഭവഖണ്ഡന— ഭവത്തെ സംസാര(ദുഃഖ)ത്തെ ഖണ്ഡിക്കുന്ന[വനേ ഇല്ലായ്മചെയ്യുന്നവനായുള്ളോരവേ!

മുനിജനമാനസഹംസ—മുനിജനങ്ങളുടെ മുനിമാരുടെ മാനസങ്ങളാകുന്ന ചിത്തങ്ങളാകുന്ന മാനസം മാനസസരസ്സ് അതിൽ കുളി [ക്കുന്ന ഹംസപക്ഷിപോലെയുള്ളോവേ!

ദേവ—ദേവനായുള്ളോവേ!

ഹരേ—ഹരിയായുള്ളോവേ

ജയ, ജയ—നിന്തിരുവടി ജയിച്ചാലും ജയിച്ചാലും.

സവിതൃമണ്ഡലമധ്യവൎത്തിയായിരുന്ന സവിതൃമണ്ഡലത്തിനു ഭൂഷണമായുള്ളോവേ! സംസാരതാപത്തെ നശിപ്പിക്കുന്നവനായുള്ളോവേ! മുനിമാരുടെ ഹൃദയമാകുന്ന മാനസതടാകത്തിൽ വിഹരിക്കുന്ന ഹംസമായുള്ളോവേ! ദേവനായുള്ളോവേ! ഹരിയായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

മുനികളുടെ മാനസത്തിൽ ധ്യേയനായിരിക്കുന്നതിനാൽ നിന്തിരുവടി ഹംസം പരബ്രഹ്മം എന്നൎത്ഥം. മാനസസ്സരസ്സ് ഹംസപക്ഷികളുടെ നിവാസത്തിനും വിഹാരത്തിനും സ്ഥാനമാകുന്നു. ഭവത്തെ സംസാരത്തെ ഖണ്ഡിക്കുന്നവൻ പ്രളയകൎത്താവ് എന്നൎത്ഥം. സൂൎയ്യമണ്ഡലത്തിനു ഹാരരൂപമായ അലങ്കാരമായുള്ളോവേ എന്നൎത്ഥം.

മൂന്നാമത്തെ പദം—

കാളിയവിഷധരഗഞ്ജന—കാളിയൻ എന്ന വിഷധരനെ സൎപ്പ [ത്താനെ മൎദിച്ചവനായുള്ളോവേ (ആയത്തുകൊണ്ടു്)

ജനരഞ്ജന—ജനങ്ങളെ രഞ്ജിപ്പിക്കുന്നവനേ ആഹ്ലാദിപ്പിക്കുന്ന [വനായുള്ളോവേ!

യദുകുലനലിനദിനേശ—യദുക്കളുടെ യാദവന്മാരുടെ കുലമാകുന്ന വംശമാകുന്ന നളിനത്തെ താമരയെ വികസിപ്പിക്കുന്ന ദിനേശനായി സൂൎയ്യനായുള്ളോവേ!

ദേവ—ദേവനായുള്ളോവേ!

ഹരേ—ഹരിയായുള്ളോവേ!

ജയ, ജയ—നിന്തിരുവടി ജയിച്ചാലും ജയിച്ചാലും.

മഹാവിഷമുള്ള കളിയാനെന്ന സൎപ്പത്താനെ, ഓരാഫണത്തിലും കയറി നടനംചെയ്തു മൎദിച്ചവനായുള്ളോവേ! ജനങ്ങളെ രഞ്ജിപ്പിക്കുന്നവനായുള്ളോവേ! യാദവവംശത്തെ ആഹ്ലാദിപ്പിക്കുന്നവനായുള്ളോവേ! ദേവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

ബാലനായ ശ്രീകൃഷ്ണനാണല്ലോ കാളിയമൎദ്ദനം ചെയ്തതു്. ഓരോ വിശേഷണവും മേലുള്ളതിനു വിശേഷണമാകുന്നു. കുലം താമര

പോലെ അല്ലെങ്കിൽ കുലമാകുന്ന താമര എന്നു രണ്ടുവിധത്തിൽ വ്യാഖ്യാനിക്കാം. ജനങ്ങളെ മധുരമൊഴികളാൽ രഞ്ജിപ്പിക്കുന്നവൻ എന്നു മത്ഥം. നാലാമത്തെ പദം—

മധുമുരനരകവിനാശന—മധു മുരൻ നരകൻ എന്നീ അസുരന്മാരെ നശിപ്പിക്കുന്നവനായുള്ളോവേ! (ആയതുകൊണ്ടു്)

സുരകുലകേളിനിദാന—സുരകുലത്തിന്റെ ദേവസമൂഹത്തിന്റെ കേളികൾക്കു് ക്രീഡകൾക്കു് കാരണമായുള്ളോവേ!

ഗരുഡാസന—ഗരുഡനാകുന്ന ആസനത്തോടു വാഹനത്തോടു കൂടിയുള്ളോവേ!

ദേവ—ദേവനായുള്ളോവേ!

ഹരേ—ഹരിയായുള്ളോവേ!

ജയ, ജയ—നിന്തിരുവടി ജയിച്ചാലും.

മധു മുരൻ നരകൻ എന്നീ അസുരന്മാരെ വധിച്ചു ദേവപരിഷയ്ക്കു സന്തോഷത്തെ ജനിപ്പിച്ചവനും ഗരുഡവാഹനനും ആയുള്ളോവേ! ദേവനായുള്ളോവേ! ഹരിയായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

അഞ്ചാം പദം—

അമലകമലദളലോചന—അമലമായ നിർമ്മലമായ കമലദളം പോലെ താമരയിതൾപോലെയുള്ള ലോചനങ്ങളോടു കണ്ണുകളോടു കൂടിയുള്ളോവേ!

ഭവമോചന—ഭവത്തിൽ സംസാരത്തിൽ അകപ്പെട്ടിരിക്കുന്നവരെ മോചിപ്പിക്കുന്നവനായുള്ളോവേ!

ത്രിഭുവനഭവനനിദാന-ത്രിഭുവനത്തിന്റെ മൂന്നുലോകത്തിന്റെ ഭവനത്തിനു ഉത്പത്തിക്കു കാരണമായുള്ളോവേ!

ദേവ, ഹരേ—ദേവനായുള്ളോവേ!, ഹരിയായുള്ളോവേ!

ജയ, ജയ—നിന്തിരുവടി ജയിച്ചാലും.

താമരക്കണ്ണനായുള്ളോവേ! സംസാരദുഃഖത്തെ ഇല്ലായ്മചെയ്തു മുക്തിയെ നൾകുനവനായുള്ളോവേ! മൂന്നുലോകത്തിന്റെയും ഉത്പത്തിക്കു കാരണമായുള്ളോവേ! ഹരിയായുള്ളോവേ! ദേവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

ഭവപദത്തിനു പ്രളയം എന്നത്ഥം പറഞ്ഞാൽ ജഗത്തിനെ പ്രളയകാലത്തിൽ നശിപ്പിച്ചു മോചിപ്പിക്കുന്നവൻ എന്നത്ഥം. ഭവിക്കുന്നതു ഭവം ജന്മം എന്നത്ഥം. ഉത്പത്തി—സ്ഥിതി ലയം ഇവയെക്കൂടി ചേർത്തുകൊള്ളണം. 'നിധാന' എന്നും പാഠം. ത്രിഭുവനമാകുന്ന ഭവനം

ഗൃഹം, അതാകുന്ന നിധാനത്തോടു വാസസ്ഥാനത്തോടുകൂടിയുള്ളോവേ! എന്നർത്ഥം. അല്ലെങ്കിൽ ത്രിഭുവനഭവനത്തിൽ നിധാനമായി മഹാധനമായുള്ളോവേ എന്നർത്ഥം. ആറാംപദം—

ജനകസുതാകൃതഭൂഷണ—ജനകൻെറ സുതയായ പുത്രിയായ സീതയ്ക്കു കൃതമായ ചെയ്യപ്പെട്ട ഭൂഷണത്തോടു അലങ്കാരത്തോടുകൂടിയു[ള്ളോവേ!

ജിതദൂഷണ—ജിതനായ ജയിക്കപ്പെട്ട ദൂഷണൻ എന്ന രാക്ഷ[സനോടുകൂടിയുള്ളോവേ!

സമരശമിതദശകണ്ഠ—സമരത്തിൽ യുദ്ധത്തിൽ ശമിതനായ സംഹരിക്കപ്പെട്ട ദശകണ്ഠനോടു രാവണനോടുകൂടിയുള്ളോവേ!

ദേവ, ഹരേ—ദേവനായുള്ളോവേ!, ഹരിയായുള്ളോവേ!

ജയ, ജയ—നിന്തിരുവടി ജയിച്ചാലും.

സീതാദേവിക്കു് അലങ്കാരമായുള്ളോവേ! ദൂഷണൻ എന്ന രാക്ഷസനെ ജയിച്ചവനായുള്ളോവേ! യുദ്ധത്തിങ്കൽ രാവണനെ സംഹരിച്ചവനായുള്ളോവേ! ദേവനായുള്ളോവേ! ഹരിയായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

സീതാദേവിയ്ക്കു മകരികാപത്രാദികളായ അലങ്കാരങ്ങളെ ചെയ്യുന്നവനാണല്ലോ നിന്തിരുവടി. ഈ വിശേഷണം നായകനു സകലകലകളിലും നൈപുണ്യവും താരുണ്യവും ഉണ്ടെന്നു സൂചിപ്പിക്കുന്നു. 'ജനകസുതാകുചഭൂഷണ' എന്നും പാഠം. ദൂഷണൻ—ഒരു രാക്ഷസപ്രധാനി. ഖരൻ ദൂഷണൻ ത്രിശിരസ്സ് എന്നു മൂന്നു പേരാണല്ലോ രാവണൻെറ പ്രധാനികൾ. അല്ലെങ്കിൽ ജിതമായ തങ്കൽ ഇല്ലായ്മ ചെയ്യപ്പെട്ട ദൂഷണങ്ങളോടു ദോഷങ്ങളോടുകൂടിയവൻ. സീതയെ വനത്തിൽ ത്യജിച്ചു ലോകാപവാദമാകുന്ന ദൂഷണത്തെ പോക്കിയവനാണല്ലോ ശ്രീരാമൻ.

ഏഴാം പദം—

അഭിനവജലധരസുന്ദര—അഭിനവമായ പുത്തനായ ജലധരം[പോലെ കാർമേഘംപോലെ സുന്ദരനായുള്ളോവേ!

ധൃതമന്ദര—ധൃതമായ ധരിക്കപ്പെട്ട മന്ദരപർവതത്തോടുകൂടിയു[ള്ളോവേ!

ശ്രീമുഖചന്ദ്രചകോര—ശ്രീയുടെ ലക്ഷ്മീദേവിയുടെ മുഖമാ[കുന്ന ചന്ദ്രങ്കൽ ചകോരപക്ഷിയായുള്ളോവേ!

ദേവ, ഹരേ—ദേവനായുള്ളോവേ!, ഹരിയായുള്ളോവേ!

ജയ, ജയ—നിന്തിരുവടി ജയിച്ചാലും.

നീലമേഘശ്യാമളനായുള്ളോവേ! പാല്ക്കടലിനെ മഥനം ചെയ്ത പ്പോൾ മഥനദണ്ഡമായിരുന്ന മന്ദരപർവതത്തെ ധരിച്ചവനായു ള്ളോവേ! ലക്ഷ്മീദേവിയുടെ മുഖചന്ദ്രങ്കലുള്ള അധരാമൃതത്തെ പാനം ചെയ്യുന്നതിൽ തത്പരനായുള്ളോവേ! ദേവനായുള്ളോവേ! ഹരിയായു [ള്ളോവേ! നിന്തിരുവടി ജയിച്ചാലും.

ചകോരങ്ങൾ ചന്ദ്രികയെ പാനംചെയ്യുന്നതിൽ ഉത്സുകങ്ങളാ ണെന്നു കവിസമയപ്രസിദ്ധിയുണ്ട്. ഈ വിശേഷണം ഭഗവാൻ സുര തക്രീഡയിൽ നിപുണനാണെന്നു സൂചിപ്പിക്കുന്നു. അധരാമൃതപാന ത്തിൽ ഉത്സുകനായ ഭഗവാൻ ചന്ദ്രികാപാനത്തിൽ ഉത്സുകമായ ചകോരപക്ഷിയായി രൂപകമര്യാദയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

ഇപ്രകാരം കവി എല്ലാ നായകന്മാരിലും വച്ച് ഉത്കൃഷ്ടനായ ശ്രീകൃഷ്ണനെ സ്തുതിച്ചിട്ട സകലഭക്തന്മാരുടെയും തന്റെയും അഭീ ഷ്ടത്തെ പ്രാർത്ഥിക്കുന്നവനായി എട്ടാമത്തെ പദത്തെ അവതരിപ്പി ക്കുന്നു—

ദേവ—ദേവനായുള്ളോവേ!

വയം—ഞങ്ങൾ

തവ, ചരണേ—നിന്തിരുവടിയുടെ കാലിൽ

പ്രണതാഃ—പ്രണമിച്ചവരായി ശരണം പ്രാപിച്ചു നമസ്കരിച്ചു [വരായി ഇരിക്കുന്നു.

ഇതി, ഭാവയ—എന്നുള്ളതിനെ ഭാവനചെയ്താലും ഉണർന്നാലും.

പ്രണതേഷു—പ്രണതന്മാരായ ശരണം പ്രാപിച്ചവരായ ഞങ്ങ [ളിൽ

കുശലം—നന്മയെ (വിഘ്നമില്ലായ്മയെ)

കുരു—നിന്തിരുവടി ചെയ്താലും.

ഹരേ—ഹരിയായുള്ളോവേ!

ജയ, ജയ—നിന്തിരുവടി ജയിച്ചാലും.

ദേവനായുള്ളോവേ! അഗതികളും ഭക്തന്മാരും ആയ ഞങ്ങൾ നിന്തിരുവടിയെത്തന്നെ ശരണം പ്രാപിച്ചിരിക്കുന്നു. അപ്രകാരമുള്ള ഞങ്ങ ൾക്കു നിന്തിരുവടി മംഗളത്തെ ചെയ്താലും. ഹരിയായുള്ളോവേ! നിന്തിരു വടി ജയിച്ചാലും.

എട്ടാമത്തെ പദം ചില ഗ്രന്ഥങ്ങളിൽ കാണുന്നില്ല. ഒമ്പതാമ ത്തെ പദം—

ഹരേ—ഹരിയായുള്ളോവേ!

ശ്രീജയദേവകവേഃ—ശ്രീജയദേവകവിയുടെ

ഉജ്ജ്വലഗീതി—മനോഹരമായ ഗീതത്തോടു ഗാനത്തോടുകൂടിയ

ഇദം, മംഗളം—ഈ മംഗലം എന്ന ഗീതം

തേ, മുദം—നിന്തിരുവടിയ്ക്കു പ്രീതിയെ

കുരുതേ—ചെയ്യുന്നു (ചെയ്യും).

ദേവ—ദേവനായുള്ളോവേ!

ജയ, ജയ—നിന്തിരുവടി ജയിച്ചാലും.

ദേവനായുള്ളോവേ! ശ്രീജയദേവകവിയുടെ കൃതിയായ ഈ മനോഹരഗീതം നിന്തിരുവടിയുടെ പ്രീതിയ്ക്കായി ഭവിയ്ക്കട്ടെ. ദേവനായുള്ളോവേ! നിന്തിരുവടി ജയിച്ചാലും.

'കുരു, തേ' എന്നിങ്ങനെ രണ്ടു വാക്കായി പിരിച്ചാൽ എന്റെ ഈ ഗീതം, തേ—നിന്തിരുവടിയ്ക്കാണ്. മുദം, കുരു—നിന്തിരുവടി സന്തുഷ്ടനായി ഭവിച്ചാലും' എന്നുമർത്ഥം. അല്ലെങ്കിൽ ഈ മംഗലഗാനം ജയദേവനു പ്രീതിയെ ചെയ്യുന്നതായും അന്വയിപ്പിക്കാം. അല്ലെങ്കിൽ ഈ ഗീതം ഗാനം ചെയ്യുന്നവർക്കു സന്തോഷത്തെ നല്കുന്നു എന്നുമർത്ഥം. 'നിന്തിരുവടിയെ സംബന്ധിച്ച ഈ ഗീതത്തെ ഗാനം ചെയ്യുന്നവരോടും ശ്രവിക്കുന്നവരോടും നിന്തിരുവടി സന്തുഷ്ടനായി ഭവിച്ചാലും' എന്നു മർത്ഥം. ഉജ്ജ്വലം—ഗീതത്തിനുവേണ്ട ഗുണങ്ങളെല്ലാം തികഞ്ഞു ശോഭിക്കുന്നതു്. 'ശ്രിതകമലാകുച' എന്നു തുടങ്ങിയുള്ള പദങ്ങൾ 'മംഗളം' എന്ന ഛന്ദസ്സിൽ രചിക്കപ്പെട്ടവയാകുന്നു.

'ഹരിവിജയമംഗളാചാരം' എന്ന രണ്ടാമത്തെ പ്രബന്ധം സമാപ്തമായി.

(ശ്ലോകം)

പദ്മാപയോധരതടീപരിരംഭലഗ്ന-
കാശ്മീരമുദ്രിതമുരോ മധുസൂദനസ്യ
വ്യക്താനുരാഗമിവ ഖേലദനംഗഖേദ-
സ്വേദാംബുപൂരമനുപൂരയതു പ്രിയം വഃ ൩

മധുസൂദനസ്യ—മധു എന്ന അസുരനെ സംഹരിച്ച ഭഗവാന്റെ പദ്മാപയോധരതടീപരിരംഭലഗ്നകാശ്മീരമുദ്രിതം—പദ്മയുടെ ശ്രീഭഗവതിയുടെ പയോധരതടി മുലത്തടം, അതുകളിൽ പരിരംഭം ആലിംഗനം, അതിനാൽ ലഗ്നമായ പററിപ്പോയ കാശ്മീരത്താൽ കുങ്കുമത്താൽ മുദ്രിതവും ഉണ്ടായ മുദ്രയോടു അടയാളത്തോടുകൂടിയതും

വ്യക്താനുരാഗം, ഇവ—(ആയതുകൊണ്ടു) വ്യക്തമായ സ്പഷ്ട
[മായ അനുരാഗത്തോടു കാമത്തോടു കൂടിയതുപോലെയുള്ളതും

ഖേലദനംഗഖേദസ്വേദാംബുപൂരം—ഖേലനായ ക്രീഡകൾ ചെ
യ്യുന്നവനായ അനംഗനിൽ മന്മഥനിൽ യാതൊരു ഖേദം ആയാസം
ഉണ്ടോ, അതുകൊണ്ടുണ്ടായ സ്വേദാംബു വിയർപ്പുവെള്ളം അതിന്റെ
[പൂരത്തോടു പ്രവാഹത്തോടു കൂടിയതും ആയ

ഉരഃ—തിരുമാറിടം

വഃ, പ്രിയം—നിങ്ങളുടെ അഭീഷ്ടത്തെ

അനുപൂരയതു—സമ്പൂർണ്ണമാക്കിച്ചെയ്യട്ടെ.

ലക്ഷ്മീദേവിയുടെ മുലത്തടത്തെ പുണന്നതിനാൽ അതിലുള്ള കുങ്കുമം പതിഞ്ഞിരിക്കുന്നതും, ആയതുകൊണ്ടു അകത്തുള്ള അനുരാഗത്തിന്റെ സ്പഷ്ടമായ അടയാളമായി തോന്നുമാറുള്ളതും, കാമക്രീഡ ചെയ്തുള്ള ആയാസത്താൽ ഉണ്ടായ വിയർപ്പുവെള്ളത്തോടുകൂടിയതും, ആയ മധുസൂദനനായ നിന്തിരുവടിയുടെ തിരുമാറിടം നിങ്ങൾക്കു അഭീഷ്ടത്തെ നൽകട്ടെ.

സ്തനങ്ങളിൽ അലങ്കാരമായി കുങ്കുമം ചാർത്തുക പതിവാണു്. പയോധരതടീ എന്നു പറഞ്ഞതിനാൽ തുക്കായ മലയോടു സാമ്യം മുലകൾക്കു സിദ്ധിക്കുന്നു. മുലകളുടെ ശിഖരങ്ങളിൽ ഞെക്കുകൊള്ളുമാറുള്ള ആലിംഗനത്താൽ സ്തനകുങ്കുമം തിരുമാറിടത്തിൽ മുദ്രവച്ചതുപോലെ പതിഞ്ഞു. ആ മുദ്ര കൃഷ്ണന്റെ അനുരാഗത്തിന്റെ ബാഹ്യമായ അടയാളമായി ഉൽപ്രേക്ഷിക്കപ്പെട്ടു. 'മധുസൂദനഹൃദയം എന്റെതാണു്, മററാരുടേതുമല്ല, ആയതുകൊണ്ടു് ഇവനു അന്യസ്ത്രീകളിൽ അനുരാഗം ഭവിക്കരുതു്' എന്നു കരുതി ശ്രീഭഗവതി കൊടുത്ത മുദ്രയാണു് അതു്. അല്ലെങ്കിൽ ഇതു കുങ്കുമം അല്ല, പിന്നയൊ ഹൃദയത്തിലുള്ള അനുരാഗം അകത്തു അടങ്ങാതെ വെളിയിലുവന്നതാണു്. അതായതു അനുരാഗം കുങ്കുമരാഗവ്യാജത്താൽ വെളിയിലുവന്നു. ചുമപ്പായ കുങ്കുമം രജോഗുണാംശമാകുന്നു. അനുരാഗത്തെ ചുമപ്പായി വർണ്ണിക്കുക പതിവാണു്. കുങ്കുമം വിയർപ്പിനോടു കലന്നു മുദ്രായോഗ്യമായിത്തീർന്നു. അനുരാഗം വർദ്ധിച്ചു കുങ്കുമമുദ്രാരൂപേണ വെളിയിൽ കാണുന്നു. മധുസൂദനൻ തന്റെ പരമപ്രീതിയ്ക്കു ആസ്പദമായ മുലകളെ പുണർന്നതിനാൽ സ്പഷ്ടമായ അനുരാഗമായി ഭവിച്ച കുങ്കുമത്തോടുകൂടിയവനായി പ്രീതനായിത്തീർന്നതിനാൽ ഭക്താഭീഷ്ടപൂരണത്തിൽ സന്നദ്ധനാകുന്നു എന്നെല്ലാം താല്പര്യം. ഈ ശ്ലോകത്തിന്റെ ഭാഷ കാണുന്നില്ല.

(ശ്ലോകം)

വസന്തേ വാസന്തീകുസുമസുകുമാരൈരവയവൈർ-
ഭ്രമന്തീം കാന്താരേ ബഹുവിഹിതകൃഷ്ണാനുസരണാമ്
അമന്ദം കന്ദർപ്പജ്വരജനിതചിന്താകുലതയാ
വലദ്ബാധാം രാധാം സരസമിദമൂചേ സഹചരീ ൧

ഭാഷ

വസന്താഖ്യേ കാലേ വളരുമൊരു മാരന്റെ മഹസാ
സസന്താപം പങ്കേരുഹനയനനാം കൃഷ്ണനെവനേ
തിരഞ്ഞീട്ടും നേരത്തതിവിവശയാം രാധയോടസൗ
കരഞ്ഞീടായ്‌വാനിങ്ങനെ സഖി പറഞ്ഞു പടുതരമ്

(കാചിത്), സഹചരീ—ഒരു സഖി

വസന്തേ—വസന്തകാലത്തിൽ

അമന്ദം—അത്യധികമാംവണ്ണം

കന്ദർപ്പജ്വരജനിതചിന്താകുലതയാ—കന്ദർപ്പജ്വരത്താൽ കാമജ്വരത്താൽ ജനിതമായ ഉണ്ടായ ചിന്താനിമിത്തമുള്ള ആകുലതയാൽ [മനോവൈക്ളബ്യത്താൽ

വലദ്ബാധാം—വലത്തായ പോയും വന്നും ഇരിക്കുന്ന ബാധയോടു പീഡയോടുകൂടിയവളും

ബഹുവിഹിതകൃഷ്ണാനുസരണാം—അനേകം പ്രാവശ്യം വിഹിതമായ ഭൃത്യാദികളാൽ ചെയ്യപ്പെട്ട കൃഷ്ണാനുസരണത്തോടു കൃഷ്ണാന്വേഷണത്തോടുകൂടിയവളും [ആയതുകൊണ്ട്]

കാന്താരേ—അരണ്യത്തിൽ

ഭ്രമന്തീം—അലഞ്ഞുനടക്കുന്നവളും

വാസന്തീകുസുമസുകുമാരൈഃ—വാസന്തീകുസുമങ്ങൾപോലെ വസന്തകാലത്തിൽ ഉണ്ടാകുന്ന മാധവീലതാപുഷ്പങ്ങൾപോലെ സുകുമാരങ്ങളായ മൃദുക്കളും മനോജ്ഞങ്ങളും ആയ

അവയവൈഃ—അവയവങ്ങളോടു കരചരണാദിശരീരാവയവങ്ങളോടുകൂടിയവളും ആയ

രാധാം—രാധയോടു

സരസം—രസത്തോടുകൂടിയാകുംവണ്ണം

ഇദം—താഴെ പറയാൻ പോകുന്നതിനെ

ഊചേ—പറഞ്ഞു.

അത്യധികമായ കാമപീഡയാൽ ചിന്തയുണ്ടായി വ്യാകുലചിത്തയും, മുല്ലപ്പൂപോലെ മൃദുവും മനോജ്ഞവും ആയ അവയവങ്ങളോടു കൂടിയവളും, എങ്കിലും കൃഷ്ണനെ അന്വേഷിച്ചു കണ്ടുപിടിക്കുവാനായി പലകുറി ശ്രമിച്ചിട്ടും വീണ്ടും അതിനായി കാട്ടിൽ ചുററി നടക്കുന്നവളും ആയ രാധയോടു അവളുടെ ഒരു പ്രിയസഖി താഴെ പറയും വണ്ണം സരസമായി പറഞ്ഞു.

കവി ഇതുവരെയുള്ള സന്ദർഭംകൊണ്ടു പ്രബന്ധത്തിൻെറ പ്രതിപാദ്യം പ്രയോജനം ക്രീഡാവർണനോപയോഗികളായ നായകഗുണങ്ങൾ മുതലായവയെ പ്രസ്താവിച്ചുകൊണ്ടു മംഗളാശംസകൾ ചെയ്തു. വിപ്രലംഭപൂർവകമായി സംഭോഗശൃംഗാരം വർണ്ണിക്കപ്പെട്ടാൽ മാത്രമേ രസിക്കാൻ യോഗ്യമായിരിക്കും. ആയതിനാൽ ഈ പദ്യത്തിൽ വിപ്രലംഭശൃംഗാരത്തെ ആദ്യം പ്രകടമാക്കുന്നതിനായി ശ്രീകൃഷ്ണങ്കൽ ഉത്കണ്ഠിതയായി രാധയെ വർണിക്കുന്നു.

കാമപീഡയാൽ കൃഷ്ണനെ അന്വേഷിക്കുന്ന രാധ ചലദ്ബാധാം' എന്നും പാഠം. വർദ്ധിച്ചുകൊണ്ടിരിക്കുന്ന പീഡയോടുകൂടിയവൾ എന്നർത്ഥം. അങ്ങനെ സുകുമാരങ്ങളായ അവയവങ്ങളോടുകൂടിയ രാധയ്ക്കു വനസഞ്ചാരം യോഗ്യമല്ല. എങ്കിലും അവൾ സഞ്ചരിക്കുന്നു. ചിന്താകുലമായ ചിത്തത്തിലാണല്ലോ പീഡ വന്നും പോയും ഇരിക്കുന്നതു്. വസന്തകാലത്തിൽ മുല്ല പൂക്കുന്നു. രാധ ഇവിടെ വിരഹോത്കണ്ഠിതയായ നായികയാണു്. അവളുടെ അവസ്ഥാവിശേഷം ഈ പദ്യത്തിൽ വർണിക്കപ്പെട്ടിരിക്കുന്നു. ഉത്കണ്ഠിതയായ രാധയെ പ്രോത്സാഹിപ്പിക്കുവാനാണു് പ്രിയസഖി പറയുന്നതു്.

## അഷ്ടപദി ൩.

വസന്തരാഗേണ ഗീയതേ അടന്താളേന വാദ്യതേ.

൧. ലലിതലവംഗലതാപരിശീലനകോമലമലയസമീരേ
മധുകരനികരകരംബിതകോകിലകൂജിതകുഞ്ജകുടീരേ
വിഹരതി ഹരിരിഹ സരസവസന്തേ
നൃത്യതി യുവതിജനേന സമം സഖി വിരഹിജനസ്യ
[ദുരന്തേ.

൨. ഉന്മദമദനമനോരഥപഥികവധൂജനജനിതവിലാപേ
അലികുലസങ്കുലകുസുമസമൂഹനിരാകുലബകുലകലാപേ
(വിഹരതി...)

൩. മൃഗമദസൗരഭരഭസവശംവദനവദലമാലതമാലേ
യുവജനഹൃദയവിദാരണമനസിജനഖരുചികിംശുക-
[ജാലേ (വിഹരതി...)

൪. മദനമഹീപതികനകദണ്ഡരുചികേസരകുസുമവി-
[കാസേ
മിലിതശിലീമുഖപാടലിപടലകൃതസ്മരതൂണവിലാസേ
(വിഹരതി...)

൫. വിഗളിതലജ്ജിതജഗദവലോകനതരുണകരുണകൃത-
[ഹാസേ
വിരഹിനികൃന്തനകുന്തമുഖാകൃതികേതകദന്തുരിതാശേ
(വിഹരതി...)

൬. മാധവികാപരിമളലളിതേ നവമാലതിജാതിസുഗ-
[ന്ധൗ
മുനിമനസാമപി മോഹനകാരിണി തരുണാകാരണ-
[ബന്ധൗ (വിഹരതി...)

൭. സ്ഫുരദതിമുക്തലതാപരിരംഭണമുകുലിതപുലകിത-
[ചൂതേ
ബൃന്ദാവനവിപിനേ പരിസരപരിഗതയമുനാജല-
[പൂതേ (വിഹരതി...)

൮. ശ്രീജയദേവഭണിതമിദമുദയതി ഹരിചരണസ്മൃതി-
[സാരം
സരസവസന്തസമയവനവർണ്ണനമനുഗതമദനവി-
[കാരം (വിഹരതി...)

ഭാഷ1

മൂന്നാം അഷ്ടപദി. വസന്തരാഗം അടതാളം.

൧. ചന്ദനപർവതമന്ദമരുത്തും
ചഞ്ചലവണ്ടുകളുടെ ഝങ്കൃതിയും
സുന്ദരി! കുയിലുകളുടെ സൂക്തികളും
സുഖമേകുമിഹ വസന്തേ.
ശൃണു സഖി! കൃഷ്ണൻ ക്രീഡിക്കുന്നു തൃഷ്ണ തങ്കും
സഖിമാരോടു സാകം കൃപയുള്ള മുകുന്ദൻ.

൨. മന്മഥമഥനംകൊണ്ടു കരഞ്ഞും
മരണമതിൽ സുഖമെന്നുപറഞ്ഞും
കല്‌മഷമോക്കും വീരഹിണിമാരെ-
ക്കരയിക്കുന്നു കാലം (ശൃണുസഖി...)

൩. പ്‌ലാശ്ശുംപൂക്കളഹോ! യുവഹൃദയം
ക്‌ളേശം കൂടാതെ ഭേദിപ്പാൻ
ആശമൂഴത്തൊരുകാമന്റെ നഖ-
രാശികണക്കെ വിളങ്ങീടുന്നു (ശൃണുസഖി...)

൪. പുന്നാപ്പൂവു വിടർന്നിതു മനസിജ-
മന്നവവീരന്റെ
പൊൻങ്കാലുള്ളൊരുവെള്ളക്കുട
മിന്നുന്നതുപോലെ മിന്നുന്നു (ശൃണുസഖി...)

൫. ഫുല്ലമല്ലികകുറുമൊഴിപിച്ചക-
മെല്ലാമലരുകടേയും
നല്ലസുഗന്ധം നാസികമുററും
ചൊല്ലാവല്ലൊരു ശോഭയുമേററം (ശൃണുസഖി...)

൬. മന്ദാകിനിയുടെ സഖി യമുനാനദി
ബൃന്ദാവനമതു നന്ദനതുല്യം
നന്ദകുമാരനുമിന്ദ്രനുമൊക്കും
നന്നൊരുയോഗം ഭുവിനാസ്ത്യേവം (ശൃണുസഖി...)

൧. ജയദേവോക്തികളോർക്കുംതോറും
ഭയമേറുന്നു ഭാഷ ചമപ്പാൻ
ജയ ഹേ! കൃഷ്ണ! പിഴപ്പിക്കല്ലേ
ദയചെയ്തീടുക മാനിലേററം (ശ്രുണുസഖി...)

'മാധവോത്സവകമലാകരം' എന്ന മൂന്നാം അഷ്ടപദീപ്രബന്ധം ആരംഭിക്കുന്നു. ഇതിൽ രാധയുടെ പ്രിയസഖി കാമപീഡാപരവശയായ രാധയെ വിനോദത്തിനായി ശ്രീകൃഷ്ണനോടു പ്രേരിപ്പിക്കുന്നു. ആദ്യത്തെ പദത്തിൽ നാലുവരിയുണ്ട്. അതിൽ മൂന്നും നാലും വരികളേയും അവയുടെ അർത്ഥത്തേയും ബാക്കിയുള്ള എല്ലാ പദങ്ങളിലും ചേർത്തുകൊള്ളണം. ആയതുകൊണ്ട് മൂന്നുംനാലും വരികളെ 'ധ്രുവപദം' എന്നു പറയാറുണ്ട്.

ഒന്നാംപദം—

സഖി—അല്ലയോ രാധേ!

ലലിതലവംഗലതാപരിശീലനകോമളമലയസമീരേ—ലലിതമായ മനോഹരമായ ലവംഗലതയിൽ എലവങ്ങവള്ളിയിൽ പരിശീലനത്താൽ സമ്പർക്കത്താൽ കോമളമായ മൃദുലമനോഹരമായ മലയസമീരനോടു മലയപർവതത്തിൽനിന്നു വീശുന്ന കാററോടുകൂടിയതും

മധുകരനികരകരംബിതകോകിലകൂജിതകുഞ്ജകുടീരേ — മധുകരങ്ങളുടെ വണ്ടുകളുടെ നികരത്തോടു സമൂഹത്തോടു കരംബിതമായ ഇടകലന്ന കോകിലപക്ഷികളാൽ കുയിലുകളാൽ കൂജിതമായ ശബ്ദത്തോടുകൂടിയതാക്കിച്ചെയ്യപ്പെട്ട കുഞ്ജങ്ങളാകുന്ന വള്ളിക്കുടിലുകളാകുന്ന കുടീരങ്ങളോടു ചെറിയ വാസസ്ഥാനങ്ങളോടു കൂടിയതും

വിരഹിജനസ്യ—വിരഹത്തോടുകൂടിയ കാമികൾക്കു്

ദുരന്തേ—വളരെ അസഹ്യമായതും ആയ

സരസവസന്തേ—സരസമായ രസത്തോടുകൂടിയ ശൃംഗാരരസപ്രധാനമായ വസന്തഋതുവിങ്കൽ

ഹരിഃ—കൃഷ്ണൻ

യുവതിജനേന, സമം—തരുണികളായ ഗോപികളോടുകൂടി

ഇഹ—ഇവിടെ (ഈ ബൃന്ദാവനപ്രദേശത്തിൽ)

വിഹരതി—കളിക്കുന്നു.

നൃത്യതി—നർത്തനംചെയ്യുന്നു.

അല്ലയോ പ്രിയസഖിയായ രാധേ! വസന്തകാലം തുടങ്ങിയിരിക്കു ന്നു. ഏലവങ്ങവള്ളിയിൽ തട്ടിവരുന്ന മനോഹരമായ മലയവായു വീശുന്നു. വള്ളിക്കുടിലുകളിൽ വണ്ടുകൾ നിറഞ്ഞിരിക്കുന്നു. കുയിലു കൾ പാടിക്കൊണ്ടിരിക്കുന്നു. വിരഹികളായ നിന്നെപ്പോലെയുള്ള കാമി ജനങ്ങൾക്കു ശൃംഗാരരസപ്രധാനമായ ഈ വസന്തകാലം അസഹ്യവു മാണ്. നീ കാണാൻ ആഗ്രഹിക്കുന്ന കാമുകനായ കൃഷ്ണനോ ബൃന്ദാ വനത്തിൽ ഗോപയുവതികളോടു വിഹരിച്ചു നൎത്തനംചെയ്തു സുഖമായി കഴിയുന്നു. ആയതുകൊണ്ടു് നീ ഒട്ടും താമസിയാതെ ബൃന്ദാവനത്തി ലേയ്ക്കു് ചെന്നാലും.

വിഹരതി—അല്ലയോ രാധേ! നീ യാതൊരുത്തനെ അന്വേഷി ക്കുന്നുവോ ആ കൃഷ്ണൻ ബൃന്ദാവനത്തിൽ വിഹരിക്കുന്നു എന്നാൎത്ഥം. 'സരസവസന്തേ' എന്ന വാക്കിനെ 'സര, സഃ, വസന്തേ' എന്നിങ്ങനെ മൂന്നായി പിരിച്ചു 'ഉടൻ ചെന്നാലും. അവൻ ഈ വസന്തത്തിൽ' നിന്നെ അസഹ്യമായ സങ്കടത്തിൽ കുടുക്കിയുംവച്ചു് മററു ഗോപികളോ ടുകൂടി ബൃന്ദാവനത്തിൽ വിഹരിച്ചുകളിക്കുന്നു എന്നും അൎത്ഥം യോജി പ്പിക്കാം. വിരഹികളുടെ ജനം ജീവനം, ജീവനത്തിനു ദുരന്തമായ വസന്തം എന്നുമൎത്ഥം. അതായതു് വിരഹികളായ കാമികളെ ദുഃഖപ്പെ യിഷ്ടരായി അവസാനിപ്പിക്കുന്ന വസന്തകാലം എന്നു സാരം. ആയതു കൊണ്ടു് നീ കൃഷ്ണനെ ഇപ്പോൾ പ്രാപിച്ചില്ലെങ്കിൽ നിനക്കു് ദുരന്തമു ണ്ടാകുമെന്നു് താത്പൎയ്യം. വസന്തകാലം നിന്നെപ്പോലെയുള്ള വിര ഹികൾക്കു് ദാരുണം എന്നല്ലാതെ യുവതികളായ ഗോപികളോടു കളിച്ചു നടക്കുന്ന കൃഷ്ണനു ദാരുണമല്ല എന്നു സാരം. സരസം—സാഭിലാഷം. വസന്തകാലത്തിലാണല്ലോ യുവജനങ്ങൾക്കു് അഭിലാഷം വൎദ്ധി ക്കുന്നതു്. ലലിതേത്യാദിവിശേഷണം വായുവിനു് ശൈത്യം മാന്ദ്യം സൗരഭ്യം എന്നീ ഗുണങ്ങളുള്ളതായി സൂചിപ്പിക്കുന്നു. മലയവായു— തെക്കൻ കാററു്. ദക്ഷിണദിക്കിൽ മലയപൎവതം സ്ഥിതിചെയ്യുന്ന തായി കവിസമയ പ്രസിദ്ധിയുണ്ടു്. ഈ ഗീതത്തിനു താളം രൂപക താളം എന്നും യതിതാളമെന്നും അഭിപ്രായഭേദമുണ്ടു്. പ്രതിപാദ്യം ബൃന്ദാവനത്തിൽ കാമദേവൻെറ സഖാവായ വസന്തൻെറ വൎണ്ണനം.

രണ്ടാംപദം—

ഉന്മദമദനമനോരഥപഥികവധൂജനജനിതവിലാപേ—ഉന്മദമാ യ പൊങ്ങിയ മദത്തോടുകൂടിയ മദനമനോരഥത്തോടു കാമത്തോടുകൂ ടിയ പഥികവധൂജനങ്ങൾക്കു് വിരഹിണികളായ പാന്ഥസ്ത്രീകൾക്കു് ജനിതമായ ജനിപ്പിക്കപ്പെട്ട വിലാപത്തോടു കരച്ചിലോടുകൂടിയതും

അലികുലസങ്കലകുസുമസമൂഹനിരാകുലബകുലകലാപേ— അലികുലങ്ങളാൽ വണ്ടിൻകൂട്ടങ്ങളാൽ സങ്കലമായ വ്യാപ്തമായ കുസുമസമൂഹത്താൽ പൂക്കളാൽ നിരാകുലമായ നിശ്ശേഷം ആകുലമായ ബകുലത്തിന്റെ കേസരവൃക്ഷത്തിന്റെ അതായതു് ഇലഞ്ഞിമരത്തിന്റെ കലാപത്തോടു കൂട്ടത്തോടുകൂടിയതും. [ആയ വസന്തം].

ഈ വസന്തകാലത്തിൽ വിരഹിണികളായ പാന്ഥയുവതികൾ കാമവികാരം സഹിക്കവയ്യാതെ വിലപിക്കുന്നു. വണ്ടിൻകൂട്ടങ്ങൾ ഇലഞ്ഞിപ്പൂങ്കുലകളിൽ തിങ്ങിക്കൂടിയിരിക്കുന്നു.

കാമുകന്മാർ വഴിപ്പോക്കരായിത്തീൎന്നതിനാൽ അവരുടെ വിരഹം നിമിത്തം യുവതികൾക്കു കാമവികാരം അസഹ്യമായി. പോരാത്തതിനു വസന്തകാലവും എന്നുതാത്പര്യം. ഉന്മദമദന—ഉദ്ഗതമായ പൊങ്ങിയ മദവും മദനവികാരവും അതായതു് ഹർഷവും കാമവും. ആയതുകൊണ്ടു യുവതികൾ വിലപിക്കുന്നു എന്നർത്ഥം. നിരാകുലം— ആകുലമല്ലാത്തതു്. വണ്ടിൻകൂട്ടങ്ങൾ കൂണക്കില്ലാതെ പൂങ്കുലകളിലും മററും വന്നു പററിയിരിക്കുന്നതിനാൽ ഇലഞ്ഞി ചലനമില്ലാതെ ആയിരിക്കുന്നു എന്നർത്ഥം. ബകുലങ്ങളാകുന്ന കലാപം തൂണീരം അതായതു് കാമദേവന്റെ ആവനാഴി എന്നുമർത്ഥം. ബകുലങ്ങളാകുന്ന കലാപത്തോടു ഭൂഷണത്തോടുകൂടിയ വസന്തം എന്നും അർത്ഥം. വസന്തത്തിന്റെ ദുരന്തതയാണു് ഇവിടെ പ്രതിപാദിക്കപ്പെടുന്നതു്.

മൂന്നാംപദം—

മൃഗമദസൗരഭരഭസവശംവദനവദലമാലതമാലേ— മൃഗമദത്തിന്റെ കസ്തൂരിയുടെ സൗരഭത്തിന്റെ ഗന്ധത്തിന്റെ രഭസത്തിനുവേഗത്തിനു വശംവദമായ അധീനമായ നവദലങ്ങളുടെ പുത്തനായി ഉണ്ടായ ഇതളുകളുടെ മാലയോടു പംക്തിയോടുകൂടിയ തമാലവൃക്ഷങ്ങളോടു കൂടിയതും.

യുവജനഹൃദയവിദാരണമനസിജനഖരുചികിംശുകജാലേ—യുവജനങ്ങളുടെ യുവാക്കളുടെ ഹൃദയങ്ങളെ വിദാരണം ചെയ്യുന്ന പിളർക്കുന്ന മനസിജന്റെ കാമന്റെ നഖങ്ങളുടെ രുചിപോലെയുള്ള രുചിയോടു ശോഭയോടുകൂടിയ കിംശുകജാലത്തോടു പ്ളാശിൻ പൂക്കളോടുകൂടിയതും (ആയവസന്തം).

തമാലവൃക്ഷങ്ങൾ കൂട്ടംകൂട്ടമായി തളിൎത്തു നില്ക്കുന്നു. പുത്തനായി ഉണ്ടായ അവയുടെ ഇതളുകൾ നല്ല വാസനയെ നല്കിക്കൊണ്ടു അണി

യണിയായി ശോഭിക്കുന്നു. ആ വാസന കസ്തൂരിയുടെ ഗന്ധത്തെ അനുകരിച്ചിരിക്കുന്നു. കാമികളായ യുവാക്കളുടെ ഹൃദയത്തെ പിളൎക്കു വാനായിട്ടുള്ള കാമദേവന്റെ നഖങ്ങൾപോലെ ശോഭിക്കുന്ന പ്ലാശിൻപൂക്കൾ എങ്ങും വിടൎന്നു ശോഭിക്കുന്നു.

സൌരഭരഭസവശംവദ—ഗന്ധത്തിന്റെ വേഗത്തോടു വശംവദമായ അനുകരിക്കുന്നതായ എന്നൎത്ഥം. കസ്തൂരീഗന്ധത്തിനു തുല്യമായ ഗന്ധം ഇതളുകളിൽ നിന്നു വാസിക്കുന്നു എന്നു സാരം. നവദലമാലതമാല—നവദളങ്ങളെ ധരിക്കുന്ന തമാലം എന്നൎത്ഥം. കിംശുകജാലം—കിംശുകത്തിന്റെ മൊട്ട് എന്നൎത്ഥം. പ്ലാശിൻപൂവു് വക്രമും അല്പം ചുമന്നതും ആയതിനാൽ ഹൃദയത്തെ പിളൎന്നു ചോര പുരണ്ട കാമദേവന്റെ നഖത്തോടു സാദൃശ്യമുള്ളതു്.

നാലാംപദം—

മദനമഹീപതികനകദണ്ഡരുചികേസരകുസുമവികാസേ—മദനനാകുന്ന കാമദേവനാകുന്ന മഹീപതിയുടെ ചക്രവൎത്തിയുടെ കനകദണ്ഡം (സ്വൎണ്ണദണ്ഡത്തിൽ ഘടിപ്പിക്കപ്പെട്ട വെൺകൊററക്കുട), അതിന്റെ രുചിപോലെയുള്ള രുചിയോടു ശോഭയോടുകൂടിയ കേസരകുസുമത്തിന്റെ പുന്നപ്പൂവിന്റെ വികാസത്തോടു വിടൎച്ചയോടുകൂടിയതും

മിളിതശിലീമുഖപാടലിപടലകൃതസ്മരതൂണവിലാസേ—മിളിതങ്ങളായ കൂട്ടം കൂടിയ ശിലീമുഖങ്ങൾ വണ്ടുകൾ ആകുന്ന ശിലീമുഖങ്ങളോടു ബാണങ്ങളോടുകൂടിയ പാടലി പടലങ്ങളാൽ പാതിരിപ്പൂക്കൂട്ടത്താൽ കൃതമായ ചെയ്യപ്പെട്ട സ്മരതൂണത്തിന്റെ കാമദേവന്റെ ആവനാഴിയുടെ വിലാസത്തോടു കൂടിയതും (ആയ വസന്തം).

വിടൎന്നു നില്ക്കുന്ന പുന്നപ്പൂക്കൾ കാമദേവനാകുന്ന ചക്രവൎത്തിയുടെ സ്വൎണ്ണക്കാലുള്ള ശ്വേതച്ഛത്രംപോലെ വിളങ്ങുന്നു, പാതിരിപ്പൂക്കളിൽ കൂട്ടംകൂട്ടമായി കാമന്റെ ബാണങ്ങൾപോലെയുള്ള വണ്ടുകൾ വന്നു പററിയിരിക്കുന്നു. അപ്പൎണ്ണമുള്ള പാതിരിപ്പൂക്കൾ കാമദേവന്റെ ആവനാഴിയായി ശോഭിക്കുന്നു.

'ദണ്ഡ' എന്നുമാത്രം കാണുന്നതിനാൽ 'ദണ്ഡത്തിൽ ഉറപ്പിച്ച കുട' എന്ന അൎത്ഥം എങ്ങനെ കിട്ടും എന്നുചോദിച്ചാൽ കാമദേവനെ മഹീപതിയായി വൎണ്ണിച്ചതിൽനിന്നും കിട്ടുന്നു എന്നു സമാധാനം. വികസിച്ച പൂക്കൾക്കു കുടയോടുതന്നെ സാമ്യം യോജിക്കും. അല്ല, പൊൻകാല്പുപോലെ നിറത്തോടുകൂടി ശോഭിക്കുന്ന നാഗകേസരപ്പ

ഷ്പങ്ങൾ. ആ പുഷ്പങ്ങളുടെ വികാസത്തോടുകൂടിയ വസന്തം എന്നു മൎത്ഥം. രാജാവിൻെറ മുമ്പിലായി സ്വൎണ്ണവടികളും ശ്വേതച്ഛത്രങ്ങളും അകമ്പടിയായി വഹിച്ചു ചെല്ലുക പതിവാണു്.

അഞ്ചാംപദം—

വിഗലിതലജ്ജിതജഗദവലോകനതരുണകരുണകൃതഹാസേ—വിഗലിതമായ പോയതായ ലജ്ജിതത്തോടു ലജ്ജയോടു കൂടിയ ജഗത്തിൻെറ പ്രാണിജാലത്തിൻെറ അവലോകനത്താൽ ദർശനത്താൽ തരുണന്മാരായ യുവാക്കന്മാരാൽ കരുണമാംവണ്ണം ദയയോടുകൂടി, തരുണങ്ങളായ ചെറിയ കരുണവൃക്ഷങ്ങളാൽ കൃതമായ ചെയ്യപ്പെട്ട ഹാസമോ പുഞ്ചിരിയോ എന്നു തോന്നുമാറുള്ള ഹാസത്തോടു പുഷ്പവികാസത്തോടു കൂടിയതും

വിരഹിനികൃന്തനകുന്തമുഖാകൃതികേതകദന്തുരിതാശേ — വിരഹികളെ വിരഹദുഃഖം അനുഭവിക്കുന്നവരെ നികൃന്തനം ചെയ്യുവാനായി കുത്തിപ്പിളർക്കുവാനായി കുന്തം എന്ന ആയുധത്തിൻെറ മുഖംപോലെ അഗ്രഭാഗംപോലെ ആകൃതിയോടുകൂടിയ കേതകങ്ങളാൽ കൈതപ്പൂക്കളാൽ ദന്തുരിതമായ വ്യാപ്തമായ ആശകളോടു ദിക്കുകളോടുകൂടിയതും (ആയ വസന്തം).

വിരഹദുഃഖത്താൽ ലജ്ജയില്ലാത്തവരായിത്തീൎന്ന കാമിജനങ്ങളെ കണ്ടു ചിരിക്കുകയോ എന്നു തോന്നുമാറു ചെറിയ കരുണവൃക്ഷങ്ങൾ പൂത്തുനില്ക്കുന്നു. വിരഹി ജനങ്ങളെ കുത്തിപ്പിളർക്കുവാനായുള്ള കുന്താഗ്രങ്ങൾപോലെയുള്ള കൈതപ്പൂക്കൾ പൊങ്ങിയും താഴ്ന്നും ദിക്കുകളിലെല്ലാം വ്യാപിച്ചു ശോഭിക്കുന്നു.

കുസുമവികാസമെന്നുള്ളതു വ്യാജമാണു്. പിന്നെയോ ലജ്ജയില്ലാത്ത കാമിനികളോടുള്ള യുവാക്കന്മാരുടെ പരിഹാസമാണു് എന്നു സാരം. ഹാസത്തെ വെളുപ്പായി വർണിക്കുനതു കവിസമയസിദ്ധമാകുന്നു. ആയതുകൊണ്ടു സാമ്യം യോജിക്കുന്നു. കഷ്ടപ്പെടുന്നവിരഹികളെ നോക്കി വിരഹികളല്ലാത്തവർ കരുണമാംവണ്ണം ഹസിക്കുന്നു.

ആറാംപദം—

മാധവികാപരിമലലലിതേ—മാധവികയുടെ മല്ലികയുടെ പരിമ [ളത്താൽ ഗന്ധവിശേഷത്താൽ ലലിതവും മനോഹരവും

നവമാലതിജാതിസുഗന്ധൌ—നവമായ പുത്തനായി പൂത്ത മാ

[ലതി ജാതി എന്നീ പൂക്കളാൽ സുഗന്ധിയും നല്ല വാസനയുള്ളതും
മുനിമനസാം, അപി—മുനിമാരുടെ മനസ്സുകൾക്കുപോലും
മോഹനകാരിണി—മോഹനത്തെ വ്യാമോഹത്തെ ജനിപ്പിക്കു
[ന്നതും

തരുണാകാരണബന്ധൗ—തരുണന്മാക്കു യൗവനദശയിലുള്ളവക്കു അകാരണമായി കാരണം കൂടാതെ സഹജമിത്രവും (ആയ വസന്തം).

പൂത്തുവിടരുന്ന മല്ലിക മാലതി പിച്ചകം ഈ പൂക്കളുടെ നവമണം എങ്ങും നിറഞ്ഞിരിക്കുന്നു. മുനിമാരുടെ ചിത്തങ്ങളെപ്പോലും വ്യാമോഹിപ്പിക്കുന്നതായും യൗവനദശയിലുള്ളവക്കു കാമവികാരത്തെ വർദ്ധിപ്പിക്കുന്ന സഹജമിത്രമായും ഇരിക്കുന്നു വസന്തം.

മുനിമാരെപ്പോലും വ്യാമോഹിപ്പിക്കുന്നതു, മററുള്ളവരുടെ കഥപറയേണ്ടതില്ലല്ലോ. മാനിനികളായ യുവതികൾ വസന്തത്തിൽ മാനത്തെ ത്യജിക്കുന്നതിനാൽ സഹജമിത്രം എന്നു പറഞ്ഞു. നവമാലതി ജാതി—പുത്തനായ നല്ല ഇനം മാലതിപ്പൂ എന്നുമർത്ഥം.

ഏഴാംപദം—

സ്ഫുരദതിമുക്തലതാപരിരംഭണമുകുലിതപുലകിതചൂതേ—സ്ഫുരത്തായ ചലിക്കുന്ന അതിമുക്തലതകളുടെ മുല്ലവള്ളികളുടെ പരിരംഭണത്താൽആലിംഗനത്താൽ മുകുലിതവും ഉണ്ടായ മൊട്ടുകളോടുകൂടിയതും പുലകിതവും ഉണ്ടായ രോമാഞ്ചത്തോടു പൂക്കളോടു കൂടിയതുംആയ ചൂതവൃക്ഷങ്ങളോടു തേന്മാവുകളോടകൂടിയ (ഈ വസന്തകാലത്തിൽ)

പരിസരപരിഗതയമുനാജലപൂതേ—പരിസരത്തിൽ സമീപപ്രദേശത്തിൽ പരിഗതമായ ചുററി ഒഴുകുന്ന യമുനാനദിയുടെ ജലത്താൽ
[പൂതമായ പരിശുദ്ധമായ

ബൃന്ദാവനവിപിനേ—ബൃന്ദാവനപ്രദേശത്തിൽ (കൃഷ്ണൻ വി
[ഹരിക്കുന്നു.)

മുല്ലവള്ളികൾ ആലിംഗനം ചെയ്തിരിക്കുന്നതിനാൽ മൊട്ടുണ്ടായി രോമാഞ്ചത്തോടുകൂടിയതുകൾ പോലെ തേന്മാവുകൾ വിളങ്ങുന്നു. അവ്വണ്ണമുള്ള ഈ വസന്തകാലത്തിൽ ചുററും ഒഴുകുന്ന യമുനാനദിയുടെ ജലത്താൽ പരിശുദ്ധമായ ബൃന്ദാവനത്തിൽ കൃഷ്ണൻ ഗോപികളോടുകൂടി വിഹരിക്കുന്നു.

യുവതികളായ സ്ത്രീകൾ അനുരക്തകളായിവന്നു കെട്ടിപ്പുണർന്നാൽ പുരുഷൻ കോൾമയിർകൊള്ളുക സഹജമാണ്. പുഷ്പസ്ഥാനത്തിൽ രോമാഞ്ചം. തേന്മാവുകളിൽ മൊട്ടും പൂവും ധാരാളം ഉണ്ടായി ശോഭി

ക്കുന്നു. തേന്മാവുകളെ കെട്ടിപ്പുണൎന്നിരിക്കുന്ന മുല്ലവള്ളികൾ. വള്ളി സ്ത്രീയാണ്. അല്ലെങ്കിൽ മുകുലിതം ഉണ്ടായ മുകുളത്തോടു മഞ്ജരിയോടു കൂടിയതു. അതുതന്നെ പുളകം രോമാഞ്ചം. രോമാഞ്ചകഥനത്താൽ അചേതനങ്ങൾക്കുപോലും കാമചേഷ്ട സൂചിതമായിരിക്കുന്നു. ആയതിനാൽ വസന്തം അതിദുരന്തമെന്നതും സിദ്ധമായി. വൈരാഗ്യം ഉണ്ടായി മുക്തന്മാരായി ഭവിച്ചവൎക്കുപോലും ആലിംഗനത്തിൽ ആഗ്രഹത്തെ അതിമുക്തപദം സൂചിപ്പിക്കുന്നു. ബൃന്ദാവനവിപിനം വിഹരിക്കുവാനുള്ള സ്ഥാനവിശേഷമാകുന്നു.

എട്ടാംപദത്തിൽ പ്രബന്ധാൎത്ഥം ഉപസംഹരിക്കപ്പെടുന്നു—

ഹരിചരണസ്മൃതിസാരം—ഹരിചരണങ്ങളെ സ്മരിക്കുന്നതിൽ [സാരവും ശ്രേഷ്ഠവും

സരസവസന്തസമയവനവൎണ്ണനം – സരസമായ ശൃംഗാരരസത്തോടുകൂടിയ വസന്തസമയത്തിൻെറ വൎണ്ണനയോടു കൂടിയതും (ആയ [തുകൊണ്ടു്)

അനുഗതമദനവികാരം—അനുഗതമായ പ്രാപ്തമായ മദനവികാര [ത്തോടുകൂടിയതും ആയ

ഇദം, ശ്രീജയദേവഭണിതം—ഈ ശ്രീജയദേവകവിയുടെ വചനം

ഉദയതി—ഉദിച്ചു പൊങ്ങുന്നു.

കാമവികാരത്തെപ്പററി തുടൎച്ചയായി വൎണ്ണിക്കുന്നതും സരസമായ വസന്തകാലത്തിൻെറ വൎണ്ണനാരൂപവും ആയ ഈ ഗീതം ശ്രീജയദേവകവിയിങ്കൽ നിന്നു ഉദിച്ചതാകുന്നു. ഇതു കൃഷ്ണഭഗവാൻെറ ചരണങ്ങളെ സ്മരിക്കുന്നതിനു ശ്രേഷ്ഠവും ആകുന്നു.

ഉദിച്ചുപൊങ്ങുന്നു—സൎവോത്കൃഷ്ടമായി വൎദ്ധിക്കുന്നു. ഹരിചരണസ്മരണം ഗീതത്തിൽ കാൎയ്യഭാഗം. സ്മരണത്തിനു കാരണമായതിനാൽ ഗീതം സാരമായതു്.

മാധവോത്സവകമലാകരം എന്ന മൂന്നാം പ്രബന്ധം സമാപ്തമായി.

(ശ്ലോകം)

ദരവിദലിതമല്ലീവല്ലിചഞ്ചത്പരാഗ-
പ്രകടിതപടവാസൈർ വാസയൻ കാനനാനി
ഇഹ ഹി ദഹതി ചേതഃ കേതകീഗന്ധബന്ധുഃ
പ്രസരദസമബാണപ്രാണവദ് ഗന്ധവാഹഃ വ്യ

ദരവിദലിതമല്ലീവല്ലിചഞ്ചത്പരാഗപ്രകടിതപടവാസൈഃ--ദരം അല്പം വിദലിതങ്ങളായ വിടൎന്നുകളായ മല്ലീവല്ലികളിൽ നിന്നു മല്ലലതകളിൽനിന്നു ചഞ്ചത്തുക്കളായ ഗമിക്കുന്നതുകളായ പരാഗങ്ങളാൽ പൂംപൊടികളാൽ പ്രകടിതമായ സ്പഷ്ടമാക്കപ്പെട്ട പടവാസങ്ങളാൽ [വാസചൂൎണ്ണങ്ങളാൽ

കാനനാനി--വനപ്രദേശങ്ങളെ

വാസയൻ—മണമുള്ളതാക്കിച്ചെയ്യുന്നതും

പ്രസരദസമബാണപ്രാണവത്—പ്രസരത്തായ ചിത്തത്തിൽ പടൎന്നുപിടിക്കുന്ന അസമബാണൻെറ വിഷമബാണൻെറ അതായതു കാമ [ദേവൻെറ പ്രാണങ്ങൾപോലെ ഇരിക്കുന്നതും

കേതകീഗന്ധബന്ധുഃ—കേതകിയുടെ കൈതപ്പൂവിൻെറ ഗന്ധത്തിന്റ വാസനയ്ക്കു ബന്ധുവായുള്ളതും സഹചരമായുള്ളതും ആയ

ഗന്ധവാഹഃ —വായു

ഇഹ—ഇവിടെ (ഈ വസന്തകാലത്തിൽ അല്ലെങ്കിൽ ബൃന്ദാവന [ത്തിൽ)

ചേതഃ—(വിരഹികളുടെ) ചിത്തത്തെ

ദഹതി, ഹി—തപിപ്പിക്കുന്നുവല്ലോ.

ഈ വസന്തകാലത്തിൽ ഈ ബൃന്ദാവനത്തിൽ യുവജനങ്ങളുടെ ഹൃദയത്തിൽ അഭിലാഷത്തെ വർദ്ധിപ്പിക്കുന്നവയായ കാമദേവൻെറ പ്രാണവായുക്കൾപോലെയുള്ളതും, കൈതപ്പൂവിൻെറ വാസനയോടു കൂടിയതും, അല്പം വിടൎന്ന മുല്ലവള്ളികളിൽ നിന്നു പൊഴിയുന്ന പൂമ്പൊടികളാകുന്ന വാസചൂൎണ്ണങ്ങളാൽ വനപ്രദേശങ്ങളെ സുഗന്ധമാക്കുന്നതും ആയ ഈ കാററു കാമികളെ തപിപ്പിക്കുന്നു.

'പ്രസരത്' എന്നു പ്രത്യേകം വാക്കായും എടുക്കാം. ദിക്കുതോറും സഞ്ചരിക്കുന്നു എന്നൎത്ഥം. 'പ്രാണവദ്ഗന്ധവാഹഃ' എന്നുള്ളതിനെ ഒരു വാക്കായി എടുത്തു് അസമബാണനാൽ പ്രാണവാനായ ശക്തിയുള്ളവനായിത്തീൎന്ന ഗന്ധവാഹൻ എന്നുമൎത്ഥം. വായു കാമദേവനെ സഹായമായി ലഭിച്ചതുകൊണ്ടു കാമികളെ തപിപ്പിക്കുന്നതിൽ ശക്തനായും ഉത്സാഹമുള്ളവനായും ഭവിച്ചു എന്നു സാരം. അല്ല, അനംഗനായ കാമൻ പ്രസരത്തായ വീശുന്നതായ ഈ കാററിനാൽ പ്രാണവാനായി എന്നും താല്പൎയ്യം. വസ്ത്രം മുതലായവയെ സുഗന്ധമുള്ളതുകളാക്കിത്തീൎക്കാൻ ഉപയോഗിക്കുന്ന വാസചൂൎണ്ണം പടവാസം. വിരഹികളുടെ ഹൃദയത്തെ തകൎക്കാൻ സാമൎത്ഥ്യമുള്ള വസന്തവായു മൂന്നു വിധത്തിൽ

ചേതസ്സിനെ ദഹിപ്പിക്കുന്നതായി പ്രതിപാദിച്ചിരിക്കുന്നു. 'ദരവിഗലിത' എന്നും പാഠം.

ഈ പദ്യത്തിൽ വസന്തകാലത്തിൽ വീശുന്ന കാററുപോലും വിരഹിജനങ്ങളെ തപിപ്പിക്കുന്നു എന്നു പ്രസ്താവിക്കുന്നു. ഇതും വസന്തവർണ്ണനയിലുള്ള സഖിയുടെ വാക്കുതന്നെ.

(ശ്ലോകം)

ഉന്മീലന്മധുഗന്ധലുബ്ധമധുപവ്യാധൂതചൂതാങ്കുര-
ക്രീഡത്കോകിലകാകലീകലകലൈരുദ്ഗീർണ്ണകർണ്ണജ്വരാഃ
നീയന്തേ പഥികൈഃ കഥംകഥമപി ധ്യാനാവധാനക്ഷണ-
പ്രാപ്തപ്രാണസമാസമാഗമരസോല്ലാസൈരമീ വാസരാഃ ൯

ധ്യാനാവധാനക്ഷണപ്രാപ്തപ്രാണസമാസമാഗമരസോല്ലാസൈഃ— ധ്യാനത്തോടുകൂടിയ അവധാനക്ഷണത്തിൽ ഏകാഗ്രമായി ചിത്തം പ്രിയയെ അനുചിന്തനം ചെയ്തിരിക്കുന്ന സമയത്തിൽ പ്രാപ്തമായ ലഭിച്ചതായ പ്രാണസമയുടെ ജീവനു തുല്യയായ നായികയുടെ സമാഗമരൂപമായ രസം ആനന്ദം, അതുകൊണ്ടുണ്ടായ ഉല്ലാസത്തോടു ഉത്സാഹ [ത്തോടുകൂടിയ

പഥികൈഃ— പാന്ഥന്മാരാൽ

ഉന്മീലന്മധുഗന്ധലുബ്ധമധുപവ്യാധൂതചൂതാങ്കുരക്രീഡത്കോകിലകാകലീകലകലൈഃ—ഉന്മീലത്തായ സ്പഷ്ടമായി പ്രകാശിക്കുന്ന മധുവിലും തേനിലും ഗന്ധത്തിലും വാസനയിലും ലുബ്ധങ്ങളായ ലോലുപങ്ങളായ മധുപങ്ങളാൽ വണ്ടുകളാൽ വ്യാധൂതമായ ചലിപ്പിക്കപ്പെട്ട ചൂതാങ്കുരങ്ങളിൽ തേന്മാവിന്റെ മൊട്ടുകളിൽ ക്രീഡത്തുക്കളായ കളിക്കുന്ന കോകിലങ്ങളുടെ കുയിലുകളുടെ കാകലിയാകുന്ന അവ്യക്തമധുരധ്വനി [യാകുന്ന കലകലങ്ങളാൽ കോലാഹലശബ്ദങ്ങളാൽ

ഉദ്ഗീർണ്ണകർണ്ണജ്വരാഃ— ഉദ്ഗീർണ്ണമായ ജനിപ്പിക്കപ്പെട്ട കർണ്ണജ്വര [ത്തോടു ശ്രോത്രസന്താപത്തോടു കൂടിയ

അമീ, വാസരാഃ— ഈ വസന്തകാലദിവസങ്ങൾ

കഥംകഥമപി— വളരെ ക്ലേശത്തോടുകൂടി

നീയന്തേ— കഴിച്ചുകൂട്ടപ്പെടുന്നു.

തേന്മാവുകൾ പൂത്തിരിക്കുന്നു. പൂക്കളിലുള്ള തേനും മണവും കൊതിച്ചു വണ്ടുകൾ മാമ്പൂക്കളെ ചലിപ്പിക്കുന്നു. കുയിലുകൾ ആ പൂക്ക

ളിൽ കളിച്ചു അവ്യക്തമധുരമാകുംവണ്ണം പാടുന്നു. പാട്ടുമുഴക്കം വിരഹികളായ പാന്ഥന്മാക്കു കണ്ണുപരുഷമായിത്തീൎന്നു സന്താപത്തെ വളൎത്തുന്നു. വിരഹികളായ പാന്ഥന്മാർ വിരഹിണികളായ തങ്ങളുടെ നായികമാരെ ഏകാഗ്രമായ ചിത്തത്തോടു ധ്യാനിച്ചു ധ്യാനിച്ചു അവരുമായി സങ്കല്പസമാഗമസുഖത്തെ അനുഭവിച്ചു ദിവസങ്ങൾ കഴിച്ചുകൂട്ടുന്നു.

ഈ പദ്യത്തിൽ വസന്തകാലദിവസങ്ങൾ ദുരന്തങ്ങളാണെന്നു പ്രസ്താവിക്കുന്നു. വണ്ടുകൾ മൊട്ടുകളെ ചലിപ്പിക്കുന്നതിനാൽ കോപംപൂണ്ട കുയിലുകൾ കാകളീശബ്ദം മുഴക്കുന്നു എന്നു സാരം. വിരഹികളുടെ ചിത്തവൃത്തി സ്ഥിരമല്ലാത്തതിനാൽ നായികമാരെ ഇടവിടാതെ ധ്യാനിക്കാൻ അവർ ശക്തരല്ല. എങ്കിലും കഴിവുള്ളപ്പോൾ ധ്യാനിച്ചു സങ്കല്പരൂപമായ സമാഗമസുഖത്തെ അനുഭവിക്കുന്നു. ആ സുഖാനുഭവം ഒന്നുമാത്രമാണു പ്രാണനെ ധരിച്ചുകൊണ്ടു ദിവസങ്ങൾ കഴിച്ചുകൂട്ടാൻ അവക്കു നിമിത്തമായുള്ളതു്. 'കഥംകഥമപി' എന്നുള്ളതിനെ 'ധ്യാനേ' ത്യാദി വിശേഷണത്തോടും യോജിപ്പിക്കാം. ഉദ്ഗീൎണ്ണം—പ്രകടമാക്കപ്പെട്ട എന്നൎത്ഥം. ഇവിടെ കാമദേവന്റെ ഉദ്ദീപനവിഭാവങ്ങളായ കോകിലകാകളീകലകലങ്ങൾ കൎണ്ണജ്വരത്തെ ജനിപ്പിക്കുന്നതിനാലും നായകന്മാർ നായികാസമാഗമത്തെ പ്രാൎത്ഥിക്കുന്നതിനാലും അവക്കു വിരഹം അസഹ്യമായി ദിവസങ്ങൾ കഴിച്ചുകൂട്ടുന്ന കാൎയ്യം മഹാപ്രയാസമായിത്തീൎന്നിരിക്കുന്നു എന്നു താത്പൎയ്യം.

(ശ്ലോകം)

അനേകനാരീപരിരംഭസംഭ്രമ-
സ്ഫുരന്മനോഹാരിവിലാസലാലസമ്
മുരാരിമാരാദുപദർശയന്ത്യസൗ
സഖീസമക്ഷം പുനരാഹ രാധികാമ് ൧൦

ഭാഷ

നാനാനാരീജനാലിംഗനസുലഭസുഖംകൊണ്ടു താനേരമിച്ചും
ഗാനാദീനാം പ്രയോഗൈരവരെ രമിപ്പിച്ചു ചേതസ്സഴിച്ചും
സാനന്ദം ക്രീഡ ചെയ്തീടിന സകലജഗന്നായകം ദർശയന്തീ
മാനിച്ചുവോടു ഭൂയഃ സരസസരസയാമാളി രാധാം ബഭാഷേ

സഖീ, അസൗ—സഖിയായ ഇവൾ
ആരാത്—അടുത്തു
സമക്ഷം—പ്രത്യക്ഷമാകുംവണ്ണം

അനേകനാരീപരിരംഭസംഭ്രമസ്ഫുരന്മനോഹാരിവിലാസലാലസം—അനേകം നാരികളുടെ ഒട്ടധികം യുവതികളുടെ പരിരംഭത്തിൽ ആലിംഗനത്തിൽ ഉള്ള സംഭ്രമത്താൽ ആദരാതിശയത്താൽ സ്ഫുരത്തായ പ്രകാശിക്കുന്ന മനോഹാരിയായ മദനാജ്ഞമായ വിലാസത്തിൽ ക്രീഡാവിശേഷത്തിൽ ലാലസനായ ഉത്സുകനായ

മുരാരിം—കൃഷ്ണനെ
ഉപദർശയന്തീ—കാണിച്ചു കൊടുക്കുന്നവളായി
പുനഃ—വീണ്ടും
രാധാം, ആഹ—രാധയോടു പറഞ്ഞു

ബൃന്ദാവനത്തിൽ ഒട്ടധികം ഗോപയുവതികൾ കൃഷ്ണന്റെ ചുററുമായി വന്നുകൂടിയിരിക്കുന്നു. കൃഷ്ണൻ അവരെ ഓരോരുത്തരേയും കെട്ടിപ്പുണരുന്നതിൽ സംഭ്രമത്തോടുകൂടിയവനായിരിക്കുന്നു. ഓരോരുത്തരെ ആലിംഗനം ചെയ്യുമ്പൊഴും മനോജ്ഞമായ ഓരോരോ കേളിവിശേഷങ്ങൾ നടത്തുന്നതിൽ ഉത്സുകനായിരിക്കുന്നു കൃഷ്ണൻ. ഇവ്വണ്ണമുള്ള കൃഷ്ണനെ അടുത്തു പ്രത്യക്ഷമായി കാണിച്ചുകൊടുത്തുകൊണ്ടു സഖി പിന്നെയും രാധയോടു പറയുന്നു.

ഈ ശ്ലോകം കവിയുടെ വചനമാകുന്നു. ആരാത്—ദൂരത്തിൽ എന്നുമർത്ഥം.

## അഷ്ടപദി ൪.

രാമക്രിയാരാഗേണ ഗീയതേ ഏകതാളേന വാദ്യതേ.

൧. ചന്ദനചർച്ചിതനീലകളേബരപീതവസനവനമാലീ
കേളിചലന്മണികുണ്ഡലമണ്ഡിതഗണ്ഡയുഗഃ സ്മിതശാലീ
ഹരിരിഹ മുഗ്ദ്ധവധൂനികരേ വിലാസിനി വിലസതി കേളി
[പരേ

൨. പീനപയോധരഭാരഭരേണ ഹരിം പരിരഭ്യ സരാഗം
ഗോപവധൂരനുഗായതി കാചിദുദഞ്ചിതപഞ്ചമരാഗം
(ഹരിരിഹ...)

൩. കാപി വിലാസവിലോലവിലോചനഖേലനജനിതമ-
[നോജം
ധ്യായതി മുഗ്ദ്ധവധൂരധികം മധുസൂദനവദനസരോജം
(ഹരിരിഹ...)

൪. കാപി കപോലതലേ മിലിതാ ലപിതും കിമപി
[ശ്രുതിമൂലേ
ചാരു ചുചുംബ നിതംബവതീ ദയിതം പുലകൈരനുകൂലേ
(ഹരിരിഹ...)

൫. കേലികലാകുതുകേന ച കാചിദമും യമുനാജലകൂലേ
മഞ്ജുലവഞ്ജുലകുഞ്ജഗതം വിചകർഷ കരേണ ദുകൂലേ
(ഹരിരിഹ...)

൬. കരതലതാലതരലവലയാവലികലിതകലസ്വനവംശേ
രാസരസേ സഹനൃത്യപരാ ഹരിണാ യുവതിഃ പ്രശശംസേ
(ഹരിരിഹ...)

൭. ശ്ലിഷ്യതി കാമപി ചുംബതി കാമപി കാമപി രമയതി
[രാമാം
പശ്യതി സസ്മിതചാരുതരാമപരാമനുഗച്ഛതി വാമാം
(ഹരിരിഹ...)

൮. ശ്രീജയദേവഭണിതമിദമദ്ഭുതകേശവകേലിരഹസ്യം
ബൃന്ദാവനവിപിനേ ലലിതം വിതനോതു ശുഭാനി യശസ്യം
(ഹരിരിഹ...)

## ഭാഷ

## നാലാം അഷ്ടപദി

രാമക്രിയരാഗം അടതാളം.

൧. പീതാംബരചന്ദനചർച്ചകളും
പീലിച്ചാർത്തും വനമാലികയും
നൂതനകുണ്ഡലയുഗവും നോക്കുക
നൂനമനംഗനുമിവനോടൊപ്പം

ഹരിശോഭിക്കുന്നതു കണ്ടോ നീ
പരിചിതസുന്ദരിമാരുടെ മദ്ധ്യേ

൨. ഗോവിന്ദനെ ഗാഢം പുല്കീട്ടൊരു
ഗോപസ്ത്രീ ഗാനം ചെയ്യുന്നു
കോവിദയാമവളുടെ ശാരീരം
കോകിലകളെയും കോപിപ്പിക്കും (ഹരി...)

൩. മുരരിപുവിന്റെ മുഖം ധ്യാനിച്ചൊരു
മുനിവര്‍ കണ്ണുമടച്ചിട്ടേകാ
കരണചരണാദിശരീരമശേഷം
കമ്പളിപ്പാനാരംഭിക്കുന്നു (ഹരി...)

൪. ചെവിയിലൊരുത്തി പതുക്കെപ്പറവാൻ
ചെന്നപ്പോൾ പ്രിയമുദ്ഗതപുളകം
കവിളുകളിൽ ചുംബിച്ചു വാഞ്ഛിത-
കളികൾക്കില്ല പറഞ്ഞാലന്തം (ഹരി...)

൫. മഞ്ജുളകുഞ്ജത്തിങ്കലിരിക്കും
പഞ്ചജനാരിയെ മറെറാരുനാരി
കിഞ്ചിത്തുകൂലേ കർഷിച്ചാളമ്മ-
മഞ്ചിതയമുനാനദിയെ നയിപ്പാൻ (ഹരി...)

൬. ഗുണനിധിഭഗവാനൊരു കാമിനിയെ-
പ്പുണരുന്നു പുനരന്യാമേകാം
പ്രണയിനിയെച്ചുംബിച്ചിട്ടിതരാം
ഘൃണപെരുകീട്ടു കടാക്ഷിക്കുന്നു (ഹരി...)

൭. ശ്രീജയദേവകവിക്കും കൃഷ്ണനു-
മീജഗതീശ്വരനായിവാഴും
തേജസ്സിന്നും തെളികതൊഴുന്നോ-
നോജസ്സുണ്ടാക്കണമീഗാനം (ഹരി...)

ഒന്നാംപദം—

വിലാസിനി—അല്ലയോ ശൃംഗാരകലകളിൽ നിപുണയായ രാധേ!
ചന്ദനചർച്ചിതനീലകളേബരപീതവസനവനമാലീ—, ചന്ദന

ത്താൽ ചർച്ചിതമായ പൂശപ്പെട്ട നീലവർണ്ണമായ കളേബരത്തിൽ ശരീരത്തിൽ പീതമായ മഞ്ഞനിറമായ വസനത്താടും വസ്ത്രത്തോടും വന
[മാലയോടും കൂടിയവനും

കേലിചലന്മണികുണ്ഡലമണ്ഡിതഗണ്ഡയുഗഃ— കേളിയിങ്കൽ ക്രീഡയിങ്കൽ ചലിക്കുന്നതുകളായ മണിമയങ്ങളായ കുണ്ഡലങ്ങളാൽ കർണ്ണാഭരണങ്ങളാൽ മണ്ഡിതമായ അലങ്കരിക്കപ്പെട്ട ഗണ്ഡയുഗത്തോടു കവിൾത്തടം രണ്ടിനോടുംകൂടിയവനും

സ്മിതശാലീ—സ്മിതത്താൽ പുഞ്ചിരിയാൽ ശോഭിക്കുന്നവനും ആയ

ഹരിഃ, ഇഹ—കൃഷ്ണൻ ഈ ബൃന്ദാവനത്തിൽ

കേളിപരേ—ക്രീഡയിൽ ആസക്തിയുള്ള

മുഗ്ദ്ധവധൂനികരേ—മുഗ്ദ്ധകളായ സുന്ദരികളായ വധുക്കളുടെ
[തരുണികളുടെ നികരത്തിൽ കൂട്ടത്തിൽ

വിലസതി—കളിച്ചുശോഭിക്കുന്നു.

നീലവർണ്ണമായ ശരീരത്തിൽ ചന്ദനം പൂശിയും മഞ്ഞപ്പട്ടു ഉടുത്തും വനമാല അണിഞ്ഞും കളിക്കുമ്പോൾ ഇളകിക്കൊണ്ടിരിക്കുന്ന മണിമയങ്ങളായ കുണ്ഡലങ്ങളാൽ പ്രകാശിക്കുന്ന കവിൾത്തടങ്ങളോടു കൂടി ഇരിക്കുന്ന കൃഷ്ണൻ പുഞ്ചിരിതൂകുന്നവനായി സുന്ദരികളായ യുവതികളുടെ കൂട്ടത്തിൽ കളിച്ചുവിളങ്ങുന്നതിനെ അല്ലയോ സഖി! നീ ഇതാ കണ്ടാലും.

'ഭ്രമരപദം' എന്ന നാലാമത്തെ പ്രബന്ധമാണിതു്. ഈ പദത്തിൽ മൂന്നാമത്തെ വരി 'ധ്രുവപദം' ആകയാൽ ബാക്കിയുള്ള പദങ്ങളോടു ഇതിനെ ചേർത്തുകൊള്ളണം.

രണ്ടാംപദം—

കാചിത്, ഗോപവധൂഃ—ഒരു ഗോപി

സരാഗം—അഭിലാഷത്തോടുകൂടി

പീനപയോധരഭാരഭരേണ—പീനങ്ങളായ തടിച്ചതുകളായ പയോ
[ധരങ്ങളുടെ മുലകളുടെ ഭാരഭരത്താൽ ഗൗരവാതിശയത്താൽ

ഹരിം, പരിരഭ്യ—കൃഷ്ണനെ കെട്ടിപ്പുണർന്നിട്ടു

ഉദഞ്ചിതപഞ്ചമരാഗം—ഉദഞ്ചിതമായ പൊക്കത്തിൽ എടുക്കപ്പെട്ട പഞ്ചമസ്വരത്തിൽ രാഗത്തോടു രാഗാലാപത്തോടുകൂടിയ (കൃഷ്ണനെ)

അനുഗായതി—പിൻതുടർന്നു പാടുന്നു.

ഒരു ഗോപസ്ത്രീ തൻെറ തടിച്ചുകൊഴുത്ത കൊങ്കകളാൽ കൃഷ്ണനെ അനുരാഗത്തോടുകൂടി പുണൎന്നിട്ട് പഞ്ചമസ്വരത്തെ സ്ഥായിയിൽ പിടിച്ചു രാഗാലാപം ചെയ്യുന്ന കൃഷ്ണനെ പിൻതുടൎന്നു പാടുന്നു.

'പീന' ഇത്യാദിവിശേഷണത്താൽ ഗോപിയുടെ സൗന്ദൎയ്യം പ്രതിപാദിക്കപ്പെട്ടു. ഉദഞ്ചിതപഞ്ചമരാഗമാംവണ്ണം എന്നു ക്രിയാവിശേഷണമായും അൎത്ഥം പറയാം. ശൃംഗാരത്തിൽ പഞ്ചമസ്വരത്തിൽ ഉള്ള പാട്ടിനാണു പ്രാധാന്യം. കൃഷ്ണൻ ആലിംഗനത്തിനു ശ്രമിക്കാതെ ഗോപി താനെവന്നു ആലിംഗനം ചെയ്തു എന്നൎത്ഥം. കൃഷ്ണൻ കുഴൽ വായിക്കുകയും അതിനെത്തുടൎന്ന് ഗോപി പാടുകയും ചെയ്തു എന്നുമൎത്ഥം.

മൂന്നാംപദം—

കാപി, മുഗ്ദ്ധവധൂഃ—മറെറാരു സുന്ദരിയായ യുവതി.

വിലാസവിലോലവിലോചനഖേലനജനിതമനോജം—വിലാസത്താൽ ശൃംഗാരചേഷ്ടാവിശേഷത്താൽ വിലോലങ്ങളായ ചഞ്ചലങ്ങളായ വിലോചനങ്ങളുടെ കണ്ണുകളുടെ ഖേലനത്താൽ ആവൎത്തനത്താൽ [ചുഴലുകയാൽ] ജനിതനായ ജനിപ്പിക്കപ്പെട്ട മനോജനോടു [മന്മഥനോടുകൂടിയ

മധുസൂദനവദനസരോജം—മധുസൂദനൻെറ കൃഷ്ണൻെറ വദനമാകുന്ന മുഖമാകുന്ന സരോജത്തെ താമരയെ

അധികം, ധ്യായതി—അധികമാംവണ്ണം ധ്യാനിക്കുന്നു.

മറെറാരു സുന്ദരിയായ സ്ത്രീ കൃഷ്ണൻെറ മുഖപത്മത്തെ ധ്യാനിച്ചു ധ്യാനിച്ചു മതിമറന്നു പരവശയായിരിക്കുന്നു. കൃഷ്ണൻെറ മുഖപത്മമാകട്ടെ ശൃംഗാരചേഷ്ടിതങ്ങളാൽ ചുഴലുന്ന തരളങ്ങളായ നോട്ടങ്ങളാൽ കാമവികാരത്തെ ജനിപ്പിക്കുന്നതായിരിക്കുന്നു.

കൃഷ്ണൻെറ മുഖപത്മധ്യാനത്താൽ സുഖമുണ്ടാകുന്നതിനാൽ ധ്യാനം അധികപ്പെടുന്നു. മധുസൂദനശബ്ദത്തിനു തേനിനെ ഒഴുക്കുന്ന എന്നും അൎത്ഥമുണ്ട്. ആയതുകൊണ്ട് സരോജത്തോടു അതിനെ യോജിപ്പിച്ചു പ്രയോഗിച്ചതു ഉചിതമായി. ഇവിടെ പ്രത്യക്ഷനായ ശ്രീകൃഷ്ണൻ ധ്യാനത്തിനു വിഷയമായിരിക്കുന്നതായിട്ടാണു വൎണ്ണന.

നാലാംപദം—

കാപി—മറെറാരു

നിതംബവതീ—(നിതംബം ഉള്ളവൾ. തടിച്ചു വിസ്താരമേറിയ [പൃഷ്ഠഭാഗത്തോടുകൂടിയ) ഗോപി

കിമപി—എന്തോ
ലപിതും—(രഹസ്യം) പറയുവാനായി
അനുകൂലേ—അനുകൂലമായ അഭിമുഖമായി കൊണ്ടുവരപ്പെട്ട
ശ്രുതിമൂലേ—കർണ്ണമൂലപ്രദേശത്തിൽ
മിലിതാ—ചേർന്നുപററിക്കൊണ്ടവളായി
ദയിതം—കാന്തനായ കൃഷ്ണനെ
പുളകൈഃ—രോമാഞ്ചത്തോടുകൂടിയ
കപോലതലേ—കവിൾത്തടത്തിൽ
ചാരു, ചുചുംബ—ഭംഗിയായി ചുംബനംചെയ്തു.

വലിയ നിതംബമുള്ള ഒരു ഗോപി എന്തോ രഹസ്യം പറവാനെന്ന മട്ടിൽ ദയിതനായ കൃഷ്ണന്റെ കോൾമയിർകൊണ്ട കവിൾത്തടത്തിൽ പററിപ്പിടിച്ചു മനോഹരമായി ഉമ്മവച്ചു.

പുളകൈഃ, 'അനുകൂലേ' എന്നും അന്വയിപ്പിക്കാം. രോമാഞ്ചത്താൽ ദയിതന്റെ അഭിലാഷം സൂചിപ്പിക്കപ്പെട്ട കപോലതലത്തിൽ എന്നർത്ഥം. പെട്ടെന്നു ചെന്നു കാന്തന്റെ മുഖത്തെ ചുംബിക്കുന്നതു സഖികൾ പരിഹസിക്കുവാൻ ഇടയാകുമെന്നു വിചാരിച്ചാണു് എന്തോ പറയുവാനെന്ന മട്ടിൽ അടുത്തതു്. വലിയ നിതംബം ഉള്ളവളായതിനാൽ കാന്തനെ പിൻതുടന്നു ചെല്ലാൻ ഗോപി അശക്തയായി. അതിനാൽ എന്തോ കാര്യം പറവാനെന്ന മട്ടിൽ കൃഷ്ണനെ നിവത്തി ചുംബനംചെയ്തു തന്റെ ആഗ്രഹത്തെ സഫലമാക്കിത്തീർത്തു എന്നു സാരം. ഇതു ചെയ്വാൻ തുനിഞ്ഞ നായിക പ്രൗഢയാണു്. കൃഷ്ണന്റെ മുഖം ആദ്യമായി സ്പർശം ഉണ്ടായപ്പോൾ തന്നെ പുളകിതമായി.

അഞ്ചാംപദം—

കാചിത്, ച—മററൊരു ഗോപസ്ത്രീയും
യമുനാജലകൂലേ—യമുനയുടെ കാളിന്ദീനദിയുടെ ജലത്തോടു [കൂടിയ കൂലത്തിൽ തീരപ്രദേശത്തിൽ
കേളികലാകുതുകേന—കേളികളുടെ ക്രീഡകളുടെ കലകളിൽ വിധങ്ങളിൽ കുതുകത്താൽ ആഗ്രഹത്താൽ അതായതു് വിവിധങ്ങളായ [ക്രീഡകൾ ചെയ്തു രസിക്കുന്നതിൽ ആഗ്രഹത്താൽ
മംജുളവംജുളകുംജഗതം—മംജുളമായ മനോഹരമായ വംജുള [കുംജത്തിൽ വംജുളവള്ളിക്കുടിലിൽ ഗമിച്ചവനായ
അമും—ഇവനെ (കൃഷ്ണനെ)
കരേണ—കൈകൊണ്ടു്

ദുകൂലേ—ഉടുപുടവയായ പട്ടുവസ്ത്രത്തിൽ

വിചകർഷ—പിടിച്ചുവലിച്ചു.

ഒരു ഗോപസ്ത്രീ യമുനയുടെ ജലത്തോടുകൂടിയ തീരപ്രദേശത്തിൽ കൃഷ്ണനോടുകൂടി പലവിധങ്ങളായ ക്രീഡകൾ ചെയ്യുവാൻ അത്യാഗ്രഹമുള്ളവളായിത്തീൎന്നു. കൃഷ്ണനാകട്ടെ മനോഹരമായ വംജ്ജുളവള്ളിക്കുടിലിൽ ഇരിക്കുന്നു. അവൾ കൃഷ്ണനെ ഉടുപുടവയിൽ കൈയിട്ടു [താനുദ്ദേശിച്ച സ്ഥലത്തേക്കു് പിടിച്ചുവലിച്ചുതുടങ്ങി.

'യമുനാജലകൂലേ, മംജ്ജുളവംജ്ജുളകുംജഗതം' എന്നും അന്വയിപ്പി [ക്കാം. യമുനാതീരത്തുള്ള വള്ളിക്കുടിൽ എന്നർത്ഥം.

ആറാംപദം—

ഹരിണാ —കൃഷ്ണനാൽ

കരതലതാലതരലവലയാവലീകലിതകലസ്വനവംശേ—കരലതങ്ങളാൽ കൈത്തലങ്ങളാൽ താളം പിടിക്കുന്നതിനാൽ തരളമായ ചഞ്ചലമായ വലയാവലി (കൈയിൽ ധരിച്ചിരിക്കുന്ന) കങ്കണപംക്തി, അതിനാൽ (അതിൻെറ ശബ്ദത്താൽ) കലിതമായ് കലൎന്ന കലമായ അവ്യക്തമധുരമായ സ്വനത്തോടു ശബ്ദത്തോടുകൂടിയ വംശത്തോടു വേ [ണുവാദ്യത്തോടുകൂടിയ

രാസരസേ—ഗോപികളുടെ ക്രീഡാനുരാഗത്തിൽ

സഹ—കൃഷ്ണനോടുകൂടി

നൃത്യപരാ—(തുല്യകാലത്തിൽ) നൎത്തനം ചെയ്യുന്നവളായ

(കാചിത്), യുവതിഃ—ഒരു ഗോപതരുണി

പ്രശശംസേ—സ്തുതിക്കപ്പെട്ടു.

രാസക്രീഡയിങ്കൽ കൃഷ്ണൻ വേണുഗാനം ചെയ്യുന്നു. ഒരു ഗോപതരുണി കൈകൊട്ടി താളംപിടിച്ചു അതിനു അനുഗുണമായി നൎത്തനം ചെയ്യുന്നു. അപ്പോൾ ഒരു ഗോപസ്ത്രീയുടെ ഇളകിക്കൊണ്ടിരിക്കുന്ന കൈവളകളുടെ ശബ്ദം വേണുനാദത്തോടു കലൎന്നു മുഴങ്ങുന്നു. ഇങ്ങനെ തന്നോടൊത്തു നൎത്തനം ചെയ്യുന്ന അവളെ കൃഷ്ണൻ അഭിനന്ദിച്ചു.

ഗോപി സംഗീതകലയിൽ നിപുണയാണെന്നു സൂചിപ്പിക്കപ്പെട്ടു. അവൾ കൃഷ്ണൻ ചെയ്ത പ്രശംസയാൽ കൃതാർത്ഥയുമായി. 'അംഗനാമംഗനാമന്തരേ മാധവഃ' എന്നുള്ളതിൻെറ പ്രകടനമാണു് ഈ പദം എന്നും ചിലരുടെ അഭിപ്രായം.

ഏഴാംപദം—

സഃ—അവൻ (കൃഷ്ണൻ)

(രാസരസേ—രാസക്രീഡയിങ്കൽ)

(കപപിത്—ഒരിടത്തു്)

കാമപി, രാമാം—ഒരു ഗോപതരുണിയെ

ശ്ലിഷ്യതി—കെട്ടിപ്പുണരുന്നു.

കാമപി, ചുംബതി—മറെറാരുവളെ ഉമ്മവയ്ക്കുന്നു.

കാമപി, രമയതി—മറെറാരുവളെ രമിപ്പിക്കുന്നു.

സ്മിത ചാരുതരാം—സ്മിതത്താൽ ചിരിയാൽ അധികം മനോഹരയായ

കാമപി, പശ്യതി—മറെറാരുവളെ, കണ്ടുരസിക്കുന്നു.

വാമാം—വാമയായ കോപസ്വഭാവയായ അതായതു മാനിനിയായ

അപരാം, രാമാം—മറെറാരു സുന്ദരിയെ

അനുഗച്ഛതി—(നല്ലവാക്കു പറഞ്ഞു) പിൻതുടരുന്നു.

കൃഷ്ണൻ ഒരുത്തിയെ പുണരുകയും, മറെറാരുത്തിയെ ചുംബിക്കുകയും, വേറൊരുത്തിയെ രമിപ്പിക്കുകയും, മറെറാരുത്തിയുടെ സൌന്ദര്യത്തെ ആദരവോടുകൂടി കണ്ടുരസിക്കുകയും, കോപശീലയായ ഇനിയൊരുത്തിയെ പിൻതുടൎന്നു നല്ലവാക്കുപറഞ്ഞു ,സമാധാനപ്പെടുത്തുകയും ചെയ്യുന്നു.

ഭഗവാൻ പല കൃഷ്ണന്മാരായി ഭവിച്ചു ഓരോരുത്തിയോടും അവരവൎക്കു യോജിച്ചവണ്ണം ഒരേസമയത്തിൽ ക്രീഡകൾ നടത്തുന്നതായും, അല്ല; ഒരാൾതന്നെ ഓരോരുത്തിയോടും മാറി മാറി കളിക്കുന്നതായും, അല്ല; ഒരുവളെ പുണൎന്നുകൊണ്ടിരിക്കുമ്പോൾ തന്നെ മറെറാരുവളെ ചുംബനം ചെയ്യുന്നതായും അൎത്ഥം പറയാം. രാമ—രമണശീലം അതായതു് രമിക്കുന്നതിൽ ശീലമുള്ളവൾ. അവൾക്കു എപ്പൊഴും രമിക്കണം. സ്മിതചാരുതര—ഈ വാക്കു സരസമായ നോട്ടത്തെയും സൂചിപ്പിക്കുന്നു. സ്മിതത്തിലാണല്ലോ രതിരൂപമായ കാമം പ്രസ്ഫുഷ്ടമാകുന്നതു്. വാമ—നല്ലവാക്കുപറഞ്ഞാലും സമാധാനപ്പെടാത്ത സ്വഭാവമുള്ളവൾ. കൃഷ്ണൻ അവളെ പിൻതുടൎന്നു ശരിപ്പെടുത്തുന്നു എന്നു സാരം. രാസം—പശുവിനെ കറക്കുന്നവരുടെ ക്രീഡ അല്ലെങ്കിൽ വനക്രീഡ എന്നുമൎത്ഥം. സ്മിതചാരുതരാം—ചിലസുന്ദരികൾ ചിരിച്ചാൽ സൌന്ദൎയ്യം വൎദ്ധിക്കും.

എട്ടാം പദം—

കവി മുദ്രാലങ്കാരഭംഗിയിൽ തന്റെ നാമധേയത്തെ ഉൾപ്പെടുത്തി ആശീരൂപമായി പ്രബന്ധത്തെ ഉപസംഹരിക്കുന്നു—

ബൃന്ദാവനവിപിനേ—ബൃന്ദാവനപ്രദേശത്തിൽ

അദ്ഭുതകേശവകേലിരഹസ്യം—അദ്ഭുതമായ ആശ്ചര്യമായ കേശവന്റെ കൃഷ്ണന്റെ കേളികളുടെ ക്രീഡകളുടെ രഹസ്യത്തോടുകൂടി [യതും

ലളിതം, യശസ്യം—മനോഹരവും കീർത്തികരവും ആയ

ഇദം—ഈ

ശ്രീജയദേവഭണിതം—ശ്രീജയദേവകവിയുടെ ഭണിതം ഗീതം

ശുഭാനി, വിതനോതു—മംഗളങ്ങളെ വർദ്ധിപ്പിക്കട്ടെ.

ബൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ഗോപീമാരോടുകൂടി നടത്തിയ രഹസ്യക്രീഡകളെ വർണ്ണിക്കുന്നതും മനോഹരവും കീർത്തിപ്രദവും ആയ ജയദേവകവിയുടെ ഈ ഗീതം നന്മകളെ വർദ്ധിപ്പിക്കട്ടെ.

ജയദേവകവി ഇവ്വർണ്ണമുള്ള ഗീതങ്ങൾ രചിച്ചു വളരെ കീർത്തിമാനായി തീർന്നിരിക്കുന്നതു പ്രസിദ്ധമാണല്ലോ. ഒരു നായകൻ അനേകം കാമിനികളെ സന്തോഷിപ്പിക്കുന്നതിനാൽ അദ്ഭുതം.

(ശ്ലോകം)

വിശേഷാമനുരഞ്ജനേന ജനയന്നാനന്ദമിന്ദീവര-
ശ്രേണീശ്യാമളകോമളൈരുപനയന്നംഗൈരനംഗോത്സവമ്
സ്വച്ഛന്ദം വ്രജസുന്ദരീഭിരഭിതഃ പ്രത്യംഗമാലിംഗിതഃ
ശൃംഗാരഃ സഖി മൂർത്തിമാനിവ മധൗ മുഗ്ദ്ധോ ഹരിഃ ക്രീഡതി

സഖി—അല്ലയോ രാധേ!

മധൗ—ഈ വസന്തകാലത്തിൽ

മുഗ്ദ്ധഃ, ഹരിഃ—സുന്ദരനായ കൃഷ്ണൻ

അനുരംജനേന—രംജിപ്പിക്കുന്ന സ്വഭാവത്താൽ അനുരാഗത്താൽ

വിശേഷാം—എല്ലാവർക്കും

ആനന്ദം, ജനയൻ—ആനന്ദത്തെ ജനിപ്പിക്കുന്നവനായും

ഇന്ദീവരശ്രേണീശ്യാമലകോമളൈഃ—ഇന്ദീവരങ്ങളുടെ നീലത്താമരകളുടെ ശ്രേണിപോലെ പംക്തിപോലെ ശ്യാമളങ്ങളും നീലവർണ്ണങ്ങളും കോമളങ്ങളും സുകുമാരങ്ങളും ആയ

അംഗൈഃ— അംഗങ്ങളാൽ അവയവങ്ങളാൽ
അനംഗോത്സവം—കാമോത്സവത്തെ
ഉപനയൻ—വരുത്തിക്കൊണ്ടിരിക്കുന്നവനായും
വ്രജസുന്ദരീഭിഃ—ഗോപസ്ത്രീകളാൽ
അഭിതഃ, സ്വച്ഛന്ദം—നേരിട്ടു ഇഷ്ടംപോലെ
പ്രത്യംഗം—ഓരോ അവയവത്തിലും
ആലിംഗിതഃ— ആലിംഗനം ചെയ്യപ്പെട്ടവനായും
മൂർത്തിമാൻ—സ്വരൂപത്തോടുകൂടിയ
ശൃംഗാരഃ, ഇവ—ശൃംഗാരരസംപോലെ
ക്രീഡതി—കളിക്കുന്നു.

അല്ലയോ സഖി! സുന്ദരനായ കൃഷ്ണൻ ഈ വസന്തകാലത്തിൽ എല്ലാജനങ്ങളേയും രംജിപ്പിച്ചു ആനന്ദിപ്പിക്കുന്നു. നീലത്താമരപോലെ ശ്യാമവർണ്ണവും സുകുമാരവും ആയ അവയവങ്ങളാൽ കാമോത്സവം കൊണ്ടാടുന്നു. അവൻ ചുററുമുള്ള ഗോപതരുണീകളാൽ അംഗംതോറും യഥേഷ്ടം ആലിംഗനം ചെയ്യപ്പെടുന്നു. മൂർത്തിമത്തായ ശൃംഗാരരസമോ എന്നു തോന്നുമാറു് കൃഷ്ണൻ കളിക്കുന്നു.

വസന്തകാലത്തിൽ എല്ലാവർക്കും അനുരാഗത്തെ ജനിപ്പിക്കുന്നതും, നീലത്താമരകളെ വർദ്ധിപ്പിച്ചു കാമോത്സവം വരുത്തുന്നതും, തരുണികളെക്കൊണ്ടു ഇഷ്ടംപോലെ പ്രിയന്മാരെ ആലിംഗനം ചെയ്യിക്കുന്നതും' ശൃംഗാരസ്വഭാവമാണു്. ശൃംഗാരം കൃഷ്ണവർണ്ണമായതിനാൽ കൃഷ്ണനോടു സാദൃശ്യം. എല്ലാവർക്കും—ഗോപീകളെല്ലാവർക്കും. 'മുദ്ധോ' എന്നും പാഠം. മനോഹരമായ വസന്തത്തിൽ എന്നർത്ഥം. അഭിതഃ—രണ്ടുവിധത്തിൽ എന്നുമർത്ഥം. അതായതു ബാഹ്യങ്ങളായ അവയവങ്ങളാലും മനസ്സുകൊണ്ടും ആലിംഗനം ചെയ്യപ്പെട്ടു എന്നു താത്പര്യം. മനോഹരമായ ശൃംഗാരരസം വസന്തത്തിൽ എല്ലായിടത്തും വിലസുന്നതുപോലെ ശ്രീകൃഷ്ണൻ ക്രീഡിക്കുന്നു. ശ്രീകൃഷ്ണനോടു യോജിക്കുന്ന വാക്കുകളെല്ലാം ശൃംഗാരത്തോടും യോജിക്കുന്നു. അനുരംജനേന—യുവാക്കന്മാർക്കു തമ്മിൽ അനുരാഗത്തെ ജനിപ്പിച്ചു് എന്നുമർത്ഥം. അംഗൈഃ— ശൃംഗാരരസത്തിന്റെ അംഗഭൂതങ്ങളായ കടാക്ഷാദികളായ അനുഭാവങ്ങളാലും, രോമാഞ്ചാദികളായ സാത്വികഭാവങ്ങളാലും, ശങ്ക അസൂയ തുടങ്ങിയുള്ള സഞ്ചാരിഭാവങ്ങളാലും എന്നർത്ഥം. ഇന്ദീവരശ്രേണി, ഗാഢമായ ഇരുട്ടു്, നീലവർണ്ണമായനിചോളം(മൂടുപടം),വനമാല, വനം ഇവയാൽ ശ്യാമലമായതു്. മൃദുവായ ശയ്യ മുതലായതുകളാൽ കോമളം. പ്രത്യംഗം—അവരവർ അവരവർക്കു കിട്ടിയ അംഗത്തെ പുണരുന്നു എന്നു സാരം,

(ശ്ലോകം)

നിത്യോത്സംഗവസദ്ഭുജംഗകവലക്ലേശാദിവേശാചലം
പ്രാലേയപ്ലവനേച്ഛയാനുസരതി ശ്രീഖണ്ഡശൈലാനിലഃ
കിം ച സ്നിഗ്ദ്ധരസാലമൌലിമുകുലാന്യാലോക്യ ഹർഷോദയാ-
ദുന്മീലന്തി കുഹൂഃ കുഹൂരിതി കലോത്താലാഃ പികാനാം ഗിരഃ

ശ്രീഖണ്ഡശൈലാനിലഃ—ശ്രീഖണ്ഡശൈലത്തിൽ നിന്നു
[മലയപർവതത്തിൽനിന്നു വരുന്ന അനിലൻ കാററു

നിത്യോത്സംഗവസദ്ഭുജംഗകവലക്ലേശാത്—നിത്യം എപ്പൊഴും ഉത്സംഗത്തിൽ അകത്തു വസിക്കുന്ന ഭുജംഗങ്ങളുടെ സർപ്പങ്ങളുടെ കവലത്താൽ ആശ്ലേഷത്താൽ അല്ലെങ്കിൽ സമ്പക്കത്താൽ ഉണ്ടായ
[ക്ലേശത്താൽ സന്താപത്താൽ

പ്രാലേയപ്ലവനേച്ഛയാ, ഇവ—പ്രാലേയത്തിൽ മഞ്ഞിൽ പ്ലവ
[നം ചെയ്യുവാൻ മുങ്ങുവാൻ ഇച്ഛയാൽ ആഗ്രഹത്താൽ എന്നപോലെ

ഈശാചലം—ഈശന്റെ ശിവന്റെ അചലത്തെ പർവതത്തെ
[കൈലാസപർവതത്തെ

അനുസരതി—ലാക്കാക്കിഗമിക്കുന്നു.

കിഞ്ച—ഇനിയും

സ്നിഗ്ദ്ധരസാലമൌലിമുകുലാനി—സ്നിഗ്ദ്ധങ്ങളായ മനോഹരങ്ങളായ രസാലങ്ങളുടെ തേന്മാവുകളുടെ മൌലികളിൽ ശിഖരങ്ങളിൽ (അഗ്രഭാഗ
[ങ്ങളിൽ) മുകുളങ്ങളെ മൊട്ടുകളെ

ആലോക്യ—കണ്ടിട്ടു

ഹർഷോദയാത്—ഹർഷത്തിന്റെ സന്തോഷത്തന്റെ ഉദയം
[നിമിത്തം ആവിർഭാവം നിമിത്തം (ആനന്ദമുണ്ടായി)

പികാനാം—കുയിലുകളുടെ

കലോത്താലാഃ—കലങ്ങളും അവ്യക്തമധുരങ്ങളും ഉത്താലങ്ങളും
[ഉച്ചങ്ങളും ആയ

കുഹൂഃ കുഹൂഃ, ഇതി—കുഹൂ കുഹൂ എന്നുള്ള

ഗിരഃ, ഉന്മീലന്തി—ശബ്ദങ്ങൾ പ്രകാശിക്കുന്നു.

മലയപർവതത്തിലുള്ള സർപ്പങ്ങളുടെ സമ്പക്കത്താൽ സന്താപത്തെ പ്രാപിച്ച മലയവായു ശൈത്യോപചാരത്താൽ സന്താപം മാറി സുഖം കിട്ടുവാൻ ആഗ്രഹിച്ചിട്ടെന്നപോലെ കൈലാസപർവതത്തെ നോക്കി

വീശുന്നു. മനോഹരങ്ങളായ തേന്മാവുകളുടെ ശിഖരങ്ങളിൽ മൊട്ടുകളെക്കണ്ടു സന്തോഷമുണ്ടായ കുയിലുകൾ അവ്യക്തമധുരമായും ഉച്ചത്തിലും കൂഹൂശബ്ദം പുറപ്പെടുവിക്കുന്നു.

ഈ പദ്യത്തിൽ സഖി രാധയെ വേഗം കൃഷ്ണന്റെ അടുക്കൽ ചെല്ലുവാൻ പ്രേരിപ്പിക്കുന്നവളായി വസന്തകാലത്തിന്റെ ദുസ്സഹതയെ തന്നെ പ്രതിപാദിക്കുന്നു. സന്താപമുള്ളവർ ശീതോപചാരത്താൽ സന്താപം മാറി സുഖം കിട്ടുവാനാഗ്രഹിക്കുന്നതു സ്വഭാവമാണ്. സർപ്പങ്ങൾ ശ്വസിക്കുന്നതിനാൽ താപമുണ്ടായ കാററു തണുപ്പിനെ ആവശ്യപ്പെടുന്നു. കൈലാസം മഞ്ഞു നിറഞ്ഞ പർവതമായതിനാൽ അങ്ങോട്ടുനോക്കി വീശുന്നു. ഉത്പ്രേക്ഷ. കൈലാസം ഹിമാലയത്തോടുചേന്ന പർവതം. മലയപർവതം തെക്കൻ ദിക്കിലുള്ളതായും, അതിൽ ചന്ദനമരങ്ങൾ ധാരാളം ഉള്ളതായും, ആയതിനാൽ സർപ്പങ്ങൾക്കു ആവാസമായും കവിസമയപ്രസിദ്ധിയുണ്ട്. വസന്തകാലത്തിൽ കാററു തെക്കുനിന്നും വടക്കോട്ടു വീശുകപതിവായതിനാൽ ഉത്പ്രേക്ഷ ഉചിതമായിരിക്കുന്നു. കവലം—ദശനം വിഴുങ്ങുക എന്നെല്ലാമത്ഥം. ശ്വസിക്കുക എന്നു സാരം. ഈശാചലം—ഈശനായ അചലം പർവതാധിപൻ അല്ലെങ്കിൽ ഈശയുടെ പാർവതിയുടെ അചലം ഹിമാലയപർവതം എന്നമത്ഥം. ഈശാചലത്തെ അനു—ലാക്കാക്കി, സരതി—ഗമിക്കുന്നു. സർപ്പങ്ങൾ ശ്വസിച്ച വായുവിൽ വിഷസമ്പക്കത്താൽ താപമുണ്ടാകുന്നു. വിരഹികളുടെ മനസ്സിനേയും ശരീരത്തേയും തകക്കുന്നതിൽ നിപുണകളായ സ്നിഗ്ദ്ധരസാലമൗലിമുകുലങ്ങളെക്കണ്ടിട്ടു സന്തോഷം പൂണ്ട കുയിലുകൾ കൂഹൂശബ്ദം പുറപ്പെടുവിക്കുന്നതായുള്ള കവിയുടെ സ്വഭാവോക്തി ഭംഗിയായിട്ടുണ്ട്.

(ശ്ലോകം)

രാസോല്ലാസഭരേണ വിഭ്രമഭൃതാമാഭീരവാമഭ്രുവാ-
  മഭ്യണ്ണേ പരിരഭ്യ നിർഭരമുരഃ പ്രേമാന്ധയാ രാധയാ
'സാധു ത്വദ്വദനം സുധാമയമി'തി വ്യാഹൃത്യ ഗീതസ്തുതി-
വ്യാജാദുദ്ഭടചുംബിതഃ സ്മിതമനോഹാരീ ഹരിഃ പാതുവഃ ॥൩॥

രാസോല്ലാസഭരേണ—രാസക്രീഡയിങ്കൽ ഉല്ലാസഭരത്താൽ അധി
[കം ശോഭിക്കുകയാൽ

വിഭ്രമോദ്ഭ്രാന്താം—ഹാവഭാവാദി വിലാസങ്ങളോടുകൂടിയ

ആഭീരവാമഭ്രുവാം—ഗോപാംഗനകളുടെ

അഭ്യർണ്ണേ—സമീപത്തിൽ

ഉരഃ—(കൃഷ്ണന്റെ) തിരുമാറിടത്തെ

നിർഭരം, പരിരഭ്യ—ഗാഢമാംവണ്ണം പുണർന്നിട്ട്

പ്രേമാന്ധയാ—പ്രേമത്താൽ കാമത്താൽ മതിമറന്നവളായ

രാധയാ—രാധയാൽ

ഗീതസ്തുതിവ്യാജാത്—ഗീതത്തെ വേണുഗാനത്തെ സ്തുതിക്കുക എ
[ന്നവ്യാജത്താൽ

'സാധു—ശരിയാണ്

ത്വദ്വദനം—നിന്തിരുവടിയുടെ വദനം (മുഖം)

സുധാമയം—അമൃതമയമാകുന്നു.'

ഇതി, വ്യാഹൃത്യ—എന്നിങ്ങനെ പറഞ്ഞിട്ടു

ഉദ്ഭടചുംബിതഃ—ഉദ്ഭടമാംവണ്ണം ചുംബനം ചെയ്യപ്പെട്ടവനും

സ്മിതമനോഹാരീ—സ്മിതത്താൽ പുഞ്ചിരിയാൽ മനോഹരനുംസുന്ദ
[രനും ആയ

ഹരിഃ—ഭഗവാൻ ശ്രീകൃഷ്ണൻ

വഃ, പാതു—നിങ്ങളെ രക്ഷിക്കട്ടെ.

ഗോപസ്ത്രീകൾ കൃഷ്ണനോടുകൂടി രാസക്രീഡയിങ്കൽ പല ശൃംഗാരലീലകൾ നടത്തിക്കൊണ്ടിരിക്കുന്നു. അപ്പോൾ രാധ കാമപീഡ സഹിക്കവയ്യാതെ കൃഷ്ണന്റെ അടുക്കൽ ചെന്നു കൃഷ്ണനെ ബലമായി ആലിംഗനം ചെയ്യുകയും പ്രേമത്താൽ മതിമറന്നവളായി കൃഷ്ണന്റെ വേണുഗാനത്തെ സ്തുതിക്കുന്ന മട്ടിൽ 'നിന്തിരുവടിയുടെ വദനം (അധരം) അമൃതമയം തന്നെ' എന്നു പറഞ്ഞു മുഖത്തിൽ നല്ലപോലെ ചുംബിക്കുകയും ചെയ്തു. അതിന്റെ സുഖം നിമിത്തം പുഞ്ചിരിയോടുകൂടിയ മനോഹരനായ ഭഗവാൻ ശ്രീകൃഷ്ണൻ നിങ്ങളെ കാത്തുകൊള്ളട്ടെ.

സർഗാവസാനപദ്യത്തിങ്കൽ കവി ആശീരൂപമായി ഭഗവാനെ സ്തുതിക്കുന്നു. അമൃതമയമായ മുഖത്തിൽനിന്നുപുറപ്പെടുന്നഗീതം അമൃതം തന്നെ എന്നിങ്ങനെ സംസാരിക്കുന്ന വ്യാജത്തിൽ ചുംബിച്ചു. മററു നാരികളുടെ സാന്നിധ്യത്തിൽ ചുംബിക്കുക അയുക്തമാണ്. അതിനാലാണ് ഗീതത്തെ സ്തുതിച്ചുസംസാരിക്കുന്നവ്യാജത്താൽ എന്നു പറയുന്നതു്.

വാസ്തവത്തിൽ വദനാമൃതപാനം ആവശ്യപ്പെട്ടാണു പറഞ്ഞതു്. കൃഷ്ണന്റെ ഗീതം എന്നപോലെ മുഖവും (അധരവും) അമൃതംതന്നെ. സ്മിതമനോഹാരീ—സ്മിതത്താൽ ഇളംപുഞ്ചിരിയാൽ മററു നാരികളുടെ മനസ്സിനെ അപഹരിക്കുന്നവൻ എന്നത്ഥം. രാധ കാമാന്ധയായിത്തീൎന്നതിനാൽ താൻ കൃഷ്ണനെ പുണരുന്നതു മററുനാരിമാർ കാണുന്നതിനെ സാരമാക്കിയില്ല. അവൎക്കു അതു ലജ്ജാവഹമായിതോന്നിയില്ല എന്നു സാരം.

'ഭ്രമരപദം' എന്ന നാലാം പ്രബന്ധം സമാപ്തമായി.

ഒന്നാംസർഗം സമാപ്തം.

## അൎക്ലേശകേശവം എന്ന രണ്ടാംസൎഗം.

(ശ്ലോകം)

വിഹരതി വനേ രാധാ സാധാരണപ്രണയേ ഹരൗ
വിഗളിതനിജോത്കൎഷാദീൎഷ്യാവശേന ഗതാന്യതഃ
കചിദപി ലതാകുഞ്ജേ ഗുംജന്മധുവ്രതമണ്ഡലീ-
മുഖരശിഖരേ ലീനാ ദീനാപ്യുവാച രഹഃ സഖീം ൧

ഭാഷ

അന്യാസക്തിമൂഴത്തു തന്നെയുമുപേക്ഷിച്ചിട്ടു ബൃന്ദാവനേ
വന്യാനാം പ്രവരേ കളിക്കുമജനെകണ്ടിട്ടൊഴിഞ്ഞാള സൗ.
ധന്യാ രാധ വനാന്തരം ഗതവതീ കുംജേ നിലീനാ കടല്-
കന്യാകാമുകകാംക്ഷകൊണ്ടുകരവൃത്തുംചെയ്തുവോചത്
[സഖീം

സാധാരണപ്രണയേ—സാധാരണമായ എല്ലാഗോപികളിലും തുല്യ
[മായ പ്രണയത്തോടു സ്നേഹത്തോടുകൂടിയ

ഹരൗ, വനേ—കൃഷ്ണൻ ബൃന്ദാവനത്തിൽ

വിഹരതി—കളിക്കുമ്പോൾ

വിഗളിതനിജോത്കൎഷാത്—വിഗളിതമായ ഇല്ലാതെയായ നിജ
[മായ തൻെറതായ ഉത്കൎഷം നിമിത്തം പ്രത്യേകതനിമിത്തം

ഈൎഷ്യാവശേന—അസഹിഷ്ണുതയാൽ

അന്യതഃ—മററൊരു സ്ഥലത്തേയ്ക്കു

ഗതാ, രാധാ—പോയവളായ രാധ

ഗുംജന്മധുവ്രതമണ്ഡലീമുഖരശിഖരേ—ഗുംജത്തായ ഝങ്കാരശബ്ദം
മുഴക്കുന്ന മധുവ്രതമണ്ഡലിയാൽ വണ്ടിസ്കൂട്ടത്താൽ മുഖരമായ വാ
[ചാലമായ ശിഖരത്തോടു അഗ്രഭാഗത്തോടുകൂടിയ

കചിത്—ഏതാണ്ടൊരു

ലതാകുംജേ—വള്ളിക്കുടിലിൽ (വള്ളികളാൽ നിബിഡമായ കുടി
[ലിൽ)

ലീനാ, ദീനാ—ലയിച്ചവളായി ദുഃഖിതയായി

സഖീം, രഹഃ, അപി—സഖിയോടു രഹസ്യത്തെപ്പോലും

ഉവാച—പറഞ്ഞു.

ശ്രീകൃഷ്ണൻ എല്ലാനാരിമാരോടും തുല്യമായി സ്നേഹിച്ചു കളിക്കുന്നു. അതുകണ്ടു രാധ അന്യസ്ത്രീകളിൽനിന്നും തനിക്കുള്ള പ്രത്യേകത പോയതിനാൽ കുപിതയായി അവിടംവിട്ടുപോയി ഉച്ചത്തിൽ വണ്ടുകളുടെ ശബ്ദം മുഴങ്ങുന്ന ഒരു വള്ളിക്കുടിലിൽ ചെന്നു് ഒളിച്ചിരുന്നുകൊണ്ടു് ദീനയായി സഖിയോടു രഹസ്യം പറഞ്ഞു.

ഒന്നാംസർഗ്ഗത്തിൽ അഭിലാഷം ചിന്ത എന്നിങ്ങനെ രണ്ടവസ്ഥകളെ വർണ്ണിച്ചു. സ്മരണം എന്ന അവസ്ഥയെ വർണ്ണിക്കുവാനായി രണ്ടാംസർഗ്ഗം ആരംഭിക്കുന്നു.

പലവിധത്തിൽ സഖിയാൽ ഉണർത്തപ്പെട്ട രാധ മററു നാരിമാരോടുകൂടി കൃഷ്ണൻ കളിക്കുന്നതിനെ നേരിട്ടുകണ്ടു സഹിക്കാത്തവളായി കൃഷ്ണനോടു് അഭിലാഷവും ഈർഷ്യയും വർദ്ധിച്ചു് ഒരു വള്ളിക്കുടിലിനകത്തു ചെന്നിരിപ്പായി. അവ്വണ്ണമുള്ള രാധയുടെ അവസ്ഥാവിശേഷം ഈ പദ്യത്തിൽ വർണ്ണിക്കപ്പെടുന്നു.

കൃഷ്ണൻ മററുള്ളവരിൽനിന്നും തന്നെ അധികമായി സ്നേഹിക്കുന്നതായി രാധ വിചാരിച്ചിരുന്നു. അങ്ങനെയല്ലെന്നു കണ്ടപ്പോൾ അവൾക്കു് അഭിലാഷവും ഈർഷ്യയും അധികമായി. അന്യതഃ, ഗതാ—കൃഷ്ണൻ മററു നാരിമാരോടു രമിക്കുന്നതിനെ കാണാൻ പാടില്ലാത്ത ഒരു സ്ഥലത്തേയ്ക്കു പോയവളായ എന്നർത്ഥം. രഹസ്യം—ഗോപ്യം. രഹസ്യം പറയാൻ വള്ളിക്കുടിൽ പററിയ സ്ഥാനമല്ല. എന്തെന്നാൽ ഒളിച്ചിരുന്നു കേൾക്കാൻവശമുണ്ടു്. എങ്കിലും കാമപാരവശ്യത്താൽ പറയാതെ നിവൃത്തിയില്ല. അവൾ ദീനയായതിനാൽ വർത്തമാനം പറയാൻപോലും ശക്തയല്ല. ഝങ്കാരനാദം രാധയുടെ കാമത്തെ വളർത്തുന്നു. ഇതെല്ലാം അപിശബ്ദത്തിൻെറ സ്വാരസ്യമാണുപോലും.

തങ്കൽ ഉത്കണ്ഠിതയായ രാധ അനുഭവിക്കുന്ന കഷ്ടങ്ങളെ ശ്രീകൃഷ്ണൻ അറിയുന്നില്ല. അവൻ രാധയിങ്കൽ പ്രേമംകുറഞ്ഞു മററു ഗോപിമാരോടു രമിച്ചുനടക്കുന്നു. അതെല്ലാം കാണാനിടയായ രാധ കുപിതയായും പിന്നീടു് ഉത്കണ്ഠിതയായും തൻെറ അവസ്ഥാവിശേഷങ്ങളെ സഖിയോടു പറഞ്ഞുകേൾപ്പിച്ചു തനിക്കു് കൃഷ്ണനോടു സംഗമം ഉണ്ടാകത്തക്കവണ്ണം സഖിയേ പ്രേരിപ്പിക്കുന്നു. ഇതെല്ലാം രണ്ടാംസർഗ്ഗത്തിലെ പ്രതിപാദ്യമാകുന്നു.

## അഷ്ടപദീ ൫.

ഗുർജരീരാഗേണ ഗീയതേ രൂപകതാളേന വാദ്യതേ.

൧. സഞ്ചരദധരസുധാമധുരധ്വനിമുഖരിതമോഹനവംശം
ചലിതദൃഗഞ്ചലചഞ്ചലമൗലികപോലവിലോലവതംസം
രാസേ ഹരിമിഹ വിഹിതവിലാസം
സ്മരതി മനോ മമ കൃതപരിഹാസം

൨. ചന്ദ്രകചാരുമയൂരശിഖണ്ഡകമണ്ഡലവലയിതകേശം
പ്രചുരപുരന്ദരധനുരനുരഞ്ജിതമേദുരമുദിരസുവേശം
(രാസേ...)

൩. ഗോപകദംബനിതംബവതീമുഖചുംബനലംഭിതലോഭം
ബന്ധുജീവമധുരാധരപല്ലവമുല്ലസിതസ്മിതശോഭം
(രാസേ...)

൪. വിപുലപുലകഭുജപല്ലവവലയിതവല്ലവയുവതിസഹസ്രം
കരചരണോരസി മണിമയഭൂഷണകിരണവിഭിന്നതമിസ്രം
(രാസേ...)

൫. ജലദപടലചലദിന്ദുവിനിന്ദകചന്ദനതിലകലലാടം
പീനപയോധരപരിസരമർദനനിർദയഹൃദയകപാടം
(രാസേ...)

൬. മണിമയമകരമനോഹരകുണ്ഡലമണ്ഡിതഗണ്ഡമുദാരം
പീതവസനമനുഗതമുനിമനുജസുരാസുരവരപരിവാരം
(രാസേ...)

൭. വിശദകദംബതലേ മിലിതം കലികലുഷഭയം ശമയന്തം
മാമപി കിമപി തരലതരംഗദനംഗദൃശാ മനസാ രമയന്തം
(രാസേ...)

൮. ശ്രീജയദേവഭണിതമതിസുന്ദരമോഹനമധുരിപുരൂപം
ഹരിചരണസ്മരണം പ്രതിസംപ്രതി പുണ്യവതാമനുരൂപം
(രാസേ...)

## ഭാഷ

### അഞ്ചാം അഷ്ടപദി.

ദേവഗാന്ധാരം—അടന്ത.

൧. വണ്ടൊളിവർണ്ണൻെറ പുതുവേഷമുടലും
ചുണ്ടിന്നിണങ്ങിന കുഴലും
കണ്ടിട്ടു കണ്ണൻെറ കുഴൽവിളികേട്ടിട്ടു-
മുണ്ടായ രോമാഞ്ചം മാഞ്ഞില്ലിപ്പൊഴും
രാമാനുജനിലെ രതി വളരുന്നു
രാസോത്സവരസം നിരൂപിക്കുംതോറും

൨. നീലിമാവേറിയ കേശവകേശത്തിൽ
പീലിമാലാവലി ചാർത്തിയതും
കാലിണതൊട്ടു മുടിയോളം കോപ്പിട്ടു
കോലവുമോർത്തിട്ടു കൊതിപെരുകുന്നു (രാമാനുജ...)

൩. ഗോപികമാരുടെ മുഖം തോറും നുകർന്നിട്ടു
ലോഭം വർദ്ധിക്കും തിരുമുഖവും
കോപമൊഴിക്കും പുഞ്ചിരിവെണ്ണിലാവിൻെറ
ശോഭയുമോർക്കുമ്പോൾ പോന്നതുപിഴച്ചു (രാമാനുജ...)

൪. രൂപഗുണം കാണ്മാൻ ചുറവും നിറഞ്ഞൊരു
രൂപവതിമാർക്കില്ലെണ്ണം
ശ്രീപതിയുടെ ദിവ്യാഭരണാഭകൊണ്ടു
രാപകലായിട്ടു കണ്ടതും തോന്നുന്നു (രാമാനുജ...)

൫. പൂർണ്ണചന്ദ്രനെ നിന്ദിക്കുന്ന തിലകവും
പൂമകളുടെ മുലത്തടം മുട്ടുമുരസ്സും
തൂർണ്ണമരയും തുടകളും കിട്ടുവാൻ
തുണയാമോ ദൈവം തുകിലഴിയുന്നു (രാമാനുജ...)

൬. മണിമയമകരകുണ്ഡലങ്ങളുടെ നിഴ-
ലണിതലമായുള്ള കവിളിണയും

മണ്ണിലെക്കാളെണ്ണമേറുന്ന സുരാസുര-
മനുജമുനിപരിവാരവും പൂണ്ടൊരു (രാമാനുജ...)

൭. കടമ്പിൻെറ ചുവട്ടിന്ന കാമദേവപട്ട
കടവുകളിക്കുന്ന കണ്ണന്തങ്കും
ഉടലൊട്ടു ചേർത്തു പുണർന്നുകൊണ്ടെന്നൊയും
ഉടനതുകണ്ടു പൂണ്ടു രമിപ്പിച്ച (രാമാനുജ...)

൮. ശ്രീജയദേവകവിയ്ക്കായ്ക്കൊണ്ടും
രാജീവലോചനനായ്ക്കൊണ്ടും
രാജതപമേറിയാലുമെന്നെ മറക്കാത്ത
തേജസ്സിനായ്ക്കൊണ്ടും നമസ്കാരം (രാമാനുജ...)

'മധുരിപുരതാകണ്ഠിക' എന്ന അഞ്ചാമത്തെ പ്രബന്ധം ആരംഭിക്കുന്നു. ഇതിൽ രാധ സഖിയോടു എന്തുപറഞ്ഞു എന്നു പ്രസ്താവിക്കുന്നു.

ഒന്നാംപദം—

സഞ്ചരദധരസുധാമധുരധ്വനിമുഖരിതമോഹനവംശം—സഞ്ചരിക്കുന്ന ഒഴുകുന്ന അധരസുധയാൽ അധരാമൃതത്താൽ മധുരമായ ധ്വനിയോടു നാദത്തോടുകൂടിയതാകുംവണ്ണം മുഖരിതമായ മുഴക്കപ്പെട്ട മോഹനമായ മോഹനം എന്നു പേരായ അല്ലെങ്കിൽ മോഹിപ്പിക്കുന്ന വംശത്തോടു വേണുവാദ്യത്തോടുകൂടിയവനം (ആയതുകൊണ്ടു്)

ചലിതദൃഗഞ്ചലചഞ്ചലമൗലികപോലവിലോലവതംസം—ചലിപ്പിക്കപ്പെട്ട ദൃക്കുകളുടെ കണ്ണുകളുടെ അഞ്ചലത്തോടു അററത്തോടു കൂടിയതാകുംവണ്ണം ചഞ്ചലമായ ഇളകുന്നതായ മൗലിയാൽ ശിരസ്സിനാൽ കപോലങ്ങളിൽ കവിൾത്തടങ്ങളിൽ വിലോലങ്ങളായ ആടുന്നതുകളായ വതംസത്തോടു കർണ്ണാഭരണങ്ങളോടുകൂടിയവനം

ഇഹ—ഇവിടെ (ക്രീഡാവനമായ ബൃന്ദാവനത്തിൽ)

രാസേ—രാസക്രീഡയിങ്കൽ

വിഹിതവിലാസം—വിഹിതമായ ചെയ്യപ്പെട്ട വിലാസത്തോടു ക്രീഡയോടുകൂടിയവനം

കൃതപരിഹാസം—കൃതമായ ചെയ്യപ്പെട്ട പരിഹാസത്തോടുകൂടിയവനംആയ

ഹരിം, മമ—കൃഷ്ണനെ എൻെറ

മനഃ,സ്മരതി—മനസ്സ് ഓർമ്മിക്കുന്നു.

കൃഷ്ണൻ വേണുഗാനംചെയ്യുന്നു. വേണുഗാനംചെയ്യുമ്പോൾ ഒഴുകുന്ന അധരാമൃതത്താൽ ഗാനശബ്ദംമധുരമായും എല്ലാവരേയും മോഹിപ്പിക്കുന്നതായും ഇരിക്കുന്നു. കണ്ണുകൾ ഇളകുകയും തലയാട്ടുകയും ആയതിനാൽ കവിൾത്തടങ്ങളിൽ ഇളകിക്കൊണ്ടിരിക്കുന്ന കുണ്ഡലങ്ങൾമിന്നുകയുംചെയ്യുന്നു. ഇവ്വണ്ണം രാസക്രീഡചെയ്യുന്ന പരിഹാസശീലനായ കൃഷ്ണനെ എന്റെ ചിത്തം സ്മരിക്കുന്നു.

മൂന്നും നാലുംവരികൾ 'ധ്രുവപദം' ആയതിനാൽ ബാക്കിയുള്ള പദങ്ങളോടു അവയെ ചേൎത്തുകൊള്ളണം. സഞ്ചരിക്കുന്ന താനക്രമത്തിൽ സഞ്ചരിക്കുന്ന. ആയതുകൊണ്ടു സ്ഫുരിക്കുന്ന അധരത്താൽ സുധപോലെ മധുരമായ നാദം പുറപ്പെടുവിക്കപ്പെടുന്നു എന്നുമൎത്ഥം. വേണുനാദത്താൽ മോഹിതമായ എന്റെ ചിത്തം ഈൎഷ്യയെല്ലാം വെടിഞ്ഞു കൃഷ്ണനെത്തന്നെ സ്മരിക്കുന്നു എന്നാൎത്ഥം. സ്മരിക്കുന്നു—മുമ്പു നേരിട്ടു അനുഭവിച്ച ഹരിചരിതത്തെ ഇപ്പോൾ മനസ്സ്സാക്ഷാത്കരിക്കുന്നു എന്നാൎത്ഥം. വേണുനാദത്തിന്റെ രസത്താൽ ഗോപികളുടെ നേത്രപ്രാന്തങ്ങൾ ഇളകുന്നതോടുകൂടി തലയും ആടുന്നു. അവരുടെ ഇടയിൽ ചലിക്കുന്ന കുണ്ഡലങ്ങളോടുകൂടിയ ശ്രീകൃഷ്ണൻ എന്നുമൎത്ഥം. അധരസുധാപാനത്താൽ ശ്രീകൃഷ്ണന്റെ മുഖം ചന്ദ്രനെക്കാൾ ആനന്ദപ്രദം എന്നു സൂചിതമായി. 'കപോല' ഇത്യാദി പ്രത്യേകപദമായും ആവാം.

രണ്ടാംപദം—

ചന്ദ്രകചാരുമയൂരശിഖണ്ഡകമണ്ഡലവലയിതകേശം— ചന്ദ്രകങ്ങളോടു വിചിത്രങ്ങളായ ചിഹ്നങ്ങളോടുകൂടിയ (പീലിക്കണ്ണുകളോടുകൂടിയ) ശിഖണ്ഡകങ്ങളുടെ മയിൽപീലികളുടെ മണ്ഡലത്താൽ സമൂഹത്താൽ വലയിതമായ ചുററിക്കെട്ടപ്പെട്ട കേശത്തോടു തല [മുടിയോടുകൂടിയവനും

പ്രചുരപുരന്ദരധനുരനുരഞ്ജിതമേദുരമുദിരസുവേശം—പ്രചുരമായ ബഹുലമായ പുരന്ദരന്റെ ദേവേന്ദ്രന്റെ ധനുസ്സുകളാൽ വില്ലുകളാൽ അനുരഞ്ജിതമായ പ്രകാശിപ്പിക്കപ്പെട്ട മേദുരമായ നിബിഡമായ മുദിരംപോലെ കാർമേഘംപോലെയുള്ള ആകൃതിയോടു കൂടിയ [വനും (ആയ കൃഷ്ണനെ).

കൃഷ്ണന്റെതലമുടി കണ്ണുകൾഉള്ള മയിൽപീലികൾചേൎത്തു ചുററിക്കെട്ടപ്പെട്ടിരിക്കുന്നു. നവരത്നങ്ങൾ പതിച്ച ഹാരങ്ങൾ വളകൾ തുടങ്ങിയ ആഭരണങ്ങൾധരിച്ചിരിക്കുന്ന നീലവൎണ്ണനായ കൃഷ്ണന്റെ തിരുമേനി ഇന്ദ്രന്റെ മഴവില്ലോടു ശോഭിക്കുന്ന കാർമേഘംപോലെ വിളങ്ങുന്നു.

മഴവില്ല് പലനിറങ്ങൾ ഉള്ളതാണല്ലോ. മേഘത്തിൽ ഒരു ഇന്ദ്രധനുസ്സുതന്നെ പ്രകാശിക്കും. കൃഷ്ണൻെറ തിരുമേനി അനേകം മഴവില്ലുകളോടുകൂടിയ കാർമേഘംപോലെ ശോഭിക്കുന്നു എന്നു അൽഭുതോപമ. കൃഷ്ണന് മേഘസാമ്യം.

മൂന്നാംപദം—

ഗോപകദംബനിതംബവതീമുഖചുംബനലംഭിതലോഭം—ഗോപകദംബനിതംബവതികളുടെ വലിയപൃഷ്ഠഭാഗത്തോടുകൂടിയ ഗോപികളുടെ മുഖത്തെ ചുംബിക്കുന്നതിൽ ലംഭിതമായ് പ്രാപിപ്പിക്കപ്പെട്ട ലോഭത്തോടു ആൎത്തിയോടുകൂടിയവനും

ബന്ധുജീവമധുരാധരപല്ലവം—ബന്ധുജീവംപോലെ ചെമ്പരത്തിപ്പൂപോലെ മധുരമായ മനോജ്ഞമായ അധരപല്ലവത്തോടു അധരമാകുന്ന തളിരോടുകൂടിയവനും

ഉല്ലസിതസ്മിതശോഭം—ഉല്ലസിതമായ വെളിയിൽ പ്രകാശിപ്പിക്കപ്പെട്ട സ്മിതത്തിൻെറപുഞ്ചിരിയുടെ ശോഭയോടുകൂടിയവനും (ആയ (കൃഷ്ണനെ)

കൃഷ്ണൻ, വലിയജഘനപ്രദേശത്തോടുകൂടിയ ഗോപിമാരുടെ മുഖത്തെചുംബിക്കുന്നതിൽ തൃഷ്ണയുള്ളവനായിരിക്കുന്നു. ചെമ്പരത്തിപ്പൂപോലെ മനോഹരമായ കൃഷ്ണൻെറ അധരത്തളിരിൽ പുഞ്ചിരി ശോഭിക്കുന്നു.

ഗോപികളാൽ കൃഷ്ണൻെറ മുഖത്തെ ചുംബിക്കുന്നതിൽ ആൎത്തിപ്രദർശിപ്പിക്കപ്പെട്ടു. പലക്കും ആൎത്തിയുള്ളപ്പോൾ ചുംബിക്കാൻ മുഖം കിട്ടുന്നതു എളുപ്പമല്ലല്ലോ. അവ്വണ്ണമുള്ള കൃഷ്ണൻ എന്നുമൎത്ഥം. ഗോപകദംബം —ഗോപന്മാരുടെകൂട്ടം. ഇർഷ്യകൊണ്ടു 'എൻെറമുമ്പിൽതന്നെ കൃഷ്ണൻ മററുസ്ത്രീകളോട് അനുരാഗത്തെ പ്രകാശിപ്പിക്കുന്നു. ആയതുകൊണ്ടു ഞാൻ അവനെ അനുസരിക്കുന്നില്ല' എന്നിങ്ങനെ വിചാരിക്കുന്നവൾ രാധ. ബന്ധുജീവപുഷ്പത്തെ കാണുന്ന രാധ കൃഷ്ണൻെറ അധരഹാസ്യശോഭയെ സ്മരിക്കുന്നു എന്നുമൎത്ഥം.

നാലാംപദം—

വിപുലപുലകഭുജപല്ലവവലയിതവല്ലവയുവതിസഹസ്രം—വിപുലമായ് അധികമായ പുലകത്തോടു രോമാഞ്ചത്തോടുകൂടിയ ഭുജപല്ലവങ്ങളാൽ പല്ലവങ്ങൾപോലെ തളിരുകൾപോലെ കോമളങ്ങളായ ഭുജങ്ങളാൽ വലയിതമായ ചുററപ്പെട്ട വല്ലവയുവതികളുടെ ഗോപാംഗനകളുടെ സഹസ്രത്തോടു കൂട്ടത്തോടുകൂടിയവനും

കർചരണാരസി—കൈകളിലുംകാലുകളിലുംമാറിലും(ധരിച്ചിരിക്കുന്ന) മണിമയഭൂഷണകിരണവിഭിന്നതമിസ്രം—മണിമയങ്ങളായ നവരത്ന മയങ്ങളായ ഭൂഷണങ്ങളാൽ ആഭരണങ്ങളാൽ വിഭിന്നമായ നശി പ്പിക്കപ്പെട്ട തമിസ്രത്തോടു ഇരുട്ടോടുകൂടിയവനും (ആയ കൃഷ്ണനെ). കൃഷ്ണൻ, തന്റെ രോമാഞ്ചത്തോടുകൂടിയ കോമളങ്ങളായ ബാഹു ക്കളാൽ അനേകം ഗോപികളെ ഒന്നിച്ചു പുണരുന്നു. കൈകളിലും കാലുകളിലും തിരുമാറിടത്തിലും ധരിച്ചിരിക്കുന്ന മണിഭൂഷണങ്ങളാൽ [ഇരുളിനെ അകററുന്നു.

അഞ്ചാംപദം—

ജലദപടലചലദിന്ദുവിനിന്ദകചന്ദനതിലകലലാടം—ജലദത്തിന്റെ മേഘത്തിന്റെ പടലത്തിൽ കൂട്ടത്തിൽ ചലത്തായ സഞ്ചരി ക്കുന്ന ഇന്ദുവിന്റെ ചന്ദ്രന്റെ (ചന്ദ്രനെ) വിനിന്ദകമായ (നിന്ദിക്കു ന്നതായ അതായതു ചന്ദ്രനെക്കാൾ ശോഭയേറിയ) ചന്ദനത്താലുള്ള തിലകത്തെ പൊട്ടിനെ ധരിച്ച ലലാടത്തോടു നെററിത്തടത്തോടു [കൂടിയവനും

പീനപയോധരപരിസരമർദ്ദനനിർദ്ദയഹൃദയകപാടം—പീനങ്ങളായ തടിച്ചതുകളായ പയോധരങ്ങളുടെ മുലകളുടെ (മുലകളെ) മർദ്ദനത്തിൽ (മർദ്ദിക്കുന്നതിൽ) നിരദ്ദയമായ ദയയില്ലാത്ത ഹൃദയകപാടത്തോടു ക പാടംപോലെ വിശാലമായ മാറിടത്തോടുകൂടിയവനും (ആയ ശ്രീകൃ ഷ്ണനെ).

കാർമേഘനിരയുടെ നടുക്കു വിളങ്ങുന്ന ചന്ദ്രബിംബത്തിന്റെ ശോഭയെ അതിശയിക്കുന്ന ചന്ദനംകൊണ്ടുള്ള പൊട്ടു് കൃഷ്ണന്റെ നെ ററിത്തടത്തിൽ വിളങ്ങുന്നു. ഗോപികളുടെ തടിച്ച കൊങ്കത്തടത്തെ മർദ്ദി ക്കുന്നതിൽ ദയയില്ലാത്തതാണു കൃഷ്ണന്റെ വിശാലമായ തിരുമാറിടം.

ചലിക്കുന്ന ചന്ദ്രൻ—വേണുഗാനം ചെയ്യുമ്പോൾ തിലകവും ച ലിക്കുന്നതുപോലെ തോന്നും. 'വലദിന്ദു' എന്നും പാഠം. വലത്തായ മേഘക്കൂട്ടത്തോടു ചേർന്നിരിക്കുന്ന ചന്ദ്രൻ എന്നർത്ഥം. കൃഷ്ണനു മേഘ ത്തോടു സാമ്യം. ഇവിടെ ലലാടം ശ്യാമവർണ്ണമായതിനാലും തില കം ഗൗരവർണ്ണമായതിനാലും മേഘചന്ദ്രന്മാരോടു ഉപമാനോപമേയ ഭാവം യോജിക്കുന്നു.

ആറാംപദം—

മണിമയമകരമനോഹരകുണ്ഡലമണ്ഡിതഗണ്ഡം—മണിമയങ്ങ ളും നവരത്നങ്ങൾ പതിച്ചതുകളും മകരംപോലെ മീനംപോലെ മനോ

ഹാരങ്ങളും ആയ കുണ്ഡലങ്ങളാൽ കർണ്ണാഭരണങ്ങളാൽ മണ്ഡിതനും [അലംകൃതനും

ഉദാരം—ഔദാര്യഗുണം തികഞ്ഞവനും

പീതവസനം—പീതാംബരത്തോടുകൂടിയവനും

അനുഗതമുനിമനുജസുരാസുരവരപരിവാരം—അനുഗതരായ ആശ്രയിക്കപ്പെട്ട മുനികൾ മനുഷ്യർ സുരന്മാർ അസുരന്മാർ ആകുന്ന പരിവാരത്തോട് പരിജനത്തോടു കൂടിയവനും (ആയ കൃഷ്ണനെ).

കൃഷ്ണൻ നവരത്നഖചിതങ്ങളും മനോഹരങ്ങളും ആയ മകരകുണ്ഡലങ്ങളാൽ ശോഭിക്കുന്നു. പീതാംബരമുടുത്തു ഉദാരനായി മുനികളാലും മനുഷ്യരാലും സുരന്മാരാലും അസുരന്മാരാലും സേവിക്കപ്പെട്ടവനായിരിക്കുന്നു.

ഉദാരൻ—ദക്ഷിണൻ. ആൎക്കും അഭീഷ്ടത്തെ നല്കുന്നവൻ. മുനികൾ നാരദാദികൾ, മനുഷ്യർ ഭീഷ്മാദികൾ, സുരന്മാർ ഇന്ദ്രാദികൾ, അസുരന്മാർ പ്രഹ്ലാദാദികൾ.

ഏഴാംപദം—

വിശദകദംബതലേ—വിശദമായ പരിശുദ്ധമായ അല്ലെങ്കിൽ വികസിച്ച അതായതു് പൂത്തുനില്ക്കുന്ന കദമ്പവൃക്ഷത്തിന്റെ തലത്തിൽ [ചുവട്ടിൽ

മിലിതം—സംഗതനും

കലികലുഷഭയം—കലികാലത്തിലുള്ള കലുഷത്തിൽനിന്നും പാപ [ത്തിൽനിന്നുമുള്ള ഭയത്തെ ഭീതിയെ

ശമയന്തം—നശിപ്പിക്കുന്നവനും

മാം, അപി—എന്നെയും

കിമപി—അനിർവചനീയമാംവണ്ണം

തരലതരംഗദനംഗദൃശാ—തരലമായും ചഞ്ചലമായും തരംഗത്തായ മൂർച്ഛയെ പ്രാപിക്കുന്ന അനംഗനോടു കാമത്തോടുകൂടിയതായും ജ്വലിക്കുന്ന ദൃക്കിനാൽ നോട്ടത്താലും

മനസാ—മനസ്സിനാലും

രമയന്തം—രമിപ്പിക്കുന്നവനും (ആയ കൃഷ്ണനെ).

കൃഷ്ണൻ, വിടൎന്ന പൂക്കളോടുകൂടിയ കടമ്പിൻവൃക്ഷത്തിന്റെ ചുവട്ടിൽ ഒളിച്ചിരിക്കുന്നു. വാക്കുകളാൽ പറയാൻ വയ്യാത്തവണ്ണം കാമാവേശം തികഞ്ഞ നോട്ടത്താൽ എന്നെയും തെല്ലൊന്നു കടാക്ഷി

ച്ചുരമിപ്പിക്കുന്നു. കൃഷ്ണൻ ഇക്കലീകാലത്തുള്ള പാപത്തെ നശിപ്പിക്കുന്നവനാകുന്നു.

മിലിതൻ—മുനിമാർ തുടങ്ങിയുള്ളവരോടു സംഗതൻ എന്നർത്ഥം. ആയതുകൊണ്ടു് കലീപാപഹരൻ. അല്ല, ഞാൻ പറഞ്ഞിരുന്ന സങ്കേതസ്ഥാനമായ കടമ്പിൻ ചുവട്ടിൽ എന്റെ അപേക്ഷയനുസരിച്ച് ചെന്നവനായി മററുള്ളവർ തന്നെ കാണരുതെന്നു് ഒളിച്ചിരിക്കുന്നവൻ. കലി—പ്രണയകലഹം. അതിനാൽ കലുഷമായ ചിത്തം. അതായതു് 'പറഞ്ഞതുപോലെ ഞാൻ സങ്കേതസ്ഥാനത്തുവന്നുകഴിഞ്ഞു. അവൻ വന്നില്ല. തീർച്ചയായും അന്യസ്ത്രീകളിൽ ആസക്തനായിരിക്കണം. ഇനി വരികയാണെങ്കിൽ ഞാൻ അവനോടു സംസാരിക്കരുതു്". എന്നിങ്ങനെ കലുഷം. ഇങ്ങനെ കലുഷയായ രാധയെ ചാടുവചനങ്ങളാൽ ശമിപ്പിക്കുന്നവൻ സമാധാനപ്പെടുത്തുന്നവൻ എന്നർത്ഥം. മുമ്പുനടന്ന ഇക്കഥകളെല്ലാം ഇപ്പോൾ രാധയുടെ സ്മരണയ്ക്കു വിഷയമായിരിക്കുന്നു എന്നർത്ഥം.

എട്ടാംപദം—

ശ്രീജയദേവഭണിതം—ശ്രീജയദേവകവിയാൽ ഭണിതമായ രചിക്കപ്പെട്ട

അതിസുന്ദരമോഹനമധുരിപുരൂപം—അതിസുന്ദരവുംമോഹനവും ആയ മധുരിപുവിന്റെ കൃഷ്ണന്റെ രൂപം വൃത്താന്തം

സംപ്രതി—ഇപ്പോൾ (ഈ കലികാലത്തിൽ)

പുണ്യവതാം—പുണ്യവാന്മാക്കു്

ഹരിചരണസ്മരണം, പ്രതി—ഹരിചരണങ്ങളെ സ്മരിക്കുന്നതിനു്

അനുരൂപം—യോഗ്യമായിട്ടുള്ളതാകുന്നു.

ശ്രീകൃഷ്ണന്റെ സുന്ദരവും മോഹനവും ആയ രൂപത്തെ വർണ്ണിക്കുന്നതായ ജയദേവകവിയുടെ ഈ ഗാനം പുണ്യവാന്മാരായ ആളുകൾക്കു് ഹരിചരണങ്ങളെ സ്മരിക്കുവാൻ വളരെ ഉതകുന്നതാകുന്നു.

പുണ്യവാന്മാർ—ഹരിയെ സ്മരിക്കുവാൻ ഭാഗ്യം ചെയ്യുവർ. ഹരിയുടെ ചരണം രാസക്രീഡാദ്യാചരണം, അതിനെ സ്മരിക്കുവാൻ എന്നർത്ഥം. മോഹനം—ഗോപികൾക്കു മോഹത്തെ ഉണ്ടാക്കുന്നതു്.

'മധുരിപുരത്നകഞ്ജിക' എന്ന

അഞ്ചാമത്തെ പ്രബന്ധം സമാപ്തമായി.

(ശ്ലോകം)

ഗണയതി ഗുണഗ്രാമം ഭാമം ഭ്രമാദപി നേഹതേ
　വഹതി ച പരിതോഷം ദോഷം വിമുഞ്ചതി ദൂരതഃ
യുവതിഷു വലത്തൃഷ്ണേ കൃഷ്ണേ വിഹാരിണി മാം വിനാ
　പുനരപി മനോ വാമം കാമം കരോതി കരോമി കിം?

## ഭാഷ

എന്നോടുകൂടാതെ രമിക്കകൊണ്ടു-
　മെൻെറ മനസ്സാമധുസൂദനൻെറ
കുററം നിനയ്ക്കാതെ പദാരവിന്ദേ
　പററുന്നു പിന്നെന്നിതിനെന്തുചെയ്വൂ?

(സഖി, മേ—അല്ലയോ സഖി!, എൻെറ)
വാമം, മനഃ—വിപരീതസ്വഭാവമായ ചിത്തം
യുവതിഷു—ഗോപതരുണികളിൽ
വലത്തൃഷ്ണേ—വലത്തായ അധികമായി ആശ്രയിച്ചിരിക്കുന്ന തൃഷ്ണ
　[യോടു സ്പൃഹയോടുകൂടിയവനും
മാം, വിനാ—എന്നൊടുകൂടാതെ
വിഹാരിണി—ക്രീഡാശീലനായിരിക്കുന്നവനും ആയ
കൃഷ്ണേ, പുനഃ, അപി—കൃഷ്ണനിൽ വീണ്ടും (ഇപ്പൊഴും)
കാമം, കരോതി—അനുഗ്രഹത്തെ വളർത്തുന്നു.
കിം, കരോമി—ഞാൻ എന്തുചെയ്യട്ടെ?
ഗുണഗ്രാമം—(കൃഷ്ണൻെറ) ഗുണസമൂഹങ്ങളെ
ഗണയതി—ഗണിക്കുന്നു നിരൂപണം ചെയ്യുന്നു.
ഭാമം, ഭ്രമാത്, അപി—കോപത്തെ ഭ്രമിച്ചിട്ടുപോലും
ന, ഈഹതേ—ചേഷ്ടിക്കുന്നില്ല.
പരിതോഷം—സന്തോഷത്തെ
വഹതി, ച—ഉൾക്കൊള്ളുകയും ചെയ്യുന്നു.
ദോഷം, ദൂരതഃ—ദോഷത്തെ ദൂരത്തിൽ
വിമുഞ്ചതി—ത്യജിക്കുന്നു.

എൻെറ ചിത്തം കൃഷ്ണൻെറ സൗന്ദര്യാദികളായ ഗുണഗണങ്ങളെ ചിന്തിക്കുന്നു. തെററായിട്ടുപോലും അവനോടു കോപപ്പെടുവാൻ ഇച്ഛിക്കുന്നില്ല. അവനെ വിചാരിച്ചു സന്തോഷത്തെ പ്രാപിക്കുന്നു. അവൻെറ ദൂഷ്യങ്ങളെയെല്ലാം ത്യജിക്കുന്നു. എന്നെക്കൂടാതെ യുവതികളിൽ കാമം മുഴുത്തു കൃഷ്ണൻ രമിക്കുന്നു. എങ്കിലും വാമമായ എൻെറ ചിത്തം കൃഷ്ണങ്കൽതന്നെ കാമം പൂണ്ടിരിക്കുന്നു. ഞാൻ എന്തുചെയ്യട്ടെ?.

ഈ പദ്യം രാധയുടെ വാക്കാണ്. ഇതിൽനിന്നു അവൾക്കു എത്രത്തോളം കാമമുണ്ടെന്നുള്ളതു സ്പഷ്ടമാകുന്നു. വാമം—വിപരീതം പ്രതികൂലം. അതിനു കാരണം പൂർവാർദ്ധം. സാപരാധനായ കൃഷ്ണൻെറ ഗുണങ്ങളെ ചിന്തിക്കുന്നു. അവൻെറ അപരാധങ്ങളെ ചിന്തിക്കുന്നില്ല. അവനെ വിചാരിക്കുമ്പോൾ ആനന്ദമെന്നല്ലാതെ കോപമില്ല. അസന്തോഷകാലത്തിൽപോലും ചിത്തം സന്തുഷ്ടമായിരിക്കുന്നു. അനുരാഗമില്ലാത്ത അവങ്കൽ സാനുരാഗമായിരിക്കുന്നു രാധയുടെ ചിത്തം. രാധ ഉത്കണ്ഠിതയായ നായികയാണ്. ദോഷം—തന്നെ അവൻ ഗണിക്കാത്ത ദോഷം. ഇവിടെ അനുരാഗകാരണമില്ലാതെ അനുരാഗം വർണിക്കപ്പെട്ടിരിക്കുന്നു. അതുപോലെ കൃഷ്ണൻ മററു സ്ത്രീകളിൽ ആസക്തനാണെന്നുള്ള വൈരാഗ്യകാരണം ഉണ്ടായിരുന്നിട്ടും രാധയ്ക്കു വിരക്തിയുണ്ടാകാതെ കാമംതന്നെ അധികപ്പെടുന്നതായി വർണിച്ചിരിക്കുന്നു.

## അഷ്ടപദി ൯.

മാലവഗൗഡരാഗേണ ഗീയതേ ഏകതാലേന വാദ്യതേ.

൧. നിഭൃതനികുഞ്ജഗൃഹം ഗതയാ നിശി രഹസി നിലീയ വസന്തം
ചകിതവിലോകിതസകലദിശാ രതിരഭസഭരേണ
[വസന്തം

സഖി ഹേ കേശിമഥനമുദാരം
രമയ മയാ സഹ മദനമനോരഥഭാവിതയാ സവികാരം

൨. പ്രഥമസമാഗമലജ്ജിതയാ പടുചാടുശതൈരനുകൂലം
മൃദുമധുരസ്മിതഭാഷിതയാ ശിഥിലീകൃതജഘനദുകൂലം
(സഖി...)

൩. കിസലയശയനനിവേശിതയാ ചിരമുരസി മമൈവ
[ശയാനം
കൃതപരിരംഭണചുംബനയാ പരിരഭ്യ കൃതാധരപാനം
(സഖി...)

൪. അലസനിമീലിതലോചനയാ പുലകാവലിലലിത-
[കപോലം
ശ്രമജലസകലകലേബരയാ വരമദനമദാദതിലോലം
(സഖി...)

൫. കോകിലകലരവകൂജിതയാ ജിതമനസിജതന്ത്രവിചാരം
ശ്ലഥകുസുമാകുലകുന്തലയാ നഖലിഖിതഘനസ്തനഭാരം
(സഖി...)

൬. ചരണരണിതമണിനൂപുരയാ പരിപൂരിതസുരതവിതാനം
മുഖരവിശൃംഖലമേഖലയാ സകചഗ്രഹചുംബനദാനം
(സഖി...)

൭. രതിസുഖസമയരസാലസയാ ദരമുകുലിതനയനസരോജം
നിസ്സഹനിപതിതതനുലതയാ മധുസൂദനമുദിതമനോജം
(സഖി....)

൮. ശ്രീജയദേവഭണിതമിദമതിശയമധുരിപുനിധുവനശീലം
സുഖമുത്കണ്ഠിതഗോപവധൂകഥിതം വിതനോതു സലീലം
(സഖി...)

ഭാഷ

ആറാം അഷ്ടപദി

കാമോദരി – ഏകതാളം.

൧. ഇവിടെലതാഗൃഹത്തിങ്കലീരാത്രിയിൽ
ഇരുന്നുകരഞ്ഞുപറഞ്ഞുപീഡിക്കും
ഇവിടെസമീപംനയിക്കകൃഷ്ണനെദുഃഖം
ഹിതമൊട്ടകേറ്റംപ്പിച്ചാലനുകമ്പയുണ്ടാം
സഖി സന്താപം നിശമയ നീ മേ സദയം
സഹ വിഹരിച്ചോരു ഹരിയെ വരുത്തുക
ഹാ വിരഹം സഹിയാ മേ

൨. മുമ്പിലുണ്ടായസമാഗമേച ജ്ജയാ
കുമ്പിട്ടോരെന്നെ മുകുന്ദൻ
തമ്പുരാൻപടുതയാ വശത്താക്കീട്ടീവണ്ണം
പിരിഞ്ഞല്ലൽപൊറാതെയുമാക്കീട്ടൊഴിഞ്ഞു (സഖി)

൩. കല്പകവൃക്ഷത്തിൻെറ തളിരുകളാകുന്ന
തല്പത്തിങ്കൽ കിടത്തീട്ടു മാം സുചിരം
മത്പയോധരമദ്ധ്യേ ശയിച്ചുകൊണ്ടധരം
കെല്പോടുപാനംചെയ്തവനെ കിട്ടിയാവൂ (സഖി)

൪. സുരതതളർച്ചകൊണ്ടക്ഷികളടച്ചു ഞാൻ
സുധയിൽ കുളിച്ചോണം വിയർത്തതും, കൃഷ്ണൻ
മരതകവർണ്ണൻ പുളകമണിഞ്ഞതും
മദനമദംപൂണ്ടു ചമഞ്ഞതും മറക്കുമോ (സഖി)

൫. മണിതമാധുരികൊണ്ടു കുയിലിൻെറകൂജിതം
ജിതവതിയാമെൻെറ പൂങ്കുഴലഴിഞ്ഞതും
മണമേറും മലരുകൾപൊഴിഞ്ഞതും കൃഷ്ണൻെറ
മദനശാസ്ത്രപാണ്ഡിത്യവും ഞാൻ മറക്കുമോ (സഖി)

൬. മഞ്ജുളമഞ്ജീരമണിമയമേഖലാ-
ശിംജിതയായിരുന്നൊന്നായേററം
രംജിച്ചു രതിരണംചെയ്തിട്ടു ചുംബിച്ച
കംജലോചനനെ ഞാനെന്നിനിക്കാണുന്നു (സഖി)

൭. നിധുവനരസാലസയായിഞാൻ
നിസ്സഹയായിട്ടു നിപതിച്ചതും
മധുവൈരി തൃപ്തനായി കണ്ണടച്ചതും
മകരകേതനൻ പ്രസാദിച്ചതും മയക്കുന്നു. (സഖി)

'കുഞ്ജരതിലകം' എന്ന ആറാം പ്രബന്ധം ആരംഭിക്കുന്നു. ഇതിൽ കൃഷ്ണനോടുണ്ടായ പൂർവാനുഭവങ്ങളെ ഓർത്തു കാമജ്വരസന്തപ്തയായ രാധ ഉത്കണ്ഠിതയായി സഖിയെ ദൂതിയാക്കി കൃഷ്ണനോടു കാലവിളംബം കൂടാതെ സംഗമത്തെ അഭിലഷിക്കുന്നവളായി പറയുന്നവളായിട്ടാണു ഈ പ്രബന്ധം.

ഒന്നാപദം—

നിഭൃതനികുഞ്ജഗൃഹം—നിഭൃതമായ വിജനമായ നികുഞ്ജഗൃഹത്തി [ലേയ്ക്കു ലതാഗൃഹത്തിലേയ്ക്കു

ഗതയാ—ഗമിച്ചവളായ (എന്നാൽ)

നിശി—രാത്രിയിങ്കൽ

രഹസി—ആരും കാണാതെ (ഏകാന്തത്തിൽ)

നിലീയ—ഒളിച്ചു

വസന്തം—വസിക്കുന്നവനായി (അറിയപ്പെട്ടുന്നവനും) (ആയതു [കൊണ്ടു്)

ചകിതവിലോകിതസകലദിശം—ചകിതമായ ഭയവിഹ്വലമായ വിലോകിതത്തോടുകൂടിയ നോട്ടത്തോടുകൂടിയ സകല ദിക്കുകളോടും [കൂടി (എന്നാൽ)

രതിരഭസഭരേണ—രതിയിങ്കൽ ഉത്സാഹഭരത്താൽ അത്യുത്സാഹ [ത്താൽ

ഹസന്തം—ചിരിക്കുന്നവനായി (കാണപ്പെട്ടുന്നവനും)

ഉദാരം—ഔദാര്യഗുണം തികഞ്ഞവനും ആയ

കേശിമഥനം—കേശി എന്ന അസുരനെ നിഗ്രഹിച്ച കൃഷ്ണനെ

ഹേ സഖി—അല്ലയോ പ്രിയസഖി!

സവികാരം—വികാരത്തോടുകൂടി

മദനമനോരഥഭാവിതയാ—മദനൻെറ മന്മഥൻെറ മനോരഥത്തിൽ അതായതു കാമകേളികൾ നടത്തുന്നതിൽ ഭാവിച്ചിരിക്കുന്നവളായ

മയാ, സഹ—എന്നോടുകൂടെ

രമയ—നീ രമിപ്പിച്ചാലും.

സുഖമായി രമിക്കാമെന്നു വിചാരിച്ചു ഞാൻ അവനോടുകൂട വിജനമായ ലതാഗൃഹത്തിൽ ചെന്നു നോക്കുമ്പോൾ അവൻ എവിടെയോ ഒളിഞ്ഞിരിക്കുന്നു. അവനെ കാണാതെ ഭയവിഹ്വലയായി നാലുപാടും അന്വേഷിച്ചു നോക്കുമ്പോൾ അവൻ രത്യുത്സാഹത്തോടുകൂടി എൻെറ മുമ്പിൽ ചിരിക്കുന്നു. ഇങ്ങനെ എന്നെ അവൻ അസഹ്യപ്പെട്ടുത്തുന്നു. അല്ലയോ പ്രിയസഖി! എനിക്കു ഇനി അവനെ കാണാതിരിക്കാൻ സാധ്യമല്ല. അവനോടുകൂടി കാമകേളികൾ നടത്തുവാൻ ഭാവിച്ചിരിക്കുന്നവളായ എന്നോടുകൂടി അവനെ നീ രമിപ്പിച്ചാലും.

രാധയെ വഞ്ചിക്കുന്നതിനായി ഒളിയുന്നു കൃഷ്ണൻ. സമയം രാത്രിയായതിനാൽ അവനെ കാണാതെ ഭയപരവശയായിത്തീർന്നു രാധ

എല്ലാദിക്കിലും നോക്കിത്തുടങ്ങി. താൻ കൃഷ്ണനെ അന്വേഷിക്കുന്നതിനെ മററാരും കാണുന്നതിൽ നിന്നുമുള്ള ഭയത്താലും ലജ്ജയാലും പരവശയാണ് കാമിനിയായ രാധ. 'രതീരഭസരഭസന' എന്നും പാഠം. രത്യുത്സാഹത്തിൻെറ രസം ശൃംഗാരം. ശൃംഗാരരസത്തിൻെറ സ്ഥായിഭാവമാണല്ലോ രതി. ഞാൻ മുമ്പിൽ ഇരുന്നാലും ഇവർ എന്നെ കാണുന്നില്ല എന്നിങ്ങനെ ചിരിക്കുന്നവൻ. ഉദാരൻ—മഹാൻ എന്നുമർത്ഥം. കൃഷ്ണൻ ഉദാരനായതിനാൽ രാധയെ കാണാനായി സഖി വിളിച്ചാൽ വരാത്തവനല്ല എന്നർത്ഥം. സവികാരം—പല വികാരങ്ങളോടുകൂടി. രതിചേഷ്ടകളോടുകൂടി എന്നർത്ഥം. വികാരമെന്നതു കാമംകൊണ്ടുണ്ടാകുന്ന ഭാവവിശേഷമാകുന്നു. മുല കക്ഷം തുട മുതലായ ഗുഹ്യാവയവങ്ങളെ പ്രദർശിപ്പിച്ചു തൻെറ അഭിലാഷത്തെ അറിയിക്കുന്നതു വികാരം. മദനമനോരഥഭാവിതയാ—മദനമനോരഥങ്ങളുടെ ഭാവത്തോടുകൂടിയ അവസ്ഥ ഉള്ളതിനാൽ എന്നർത്ഥം. ഈ അവസ്ഥ രാധയ്ക്കും കൃഷ്ണനും ഒന്നുപോലെയുള്ളതാണ്. 'എനിക്കു അവങ്കൽ ഉള്ളതുപോലെ അവനു എങ്കലും അഭിലാഷം കാണും. ആയതുകൊണ്ട് എന്നോട് അവനെ നീ രമിപ്പിച്ചാലും' എന്നു സഖിയോടു രാധയുടെ പ്രാർത്ഥന. അവനേ തേടിപ്പിടിച്ചു വള്ളിക്കുടിലിൽ ഇപ്പോൾ രാധ അഭിലാഷത്തോടുകൂടിയിരിക്കുന്നതായി ധരിപ്പിച്ചയച്ച് എന്നോടു രമിപ്പിക്കുന്നതു നിൻെറ ചുമതലയാണെന്നു താത്പര്യം. ഈ പ്രബന്ധത്തിൽ വിപ്രലംഭശൃംഗാരം ആദ്യാവസാനം സ്ഫുരിക്കുന്നു.

മൂന്നും നാലും വരികൾ 'ധ്രുവപദം' ആകുന്നു. അതിനെ ബാക്കിയുള്ള പദങ്ങളോടു ചേർത്തുകൊള്ളണം. ധ്രുവപദം ഒഴിച്ചുള്ള വരികളിൽ പറയുന്നവയെല്ലാം രാധയുടെ പൂർവാനുഭവങ്ങളാകുന്നു. ധ്രുവപദം തത്കാലത്തിലുള്ള പ്രാർത്ഥനയുമാകുന്നു.

രണ്ടാംപദം—

പ്രഥമസമാഗമലജ്ജിതയാ—പ്രഥമമായുള്ള ആദ്യമായുള്ള സമാഗമത്തിൽ സംഗമത്തിൽ ലജ്ജിതത്തോടു ലജ്ജയോടു കൂടിയ (എന്നാൽ)

പടുചാടുശതൈഃ—പടുക്കളായ നിപുണങ്ങളായ ചാടുശതങ്ങ [ളാൽ അനേകം പ്രിയവചനങ്ങളാൽ

അനുകൂലം—(എനിക്കു) അനുകൂലനായി (കാണപ്പെട്ടവനും, ആയ [തുകൊണ്ടു ലജ്ജ വിട്ടു)

മൃദുമധുരസ്മിതഭാഷിതയാ—മൃദുവായും കോമളമായും മധുരമായും [സ്മിതത്തോടുകൂടിയും ഉള്ള ഭാഷിതത്തോടുകൂടിയ (എന്നാൽ)

ശിഥിലീകൃതജഘനദുകൂലം—ശിഥിലീകൃതമായ അഴിഞ്ഞു പോക ത്തക്കവണ്ണം ചെയ്യപ്പെട്ട ജഘനദുകൂലത്തോടു എന്റെ ജഘനത്തെ പൃഷ്ഠഭാഗത്തെ മൂടിയിരിക്കുന്ന വെൺപട്ടോടുകൂടിയവനായി (കാണപ്പെ [ട്ടവനും ആയ കൃഷ്ണനെ).

ഞാൻ ആദ്യമായി ഏകാന്തത്തിൽ കൃഷ്ണനെ സംഗമിച്ചപ്പോൾ എനിക്കു ലജ്ജതോന്നി. അവൻ അനേകം പ്രിയവചനങ്ങൾ പറഞ്ഞു കേൾപ്പിച്ചു എനിക്കു വളരെ അനുകൂലനായിത്തീൎന്നു. ഉടൻ ലജ്ജയെ ല്ലാം വിട്ടു ഞാൻ അവനോടു രസിച്ചു അല്പം സംസാരിച്ചു തുടങ്ങി. ഉടൻ അവൻ സ്വാതന്ത്ര്യമുപയോഗിച്ചു എന്റെ ഉടുപുടവയെ അഴിച്ചു നീക്കു ന്നവനായി കാണപ്പെട്ടു.

ആദ്യമായുള്ള പുരുഷസംഗമത്തിൽ സ്ത്രീകൾക്കു ലജ്ജയും മാനവും ഉണ്ടാകുന്നതു സ്വാഭാവികമാണ്. ഇതിനു മുമ്പ് പല പ്രാവശ്യം കൃഷ്ണനെ അനുഭവിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ വളരെക്കാലം അതിക്ര മിച്ചുപോയതിനാൽ പ്രഥമസമാഗമത്തിൽ എന്നപോലെ ലജ്ജിത യായിത്തീൎന്നു എന്നൎത്ഥം. ലജ്ജകൊണ്ടു തന്റെ ഇംഗിതത്തെ അറി യിക്കാൻ അശക്തയായിത്തീരുന്നു. അഭിമുഖമാകാൻ നിപുണങ്ങളായ പ്രിയവചനങ്ങൾ. അഴിച്ചു നീക്കുക സംഭോഗത്തിനു കാരണം. അവന്റെ സംഗമത്താൽ രാധയുടെ വസ്ത്രം ശ്ലഥമായി.

ഈ പ്രബന്ധത്തിൽ ഓരോ പദവും രാധയുടെ പൂൎവാനുഭവ വൃത്താന്തത്തെ ക്രമമായി പ്രതിപാദിക്കുന്നു.

മൂന്നാംപദം —

കിസലയശയനനിവേശിതയാ—കിസലയശയനത്തിൽ തളിരു കളെക്കൊണ്ടുള്ള കിടക്കയിൽ നിവേശിതയായ കൃഷ്ണനാൽ പിടിച്ചു [കിടത്തപ്പെട്ടവളായ (എന്നാൽ)

ചിരം, മമ— വളരെ നേരം എന്റെ

ഉരസി, ഏവ—മാറിടത്തിൽ തന്നെ

ശയാനം—കിടക്കുന്നവനായി (കാണപ്പെട്ടവനും)

കൃതപരിരംഭണചുംബനയാ—കൃതമായ ചെയ്യപ്പെട്ട പരിരംഭണം [ആലിംഗനം ചുംബനം ഇവയോടുകൂടിയ (എന്നാൽ)

പരിരഭ്യ—(എന്നെ) തഴുകിട്ടു

കൃതാധരപാനം—കൃതമായ ചെയ്യപ്പെട്ട അധരപാനത്തോടുകൂ ടിയവനായി അധരത്തെ നുകരുന്നവനായി (കാണപ്പെട്ടവനും ആയ [കൃഷ്ണനെ).

ഞാൻ തളിരുമെത്തയിൽ കിടക്കുമ്പോൾ കൃഷ്ണൻ എന്റെ മാറിടത്തിൽ കയറി വളരെ നേരം കിടക്കുന്നു. ഉടൻ ഞാൻ അവനെ ആലിംഗനം ചെയ്തു ചുംബിക്കുമ്പോൾ അവൻ എന്നെത്തഴുകി. എന്റെ അധരം നുകരുന്നു.

നാലാംപദം—

അലസനിമീലിതലോചനയാ—അലസങ്ങളും ആലസ്യത്തോടുകൂടിയവുകളും നിമീലിതങ്ങളും അടഞ്ഞവുകളും ആയ ലോചനങ്ങളോടു [കൂടിയ (എന്നാൽ)

പുലകാവലിലലിതകപോലം—പുലകാവലിയാൽ രോമാഞ്ചശ്രേണിയാൽ ലലിതമായ മനോഹരമായ കപോലങ്ങളോടു കവിൾത്തടങ്ങ [ളോടുകൂടിയവനായി (കാണപ്പെട്ടവനും)

ശ്രമജലസകലകലേബരയാ—ശ്രമജലത്തോടു വിയർപ്പു വെള്ളത്തോടു കൂടിയ സകലമായ കളേബരത്തോടു ശരീരത്തോടുകൂടിയ, ശരീര [മാസകലം വിയത്തവളായ (എന്നാൽ)

വരമദനമദാത്—വരമായ പൊങ്ങിയ മദനന്റെ കാമന്റെ [മദത്താൽ

അതിലോലം—വളരെ തൃഷ്ണയുള്ളവനായി (കാണപ്പെട്ടവനും [ആയ കൃഷ്ണൻ).

എന്റെ നോട്ടം ആലസ്യം നിമിത്തം അടയുമ്പോൾ അതു കണ്ട അവന്റെ കവിൾത്തടം കോൾമയിർകൊള്ളുന്നു. ശ്രമം നിമിത്തം എന്റെ ദേഹമാസകലം വിയത്തിരിക്കുമ്പോൾ അവൻ കാമമദം കൂടി രമിക്കാൻ തൃഷ്ണയുള്ളവനായിരിക്കുന്നു.

സകലം—കലയോടു. ശോഭയോടുകൂടിയ എന്നുമത്ഥം. രാധ ക്ഷീണിക്കുമ്പോൾ കൃഷ്ണന്റെ ഉത്സാഹം വർദ്ധിക്കുന്നു എന്നു സാരം.

അഞ്ചാംപദം—

കോകിലകലരവകൂജിതയാ—കോകിലത്തിന്റെ കുയിലിന്റെ കലമായ അവ്യക്തമധുരമായ രവം പോലെ ശബ്ദം പോലെയുള്ള കൂജി [തത്തോടു മണിതത്തോടുകൂടിയ (എന്നാൽ)

ജിതമനസിജതന്ത്രവിചാരം—ജിതമായ ജയിക്കപ്പെട്ട മനസിജതന്ത്രങ്ങളുടെ കാമശാസ്ത്രങ്ങളുടെ വിചാരത്തോടു പ്രമേയത്തോടു കൂടിയവനായി (വാത്സ്യായനാദി കാമശാസ്ത്രങ്ങളിൽ പറയപ്പെട്ടിരിക്കുന്നതിൽ നിന്നു കൂടുതൽ നിപുണമായി എങ്കൽ രമിക്കുവാനായി കാണപ്പെടുന്ന- [വനും)

ശ്ലഥകുസുമാകുലകന്തലയാ—ശ്ലഥകുസുമങ്ങളും ഒഴിഞ്ഞ പൂക്കളോടു കൂടിയതുകളും ആകുലങ്ങളും പിരിഞ്ഞുപോയതുകളും ആയ കുന്തളങ്ങളോടു കൂടിയിരിക്കുന്ന അവസ്ഥയോടുകൂടിയ (എന്നാൽ)

നഖലിഖിതഘനസ്തനഭാരം—നഖങ്ങളാൽ ലിഖിതമായ അടയാളപ്പെടുത്തപ്പെട്ട ഘനമായ തടിച്ച സ്തനഭാരത്തോടു കൊങ്കത്തടത്തോടുകൂടിയവനുമായി (കാണപ്പെട്ടവനും ആയ കൃഷ്ണനെ).

ഞാൻ സുരതക്രീഡയിലുള്ള രസം നിമിത്തം കുയിലിൻെറ അവ്യക്തമധുരമായ നാദംപോലെയുള്ള മണിതശബ്ദം പുറപ്പെടുവിക്കുമ്പോൾ അവൻ അതുകേട്ടു രസം വർദ്ധിച്ചവനായി കാമശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നതിൽ കവിഞ്ഞു ക്രീഡിക്കുന്നു. അവൻ എൻെറ കേശഭാരത്തിൽ പിടിച്ചു ചുംബനാധരപാനാദികൾ നടത്തുന്നതിനാൽ വാർകുന്തളം അഴിഞ്ഞു പൂക്കൾ പൊഴിയുന്നു. അപ്പോൾ അവൻ കൊങ്കകളെ മർദ്ദിച്ചുകൊണ്ടു് കൊങ്കത്തടങ്ങളിൽ നഖക്ഷതങ്ങൾ ഉണ്ടാക്കുന്നു.

കോകിലം കുയിൽ, കലരവം പ്രാവു്, ഇവയുടെ കൂജിതംപോലെയുള്ള കൂജിതത്തോടു നാദത്തോടുകൂടിയ എന്നർത്ഥം. സുരതക്രീഡയിൽ രസം വർദ്ധിക്കുമ്പോൾ സ്ത്രീകൾ ആനന്ദത്താൽ കുയിൽക്കൂകുകയും പ്രാവുകുറുകുകയും ചെയ്യും. മണിതം രതികൂജിതം. വാത്സ്യായനകൊക്കോകാദികാമശാസ്ത്രകാരന്മാരെക്കാൾ അറുപത്തിനാലു കാമകലകളിലും നിപുണൻ കൃഷ്ണൻ.

ആറാംപദം—

ചരണരണിതമണിനൂപുരയാ—ചരണങ്ങളിൽ കാലുകളിൽ രണിതങ്ങളായ കിലുങ്ങുന്ന മണിനൂപുരങ്ങളോടു മണിമയങ്ങളായ ചിലമ്പുകളോടുകൂടിയ എന്നാൽ

പരിപൂരിതസുരതവിതാനം—പരിപൂരിതമായ പൂർണ്ണമാക്കിച്ചെയ്യപ്പെട്ട സുരതത്തിൻെറ രതിക്രീഡയുടെ വിതാനത്തോടു വിസ്താരത്തോടുകൂടിയവനായി കാണപ്പെട്ടവനും

മുഖരവിശൃംഖലമേഖലയാ—ആദ്യം മുഖരവും ശബ്ദിക്കുന്നതും പിന്നീടു് വിശൃംഖലവും പൊട്ടിച്ചിതറിയതും ആയ മേഖലയോടു അരയിലുള്ള അരഞ്ഞാണത്തോടുകൂടിയ എന്നാൽ

സകചഗ്രഹചുംബനദാനം—സകചഗ്രഹം കേശഭാരത്തിൽ പിടിയോടുകൂടി (എനിക്കു്) ചുംബനം തരുവാനായി കാണപ്പെട്ടനാവനും ആയ കൃഷ്ണനെ

എൻെറ കാൽ ചിലമ്പുകൾ കിലുങ്ങുമ്പോൾ കൃഷ്ണൻ സുരത ക്രീഡയെ മുഴമിക്കുന്നു. ക്രീഡയിൽ എൻെറ അരഞ്ഞാൺ പൊട്ടിച്ചിതറി പ്പോയാലും അതിനെ ശ്രദ്ധിക്കുവാൻ ഇടകൊടുക്കാതെ കൃഷ്ണൻ എൻെറ കേശഭാരത്തിൽ പിടിച്ചു എന്നെ ചുംബിക്കുന്നവനായി വില സുന്നു.

അനുക്രമില്ലാതെ രമിച്ചുകിടന്നിരുന്ന രാധയ്ക്കു് ആഗ്രഹം പൂർണ്ണ മായപ്പോൾ അനുക്രമുണ്ടായി കാൽചിലമ്പുകൾ ശബ്ദിക്കുന്നു. എഴു ക്കാൻ ഭാവിച്ചപ്പോളാണു അരഞ്ഞാൺ പൊട്ടിയിരിക്കുന്നതായി അറി ഞ്ഞതു്.

ഏഴാംപദം—

രതിസുഖസമയരസാലസയാ—രതിസുഖസമയത്തിൽ സുരതസുഖം അനുഭവിക്കുമ്പോൾ ഉള്ള രസത്താൽ ശൃംഗാരത്താൽ അലസയായ മന്ഥ [രയായ എന്നാൽ

ദരമുകുളിതനയനസരോജം—ദരം അല്പം മുകുളിതമായ മുകുളമായി ഭവിച്ച നയനങ്ങളാകുന്ന കണ്ണുകളാകുന്ന സരോജങ്ങളോടു താമര [കളോടു കൂടിയവനായി (കാണപ്പെട്ടവനും)

നിസ്സഹനിപതിതതനുലതയാ—നിസ്സഹമാംവണ്ണം അസഹ്യമാം വണ്ണം നിപതിതമായ ശയിച്ചിരിക്കുന്ന തനുലതയോടു ലതപോലെ [യുള്ള തനുവോടു ശരീരത്തോടുകൂടിയ എന്നാൽ

ഉദിതമനോജം—ഉദിതമായ ഉണ്ടായ മനോജനോടു കാമത്തോ [ടുകൂടിയ

മധുസൂദനം—മധുസൂദനനായി (കാണപ്പെട്ടവനുംആയ കൃഷ്ണനെ).

സുരതക്രീഡയിൽ ഉണ്ടാകുന്ന സുഖരൂപമായ രസത്താൽ പരാധീ നയായ ഞാൻ അവ്വണ്ണമുള്ള കൃഷ്ണനെ കുറഞ്ഞൊന്നു കൂമ്പിയ നയ നകമലത്തോടുകൂടിയവനായി കാണുന്നു. അശക്തയായി ഞാൻ തളിരു മെത്തയിൽ കിടക്കുമ്പോൾ കൃഷ്ണൻ വീണ്ടും കാമാവേശംപൂണ്ടു കളി ക്കുന്നവനായി കാണപ്പെടുന്നു.

രതിസുഖസമയം—രണ്ടുപേക്കും ഒന്നിച്ചു സ്രംതിയുണ്ടാകുന്ന ആന ന്ദാനുഭവസമയം. അപ്പോൾ രസം ആനന്ദപാരവശ്യം. ഈ പദം സംഭോഗാവസാനഘട്ടത്തെ വർണ്ണിക്കുന്നു. അപ്പൊഴാണല്ലോ കണ്ണു കൾ കുറഞ്ഞൊന്നു കൂമ്പുകയും ക്ഷീണിച്ചുകിടക്കുകയും. വീണ്ടും കൃ ഷ്ണൻ രാധയുടെ സ്തനജഘനാദ്യംഗങ്ങളെ കണ്ടു കാമാവേശം പൂണ്ട വനായിത്തിരുന്നു.

എട്ടാംപദം—

അതിശയമധുരിപുനിധുവനശീലം—അതിശയത്തോട്ട വിശേഷത്തോട്ടക്കൂടിയ മധുരിപുവിൻെറ കൃഷ്ണൻെറ നിധുവനത്തെ സുരതക്രീ [ഡയെ ശീലിപ്പിക്കുന്നതും

ഉത്കണ്ഠിതഗോപവധൂകഥിതം—ഉത്കണ്ഠിതമായ ഉത്കണ്ഠയോട്ട ഔത്സുക്യത്തോട്ടക്കൂടിയ ഗോപവധുവിനാൽ രാധയാൽ കഥിതമായതും പറയപ്പെട്ടതും

ശ്രീജയദേവഭണിതം—ശ്രീജയദേവകവിയാൽ ഭണിതവും പ്രബ [ന്ധമായി രചിക്കപ്പെട്ടതും

സലീലം—(കൃഷ്ണൻെറ) ലീലകളോട്ടക്കൂടിയതും ആയ

ഇദം—ഇതു് (ഈ ഗീതം)

സുഖം—(ഗാനം ചെയ്യുന്നവക്കും കേൾക്കുന്നവർക്കും) സുഖത്തെ

വിതനോതു—നൾകട്ടേ.

ഉത്കണ്ഠിതയായ രാധ പറയുന്നതായുള്ളതും, ജയദേവകവി രചിച്ചു പാടിയതും, കൃഷ്ണൻെറ സുരതലീലകളെ വൎണ്ണിക്കുന്നതും ആയ ഈ ഗീതം സുഖത്തെ വളർത്തട്ടെ.

ശ്രീയുടെ ലക്ഷ്മീദേവിയുടെ ആരാധകനായ ജയദേവൻ, ശ്രീജയദേവൻ. നിധുവനം—മൈഥുനം അതായതു സുരതം അതിൻെറ ശീലത്തോട്ട ചരിതത്തോട്ട കൂടിയ ഗാനം എന്നമൎത്ഥം.

മുമ്പു പല പ്രാവശ്യം കൃഷ്ണനോട്ട ക്രീഡകൾ ചെയ്തുണ്ടായ സുഖാനുഭവങ്ങളെ ഓൎത്തു അസഹ്യമായ കാമപീഡയാൽ സന്തപ്തയായ രാധ വീണ്ടും കൃഷ്ണനോട്ട രമിക്കുവാൻ ഇടവരുത്തേണമെന്നു സഖിയെ നിർബന്ധിച്ചു പ്രേരിപ്പിക്കുന്നു.

നായികയുടെ ലജ്ജ അകലുവാനായി നായകൻ ചാടുവചനങ്ങൾ മൊഴിയുന്നതും, സ്മിതഭാഷണം ചെയ്യുന്ന നായികയുടെ വസ്ത്രത്തെ മോചിപ്പിക്കുന്നതും, ശയനത്തിൽ കിടക്കുന്ന നായികയുടെ മാറിടത്തിൽ കിടന്നു രമിക്കുന്നതും, ആലിംഗനചുംബനങ്ങൾ ചെയ്യുന്ന നായികയെ തഴുകിക്കൊണ്ടു അധരം നുകരുന്നതും, ആലസ്യം നിമിത്തം കണ്ണുകൾ കൂമ്പുന്ന നായികയെക്കണ്ടു നായകൻെറ കവിൾത്തടങ്ങൾ കുളിർത്തു കോൾമയിർ കൊള്ളുന്നതും, ശരീരമാസകലം വിയർത്തിരിക്കുന്ന നായികയിങ്കൽ കാമമദം നിമിത്തം തൃഷ്ണ പൂണ്ടവനായിരിക്കുന്നതും, സുരതസുഖത്താൽ മതിമറന്നു മണിതശബ്ദം പുറപ്പെടുവിക്കുന്ന നായികയെ കാമശാസ്ത്രത്തിൽ കവിഞ്ഞ ക്രീഡാവിശേഷങ്ങളാൽ

രമിപ്പിക്കുന്നതും, വാർകുന്തളം പിരിഞ്ഞുപോയ നായികയുടെ കൊങ്ക ത്തടത്തിൽ നഖവിലേഖനം ചെയ്യുന്നതും, നായികയുടെ കാൽചില മ്പുകൾ കിലുങ്ങുമ്പോൾ സുരതത്തെ മുഴമിക്കുന്നതും, നായികയുടെ മേഖലാശബ്ദം കേട്ടിളകിയവനായി കേശങ്ങളിൽ പിടിച്ചു ചുംബിക്കുന്നതും, നായികയ്ക്കു ആലസ്യമുണ്ടായപ്പോൾ അവൻെറ കണ്ണു കൾ കൂമ്പുന്നതും, ക്ഷീണിച്ചു കിടക്കയിൽ കിടക്കുന്ന നായികയെ കണ്ടിട്ടു നായകന്ന വീണ്ടും അഭിലാഷം ഉദിക്കുന്നതും മററുമുള്ള സംഭോ ഗശൃംഗാരപരിപാടികൾ ഈ പ്രബന്ധത്തിൽ ഭംഗിയായി വർണ്ണിക്കപ്പെ ട്ടിരിക്കുന്നു.

(ശ്ലോകം)

ഹസ്തസ്രസ്തവിലാസവംശമനൃജുഭ്രൂവല്ലിമദ്വല്ലവീ-
വൃന്ദോത്സാരിദൃഗന്തവീക്ഷിതമതിസ്വേദാർദ്രഗണ്ഡസ്ഥലമ്
മാമുദ്വീക്ഷ്യ വിലജ്ജിതം സ്മിതസുധാമുഗ്ദ്ധാനനം കാനനേ
ഗോവിന്ദം വ്രജസുന്ദരീഗണവൃതം പശ്യാമി ഹൃഷ്യാമി ॥
[ഛ: ന

(അഹം—ഞാൻ)

കാനനേ—വൃന്ദാവനത്തിൽ

വ്രജസുന്ദരീഗണാവൃതം—വ്രജസുന്ദരികളുടെ ഗോപയുവതികളുടെ [ഗണത്താൽ കൂട്ടത്താൽ വൃതനും ചൂഴപ്പെട്ടവനും

സ്മിതസുധാമുഗ്ദ്ധാനനം—സ്മിതസുധയാൽ പുഞ്ചിരിയാകുന്ന അമൃ തത്താൽ മുഗ്ദ്ധമായ മനോഹരമായ ആനനത്തോടു മുഖത്തോടു കൂടി [യവനും

മാം, ഉദ്വീക്ഷ്യ—എന്നെ കണ്ടിട്ടു

ഹസ്തസ്രസ്തവിലാസവംശം—ഹസ്തത്തിൽനിന്നും സ്രസ്തമായ പതിച്ച [വിലാസവംശത്തോടു കേളിവേണുവോടു കൂടിയവനായി

വിലജ്ജിതം—വിശേഷിച്ചു ലജ്ജയെ പ്രാപിച്ചവനും

അതിസ്വേദാർദ്രഗണ്ഡസ്ഥലം—അതിസ്വേദത്താൽ അധികവിയർ പ്പിനാൽ ആർദ്രമായ നനഞ്ഞ ഗണ്ഡസ്ഥലത്തോടു കവിൾത്തടത്തോടു [കൂടിയവനും

അനൃജുഭ്രൂവല്ലിമദ്വല്ലവീവൃന്ദോത്സാരിദൃഗന്തവീക്ഷിതം— അനൃ ജുവായ ഋജുവല്ലാത്ത അതായതു വളഞ്ഞ ഭ്രൂവല്ലികളോടു വല്ലിപോലെ യുള്ള ഭ്രൂക്കളോടു അതായതു പുരികങ്ങളോടുകൂടിയതും വല്ലവികളുടെ

വൃന്ദത്തെ കൂട്ടത്തെ ഉത്സാരണം ചെയ്യുന്നതും മാററാൻ പറയുന്നതും ആയ ദൃഗന്തത്താൽ കടക്കണ്ണിനാൽ ഉള്ള വീക്ഷിതത്തോടു കൂടിയവനും [ആയ

ഗോവിന്ദം, പശ്യാമി—കൃഷ്ണനെ കാണുന്നു.

ഹൃഷ്യാമി, ച —സന്തോഷിക്കുകയും ചെയ്യുന്നു.

ബൃന്ദാവനത്തിൽ കൃഷ്ണൻ ഗോപിമാരോടു രമിക്കുന്നു. എന്നെ ക്കണ്ടതും അവൻെറ കൈയ്യിൽ നിന്നു വേണുവാദ്യം പതിച്ചു. ലജ്ജിതനായ അവൻെറ കവിൾത്തടങ്ങൾ വിയർത്തു. അവൻ ഗോപീകളെ മാറിപ്പോകാനായി കണ്ണുകാണിക്കുന്നു. അവ'ൻ പുഞ്ചിരിതൂകിക്കൊണ്ടു സുന്ദരനായിരിക്കുന്നു. അവനെക്കണ്ടു ഞാൻ സന്തോഷിക്കുന്നു.

ചിരിയെ വെളുത്തതായി വർണിക്കുക കവിസങ്കേതമാണ്. ആയതുകൊണ്ടു ചിരി അമൃതമായി. കൃഷ്ണനെ കണ്ടു അകത്തു തന്നത്താനെ സന്തോഷമനുഭവിക്കുന്നു രാധ. കൃഷ്ണൻെറ സംഗമം അടുത്തുണ്ടാകും എന്ന പ്രത്യാശ അവളുടെ സന്തോഷത്തിനു കാരണം. 'ഗണ്ഡസ്ഥലാം' എന്നും പാഠം. അപ്പോൾ 'മാം' എന്നതിനു വിശേഷണമായി അന്വയിപ്പിക്കണം. എന്നെക്കണ്ടപ്പോൾ സാത്ത്വികഭാവങ്ങൾ ജനിച്ച കൃഷ്ണൻെറ കൈയിൽ നിന്നു വേണുപോലും പതിച്ചു എന്നൎത്ഥം. കൃഷ്ണൻ മററു യുവതികളിൽ ആസക്തനായിരിക്കുന്നതിൽ രാധയ്ക്കുസങ്കടമുണ്ട്. എങ്കിലും തന്നെ ഗോപീജനവൃതനായി രാധ കണ്ടതു കൃഷ്ണൻെറ ലജ്ജയ്ക്കു നിമിത്തം. മററു ഗോപികളോടു കൂടിയിരിക്കുന്നതിനെ കണ്ടപ്പോൾ കൃഷ്ണൻ ലജ്ജിതനായതു രാധയ്ക്കു സന്തോഷകാരണം. ലജ്ജവൂണ്ട കൃഷ്ണൻ രാധയോടു ഭയപ്പെട്ടെന്നപോലെ മററു ഗോപിമാരെ കണ്ണുകാണിച്ചു പോകാൻ പറയുന്നു. മനസ്സിൽ ഭാവനചെയ്ത കൃഷ്ണനെ രാധ ഈ പദ്യത്തിൽ ചിത്രണം ചെയ്യുന്നു.

(ശ്ലോകം)

ദൂരാലോകഃ സ്തോകസ്തബകനവകാശോകലതികാ-
വികാസഃ കാസാരോപവനപവനോഽപി വ്യഥയതി
അപി ഭ്രാമ്യദ്ഭൃംഗീരണിതരമണീയാ ന മുകുല-
പ്രസൂതിശ്ചൂതാനാം സഖി ശിഖരിണീയം സുഖയതി ൪

സഖി—അല്ലയോ, പ്രിയസഖി!

ദൂരാലോകഃ—(വിരഹികൾക്കു) കാണാൻ അസഹ്യമായ

സ്തോകസ്തബകനവകാശോകലതികാവികാസഃ—സ്തോകമായ അല്പമായ സ്തബകത്തോടു പൂങ്കുലയോടു കൂടിയ നവകമായ പുത്തനായ [അശോകലതികയുടെ അശോകവൃക്ഷത്തിൻെറ വികാസം വിടർച്ച

വ്യഥയതി—(എന്നെ) ദുഃഖിപ്പിക്കുന്നു.

കാസാരോപവനപവനഃ, അപി—കാസാരത്തോടു ചെറിയ കുളത്തോടു ചേർന്നിരിക്കുന്ന ഉപവനത്തിൽ പൂങ്കാവനത്തിൽ നിന്നുള്ള പവ [നനും കാററും (എന്നെ ദുഃഖിപ്പിക്കുന്നു).

ശിഖരിണീ—ശിഖരത്തോടു അഗ്രഭാഗത്തോടുകൂടിയതും

ഭ്രാമ്യദ്ഭൃംഗീരണിതരമണീയാ—ഭ്രാമ്യത്തായ ചുററും സഞ്ചരിക്കുന്ന ഭൃംഗികളുടെ പെൺവണ്ടുകളുടെ രണിതത്താൽ ഝങ്കാരശബ്ദത്താൽ രമ [ണീയമായ മനോജ്ഞമായ

ചൂതാനാം—തേന്മാവുകളുടെ

ഇയം, മുകുലപ്രസൂതിഃ, അപി—ഈ മൊട്ടുകളുടെ ഉദ്ഗമം [പോലും

ന, സുഖയതി—(എന്നെ) സുഖപ്പെടുത്തുന്നില്ല.

അല്ലയോ പ്രിയസഖി! അശോകമരങ്ങളിൽ പൂങ്കുലകൾ അല്പം വിടന്നു ശോഭിക്കുന്നു. അതുപോലെ പൊയ്കയുടെ സമീപത്തുള്ള ഉദ്യാനവനത്തിൽ നിന്നു തണുത്ത വാസനയുള്ള കാററു വീശുന്നു. ഇതെല്ലാം എനിക്കു അസഹ്യമായിരിക്കുന്നു. ചുററുപാടും സഞ്ചരിക്കുന്ന പെൺവണ്ടുകളുടെ ഝങ്കാരത്താൽ മനോഹരമായി തേന്മാവുകൾ അഗ്രഭാഗം കൂത്ത മൊട്ടുകളോടുകൂടി പൂത്തിരിക്കുന്നതും എനിക്കു സുഖമുണ്ടാക്കുന്നില്ല.

രാധ തൻെറ അസഹ്യതയെ വെളിപ്പെടുത്തുവാൻ വിപ്രലംഭത്തിൻെറ വിഭാവങ്ങളെ ഈ പദ്യത്തിൽ പ്രതിപാദിക്കുന്നു.

പെൺവണ്ടുകളുടെ കൂട്ടം തേന്മാവല്ലാതെ മറെറാന്നിനെ ചുററി സഞ്ചരിക്കുന്നില്ല. ഗോപികളും കൃഷ്ണനെയല്ലാതെ മററാരെയും അഭിലഷിക്കുന്നില്ല. രാധ വളത്തിയ അശോകം അവൾക്കുതന്നെ അസഹ്യമായിരിക്കുന്നു. വായു മന്ദമായി വീശുന്നു. ശിഖരിണീ--ഗോവർദ്ധനപർവ്വതത്തിൽ ഉള്ള ചൂതവൃക്ഷം. ഈ പദ്യം ശിഖരിണീവൃത്തവും ആണു്. ദുരാലോകശബ്ദം വായുവിലും അന്വയിക്കുന്നു.

(ശ്ലോകം)

സാകൂതസ്മിതമാകുലാകുലഗലദ്ധമ്മില്ലമുല്ലാസിത-
ഭ്രൂവല്ലീകമലീകദർശിതഭുജാമൂലോർദ്ധ്വഹസ്തസ്തനമ്
ഗോപീനാം നിഭൃതം നിരീക്ഷ്യ ഗമിതാകാംക്ഷശ്ചിരം ചിന്തയ-
ന്നന്തർമുഗ്ദ്ധമനോഹരം ഹരതു വഃ ക്ളേശം നവഃ കേശവഃ ൧

ഭാഷ

വീണാവാണി മുകുന്ദനെന്നെ വിപിനേ കണ്ടപ്പോളെ ഹസ്തതോ
വീണു വേണു കുറഞ്ഞു ലീലകളിലേ ലൌല്യം വ്രജസ്ത്രീജനം
കേണു തുണിവു നിന്നുപോയി ഭഗവാൻ കിം ഭൂയസാ കൃഷ്ണനെ
കാണുന്നു പരമാണുകല്പഹൃദയേ ഹൃഷ്യാമി ഞാനംജസാ.

ഗോപീനാം, — ഗോപികളുടെ
മുഗ്ദ്ധമനോഹരം—സുന്ദരവും മനോഹരവും ആയ
സാകൂതസ്മിതം—സാകൂതമായ അഭിപ്രായത്തോടുകൂടിയ സ്മിത
[ത്തേയും പുഞ്ചിരിയേയും

ആകുലാകുലഗലദ്ധമ്മില്ലം— ആകുലാകുലമായും പിരിഞ്ഞിരിക്കു
ന്നതും ഗളത്തും, അഴിഞ്ഞു പോകുന്നതും ആയ ധമ്മില്ലത്തെയും കേശബ
[ന്ധത്തേയും
ഉല്ലാസിതഭ്രൂവല്ലീകം— ഉല്ലാസിതമായ ഉത്ക്ഷിപ്തമായ ഭ്രൂവല്ലി
[യേയും പുരികക്കൊടിയേയും

അലീകദർശിതഭുജാമൂലോർദ്ധ്വഹസ്തസ്തനം— അല്ലീകമാകുംവണ്ണം
കള്ളമായി ദർശിതമായ കാണിക്കപ്പെട്ട ഭുജാമൂലങ്ങളോടു കക്ഷങ്ങ
ളോടുകൂടിയ ഊർദ്ധ്വഹസ്തങ്ങൾ മുകളിലത്തെ കൈകൾ സ്തനങ്ങൾ
[മുലകൾ ഇവയെയും

നിഭൃതം, നിരീക്ഷ്യ—രഹസ്യമായി കണ്ടിട്ടു
അന്തഃ, ചിരം—അകത്തു വളരെനേരം
ചിന്തയൻ—ചിന്തിക്കുന്നവനും

ഗമിതാകാംക്ഷ—ഗമിതമായ നശിപ്പിക്കപ്പെട്ടതായ ആകാംക്ഷ
[യോടു (അവരുടെ) അഭിലാഷത്തോടുകൂടിയവനും
നവഃ, കേശവഃ—അസാധാരണനും ആയ കൃഷ്ണൻ

വഃ, ക്ലേശം—നിങ്ങളുടെ ദുഃഖത്തെ

ഹരതു—ഇല്ലായ്മചെയ്യട്ടെ

കൃഷ്ണനിൽ അനുരക്തകളായ ഗോപികൾ തങ്ങളുടെ അഭിപ്രായത്തെ സൂചിപ്പിക്കുന്ന മട്ടിൽ പുഞ്ചിരി തൂകുന്നു. കാമാവേശത്താൽ അവരുടെ കേശഭാരക്കെട്ട ഇളകിപ്പിരിഞ്ഞു അഴിയുന്നു. അവർ കടാക്ഷവിക്ഷേപങ്ങൾ ചെയ്യുന്നു. കപടമായി കക്ഷങ്ങളേയും മൂകളിലത്തെ കയ്യുടെ ഇടയിൽക്കൂടി മുലകളേയും പ്രദർശിപ്പിക്കുന്നു. സുന്ദരവും മനോഹരവും ആയ ഇവ്വണ്ണമുള്ള അവരുടെ ചേഷ്ടകളെ രഹസ്യമായി കണ്ട കൃഷ്ണൻ കാമചിന്താപരവശനായി ഭവിച്ചു പിന്നീട് അവരുടെ അഭിലാഷങ്ങളെയെല്ലാം സഫലമാക്കിച്ചെയ്തു. അവ്വണ്ണമുള്ള അസാധാരണനായ കൃഷ്ണൻ നിങ്ങളുടെ ദുഃഖത്തെ ഇല്ലായ്മചെയ്യുന്നവനായി ഭവിക്കട്ടെ.

സർഗാവസാനത്തിലുള്ള പദ്യത്തിൽ കവി ഭക്തജനങ്ങളെ ഉദ്ദേശിച്ചു ആശീർവചനരൂപമായി മംഗളാശംസ ചെയ്യുന്നു. ആകുലാകുലം—കാമോദ്രേകം നിമിത്തം രോമാഞ്ചാദികൾ ഉണ്ടായി സർപവേണീബന്ധാദികൾ എല്ലാം ആകുലാകുലമായിരിക്കുന്നു. മുഗ്ദ്ധമനോഹരം—മുഗ്ദ്ധന്മാരുടെ മൂർഖന്മാരുടെ മനസ്സിനെ അപഹരിക്കുന്നതു എന്നുമർത്ഥം. ഈ വാക്കിനെ നിരീക്ഷണക്രിയാവിശേഷണമായും വ്യാഖ്യാനിക്കാം. അഭിലാഷപൂരണത്തിനു നിമിത്തങ്ങളാകുന്നു പൂർവാർദ്ധത്തിൽ പറഞ്ഞിരിക്കുന്നതു. നവൻ—സകല പുരുഷന്മാരേയും അപേക്ഷിച്ചു ചരിതവിശേഷത്താൽ അന്യാദൃശൻ എന്നർത്ഥം. തരുണൻ എന്നുമർത്ഥം. തരുണനെക്കണ്ടാൽ തരുണിമാൎക്കു കാമചേഷ്ടകൾ ഉണ്ടാകുമല്ലോ. ഗോപികളുടെ ഇവ്വണ്ണമുള്ള നിഭൃതമായ ഭാവത്തെ കൃഷ്ണൻ കണ്ടിട്ടു എന്നും അന്വയിപ്പിക്കാം.

'കുംജരതിലകം' എന്ന ആറാം പ്രബന്ധം സമാപ്തമായി.

രണ്ടാംസർഗം സമാപ്തമായി.

---

# മുഗ്ദ്ധമധുസൂദനം എന്ന മൂന്നാംസർഗം

(ശ്ലോകം)

കംസാരിരപി സംസാരവാസനാബന്ധശൃംഖലാമ്
രാധാമാധായ ഹൃദയേ തത്യാജ വ്രജസുന്ദരീഃ ൧

കംസാരിഃ, അപി—കൃഷ്ണനും

സംസാരവാസനാബന്ധശൃംഖലാം—സംസാരവാസനയിൽ പ്രാപഞ്ചിക വിഷയങ്ങളോടുള്ള സംസ്കാരത്തിൽ ബന്ധത്താൽ സംബന്ധ [ത്താൽ ശൃംഖലപോലെ ബദ്ധയായ

രാധാം, ഹൃദയേ—രാധയെ ഹൃദയത്തിങ്കൽ

ആധായ—വച്ചുകൊണ്ടു (രാധയിങ്കൽ അഭിനിവേശം ഉണ്ടായവ [നായി

വ്രജസുന്ദരീഃ, തത്യാജ—മററു ഗോപസുന്ദരികളെ ത്യജിച്ചു.

ശ്രീകൃഷ്ണനും, ഇതേവരെ വർണ്ണിച്ച രീതിയിൽ വിഷയവാസനയിൽ അകപ്പെട്ടു ക്ലേശം അനുഭവിക്കുന്നവളായ രാധയിങ്കൽ അത്യാസക്തി ജനിച്ചവനായി മററു ഗോപിമാരെ ഉപേക്ഷിച്ചു.

ഇതേവരെ രാധയ്ക്കു കൃഷ്ണനോടുള്ള ഉത്കണ്ഠയെ വർണ്ണിച്ചിട്ട് ഇപ്പോൾ കൃഷ്ണനു രാധയോടുള്ള ഉൽക്കണ്ഠയെ വർണ്ണിക്കുവാനായി മൂന്നാംസർഗം ആരംഭിക്കുന്നു.

രാധയ്ക്കു തങ്കൽ അഭേദ്യമായ പ്രേമം ഉണ്ടെന്നറിഞ്ഞു മുഗ്ദ്ധനായ കൃഷ്ണൻ മററു സുന്ദരികളെയെല്ലാം ഉപേക്ഷിക്കുന്നു. രാധയെ കാണാനായി അവൻ അലഞ്ഞു നടക്കുന്നു. അവളെ കാണാതെ ദുഃഖം വർധിച്ചു ഒരു വള്ളിക്കുടിലിനകത്തു ചെന്നിരിപ്പായി. തന്നോടു മുഷിഞ്ഞു പോയ രാധയോടു താൻ ചെയ്ത അപരാധങ്ങളെ ഓർത്തു സങ്കടപ്പെടുന്നു. ഇതെല്ലാം ഈ സർഗത്തിലെ പ്രധാന പ്രതിപാദ്യമാകുന്നു.

(ശ്ലോകം)

ഇതസ്തതസ്താമനുസൃത്യ രാധികാ-
മനംഗബാണവ്രണഖിന്നമാനസഃ

കൃതാന്തതാപഃ സ കളിന്ദനന്ദിനീ-
തടാന്തകുഞ്ജേ നിഷസാദ മാധവഃ ൨

### ഭാഷ

കാട്ടീന്നംഗനമാരെ മാധവവിടൻ വീട്ടിന്നയച്ചിട്ടഫലം
കാട്ടീടാതെ കളിന്ദജാതടതരുത്തോട്ടത്തിലെത്തിത്തദാ
വാട്ടം വിട്ടൊരു രാധികാ വിരഹസന്താപം പൊറാഞ്ഞാധിനാ
വാട്ട്യാം തത്ര വിഷണ്ഡനായി വിലപനായിട്ടു വാണു ചിരമ്

സഃ, മാധവഃ, ഇതസ്തതഃ—അവ്വണ്ണമുള്ള കൃഷ്ണൻ അങ്ങുമിങ്ങും
താം, രാധികാം—ആ രാധയെ.
അനുസൃത്യ—അനുസരിച്ചിട്ടു (അന്വേഷിച്ചിട്ട് ഫലമില്ലാതെ)
കൃതാനുതാപഃ—പശ്ചാത്തപിക്കുന്നവനായി

അനംഗബാണവ്രണഖിന്നമാനസഃ—അനംഗൻെറ കാമദേവ ൻെറ ബാണത്താലുണ്ടായ വ്രണത്താൽ ഖിന്നമായ ഖേദിക്കുന്ന മാന [സത്തോടു ചിത്തത്തോടു കൂടിയവനായി

കളിന്ദനന്ദിനീതടാന്തകുഞ്ജേ—കളിന്ദനന്ദിനിയുടെ യമുനാനദിയുടെ തടാന്തത്തിൽ തീരപ്രാന്തത്തിൽ ഉള്ള കുഞ്ജത്തിൽ വള്ളിക്കുടിലിൽ
നിഷസാദ—ചെന്നിരുന്നു.

ഉത്കണ്ഠിതനായ കൃഷ്ണൻ അങ്ങുമിങ്ങും അലഞ്ഞു നടന്നു രാധയെ അന്വേഷിച്ചു. ഫലമില്ല. പശ്ചാത്താപം പൂണ്ടവനായി കാമ വികാരത്താൽ ദുഃഖിക്കുന്നവനായി യമുനാതീരത്തുള്ള ഒരു വള്ളിക്കുടി ലിൽ ചെന്നു വിലപിച്ചുകൊണ്ടിരുന്നു.

ഈ പദ്യത്തിൽ പൂർവപദ്യത്തിലെന്നപോലെ വിരഹിയായ കൃഷ്ണൻെറ അനന്തരവൃത്താന്തം കവി പ്രതിപാദിക്കുന്നു.

'വിഷസാദ' എന്നും പാഠം. വിഷണ്ഡനായി ഇരുന്നു എന്നർത്ഥം. മാധവൻ—മാ ലക്ഷ്മി. ലക്ഷ്മിയുടെ ധവൻ ഭർത്താവ്. ശ്രീഭഗവ തിയുടെ ഭർത്താവുപോലും വിരഹവ്യാകുലനായി ഭവിച്ചു എന്നുള്ളതു രാധയുടെ സൗഭാഗ്യാതിശയത്തെ വെളിവാക്കുന്നു. കൃതാനുതാപഃ— അവൾ ഉത്കണ്ഠിതയായി വന്നപ്പോൾ താൻ അവളോടു അഭിമുഖനാ കാതെയിരുന്നതിൽ പശ്ചാത്താപം ഉണ്ടായവനായി എന്നർത്ഥം. പശ്ചാ ത്താപത്തിൻെറ വിവരണമാകുന്നു അടുത്ത ഗീതപ്രബന്ധം. അനം

ഗൻ—അംഗമില്ലാത്തവൻ. ആയതുകൊണ്ടു അവന്റെ സഞ്ചാരം ആക്കും കണ്ടുപിടിക്കാൻ സാദ്ധ്യമല്ല. എല്ലാ ദുഷ്ടന്മാരെയും നിഗ്രഹിക്കുന്ന കൃഷ്ണനു കാമനെ പിടികൂടുക എളുപ്പമല്ല എന്നു സാരം.

## അഷ്ടപദി ൧.

ഗൂർജരീരാഗേണ ഗീയതേ രൂപകതാളേന വാദ്യതേ.

൧. മാമിയം ചലിതാ വിലോക്യ വൃതം വധൂനിചയേന
സാപരാധതയാ മയാപി ന വാരിതാതിഭയേന
ഹരിഹരി ഹതാദരതയാ ഗതാ സാ കുപിതേവ.

൨. കിം കരിഷ്യതി കിം വദിഷ്യതി സാ ചിരം വിരഹേണ.
കിം ധനേന ജനേന കിം മമ ജീവിതേന ഗൃഹേണ
(ഹരിഹരി...)

൩. ചിന്തയാമി തദാനനം കുടിലഭ്രു കോപഭരേണ
ശോണപദ്മമിവോപരി ഭ്രമതാകുലം ഭ്രമരേണ
(ഹരിഹരി...)

൪. താമഹം ഹൃദി സംഗതാമനിശം ഭൃശം രമയാമി
കിംവനേഽനുസരാമി താമിഹ കിം വൃഥാ വിലപാമി
(ഹരിഹരി...)

൫. തന്വി ഖിന്നമസൂയയാ ഹൃദയം തവാകലയാമി.
തന്ന വേദ്മി കുതോ ഗതാസി നതേന തേഽനുനയാമി
(ഹരിഹരി...)

൬. ദൃശ്യസേ പുരതോ ഗതാഗതമേവ മേ വിദധാസി
കിം പുരേവ സസംഭ്രമം പരിരംഭണം ന ദദാസി
(ഹരിഹരി...)

൭. ക്ഷമ്യതാമപരം കദാപി തവേദൃശം ന കരോമി
ദേഹി സുന്ദരി ദർശനം മമ മന്മഥേന ദുനോമി(ഹരിഹരി...)

൮. വർണ്ണിതം ജയദേവകേന ഹരേരിദം പ്രവണേന
തിന്ദുബില്വസമുദ്രസംഭവരോഹിണീരമണേന
(ഹരിഹരി...)

## ഭാഷ

ഭൂപാളരാഗം—ത്രിപുടതാളം.

൧. രാധ കോപിച്ചിട്ടെങ്ങുപോയെന്നു ബോധിയ്ക്കായ്ക
[കൊണ്ടെത്രയും

ബാധയായിച്ചമഞ്ഞു ബന്ധുക്കളാധി തീർപ്പതിനില്ല
ശിവശിവ! സഹിക്കവഹിയാ സഹസോദിതപീഡ
ശിവശിവ! സഹിക്കവഹിയാ

൨. കുററമല്ലവൾപോയതും മമ കുസൃതികൊണ്ടത്രേ സാമ്പ്രതം
മററു പലരെയും രമിപ്പിക്കുന്നതു മാനിനിക്കിഷ്ടമാമോ
(ശിവശിവ...)

൩. എന്തുചെയ്യു വിയോഗംകൊണ്ടവളെന്നറിഞ്ഞില്ല
[പാവകേ
വെന്തുചാകയോ നഞ്ചുതിങ്കയോ വേദനാ ദഹതീവ
(ശിവശിവ...)

൪. അത്ര നല്ല കളത്രമില്ലെങ്ങുമാക്ഷമിന്നിഹ താം വിനാ
മിത്രവിത്തഗൃഹാദിഭിർ മമ കിം ഫലം ക്രിയതേഽത്ര
(ശിവശിവ...)

൫. തന്വി കാമമസൂയയെക്കൊണ്ടുതന്നെ നീ പോയതെന്നിയെ
മന്നുവിന്നൊരു ഹേതുമത്കൃതമന്യമെന്തുള്ളു നാസ്തി
(ശിവശിവ...)

൬. ദോഷമുണ്ടെങ്കിലും ക്ഷമിക്കേണം ഡോളയാടുന്നു മാനസം
രോഷിച്ചിടാതെ ദർശനം ദേഹി തേ ഹിതം കരവാണി
(ശിവശിവ...)

൭. നീ പുരോ മമ ദൃശ്യസേ മണിനൂപുരാദി കിലുങ്ങവേ
താപമാറുവാൻ വന്നു പുണരുക രൂപശാലിനി രമണി
(ശിവശിവ...)

൮. ശ്രാവ്യമാം ജയദേവകവിയുടെ കാവ്യത്തെ ചുരുക്കീട്ടു ഞാൻ
ഭവ്യയായൊരു ഭാഷയാക്കുന്നു ഭാരതീ മുദിതാസ്തു
(ശിവശിവ...)

ഒന്നാംപദം—

ഇയം—ഇവൾ (രാധ)

മാം—എന്നെ

വധൂനിചയേന—സ്ത്രീസമൂഹത്താൽ

വൃതം—ചൂഴപ്പെട്ടവനായി

വിലോക്യ—കണ്ടിട്ട്

സാപരാധതയാ—അപരാധത്തോടുകൂടിയിരിപ്പു എന്ന അവസ്ഥ
[യുള്ളതിനാൽ

അതിഭയേന—അധികം ഭയംനിമിത്തം
മയാ, അപി—എന്നാൽപോലും
ന, വാരിതാ—തടുക്കപ്പെടാത്തവളായി
ചലിതാ—പോയവളായിരിക്കുന്നു.
ഹരിഹരി—കഷ്ടംകഷ്ടം.
സാ—അവൾ
ഹതാദരതയാ—ഹതമായ നശിച്ച ആദരവോടു ബഹുമാനത്തോടു [കൂടിയതിനാൽ
കുപിതാ, ഇവ—കോപിച്ചവൾപോലെ
ഗതാ—ഗമിച്ചവളായിരിക്കുന്നു.

ഈ രാധ ഞാൻ ഗോപികളാൽ പരിവൃതനായിരിക്കുന്നതിനെ കണ്ടു സഹിക്കാൻ വയ്യാതെ ഇവിടം വിട്ടുപോയിരിക്കുന്നു. അവളോടു അപരാധം ചെയ്ത ഞാൻ ഭയം നിമിത്തം അവളെ തടുത്തുമില്ല. കഷ്ടംകഷ്ടം. അവൾക്കു് എൻെറ ആദരവു് ഇല്ലാത്തതിനാൽ കോപിച്ചിട്ടെന്നപോലെ അവൾ പോയതുതന്നെ.

'ഹംസക്രീഡനം' എന്ന ഏഴാമത്തെ പ്രബന്ധം ആരംഭിക്കുന്നു. മൂന്നാമത്തെ വരി ധ്രുവപദമായതിനാൽ ബാക്കിയുള്ള എല്ലാ പദങ്ങളോടും ചേർത്തുകൊള്ളണം. ഹതാദരതയാ—മററു സ്ത്രീകളോടു കൃഷ്ണൻ രമിക്കുന്നതിനാൽ രാധയ്ക്കുള്ള ബഹുമാനം നശിച്ചു എന്നർത്ഥം. അവൾ പോയതിൻെറ കാരണം നിരാശയാണെന്നു കൃഷ്ണനു അറിയാം. എങ്കിലും കൃഷ്ണൻ അപരാധിയായതിനാൽ ഭയന്നു അവളെ തടുക്കാൻ ശക്തനായില്ല. കൃഷ്ണൻ രാധയെവിട്ടു മററു ഗോപിമാരോടു രമിക്കുന്നതുതന്നെ അപരാധം. കൃഷ്ണനെ ഗോപിമാരോടുകൂടി കണ്ട ഉടൻതന്നെ അവൾ പോയതിനാൽ കോപംകൊണ്ടു പോയതാണെന്നു മനസ്സിലാകുന്നു് എന്നർത്ഥം. ഭയത്തിനു അപരാധം കാരണം. ഹരിഹരി—ഖേദസൂചകമായ അവ്യയം.

രണ്ടാംപദം—

സാ, ചിരം—അവൾ (രാധ) വളരെക്കാലം
വിരഹേണ—വിരഹത്താൽ
കിം, കരിഷ്യതി—എന്തുചെയ്യാൻ പോകുന്നു?
കിം, വദിഷ്യതി—എന്തുപറയാൻ പോകുന്നു?
(തയാ, വിനാ—അവളെക്കൂടാതെ)
മമ, ധനേന—എനിക്കു ധനംകൊണ്ടും
ജനേന—ജനംകൊണ്ടും (ഗോപികളാലും മററും)

ഗൃഹേണ — ഗൃഹംകൊണ്ടും
ജീവിതേന — ജീവിതംകൊണ്ടുതന്നെയും
കിം — എന്തുപ്രയോജനം?

രാധ, വളരെക്കാലം എന്നോടുള്ള വിരഹത്താൽ എന്തു ചെയ്യുമോ എന്തു പറയുമോ ഞാനറിയുന്നില്ല. അവളെക്കൂടാതെകണ്ടു എനിക്കു ധന-ജന--ഗൃഹ-ജീവിതവിഭവങ്ങൾ യാതൊന്നും കാര്യമായിട്ടുള്ളതല്ല.

കൃഷ്ണൻെറ അപരാധത്താൽ കൃഷ്ണനെ ഉദ്ദേശിച്ചുതന്നെ രാധ ദുഃഖമനുഭവിക്കുന്നതിനാൽ കൃഷ്ണൻ ഇപ്പോൾ രാധയെ തന്നോടു സമമായി ഗണിച്ചു പറയുന്ന പദമാണിതു്. വിരഹം ശമിക്കാനുള്ള ഉപായമായി എന്തുചെയ്യും എന്നർത്ഥം. എന്നെ സ്തുതിച്ചു പറയുമോ അല്ല നിന്ദിച്ചു പറയുമോ എന്നർത്ഥം. കൃഷ്ണൻെറ വിരഹത്താൽ രാധയുടെ പ്രവൃത്തിയെന്തെന്നു അറിഞ്ഞില്ല. രാധയുടെ വിരഹത്താൽ കൃഷ്ണനു ജീവിതംപോലും സാരമില്ലാതായി. എന്നിങ്ങനെ രണ്ടുപേരുടെയും നില തുല്യമായിരിക്കുന്നു.

മൂന്നാംപദം—

(അഹം — ഞാൻ)
ഉപരി, ഭ്രമതാ — മുകളിൽ ചുററിസഞ്ചരിക്കുന്ന
ഭ്രമരേണ, ആകുലം — വണ്ടിനാൽ സംകുലമായ
ശോണപദ്മം, ഇവ — ചെന്താമരപോലെ
കോപഭരേണ — കോപാധിക്യത്താൽ
കുടിലഭ്രു — കുടിലങ്ങളായ കുഞ്ചിതങ്ങളായ പുരികങ്ങളോടുകൂടിയ
തദാനനം — അവളുടെ ആനനത്തെ മുഖത്തെ
ചിന്തയാമി — ചിന്തിക്കുന്നു.

അധികകോപത്താൽ വളയുന്ന പുരികത്തോടുകൂടിയ അവളുടെ മുഖം മുകളിൽ പറക്കുന്ന വണ്ടിനോടുകൂടിയ ചെന്താമരപ്പൂവാണെന്നു ഞാൻ കരുതുന്നു.

കോപത്താൽ ചുമന്ന മുഖത്തിനു ചെന്താമരയോടു സാമ്യം. പുരികം വണ്ടെന്നപോലെ കറുത്തതാണ്. കൂടക്കൂടെ പുരികങ്ങളെ വളയ്ക്കുന്നതിനാൽ പറക്കുന്ന വണ്ടിനോടു സാമ്യം. കോപാവേശത്താൽ പുരികങ്ങൾ വളയുക സ്വഭാവമാണ്.

നാലാംപദം—

അഹം, അനിശം — ഞാൻ എപ്പൊഴും
ഹൃദി — (എൻെറ) ഹൃദയത്തിൽ

സംഗതാം—സംഗമിച്ചവളായിരിക്കുന്ന
താം, ഭൃശം—അവളെ (രാധയെ) അത്യധികം
രമയാമി—രമിപ്പിക്കുന്നു.
താം, ഇഹ, വനേ—അവളെ ഈ കാട്ടിൽ
അനുസരാമി, കിം—അന്വേഷിച്ചു നടക്കുട്ടോ?
വൃഥാ, വിലപാമി, കിം—വെറുതെ (ഞാൻ) പുലമ്പുന്നുവോ?

രാധയെ അന്വേഷിച്ചു ഞാൻ എന്തിനു കാട്ടിൽ അലഞ്ഞു നടക്കുന്നു. അവളെപ്പററി ഞാൻ എന്തിനു വിലപിക്കുന്നു? എപ്പോഴും എൻെറ ഹൃദയത്തിങ്കൽ വസിക്കുന്ന അവളെ ഞാൻ രമിപ്പിച്ചുകൊണ്ടിരിക്കുകയാണല്ലോ.

ആദ്യത്തെ വരി കൃഷ്ണൻ ഭ്രാന്തനായി പറയുന്നതായും രണ്ടാമത്തേ വരി ഉണൎന്നു പറയുന്നതായും അൎത്ഥപ്പെടുത്താം. വിജനപ്രദേശത്തിൽ വിലപിച്ചതുകൊണ്ടു എന്തു ഫലം എന്നുമൎത്ഥം. എപ്പൊഴും എൻെറ ഹൃദയസ്ഥിതയായ അവളെ വനത്തിൽ അന്വേഷിക്കുന്നതുകൊണ്ടു എന്തുഫലം എന്നുമൎത്ഥം. കിംശബ്ദത്തെ ചോദ്യത്തിലും സംശയത്തിലും വ്യാഖ്യാനിക്കാം.

അഞ്ചാംപദം—

തന്വി—അല്ലയോ പെണ്ണേ (രാധ!)
തവ, ഹൃദയം—നിൻെറ ചിത്തം
അസൂയയാ—ഈർഷ്യയാൽ
ഖിന്നം—ഖേദത്തെ പ്രാപിച്ചിരിക്കുന്നതായി
ആകലയാമി—ഞാൻ വിചാരിക്കുന്നു.
തത്—ആയതുകൊണ്ടു
കുതഃ, ഗതാ, അസി—നീ എവിടെപ്പോയിരിക്കുന്നു (എന്നു)അല്ലെ [ങ്കിൽ നീ എന്തുകൊണ്ടു പോയി എന്നു
ന, വേദ്മി—ഞാൻ അറിയുന്നില്ല.
നതേന—നമസ്കാരത്താൽ (പാദപതനത്താൽ)
തേ—നിനക്കു
അനുനയാമി—ഞാൻ അനുനയത്തെ (പ്രീണനത്തെ) ചെയ്യുന്നു.

അല്ലയോ രാധ! ഈർഷ്യകൊണ്ടു നീ ദുഃഖിച്ചിരിക്കുന്നതായി ഞാൻ വിചാരിക്കുന്നു. നീ എവിടെപ്പോയിരിക്കുന്നു എന്നോ എന്തുകൊണ്ടു പോയിരിക്കുന്നു എന്നോ ഞാൻ അറിയുന്നില്ല. ഞാൻ നിന്നെ നമസ്കരിച്ചു നല്ലവാക്കു പറഞ്ഞുകൊള്ളുന്നു.

'നതേന' എന്ന വാക്കിനെ 'ന, തേന' എന്നു രണ്ടു വാക്കുകളായി പിരിച്ചു 'തേന—ആയതുകൊണ്ടു അതായതു നീ പോയതിനു കാരണം അറിയാത്തതുകൊണ്ടു 'തേ, ന, അനുനയാമി—ഞാൻ നിന്നെ സമാധാനപ്പെടുത്തുന്നില്ല' എന്നും വ്യാഖ്യാനിക്കാം. അസൂയ—എങ്കൽ ദോഷം കണ്ടതുകൊണ്ടുള്ള അസൂയ. മററു ഗോപികളോടുകൂടി രമിച്ച ദോഷം. 'തേ, നതേന, അനുനയാമി—നിന്റെ നമസ്കാരംകൊണ്ടു ഞാൻ സമാധാനപ്പെടുന്നുണ്ടു'' എന്നും അൎത്ഥം. വെറുതെ കോപിച്ചിരിക്കുന്ന നീ ഇനി എന്നോടു കൂടണമെങ്കിൽ എന്റെ കാലിൽ വീണു അപേക്ഷിക്കണം എന്നു താത്പൎയ്യം.

ആറാംപദം—
(തന്വി—അല്ലയോ രാധികേ!)
മേ, പുരതഃ—എന്റെ മുമ്പൽ
ദൃശ്യസേ—നീ കാണപ്പെടുന്നു.
ഗതാഗതം, ഏവ—പോക്കുവരവിനെത്തന്നെ
വിദധാസി—ചെയ്യുന്നു. (അല്ലാതെ)
പുരാ, ഇവ—ഇതിനു മുമ്പെന്നപോലെ
സസംഭ്രമം—സംഭ്രമത്തോടു ത്വരയോടുകൂടി
പരിരംഭണം—ആലിംഗനത്തെ
കിം, ന, ദദാസി—എന്തുകൊണ്ടു തരുന്നില്ല?

അല്ലയോ രാധികേ! നീ എന്റെ മുമ്പിൽ കാണപ്പെടുന്നു. നിന്നെ ഞാൻ എന്റെ മുമ്പിൽ ഗതാഗതം ചെയ്യുന്നവളായി അതായതു പോയും വന്നും ഇരിക്കുന്നവളായി കാണുന്നു. മുമ്പിലത്തെപ്പോലെ എന്നെക്കണ്ടതും നീ സംഭ്രമത്തോടുകൂടി ആലിംഗനം ചെയ്യാത്തതും എന്തുകൊണ്ടു്?

വിരഹികൾ ചിത്തവിക്ഷേപം നിമിത്തം എപ്പൊഴും എവിടെയും പ്രിയകളെത്തന്നെ കാണുന്നവരാണ്.

ഏഴാംപദം—
(തന്വി—അല്ലയോ രാധികേ!)
ക്ഷമ്യതാം, ഈദൃശം—നീ ക്ഷമിച്ചാലും. ഇവ്വണ്ണമുള്ള
അപരം, കദാപി—മറെറാരു (അപ്രിയത്തെ) ഒരിക്കലും
തവ, ന, കരോമി—നിനക്കു ഞാൻ ചെയ്യുന്നവനല്ല.
സുന്ദരി—അല്ലയോ സുന്ദരി!
മന്മഥേന, ദൂനോമി—കാമനാൽ ഞാൻ ദുഃഖിച്ചിരിക്കുന്നു.
മമ, ദർശനം, ദേഹി—എനിക്കു ദർശനത്തെ തന്നാലും.

അല്ലയോ രാധികേ! ഒരിക്കൽ ഉണ്ടായ ഈ അപരാധത്തെ നീ ക്ഷമിച്ചാലും. മേലാൽ ഇതുപോലെ ഒരു അപ്രിയം നിനക്കു ഞാൻ ചെയ്യുന്നവനല്ല. അല്ലയോ സുന്ദരി! ഞാൻ കാമപീഡയാൽ ദുഃഖിച്ചിരിക്കുന്നു. നീ എനിക്കു ദർശനം തന്നാലും.

നിന്റെ സാന്നിധ്യം ഇല്ലാത്തതിനാൽ ദുഃഖം എന്നു താത്പര്യം. കൃഷ്ണൻ ഉന്മാദാവസ്ഥയിൽ പറയുന്നതാണു ഒന്നാമത്തെ വരി, ഉണന്നു പറയുന്നതാണു രണ്ടാമത്തെ വരി, എന്നും ചിലർ വ്യാഖ്യാനിക്കുന്നു.

എട്ടാം പദം—

തിന്ദുബില്വസമുദ്രസംഭവരോഹിണീരമണേന്ദു—തിന്ദുബില്വം എന്ന ഗ്രാമം ആകുന്ന സമുദ്രത്തിൽ സംഭവത്തോടു ഉത്പത്തിയോടുകൂടിയ [രോഹിണീരമണനായി ചന്ദ്രനായി

ഹരേഃ, പ്രവണേന—ഹരിയുടെ പ്രവണനായി ഭക്തനായി ഉള്ള

ജയദേവകേന—ജയദേവകവിയാൽ

ഇദം—ഇതു് (ഹരിയുടെ ചരിതം)

വർണ്ണിതം—വർണ്ണിക്കപ്പെട്ടിരിക്കുന്നു.

കൃഷ്ണഭക്തനും തിന്ദുബില്വം എന്ന ഗ്രാമമാകുന്ന സമുദ്രത്തിൽ ഉണ്ടായ പൂർണ്ണചന്ദ്രനും അതായതു ആ ഗ്രാമത്തിൽ ജനിച്ചു ആ ഗ്രാമത്തിനു ശോഭയായിവിളങ്ങിയവനും ആയ ജയദേവകവിയാൽ ഈഗീതം വർണിക്കപ്പെട്ടിരിക്കുന്നു.

തിന്ദുബില്വം—ജയദേവകവി ജനിച്ച കുലവൃത്തിഗ്രാമം. സമുദ്രത്തിൽനിന്നാണല്ലോ ചന്ദ്രൻ പൊങ്ങി വരുന്നതു. വലുതായതിനാൽ ഗ്രാമത്തെ സമുദ്രമാക്കി. പരമഭാഗവതോത്തമനായ ജയദേവകവി ജനിച്ചു വളൎന്നതിനാൽ ഗ്രാമത്തിനു മാഹാത്മ്യം.

(ശ്ലോകം)

ഹൃദി ബിസലതാഹാരോ നായം ഭുജംഗമനായകഃ
കുവലയദലശ്രേണീ കണ്ഠേ ന സാ ഗരളദ്യുതിഃ
മലയജരജോ നേദം ഭസ്മ പ്രിയാരഹിതേ മയി
പ്രഹര ന ഹരഭ്രാന്ത്യാനംഗ ക്രുധാ കിമു ധാവസി. ൯

ഹൃദി—മാറിടത്തിൽ (കാണുന്നതു)

ഭുജംഗമനായകഃ, ന—സർപശ്രേഷ്ഠനല്ല.

അയം—ഇതു
ബിസലതാഹാരഃ—താമരവളയങ്ങളെക്കൊണ്ടുള്ള ഹാരമാകുന്നു.
കണ്ഠേ—കഴുത്തിൽ (കാണുന്നതു)
ഗരളദ്യുതിഃ, ന—ഗരളത്തിന്റെ കാളകൂടവിഷത്തിന്റെ
[ശോഭയല്ല.

സഃ—അതു
കുവലയദലശ്രേണീ-നീലത്താമരയിതളുകളുടെ പങ്ക്തിയാകുന്നു.
ഇദം, ഭസ്മ, ന—ഇക്കാണുന്നതു് ചാമ്പലല്ല.
മലയജരജഃ—മലയജത്തിന്റെ ചന്ദനത്തിന്റെ രജസ്സാകുന്നു
[ധൂളിയാകുന്നു. (ആയതുകൊണ്ടു)

അനംഗ—അല്ലയോ മന്മഥ!
പ്രിയാരഹിതേ—പ്രിയയാൽ രാധയാൽ രഹിതനായ വിരഹിയായ
മയി—എങ്കൽ
ഹരഭ്രാന്ത്യാ—ഹരൻ ശിവൻ എന്നുള്ള ഭ്രാന്തിയാൽ ഭ്രമത്താൽ
ക്രുധാ—കോപത്തോടുകൂടി (നീ)
ധാവസി, കിമു—എന്തിനു ഓടിവരുന്നു?
ന, പ്രഹര—(എന്നെ) പ്രഹരിക്കരുതു്.

അല്ലയോ കാമദേവ! എന്റെ കഴുത്തിൽ കാണുന്നതു താമരവളയങ്ങളെക്കൊണ്ടുള്ള ഹാരം എന്നല്ലാതെ സർപ്പരാജനായ വാസുകിയല്ല. കഴുത്തിൽകാണുന്നതു നീലത്താമരയിതളുകളുടെ പംക്തിയെന്നല്ലാതെ കാളകൂടവിഷത്തിന്റെ ശോഭയല്ല. ദേഹത്തിൽ പൂശിയിരിക്കുന്നതു ചന്ദനപ്പൊടിയെന്നല്ലാതെ ചാമ്പലല്ല. ആയതുകൊണ്ടു പ്രിയയാൽ വിരഹിയായിരിക്കുന്ന എന്നെ ശിവനാണെന്നു തെററിദ്ധരിച്ചു കോപത്തോടുകൂടി പ്രഹരിക്കുവാൻ നീ ഓടിവരേണ്ട.

കാമപീഡയാൽ തകൎന്നുപോയ ചിത്തത്തോടു കൂടിയവനായി ഭ്രാന്തനായി തന്നെ ഭ്രാന്തനെന്നറിയുന്നവനായി കാമനെ പഴിക്കുന്നവനായി കൃഷ്ണൻ പറയുന്നതാണു് ഈപദ്യം. ഇതൊരു പ്രസിദ്ധിയുള്ള പദ്യമാകുന്നു.

ശുഭ്രമായതിനാലും ശീതമായതിനാലും ദീർഘമായതിനാലും ഹൃദയത്തിൽ ധരിച്ചിരിക്കുന്നതിനാലും ബിസലതാഹാരത്തിൽ വാസുകിഭ്രമം. കുവലയദലശ്രേണി വിരഹാതുരനായ എനിക്കു ഗരളദ്യുതിപോലെ ഇരിക്കുന്നു. കുവലയദലശ്രേണിക്കു നിറത്തിൽ ഗരളദ്യുതിയോടു സാമ്യമുണ്ടു്. അംഗതാപത്താൽ ശരീരത്തിൽ പൂശിയ ചന്ദനം ഭസ്മംപോലെ ഉണ

ങ്ങിപ്പൊടിഞ്ഞിരിക്കുന്നു. പ്രിയാരഹിതനായ ഞാൻ സ്വതേതന്നെ മരിച്ച വൻപോലെ ഇരിക്കുന്നു. അങ്ങനെയുള്ള എന്നെ പ്രഹരിച്ചുകൊല്ലുവാൻ നീ ഓടിവരുന്നതു് എന്തിനു എന്നാൎത്ഥം. ശിവൻ എപ്പൊഴും പ്രിയയോടു കൂടിയവൻ. ഞാനാകട്ടെ പ്രിയാവിയുക്തൻ. ആയതുകൊണ്ടു ഹര ങ്കൽനിന്നു എന്നെ വേർതിരിച്ചു അറിയാൻ എളുപ്പമുണ്ടു്. നിന്നെ ദഹി പ്പിച്ചു അനംഗനായിത്തീൎത്ത ഹരനോടു നിനക്കു പ്രതിക്രിയാബുദ്ധി വേണ്ട തുതന്നെ. പക്ഷെ എന്നെ പ്രഹരിക്കുവാൻ നീ എന്തിനു ഓടിവരുന്നു? ആ ഒരുക്കം വേണ്ട. ഞാൻ ഹരനല്ലല്ലോ. വിരഹതാപം അനുഭവിക്കുന്ന വർ ശീതോപചാരത്തിനായി മാറിടത്തിൽ താമരവളയങ്ങളെക്കൊ ണ്ടുള്ള മാലയും കഴുത്തിൽ നീലത്താമരയിതളുകളാലുള്ള മാലയും ശരീര മാസകലം ചന്ദനവും ധരിക്കുക പതിവാണു്. ശിവനും മാറിടത്തിൽ സർപ്പശ്രേഷ്ഠനേയും കണ്ഠത്തിൽ കാളകൂടവിഷത്തേയും ശരീരമാസ കലം ചാമ്പലും ധരിക്കുക പതിവാണു്. ബിസലതാഹാരത്തിൽ വാസു കിഭ്രമവും നീലോത്പലദലപംക്തിയിൽ കാളകൂടഭ്രമവും ചന്ദന രജസ്സിങ്കൽ ഭസ്മഭ്രമവും എന്നെ പരമശിവനാണെന്നു ഭ്രമിക്കാൻ കാ രണം.

(ശ്ലോകം)

പാണൌ മാ കുരു ചൂതസായകമമും മാ ചാപമാരോപയ
ക്രീഡാനിർജ്ജിതവിശ്വ! മൂർച്ഛിതജനാഘാതേന കിം പൌരുഷം?
തസ്യാ ഏവ മൃഗീദൃശോ മനസിജ പ്രേംഖത്കടാക്ഷാശുഗ-
ശ്രേണീജർജ്ജരിതം മനാഗപി മനോ നാദ്യാപി സംധുക്ഷതേ ൪

ക്രീഡാനിർജ്ജിതവിശ്വ—ക്രീഡയാൽ കേളിയാൽ നിർജ്ജിതമായ
[നിശ്ശേഷം ജയിക്കപ്പെട്ട വിശ്വത്തോടു പ്രപഞ്ചത്തോടുകൂടിയ
മനസിജ —കാമദേവനായുള്ളോവേ!
അമും, ചൂതസായകം—ഈ മുമ്പിൽ കാണുന്ന മാമ്പൂവാകുന്ന
[സായകത്തെ ശരത്തെ
പാണൌ, മാ, കുരു—പാണിയിങ്കൽ നീ ധരിക്കരുതു്.
ചാപം—ചാപത്തെ വില്ലിനെ
മാ, ആരോപയ—കയററരുതു് (ശരസന്ധാനം ചെയ്വാൻ സജ്ജ
[മാക്കരുതു്)
മൂർച്ഛിതജനാഘാതേന—മൂർച്ഛിതന്മാരായ മൂർച്ഛയെ മോഹാല
[സ്യത്തെ പ്രാപിച്ച ജനങ്ങളെ ആഹനനം ചെയ്തുകൊണ്ടു
[പ്രഹരിച്ചതുകൊണ്ടു

പൗരുഷം, കിം—നിനക്കു എന്തൊരു പൗരുഷം ഭാവിക്കാൻ [പോകുന്നു?

മൃഗീദൃശഃ, തസ്യാഃ, ഏവ—മൃഗിയുടെ മാൻപേടയുടെ ദൃക്കുകൾ [പോലെയുള്ള ദൃക്കുകളോടു കണ്ണുകളോടുകൂടിയ അവളുടെ തന്നെ

പ്രേംഖത്കടാക്ഷാശുഗശ്രേണീജർജരിതം—പ്രേംഖത്തുകളായപ്ര സർപത്തുകളായ കടാക്ഷങ്ങളാകുന്ന കടക്കണ്ണുകളാകുന്ന ആശുഗങ്ങ ളുടെ ബാണങ്ങളുടെ ശ്രേണികളാൽ പംങ്ക്തികളാൽ ജർജരിതമായ [തകർന്നുപോയ

മനഃ, അദ്യാപി—ചിത്തം ഇപ്പൊഴും

മനാക്, അപി—അല്പംപോലും

ന, സാധുക്ഷതേ—സ്വസ്ഥമായിരിക്കുന്നില്ല.

അല്ലയോ കേളികൾകൊണ്ടുതന്നെ ഈ പ്രപഞ്ചത്തെ ജയിച്ചിരിക്കുന്ന കാമദേവനായുള്ളോവേ! നീ മാമ്പൂവാകുന്ന ശരത്തെ കൈയ്യിൽ ധരിക്കരുതു്. വില്ലിനെ ബാണപ്രയോഗത്തിനായി സജ്ജമാക്കുകയും അരുതു്. എന്നെപ്പോലെ വിരഹം നിമിത്തം മൂർഛിച്ചിരിക്കുന്ന ആളിനെ പ്രഹരിച്ചതുകൊണ്ടു നിനക്കു എന്തൊരു പൌരുഷം ഉണ്ടാകാൻ പോകുന്നു? എന്റെ ചിത്തമാകട്ടെ മാൻപേടയുടെ കണ്ണുകൾ പോലെയുള്ള കണ്ണുകളോടുകൂടിയ ആ രാധയുടെ കടക്കണ്ണുകളാൽ ഉള്ള നോട്ടങ്ങളാകുന്ന ശരങ്ങളേററു തകർന്നു ഇപ്പൊഴും അല്പംപോലും സ്വസ്ഥമല്ല.

കാമദേവൻ കുസുമായുധനാണു. ആയതിനാൽ ധാരാളം പൂത്തിരിക്കുന്ന മാമ്പൂക്കളെ ശരമായി ഉപയോഗിച്ചു തന്നെ പ്രഹരിച്ചേയ്ക്കും എന്ന ശങ്കകൊണ്ടു് ദീനനായ കൃഷ്ണൻ പിന്നെയും പറയുന്നതായിട്ടാണു ഈ പദ്യം.

മാമ്പൂക്കളെ ശരമായി കയ്യിൽ നീ ധരിക്കരുതു്. അവയെ വില്ലു കുലയ്ക്കുവാൻ ഉപയോഗിക്കുകയും അരുതു് എന്നൎത്ഥം. 'മനസിജ' എന്ന വാക്കു എന്റെ മനസ്സിൽ ജനിച്ച നീ എന്നെ ഉപദ്രവിക്കുക ശരിയല്ല എന്ന അൎത്ഥത്തെ സൂചിപ്പിക്കുന്നു. ഞാനോ മൃതപ്രായൻ.അങ്ങനെയിരിക്കുന്ന എന്നെ പ്രഹരിച്ചതുകൊണ്ടു നിനക്കെന്തൊരു പൗരുഷം ഉണ്ടാകാൻ പോകുന്നു എന്നു സാരം. ഇപ്രകാരമുള്ള എന്നെ പ്രഹരിച്ചതുകൊണ്ടു നിന്റെ പൗരുഷം നിന്ദ്യമാവും എന്നു താത്പര്യം. 'കിം പൗരുഷം' ഒററപ്പദമായും ആവാം. കുത്സിതമായ പൗരുഷം എന്നൎത്ഥം, രാധയുടെ കടാക്ഷബാണങ്ങളേററു തകൎന്നിരിക്കുന്ന എന്നെ പിന്നെയും

നീ ചൂതസായകങ്ങളെക്കൊണ്ടു പ്രഹരിക്കരുതു്. ലോകമത്രയും ജയിച്ചിരിക്കുന്ന നിൻെറ ഈ പ്രവൃത്തി നിൻെറ കീൎത്തിയെ മലിനപ്പെടുത്തും എന്നു താത്പര്യം.

യാതൊരുത്തിയെ ഉദ്ദേശിച്ചു നീ എന്നെ പ്രഹരിക്കാൻ ഒരുങ്ങുന്നുവോ അവളുടെ ചിത്തവും സ്വാസ്ഥമല്ല. എന്തെന്നാൽ സപത്നികളായ ഗോപയുവതികളുടെ പ്രേംഖത്കടാക്ഷാശുഗശ്രേണിജൎജ്ജിതമായിരിക്കുന്നു എന്നും അൎത്ഥം. 'കടാക്ഷാനലജ്വാലാജൎജ്ജരിതം' എന്നും പാഠം. കടാക്ഷങ്ങളാകുന്ന അഗ്നിജ്വാല എന്നൎത്ഥം.

(ശ്ലോകം)

ഭ്രൂപല്ലവം ധനുരപാംഗതരംഗിതാനി
ബാണാ ഗുണഃ ശ്രവണപാലിരിതി സ്മരേണ
തസ്യാമനംഗജയജംഗമദേവതായാ-
മസ്ത്രാണി നിൎജ്ജിതജഗന്തി കിമൎപ്പിതാനി ൭

സ്മരേണ— കാമദേവനാൽ
അനംഗജയജംഗമദേവതായാം— അനംഗൻെറ കാമൻെറ ജയ[ത്തിനായുള്ള ജംഗമമായ സഞ്ചരിക്കുന്ന ദേവതയായുള്ള
തസ്യാം— അവളിൽ (രാധയ്ക്കൽ)
ഭ്രൂപല്ലവം— ഭ്രൂക്കളാകുന്ന പുരികങ്ങളാകുന്ന പല്ലവം തളിരു[(അതുതന്നെ)
ധനുഃ— വില്ലു്
അപാംഗതരംഗിതാനി- അപാംഗങ്ങളുടെ കടാക്ഷങ്ങളുടെ തരംഗി[തങ്ങൾ ഗതാഗതങ്ങൾതന്നെ
ബാണാഃ— ശരങ്ങൾ
ശ്രവണപാലിഃ— കൎണ്ണലതയുടെ പ്രാന്തഭാഗംതന്നെ
ഗുണഃ, ഇതി— ഞാൺ എന്നീങ്ങനെ
നിൎജ്ജിതജഗന്തി— നിൎജ്ജിതമായ നിശ്ശേഷം ജയിക്കപ്പെട്ട ജഗ[ത്തോടുകൂടിയ
അസ്ത്രാണി— അസ്ത്രങ്ങൾ
അൎപ്പിതാനി, കിം— നിക്ഷേപിക്കപ്പെട്ടിരിക്കുന്നുവോ (എന്നു[ഞാൻ ഊഹിക്കുന്നു).

അനംഗനായ കാമൻ ലോകത്തെ ജയിക്കുവാനായി രാധാരൂപിണിയായ ജംഗമദേവതയിൽ തന്റെ അസ്ത്രസാമഗ്രികളെ അതായതു പുരികക്കൊടിയാകുന്ന ചാപത്തേയും കടക്കണ്ണുകളെക്കൊണ്ടുള്ള നോട്ടങ്ങളാകുന്ന ബാണങ്ങളേയും ചെവിയാകുന്ന ഞാണിനേയും നിക്ഷേപിച്ചിരിക്കുന്നു.

രാധയുടെ പുരികം കാമദേവന്റെ വില്ലായും നോട്ടങ്ങൾ ബാണങ്ങളായും കാതു ഞാണായും ഭവിച്ചു കൃഷ്ണനെ ക്രമത്തിലധികം ഉപദ്രവിച്ചു അസഹ്യപ്പെടുത്തുന്നു എന്നു സാരം. അപാംഗതരംഗിതം—കടാക്ഷം. ലോകത്തെ ജയിച്ചിട്ടു കാമൻ വീണ്ടും അതിനായി തന്റെ അസ്ത്രങ്ങളെ രാധയിങ്കൽ നിക്ഷേപിച്ചിരിക്കുന്നു എന്നുമർത്ഥം. മറെറാരു സ്ഥലത്തിൽ നിക്ഷേപിക്കാത്തതിന്റെ കാരണമാണു് 'അനംഗജയജംഗമദേവതായാം' എന്നുള്ളതു്. ലോകമത്രയും സഞ്ചരിച്ചു ജയിക്കുവാനായി ജംഗമദേവതയെന്നു പറഞ്ഞു. ഗമനശീലയായ ദേവത എന്നർത്ഥം. കാമദേവൻ ത്രൈലോക്യത്തെ ജയിക്കുവാനായി അസ്ത്രങ്ങളെ കൊടുത്തു. ദേവതയാൽ കൊടുക്കപ്പെട്ട അസ്ത്രത്തെ എതിക്കാൻ ആക്കും സാദ്ധ്യമല്ലെന്നു് ധ്വനിക്കുന്നു. നീലവും സ്നിഗ്ദ്ധവും വക്രവും ആയതിനാൽ പുരികത്തളിരു വില്ലായി. ആകൃതികൊണ്ടു ചെവി ഞാണായി. ഭേദകങ്ങളായതിനാൽ നോട്ടങ്ങൾ ശരങ്ങളായി.

കാമദേവന്റെ അസ്ത്രവിദ്യാപ്രയോഗത്തിനുള്ള എല്ലാ സാമഗ്രികളും രാധയിങ്കൽ കാമദേവനാൽ നിക്ഷിപ്തങ്ങളായിരിക്കുന്നതായി ഈ പദ്യത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

(ശ്ലോകം)

ഭ്രൂചാപേ നിഹിതഃ കടാക്ഷവിശിഖോ നിർമാതു മർമവ്യഥാം
ശ്യാമാത്മാ കുടിലഃ കരോതു കബരീഭാരോഽപി മാരോദ്യമമ്
മോഹം താവദയം ച തന്വി തനുതാം ബിംബാധരോ രാഗവാൻ
സദ്വൃത്തഃ സ്തനമണ്ഡലസ്തവ കഥം പ്രാണൈർ മമ ക്രീഡതി ന്ന

തന്വി—അല്ലയോ രാധേ!

ഭ്രൂചാപേ—ഭ്രൂവാകുന്ന പുരികമാകുന്ന ചാപത്തിൽ വില്ലിൽ

നിഹിതഃ—വയ്ക്കപ്പെട്ട (കയററപ്പെട്ട)

കടാക്ഷവിശിഖഃ—കടാക്ഷമാകുന്ന വിശിഖം ബാണം

മർമവ്യഥാം—മർമത്തിൽ വ്യഥയെ വേദനയെ

നിർമാതു—ജനിപ്പിക്കട്ടേ
ശ്യാമാത്മാ—കറുത്ത സ്വരൂപമുള്ളതും (മലിനവും)
കുടിലഃ—വക്രവും (കാപട്യമുള്ളതും) ആയ
കബരീഭാരഃ, അപീ—കേശഭാരവും
മാരാരാദ്യമം—മരിപ്പിക്കാനുള്ള ഉദ്യമത്തെ (മാരന്റെ കാമന്റെ [ഉദ്യമത്തെ യത്നത്തെ
കരോതു—ചെയ്യട്ടെ.
രാഗവാൻ—രാഗമുള്ള അഭിലാഷമുള്ള (ചുമപ്പായ)
അയം, ച, ബിംബാധരഃ—ഈ ബിംബത്തിനു തൊണ്ടിപ്പഴ [ത്തിനു തുല്യമായ അധരവും
മോഹം, തനുതാം, താവത്—മോഹത്തെ വർധിപ്പിക്കട്ടെ.
സദ്വൃത്തഃ—സദ്വൃത്തമായ നല്ല വർത്തുലമായ (സദാചാരമുള്ള)
തവ—നിന്റെ
സ്തനമണ്ഡലഃ—കുചവിസ്താരം (മുലത്തടം)
മമ, പ്രാണൈഃ—എന്റെ പ്രാണങ്ങളോടു
കഥം, ക്രീഡതി—എങ്ങനെ കളിക്കുന്നു?

അല്ലയോ രാധികേ! നിന്റെ പുരികക്കൊടിയാകുന്ന ചാപത്തിൽ ആരോപിതങ്ങളായ കടാക്ഷശരങ്ങൾ എനിക്കു മർമവേദനയെ ജനിപ്പിക്കട്ടെ. കറുത്തു ചുരുണ്ട കേശഭാരവും എന്നെ അസഹ്യപ്പെടുത്തട്ടെ. ചുമപ്പായി തൊണ്ടിപ്പഴം പോലെ ശോഭിക്കുന്ന ചുണ്ടും എന്നെ മോഹിപ്പിക്കട്ടെ. സദ്വൃത്തമായ ഈ മുലത്തടം എന്റെ പ്രാണങ്ങളെക്കൊണ്ടു കളിക്കുന്നതു എന്തിനാണ്?

കൃഷ്ണൻ രാധികയുടെ അംഗപ്രത്യംഗങ്ങളെ സ്മരിച്ചു നിർവർണനം ചെയ്യുന്നവനായി അവളെ സംബോധനം ചെയ്തുകൊണ്ടു തന്റെ അസഹ്യതയെ ഈ പദ്യത്തിൽ വെളിപ്പെടുത്തുന്നു.

ഞാണിൽ കയററപ്പെട്ട ശരം മർമവേദനയെ ചെയ്യുന്നതു സഹജമാണ്. മലിനവും കുടിലവും ആയതു മററുള്ളവരെ ഉപദ്രവിക്കുക പതിവാണ്. രാഗമുള്ള ബിംബാധരവും മോഹിപ്പിക്കുക സ്വഭാവമാണ്. ഈ മൂന്നും ഓരോവിധത്തിൽ എന്നെ ഉപദ്രവിക്കുന്നു. എന്നാൽ സ്തനമണ്ഡലം സദ്വൃത്തമായതിനാൽ എന്നെ അസഹ്യപ്പെടുത്താൻ ന്യായമില്ല. അതാണു ക്രൂരതലായി അസഹ്യപ്പെടുത്തുന്നതു്. കബരീഭാരം—സർപവേണിയായും മററും കെട്ടപ്പെട്ട കേശസഞ്ചയം. രാഗവാൻ—മാത്സര്യമുള്ളവൻ എന്നുമർത്ഥം. നിന്റെ വക്രമായ പുരികവും

കടാക്ഷവും ശ്യാമവും കുടിലവും ആയ കേശഭാരവും ബിംബാധരവും മുലകളും എനിക്കു വ്യഥയെ ജനിപ്പിക്കുന്നു എന്നു സാരം.

(ശ്ലോകം)

താനി സ്പർശസുഖാനി തേ ച തരലാഃ സ്നിഗ്ദ്ധാ ദൃശോർ [വിഭ്രമാ-
സ്തദ്വക്ത്രാംബുജസൗരഭം സ ച സുധാസ്യന്ദീ ഗിരാം വക്രിമാ
സാ ബിംബാധരമാധുരീതി വിഷയാസംഗേഽപി ചേന്മാനസം
തസ്യാം ലഗ്നസമാധി ഹന്ത വിരഹവ്യാധിഃ കഥം വർ- [ദ്ധതേ ൧

സ്പർശസുഖാനി ഇപ്പോൾ അവളുടെ അംഗങ്ങളുടെ സ്പർശം [നിമിത്തമുള്ള സുഖങ്ങൾ

താനി—അതുകൾതന്നെ (മുമ്പ് അനുഭവിച്ചതുകൾതന്നെ).

തരലാഃ—ചഞ്ചലങ്ങളും

സ്നിഗ്ദ്ധാഃ—സ്നേഹത്തോടുകൂടിയതുകളും ആയ

ദൃശോഃ, വിഭ്രമാഃ—കണ്ണുകളുടെ വിലാസങ്ങൾ

തേ, ച—അതുകൾതന്നെ.

വക്ത്രാംബുജസൗരഭം—മുഖകമലത്തിൻെറ വാസനയും

തത്—അതുതന്നെ

ഗിരാം—(അവളുടെ) വാക്കുകളുടെ

സുധാസ്യന്ദീ—സുധയെ അമൃതത്തെ ഒഴുക്കുന്നതായ

വക്രിമാ, സഃ, ച—വക്രത്വം (വൈചിത്ര്യം) അതുതന്നെ.

ബിംബാധരമാധുരീ—ബിംബംപോലെ തൊണ്ടിപ്പഴംപോലെ [യുള്ള അധരത്തിൻെറ ചുണ്ടിൻെറ മാധുരി മാധുര്യം

സാ—അതുതന്നെ.

ഇതി—എന്നിങ്ങനെ

വിഷയാസംഗേ, അപി—അതാതു വിഷയങ്ങളോടു സംബന്ധമു [ണ്ടെങ്കിലും

മാനസം—ചിത്തം

തസ്യാം—അവളിൽ (രാധയിങ്കൽ)

ലഗ്നസമാധി, ചേത്—ലഗ്നമായ വ്യാപ്തമായ സമാധിയോടുകൂടി [യതാണെങ്കിൽ (ഏകാഗ്രമാണെങ്കിൽ)

വിരഹവ്യാധിഃ—വിരഹരൂപമായ വ്യാധി അല്ലെങ്കിൽ വിരഹ [ത്താലുള്ള വ്യാധി

കഥം—എങ്ങനെ
വർദ്ധതേ—വർദ്ധിക്കുന്നു? (വർദ്ധിക്കാൻ ന്യായമില്ലെന്നർത്ഥം.)
ഹന്ത—കഷ്ടം (ആശ്ചര്യം).

മുമ്പു അനുഭവിച്ച രാധയുടെ അംഗസ്പർശസുഖങ്ങൾ തന്നെ ഇപ്പോഴും അനുഭവപ്പെടുന്നതു്. നേത്രങ്ങളുടെ സ്നേഹമസൃണങ്ങളായ ശൃംഗാരലീലകളും അവതന്നെ. മുഖപദ്മത്തിന്റെ സൗരഭവും അതു തന്നെ. അമൃതിനെ ഒഴുക്കുന്ന അവളുടെ വാഗ്വൈചിത്ര്യവും അതു തന്നെ. അവളുടെ തൊണ്ടിപ്പഴം പോലെയുള്ള അധരത്തിന്റെ മധുരരസവും അതുതന്നെ. ഇവ്വണ്ണം അവളുടെ സ്പർശ-രൂപ-ശബ്ദ-രസങ്ങളായ വിഷയങ്ങളെ ഞാൻ അനുഭവിക്കുന്നു. എന്റെ മനസ്സും അവളിൽ പററിയിരിക്കുന്നു. ഇങ്ങനെയെല്ലാമിരിക്കെ എനിക്കു് വിരഹവ്യാധി എങ്ങനെ വർദ്ധിക്കുന്നു? കഷ്ടം.

ഈ പദ്യത്തിൽ തന്റെ വിരഹത്തെ വക്രോക്തികൊണ്ടു കൃഷ്ണൻ കഥിക്കുന്നു. ഇതിനുമുമ്പു് അവളോടുകൂടി അനുഭവിച്ച വിഷയസുഖങ്ങളെ ഇപ്പോഴും ഞാൻ ഭേദംകൂടാതെ മനസ്സുകൊണ്ടു ഭാവനചെയ്തനുഭവിക്കുന്നു. ആയതുകൊണ്ടു് എനിക്കു് വിരഹവ്യാധി വളരാൻ കാരണമില്ല. വ്യാധി വർദ്ധിക്കുകയും ചെയ്യുന്നു. ത്വക്കു് കണ്ണു് ഘ്രാണം ശ്രോത്രം രസന എന്ന അഞ്ചു ഇന്ദ്രിയങ്ങൾ അതാതു വിഷയങ്ങളിൽ പ്രവൎത്തിക്കുമ്പോൾ മനസ്സിന്നു് സമാധിനില ഉണ്ടാകയില്ല. എനിക്കാകട്ടെ ഇന്ദ്രിയങ്ങൾ വിഷയങ്ങളിൽ പ്രവൎത്തിക്കുമ്പോൾതന്നെ രാധയിങ്കൽ മനസ്സു സമാധിയോടുകൂടിയിരിക്കുന്നു എന്നുള്ളതു ആശ്ചര്യം. ബാഹ്യേന്ദ്രിയങ്ങളെ വിഷയസംബന്ധത്തിൽനിന്നു തടഞ്ഞു മനസ്സിനെ ഒന്നിൽതന്നെ ലയിപ്പിക്കുന്നതാണല്ലോ സമാധി. ഇപ്പോൾ അവൾ അപ്രത്യക്ഷയാണെങ്കിലും മുമ്പു പ്രത്യക്ഷയായ അവളോടു ഞാൻ അനുഭവിച്ച സുഖങ്ങളെ ധ്യാനിച്ചനുഭവിക്കുന്നു എന്നൎത്ഥം.

(ശ്ലോകം)

തിര്യക്കണ്ഠവിലോലമൗലിതരളോത്തംസസ്യ വംശോച്ചര-
ദ്ദീപ്തിസ്ഥാനകൃതാവധാനലലനാലക്ഷൈർ ന സംലക്ഷിതാഃ
സംമുഗ്ദ്ധേ മധുസൂദനസ്യ മധുരേ രാധാമുഖേന്ദൗ [സുധാ-
സാരേ കന്ദലിതാശ്ചിരം ദധതു വഃ ക്ഷേമം കടാക്ഷോർ-
[മയഃ

സംമുഗ്ദ്ധേ—വളരെ സുന്ദരവും
മധുരേ—മധുരവും (പ്രീതികരവും)
സുധാസാരേ—അമൃതത്തെ വർഷിക്കുന്നതും ആയ
രാധാമുഖേന്ദൗ—രാധയുടെ മുഖചന്ദ്രങ്കൽ
(പ്രേമ്ണാ—സ്നേഹം നിമിത്തം)
കന്ദളിതാഃ—ഉപരാഗത്തെ പ്രാപിച്ചതുകളും

തിര്യക്കണ്ഠവിലോലമൗലീതരലോത്തംസസ്യ—തിര്യക്കണ്ഠത്താൽ കഴുത്തുതിരിയുന്നതിനാൽ വിലോലമായ ചലിക്കുന്ന മൗലിയാൽ ശിരസ്സിനാൽ (തലയുടെ ആട്ടത്താൽ) തരലങ്ങളായ ഇളകുന്ന ഉത്തംസ
[ങ്ങളോടു കർണ്ണാഭരണങ്ങളോടു കൂടിയ

മധുസൂദനസ്യ—ശ്രീകൃഷ്ണന്റെ

വംശോച്ചരദ്ദീപ്തിസ്ഥാനകൃതാവധാനലലനാലക്ഷൈഃ — വംശത്തിൽനിന്നു വേണുവാദ്യത്തിൽനിന്നു ഉച്ചരത്തായ പൊങ്ങിവരുന്ന ദീപ്തിസ്ഥാനത്തിൽ താരസ്വരസ്ഥാനത്തിൽ കൃതമായ വയ്ക്കപ്പെട്ട അവധാനത്തോടു ശ്രദ്ധയോടു കൂടിയ ലലനാലക്ഷങ്ങളാൽ ലക്ഷക്കണക്കി
[ലുള്ള ലലനകളാൽ തരുണികളാൽ

ന, സംലക്ഷിതാഃ— കാണപ്പെടാത്തതുകളും ആയ
കടാക്ഷോർമ്മയഃ—കടാക്ഷങ്ങളുടെ കടക്കൺ നോട്ടങ്ങളുടെ ഊർ
ചിരം—ചിരകാലം [മികൾ ശ്രേണികൾ
വഃ, ക്ഷേമം, ദധതു—നിങ്ങൾക്കു നന്മയെ ചെയ്യട്ടെ.

ശ്രീകൃഷ്ണൻ വേണുഗാനം ചെയ്യുന്നു. അപ്പോൾ കഴുത്തു തിരിയുന്നതിനാൽ കർണ്ണാഭരണങ്ങൾ ഇളകിക്കൊണ്ടിരിക്കുന്നു. വേണുഗാനം ചെയ്യുന്നതോടുകൂടി അവന്റെ സ്നേഹാനുരക്തമായ നോട്ടമെല്ലാം മുഗ്ദ്ധവും മധുരവും സുധാവർഷിയും ആയ രാധയുടെ മുഖചന്ദ്രങ്കലാകുന്നു. താരമായ സ്വരസ്ഥാനത്തിൽ മുഴങ്ങുന്ന വേണുനാദത്തിൽ രസംകൊണ്ടു ഏകാഗ്രകളായ ഗോപികളെല്ലാം അവന്റെ നോട്ടത്തെപ്പറ്റി അറിയുന്നുമില്ല. അപ്പുണ്ണമുള്ള ഭഗവാൻ ശ്രീകൃഷ്ണൻ നിങ്ങൾക്കു ക്ഷേമത്തെ ചെയ്യട്ടെ.

സർഗാവസാനപദ്യത്തിൽ കവി ആശീർവചനരൂപമായ മംഗളം ആചരിക്കുന്നു. സംമുഗ്ദ്ധം—സമ്യക്കാകുംവണ്ണം മുഗ്ദ്ധം. നാലുവിധമായ സ്വരസ്ഥാനത്തിലുംവച്ച് താരസ്വരസ്ഥാനത്തിൽ രാഗാലാപം

ചെയ്യുമ്പോൾ അനിർവചനീയമായ ഒരതിശയം ഉണ്ടാകുകതന്നെ ചെയ്യുന്നു. ഗോപികൾക്കു വേണുനാദം തല്ക്കാലം പ്രിയന്റെ കടാക്ഷത്തെക്കാൾ പ്രിയമായിരുന്നു എന്നു സാരം. മൌലി–ശിരസ്സ് അല്ലെങ്കിൽ കിരീടം. കടാക്ഷോർമികൾ-കടാക്ഷങ്ങളുടെ ഊർമികൾ തിരമാലകൾ. ചന്ദ്രദർശനത്താൽ തിരമാലകൾ അധികം ഇളകുന്നവയാണ്.

'ഹംസക്രീഡനം' എന്ന ഏഴാമത്തെ പ്രബന്ധം സമാപ്തമായി.

മൂന്നാംസർഗം സമാപ്തമായി.

## സ്നിഗ്ദ്ധമധുസൂദനം എന്ന നാലാംസർഗ്ഗം.

(ശ്ലോകം)

യമുനാതീരവാനീരനികുഞ്ജേ മന്ദമാസ്ഥിതമ്
പ്രാഹ പ്രേമഭരോദ്ഭ്രാന്തം മാധവം രാധികാസഖീ

### ഭാഷ

ഏവം വിലപ്യ യമുനാതടകുഞ്ജഗർഭേ
　　മേവുമ്പൊളൻപൊട്ടതിരഞ്ഞു നടന്നുകാണ്മാൻ
ഭാവിച്ച രാധികയുടെ സഖിവന്നിവണ്ണ-
　　മാവിശ്വനാഥനെ നമിച്ചുരചെയ്തു കാര്യം.

രാധികാസഖീ—രാധയുടെ സഖി

യമുനാതീരവാനീരനികുഞ്ജേ—യമുനാനദിയുടെതീരത്തുള്ള വാനീ[രനികുഞ്ജത്തിൽ വഞ്ജുളവള്ളിക്കുടിലിൽ

മന്ദം—ഉത്സാഹമില്ലാതെ (സ്വൈരമായി)

ആസ്ഥിതം—ഇരിക്കുന്നവനും

പ്രേമഭരോദ്ഭ്രാന്തം — പ്രേമഭരത്താൽ സ്നേഹാധിക്യത്താൽ [ഉദ്ഭ്രാന്തനായും വ്യാകുലചിത്തനായിരിക്കുന്നവനും ആയ

മാധവം, പ്രാഹ—കൃഷ്ണനോടു പറഞ്ഞു.

യമുനാനദിയുടെ കരയിലുള്ള വംജ്ജുളവള്ളിക്കുടിലിൽ ഉത്സാഹശൂന്യനായി കഴിച്ചുകൂട്ടുന്നവനും രാധയിങ്കലുള്ള പ്രേമാധിക്യത്താൽ വ്യാകുലചിത്തനും ആയിരിക്കുന്ന കൃഷ്ണനോടു രാധയുടെസഖി പറയുന്നു.

കഴിഞ്ഞ സർഗ്ഗങ്ങളിൽ രാധയുടെയും മാധവൻെറയും കാമപീഡകളെ പ്രത്യേകം പ്രത്യേകമായി വർണിച്ചിട്ടു അവരെ തമ്മിൽ സംയോജിപ്പിക്കുവാനായി കവി അതിൻെറ പ്രാരംഭമെന്ന മട്ടിൽ ദൂതീയോഗത്തെപ്പററി ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു.

'അമന്ദം' എന്നു പദം പിരിച്ചാൽ അതിനെ 'പ്രാഹ' എന്ന ക്രിയയ്ക്കു വിശേഷണമായി അന്വയിപ്പിക്കണം. രാധയുടെ അസഹ്യതയെ ഗണിച്ചു കൃഷ്ണനോടു വേഗത്തിൽ പറഞ്ഞു എന്നർത്ഥം. പ്രേമഭരം-രാധ

യേ വിഷയമാക്കിയുള്ള ധ്യാനപരമ്പര. വനമത്ര്യം അവളെ തീർ ഞ്ഞു നടക്കുന്നതിനെ വിട്ടിട്ടു ആശവെരത്തവനായി കുടീലിൽ ധൈര്യമായി വന്നിരുന്ന അവളെ മനസ്സിൽ ഭാവനചെയ്തു ഉണ്ടാകുന്ന അതിശയമായ പ്രേമം എന്നത്ഥം.

രാധയിങ്കൽ പ്രേമംവളൎന്ന ഉന്മേഷശൂന്യനായി കുടിലിൽ കഴിച്ചു കൂട്ടുന്ന കൃഷ്ണനോടു രാധയുടെ സഖി രാധയുടെ വിരഹാവസ്ഥകളെപ്പററി പറഞ്ഞുകേൾപ്പിക്കുന്നതും, രാധയുടെ അടുത്തുവന്ന അവൾക്കു ആശ്വാസം നൽകുവാൻ അപേക്ഷിക്കുന്നതും മററും ഈ സർഗത്തിലെ പ്രതിപാദ്യമാകുന്നു.

## അഷ്ടപദി ൮.

കർണ്ണാടകരാഗേണ ഗീയതേ ഏകതാളേന വാദ്യതേ.

൧. നിന്ദതി ചന്ദനമിന്ദുകിരണമനു വിന്ദതി ഖേദമധീരം
വ്യാലനിലയമിലനേന ഗരലമിവ കലയതി മലയസമീരമ്
മാധവ മനസിജവിശിഖഭയാദിവ ഭാവനയാ ത്വയി ലീനാ
സാ വിരഹേ തവ ദീനാ

൨. അവിരലനിപതിതമദനശരാദിവ ഭവദവനായ വിശാലം
സ്വഹൃദയമർമ്മണി വർമ കരോതി സജലനലിനീദല
(ജാലം സാ വിരഹേ...)

൩. കുസുമവിശിഖശരതല്പമനല്പവിലാസകലാകമനീയം
വ്രതമിവ തവ പരിരംഭസുഖായ കരോതി കുസുമശയ
(നീയം സാ വിരഹേ...)

൪. വഹതി ച ചലിതവിലോചനജലഭരമാനനകമലമുദാരം
വിധുമിവ വികടവിധുന്തുദദന്തദലനഗലിതാമൃതധാരമ്
(സാ വിരഹേ...)

൫. വിലിഖതി രഹസി കുരംഗമദേന ഭവന്തമസമശരഭൂതം
പ്രണമതി മകരമധോ വിനിധായ കരേ ച ശരം നവ
(ചൂതം സാ വിരഹേ...

ന്നു. ധ്യാനലയേന പുരഃ പരികല്പ്യ ഭവന്തമതീവ ദുരാപം
വിലപതി ഹസതി വിഷീദതി രോദിതി ചഞ്ചതി മുഞ്ചതി
[താപം (സാ വിരഹേ...)

൭. പ്രതിപദമിദമപി നിഗദതി മാധവ! തവ ചരണേ പതി
[താഹം
ത്വയി വിമുഖേ മയി സപദി സുധാനിധിരപി തനുതേ
[തനുദാഹമ് (സാ വിരഹേ...)

വ്യ. ശ്രീജയദേവഭണിതമിദമധികം യദി മനസാ നടനീയം
ഹരിവിരഹാകുലവല്ലവയുവതിസഖീവചനം പഠനീയം
(സാ വിരഹേ...)

ഭാഷ

എട്ടാം അഷ്ടപദി.

സൌരാഷ്ട്രം ഏകതാളം.

പ. ചന്ദനവും ചന്ദ്രൻെറ വെണ്ണിലാവും
ചന്ദനം മലയമരുത്തും
സന്ദഹിപ്പാനീഹരിയും കാററുപോലെ
സുന്ദരിയോടണയുന്നു
ഹാ വിരഹംകൊണ്ടു രാധാ കൃഷ്ണ!
വാവിട്ടു കരയുന്നു കാമം
പൂവമ്പൻെറ വൻപുപേടിച്ചവൾ നിങ്കൽ
ഭാവനയാ മുഴുകുന്നു.

വ. ഹൃദയനനംഗനെയ്യുമമ്പുകൊള്ളാത്തോണം
ഹൃദയഗ നിന്നെ രക്ഷിപ്പാൻ
അംബുരുഹദലമാലയേ മുഹുരപി
ധവളനീർതളിച്ചണയുന്നു. (ഹാ...)

ന. സാ മത്തകാമൻെറ ശരതല്പകല്പമാം
പൂമെത്തയിന്മേലിദാനിം

ശ്രീമത്തമ! നിന്നെപ്പുണരുവാൻ പ്രതിന്വ-
നാമത്തെ ജപിച്ചിട്ടു ശേതേ (ഹാ...)

൪. ചണ്ഡനാം രാഹുവിൻെറ പല്ലുപതിച്ചിട്ടു
ചലദമൃതംചൊരിഞ്ഞീടും
ചന്ദ്രനെപ്പോലെ കണ്ണുനീരിനെ വാക്കുന്ന
വദനത്തെ വഹിക്കുന്നു വാമ (ഹാ...)

൫. വസ്തുതയാ മാരൻതന്നെയാംനിന്നെയും
കസ്തുരികൊണ്ടു മീനത്തെയും
കൈത്തലേ മാവിൻെറ പൂങ്കണയാക്കീട്ടും
ഭിത്തിമേലെഴുതിത്തൊഴുന്നു (ഹാ...)

൬. തൊഴുമ്പോളൊക്കെയുമവളിതിനെയുമിരക്കുന്നു
മഴക്കൊണ്ടൽവർണ്ണ! നമസ്കാരം
പിഴച്ചാലും ത്യജിക്കൊല്ലേ പീയൂഷനിധിയു-
മെഴുന്നുവന്നൊന്നെ വെണ്ണീരാക്കും (ഹാ...)

൭. ധ്യാനലയംകൊണ്ടഗ്രഭുവി താ-
മാനയിച്ചിട്ടുന്നു നിൽത്തീടുന്നു
മാനിനി വിലപിക്കുന്നു ഹസിക്കുന്നു
മനസി വിഷാദിക്കുന്നു (ഹാ...)

൮. ശ്രീജയദേവനാം കവിയാൽ കഥിതം
ശ്രീജയദമിദം ഗേയം
രാജതി രാധാസഖിയുടെ വചനം
രാജർഷീശപരനാലും. (ഹാ...)

'ഹരിവല്ലഭാശോകപല്ലവം' എന്ന എട്ടാം പ്രബന്ധം ആരംഭിച്ചിരിക്കുന്നു. മൂന്നും നാലും വരികൾ 'ധ്രുവപദം' ആയതിനാൽ ബാക്കിയുള്ള പദങ്ങളോടു ചേർത്തുകൊള്ളണം.

ഒന്നാംപദം—

മാധവ, സാ—അല്ലയോകൃഷ്ണ,! അവൾ (രാധ)

മനസിജവിശിഖഭയാത്, ഇവ—മനസിജൻെറ മന്മഥൻെറ വിശിഖങ്ങളിൽ ബാണങ്ങളിൽ നിന്നുമുള്ളഭയത്താൽ എന്നപോലെ

ഭാവനയാ—നിരന്തരധ്യാനത്താൽ

ത്വയി, ലീനാ—നിങ്കൽ ലയത്തെ പ്രാപിച്ചവളായി

തവ, വിരഹേ—നിന്റെ വിരഹത്തിൽ

ദീനാ—ദുഃഖിതയായി

ചന്ദനം, നിന്ദതി—ചന്ദനത്തെ നിന്ദിക്കുന്നു.

ഇന്ദുകിരണം, അനു—ഇന്ദുവിന്റെ ചന്ദ്രന്റെ കിരണങ്ങളെ ല [ക്ഷീകരിച്ചു

അധീരം—ധൈര്യമില്ലാത്തവളായി (അനല്പമായ)

ഖേദം, വിന്ദതി—ദുഃഖത്തെ പ്രാപിക്കുന്നു.

മലയസമീരം—മലയപർവതത്തിൽ നിന്നുമുള്ള സമീരനെ കാ [റ്റിനെ

വ്യാലനിലയമിലനേന—വ്യാലങ്ങളുടെ സർപ്പങ്ങളുടെ നിലയത്തിന്റെ ഇരിപ്പിടമായ ചന്ദനവൃക്ഷത്തിന്റെ മിലനത്താൽ സംസർ [ഗ്ഗത്താൽ

ഗരളം, ഇവ—വിഷം എന്നപോലെ

കലയതി—വിചാരിക്കുന്നു.

അല്ലയോ കൃഷ്ണ! രാധ നിന്റെ വിരഹംനിമിത്തം വളരെ ദുഃഖിക്കുന്നു. അവൾ കാമശരങ്ങൾ വന്നേൾക്കുന്നതിൽ ഭയപ്പെട്ടിട്ടോ എന്നു തോന്നുമാറ് നിങ്കൽതന്നെ ലയിച്ചവളായിരിക്കുന്നു. തണുത്ത ചന്ദനത്തെപ്പോലും തപിപ്പിക്കുന്നതായി കരുതി നിന്ദിക്കുന്നു. ചിത്തോല്ലാസകരങ്ങളായ ചന്ദ്രകിരണങ്ങൾ തട്ടുമ്പോൾ ധൈര്യം തകന്നവളായി ദുഃഖിക്കുന്നു. സർപ്പാവാസമായ ചന്ദനമരങ്ങളുടെ സംസർഗ്ഗത്തോടുകൂടിവരുന്ന മലയമാരുതനെ വിഷതുല്യമായി കരുതുന്നു.

ത്വയി ലീനാ—നിന്നെ ധ്യാനിച്ചു ധ്യാനിച്ചു തന്മയമായി ഭവിച്ചവൾ. തന്മയമായിരിക്കുന്നവളിൽ പതിക്കുന്ന നിന്റെ കാമശരങ്ങൾ നിങ്കൽ പതിക്കുന്നവതന്നെ എന്നുള്ള ബുദ്ധിയാൽ നിങ്കൽ ലയിച്ചവൾ എന്നുമർത്ഥം. കാമശരം വന്നേൾക്കാതെ ഇരിക്കുവാൻ ഒളിഞ്ഞവൾ എന്നുമർത്ഥം. സ്മരനെ ഉത്സാഹിപ്പിക്കുന്ന ചന്ദനം തന്നെ ഉപദ്രവിക്കുന്ന ശത്രുപക്ഷത്തിലായതിനാൽ നിന്ദയ്ക്കു പാത്രമായി. 'അധീരം' എന്നതിനെ ചന്ദനവിശേഷണമായും അന്വയിപ്പിക്കാം. ചന്ദനവൃക്ഷങ്ങൾ സർപ്പങ്ങൾക്ക് ഇരിപ്പിടമാണെന്നു കവിസമയപ്രസിദ്ധി. വിഷമുള്ള സർപ്പങ്ങൾക്കു ആശ്രയമായ വൃക്ഷ

ത്തോട്ട് സംസർഗ്ഗമുള്ള വായുവിനെ വിഷമായി കരുതുന്നതു ശരിതന്നെ. അല്ലെങ്കിൽ ഈ വായു മൂർച്ഛയെ എങ്ങനെ ഉണ്ടാക്കും?.

രണ്ടാംപദം—

സാ—അവൾ

അവിരലനിപതിതമദനശരാത്—അവിരലമാകുംവണ്ണം ഇടവിടാതെ നിപതിതമായ നിപാതത്തോടുകൂടിയ (വന്നുവീഴുന്ന) മദ [നൻെറ കാമൻെറ ശരത്തിൽനിന്നും

ഭവദവനായ, ഇവ—നിന്നെ രക്ഷിക്കുവാനെന്നപോലെ

സ്വഹൃദയമർമണി—തൻെറ ഹൃദയമാകുന്ന മർമ്മസ്ഥാനത്തിൽ

വിശാലം—വിസ്താരമേറിയ

സജലനലിനീദലജാലം—സജലമായ ജലത്തോടുകൂടിയ നളിനി [യുടെ കമലിനിയുടെ ദലജാലത്തെ പത്രസമൂഹത്തെ

വർമ, കരോതി—കവചമാക്കിച്ചെയ്യുന്നു.

രാധയുടെ ഹൃദയമർമ്മസ്ഥാനത്തിൽ ഇടവിടാതെ കാമബാണങ്ങൾ വന്നേററുകൊണ്ടിരിക്കുന്നു. അവളുടെ ഉള്ളിൽ നീ കുടികൊണ്ടുമിരിക്കുന്നു. ആ ബാണങ്ങൾ ഏല്ക്കാതെ നിന്നെ രക്ഷിക്കുവാനോ എന്നു തോന്നുമാറ് അവൾ നനവുള്ള താമരയിതളുകളെ വലിയ ഹൃദയകവചമായി ധരിച്ചിരിക്കുന്നു.

അവളുടെ ഹൃദയത്തിൽനിന്നു നീ പോകരുതെന്നു കരുതി അവൾ കവചം ധരിച്ചു ഉള്ളിൽ നിന്നെ കാത്തുരക്ഷിക്കുന്നു. നനവുള്ള താമരയിതളുകൾ ധരിക്കുന്നതു വിരഹികൾക്കുള്ള ശൈത്യോപചാരമാകുന്നു.

മൂന്നാംപദം—

സാ, തവ—അവൾ നിൻെറ

പരിരംഭസുഖായ—പരിരംഭരൂപമായ ആലിംഗനരൂപമായ സു [ഖത്തിനായിക്കൊണ്ടു

അനല്പവിലാസകലാകമനീയം—അനല്പങ്ങളായ അധികങ്ങളായ വിലാസകലകളാൽ ക്രീഡാവിധങ്ങളാൽ കമനീയവും രമണീയവും

കുസുമവിശിഖശരതല്പം—കുസുമവിശിഖൻെറ പുഷ്പബാണൻെറ (കാമൻെറ) ശരങ്ങളെക്കൊണ്ടുള്ള (പുഷ്പങ്ങളെക്കൊണ്ടുള്ള) തല്പത്തോടു [കിടക്കയോടുകൂടിയ

വ്രതം, ഇവ—വ്രതംപോലെയുള്ളതും ആയ

കുസുമശയനീയം—കുസുമമയമായ പൂമയമായ ശയനീയത്തെ [ശയ്യയെ

കരോതി—ഉണ്ടാക്കുന്നു.

അവൾ നിന്റെ ആലിംഗനസൌഖ്യം കിട്ടുവാനായി പലവിധങ്ങളായ ശൃംഗാരലീലകൾ ചെയ്യുവാൻ യോഗ്യമായ പുഷ്പശയ്യയെ കാമദേവന്റെ ശരശയനമാക്കിച്ചെയ്ത വ്രതമനുഷ്ഠിക്കുന്നവൾപോലെ ഇരിക്കുന്നു.

സുഖേച്ഛുക്കൾ വ്രതമനുഷ്ഠിക്കുകയും വ്രതമനുഷ്ഠിക്കുമ്പോൾ പ്രത്യേകം ശയനമുപയോഗിക്കുകയും പതിവാണ്. കാമദേവന്റെ ശരശയനം പൂമയമാകുന്നു. അവൾ പലവിധത്തിലുള്ള ലീലകൾ ചെയ്യുവാൻ യോഗ്യമായ പൂമെത്തയിൽ കിടക്കുന്നതു കണ്ടാൽ നിന്റെ ആലിംഗനസൗഖ്യമാകുന്ന ഫലത്തെ ഉദ്ദേശിച്ചു കാമദേവന്റെ ശരശയനത്തിൽ കിടന്നു വ്രതമനുഷ്ഠിക്കുന്നുവോ എന്നു തോന്നും എന്നർത്ഥം. ദുർലഭമായ നിന്റെ ആലിംഗനം കിട്ടുവാനായി കാമദേവനാൽ പീഡിതയായ അവൾ ദുഷ്കരമായ കാമദേവന്റെ ശരശയനവ്രതത്തെ അനുഷ്ഠിക്കുന്നു എന്നു സാരം. പെട്ടെന്നു പ്രിയന്റെ വരവുണ്ടാകാം. ആയതിനാൽ ക്രീഡോപകരണമായ ശയനീയം തയ്യാറായിരിക്കണമെന്നുള്ള വിചാരത്തോടുകൂടിയവളായി അവൾ കിടക്ക തയ്യാറാക്കിക്കൊണ്ടിരിക്കുന്നു എന്നു താത്പര്യം.

നാലാംപദം—

സാ, ഉദാരം—അവൾ ശ്രേഷ്ഠവും

ചലിതവിലോചനജലഭരം—ചലിതമായ ഇളകിയതായ വിലോ[ചനങ്ങളുടെ കണ്ണുകളുടെ ജലഭരത്തോടു ജലഭാരത്തോടു കൂടിയതും

വികടവിധുന്തുദദന്തദലനഗലിതാമൃതധാരം—വികടങ്ങളായ ഭയങ്കരങ്ങളായ വിധുന്തുദന്റെ രാഹുവിന്റെ ദന്തങ്ങളാൽ പല്ലുകളാൽ ഉള്ള ദലനത്താൽ ഖണ്ഡനത്താൽ ഗലിതമായ ഒഴുകിയ അമൃതധാര[യോടു അമൃതപ്രവാഹത്തോടുകൂടിയ

വിധും, ഇവ—ചന്ദ്രനെപ്പോലെയുള്ളതും ആയ

ആനനകമലം—മുഖപദ്മത്തെ

വഹതി, ച—ധരിക്കുകയും ചെയ്യുന്നു.

നിന്റെ വിരഹം നിമിത്തം ഇടവിടാതെ അശ്രുജലത്തെ വർഷിക്കുന്ന കണ്ണുകളോടുകൂടിയതായിരിക്കുന്നു അവളുടെ മുഖപദ്മം. അവ്വണ്ണമുള്ള മുഖപദ്മം രാഹുവിന്റെ പല്ലിനാൽ ഖണ്ഡിക്കപ്പെട്ടു അമൃതധാരയെ വർഷിക്കുന്ന ചന്ദ്രബിംബംപോലെ ഇരിക്കുന്നു.

നിൻെറ വിരഹം നിമിത്തം രോദനം ചെയ്യുന്ന അവളുടെ ദുഃഖാവസ്ഥയിലുള്ള മുഖംപോലും ചന്ദ്രൻെറ കാന്തിയെ ധരിക്കുന്നു (സുന്ദരമായിരിക്കുന്നു) എന്നത്ഥം. 'ജലധര' എന്നു പാഠം. കണ്ണുകളാകുന്ന മേഘങ്ങൾ എന്നത്ഥം. ഇടവിടാതെ കണ്ണുനീരൊലിക്കുന്നതിനാൽ മേഘമായി നിരൂപണം ചെയ്തു. 'വലിതവിലോചന' എന്നും പാഠം. വലിതങ്ങളായ കൃഷ്ണൻ വരുന്നുവോ എന്നു നോക്കുവാനായി തിരിഞ്ഞ ലോചനങ്ങൾ എന്നത്ഥം. മുഖത്തിനു ചന്ദ്രനോടും അശ്രുജലത്തിനു അമൃതധാരയോടും സാദൃശ്യം.

അഞ്ചാംപദം—

(സാ—അവൾ)

രഹസി, കുരംഗമദേന—ഏകാന്തത്തിൽ കസ്തൂരികൊണ്ടു

അസമശരഭൂതം—അസമശരനായി വിഷമശരനായി ഭവിച്ച അതാ [യതു കാമസ്വരൂപിയായ

ഭവന്തം, കരേ—നിന്നെ കയ്യിൽ

നവചൂതം—നവമയെ പുത്തനായ ചൂതത്തെ മാമ്പൂവിനെ

ശരം, വിനിധായ—ശരമാക്കി വിന്യസിച്ചിട്ടു്

അധഃ—അടിയിൽ

മകരം—മകരത്തെയും മത്സ്യത്തെയും

വിലിഖതി, പ്രണമതി—വരയ്ക്കുന്നു നമസ്കരിക്കുന്നു.

അവൾ രഹസ്യമായി നിന്നെ കാമദേവനായി കയ്യിൽ പുതിയ മാന്തളിരമ്പിനെ ധരിച്ചവനായും അടിയിൽ കാമൻെറ വാഹനമായ മകരത്തോടുകൂടിയവനായും കസ്തൂരികൊണ്ടു ചിത്രമെഴുതി നമസ്കരിക്കുന്നു.

നീ തന്നെ കാമദേവൻ എന്ന ബുദ്ധിയാൽ വരയ്ക്കുന്നു എന്നത്ഥം. ചൂതപുഷ്പം പൂജയ്ക്കുപയോഗപ്പെട്ടതെന്നത്ഥം. പൂജാന്തത്തിൽ പ്രണാമവും. പീഡാകാരിയായ കാമനെ തൻെറ രക്ഷയ്ക്കായി അർചിച്ചു നമസ്കരിക്കുന്നതു യുക്തംതന്നെ. അതു വിരഹിണികളുടെ വ്യാപാരമാകുന്നു. നമസ്കരിക്കുന്നു- കുസുമശരനായ മകരവാഹനൻ നീ തന്നെ, ചൂതപുഷ്പശരത്താൽ എന്തിനു എന്നെ വ്രണപ്പെടുത്തുന്നു. എന്നിങ്ങനെ നമസ്കരിച്ചു യാചിക്കുന്നു എന്നത്ഥം.

ആറാംപദം-

(സാ—അവൾ (രാധ))

അതീവ, ദുരാപം, ഭവന്തം—വളരെ ദുർല്ലഭനായ നിന്നെ

ധ്യാനലയേന—ധ്യാനത്തിൽ ചിന്തയിലുള്ള ലയത്താൽ ഏകാ [ഗ്രതയാൽ

പുരഃ, പരികല്പ്യ—മുമ്പിൽ സങ്കല്പിച്ചിട്ട

വിലപതി, ഹസതി—പുലമ്പുന്ന ചിരിക്കുന്ന.

വിഷീദതി, രോദിതി—വിഷാദത്തെ പ്രാപിക്കുന്നു കരയുന്നു.

ചഞ്ചതി—ഒരു സ്ഥാനത്തിൽ നിന്നു മറെറാരു സ്ഥാനത്തേയ്ക്കു [മാറുന്നു.

താപം, മുഞ്ചതി—സന്താപത്തെ ത്യജിക്കുന്നു.

അവൾ ഏററവും ദുർബലനായ നിന്നെ ധ്യാനിച്ചു ധ്യാനിച്ചു മുമ്പിൽ സങ്കല്പിച്ചു കാണുന്നവളായി പുലമ്പുകയും ചിരിക്കുകയും ദുഃഖിക്കുകയും കരയുകയും താപമകററുകയും ചെയ്യുന്നു.

ദുർലഭൻ—ദൂതീപ്രേഷണാദികൾകൊണ്ടും ദുർലഭൻ. ധ്യാനലയം—ധ്യാനത്തിൽ ചിന്തനത്തിൽ ലയം തത്പരത്വം. വിലപിക്കുന്നു—'ധൃഷ്ട! ഇതുവരെ ആരോട്ട നീ കളിച്ചുകൊണ്ടിരുന്നുവോ അവിടെത്തന്നെ ചെന്നാലും. എൻെറ മുമ്പിൽ ഇരിക്കേണ്ട' എന്നിങ്ങനെ പുലമ്പുന്ന. ഹസതി--പിന്നെയും അനുരാഗം നിമിത്തം ചിരിക്കുന്നു. ദുഃഖിക്കുന്നു—മുമ്പിൽ ഇരുന്നുകൊണ്ടുതന്നെ ആലിംഗനാദികൾ തരുന്നില്ലെന്നു ദുഃഖിക്കുന്നു. കരയുന്നു—'ഇവൻ എനിക്കു എങ്ങനെ വശ്യനാകും' എന്നിങ്ങനെ വിചാരിച്ചു കരയുന്നു. നായകൻെറ മുമ്പിൽ നായികമാർ കരയുന്നതു പരമവശീകരണമാകുന്നു. ചഞ്ചതി--അനുരക്തനായ ഇവൻ നല്ലവാക്കു പറഞ്ഞു എന്നെ പിൻതുടരും. ആയതിനാൽ മാറിച്ചെല്ലുന്നു. താപത്തെ ത്യജിക്കുന്നു—ധ്യാനത്താൽ അവനോടു സങ്കല്പസംഗമുണ്ടായി താപത്തെ ത്യജിക്കുന്നു.

ഏഴാംപദം—

മാധവ—അല്ലയോ കൃഷ്ണ!

അഹം, തവ—ഞാൻ നിൻെറ

ചരണേ, പതിതാ—കാലിൽ പതിച്ചിരിക്കുന്നു

സപദി—ഇപ്പോൾ

(മയി—എൻെറ വിഷയത്തിൽ)

ത്വയി, വിമുഖേ—നീ വിമുഖനായാൽ പരാങ്മുഖനായാൽ

സുധാനിധിഃ, അപി—അമൃതനിധിയായ ചന്ദ്രനും

തനുദാഹം—ശരീരസന്താപത്തെ

തനുതേ—വർദ്ധിപ്പിക്കുന്നു

പ്രതിപദം—കൂടക്കൂടെ (ചലിക്കുമ്പോൾ ഓരോ കാലുവയ്ക്കു
[മ്പോഴും)

ഇദം, അപി—എന്നിങ്ങനെയു (എന്നിങ്ങനെതന്നെ)

നിഗദതി—പറയുന്നു.

അവർ കൂടക്കൂടെ ഇങ്ങിനെ തന്നെ പറയുന്നു— 'അല്ലയോ മാധവ! ഞാൻ നിൻെറ കാലിൽ വീണിരിക്കുന്നു. നീ എങ്കൽ പരാങ്മുഖനാകുമ്പോൾ അമൃതമയനായ ചന്ദ്രൻപോലും എൻെറ ശരീരത്തിനു താപത്തെ വർദ്ധിപ്പിക്കുന്നു'.

പദം പ്രതി പ്രതിപദം— പ്രതിസ്ഥാനം, പ്രതിചരണന്യാസം, കൂടക്കൂടെ എന്നാത്ഥം. ഇദം, അപി—അപിയ്ക്കു 'ഏവ' എന്നാത്ഥം. അതനുദാഹം എന്നു പദം പിരിച്ചാൽ അതനുവായ സ്മരൻെറ ദാഹം താപം എന്നത്ഥം. അല്ലെങ്കിൽ അതനുവാകുംവണ്ണം അധികമാകുംവണ്ണം എന്നുമർത്ഥം. നീയോ മാധവൻ മയുടെ ശ്രീഭഗവതിയുടെ ധവൻ ഭത്താവു്. സമുദ്രത്തിൽ നിന്നു ഉത്പത്തി ആയതിനാൽ ചന്ദ്രൻ ലക്ഷ്മീസഹോദരൻ. നീ അടുത്തിരുന്നാൽ സപത്നിയായ ശ്രീഭഗവതിക്കു എന്നോടു ഒന്നും ചെയ്വാൻ സാധ്യമല്ല. നീയും പ്രതികൂലനായാൽ തൻെറ സഹോദരിയുടെ സപത്നീഭാവത്തെ എങ്കൽ ഓൎത്തു സുധാനിധിയായ ചന്ദ്രനും എനിക്കു സന്താപത്തെ വർദ്ധിപ്പിക്കും എന്നു മാധവപദം സൂചിപ്പിക്കുന്നു.

എട്ടാംപദം—

ഇദം, ശ്രീജയദേവഭണിതം—ഈ ശ്രീജയദേവകവിയുടെ
[ഭാഷിതം

മനസം, അധികം—മനസ്സുകൊണ്ടു അധികമായി.

നടനീയം, യദി—രചിക്കപ്പെടണമെങ്കിൽ (അഭിനയിക്കപ്പെടണ
[മെങ്കിൽ)

ഹരിവിരഹാകുലവല്ലവയുവതിസഖീവചനം—ഹരിയുടെ കൃഷ്ണൻെറ വിരഹത്താൽ ആകുലയായ പരവശചിത്തയായ വല്ലവയുവതിയുടെ ഗോപിയുടെ ദൂതിയായി അയയ്ക്കപ്പെട്ട സഖിയുടെ വചനം
[വാക്കു (സഖിയെപ്പററിയുള്ള ദൂതിയുടെ വാക്കു്)

പഠനീയം—പഠിക്കപ്പെടണം.

കൃഷ്ണൻെറ വിരഹത്താൽ വ്യാകുലയായ രാധയുടെ സഖി കൃഷ്ണനോടു പറയുന്നതായുള്ള ഈ ജയദേവഭാഷിതം സഹൃദയന്മാക്കു വളരെ രസിക്കാൻ യോഗ്യമായതിനാൽ പഠിക്കത്തക്കതാണു്.

ജയദേവഭണിതത്തിൽ സാരമായതു ഇവ്വണ്ണമുള്ള ദൂതീവചനമാണെന്നു സാരം.

'ഹരിവല്ലഭാശോകപല്ലവം' എന്ന എട്ടാം പ്രബന്ധം സമാപ്തമായി.

(ശ്ലോകം)

ആവാസോ വിപിനായതേ പ്രിയസഖീമാലാപി ജാലായതേ
താപോഽപി ശ്വസിതേന ദാവദഹനജ്വാലാകലാപായതേ
സാപി ത്വദ്വിരഹേണ ഹന്ത! ഹരിണീരൂപായതേ ഹാ! കഥം
കന്ദർപോഽപി യമായതേ വിരചയൻ ശാർദ്ദൂലവിക്രീഡിതമ് ॥

ഭാഷ

(ആര്യ)

വിട്ടു കൊട്ടകം കാടായി
വടിവൊട്ടുടനാളിമാലവലയായി
ചൂടിച്ചിനിശ്വസിതകാ-
റേററവളന്നിട്ടു കാട്ടുതീയായി
അവളും നിന്തിരുവടിയുടെ
വിരഹം കൊണ്ടവിടെ മൃഗവധൂവായി
കന്ദർപൻ കടുവായുടെ
കൂട്ടുകളിച്ചിട്ടു കാലനായ്ത്തുരമോ

(തസ്യാഃ—അവൾക്കു)

ആവാസഃ—വാസഗൃഹം

വിപിനായതേ—വിപിനംപോലെ കാടുപോലെ ആചരിക്കുന്നു.

പ്രിയസഖീമാലാ, അപി—പ്രിയസഖികളുടെ മാലയും പംക്തി
[യും (കൂട്ടവും)

ജാലായതേ—ജാലംപോലെ വലപോലെ ആചരിക്കുന്നു.

താപഃ, അപി—വിരഹം കൊണ്ടുള്ള സന്താപവും

ശ്വാസിതേന—നിഃശ്വാസത്താൽ

ദാവദഹനജ്വാലാകലാപായതേ-ദാവദഹനൻെറ കാട്ടുതീയുടെ
[ജ്വാലാകലാപംപോലെ ആചരിക്കുന്നു.

സാ, അപി—അവളും
ത്വദ്വിരഹേണ—നിൻെറ വിരഹം നിമിത്തം
ഹരിണീരൂപായതേ—ഹരിണീരൂപം പോലെ മാൻപേടയുടെ
[സ്വരൂപം പോലെ ആചരിക്കുന്നു.
കന്ദർപ്പഃ, അപി—മന്മഥനും
ശാർദ്ദൂലവിക്രീഡിതം—ശാർദ്ദൂലത്തിൻെറ വ്യാഘ്രത്തിൻെറ വിക്രീ
[ഡിതത്തെ ക്രീഡയെ
വിരചയൻ—ചെയ്തുകൊണ്ടു
യമായതേ, കഥം—യമനെപ്പോലെ ആചരിക്കുന്നുവല്ലോ.
ഹാ, ഹന്ത—കഷ്ടം!

അല്ലയോ കൃഷ്ണ! നിൻെറ വിരഹം നിമിത്തം രാധയ്ക്കു അവളുടെ വാസഗൃഹം കാടായിത്തീന്നിരിക്കുന്നു. പ്രിയസഖികളെല്ലാം അവൾക്കു വലപോലെ പ്രതിരോധം ചെയ്യുന്നവരായിരിക്കുന്നു. വിരഹതാപം അവളുടെ നെടുവീർപ്പാകുന്ന വായുവിനാൽ വർദ്ധിച്ചു കാട്ടുതീയുടെ ശിഖകൾപോലെ ആയിത്തീന്നിരിക്കുന്നു. അവളും ഒരു മാൻപേടയെപ്പോലെ ആയിരിക്കുന്നു. അവളുടെ മുമ്പിൽ പുലിയായി കളിക്കുന്ന കാമദേവൻ അവൾക്കു യമനെപ്പോലെ ആയിരിക്കുന്നു.

അവൾ നിൻെറ വിരഹം സഹിക്കവയ്യാതെ ജീവിതത്തെപ്പോലും ത്യജിക്കാനായി പ്രവൎത്തിക്കുമ്പോൾ സഖികൾ അതിനെ തടയുന്നു. മാൻപേടകളെ യഥേഷ്ടം സഞ്ചരിക്കുന്നതിൽനിന്നു തടയുന്ന വേടന്മാരുടെ വലപോലെ സഖികൾ ആചരിക്കുന്നു എന്നു സാരം. കാട്ടുതീ വായുവിനാൽ പ്രചണ്ഡമാകും. പരന്മാൎക്കു ആനന്ദത്തെ ഉളവാക്കുന്ന കന്ദർപ്പനും നിൻെറ വിരഹത്താൽ അവളിൽ യമനായി ആചരിക്കുന്നു എന്നൎത്ഥം. കാട്ടിൽ ഒരു മാൻപേട ചുററുപാടും കത്തിക്കാളുന്ന കാട്ടുതീയാൽ ഉദ്വേഗത്തെ പ്രാപിച്ചു വ്യാഘ്രഭയത്താൽ ഓട്ടം പിടിച്ചു മുമ്പിൽ വേടന്മാരുടെ വലയെക്കണ്ടു ഓടിപ്പോകാൻ വഴിയില്ലാതെ ചുററുപാടും ഭയചകിതമാംവണ്ണം നോക്കിക്കൊണ്ടു എങ്ങനെ നിർവൃതിയെ പ്രാപിക്കുന്നില്ലയോ അതുപോലെ ഇരിക്കുന്നു രാധ. എന്നു താത്പര്യം. അതായതു രാധ കാമാഗ്നിജ്വാലയാൽ ചുററപ്പെട്ടും അതിൽനിന്നു രക്ഷപ്പെടാൻ പ്രവൎത്തിക്കുമ്പോൾ സഖിമാരാൽ തടയപ്പെട്ടും മററും ക്ലേശിക്കുന്നു എന്നു സാരം. കാടു മുതലായവ പാർപ്പിടം മുതലായവയോടു സാമ്യപ്പെടുത്തപ്പെട്ടിരിക്കുന്നു. വിരഹത്താൽ പാണ്ഡുവർണ്ണയായ രാധ ഹരിണീരൂപത്തോടു ഉപമിക്കപ്പെടുന്നു. പ്രിയസഖിയാൽ കൊടുക്കപ്പെട്ട മാല മാൻപേടയെ പിടിക്കുവാൻ ഇടപ്പെടുന്ന വലപോലെ ആചരിക്കുന്നു എന്നൎത്ഥം. ശാർദ്ദൂലവിക്രീഡിതം വൃത്തം.

## അഷ്ടപദീൻ.

ദേശാക്ഷിരാഗേണ ഗീയതേ ഏകതാലേന വാദ്യതേ.

൧. സ്തനവിനിഹിതമപി ഹാരമുദാരം
സാ മനുതേ കൃശതനുരിവ ഭാരമ്
രാധികാ തവ വിരഹേ കേശവ

൨. സരസമസൃണമപി മലയജപങ്കം
പശ്യതി വിഷമിവ വപുഷി സശങ്കം (രാധികാ... )

൩. ശ്വസിതപവനമനുപമപരിണാഹം
മദനദഹനമിവ വഹതി സദാഹമ് (രാധികാ....)

൪. ദിശി ദിശി കിരതി സജലകണജാലം
നയനനലിനമിവ വിഗലിതനാളം (രാധികാ....)

൫. ത്യജതി ന പാണിതലേന കപോലം
ബാലശശിനമിവ സായമലോലം (രാധികാ....)

൬ നയനവിഷയമപി കിസലയതല്പം
കലയതി വിഹിതഹുതാശവികല്പം (രാധിക....)

൭. ഹരിരിതി ഹരിരിതി ജപതി സകാമം
വിരഹവിഹിതമരണേവ നികാമം (രാധികാ...)

൮. ശ്രീജയദേവഭണിതമിതി ഗീതം
സുഖയതു കേശവപദമുപനീതം (രാധികാ....)

### ഭാഷ

ഒമ്പതാം അഷ്ടപദി.

ദേശാക്ഷിരാഗം-ഏകതാളം

൧. മുലകളിലണിഞ്ഞൊരു മൌക്തികമാലയെ
മലയെന്നു കരുതുന്നു കനംകൊണ്ടു കാമിനി
രാധികാ കൃഷ്ണാ രാധികാ സാധികം വിരഹേ തവ കേശവ

൨. ചാലിച്ചു ചാർത്തിയ ചന്ദനത്തെ ഗുണ-
ശാലിനീ വിഷമെന്നു ശങ്കിച്ചിട്ടന്തു (രാധികാ....)

൩. ആസകലം ഗാത്രം വ്യാപിച്ചു ചരിച്ചീടും
ശ്വാസാനിലം മദനാനലമിവ ധത്തേ (രാധികാ....)

൪. ശയനത്തിൽ കിടന്നുകൊണ്ടഖിലദിക്കുകളെയും .
നയനനളിനദളങ്ങളെക്കൊണ്ടർച്ചതി സാ· (രാധികാ ..)

൫. തളിരുകൊണ്ടുള്ളോരു തളിമത്തെത്താനുത്തിട്ടും
പ്രളയവഹ്നിയെന്നുള്ളിൽ പ്രണയിനികരുതുന്നു (രാധി....)

൬. സായംകാലം ബാലചന്ദ്രനെപ്പോലെ
സേയംകരംകൊണ്ടു കപോലത്തെ വഹിക്കുന്നു (രാധി....)

൭. ഹരിഹരിയെന്നു ജപിക്കുന്നു നിൻെറ
വിരഹംകൊണ്ടു വീണുപോമവളിന്നു നൂനം (രാധികാ...)

൮. ശ്രീജയദേവൻെറ കൃതിയുടെ ഭാഷേ
രാജയശസ്സിനെരാ ജയ ജയ· നീ (രാധികാ.. )

'രാസാവലയം' എന്ന ഒമ്പതാം പ്രബന്ധം ആരംഭിക്കുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആയതിനാൽ അതിനെ ബാക്കിയുള്ള പദങ്ങളോടു ചേർത്തുകൊള്ളണം. വിരഹിണിയായ രാധ എന്തെന്തു ചെയ്യുന്നു എന്നു പദങ്ങളിൽ പ്രതിപാദിക്കുന്നു.

ഒന്നാംപദം—

കേശവ—അല്ലയോ കൃഷ്ണ!

കൃശതനുഃ—കൃശമായ മെലിഞ്ഞ ശരീരത്തോടുകൂടിയ

സ, രാധികാ—ആ രാധ (നിൻെറ അനുകമ്പയ്ക്കു യോഗ്യയായ [രാധ

തവ, വിരഹേ—നിൻെറ വിരഹത്തിൽ

സ്തനവിഹിതം—സ്തനങ്ങളിൽ മുലകളുടെ മീതേ വിനിഹിതമായും [നിക്ഷിപ്തമായും

ഉദാരം—ശ്രേഷ്ഠമായും ഇരിക്കുന്ന

ഹാരം, അപി—ഹാരത്തെപ്പോലും മൗക്തികസരത്തെപ്പോലും

ഭാരം, ഇവ—വലിയ ഭാരം എന്നപോലെ

മനുതേ—കരുതുന്നു.

അല്ലയോ കൃഷ്ണ! നിൻെറ വിരഹം നിമിത്തം മെലിഞ്ഞവളായ ആ രാധ മുലയിൽ അണിഞ്ഞിരിക്കുന്ന മുത്തുമാലയെപ്പോലും വലിയ ഭാരമായി കരുതുന്നു.

സ്തനവിനിഹിതം--സഖികളാൽ ബലാത് മുലയിൽ ചാർത്തപ്പെട്ട എന്നർത്ഥം. വിരഹാധിക്യത്താൽ കൃശഗാത്രിയായ അവൾ ഹാരത്തെപ്പോലും ഭാരമായി വിചാരിക്കുന്നു എന്നർത്ഥം.

രണ്ടാംപദം—

(സാ—അവൾ)

വപുഷി—ശരീരത്തിൽ വൃശിയുള്ള

സരസമസൃണം—സ്നിഗ്ദ്ധവും കോമലവും ആയ

മലയജപങ്കം, അപി—മലയജത്തിൻെറ ചന്ദനത്തിൻെറ പങ്കത്തെപ്പോലും കുഴമ്പിനെപ്പോലും

സശങ്കം—ശങ്കയോടുകൂടി

വിഷം, ഇവ—വിഷം എന്നപോലെ

പശ്യതി—കാണുന്നു.

രാധ ശീതോപചാരത്തിനായി ശരീരത്തിൽ വൃശിയുള്ള സ്നിഗ്ദ്ധവും കോമളവും ആയ ചന്ദനക്കുഴമ്പിനെപ്പോലും വിഷമെന്നപോലെ ശങ്കയോടുകൂടി കാണുന്നു.

സരസം—രസത്തോടുകൂടിയതു്. ദ്രവരൂപം എന്നർത്ഥം. ചന്ദനവൃക്ഷങ്ങളുടെ ഉത്പത്തി മലയപർവ്വതത്തിലാണെന്നു കവിസങ്കേതം.

മൂന്നാംപദം—

(സാ—അവൾ)

അനുപമപരിണാഹം—അനുപമമായ ഉപമിക്കാൻ വയ്യാത്ത പരിണാഹത്തോടു ദൈർഘ്യത്തോടുകൂടിയതും

മദനദഹനം, ഇവ—കാമാഗ്നിയെപ്പോലെ

സദാഹം—ദാഹത്തോടുകൂടിയതും ആയ

ശ്വസിതപവനം—ശ്വാസവായുവിനെ (നെടുവീർപ്പിനെ)

വഹതി—വഹിക്കുന്നു.

അവൾ ദീർഘദീർഘവും കാമാഗ്നിയെപ്പോലെ കത്തുന്നതും ആയ നിഃശ്വാസവായുവിനെ വഹിക്കുന്നു.

നാലാംപദം—

(സാ—അവൾ)

സജലകണജാലം—ജലകണങ്ങളുടെ ജലബിന്ദുക്കളുടെ ജാല
[ത്തോടു സമൂഹത്തോടു കൂടിയും
വിഗലിതനാളം, ഇവ—വിഗലിതമായ ഒടിഞ്ഞുപോയ നാള
[ത്തോടു തണ്ടോടുകൂടിയതുപോലെയുള്ള
നയനനലിനം—നേത്രപദ്മത്തെ
ദിശി, ദിശി, കിരതി—ദിക്കുതോറും, വിക്ഷേപിക്കുന്നു.

അവൾ ജലകണങ്ങൾ നിറഞ്ഞതും തണ്ടില്ലാത്ത താമരപ്പൂവു പോലെ ശോഭിക്കുന്നതും ആയ നേത്രത്തെ നാലുദിക്കിലും വ്യാപരിപ്പിക്കുന്നു.

വിരഹം നിമിത്തം അവളുടെ നയനങ്ങൾ അശ്രുജലകണങ്ങളാൽ നിറഞ്ഞിരിക്കുന്നു. കൃഷ്ണൻെറ വരവിനെ കാണാൻ ആഗ്രഹിച്ചു വ്യാപരിപ്പിക്കുന്നു എന്നർത്ഥം. തണ്ടില്ലാത്ത താമരയെ കണ്ണായി ഉത്പ്രേക്ഷിച്ചിരിക്കുന്നു. ഉച്ഛൂനവും മൈയ്യെഴുതാത്തതും അശ്രുപൂർണ്ണവും ആയ കണ്ണു ജലപൂർണ്ണമായ താമരയായി വിളങ്ങുന്നു എന്നു സാരം. ഇവശബ്ദം വാക്യാലങ്കാരമായും വരാം.

അഞ്ചാംപദം—

(സാ—അവൾ)
സായം—സന്ധ്യസമയത്തിൽ
പാണിതലേന—കരതലത്താൽ
അലോലം, കപോലം—അചഞ്ചലമായ കവിൾത്തടത്തെ
ബാലശശിനം, ഇവ—ബാലചന്ദ്രനെപ്പോലെ
ന, ത്യജതി—ത്യജിക്കുന്നില്ല.

അവൾ സന്ധ്യാകാലത്തിൽ ബാലചന്ദ്രനെപ്പോലെയുള്ള തൻെറ കവിൾത്തടത്തെ കൈത്തലംകൊണ്ടു താങ്ങിയവണ്ണമായിരിക്കുന്നു.

പകൽസമയം എങ്ങനെയെങ്കിലും കഴിക്കാം. യുഗംപോലെയുള്ള രാത്രി അടുത്തിരിക്കുന്നു. അവൾ എങ്ങനെ കഴിച്ചുകൂട്ടും. ആയതു കൊണ്ടു ചിന്തയിൽ ലയിച്ചവളായി കവിൾത്തടത്തിൽ കൈവച്ചവണ്ണമായി ഇരിക്കുന്നു. ബാലചന്ദ്രൻ—ദ്വിതീയാതിഥിയിങ്കലുള്ള ചന്ദ്രൻ. പകുതിമുഖം കൈകൊണ്ടു മറഞ്ഞിരിക്കുന്നു- കാണപ്പെടുന്ന പകുതിഭാഗം വിരഹം നിമിത്തം പാണ്ഡുവായും ഇരിക്കുന്നു. ആയതുകൊണ്ടു മുഖത്തിനു ദ്വിതീയാചന്ദ്രസാമ്യം. സായങ്കാലത്താണല്ലോ വിശേഷമായി വിരഹാവസ്ഥ വർദ്ധിക്കുന്നതു്. ബാലചന്ദ്രനും സായങ്കാലത്തിൽ പാണ്ഡുവും നിഃശ്രീകനുമായി കാണപ്പെടുന്നു.

ആറാംപദം—

(സാ—അവൾ)

നയനവിഷയം—നയനങ്ങൾക്കു കണ്ണുകൾക്കുള്ള വിഷയമായ [ഗോചരമായ

കിസലയതല്പം, അപി—കിസലയങ്ങളെ തളിരുകളെക്കൊണ്ടുള്ള [തല്പത്തെയും കിടക്കയെയും

വിഹിതഹുതാശവികല്പം—വിഹിതമായ ചെയ്യപ്പെട്ട ഹുതാശൻെറ [അഗ്നിയുടെ വികല്പത്തോടു ശങ്കയോടുകൂടിയതായി

കലയതി—വിചാരിക്കുന്നു.

അവൾ തൻെറ മുമ്പിൽ കാണുന്ന തളിരുമെത്തയെപ്പോലും കത്തുന്ന തീയായി വിചാരിക്കുന്നു.

തളിരുകളും അഗ്നിജ്വാലയും ചുമപ്പായിരിക്കുന്നതിനാൽ ഇങ്ങനെ വർണ്ണിച്ചു. വിരഹം നിമിത്തം രാധയ്ക്കു പല്ലവശയനംപോലും കത്തുന്ന തീപോലെ സന്താപകരമായിരിക്കുന്നു എന്നു സാരം.

ഏഴാംപദം—

(സാ, നികാമം—അവൾ, വളരെ)

സകാമം—അഭിലാഷത്തോടുകൂടി

വിരഹവിഹിതമരണാ, ഇവ—വിരഹത്താൽ വിഹിതമായ മരണത്തോടു കൂടിയവൾപോലെ

ഹരിഃ, ഇതി, ഹരിഃ, ഇതി—ഹരിഹരി എന്നുള്ള നാമത്തെ

ജപതി—ജപിക്കുന്നു (ആവൎത്തിക്കുന്നു).

അവൾ നിൻെറ വിരഹംനിമിത്തം മരണം അടുത്തിരിക്കുന്നവൾപോലെ അഭിലാഷത്തോടുകൂടി നിൻെറ നാമത്തെ ജപിക്കുന്നു.

മരണമടുത്തവർ ക്ലേശഹാരകനായ ഹരിയുടെ നാമം ജപിക്കുക പതിവാണ്. അവൾ വിരഹം നിമിത്തം നിൻെറ മരണത്തെ ശങ്കിക്കുന്നവളായി കാമത്തോടുകൂടി നിന്നെ പേരുകൊണ്ടു ജപിക്കുന്നു എന്നൎത്ഥം. നികാമം, ഹരിഃ, ഇതി—അതിശയത്തോടു ഹരിയെന്നു ജപിക്കുന്നു എന്നൎത്ഥം.

എട്ടാംപദം—

ഇതി—ഇവ്വണ്ണം

ശ്രീജയദേവഭണിതം—ശ്രീജയദേവകവിയാൽ വൎണ്ണിക്കപ്പെട്ടതും

കേശവപദം—കേശവൻെറ കൃഷ്ണൻെറ പദത്തെ ചരണത്തെ (ചരണത്തിൽ)

ഉപനീതം—(പ്രാപിതവും അർപ്പിക്കപ്പെട്ടതും) ആയ

ഗീതം—ഗാനം

സുഖയതു—(എല്ലാവർക്കും) സുഖത്തെ നൽകട്ടേ.

ശ്രീജയദേവകവിയാൽ രചിക്കപ്പെട്ടതും ശ്രീകൃഷ്ണചരണങ്ങളിൽ സമർപ്പിക്കപ്പെട്ടതും ആയ ഈ ഗാനം എല്ലാവർക്കും സുഖത്തെ നൽകട്ടേ.

ഉപ സമീപത്തിൽ, നീതം പ്രാപിക്കപ്പെട്ടതു ഉപനീതം. എല്ലാവർക്കും—ഭക്തന്മാർക്കും ശ്രോതാക്കൾക്കും പാടുന്നവർക്കും എന്നർത്ഥം.

(ശ്ലോകം)

സാ രോമാഞ്ചതി സീത്കരോതി വിലപത്യുത്കമ്പതേ താമ്യതി
ധ്യായത്യുദ്ഭ്രമതി പ്രമീലതി പതത്യുദ്യാതി മൂർച്ഛത്യപി
ഏതാവത്യതനുജ്വരേ വരതനുർ ജീവേന്ന കിം തേ രസാത്
സ്വർവൈദ്യപ്രതിമ പ്രസീദസി യദി ത്യക്തോ/ന്യഥാ
[ഹസ്തകഃ ന

സാ, രോമാഞ്ചതി—അവൾ കോൾമയിർകൊള്ളുന്നു.

സീത്കരോതി—സീത്കാരത്തെ ചെയ്യുന്നു.

വിലപതി, ഉത്കമ്പതേ—പുലമ്പുന്നു വിറയ്ക്കുന്നു.

താമ്യതി, ധ്യായതി—ഗ്ലാനയായിഭവിക്കുന്നു ധ്യാനിക്കുന്നു.

ഉദ്ഭ്രമതി, പ്രമീലതി—ഭ്രമിക്കുന്നു കണ്ണുകളെ തുറക്കുന്നു.

പതതി, ഉദ്യാതി—വീഴുന്നു എതിരേൽക്കുന്നു.

മൂർച്ഛതി, അപി—മൂർച്ഛയെപ്രാപിക്കുകയും ചെയ്യുന്നു.

സ്വർവൈദ്യപ്രതിമ—അല്ലയോ സ്വർവൈദ്യന്മാർക്കു അശ്വിനീ
[കുമാരന്മാർക്കു തുല്യനായുള്ളോവേ!

ഏതാവതി—ഇവ്വണ്ണമുള്ള

അതനുജ്വരേ—അതനുവായ മഹത്തായ അല്ലെങ്കിൽ അതനുവി
[ന്റെ അനംഗന്റെ ജ്വരത്തിൽ

പ്രസീദസി, യദി—നീ പ്രസാദിക്കുമെങ്കിൽ

വരതനുഃ—വരമായ കമനീയമായ ദേഹത്തോടുകൂടിയ (അവൾ)

തേ—നിന്റെ

രസാത്—രസം ഹേതുവായി ശൃംഗാരം ഹേതുവായി

കിം, ന, ജീവേത്—ജീവിക്കുകയില്ലയോ (ജീവിക്കുകതന്നെ
[ചെയ്യും).

അന്യഥാ, ഹസ്തകഃ—അല്ലെങ്കിൽ കൈയ്യ്

ത്യക്തഃ—വിടപ്പെട്ടതായിരിക്കുന്നു.

അവൾ രോമാഞ്ചിതയായി ഭവിക്കുന്നു. സീത്കാരശബ്ദം പുറപ്പെടുവിക്കുന്നു. എന്തെല്ലാമോ പുലമ്പുന്നു. ശരീരത്തിൽ വിറകൊള്ളുന്നു. ക്ഷീണിക്കുന്നു. ധ്യാനിക്കുന്നു. അങ്ങുമിങ്ങും നടക്കുന്നു. അടഞ്ഞ കണ്ണിനെ തുറക്കുന്നു. വീഴുന്നു. എഴിക്കുന്നു. മൂർച്ഛിക്കുകയും ചെയ്യുന്നു. ഇങ്ങനെല്ലാമിരിക്കുന്ന അവളുടെ കാമജ്വരത്തിങ്കൽ ദേവവൈദ്യന്മാർക്കു തുല്യനായ നീ ഒന്നു അവളെ പ്രസാദിച്ചാൽ നിങ്കലുള്ള രസം നിമിത്തം സുന്ദരിയായ അവൾ ജീവിക്കുകതന്നെ ചെയ്യും. ഇല്ലെങ്കിൽ അവളുടെ ജീവിതം കൈവിട്ട മട്ടിലാവും.

വിരഹവേദനയാൽ കഷ്ടപ്പെടുന്ന രാധയുടെ സ്ഥിതി ശങ്കാജനകമാണെന്നും ഉടൻ കൃഷ്ണന്റെ സംഗമം അത്യാവശ്യമാണെന്നും ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു. അശ്വിനീദേവന്മാർ സ്വർഗ്ഗത്തിലെ വൈദ്യന്മാരാകുന്നു. അവർ അതിസുന്ദരന്മാരും ആകുന്നു. ആയതുകൊണ്ടു അവരെ കൃഷ്ണനോടു ഉപമിച്ചു പറഞ്ഞു. ജ്വരമുള്ളവരെ വൈദ്യൻ കഷായാദിരസരൂപമായ ഔഷധം കൊടുത്തു ചികിത്സിച്ചു സുഖപ്പെടുത്തുന്നതുപോലെ സ്വർവൈദ്യതുല്യനും അതിസുന്ദരനും ആയ നീയും കാമജ്വരതപ്തയും മൂർഛാവസ്ഥയിൽ എത്തിയിരിക്കുന്നവളും ആയ രാധയെ നിന്റെ ശൃംഗാരരസമാകുന്ന ഔഷധം കൊടുത്തു ചികിത്സിച്ചാൽ അവൾ നിശ്ചയമായും ജീവിക്കുകതന്നെ ചെയ്യും. ഇല്ലെങ്കിൽ അവളുടെ ജീവിതം കുഴപ്പത്തിലാകും എന്നു സാരം. അവളും വരതനുവാണു അതായതു സുന്ദരിയാണ്. രാധ ബാഹ്യവൃത്തിയിൽ മാത്രമല്ല കൃഷ്ണങ്കൽ അനുരക്തയായിരിക്കുന്നതു, പിന്നയോ സാത്ത്വികഭാവത്താലും കൃഷ്ണങ്കൽ വശപ്പെട്ട ജീവിതത്തോടു കൂടിയവൾ എന്നുള്ളതിനെ പ്രദർശിപ്പിക്കുവാനായി സാത്ത്വികഭാവങ്ങളെ പൂർവാർദ്ധത്തിൽ ഓരോന്നായി പ്രതിപാദിക്കുന്നു. 'നിന്നെ ആശ്രയിച്ചു ജീവിക്കുന്നവളെ ജീവിപ്പിക്കേണ്ടതു നിന്റെ ചുമതലയാണു്' എന്നു സാരം. ആശ്രിതന്മാരെ ത്യജിക്കുന്നതു ദോഷമാകുന്നു. മൂർഛയിൽ എത്തിയിരിക്കുന്ന രാധ സംസാരിക്കാൻപോലും വയ്യാതെ ചേഷ്ടകൊണ്ടുമാത്രം സഖികളോടു വ്യവഹരിക്കുന്നു. ജ്വരമുള്ളവർക്കു തണുപ്പേററു രോമാഞ്ചമുണ്ടാകും. വേദനകൊണ്ടു സീത്കാരശബ്ദം ഉണ്ടാകും. മോഹം നിത്തം അവർ പുലമ്പും. ശരീരം വിറകൊള്ളും. ക്ലേശാനുഭവവും ഭ്രമണവും മൂർഛയും ഉണ്ടാവും. രോമാഞ്ചാദികളാൽ രാധയ്ക്കു നായകനോടുള്ള അഭിലാഷം

ചിന്ത സ്മൃതി ഗുണകീർത്തനം ഉദ്വേഗം പ്രലാപം ഉന്മാദം വ്യാധി ജാഡ്യം—മറെറാരു പ്രകാരത്തിൽ രോമാഞ്ചം വൈവർണ്യം അശ്രു വേപഥു സ്വേദം സ്തംഭം സ്വരഭംഗം പ്രലയം എന്നിങ്ങനെയുള്ള ഭാവങ്ങളാൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

(ശ്ലോകം)

സ്മരാതുരാം ദൈവതവൈദ്യഹൃദ്യ
ത്വദംഗസംഗാമൃതമാത്രസാധ്യാം.
നിവൃത്തബാധാം കുരുഷേ ന രാധാ-
മുപേന്ദ്ര! വജ്രാദപി ദാരുണോഽസി ൪

ഉപേന്ദ്ര—അല്ലയോ ഉപേന്ദ്രനായുള്ളോവേ! (കൃഷ്ണ!)

ദൈവതവൈദ്യഹൃദ്യ—ദൈവതവൈദ്യന്മാരെപ്പോലെ ദേവ [വൈദ്യന്മാരായ അശ്വിനീസുതന്മാരെപ്പോലെ സുന്ദരനായുള്ളോവേ!

സ്മരാതുരാം—സ്മരനാൽ കാമനാൽ ആതുരയും ദീനയും

ത്വദംഗസംഗാമൃതമാത്രസാധ്യാം—ത്വദംഗസംഗമാകുന്ന അമൃതം [കൊണ്ടു മാത്രം സാധ്യയും ആയ

രാധാം—രാധയെ

നിവൃത്തബാധാം—നിവൃത്തമായ നിവൃത്തിയെ പ്രാപിച്ചതായ [പോയതായ ബാധയോടു പീഡയോടു കൂടിയവളാക്കി

ന, കുരുഷേ—ചെയ്യുന്നില്ലെങ്കിൽ

വജ്രാത്, അപി—വജ്രത്തെക്കാളും

ദാരുണഃ,അസി—(നീ) കഠിനനാകുന്നു.

അല്ലയോ ദേവവൈദ്യന്മാരായ അശ്വിനീകുമാരന്മാരെപ്പോലെ സുന്ദരനായുള്ളോവേ! ഉപേന്ദ്രനായുള്ളോവേ! കാമജ്വരതപ്തയായ രാധയെ നിന്റെ ശരീരസംയോഗമാകുന്ന അമൃതുകൊണ്ടു മാത്രമേ ജീവിപ്പിക്കാൻ കഴിയൂ. ഇപ്പോൾ അവളെ അങ്ങനെ ജീവിപ്പിക്കുന്നില്ലെങ്കിൽ നിന്റെ ഹൃദയം വജ്രത്തെക്കാൾ കഠിനമെന്നത്രേ പറവാനുള്ളൂ.

കഴിഞ്ഞ പദ്യത്തിലും ഈ പദ്യത്തിലും കൃഷ്ണനെ സ്വർവൈദ്യന്മാരോടു ഉപമിച്ചിരിക്കുന്നതിനാൽ രാധയുടെ സന്താപത്തെ അകററാനുള്ള സാമർത്ഥ്യം കൃഷ്ണനു ഉള്ളതായി ധ്വനിക്കുന്നു. ഉപേന്ദ്രൻ—ഇന്ദ്രന്റെ അനുജനായ കൃഷ്ണൻ. ഈ പദ്യത്തിൽ വൃത്തം ഉപേന്ദ്രവജ്രയാകുന്നു. കഠിനവസ്തു സ്നേഹിക്കുകയില്ല. വജ്രായുധം ഇന്ദ്രനാൽ

പ്രയോഗിക്കപ്പെട്ടു് അംഗത്തിൽ ഏററവും വ്യഥയെ ഉണ്ടാക്കുന്നു. നീയാകട്ടെ വിശ്ലേഷത്താൽ മാത്രം വ്യഥയെ ജനിപ്പിക്കുന്നതിനാൽ വജ്രത്തെക്കാരം കഠിനൻ എന്നാത്ഥം.

(ശ്ലോകം)

കന്ദർപജ്വരസംജ്വരാതുരതനോരാശ്ചര്യമസ്യാശ്ചിരം
ചേതശ്ചന്ദനചന്ദ്രമഃകമലിനീചിന്താസു സംതാമ്യതി
കിന്തു ക്ലാന്തിവശേന ശീതലതനും ത്വാമേകമേവ പ്രിയം
ധ്യായന്തീ രഹസി സ്ഥിതാ കഥമപി ക്ഷീണാ ക്ഷണം
[പ്രാണിതി ൫

(മാധവ—അല്ലയോ കൃഷ്ണ!)

കന്ദർപ്പജ്വരസംജ്വരാതുരതനോഃ—കന്ദർപജ്വരം കൊണ്ടുള്ള മദനജ്വരത്താൽ ഉള്ള സന്താപത്താൽ ആതുരമായ ദീനമായ തനുവോടു [ശരീരത്തോടുകൂടിയവളായ

അസ്യാഃ, ചേതഃ—ഇവളുടെ (രാധയുടെ) ചിത്തം

ചിരം—വളരെ നേരം (അധികമായി)

ചന്ദനചന്ദ്രമഃകമലിനീചിന്താസു—ചന്ദനം ചന്ദ്രൻ പദ്മിനി [ഇവയെ സംബന്ധിച്ച ചിന്തകളിൽ വാർത്തകളിൽ

സന്താമ്യതി—ഗ്ലാനിയെ പ്രാപിക്കുന്നു (എന്നു യാതൊന്നുണ്ടോ)

ആശ്ചര്യം—(അതു്) അദ്ഭുതമായിരിക്കുന്നു.

കിന്തു—ഇനിയും

ക്ലാന്തിവശേന—ക്ലാന്തിനിമിത്തം

ക്ഷീണാ, രഹസി—ക്ഷീണിച്ചവളും ഏകാന്തത്തിൽ

സ്ഥിതാ, ത്വാം, ഏവ—ഇരിക്കുന്നവളും നിന്നെത്തന്നെ

ഏകം, പ്രിയം—ഒരു പ്രാണവല്ലഭനായും

ശീതലതനും—ശീതലമായ തണുത്ത തനുവോടു ദേഹത്തോടു കൂടി [യവനായും

കഥമപി, ധ്യായന്തീ—എങ്ങനെയോ ധ്യാനിക്കുന്നവളായി

ക്ഷണം—ക്ഷണമാത്രം

ജീവതി—ജീവനെ ധരിച്ചുകൊണ്ടിരിക്കുന്നു.

രാധയുടെ ചിത്തം കാമജ്വരത്താൽ സന്തപിച്ചിരിക്കുന്നു, സന്താ

പഹാരകങ്ങളായ ചന്ദനം ചന്ദ്രൻ നളിനി ഇവയെപ്പററി സഖികൾ പ്രസ്താവിക്കുമ്പോൾ അവളുടെ ചിത്തം ക്ഷീണിച്ചു ഖേദിക്കുന്നു. അശ്ചര്യം. എന്നാൽ ദീനയായ അവൾ ഏകാന്തത്തിൽ ഇരുന്നുകൊണ്ടു കുളുർമേനിയായ നിന്നെത്തന്നെ ധ്യാനിച്ചു ഒരു വിധം ജീവനെ ധരിച്ചുകൊണ്ടിരിക്കുന്നു.

തപിക്കുന്ന അവൾക്കു ചന്ദ്രാദിശീതലവസ്തുക്കളിൽ സ്പൃഹയില്ലെന്നുള്ളതു ആശ്ചര്യം. എന്നാൽ കുളുർമേനിയായ കൃഷ്ണനെ ധ്യാനിച്ചു മാത്രം അവൾ ജീവനെ ധരിച്ചുകൊണ്ടിരിക്കുന്നതു മറെറാരു ആശ്ചര്യം. ശീതലവസ്തുക്കളിൽ ദ്വേഷമുള്ള അവൾ ശീതലവസ്തു ഒന്നിനെത്തന്നെ അതായതു കൃഷ്ണനെത്തന്നെ ധ്യാനിച്ചു ജീവിക്കുന്നു എന്നർസാരം. 'കിംതൂത്ക്രാന്തിവശേന' എന്നും പാഠം. ഉത്ക്രാന്തി പ്രാണോത്ക്രമണം അതിനു അധീനമായി എന്നർത്ഥം. 'ഉത്ക്രാന്തിവശാ, ഇന' എന്നും 'ക്ലാന്തിവശാ, ഇന' എന്നും പദം പിരിയ്ക്കാം. ഇന—അല്ലയോ പ്രഭുവേ! എന്നർത്ഥം. ഉത്ക്രാന്തിവശാ—പ്രാണോത്ക്രമണത്തിനു വശയായ അല്ലെങ്കിൽ ക്ലാന്തിവശാ—ക്ലാന്തിക്കു വശയായ അധീനനായ അവൾ എന്നു രാധയ്ക്കു വിശേഷണം. ക്ഷീണാ—കാർശ്യത്താൽ ദുർബലയായവൾ. കൃഷ്ണൻെറ ശീതലമായ അംഗസ്പർശത്തെ ധ്യാനിക്കുന്നവൾ എന്നർത്ഥം. ഇപ്പോൾ അവൾ ജീവിക്കുന്നു. ഉടൻ ചെന്നാലും. താമസിച്ചാൽ അവളുടെ ജീവിതം ദുർലഭമാകും എന്നു താത്പര്യം.

(ശ്ലോകം)

ക്ഷണമപി വിരഹഃ പുരാ ന സേഹേ
നയനനിമീലനഖിന്നയാ യയാ തേ
ശ്വസിതി കഥമസൗ രസാലശാഖാം
ചിരവിരഹേണ വിലോക്യ പുഷ്പിതാഗ്രാമ് ൩

(മാധവ—അല്ലയോ കൃഷ്ണ!)

പുരാ—പണ്ടു

നയനനിമീലനഖിന്നയാ—നയനങ്ങളുടെ കണ്ണുകളുടെ നിമീലനത്തിൽ (അടയ്ക്കുന്നതിൽപോലും) ഖിന്നയായ ഖേദത്തെ അനുഭവിക്കുന്നവളായ

യയാ—യാതൊരുത്തിയാൽ

ക്ഷണം; അപി— ക്ഷണനേരംപോലും

തേ, വിരഹഃ— നിൻെറ വിയോഗം

ന, സേഹേ—സഹിക്കപ്പെട്ടില്ലയോ

അസൗ—അങ്ങനെയുള്ള രാധ (ഇപ്പോൾ)

ചിരവിരഹേണ— ചിരകാലമുള്ള വിരഹത്താൽ പോലും

പുഷ്പിതാഗ്രാം--പുഷ്പിതമായ പൂത്തതായ അഗ്രഭാഗങ്ങളോടു അററ
[ങ്ങളോടുകൂടിയ

രസാലശാഖാം—രസാലത്തിൻെറ തേന്മാവിൻെറ ശാഖയെ
[കൊമ്പിനെ

വിലോക്യ, കഥം—കണ്ടിട്ടു എങ്ങനെ

ശ്വസിതി—ജീവിക്കുന്നു.

മുമ്പു രാധയ്ക്കു ഇടയ്ക്കിടയ്ക്കു കണ്ണടയുന്ന ക്ഷണനേരത്തിൽ പോലും നിന്നെക്കണ്ടാനന്ദിക്കാൻ ഇടയില്ലാത്തതു വ്യസനകരമായിരുന്നു. ഇങ്ങനെ ക്ഷണനേരം പോലും നിൻെറ വിരഹത്തെ സഹിക്കാതെയിരുന്ന അവൾ നിന്നോടുള്ള ഈ ചിരവിരഹത്തിൽ പൂത്തിരിക്കുന്ന തേന്മാവിനെക്കണ്ടുംകൊണ്ടു എങ്ങനെ പ്രാണനെ ധരിക്കും?

തേന്മാവു പൂത്തിരിക്കുന്നതു കാമിജനങ്ങൾക്കു ഉദ്ദീപനവിഭാവമാകുന്നു. അടയുകയും തുറക്കുകയും കണ്ണിൻെറ സ്വഭാവമാണല്ലോ. കൃഷ്ണനെ കണ്ടുംകൊണ്ടിരിക്കുന്ന രാധ ഇടയ്ക്കിടയ്ക്കു കണ്ണു അടഞ്ഞു തുറക്കുമ്പോൾ ഉള്ള നിമേഷാന്തരങ്ങളിൽ കാണുന്നതിനു തടസ്സമുണ്ടാകുന്നതിൽ പോലും ദുഃഖിക്കുന്നവളായിരുന്നു. തേന്മാവു പൂത്തിരിക്കുന്നതിനാൽ വസന്തകാലമാണെന്നു മനസ്സിലാക്കണം. വസന്തകാലത്തിൽ വിരഹികൾ പ്രാണനെ ധരിക്കുന്ന കാര്യം വളരെ വിഷമമാണു്. രസാലശഖാം— രസാലം രസസമൂഹം, അതായതു രാധയുടെ രസസർവസ്വമായ കൃഷ്ണൻ അവൻെറ ശാഖയിൽ സമീപത്തിൽ കണ്ടിട്ടു എന്നു മത്ഥം. പുഷ്പിതാഗ്രാം—പുഷ്പിതമായ അഗ്രത്തോടു ഉത്തരകാലത്തോടുകൂടിയ, അടുത്തുതന്നെ കൃഷ്ണൻെറ സാമീപ്യമുണ്ടാകുമെന്നു അഭിലാഷത്തോടുകൂടിയ എന്നുമത്ഥം. ഇവ്വണ്ണമുള്ള തേന്മാവിനെ കണ്ടിട്ടു കാമബാണപീഡിതനായ കൃഷ്ണൻ തീർച്ചയായും എങ്കൽ വന്നുചേരും. എന്നു വിചാരിച്ചു അവൾ പ്രാണനെ ധരിക്കുന്നു എന്നും താത്പര്യം. ഈ പദ്യത്തിൽ വൃത്തം പുഷ്പിതാഗ്രയാകുന്നു,

(ശ്ലോകം)

വൃഷ്ടിവ്യാകുലഗോകുലാവനരസാദുദ്ധൃത്യ ഗോവർദ്ധനം
ബിഭ്രദ്വല്ലവവല്ലഭാഭിരധികാനന്ദാച്ചിരം ചുംബിതഃ
ദർപ്പേണേവ തദർപ്പിതാധരതടീസിന്ദൂരമുദ്രാങ്കിതോ
ബാഹുർ ഗോപതനോസ്തനോതു ഭവതാം ശ്രേയാംസി
[കംസദ്വിഷഃ

ഗോപതനോഃ—ഗോപന്റെ തനുപോലെ ശരീരംപോലെയുള്ള
[തനുവോടുകൂടിയ (ഗോപവേഷനായ)

കംസദ്വിഷഃ—ശ്രീകൃഷ്ണന്റെ

വൃഷ്ടിവ്യാകുലഗോകുലാവനരസാത്—വൃഷ്ടിയാൽ മഴയാൽ വ്യാകുലമായ പരവശമായ ഗോകുലത്തെ അവനം ചെയ്യുന്നതിൽ കാത്തു
[കൊള്ളുന്നതിൽ ഉള്ള രസം നിമിത്തം താത്പര്യം നിമിത്തം

ഗോവർദ്ധനം—ഗോവർദ്ധനപർവതത്തെ

ഉദ്ധൃത്യ, ബിഭ്രത്—പൊക്കീട്ട് ധരിക്കുന്നതും

വല്ലവവല്ലഭാഭിഃ—ഗോപാംഗനകളാൽ

അധികാനന്ദാത്—അധികമായ ആനന്ദം നിമിത്തം

ചിരം, ചുംബിതഃ—വളരെനേരം ചുംബനം ചെയ്യപ്പെട്ടതും

ദർപ്പേണ, ഇവ—ഗർവത്താൽ എന്നപോലെ

തദർപ്പിതാധരതടീസിന്ദൂരമുദ്രാങ്കിതഃ—തദർപ്പിതമായ ഗോപികളാൽ തരപ്പെട്ട അധരതടിയിലുള്ള അധരപ്രദേശത്തിലുള്ള സിന്ദൂരമുദ്രയാൽ കുങ്കുമമുദ്രയാൽ അങ്കിതവും അടയാളപ്പെടുത്തപ്പെട്ടതും ആയ

ബാഹുഃ, ഭവതാം—കൈയ്യ് നിങ്ങൾക്ക

ശ്രേയാംസി, തനോതു—നന്മകളെ വളർത്തട്ടെ.

മഴകൊണ്ടു വ്യാകുലമായ ഗോകുലത്തെ കാത്തുകൊള്ളുവാൻ തത്പരനായി ഗോവർദ്ധനപർവതത്തെ കുടയായി പൊക്കിപ്പിടിച്ചതും, ഗോപികൾ ആനന്ദത്തോടുകൂടി വളരെനേരം ഉമ്മവച്ചതും, അപ്പോൾ അവരുടെ ചിറിയിലുള്ള സിന്ദൂരം പതിഞ്ഞതും, ആയതിനാൽ

ഗോവർദ്ധനപർവതത്തെ ഉദ്ധരിച്ചതുകൊണ്ടുള്ള ഗർവോ എന്നു തോന്നുമാറു ചുമന്നിരിക്കുന്നതും ആയ കംസാരിയായ ഗോപവേഷനായ ഭഗവാൻ ശ്രീകൃഷ്ണൻെറ തൃക്കൈയ്യ് നിങ്ങൾക്കു നന്മകളെ വളർത്തട്ടെ.

സർഗാവസാനപദ്യത്തിൽ കവി ആശീർവചനരൂപമായ മംഗളം ആചരിക്കുന്നു. ഗർവത്തെ ചുമപ്പായി വർണിക്കുന്നതു് കവിസമയപ്രസിദ്ധമാകുന്നു.

'രാസാവലയം' എന്ന ഒമ്പതാം പ്രബന്ധം സമാപ്തമായി.

നാലാംസർഗം സമാപ്തം.

---

## സാകാംക്ഷപുണ്ഡരീകാക്ഷം എന്ന
## അഞ്ചാംസർഗം.

(ശ്ലോകം)

അഹമിഹ നിവസാമി യാഹി രാധാ-
മനുനയ മദ്വചനേന ചാനയേഥാഃ
ഇതി മധുരിപുണാ സഖീ നിയുക്താ
സ്വയമിദമേത്യ പുനർ ജഗാദ രാധാമ് ൧

ഭാഷ

(ആര്യ)

ഞാനിവിടെ വസിക്കാം നീ
മാനിനിയെച്ചെന്നു കൊണ്ടുവന്നാലും
ഇതി കൃഷ്ണൻെറ നിയോഗാത്
കൃതിനീ സഖി ചെന്നു രാധയോടൂചേ

ഇവ്വണ്ണം രാധയുടെ വിരഹസ്ഥിതിയെ ഉണൎത്തിയ സഖിയോടു കൃഷ്ണൻ രാധയെ സമാധാനപ്പെടുത്തി വിളിച്ചുകൊണ്ടുവരുവാനായി പറഞ്ഞയയ്ക്കുന്നു.

അഹം, ഇഹ—ഞാൻ ഇവിടെ (ഈ യമുനാകുഞ്ജത്തിൽ)
നിവസാമി—വസിക്കാം (കാത്തിരിക്കാം).
യാഹി—(നീ) ചെന്നാലും.
മദ്വചനേന—ഞാൻ പറഞ്ഞതായി പറഞ്ഞു
രാധാം, അനുനയ—രാധയെ സമാശ്വസിപ്പിച്ചാലും
ആനയേഥാഃ, ച—(ആശ്വസിപ്പിച്ചു ഇങ്ങോട്ടു്) കൂട്ടിക്കൊണ്ടു [വന്നാലും.
ഇതി, മധുരിപുണാ—എന്നിങ്ങനെ കൃഷ്ണനാൽ
നിയുക്താ—ആജ്ഞാപ്പിക്കപ്പെട്ടവളായ
സഖീ—(രാധയുടെ) സഖി

സ്വയം, ഏത്യ—തന്നത്താനെ (രാധയോട്ട) ചെന്നിട്ട
പുനഃ, രാധാം—വീണ്ടും രാധയോട്ട
ഇദം—ഇതിനെ (മേൽപറയാൻ പോകുന്നതിനെ)
ജഗാദ—പറഞ്ഞു.

ഇപ്രകാരം രാധയുടെ വിരഹാവസ്ഥയെപ്പററി പറഞ്ഞുകേൾപിച്ച സഖിയോട്ട ഭഗവാൻ കൃഷ്ണൻ ഇപ്രകാരം അരുളിച്ചെയ്തു— 'ഞാൻ ഇവിടെത്തന്നെ കാത്തിരിക്കാം. നീ ചെന്നു ഞാൻ പറഞ്ഞതായി രാധയോട്ട പറഞ്ഞു സമാധാനപ്പെടുത്തി അവളെ ഇവിടെ കൂട്ടിക്കൊണ്ടു വന്നാലും'— എന്നു. ഇവ്വണ്ണം കൃഷ്ണനാൽ നിയുക്തയായ സഖി രാധയുടെ അടുക്കൽ ചെന്നു ഇപ്രകാരം പറഞ്ഞു.

അപരാധിയായ കൃഷ്ണനു രാധയോട്ട തൻെറ വിരഹാവസ്ഥകളെപ്പററി നേരിട്ടു തുറന്നു പറയാൻ മടിയുള്ളതിനാൽ അതിലേയ്ക്കായി സഖിയെ നിയോഗിക്കുന്നു. സഖി രാധയെ കൂട്ടിക്കൊണ്ടു വരുന്നതുവരെ കൃഷ്ണൻ യമുനാകുഞ്ജത്തിൽ തന്നെ കാത്തിരിക്കുന്നതായി പറയുന്നു.

'സാകാംക്ഷപുണ്ഡരീകാക്ഷം' എന്നാണു ഈ അഞ്ചാം സർഗത്തിൻെറ പേരു്. ആകാംക്ഷയോട്ട ആഗ്രഹത്തോട്ടകൂടിയ പുണ്ഡരീകാക്ഷൻ കൃഷ്ണൻ വർണ്ണനയ്ക്കു വിഷയമായ സർഗം എന്നർത്ഥം. രാധയെ കൂട്ടിക്കൊണ്ടുവരുവാനായി കൃഷ്ണൻ സഖിയെ പറഞ്ഞയയ്ക്കുന്നതും, സഖി രാധയുടെ അടുക്കൽ ചെന്നു കൃഷ്ണൻെറ വിരഹാവസ്ഥകളെപ്പററി വർണ്ണിച്ചു കേൾപ്പിക്കുന്നതും, കാമുകനായ കൃഷ്ണനെ കാണാനായി സങ്കേതസ്ഥലത്തേയ്ക്കു അഭിസാരികയായി ഉടൻ പുറപ്പെടണമെന്നു രാധയോട്ട ഉപദേശിക്കുന്നതും, മററും ഈ സർഗത്തിലെ പ്രതിപാദ്യമാകുന്നു.

## അഷ്ടപദി ൧൦.

ദേശീവരാഡിരാഗേണ ഗീയതേ രൂപകതാളേന വാദ്യതേ.

൧. വഹതി മലയസമീരേ മദനമുപനിധായ
സ്ഫുടതി കുസുമനികരേ വിരഹിഹൃദയദലനായ
തവ വിരഹേ വനമാലീ സഖി സീദതി രാധേ!

൨. ദഹതി ശിശിരമയൂഖേ മരണമനുകരോതി
പതതി മദനവിശിഖേ വിലപതി വികലതരോഽതി
(തവ...)

൩. ധ്വനതി മധുപസമൂഹേ ശ്രവണമപിദധാതി
മനസി കലിതവിരഹേ നിശി നിശി രുജമുപയാതി
(തവ...)

൪. വസതി വിപിനവിതാനേ ത്യജതി ലലിതധാമ
ലുഠതി ധരണിശയനേ ബഹു വിലപതി തവ നാമ
(തവ....)

൫. ഭണതി കവിജയദേവേ വിരഹവിലസിതേന
മനസി രഭസവിഭവേ ഹരിരുദയതു സുകൃതേന (തവ...)

## ഭാഷ

## പത്താം അഷ്ടപദി.

പുന്നാഗവരാളി—ഏകകാളം.

൧. മലരമ്പന്റെ വരവിലെ മലയവായുപാനംകൊണ്ടും
സുലഭകുസുമവികാസം കലനംചെയ്തുകൊണ്ടും
തവ വിരഹംകൊണ്ടു കൃഷ്ണൻ വിവശനായി വലയുന്നു

൨. ചന്ദ്രിക ചാമ്പലാക്കീടുമെന്നു ചിത്തേ ചിന്തിച്ചിട്ടും
തന്ദ്രി കളഞ്ഞെയ്തു മാരൻ തന്നോ തരം കെട്ടത്തിട്ടും
(തവ...)

൩. വണ്ടുകളുടെ ഝങ്കാരംകൊണ്ടു ചെവി പൊത്തീടുന്നു
തണ്ടലരുകടെ രതികണ്ടിട്ടു കണ്ണടയ്ക്കുന്നു (തവ...)

൪. നല്ല മന്ദിരം ത്യജിച്ചു കല്ലിലും മുള്ളിലും വനേ
വല്ലഭയാം നിന്റെ നാമം ചൊല്ലിക്കൊണ്ടു നടക്കുന്നു
(തവ...)

൫. ജയദേവഭണിതിഭാഷാ ജയദയായിട്ടു തീർന്നാവൂ
നയനിധിയാം നരനാഥന്റെ നയനമായി വന്നാവൂമേ
(തവ...)

'ഹരിസമുദയാഗരുഡപദം' എന്ന പത്താംപ്രബന്ധം ആരംഭിക്കുന്നു. സഖി രാധയോടു പറയുന്നതിനെ ഗീതപ്രബന്ധത്തിൽ പ്രതിപാദിക്കുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആയതിനാൽ ബാക്കി പദങ്ങളോടു അതിനെ ചേർത്തുകൊള്ളണം.

ഒന്നാംപദം—

മദനം—മന്മഥനെ (മന്മഥനു)

ഉപനിധായ—ആശ്രയമാക്കിച്ചെയ്തിട്ടു (സ്പൃഹയെ ഉളവാക്കി [ക്കൊണ്ടു)

മലയസമീരേ—മലയമാരുതൻ

വഹതി, (സതി)—വീശുമ്പോൾ

വിരഹിഹൃദയദലനായ—വിരഹികളുടെ വിയോഗികളുടെ ഹൃദയ [ത്തിന്റെ (ഹൃദയത്തെ) ദലനത്തിനായി (പിളക്കുവാനായി)

കുസുമനികരേ—കൂട്ടം കൂട്ടമായി പൂക്കൾ

സ്ഫുടതി, (സതി)—വിടൎന്നുകൊണ്ടിരിക്കുമ്പോൾ

തവ, വിരഹേ—നിന്റെ വിരഹത്തിൽ

വനമാലീ—വനമാലയണിഞ്ഞവനായ കൃഷ്ണൻ

സീദതി—ദുഃഖിക്കുന്നു.

അല്ലയോ രാധേ! നിന്റെ വിരഹത്താൽ കൃഷ്ണൻ വളരെ ദുഃഖിക്കുന്നു. ഈ വസന്തകാലത്തിൽ മലയമാരുതൻ വീശുമ്പോഴും വിയോഗികളുടെ ഹൃദയത്തെ പിളർക്കുന്ന പൂക്കൾ വിടരുമ്പോഴും കാമപീഡയാൽ കൃഷ്ണൻ അധീരനാകുന്നു.

മദനം, ഉപനിധായ—ഇതിനെപുഷ്പവികാസത്തോടും യോജിപ്പിക്കാം. 'സീദതി' എന്ന ക്രിയയോടും അന്വയിപ്പിക്കാം. കാമൻ പുഷ്പബാണങ്ങളാൽ വിരഹികളുടെ ഹൃദയത്തെ പിളർക്കുന്നു.

രണ്ടാംപദം—

ശിശിരമയൂഖേ—ശിശിരമായ തണുത്ത മയൂഖങ്ങളോടു കിരണങ്ങ [ളോടു കൂടിയ ചന്ദ്രൻ

ദഹതി, (സതി)—ദഹിപ്പിക്കുമ്പോൾ

മരണം—മരണാവസ്ഥയെ

അനുകരോതി—അനുകരിക്കുന്നു.

മദനവിശിഖേ—മദനന്റെ, കാമന്റെ വിശിഖം ബാണം

പതതി, (സതി)—വന്നേൾക്കുമ്പോൾ

വികലതരഃ—വളരെ പരവശനായി

അതിവിലപതി—വളരെ വിലപിക്കുന്നു.

ഹിമരശ്മിയായ ചന്ദ്രൻ ദഹിപ്പിക്കുമ്പോൾ കൃഷ്ണൻ മൃതതുല്യനായി ഭവിക്കുന്നു, കാമബാണം വന്നേൾക്കുമ്പോൾ പരവശനായി വളരെ ദുഃഖിച്ചു കരയുന്നു.

മദനാവസ്ഥയെ അനുകരിക്കുന്ന—മരണാവസ്ഥയിൽ ഉണ്ടാകുന്ന മൂർഛ തുടങ്ങിയുള്ള ചേഷ്ടകളോടു കൂടിയവനായി ഭവിക്കുന്നു. ചന്ദ്രൻ വിരഹികളെ ദഹിപ്പിക്കുന്നവനാണ്.

മൂന്നാംപദം—

മധുപസമൂഹേ—മധുപങ്ങളുടെ വണ്ടുകളുടെ സമൂഹം കൂട്ടം

ധ്വനതി, (സതി)—ശബ്ദിക്കുമ്പോൾ

ശ്രവണം, അപിദധാതി—ചെവിയെ പൊത്തിഅടയ്ക്കുന്നു.

നിശി, നിശി—രാത്രിതോറും

കലിതവിരഹേ—കലിതമായ ചിന്തിക്കപ്പെട്ട വിരഹത്തോടു [വിയോഗത്തോടു കൂടി

മനസി, രുജം—ചിത്തത്തിൽ പീഡയെ

ഉപയാതി—പ്രാപിക്കുന്നു.

വണ്ടുകൾ ശബ്ദിക്കുമ്പോൾ അതു കേൾക്കാൻ സഹിക്കാതെ കൃഷ്ണൻ ചെവിപൊത്തുന്നു. ഓരോ രാത്രിയും അവൻ വിരഹത്തെപ്പററി ചിന്തിക്കുംതോറും പീഡിതനായിത്തീരുന്നു.

നാലാംപദം—

(സഃ—അവൻ)

ലലിതധാമ—(നിന്റെ വിരഹം നിമിത്തം) ലലിതമായ മനോ [ഹരമായ) ധാമത്തെപ്പോലും മന്ദിരത്തെപ്പോലും

ത്യജതി—ത്യജിച്ചിരിക്കുന്നു.

വിപിനവിതാനേ—വനവിസ്താരത്തിൽ (വനപ്രദേശത്തിൽ)

തിഷ്ഠതി—സ്ഥിതിചെയ്യുന്നു.

ധരണീശയനേ—ധരണിയാകുന്ന ഭൂമിയാകുന്ന ശയനത്തിൽ

ലുഠതി—പരിവർത്തനം ചെയ്യുന്നു.

തവ, നാമ—നിന്റെ പേരിനെ

ബഹു, വിലപതി—വളരെ പുലമ്പുന്നു.

അല്ലയോ രാധേ! നിന്റെ വിരഹം നിമിത്തം കൃഷ്ണൻ മനോഹരമായ വീടുപോലും ഉപേക്ഷിച്ചു വനപ്രദേശത്തിൽ അലഞ്ഞുതിരിയുന്നു. വെറും നിലത്തു കിടന്നു ഉരുളുകയും നിന്റെ പേരിനെ എപ്പോഴും പുലമ്പുകയും ചെയ്യുന്നു.

പുലമ്പുകയും ചെയ്യുന്നു—'അല്ലയോ പ്രാണേശ്വരി! പ്രിയേ! രാധേ' എന്നെല്ലാം പുലമ്പുന്നു.

അഞ്ചാംപദം—

കവിജയദേവേ—കവിയായ ജയദേവൻ

ഭണതി, (സതി)—കഥിക്കുമ്പോൾ

വിരഹവിലസിതേന—വിരഹത്തിൻെറ വിയോഗത്തിൻെറ വില [സിതത്താൽ വിലാസത്താൽ

രഭസവിഭവേ—രഭസത്തിൻെറ ഉത്സാഹത്തിൻെറ വിഭവത്തോടു [ആധിക്യത്തോടുകൂടിയ

മനസി—മനസ്സിങ്കൽ (ഗാനം ചെയ്യുന്നവരുടേയും ശ്രോതാക്കളു [ടേയും മനസ്സിങ്കൽ)

സുകൃതേന—പുണ്യം നിമിത്തം

ഹരിഃ, ഉദയതു—ഭഗവാൻ ആവിർഭവിക്കട്ടെ.

കവിയായ ജയദേവൻ കൃഷ്ണൻെറ വിരഹചേഷ്ടകളടങ്ങിയ ഈ ഗാനപ്രബന്ധം രചിച്ചു പാടുമ്പോൾ ശ്രോതാക്കളുടെ മനസ്സിങ്കൽ പുണ്യം നിമിത്തം ഭഗവാൻ പ്രത്യക്ഷനായി ആവിർഭവിക്കട്ടെ.

കൃഷ്ണകീർത്തനവിഷയമായ ഉത്സാഹം. വാസ്തവത്തിൽ അന്തര്യാമിയായ ഭഗവാനു ആരോടും വിരഹമില്ല. പിന്നെയോ ലീലകൊണ്ടുള്ള വിരഹവിലാസമാണെന്നു സാരം. മനസ്സിങ്കൽ ഹരിവിഷയമായ അനുരാഗം ഉദിക്കട്ടെ എന്നർത്ഥം.

'ഹരിസമുദയാഗരുഡപദം' എന്ന പത്താംപ്രബന്ധം സമാപ്തമായി.

(ശ്ലോകം)

പൂർവം യത്ര സമം ത്വയാ രതിപതേരാസാദിതാഃ സിദ്ധയ-
സ്തസ്മിന്നേവ നികുഞ്ജമന്മഥമഹാതീർത്ഥേ പുനർ മാധവഃ
ധ്യായംസ്ത്വാമനിശം ജപന്നപി തവൈവാലാപമന്ത്രാവലീം
ഭൂയസ്ത്വത്കുചകുംഭനിർഭരപരീരംഭാമൃതം വാഞ്ഛതി ൨

ഭാഷ

മുന്നം നിന്നോടുകൂടെയെത്രതരമോ ക്രീഡിച്ചു തത്രൈവ ഹേ
കന്നൽക്കണ്ണി വസന്തവല്ലിവനാന്തരേ മേവുന്ന ദാമോദരൻ

പിന്നെത്തക്കഥ ചൊല്ലുവല്ലവിരഹംകൊണ്ടുള്ള താപം തുലോം
നിന്നൊക്കാട്ടിലുമേറുമീശപരനഹോ കിം ഭ്രയസാരാധികേ.

(രാധേ—അല്ലയോ രാധേ!)

യത്ര, പൂർവം—യാതൊരിടത്തിൽ പണ്ടു

ത്വയാ, സമം—നിന്നോടുകൂടി

രതിപതേഃ—രതിയുടെ പതിയായ ഭർത്താവായ കാമദേവൻെറ

സിദ്ധയഃ—സിദ്ധികൾ (ചുംബനാലിംഗനാദികളായ സിദ്ധികൾ)

ആസാദിതാഃ—(മാധവനാൽ ലഭിക്കപ്പെട്ടുവോ

തസ്മിൻ—ആ

നികുഞ്ജമന്മഥമഹാതീർത്ഥേ, ഏവ—നികുഞ്ജമാകുന്ന വള്ളിക്കുടിലാകുന്ന മന്മഥൻെറ കാമൻെറ (അധിഷ്ഠാനഭൂതമായ) മഹാതീർത്ഥത്തിൽ [പുണ്യക്ഷേത്രത്തിൽതന്നെ

മാധവഃ, ത്വാം—കൃഷ്ണൻ നിന്നെ

അനിശം, ധ്യായൻ—എപ്പോഴും ധ്യാനിച്ചുകൊണ്ടും

തവ—നിൻെറ

ആലാപമന്ത്രാവലീം, ഏവ—ആലാപമാകുന്ന വചനമാകുന്ന [മന്ത്രാവലിയെ മന്ത്രമാലയെത്തന്നെ

ജപൻ, അപി—ജപിച്ചുകൊണ്ടും

ഭൂയഃ—വീണ്ടും (അധികമായി)

ത്വത്കുചകുംഭനിർഭരപരീരംഭാമൃതം....നിൻെറ കുചകുംഭങ്ങളുടെ കുടങ്ങൾ പോലെയുള്ള മുലകളുടെ നിർഭരമായ ഗാഢമായ പരിരംഭമാകുന്ന ആലിംഗനമാകുന്ന അമൃതത്തെ മോക്ഷസുഖത്തെ

വാഞ്ഛതി—ആഗ്രഹിക്കുന്നു.

ഇതിനു മുമ്പ് കൃഷ്ണൻ യാതൊരു വള്ളിക്കുടിലിൽ വച്ചു നിന്നോടു കൂടി രമിച്ചു ആലിംഗനചുംബനാദികളായ കാമദേവൻെറ സിദ്ധികളെ ലഭിച്ചുവോ കാമദേവൻെറ പുണ്യക്ഷേത്രമായ അതേ വള്ളിക്കുടിലിൽ തന്നെ അവൻ ഇപ്പൊഴും ഇരിക്കുന്നവനായി എപ്പൊഴും നിന്നെ ധ്യാനിച്ചുകൊണ്ടും നിൻെറ സല്ലാപമാകുന്ന മാലാമന്ത്രത്തെ ജപിച്ചുകൊണ്ടും വീണ്ടും നിൻെറ മുലകളെ ഗാഢമായി പുണർന്നുണ്ടാകുന്ന ആനന്ദത്തെ അനുഭവിക്കുവാൻ ആഗ്രഹിക്കുന്നു.

ഈ പദ്യത്തിൽ കൃഷ്ണൻെറ മനസ്സു രാധയിങ്കൽ തന്നെ ലയിച്ചിരിക്കുന്നതായി സഖി രാധയെ പറഞ്ഞു ഉണർത്തുന്നു. കൃഷ്ണൻെറ സങ്കേതസ്ഥാനമായ ലതാഗൃഹത്തിലേയ്ക്കു രാധ ചെല്ലണമെന്നു പദ്യ

ത്തിൻെറ സാരം. അമൃതം--ജലം എന്നർത്ഥം. പുണ്യതീർത്ഥത്തിലുള്ള ജലം കുംഭംകൊണ്ടാണല്ലോ ഗ്രഹിക്കപ്പെടുന്നതു്. വേദാന്തികളുടേയും ഭാട്ടന്മാരുടേയും മതത്തിൽ പരമാനന്ദാവാപ്തിതന്നെ മോക്ഷം. സാന്ദ്രമായ ആനന്ദസന്ദോഹത്തെ ഉളവാക്കുന്നതിനാൽ കുചകുംഭപരിരംഭത്തെ മോക്ഷമായി നിരൂപണം ചെയ്തു. ഇതിനുമുമ്പു് സിദ്ധികൾ ലഭിച്ച ക്ഷേത്രത്തിൽതന്നെ വീണ്ടും മോക്ഷരൂപമായ സിദ്ധിയെ ആഗ്രഹിക്കുന്നു. മോക്ഷത്തെ ആഗ്രഹിക്കുന്നവൻ പല സിദ്ധികളും ഉണ്ടായിട്ടുള്ള പുണ്യക്ഷേത്രത്തിൽ ചെന്നു ഇഷ്ടദേവതയെ ഉദ്ദേശിച്ചു ഏകാന്തമായി ധ്യാനജപങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതു സഹജമാണു്. അഭീഷ്ടമായ ഫലത്തെ തരുന്നതിനാൽ മഹാതീർത്ഥം—കാമപൂരകതീർത്ഥം. രാധ പ്രസന്നയായിത്തീർന്നാൽ കാമസിദ്ധികൾ കൃഷ്ണനു ഉണ്ടാവുമല്ലോ.

## അഷ്ടപദി ൧൧.

ഗുർജ്ജരീരാഗേണ ഗീയതേ ഏകതാലീതാലേന വാദ്യതേ.

൧. രതിസുഖസാരേ ഗതമഭിസാരേ മദനമനോഹരവേഷം
ന കുരു നിതംബിനി! ഗമനവിലംബനമനുസര തം
[ഹൃദയേശമ്

ധീരസമീരേ യമുനാതീരേ വസതി വനേ വനമാലീ
ഗോപീപീനപയോധരമർദ്ദനചഞ്ചലകരയുഗശാലീ.

൨. നാമസമേതം കൃതസങ്കേതം വാദയതേ മൃദുവേണും
ബഹുമനുതേ നനു തേ തനുസംഗതപവനചലിതമപി
[രേണുമ് (ധീര...)

൩. പതതി പതത്രേ വിചലതി പത്രേ ശങ്കിതഭവദുപയാനം
രചയതി ശയനം സചകിതനയനം പശ്യതി തവ
പന്ഥാനമ് (ധീര...)

൪. മുഖരമധീരം ത്യജ മഞ്ജീരം രിപുമിവ കേലിസുലോലം
ചല സഖി! കുഞ്ജം സതിമിരപുഞ്ജം ശീലയ നീല-
നിചോലം (ധീര...)

൫. ഉരസി മുരാരേരുപഹിതഹാരേ ഘന ഇവ തരളബലാകേ

തഡിദിവ പീതേ രതിവിപരീതേ രാജസി സുകൃതവി-
[പാകേ(ധീര...)

൬. വിഗലിതവസനം പരിഹൃതരസനം ഘടയ ജഘനമപി-
[ധാനം
കിസലയശയനേ പങ്കജനയനേ നിധിമിവ ഹർഷ-
നിദാനമ്(ധീര...)

൭. ഹരിരഭിമാനീ രജനിരിദാനീമിയമപി യാതി വിരാമം
കുരു മമ വചനം സത്വരരചനം പൂരയ മധുരിപുകാ-
മമ്(ധീര...)

൮. ശ്രീജയദേവകൃതഹരിസേവേ ഭണതി പരമരമണീയം
പ്രമുദിതഹൃദയം ഹരിമതിസദയം നമത സുകൃതകമ-
നീയമ്(ധീര...)

## ഭാഷ

## പതിനൊന്നാം അഷ്ടപദി.

കേദാരഗൗഡം-ഏകതാളം.

൧. യമുനാതീരനികുഞ്ജകുടീരേ മരുവീടുന്ന മുകുന്ദൻ
അമുനാ നിൻെറ വിശേഷമശേഷം ശ്രുതമായി മമ വാചാ
ഹേ സഖി! രാധേ! ശൃണു മേ വാചം ഹാ സഹിയാതവ-
[സാദം ഹരി
വിരഹോദിതവേദന വേണ്ടാ പരിഹരിച്ചീടുവൻ ഖേദമ്

൨. കേണുവസിക്കും നിന്നെക്കേശവവേണു വിളിച്ചീടുന്നു
കാണണമെങ്കിൽ പോരിക കമലാകാമുകനെ
[ക്കാട്ടീടാം(ഹേ സഖി...)

൩. പക്ഷിപറക്കുമ്പോളും പവനൻ വൃക്ഷമിളക്കുമ്പോളും
ശിക്ഷവരുത്തീടുന്നു ശയനം ഹരി തവ വരവോൎക്കുന്നു
(ഹേ സഖി...)

൪. കല്ലകചിലന്വുപ്പവന്വും ഗമനേ കളിനേരത്തു കലന്വും
കലയ കറുത്ത നിചോളം വക്ഷസി കരുണാനിധിയെ
[ഗമിപ്പാൻ (ഹേ സഖി...)

൫. കരുതിയ കനകനിറത്തൊടുകൂടെ നീ മരതകവൎണ്ണന്റെ
[മാറിൽ
പരിചൊടു മിന്നൽപിണരിവ മേഘേ പരമേ മിന്നുക
[പോക (ഹേ സഖി...)

൬. പടമാക്ഷേപിച്ചിട്ടവരന്റെ കടിതടിയിങ്കൽ കാമം
ഘടയത്തു ഘനജഘനം ഭവതീരതിപടുതയൊലപാനെള്ള
[താമോ (ഹേ സഖി...)

൭. രാമാനുജനഭിമാനീ രാത്രി വിരാമത്തെ പ്രാപിക്കും
കാമിനി നീ പൊന്നാൎത്തിഹരന്റെ കാമം പൂരയ
[തൂൎണ്ണം (ഹേ സഖി...)

൮. ശ്രീജയദേവന്റെ കൃതിയുടെ ഭംഷയെ ഗാനംചെയ്തു
[കൊണ്ടാരും
ശ്രീജാനിയെ നമിച്ചഭിനയിച്ചാടുക പാപമശേഷം
[തീരും (ഹേ സഖി...)

പതിനൊന്നാമത്തെ പ്രബന്ധം ആരംഭിക്കുന്നു. മൂന്നും നാലും വരികൾ 'ധ്രുവപദം' ആയതിനാൽ എല്ലാപദങ്ങളോടും ചേൎത്തുകൊള്ളണം.

ഒന്നാംപദം—

ഗോപീപീനപയോധരമർദനചഞ്ചലകരയുഗശാലീ—ഗോപികളുടെ ഗോപസ്ത്രീകളുടെ പീനമായ തടിച്ച പയോധരങ്ങളുടെ മുലകളുടെ മർദനത്താൽ ചഞ്ചലമായ കരയുഗത്താൽ രണ്ടുകൈകളാൽ ശാലീയും
[ശോഭിക്കുന്നവനും

വനമാലീ—വനമാലയണിഞ്ഞവനും ആയ കൃഷ്ണൻ
ധീരസമീരേ—ധീരമായ മന്ദമായ സമീരനോടു കാറ്റോടുകൂടിയ
യമുനാതീരേ—യമുനാനദിയുടെ തീരത്തിൽ കരയിൽഉള്ള
വനേ, വസതി—വനത്തിൽ വസിക്കുന്നു.

നിതംബിനി—അല്ലയോ പ്രശസ്തമായ നിതംബത്തോട്ട പൃഷ്ഠഭാഗ
[ത്തോട്ടക്കൂടിയവളേ! (രാധേ)

രതിസുഖസാരേ—രതിസുഖത്താൽ സുരതക്രീഡാരസത്താൽ സാര
[ത്തോട്ട ഉത്കൃഷ്ടഫലത്തോട്ട കൂടിയ (രതിസൗഖ്യപ്രധാന
[മായ)

അഭിസാരേ—സങ്കേതസ്ഥലത്തിൽ

ഗതം—വന്നിരിക്കുന്നവനും

മദനമനോഹരവേഷം—മദനൻെറ കാമൻെറ എന്നപോലെ
[മനോഹരമായ ചിത്താകർഷകമായ വേഷത്തോട്ടക്കൂടിയവനും ആയ
തം, ഹൃദയേശം—ആ പ്രാണവല്ലഭനേ

അനുസര—പ്രാപിച്ചാലും.

ഗമനവിലംബനം—ഗമനത്തിൽ വിലംബനത്തെ താമസത്തെ
[കാലാതിക്രമത്തെ)

ന, കുരു—ചെയ്യരുത്.

അല്ലയോ പ്രശസ്തമായ നിതംബമുള്ള രാധേ! ഗോപികളുടെ തടിച്ച മുലകളെ മർദിക്കുന്നതിന്നായി ഇളകുന്ന കൈകളോട്ടക്കൂടിയ കൃഷ്ണൻ മന്ദമായി കാററുവീശിക്കൊണ്ടിരിക്കുന്ന യമുനാതീരത്തുള്ള വനത്തിൽ നിന്നെ കാത്തിരിക്കുന്നു. രതിസൗഖ്യത്തെ നൽകുന്ന സങ്കേതസ്ഥാനത്തിൽ കാമദേവനെപ്പോലെ സുന്ദരനായി വന്നിരിക്കുന്ന നിൻെറ പ്രാണനാഥനെ നീ ഉടൻ പ്രാപിച്ചാലും. കാലതാമസം വേണ്ട.

വലിയ പൃഷ്ഠഭാഗത്തോട്ടക്കൂടിയവളായതിനാൽ എളുപ്പം പോകാൻ രാധ പ്രാപ്തയല്ലെങ്കിലും അവളെ സഖി ത്വരിപ്പിക്കുന്നു. കൃഷ്ണൻെറ കൈകൾ ഗോപികളുടെ പീനസ്തനങ്ങളെ മർദ്ദിക്കുന്നതിൽ ചാപല്യമുള്ളവ എന്നർത്ഥം. വനം—വേതസവനം. വായു മന്ദവും, വനത്തിൽ വീശുന്നതിനാൽ സുഗന്ധിയും, യമുനാതീരത്തിൽ വീശുന്നതിനാൽ തണുത്തതും ആകുന്നു. അഭിസാരം—ആരും അറിയാതെ ചെന്നു പ്രാപിക്കാനുള്ള വിജനസ്ഥാനമായ സങ്കേതപ്രദേശം.

രണ്ടാംപദം—

(രാധേ—അല്ലയോ രാധേ!

(സഃ—അവൻ (കൃഷ്ണൻ)).

നാമസമേതം—നിൻെറ നാമത്തോട്ട പേരോട്ട സമേതവും കൂടി
[യതും

കൃതസങ്കേതം—കൃതമായ ചെയ്യപ്പെട്ട സങ്കേതത്തോട്ടക്കൂടിയതും
[ആയ

വേണും—വേണുവാദ്യത്തെ
മൃദു—മൃദുവാകുംവണ്ണം (ലളിതമായി)
വാദയതേ—വായിക്കുന്നു. (മാത്രമല്ല)
തേ—നിന്റെ
തനുസംഗതപവനചലിതം—തനുവിങ്കൽ ശരീരത്തിൽ സംഗത
[നായ സംബന്ധനായ പവനനാൽ വായുവിനാൽ ചലിതമായ
[ഇളക്കിക്കൊണ്ടുവരപ്പെട്ട

രേണും, അപി—ധൂളിയെപ്പോലും
ബഹു, മനുതേ, നനു—ബഹുമാനിക്കുന്നുവല്ലോ.

അല്ലയോ രാധേ! കൃഷ്ണൻ ഭംഗിയായി വേണുഗാനംചെയ്യുന്നു. അതിൽ നിന്റെ നാമാക്ഷരങ്ങളും സങ്കേതസ്ഥാനവും അടങ്ങിയ സ്വരങ്ങൾ ആവിർഭവിക്കുന്നു. മാത്രമല്ല; നിന്റെ ശരീരത്തിൽതട്ടിവരുന്ന കാററിലെ ധൂളിയെപ്പോലും കൃഷ്ണൻ ബഹുമാനിക്കുന്നു.

'ഹേ രാധേ! പ്രാണേശ്വരി!' എന്നിങ്ങനെയുള്ള സ്വരങ്ങൾ വേണുഗാനത്തിൽനിന്നു ഉണ്ടാകുന്നു എന്നർത്ഥം. കൃതസങ്കേതം—'ഞാൻ വേണുഗാനംചെയ്തുകൊണ്ടിരിക്കുന്നതിനെ ലക്ഷ്യമാക്കി നീ രാധയേ വിളിച്ചുകൊണ്ടുവന്നാലും' എന്നിങ്ങനെ ചെയ്യപ്പെട്ട സങ്കേതം. 'ഞാൻ ഈ നികുഞ്ജത്തിൽതന്നെ ഇരിക്കുന്നു. രാധേ! നീ വേഗംവന്നാലും'. എന്നിങ്ങനെ അർത്ഥമുള്ള പദത്തെ വേണുവിങ്കൽ കൃഷ്ണൻ ഗാനംചെയ്യുന്നു എന്നർത്ഥം. ബഹു, മനുതേ—'ഈ ധൂളി ധന്യയാകുന്നു. യാതൊന്നു രാധയുടെ അംഗസംഗിയായ വായുവിനാൽ സ്പർശിക്കപ്പെട്ടുവോ. ഞാനും ധന്യയാകുന്നു. യാതൊരു ഞാൻ ആ ധൂളികൊണ്ടു സ്പർശിക്കപ്പെട്ടുവോ' എന്നിവ്വണ്ണം ബഹുമാനിക്കുന്നു.

മൂന്നാംപദം—

(രാധേ!—അല്ലയോ രാധേ!
സഃ—അവൻ)
പതത്ര—പതത്രം പക്ഷികളുടെ ചിറക്
പതതി, (സതി)—വീഴുമ്പൊഴും
പത്രേ, വിചലതി, (സതി)—ഇല ഇളകുമ്പോഴും
ശങ്കിതഭവദുപയാനം—ശങ്കിതമായ സംശയിക്കപ്പെട്ട നിന്റെ
[വരവോടുകൂടി (നിന്റെ വരവിനെ ശങ്കിച്ചു)
ശയനം—ശയനത്തെ കിടക്കയെ
രചയതി—തയ്യാറാക്കുന്നു.

സചകിതനയനം — ചകിതമായ പരവശമായ നയനങ്ങളോടു [കൂടിയവനായി
തവ, പന്ഥാനം — നിന്റെ, മാർഗത്തെ (വരവിനെ)
പശ്യതി — നോക്കുന്നു.

അല്ലയോ രാധേ! കൃഷ്ണൻ വൃക്ഷങ്ങളുടെ ഇല ഇളകുമ്പൊഴും പക്ഷികളുടെ ചിറകുപതിക്കുമ്പൊഴും (ചലിക്കുമ്പൊഴും) നീ വരുന്നതായി ശങ്കിച്ചു കിടക്കയെ തയ്യാറാക്കുന്നു. അതുപോലെ നീ വരുന്ന വഴിയ്ക്കു തന്നെ പരവശനായി നോക്കിക്കൊണ്ടിരിക്കുന്നു.

നാലാംപദം—
സഖീ — അല്ലയോ സഖിയായ രാധേ!
കേലിസുലോലം — കേളിയിങ്കൽ ക്രീഡയിങ്കൽ സുലോലവും [ചഞ്ചലവും
അധീരം, മുഖരം — അധികം ശബ്ദിക്കുന്നതും
രിപും, ഇവ — ശത്രുവിനെപ്പോലെ ഉള്ളതും ആയ
മഞ്ജീരം — കാൽചിലമ്പിനെ
ത്യജ — ത്യജിച്ചാലും അഴിച്ചുമാററിയാലും.
സുതിമിർപുഞ്ജം — തിമിരപുഞ്ജത്തോടു അന്ധകാരസമൂഹത്തോടു [കൂടിയ
കുഞ്ജം, ചല — ലതാഗൃഹത്തേയ്ക്കു, യാത്രയായാലും.
നീലനിചോളം — നീലനിറമായ നിചോളത്തെ മൂടുപടത്തെ
ശീലയ — (ധരിക്കുവാൻ) പരിചയിച്ചാലും.

അല്ലയോ പ്രിയസഖി! നീ അഭിസാരിണിയായി കൃഷ്ണനെ പ്രാപിക്കാൻ ചെല്ലുമ്പോൾ വളരെ ശബ്ദമുണ്ടാക്കുന്ന — അഭിസരണത്തിങ്കൽ ശത്രുവെപ്പോലെ ഇരിക്കുന്ന — ഈ കാൽച്ചിലമ്പു വേണ്ട. അതിനെ അഴിച്ചുമാററിയാലും. അന്ധകാരമയമായ ആ ലതാഗൃഹത്തിലേയ്ക്കു നീലവസ്ത്രംകൊണ്ടു ശരീരത്തെമറച്ചുകൊണ്ടു നീയാത്രയായാലും.

അഭിസാരിണി — ആരും അറിയാതെ നായകനെ പ്രാപിക്കാൻ രഹസ്യമായി പോകുന്നവൾ. അധീരം — അജ്ഞം എന്നർത്ഥം. സാധുവായ ചിലമ്പ് നീ അഭിസാരിണിയായി ചെല്ലുന്നതിനെ അറിയാതെ ശബ്ദിച്ചു ശത്രുവെന്നപോലെ തടസ്സമുണ്ടാക്കും എന്നു സാരം. അഭിസാരിണികൾ ആരും കാണാതെ ഇരിക്കുവാനായി ഇരുട്ടത്തു നീലവസ്ത്രം ധരിച്ചുപോവുക സാധാരണയാണ്.

അഞ്ചാംപദം—

പീതേ—അല്ലയോ ഗൗരാംഗി!

സുകൃതവിപാകേ—സുകൃതത്തിൻെറ പുണ്യത്തിൻെറ വിപാകവും [പരിണാമവും

ഉപഹിതഹാരേ—ഉപഹിതമായ അർപ്പിക്കപ്പെട്ട ഹാരത്തോടുകൂ [ടിയതും

രതിവിപരീതേ—രതിയിങ്കൽ സുരതക്രീഡയിങ്കൽ വിപരീതമായു [ള്ളതും (പുരുഷായിതത്തിലുള്ളതും) ആയ

മുരാരേഃ, ഉരസി—കൃഷ്ണൻെറ മാറിടത്തിൽ

തരലബലാകേ—തരലങ്ങളായ പറന്നുകൊണ്ടിരിക്കുന്ന ബലാ [കകളോടു വെള്ളിപ്പക്ഷികളോടു കൂടിയ

ഘനേ—മേഘത്തിൽ

തഡിത്, ഇവ, ത്വം—മിന്നൽപോലെ നീ

രാജസി—ശോഭിക്കുന്നു (ശോഭിക്കും).

അല്ലയോ ഗൗരാംഗിയായ രാധേ! നിൻെറ പുണ്യപരിണാമവും മുത്തുമാലയണിഞ്ഞതായി വിപരീതരതത്തിങ്കൽ ശോഭിക്കുന്നതും ആയ കൃഷ്ണൻെറ തിരുമാറിടത്തിൽ, ബലാകാപക്ഷികൾ പറക്കുന്ന മേഘത്തിൽ മിന്നൽ എന്നപോലെ നീ ശോഭിക്കും.

ചഞ്ചലമായ മുത്തുമാലയെ വെള്ളിപ്പക്ഷികൾ സഞ്ചരിക്കുന്നതിനോടു ഉപമിച്ചിരിക്കുന്നു. പീതമായ വിദ്യുത്ത് രാധയ്ക്കു ഉപമാനമായിരിക്കുന്നതിനാൽ മേഘം സജലമാണെന്നു കിട്ടുന്നു. കൃഷ്ണൻെറ തിരുമാറിടം നീലമേഘശ്യാമളമാണല്ലോ. രാധയുടെ ഹാരം പുരുഷായിതത്തിങ്കൽ കൃഷ്ണൻെറ തിരുമാറിടത്തിൽ ചഞ്ചലമായി ശോഭിക്കുന്നു: മിന്നൽ മേഘത്തിൻെറ മുകളിൽ ശോഭിക്കും. വെള്ളിപ്പക്ഷികൾ മേഘത്തിൻെറ താഴെയാണു പറക്കുക. ആയതുകൊണ്ടു ഉപമാനം യോജിക്കുന്നില്ലെന്നു ശങ്കിക്കരുതു. മേഘത്തിനു മീതെ വെള്ളിപ്പക്ഷികൾ പറക്കുകയും അതിനു മീതെ മിന്നൽ ഉണ്ടാവുകയും ചെയ്താൽ എങ്ങനെയോ അതുപോലെ നീ ശോഭിക്കും എന്നിങ്ങനെ അത്ഭുതോപമയാകുന്നു. തരളബലാകേ—അല്ലയോ ചപലയായ കാമുകി എന്നുമർത്ഥം. സുന്ദരനായ കൃഷ്ണനെ കണ്ടു ഉടൻ തന്നെ നീ കാമുകിയായിത്തീർന്നു പുരുഷായിതം ആചരിച്ചു തുടങ്ങും എന്നുമർത്ഥം.

ആറാംപദം—

പങ്കജനയനേ—അല്ലയോ പങ്കജാക്ഷിയായ രാധേ!

കിസലയശയനേ—കിസലയങ്ങളാൽ പുത്തൻ തളിരുകളാൽ
[ഉണ്ടാക്കപ്പെട്ട ശയനത്തിൽ കിടക്കയിൽ

വിഗളിതവസനം—വിഗളിതമായ അഴിഞ്ഞുപോയ വസനത്തോടു
[വസ്ത്രത്തോടു കൂടിയതും

അപിധാനം—ആവരണമില്ലാതെ നഗ്നമായിരിക്കുന്നതും

പരിഹൃതരസനം—പരിഹൃതമായ മാററപ്പെട്ട രസനയോടു
[മേഖലയോടു കൂടിയതും

നിധിം, ഇവ—നിധിയെന്നപോലെ

ഹർഷനിദാനം—ഹർഷത്തിനു സന്തോഷത്തിനു നിദാനവും
[കാരണവും ആയ

ജഘനം—ജഘനത്തെ നിതംബപ്രദേശത്തെ (പൃഷ്ഠഭാഗത്തെ)

ഘടയ—കയററിവച്ചാലും.

അല്ലയോ പങ്കജനേത്രയായ രാധേ! വസ്ത്രം അഴിഞ്ഞും അരഞ്ഞാൺ ഇല്ലാതെയും മറവില്ലാതെ നഗ്നമായി നിധിയെന്നപോലെ സന്തോഷജനകമായ നിൻെറ നിതംബത്തെ തളിരുമെത്തയിൽ കയററി വച്ചാലും.

സുന്ദരനായ കൃഷ്ണനെ കണ്ട ഉടൻ രാധ ഉടുത്തിരിക്കുന്ന വസ്ത്രം തന്നെത്താൻ അഴിഞ്ഞുപോയി എന്നർത്ഥം. കൃഷ്ണൻ തയാറാക്കിയ തളിരുമെത്ത. നിധികിട്ടിയവനു സന്തോഷം ഉണ്ടാകുന്നതുപോലെ നിൻെറ ജഘനത്തെ കാണുന്ന കൃഷ്ണനു, സന്തോഷമുണ്ടാവും എന്നർത്ഥം.

ഏഴാംപദം—

രാധ, ഹരിഃ—അല്ലയോ രാധേ! കൃഷ്ണൻ

ഇദാനീം—ഇപ്പോൾ

അഭിമാനീ—അഭിമാനമുള്ളവനായി നിങ്കൽ മനസ്വിയായി (ഇരി
[ക്കുന്നു)

ഇയം—ഈ

രജനിഃ, അപി, വിരാമം—രാത്രിയും അവസാനത്തെ

യാതി, മമ—പ്രാപിക്കുന്നു. എൻെറ

വചനം, സത്വരരചനം—വാക്കിനെ ശീഘ്രസാധ്യമാംവണ്ണം

കുരു—ചെയ്താലും.

മധുരിപുകാമം— മധുരിപുവായ കൃഷ്ണന്റെ കാമത്തെ ആഗ്ര
[ഹത്തെ

പൂരയ—പൂരിപ്പിച്ചാലും.

അല്ലയോ രാധേ! കൃഷ്ണൻ നിങ്കൽ വളരെ താത്പര്യത്തോടു കൂടിയിരിക്കുന്നു. രാത്രിയും ഇതാ അവസാനിക്കാറായിരിക്കുന്നു. അയതുകൊണ്ടു നീ ഞാൻ പറഞ്ഞതുപോലെ വേഗം ചെന്നു കൃഷ്ണന്റെ ആഗ്രഹം സാധിച്ചാലും.

എട്ടാംപദം—

(ഭക്താഃ—അല്ലയോ ഭക്തജനങ്ങളെ)

കൃതഹരിസേവേ—കൃതമായ ചെയ്യപ്പെട്ട ഹരിയിങ്കൽ കൃഷ്ണ
[ങ്കൽ സേവയോടു ഉപാസനയോടുകൂടിയ

ശ്രീജയദേവേ—ശ്രീജയദേവകവി

പരമരമണീയം—വളരെ മനോഹരമാകുംവണ്ണം

ഭണതി—കീർത്തനം ചെയ്യുമ്പോൾ

പ്രമുദിതഹൃദയം—സന്തുഷ്ടചിത്തനും

അതിസദയം—വളരെ കരുണയുള്ളവനും

സുകൃതകമനീയം—സുകൃതംകൊണ്ടു പുണ്യംകൊണ്ടു കമനീ
[യനും ആഗ്രഹിക്കത്തക്കവനും ആയ

ഹരിം, നമത—ഹരിയെ നമസ്കരിക്കുവിൻ.

അല്ലയോ ഭക്തജനങ്ങളെ! ശ്രീജയദേവകവി മനോഹരമാകുംവണ്ണം ഗാനം ചെയ്യുമ്പോൾ അതുകൊണ്ടു സന്തുഷ്ടനും വളരെ കരുണയുള്ളവനും പുണ്യവാന്മാർക്കു പ്രാപ്യനും ആയ ഹരിയെ നിങ്ങൾ നമസ്കരിച്ചാലും.

(ശ്ലോകം)

വികിരതി മുഹുഃ ശ്വാസാനാശാഃ പുരോ മുഹുരീക്ഷതേ
പ്രവിശതി മുഹുഃ കുഞ്ജം ഗുഞ്ജന്മുഹുർ ബഹു താമ്യതി
രചയതി മുഹുഃ ശയ്യാം പര്യാകുലം മുഹുരീക്ഷതേ
മദനകദനക്ലാന്തഃ കാന്തേ! പ്രിയസ്തവ വർത്തതേ ൩

കാന്തേ—അല്ലയോ കമനീയയായ രാധേ!

തവ, പ്രിയഃ—നിന്റെ പ്രിയൻ (നായകൻ)

മദനകദനക്ലാന്തഃ—മദനനാൽ കാമനാൽ ഉണ്ടായ കദന [ത്താൽ ദുഃഖത്താൽ ക്ലാന്തനായി ദീനനായി

വർത്തതേ, മുഹുഃ—ഇരിക്കുന്നു. കൂടക്കൂടെ

ശ്വാസാൻ—സന്താപംകൊണ്ടുള്ള ദീർഘനിഃശ്വാസങ്ങളെ

വികിരതി, മുഹുഃ—വിടുന്നു. വീണ്ടും വീണ്ടും

പുരഃ, ആശാഃ—മുമ്പിലുള്ള പ്രദേശങ്ങളെ ദിക്കുകളെ

ഈക്ഷതേ, മുഹുഃ—നോക്കുന്നു. കൂടക്കൂടെ

കുഞ്ജം, പ്രവിശതി—ലതാഗൃഹത്തെ പ്രവേശിക്കുന്നു.

ഗുഞ്ജൻ, ബഹു—അവ്യക്തമായി പുലമ്പിക്കൊണ്ടു വളരെ

താമ്യതി, മുഹുഃ—സന്തപിക്കുന്നു. കൂടക്കൂടെ

ശയ്യാം, രചയതി—കിടക്കയെ തയ്യാറാക്കുന്നു.

മുഹുഃ—വീണ്ടും വീണ്ടും

പര്യാകുലം, ഈക്ഷതേ—പാരവശ്യത്തോടുകൂടി നോക്കുന്നു.

അല്ലയോ സുന്ദരിയായ രാധേ! നിന്റെ കാന്തനായ കൃഷ്ണൻ കാമപാരവശ്യത്താൽ ദീനനായിരിക്കുന്നു. വീണ്ടും വീണ്ടും ഉഷ്ണമായി നെടുവീർപ്പിടുന്നു. കൂടക്കൂടെ മുൻവശത്തു നോക്കുന്നു. കൂടക്കൂടെ വള്ളിക്കുടിലിൽ പ്രവേശിക്കുന്നു. പതുക്കെ എന്തൊക്കെയോ പുലമ്പുകയും തളരുകയും ചെയ്യുന്നു. വീണ്ടും വീണ്ടും കിടക്ക തയാറാക്കുന്നു. പിന്നെയും പിന്നെയും പരവശനായി നോക്കുന്നു.

രാധ വന്നില്ലല്ലോ എന്നു വിചാരിച്ചു നെടുവീർപ്പിടുന്നു. വരുന്നുവോ എന്നു മുൻവശത്തുനോക്കുന്നു. വ്യാകുലനായതിനാൽ ഏതുവഴിയിൽ കൂടിവരും എന്നു വിചാരിച്ചു എല്ലാദിക്കുകളേയും ഒരേകാലത്തിൽ എന്നപോലെ നോക്കുന്നു എന്നർത്ഥം. താനറിയാതെ വള്ളിക്കുടിലിൽ വന്നിരിക്കുമെന്നു വിചാരിച്ചു കൂടക്കൂടെ വള്ളിക്കുലിടിൽ പ്രവേശിക്കുന്നു. 'വരാത്തതിന്റെ കാരണമെന്തു്? പേടിച്ചായിരിക്കുമോ? അല്ല, വഴിയിൽ ആരെങ്കിലും തടുത്തിരിക്കുമോ' എന്നിങ്ങനെയെല്ലാം രാധ വരാത്തതിന്റെ കാരണങ്ങളെ അവ്യക്തമാകുംവണ്ണം പുലമ്പിക്കൊണ്ടിരിക്കുന്നു. വൃഥാശങ്കകൾ വേണ്ട, തീർച്ചയായും വന്നേയ്ക്കുംഎന്നു വിചാരിച്ചു കിടക്ക തയാറാക്കുന്നു. പിന്നെയും വന്നു കാണാത്തതിനാൽ പരവശനായി നോക്കുന്നു. 'ശ്വാസാൻ നാസാപുരഃ' എന്നും പാഠം. നാസാപുരം—നാസാഗ്രത്തെ നോക്കുന്നു എന്നാർത്ഥം. ധ്യാനിക്കുമ്പോൾ ആണല്ലോ നാസാഗ്രത്തിൽ ദൃഷ്ടിവെണ്ടതു്. നാസാഗ്രദൃഷ്ടിയായി കൃഷ്ണൻ രാധയേ ധ്യാനിക്കുന്നു എന്നു സാരം. നാസാഗ്രദൃഷ്ടിയായിധ്യാനിച്ചാൽ മന

സ്സിനു സംയമം ഉണ്ടാകും. ധ്യാനം തെററുമ്പോൾ രാധയുടെ ദർശനമില്ലാതെ കൃഷ്ണൻ കുഴങ്ങുന്നു എന്നർത്ഥം. എന്നീങ്ങനെ ഈ പദ്യത്തിൽ നായകന്റെ ഉത്കണ്ഠ തന്നെ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

(ശ്ലോകം)

ത്വദ്വാമ്യേന സമം സമഗ്രമധുനാ തിഗ്മാംശുരസ്തംഗതോ
ഗോവിന്ദസ്യ മനോരഥേന ച സമം പ്രാപ്തം തമഃ സാന്ദ്രതാം
കോകാനാം കരുണസ്വനേന സദൃശീ ദീർഘാ മദഭ്യർത്ഥനാ
തന്മുഗ്ദ്ധേ വിഫലം വിലംബനമസൗ രമ്യോഽഭിസാരക്ഷണഃ.

മുഗ്ദ്ധേ—അല്ലയോ സുന്ദരി!
അധുനാ, സമഗ്രം—ഇപ്പോൾ പൂർണ്ണമാകുംവണ്ണം
ത്വദ്വാമ്യേന, സമം—നിന്റെ വക്രതയോടുകൂടി
തിഗ്മാംശുഃ, അസ്തംഗതഃ—സൂര്യൻ അസ്തമിച്ചിരിക്കുന്നു.
ഗോവിന്ദസ്യ—കൃഷ്ണന്റെ
മനോരഥേന, സമം—അഭിലാഷത്തോടുകൂടി
തമഃ, ച, സാന്ദ്രതാം—ഇരുട്ടും നിബിഡതയെ
പ്രാപ്തം—പ്രാപിച്ചിരിക്കുന്നു.
മദഭ്യർത്ഥനാ—എന്റെ പ്രാർത്ഥന
കോകാനാം—ചക്രവാകപക്ഷികളുടെ
കരുണസ്വനേന—കരുണരസഗർഭമായ സ്വരത്തോടു്
സദൃശീ—തുല്യമായുള്ളതും
ദീർഘാ—നീണ്ടതും (അധികമായതും ആകുന്നു).
തത്, അസൗ—ആയതുകൊണ്ടു് ഈ
അഭിസാരക്ഷണഃ—അഭിസാരത്തിനു നായകനെ പ്രാപിപ്പാൻ [ആരും അറിയാതെ ചെല്ലുന്നതിനു യോഗ്യമായ ക്ഷണം സമയം
രമ്യഃ—രമണീയമാകുന്നു.
വിലംബനം, വിഫലം—താമസം നിഷ്ഫലമാകുന്നു.

അല്ലയോ രാധ! സൂര്യൻ ഇതാ നിന്റെ വക്രത അതായതു അഭിമാനത്തോടൊപ്പം അസ്തമിച്ചിരിക്കുന്നു. കൃഷ്ണന്റെ മനോരഥം നിങ്കൽ എന്നപോലെ അന്ധകാരവും പൂർണ്ണമായിരിക്കുന്നു. ചക്രവാകപക്ഷികളുടെ ദീനമായ വിലാപം എന്നപോലെ എന്റെ പ്രാർത്ഥന അവ

സാനമില്ലാതെ അധികമായിരിക്കുന്നു. ആയതിനാൽ ഈ സമയം കൃഷ്ണനെ പ്രാപിക്കാൻ ചെല്ലുന്നതിനു പററിയതാണ്. ഇനി താമസിക്കുന്നതു വെറുതെയാണ്. ഉടൻ പുറപ്പെട്ടാലും.

ഈ പദ്യത്തിലും സഖി രാധയെ അഭിസരണത്തിനായി പ്രേരിപ്പിക്കുന്നു. സൂര്യനും അഭിമാനവും അഭിസരണത്തിനു തടസ്സങ്ങൾ. അഭിമാനം കളഞ്ഞു സൂര്യൻ അസ്തമിച്ചിട്ടാണല്ലോ അഭിസാരികകൾ അഭിസരണം ചെയ്യുക. സൂര്യൻ അസ്തമിച്ചു ചന്ദ്രൻ ഉദിക്കുന്നതിനുമുമ്പ് ഇരുട്ടു നിബിഡമായിരിക്കും. അങ്ങനെയുള്ള സമയത്തെ കാണിച്ചതു ഉടൻ അഭിസരണം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയാണ്. വിരഹാധിക്യം നിമിത്തവും ദീനതകൊണ്ടും ചക്രവാകപക്ഷിയുടെ കരുണയോടു സാമ്യം. ചക്രവാകപക്ഷിയുടെ സ്വരം നാനാപ്രകാരം. അതുപോലെ സഖിയും കൃഷ്ണന്റെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി നാനാപ്രകാരങ്ങളായ ഉക്തികൾകൊണ്ടു രാധയെപറഞ്ഞുകേൾപ്പിച്ചു പ്രാർത്ഥിക്കുന്നവളായിരിക്കുന്നു എന്നർത്ഥം. ഇവ്വണ്ണം പ്രിയവാദിനിയായ സഖി, അനുകൂലമായ നിബിഡാന്ധകാരം, നീലനിചോളാദി സാധനം, താല്പര്യമുള്ള നായകൻ—ഇതെല്ലാം അഭിസരണയോഗ്യതയ്ക്കു സാധകങ്ങളായിരിക്കുന്നു. 'തദ്ബാഷ്പേന സമം'—എന്നും പാഠം. നിന്റെ നേത്രജലത്തോടുകൂടി എന്നർത്ഥം. ദുഃഖമെല്ലാം തീൎന്നു. ഇനി ഉടൻ കാന്തനെ പ്രാപിക്ക എന്നുസാരം. 'തദ് വാക്യേന സമം' എന്നു പാഠം. നിന്റെ വചനത്തോടുകൂടി എന്നർത്ഥം. സഖിയോടു രാധ യാതൊരു മറുപടിയും പറയാത്തതിനാൽ വൎത്തമാനം തീൎന്നു. ഇനി ക്രിയയെ ഉള്ളു എന്നു സാരം.

(ശ്ലോകം)

ആശ്ലേഷാദനു ചുംബനാദനു നഖോല്ലേഖാദനു സ്വാന്തജ-
പ്രോദ്ബോധാദനു സംഭ്രമാദനു രതാരംഭാദനു പ്രീതയോഃ
അന്യാർത്ഥം ഗതയോർ ഭ്രമാന്മിലിതയോഃ സംഭാഷണൈർ
[ജാനതോർ
ദമ്പത്യോരിഹ കോ ന കോ ന തമസി വ്രീഡാവിമിശ്രോ
[രസഃ ൭

ഇഹ, തമസി—ഈ അന്ധകാരത്തിൽ

അന്യാർത്ഥം, ഗതയോഃ—അന്യരെ ഉദ്ദേശിച്ചു ഗമിച്ചവരും (പര
[സ്ത്രീ പരപുരുഷന്മാരായി ഗമിച്ചവരും അതായതു അന്യനായ നായ
[കനേയും അന്യയായ നായികയേയും ഉദ്ദേശിച്ചു പ്രാപിച്ചവരും)

ഭ്രമാത് — അങ്ങുമിങ്ങും കാട്ടിൽ സഞ്ചാരത്താൽ
മിലിതയോഃ — തമ്മിൽ കൂട്ടിമുട്ടിയവരും
സംഭാഷണൈഃ — വൎത്തമാനങ്ങളാൽ മാത്രം
ജാനതോഃ — തമ്മിൽ അറിയുന്നവരും
ആശ്ലേഷാത്, അനു — ആലിംഗനത്താലും പിന്നീട്
ചുംബനാത്, അനു — ചുംബനത്താലും പിന്നീട്
നഖോല്ലേഖാത്, അനു — നഖവിലേഖനത്താലും പിന്നീട്
സ്വാന്തജപ്രാദുൎബോധാത്, അനു — കാമോദ്രേകമാകുന്ന സുഖാ [നുഭവത്താലും പിന്നീട്
സംഭ്രമാത്, അനു — പരിഭ്രമത്താലും പിന്നീട്
രതാരംഭാത്, അനു — സംഭോഗാരംഭത്താലും
പ്രീതയോഃ — പരസ്പരം സന്തുഷ്ടിയെ പ്രാപിച്ചവരും ആയ
ദമ്പത്യോഃ — നായികാനായകന്മാരുടെ
വ്രീഡാവിമിശ്രഃ — വ്രീഡയോടു ലജ്ജയോടു വിമിശ്രമായ കലൎന്ന
കഃ, കഃ, രസഃ, ന, ന — ഏതേതുരസമാണ ഭവിക്കാത്തതു് (എല്ലാം [രസവും ഭവിക്കും.)

ഈ അന്ധകാരത്തിൽ വേറെ ഉദ്ദേശത്തോടുകൂടി വനത്തിൽ സഞ്ചരിക്കുമ്പോൾ നിനച്ചിരിക്കാതെ തമ്മിൽ ഒന്നിച്ചുകൂടിയവരും, സംഭാഷണം കൊണ്ടുമാത്രം തമ്മിൽ അറിയുന്നവരും, ആലിംഗനം ചുംബനം നഖവിലേഖനം കാമസുഖാനുഭവം സംഭ്രമം സംഭോഗം ഇവയാൽ സന്തുഷ്ടിയെ പ്രാപിച്ചവരും ആയ നായികാനായകന്മാരുടെ ലജ്ജയോടു കൂടിയ ആനന്ദാനുഭൂതിവിശേഷങ്ങൾ എത്ര അഭികാമ്യമായിട്ടുള്ളവയാകുന്നു.

കൃഷ്ണനെ പ്രാപിച്ചാൽ ബഹുവിധമായ കാമകൌതുകം ഉണ്ടാകുമെന്നു ഈ പദ്യത്തിൽ സഖി രാധയോടു പ്രലോഭനരൂപത്തിൽ പ്രസ്താവിക്കുന്നു. ഇവ്വണ്ണമുള്ള ആനന്ദമനുഭവിക്കാൻ രാധ ഉടൻ പുറപ്പെടണമെന്നു സഖിയുടെ അഭിപ്രായം. ഇരുട്ടു നിബിഡമായതിനാൽ തമ്മിൽ കാണാൻ വയ്യാ. വൎത്തമാനംകൊണ്ടുമാത്രം അറിയുന്നു. അല്ലെങ്കിൽ സംഭാഷണത്തിൽ സ്വരഭംഗം ഉണ്ടാകുന്നതിനാൽ തമ്മിൽ ഇംഗിതത്തെ അറിയുന്നു. അന്യാൎത്ഥം ഗതയോഃ — പരസ്ത്രീയും പരപുരുഷനും മററു കാൎയ്യമെന്ന വ്യാജത്താൽ ആണല്ലോ സംഗമത്തെ പ്രാപിക്കുന്നതു്. സല്ലാപവും ആലിംഗനവും ചുംബനവും നഖവിലേഖനവും ബാഹ്യരതങ്ങളാകുന്നു. ആലിംഗനം ചുംബനം ക്ഷതം കാമവികാരം മൈഥുനം

പ്രീതി രസഭാവന എന്നീക്രമം കാമശാസ്ത്രത്തിൽ പറയപ്പെട്ടതാകുന്നു. അന്യയായ നായികയുടെ പേരുപറഞ്ഞുള്ള നായകന്റെയും അന്യനായ നായകന്റെ പേരുപറഞ്ഞുള്ള നായികയുടെയും സല്ലാപങ്ങളാൽ 'ഇവൻ എന്റെ നായകനാണോ, ഇവൾ എന്റെ നായികയാണോ' എന്നിങ്ങനെ രതാന്തത്തിങ്കൽ അറിയുന്നവരാണെങ്കിലും രണ്ടുപേൎക്കും അപരാധം തുല്യമായതിനാൽ അവരവരുടെ ദോഷങ്ങളെ പുറത്തു കാണിക്കാതെ ലജ്ജയോടുകൂടി ശൃംഗാരമനുഭവിച്ച ദമ്പതികൾ എന്നൎത്ഥം. ഈ ഗാഢാന്ധകാരത്തിൽ ഗമനവിളംബം അനുചിതമെന്നു സാരം.

(ശ്ലോകം)

സഭയചകിതം വിന്യസ്യന്തീം ദൃശം തിമിരേ പഥി
 പ്രതിതരു മുഹുഃ സ്ഥിത്വാ മന്ദം പദാനി വിതന്വതീമ്
കഥമപി രഹഃ പ്രാപ്താമംഗൈരനംഗതരംഗിഭിഃ
 സുമുഖി സുഭഗഃ പശ്യൻ സ ത്വാമുപൈതു കൃതാൎത്ഥതാമ് ॥

സുമുഖി—അല്ലയോ ശോഭനമായ മുഖത്തോടുകൂടിയ രാധേ!
സുഭഗഃ—സൌഭാഗ്യസർവസ്വമായ
സഃ, തിമിരേ, പഥി—അവൻ (കൃഷ്ണൻ) ഇരുട്ടായ വഴിയിൽ
സഭയചകിതം—ഭയത്താൽ ചപലമാകുംവണ്ണം
ദൃശം, വിന്യസ്യന്തീം—ദൃഷ്ടിയെ അർപ്പിക്കുന്നവളും
പ്രതിതരു—ഓരോമരത്തിലും (മരച്ചുവട്ടിലും)
മുഹുഃ, സ്ഥിത്വാ—വീണ്ടും വീണ്ടും നിന്നിട്ടു
മന്ദം, പദാനി—പതുക്കെ പാദങ്ങളെ (കാലടികളെ)
വിതന്വതീം—വയ്ക്കുന്നവളും
കഥമപി—കഷ്ടപ്പെട്ടു (ഒരുവിധത്തിൽ)
അനംഗതരംഗിഭിഃ—കാമത്താൽ തരളങ്ങളായ
അംഗൈഃ—അവയവങ്ങളോടു
രഹഃ—രഹസ്യമായി (ഏകാന്തത്തിൽ)
പ്രാപ്താം—വന്നുചേൎന്നവളും ആയ
ത്വാം, പശ്യൻ—നിന്നെ കണ്ടു
കൃതാൎത്ഥതാം—സാഫല്യത്തെ
ഉപൈതു—പ്രാപിക്കട്ടെ.

അല്ലയോ സുമുഖിയായ രാധേ! ഇരുട്ടായ വഴിയിൽ ഭയംകൊണ്ടു ചപലമായി നോക്കുന്നവളും, ഓരോ മരത്തിന്റെ ചുവട്ടിലും നിന്നു

നിന്നു വീണ്ടും വീണ്ടും പതുക്കെ കാല് വച്ചു നടക്കുന്നവളും, കാമാവേശം പൂണ്ട അവയവങ്ങളോടുകൂടി ഏകാന്തമായ സങ്കേതസ്ഥലത്തിൽ വന്നുചേൎന്നവളും ആയ നിന്നെ കണ്ടിട്ടു സുഭഗനായ കൃഷ്ണൻ സാഫല്യത്തെ പ്രാപിക്കട്ടെ.

രാധയെ പ്രാപിക്കുകതന്നെ ശ്രീകൃഷ്ണനു സർവവും എന്നിങ്ങനെ ഈ പദ്യത്തിൽ സഖി രാധയോടു പറഞ്ഞു പ്രേരിപ്പിക്കുന്നു. നിബിഡമായ ഇരുട്ടിൽ, വിശേഷിച്ചു അബലകൾക്കു, ഭയമുണ്ടാകുന്നതു സഹജമാണ്. സ്തനം നിതംബം മുതലായ അവയവങ്ങളുടെ ഗൌരവത്താൽ അലസയായി ഓരോ മരച്ചുവട്ടിലും നിന്നു നിന്നു 'ആരും കാണരുതല്ലോ' എന്നിങ്ങനെ ശങ്കയോടുകൂടി പതുക്കെ ഗമിക്കുന്നവൾ എന്നൎത്ഥം. മരച്ചുവടുവഴിൽ കൃഷ്ണനെ കാണാമെന്നുള്ള ആശകൊണ്ടു നിന്നു നോക്കി പതുക്കെ ഗമിക്കുന്നവൾ എന്നുമൎത്ഥം. പ്രാപ്താം—സഖിയുടെ പ്രാൎത്ഥനകൾ കൊണ്ടും, തന്റെ ആഗ്രഹത്താലും, നീലനിചോളാദിസാധനസമ്പത്തികൊണ്ടും, തന്റെ അഭിമാനം ത്യജിച്ചും, കൃഷ്ണങ്കൽ അനുകമ്പയാലും, രഹസ്യമായി പ്രാപിച്ചവൾ. പശ്യൻ—ഇരുട്ടിൽ കാണാൻ സാദ്ധ്യമല്ലെങ്കിലും രാധ വന്നിരിക്കുന്നതിനെ അറിഞ്ഞിട്ടു എന്നൎത്ഥം.

(ശ്ലോകം)

രാധാമുഗ്ദ്ധമുഖാരവിന്ദമധുപസ്ത്രൈലോക്യമൌലിസ്ഥലീ-
നേപഥ്യോചിതനീലരത്നമവനീഭാരാവതാരാന്തകഃ
സ്വച്ഛന്ദം വ്രജസുന്ദരീജനമനസ്തോഷപ്രദോഷോദയഃ
കംസധ്വംസനധൂമകേതുരവതു ത്വാം ദേവകീനന്ദനഃ ൧

രാധാമുഗ്ദ്ധമുഖാരവിന്ദമധുപഃ—രാധയുടെ മുഗ്ദ്ധമായ മനോഹരമായ അരവിന്ദംപോലെ താമരപോലെ ഉള്ള മുഖത്തിൽ മധുപംപോലെ വണ്ടുപോലെ ഇരിക്കുന്നവനും

ത്രൈലോക്യമൌലിസ്ഥലീനേപഥ്യോചിതനീലരത്നം—ത്രൈലോക്യമാകുന്ന മൌലിസ്ഥലിയുടെ കിരീടദേശത്തിന്റെ നേപഥ്യത്തിനു അലങ്കാരത്തിനു ഉചിതമായ യോഗ്യമായ നീലരത്നംപോലെ ശോഭിക്കുന്നവനും

അവനീഭാരാവതാരാന്തകഃ—അവനിയുടെ ഭൂമിയുടെ ഭാരത്തിനായി അവതരിച്ചിരിക്കുന്ന ശിശുപാലൻ ദന്തവക്ത്രൻ തുടങ്ങിയുള്ളവൎക്കു അന്തകനായി യമനായി ഉള്ളവനും

സ്വചരനും—യഥേഷ്ടം

വ്രജസുന്ദരീജനമനസ്തോഷപ്രദോഷോദയഃ—വ്രജസുന്ദരീജനങ്ങളുടെ ഗോപതരുണികളുടെ മനസ്തോഷത്തിനു ചിത്തസന്തോഷത്തിനു [പ്രദോഷോദയംപോലെ ഉള്ളവനും

കംസധ്വംസനധൂമകേതുഃ—കംസൻെറ വിനാശത്തിൽ ധൂമകേ [തുപോലെ വിനാശകമായ ഗ്രഹവിശേഷംപോലെ ഉള്ളവനും ആയ

ദേവകീനന്ദനഃ—ദേവകിയുടെ പുത്രനായ കൃഷ്ണൻ

ത്വാം, അവതു—നിന്നെ രക്ഷിക്കട്ടെ.

ശ്രീകൃഷ്ണൻ—രാധയുടെ സുന്ദരമായ മുഖപദ്മത്തെ ആസ്വദിക്കുന്നതിൽ വണ്ടായിരിക്കുന്ന ശ്രീകൃഷ്ണൻ—മൂന്നുലോകങ്ങളുടേയും ഉത്തമമായ മൗലിയിൽ അണിയുവാനുള്ള ഇന്ദ്രനീലരത്നം പോലെ വിളങ്ങുന്നവനായ ശ്രീകൃഷ്ണൻ—ഭൂമിഭാരത്തിനായി ജന്മമെടുത്ത ദുഷ്ടന്മാക്കു യമനായിരിക്കുന്ന ശ്രീകൃഷ്ണൻ—ഇഷ്ടംപോലെ ഗോപതരുണികളുടെ ചിത്തത്തെ സന്തോഷിക്കുമാറുള്ള പ്രദോഷാരംഭമായി വിളങ്ങുന്ന ശ്രീകൃഷ്ണൻ—കംസൻെറ നാശത്തെ സൂചിപ്പിക്കുന്ന ധൂമകേതുവായുള്ള ശ്രീകൃഷ്ണൻ നിങ്ങളെ കാത്തുകൊള്ളട്ടെ.

സർഗാവസാന പദ്യത്തിൽ കവി മംഗളമാചരിക്കുന്നു. നീലമേഘശ്യാമളനായ കൃഷ്ണനെ വണ്ടായും ഇന്ദ്രനീലരത്നമായും പ്രദോഷാരംഭമായും ധൂമകേതുവായും കല്പിച്ചിരിക്കുന്നു. കിരീടത്തിൽ നവരത്നങ്ങളുടെ കൂട്ടത്തിൽ ശോഭയ്ക്കായി ഇന്ദ്രനീലക്കല്ല് പതിയ്ക്കാറുണ്ട്. വണ്ടായി വർണിച്ചതു ഭാവിയായ സംഭോഗത്തെ ധ്വനിപ്പിക്കുന്നു. പ്രദോഷം— രാത്രിയുടെ ആരംഭം. പ്രദോഷത്തിൻെറ ഉദയം ആയാൽ ആഗ്രഹം സാധിക്കുവാൻ അനുകൂലമായ സമയം വന്നതുകൊണ്ടു കാമിനിമാക്കു സന്തോഷമുണ്ടാവും. ധൂമകേതുവിൻെറ ഉദയം വിനാശസൂചകമാണ്. അതുപോലെ കൃഷ്ണൻെറ ജനനം തന്നെ കംസൻെറ നാശസൂചകം എന്നർത്ഥം.

'അഭിസാരികാവർണ്ണന' എന്ന പതിനൊന്നാം പ്രബന്ധം സമാപ്തമായി

അഞ്ചാംസർഗം സമാപ്തം.

# സോത്കണ്ഠവൈകുണ്ഠം എന്ന ആറാംസർഗം

(ശ്ലോകം)

അഥ താം ഗന്തുമശക്താം
ചിരമനുരക്താം ലതാഗൃഹേ ദൃഷ്ട്വാ
തച്ചരിതം ഗോവിന്ദേ
മനസിജമന്ദേ സഖീ പ്രാഹ

ഭാഷ

വിരഹവിഹിതമാമാലസ്യഭ്രമ്നാ നടപ്പാൻ
വിരവൊടു വഹിയാ ഹാ രാധികയ്ക്കുപ്രകാരം
സരസസരസയാമത്തോഴി ചെന്നാശു നത്വാ
സ്മരളത കരുതീടും കൃഷ്ണനോടാബഭാഷേ

അഥ, സഖീ—അനന്തരം രാധയുടെ സഖി
ഗന്തും—(കൃഷ്ണന്റെ അടുക്കൽ) ഗമിക്കുവാൻ
അശക്താം—ശക്തിയില്ലാത്തവളായും
ചിരം—(കൃഷ്ണങ്കൽ) വളരെ
അനുരക്താം—അനുരാഗമുള്ളവളായും ഇരിക്കുന്ന
താം, ലതാഗൃഹേ—അവളെ (രാധയെ) വള്ളിക്കുടിലിൽ
ദൃഷ്ട്വാ—കണ്ടിട്ട്
മനസിജമന്ദേ—മനസിജനാൽ കാമനാൽ മന്ദനായ ദീനനായ
ഗോവിന്ദേ—കൃഷ്ണങ്കൽ
തച്ചരിതം—അവളുടെ രാധയുടെ ചരിതത്തെ വൃത്താന്തത്തെ
പ്രാഹ—പറഞ്ഞുകേൾപ്പിച്ചു.

പിന്നീടു സഖി കൃഷ്ണങ്കൽ അത്യധികം അനുരക്തയും എന്നാൽ കൃഷ്ണന്റെ അടുക്കൽ ചെല്ലാൻ അശക്തയും ആയ രാധയെ ലതാഗൃഹത്തിങ്കൽ കണ്ടിട്ട് കാമപീഡയാൽ ദീനനായ കൃഷ്ണനോടു രാധയുടെ തത്കാലസ്ഥിതിയെപ്പററി പറഞ്ഞുകേൾപ്പിച്ചു.

ഇപ്പോൾ രാധയെ സഖി ഒരു ലതാഗൃഹത്തിൽ ഇരുത്തിട്ട് ശ്രീകൃഷ്ണനോടുചെന്നു അവളുടെ വൃത്താന്തത്തെ പറയുന്നതായി ഈ പദ്യ

ത്തിൽ പ്രസ്താവിക്കുന്നു. ലതാഗൃഹേ, അനുരക്താം—എന്നിങ്ങനെ അ ന്വയിപ്പിച്ചാൽ 'ഈ ലതാഗൃഹത്തിൽവച്ചുതന്നെ ക്രീഡകൾ നടത്തണം' എന്ന അനുരാഗത്താൽ സങ്കേതസ്ഥാനമായ അതേ ലതാഗൃഹത്തിൽ സ്ഥിതിചെയ്യുന്നവൾ എന്നർത്ഥം. ദീനയായ രാധ കൃഷ്ണങ്കൽ നടന്നു ചെല്ലുവാൻ അസമർത്ഥയായിരിക്കുന്ന വിവരവും മററും സഖി കൃഷ്ണ നെ പറഞ്ഞുകേൾപ്പിക്കുന്നു. കൃഷ്ണനും ഉൽകണ്ഠാകുലനായിത്തന്നെ ഇരിക്കുന്നു. ഇതെല്ലാം ഈ ആറാംസർഗത്തിൽ പ്രതിപാദ്യമാകുന്നു.

## അഷ്ടപദി ൧൨.

ശങ്കരാഭരണരാഗേണ ഗീയതേ അടതാളേന വാദ്യതേ.

൧. പശ്യതി ദിശി ദിശി രഹസി ഭവന്തം
തദധരമധുരമധൂനി പിബന്തം.
നാഥ ഹരേ സീദതി രാധാ വാസഗൃഹേ.

൨. ത്വദഭിസരണരഭസേന വലന്തീ
പതതി പദാനി കിയന്തി ചലന്തീ (നാഥ...)

൩. വിഹിതവിശദബിസകിസലയവലയാ
ജീവതി പരമിഹ തവ രതികലയാ (നാഥ...

൪. മുഹുരവലോകിതമണ്ഡനലീലാ
മധുരിപുരഹമിതി ഭാവനശീലാ (നാഥ...)

൫. ത്വരിതമുപൈതി ന കഥമഭിസാരം
ഹരിരിതി വദതി സഖീമനുവാരം (നാഥ...)

൬. ശ്ലിഷ്യതി ചുംബതി ജലധരകല്പം
ഹരിരുപഗത ഇതി തിമിരമനല്പം (നാഥ...)

൭. ഭവതി വിലംബിനി വിഗലിതലജ്ജാ
വിലപതി രോദിതി വാസകസജ്ജാ (നാഥ...)

൮. ശ്രീജയദേവകവേരിദമുദിതം
രസികജനം തനുതാമതിമുദിതം (നാഥ...)

## പന്ത്രണ്ടാം അഷ്ടപദി.

### ശങ്കരാഭരണം—അടന്ത.

൧. ഹന്ത പരാധരപാനത്തത്പരനായ
നിന്തിരുവടിതന്നെ ദിശിദിശി കാണുന്നു
ചിന്തിക്കുന്നു രാധ ചിന്തിക്കുന്നു
സന്തതവും ത്വാമേവ വിഭോ!

൨. ആലസ്യംകൊണ്ടു സങ്കേതത്തെ പ്രാപിപ്പാൻ
ആളല്ലാഞ്ഞിട്ടവൾ വഴിയിൽ വീഴുന്നു (ചിന്തിക്കുന്നു....)

൩. കീഴ്‌ലി നീ ചെയ്ത രതികല കൊണ്ടവ-
ളാഴിവർണ്ണാ പരം ജീവിക്കുന്നു നിന്നെ (ചിന്തിക്കുന്നു....)

൪. പിന്നെയും പിന്നെയുമാഭരണങ്ങടെ
മിന്നൽ നോക്കുന്നു താൻ കൃഷ്ണനെന്നുറയ്ക്കുന്നു
(ചിന്തിക്കുന്നു...)

൫. വാരിജനേത്രൻ വരാത്തതെന്തെന്നവൾ
വാരംവാരമാളിയോടുരചെയ്യുന്നു (ചിന്തിക്കുന്നു...)

൬. ഹരിമുമ്പിൽവന്നു വെന്നിട്ടവളിരുട്ടിനെ
പരിചൊടു പുണർന്നിട്ടു ചുംബിച്ചീടുന്നു (ചിന്തിക്കുന്നു...)

൭. മോടികൂട്ടീട്ടുഭവാൻ ചെല്ലാഞ്ഞിട്ടവൾ
ആടലോടദ്ധ്വാനി നോക്കി നില്ക്കുന്നു (ചിന്തിക്കുന്നു...)

൮. ശ്രീജയദേവൻെറ കൃതിയെ നമസ്കാരം
നീ ജയ ഭാഷയ്ക്കു തുണയ്ക്കു തൊഴുന്നേൻ (ചിന്തിക്കുന്നു...)

'ധന്യവൈകുണ്ഠകുങ്കുമം' എന്ന പന്ത്രണ്ടാമത്തെ പ്രബന്ധം ആരംഭിക്കുന്നു. രാധ ഈ പ്രബന്ധത്തിൽ വാസകസജ്ജ എന്ന നായികയായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. ഉത്കണ്ഠിതയായ നായിക ദൂതിയെ (സഖിയെ കൂടക്കൂടെ) നായകനോട്ട് അയയ്ക്കുകയും, താൻ സങ്കേതസ്ഥാനത്തിൽ തയ്യാറായി ഇരിക്കുകയും ചെയ്തിട്ടും നായകൻ വന്നു സംഗമ

ത്തെ പ്രാപിക്കാതെ ഇരിക്കുന്ന നായിക വാസകസജ്ജിക ആകുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആകയാൽ ബാക്കി എല്ലാ പദങ്ങളോടും ചേൎത്തുകൊള്ളണം.

സഖി കൃഷ്ണനോട് എന്താണ് പറയുന്നത് എന്നുള്ളതിനെ പദങ്ങളിൽ പ്രതിപാദിക്കുന്നു.

ഒന്നാംപദം—

നാഥ—രാധാ, അല്ലയോ കൃഷ്ണ! രാധ

വാസഗൃഹേ—സങ്കേതസ്ഥാനമായ ഗൃഹത്തിൽ

സീദതി—ദുഃഖിച്ചിരിക്കുന്നു.

രഹസി, ദിശി, ദിശി—ഏകാന്തത്തിങ്കൽ ഓരോ ദിക്കിലും

തദധരമധുരമധൂനി—അവളുടെ അധരമാകുന്ന മധുരങ്ങളായ [മധുക്കളെ

പിബന്തം, ഭവന്തം—ആസ്വാദിക്കുന്നവനായി നിന്നെ (ത്തന്നെ)

പശ്യതി—കാണുന്നു.

അല്ലയോ കൃഷ്ണ! ഏകാന്തത്തിൽ ദീനയായി കഴിഞ്ഞുകൂടുന്ന രാധ ഓരോദിക്കിലും അവളുടെ അധരം നുകരുന്നവനായി നിന്നെത്തന്നെ കാണുന്നു.

ഉത്കണ്ഠിതയായ രാധയ്ക്കു എല്ലാദിക്കുകളും കൃഷ്ണമയങ്ങളായിത്തന്നെ ഇരിക്കുന്നു എന്നു സാരം. അവൾ ഇങ്ങനെ ദുഃഖിച്ചിരിക്കുന്നതിന്റെ കാരണം കൃഷ്ണൻ തന്നെ എന്നൎത്ഥം. കൃഷ്ണൻ തന്റെ അധരപാനം ചെയ്യുന്നതായി എപ്പൊഴും രാധ ഭാവനചെയ്തുകൊണ്ടിരിക്കുന്നു എന്നൎത്ഥം. 'ത്വദധര' എന്നും പാഠം. മററു സുന്ദരിമാരുടെ അധരം നുകരുന്നവനായി കൃഷ്ണനെ കാണുന്ന രാധ ദുഃഖിച്ചിരിക്കുന്നു എന്നുമൎത്ഥം.

രണ്ടാംപദം—

രാധ ഇങ്ങനെ ദുഃഖിക്കുന്നതു് എന്തിന്? കൃഷ്ണന്റെ അടുക്കൽ ചെന്നാൽ മതിയല്ലോ എന്നു വച്ചാൽ അതിനു സമാധാനം രണ്ടാമത്തെ പദത്തിൽ പ്രസ്താവിക്കുന്നു.

ത്വദഭിസരണരഭസേന—നിന്നെ അഭിസരണം ചെയ്യുന്നതിൽ രഹസ്യമായി വന്നുപ്രാപിക്കുന്നതിൽ ഉള്ള രഭസത്താൽ ഉത്സാഹത്താൽ

വലന്തീ—ക്ലേശിക്കുന്നവളായി

കിയന്തി, പദാനി—ചില കാലടികൾ (വച്ചു്)

ചലന്തീ—ചലിക്കുന്നവളായി

പതതി—(നടക്കാൻ അശക്തയായി) വീഴുന്നു.

രാധ നിന്നെ രഹസ്യമായി വന്നു പ്രാപിക്കാൻ ഉത്സാഹത്തോടു കൂടി ക്ലേശിച്ചു ചില കാലടികൾവച്ചു നടന്നു തുടങ്ങുന്നു. എങ്കിലും പിന്നെ നടക്കാൻ അശക്തയായി വീഴുന്നു.

കൃഷ്ണന്റെ വിരഹംകൊണ്ടു തപിച്ചിരിക്കുന്ന രാധ കൃഷ്ണങ്കൽ ചെല്ലാൻ അശക്തയായിരിക്കുന്നു എന്നത്ഥം.

മൂന്നാംപദം—

ഇങ്ങനെ അശക്തയായ രാധ എങ്ങനെ ജീവിക്കുന്നു എന്നു പ്രസ്താവിക്കുന്നു.

വിഹിതവിശദബിസകിസലയവലയാ—വിഹിതങ്ങളായ ഉണ്ടാക്കപ്പെട്ട വിശദങ്ങളായ നിർമ്മലങ്ങളായ ബിസങ്ങളാലും മൃണാളങ്ങളാലും കിസലയങ്ങളാലും തളിരുകളാലും ഉള്ള വലയങ്ങളോടു വളകളോടു [കൂടിയ

സാ, തവ—അവൾ നിന്റെ

രതികലയാ, പരം—സുരതക്രീഡയെ നിനച്ചുമാത്രം

ഇഹ, ജീവതി—ഇപ്പോൾ (ഇവിടെ) ജീവിക്കുന്നു.

അവൾ വിരഹതാപം ശമിക്കുന്നതിനായി താമരവളയങ്ങളെക്കൊണ്ടും തളിരുകളെക്കൊണ്ടും രചിക്കപ്പെട്ട വളകളെ ധരിക്കുന്നു. നിന്നോടു കാമകേളികൾ നടത്താമെന്ന ആശ ഒന്നുകൊണ്ടുമാത്രം അവൾ ജീവിച്ചിരിക്കുന്നു.

രതികല—രതിവിജ്ഞാനം അല്ലെങ്കിൽ രതിശില്പം. മുമ്പു കൃഷ്ണനോടുകൂടി നടത്തിയ ക്രീഡകളെ നിനച്ചു നിനച്ചു ജീവിക്കുന്നു എന്നത്ഥം.

നാലാംപദം—

മുഹുഃ—കൂടക്കൂടെ

അവലോകിതമണ്ഡനലീലാ—അവലോകിതമായ കാണപ്പെട്ട മണ്ഡനങ്ങളുടെ അലങ്കാരങ്ങളുടെ ലീലയോടു വിലാസത്തോടു കൂടിയ [വളായി

അഹം, മധുരിപുഃ—ഞാൻതന്നെ കൃഷ്ണൻ

ഇതി—എന്നിങ്ങനെ

ഭാവനശീലാ—ധ്യാനിക്കുന്ന സ്വഭാവമുള്ളവളായി ഇരിക്കുന്നു.

രാധ താൻ അണിഞ്ഞിരിക്കുന്ന അലങ്കാരങ്ങളുടെ ഭംഗിയെ കൂടകൂടെ നോക്കുന്നു. താൻതന്നെ കൃഷ്ണൻ എന്നിങ്ങനെ ഭാവന ചെയ്യുന്നവളായിരിക്കുന്നു.

അലങ്കാരങ്ങൾ—രാധ കൃഷ്ണനോടുകൂടി സുരതക്രീഡ ചെയ്വാൻ യോഗ്യങ്ങളായ അലങ്കാരങ്ങളെ അണിഞ്ഞു അവയുടെ ഭംഗിയെ കൂടകൂടെ കണ്ടു രസിക്കുന്നു എന്നാൎത്ഥം. കിരീടം മകരകുണ്ഡലം വനമാല മുതലായവ എന്നുമൎത്ഥം. സ്ത്രീകൾക്കു യോഗ്യങ്ങളായ അലങ്കാരങ്ങളെ കളഞ്ഞിട്ടു കൃഷ്ണന്റെ വിരഹദുഃഖത്തെ ശമിപ്പിക്കുന്നതിനായി പുരുഷായിതസുരതക്രീഡയ്ക്കു യോഗ്യങ്ങളായ അലങ്കാരങ്ങളെ ധരിച്ചു തന്നത്താൻ കൃഷ്ണനാണെന്നു ഭാവിച്ചു കഴിയുന്നു എന്നു സാരം.

അഞ്ചാംപദം—

ഹരിഃ, ത്വരിതം—കൃഷ്ണൻ ശീഘ്രമാകുംവണ്ണം

അഭിസാരം—സങ്കേതസ്ഥാനത്തെ

കഥം, ന, ഉപൈതി—എന്തുകൊണ്ടു വന്നു പ്രാപിക്കുന്നില്ല.

ഇതി, സഖീം—എന്നിങ്ങനെ സഖിയോടു

അനുവാരം, വദതി—വീണ്ടും വീണ്ടും ചോദ്യം ചെയ്യുന്നു.

കൃഷ്ണൻ എന്തുകൊണ്ടാണു വേഗത്തിൽ ഇവിടെ വന്നു എന്നെ പ്രാപിക്കാത്തതു്? എന്നിങ്ങനെ അവൾ വീണ്ടും വീണ്ടും സഖിയോടു ചോദിക്കുന്നു.

ആറാംപദം—

(സാ—അവൾ)

ഹരിഃ, ഉപഗതഃ—കൃഷ്ണൻ ആഗതനായിരിക്കുന്നു.

ഇതി, അനല്പം—എന്നു അല്പമല്ലാത്ത (അധികമായ)

ജലധരകല്പം—ജലധരത്തിനു കൃഷ്ണമേഘത്തിനു തുല്യമായ

തിമിരം—അന്ധകാരത്തെ

ശ്ലിഷ്യതി, ചുംബതി, ച—ആലിംഗനം ചെയ്യുകയും ചുംബനം [ചെയ്യുകയും ചെയ്യുന്നു.

കൃഷ്ണമേഘം പോലെയുള്ള ഇരുട്ടിനെ കാണുന്ന രാധ കൃഷ്ണൻ വന്നിരിക്കുന്നതായി ഭ്രമിച്ചു ആലിംഗനചുംബനാദികളായ ക്രീഡകൾ നടത്തുന്നു.

കൃഷ്ണൻ നീലമേഘശ്യാമളനാണല്ലോ. രാധ കൃഷ്ണന്റെ അടുക്കൽ ചെല്ലാനായി പുറപ്പെട്ടു നികുഞ്ജദ്വാരത്തിൽ ചെന്നു

അവിടെ നിബിഡമായ അന്ധകാരത്തെ കണ്ടു കൃഷ്ണൻ ആഗതനെന്നു ഭ്രമിച്ചു ആലിംഗനാദികൾ ചെയ്യുന്നു എന്നർത്ഥം.

എഴാംപദം—

ഭവതി—നീ

വിലംബിനി—വിലംബത്തെ താമസത്തെ ചെയ്യുമ്പോൾ (ചെയ്യുന്നതിനാൽ

വിഗലിതലജ്ജാ—വിഗലിതമായ പോയതായ ലജ്ജയോടുകൂടിയവളായി

വാസകസജ്ജാ—വാസകത്തിൽ സങ്കേതസ്ഥാനമായ ലതാഗൃഹത്തിൽ (നായകനെ അഭിസരണം ചെയ്യാൻ) സജ്ജയായി തയ്യാറുള്ളവളായി

വിലപതി—ദുഃഖിക്കുന്നു.

നീ വരാൻ താമസിക്കുന്നതിനാൽ സങ്കേതസ്ഥാനത്തിൽ ക്രീഡയ്ക്കു തയ്യാറായിരുന്ന അവൾ നാണംവിട്ടു ദുഃഖിച്ചു നിലവിളിക്കുന്നു.

എട്ടാംപദം—

ശ്രീജയദേവകവേഃ—ശ്രീജയദേവകവിയുടെ

ഇദം, ഉദിതം—ഈ ഉക്തിവൈചിത്ര്യം

രസികജനം—സഹൃദയന്മാരെ

അതിമുദിതം—വളരെ സന്തുഷ്ടന്മാരാക്കി

തനുതാം—ചെയ്യട്ടെ.

ശ്രീജയദേവകവിയുടെ ഈ ഗീതപ്രബന്ധം സഹൃദയന്മാരെ രസിപ്പിക്കുന്നതായി ഭവിക്കട്ടെ.

സഹൃദയന്മാർ ശൃംഗാരരസത്തെ ആസ്വാദിക്കുന്നതോടുകൂടി ഭഗവാങ്കൽ ഭക്തിരസമുള്ളവരായും ഭവിക്കട്ടെ.

'ധന്യവൈകുണ്ഠകുങ്കുമം' എന്ന പന്ത്രണ്ടാംപ്രബന്ധം സമാപ്തമായി.

(ശ്ലോകം)

വിപുലപുളകപാലിഃ സ്ഫീതസീത്കാരമന്തർ-
ജനിതജഡിമകാകുവ്യാകുലം വ്യാഹരന്തീ
തവ കിതവ! വിധായാമന്ദകന്ദർപചിന്താം
രസജലധിനിമഗ്നാ ധ്യാനലഗ്നാ മൃഗാക്ഷീ ൨

മൃഗാക്ഷീ—മൃഗത്തിൻെറ മാൻപേടയുടെ കണ്ണുകൾ പോലെയുള്ള
[കണ്ണുകളോടുകൂടിയ (രാധ)

തവ—നിൻെറ (നിങ്കൽ)

അമന്ദകന്ദർപചിന്താം—അമന്ദമായ അതിശയിച്ചിരിക്കുന്ന കാമ
[ചിന്തയേ

വിധായ—ചെയ്തിട്ടു (ചെയ്തുകൊണ്ടു്)

ധ്യാനലഗ്നാ—ധ്യാനത്തിൽ ലയിച്ചവളായി

രസജലധിനിമഗ്നാ—ശൃംഗാരരസസമുദ്രത്തിൽ മുങ്ങിയവളായി

വിപുലപുലകപാളിഃ—വിപുലമായ വലുതായ പുലകപാംക്തിയോടു
[രോമാഞ്ചപങ്ക്തിയോടുകൂടിയവളായി

സ്ഫീതസീത്കാരം—സ്ഫീതമായ വർദ്ധിച്ച സീത്കാരശബ്ദ
[ത്തോടുകൂട

അന്തർജനിതജഡിമകാകുവ്യാകുലം—അകത്തു ജനിതമായ ഉണ്ടായ ജഡിമകാകുക്കളാൽ ജാഡ്യത്താലും സ്വരവികാരത്താലും വ്യാകുലമാം
[വണ്ണം പരവശമാംവണ്ണം

കിതവ—അല്ലയോ ധൂർത്തനായുള്ളോവേ! (എന്നിങ്ങനെ)

വ്യാഹരന്തീ—വർത്തമാനം പറയുന്നവളായി (ഇരിക്കുന്നു).

അല്ലയോ കൃഷ്ണ! സുന്ദരിയായ രാധ നിന്നെത്തന്നെ ധ്യാനിച്ചിരിക്കുന്നവളായി ശൃംഗാരസമുദ്രത്തിൽ മഗ്നയായിരിക്കുന്നു. അവളുടെ ദേഹമാസകലം രോമാഞ്ചം വർദ്ധിച്ചിരിക്കുന്നു. സീത്കാരശബ്ദത്തോടുകൂടി ജാഡ്യത്താലും സ്വരവികാരത്താലും പരവശയായി 'അല്ലയോ ശഠ' എന്നിങ്ങനെ നിന്നെപ്പററി ഓരോന്നു പറയുന്നവളായി കഴിയുന്നു.

'കിതവ' എന്നു സഖി നേരിട്ടു കൃഷ്ണനെ അഭിസംബോധനം ചെയ്യുന്നതായും അർത്ഥപ്പെടുത്താം. ദയയില്ലാത്ത ദുഷ്ട! എന്നാർത്ഥം. വ്യാഹരന്തീ—കൃഷ്ണനെ സംബന്ധിച്ചു ഓരോന്നു പുലമ്പുന്നവൾ എന്നർത്ഥം. രാധ കൃഷ്ണനെ ചിന്തിച്ചിട്ടും കൃഷ്ണൻ അവളെ പ്രാപിക്കുന്നില്ലെങ്കിൽ അവൾക്കു കൃഷ്ണൻെറ ധ്യാനം ഉചിതംതന്നെ എന്നർത്ഥം. ധ്യാനത്തിൽ അവൾ കൃഷ്ണൻെറ കരസ്പർശത്തെ ഭാവന ചെയ്തു രോമാഞ്ചം അധികമായി ഉണ്ടായിരിക്കുന്നു. കാകു—ധ്വനി വികാരം. ധ്യാനത്തിൽ കൃഷ്ണൻ നീവീമോചനാദികൾ ചെയ്യുന്നതായി ഭാവനചെയ്തു അതിനെ തടുക്കുന്ന വാക്കുകൾ പറയുന്നവൾ എന്നർത്ഥം. ധ്യാനത്തിൽ കൃഷ്ണൻ നഖക്ഷതാദികൾ തന്നതായി വിചാ

രിച്ചു സീത്കാരശബ്ദം ഉണ്ടാകുന്നു. വെള്ളത്തിൽ മുങ്ങുന്നവക്കു തണുപ്പുകൊണ്ടു ജാഡ്യവും സീത്കാരശബ്ദവും രോമാഞ്ചവും വ്യാകുലമായ വ്യാഹാരവും ഉണ്ടാകുന്നതു സ്വഭാവമാണ്. ഈ പദ്യത്തിലും രാധ കൃഷ്ണനെത്തന്നെ വിചാരിച്ചിരിക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നു.

(ശ്ലോകം)

അംഗേഷ്വാഭരണം കരോതി ബഹുശഃ പത്രേ/പി സഞ്ചാരിണി
പ്രാപ്തം ത്വാം പരിശങ്കതേ വിതനുതേ ശയ്യാം ചിരം ധ്യായതി
ഇത്യാകല്പവികല്പതല്പരചനാസങ്കല്പലീലാശതൈർ
വ്യാസക്താപി വിനാ ത്വയാ വരതനുർന്നൈഷാ നിശാം
[നേഷ്യതി ന

രാധ ധ്യാനാദികളാൽ കൃഷ്ണനോടു രമിക്കുന്നവളായിരുന്നാലും സാക്ഷാത് കൃഷ്ണനെ പ്രാപിക്കാതെ ഒരു വിധത്തിലും നിർവൃതിയെ പ്രാപിക്കുന്നില്ലെന്നു സഖി പറയുന്നതായി ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു.

അംഗേഷു—അവയവങ്ങളിൽ

ബഹുശഃ, ആഭരണം—ബഹുപ്രകാരത്തിൽ അലങ്കാരത്തെ

കരോതി, പത്രേ—ചെയ്യുന്നു (അണിയുന്നു). ഇല

സഞ്ചാരിണി, അപി—ഇളകുമ്പോൾപോലും

ത്വാം, പ്രാപ്തം, പരിശങ്കതേ—നിന്നെ, പ്രാപ്തനായി ശങ്കിക്കുന്നു.

ശയ്യാം, വിതനുതേ—കിടക്കയെ വിരിച്ചു തയ്യാറാക്കുന്നു.

ചിരം, ധ്യായതി—വളരെ നേരം ധ്യാനിക്കുന്നു

ഇതി – ഇവ്വണ്ണം

ആകല്പവികല്പതല്പരചനാസങ്കല്പലീലാശതൈഃ—ആകല്പം അലങ്കാരമണിയുക, വികല്പം ശങ്ക, തല്പരചന കിടക്ക തയ്യാറാക്കുക, [സങ്കല്പംധ്യാനം ഇവയാകുന്ന അനേകം ലീലകളാൽ

വ്യാസക്താ, അപി—വ്യാസംഗത്തോടു കൂടിയവളായിരുന്നാലും

ഏഷാ, വരതനുഃ—ഈ വരമായ ശ്രേഷ്ഠമായ തനുവോടുകൂടിയ [(സുന്ദരിയായ) രാധ

ത്വയാ, വിനാ—നിന്നെക്കൂടാതെ

നിശാം, ന, നേഷ്യതി—രാത്രിയെ കഴിച്ചുകൂട്ടുകയില്ല.

സുന്ദരിയായ രാധ പല പ്രവൃത്തികളിലും വ്യാപരിച്ചിരിക്കുന്നു,

അതായതു—വീണ്ടും വീണ്ടും അവൾ ശരീരത്തിൽ ആഭരണങ്ങൾ അണിയുന്നു. ഇല ഇളകുമ്പോൾകൂടി നീ വന്നിരിക്കുന്നതായി വിചാരിച്ചു കിടക്ക തയ്യാറാക്കുന്നു. വളരെ നേരം നിന്നെ ധ്യാനിക്കുന്നു. ഇവ്വണ്ണം അലങ്കാരം, ശങ്ക, കിടക്ക തയ്യാറാക്കുക, ധ്യാനം എന്നിങ്ങനെ വിവിധലീലകളിൽ വ്യാപൃതയായി അവൾ സമയം കഴിച്ചുകൂട്ടുന്നു. എങ്കിലും നിന്നോടുകൂടാതെ അവൾക്കു രാത്രി കഴിച്ചുകൂട്ടുക സാധ്യമല്ല.

ഉടൻ കൃഷ്ണൻ ചെന്നു രാധയെ പ്രാപിച്ചില്ലെങ്കിൽ രാധയ്ക്കു ഇന്നത്തെ രാത്രി കഴിയുകയില്ല. ആയതിനാൽ ഉടൻ പുറപ്പെടണം എന്നു ശ്ലോകതാത്പര്യം. ആഭരണങ്ങൾ കൃഷ്ണന്റെ ചിത്തത്തെ ആകർഷിക്കത്തക്ക ആഭരണങ്ങൾ. കാററിനാലും, പക്ഷികളുടെ സ്പർശത്താലും ഇളകുന്ന ഇല. അപി ശബ്ദംകൊണ്ടു തൃണാദിപരിസ്പന്ദത്തിലും അവൾ ശങ്കിക്കുന്നു എന്നു അർത്ഥം കിട്ടുന്നു. കൃഷ്ണൻ നിശ്ചയമായും വരുമെന്നു വിച്ചാരിച്ചു കിടക്ക തയാറാക്കുന്നു. പിന്നെ കൃഷ്ണനെ കാണാതെ ധ്യാനിക്കുന്നു. രാത്രികഴിയാത്ത മനോവ്യഥയുള്ളവർ കാര്യാന്തരവ്യാപൃതരായി മനസ്സിനെ വിനോദിപ്പിക്കുക പതിവാണു്.

(ശ്ലോകം)

കിം വിശ്രാമ്യസി കൃഷ്ണഭോഗിഭവനേ ഭാണ്ഡീരഭൂമീരുഹി
ഭ്രാതർ യാസി ന ദൃഷ്ടിഗോചരമിതഃ സാനന്ദനന്ദാസ്പദമ്
രാധായാ വചനം തദധ്വഗമുഖാന്നന്ദാന്തികേ ഗോപതോ
ഗോവിന്ദസ്യ ജയന്തി സായമതിഥിപ്രാശസ്ത്യഗർഭാ ഗിരഃ ॥

ഈ പദ്യത്തിൽ കവി ആശീർവാദരൂപമായി സർഗത്തെ അവസാനിപ്പിക്കുന്നു.

അധ്വഗമുഖാത്—അധ്വഗമുഖത്തിൽ നിന്നും പാന്ഥങ്കൽ നിന്നും (കേട്ടതും)

ഭ്രാതഃ—അല്ലയോ ഭ്രാതാവേ!

കൃഷ്ണഭോഗിഭവനേ—കൃഷ്ണമായ ഭോഗിക്കു സർപത്തിന്നു ഭവനമായ ഇരിപ്പിടമായ (കൃഷ്ണനാകുന്ന ഭോഗിക്കു ഭോഗത്തോടു ശൃംഗാരത്തോടു കൂടിയവന്നു വാസസ്ഥാനമായ)

ഭാണ്ഡീരഭൂമീരുഹി—വടവൃക്ഷത്തിൽ

കിം, വിശ്രാമ്യസി—നീ വിശ്രമിക്കുന്നുവോ (വിശ്രമിക്കരുതു എന്നർത്ഥം)

ഇതഃ—ഇവിടെ നിന്നും (അരയാൽ ചുവട്ടിൽനിന്നും)
ദൃഷ്ടിഗോചരം—ദൃഷ്ടിക്കു വിഷയമായ (കാണ്മാത്തക്കതായ)
സാനന്ദനന്ദാസ്പദം—ആനന്ദത്തോടുകൂടിയ നന്ദൻെറ ഗൃഹ
[ത്തിലേയ്ക്കു
(കിം), ന, യാസി—നീ പോകുന്നില്ലയോ (പോകണം എന്നാ
[ർത്ഥം.)
(ഇതി) തത്—ഇവ്വണ്ണം സങ്കേതത്തെ സൂചിപ്പിക്കുന്നതും ആയ
രാധായാഃ, വചനം—രാധയുടെ വാക്കിനെ
നന്ദാന്തികേ, ഗോപതഃ—നന്ദഗോപങ്കൽ മറയ്ക്കുന്ന
ഗോവിന്ദസ്യ, സായം—ശ്രീകൃഷ്ണൻെറ സായങ്കാലത്തിൽ
അതിഥിപ്രാശസ്ത്യഗർഭാഃ— (വന്നുചേരുന്ന) അതിഥികളുടെ
[പ്രാശസ്ത്യത്തോടുകൂടിയ സ്വാഗതവചനാഭിപ്രശംസയോടു കൂടിയ
ഗിരഃ—വാക്കുകൾ (ഭാവഗർഭങ്ങളായ ഉക്തികൾ)
ജയന്തി—സർവോത്കൃഷ്ടങ്ങളായിവത്തിക്കുന്നു.

'അല്ലയോ ഭ്രാതാവായ പഥിക! നീ കൃഷ്ണാസർപങ്ങൾക്കു ഇരിപ്പിടമായ അരയാൽ ചുവട്ടിൽ വിശ്രമിക്കുന്നതു എന്തിനു? ഇതാ നന്ദഗോപരുടെ ഗൃഹം കാണുന്നു. അവിടെ ചെന്നു ആനന്ദമായി നിനക്കു വിശ്രമിക്കാം. അങ്ങോട്ടു പോയാലും.' എന്നിങ്ങനെ രാധ പറഞ്ഞതിന്മണ്ണം നന്ദഗോപരുടെ ഗൃഹത്തിൽ ചെന്ന പഥികൻ രാധ പറഞ്ഞതിനെ നന്ദഗോപരോടു പറയുമ്പോൾ കൃഷ്ണൻ തൻെറയും രാധയുടേയും സങ്കേതസ്ഥാനസൂചകമായ അതിനെ മറയ്ക്കുവാനായി സായങ്കാലത്തിൽ വന്നു ചേന്ന ആ അഥിതിയെ സ്വാഗതം പറഞ്ഞു പ്രശംസിക്കുന്നു. അവ്വണ്ണമുള്ള കൃഷ്ണൻെറ പ്രശംസാവചനങ്ങൾ സർവോത്കൃഷ്ടങ്ങളായി വത്തിക്കുന്നു.

അരയാലിൻെറ ചുവടു രാധയോടുകൂടി ശൃംഗാരലീലകൾ നടത്തുവാനുള്ള കൃഷ്ണൻെറ സങ്കേതസ്ഥാനമായതിനാൽ അതിനെ സൂചിപ്പിക്കുന്ന രാധാവചനത്തെ നന്ദൻ മനസ്സിലാക്കരുതെന്നു കരുതി കൃഷ്ണൻ അതിഥിയെ പ്രശംസിച്ചു മറയ്ക്കുന്നു. പിതാവിൻെറ മുമ്പിൽ അങ്ങനെയുള്ള വാക്കു ലജ്ജാവഹമാണല്ലോ. പ്രശംസാരൂപമായ കൃഷ്ണൻെറ വ്യാജോക്തി ജയിക്കുന്നു എന്നുമർത്ഥം. തൻെറ സങ്കേതസ്ഥാനത്തിൽ തനിക്കു തടസ്സമായി വന്നു വിശ്രമിക്കുന്ന പാന്ഥനെ അകററുവാനായിട്ടാണു് രാധ പാന്ഥനു സുഖമായി വിശ്രമിക്കുവാൻ അടുത്തുള്ള നന്ദഗോപഗൃഹത്തെ കാണിച്ചു കൊടുക്കുന്നതു. കൃഷ്ണ

ഭോഗിഭവനേ—എന്നുള്ള വക്രോക്തി പാന്ഥനെ അവിടെ നിന്നും അകറവുന്നതിന്റെ കാരണം. കൃഷ്ണസർപ്പങ്ങളുടെ ഇരിപ്പിടമായ സ്ഥലത്തിൽ വിശ്രമിക്കാൻ ആരും ധൈര്യപ്പെടുകയില്ല. വക്രോക്തി കൊണ്ടുതന്നെ അരയാൽ ചുവട്ട രാധാകൃഷ്ണന്മാരുടെ സങ്കേതസ്ഥാനമാണെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

വാസകസജ്ജികാവർണ്ണനരൂപമായ 'ദോത്കണ്ഠവൈകുണ്ഠം' എന്ന

ആറാംസർഗം സമാപ്തം.

---

## നാഗനാരായണം എന്ന ഏഴാം സർഗ്ഗം.

(ശ്ലോകം)

അത്രാന്തരേ ച കുലടാകുലവർത്മഘാത-
സഞ്ജാതപാതക ഇവ സ്ഫുടലാഞ്ഛനശ്രീഃ
വൃന്ദാവനാന്തരമദീപയദംശുജാലൈർ
ദിക്‌സുന്ദരീവദനചന്ദനബിന്ദുരിന്ദുഃ ൧

ഈ പദ്യത്തിൽ മാനിനികളുടെ മാനഭംജകനായ പൂർണ്ണചന്ദ്രന്റെ ഉദയം വർണ്ണിക്കപ്പെടുന്നു.

അത്ര, അന്തരേ—ഈ അവസരത്തിൽ

ദിക്‌സുന്ദരീവദനചന്ദനബിന്ദുഃ—ദിക്കാകുന്ന കിഴക്കു ദിക്കാകുന്ന സുന്ദരിയുടെ സൗന്ദര്യം തികഞ്ഞ കാമിനിയുടെ വദനത്തിനു മുഖ [ത്തിനു ചന്ദനബിന്ദുവായി ചന്ദനപ്പൊട്ടായി വിളങ്ങുന്നവനും

കുലടാകുലവർത്മഘാതസംജാതപാതകഃ, ഇവ — കുലടാകുലത്തിനു വ്യഭിചാരിണികളായ സ്ത്രീകളുടെ സമൂഹത്തിന് വർത്മഘാതത്താൽ മാർഗ്ഗതടസ്സം ചെയ്യുന്നതിനാൽ സഞ്ജാതമായ ഉണ്ടായ പാത [കത്തോടു പാപത്തോടു കൂടിയവൻ എന്നപോലെ

സ്ഫുടലാഞ്ഛനശ്രീഃ—സ്ഫുടമായ സ്പഷ്ടമായ ലാഞ്ഛനത്തിന്റെ അടയാളമായ കളങ്കത്തിന്റെ ശ്രീയോടു ശോഭയോടുകൂടിയവനും [ആയ

ഇന്ദുഃ, ച—ചന്ദ്രനും

അംശുജാലൈഃ—കിരണസമൂഹങ്ങളാൽ

വൃന്ദാവനാന്തരം—വൃന്ദാവനത്തിന്റെ അന്തരത്തെ മദ്ധ്യപ്രദേ [ശത്തെ

അദീപയത്—പ്രകാശിപ്പിച്ചു.

മുൻപ്രസ്താവിച്ചതുപോലെ രാധ ഉത്കണ്ഠിതയായി ദീനയായി വാസകസജ്ജയായി ഇരിക്കുന്ന സന്ദർഭത്തിൽ, വ്യഭിചാരിണികളായ കാമിനികളുടെ സൈ്വരസഞ്ചാരത്തിനു തടസ്സമുണ്ടാക്കിയ പാതകത്താൽ എന്നപോലെ കളങ്കത്തോടു സ്പഷ്ടമായി ശോഭിക്കുന്നവനും, കിഴക്കേ ദിക്കാകുന്ന സുന്ദരിയുടെ ചന്ദനപ്പൊട്ടുപോലെ വിളങ്ങുന്നവനും,

ആയ ചന്ദ്രൻ തന്റെ കിരണസമൂഹങ്ങളാൽ വൃന്ദാവനപ്രദേശത്തെ പ്രകാശിപ്പിച്ചു.

ബിന്ദു—മണ്ഡലാകാരമായ ശ്രീഖണ്ഡതിലകം. ഈ പദ്യത്തിൽ പൂർണ്ണചന്ദ്രനാണ് വർണ്ണനയ്ക്കു വിഷയം. ഖണ്ഡചന്ദ്രങ്കൽ ചന്ദനബിന്ദുവിന്റെ സാദൃശ്യം ഒക്കുകയില്ല. മററുള്ളവർക്കു തടസ്സം ഉണ്ടാക്കുന്നവർ പാപത്താൽ കളങ്കമുള്ളവരായിത്തീരും. ചന്ദ്രൻ ഉദയപ്രകാശത്താൽ വ്യഭിചാരിണികൾക്കു സ്വൈരമായി സഞ്ചരിക്കാൻ തടസ്സമുണ്ടാക്കുന്നു. അതുകൊണ്ടുള്ള പാപത്താൽ കളങ്കത്തോടുകൂടി ശോഭിക്കുന്ന ചന്ദ്രൻ എന്നു സാരം.

'നാഗനാരായണം' എന്ന ഏഴാംസർഗം ആരംഭിക്കുന്നു. കാമപീഡിതയായ രാധയുടെ അടുക്കലേയ്ക്കു സഖി മടങ്ങിവരുന്നു. രാധ അധികം വ്യാകുലയായി അവൾ നാരായണനായ കൃഷ്ണൻ നാഗവൃത്തിയിൽ അതായത് വിടന്റെ വൃത്തിയിൽ മററു നാരിമാരോടു രമിക്കുന്നതിനെ ധ്യാനത്തിൽ കണ്ടു ദുഃഖിച്ചു വിഷമിക്കുന്നു. ഇതെല്ലാം ഈ സർഗത്തിലെ പ്രതിപാദ്യമാകുന്നു.

(ശ്ലോകം)

പ്രസരതി ശശധരബിംബേ
 വിഹിതവിലംബേ ച മാധവേ വിധുരാ
വിരചിതവിവിധവിലാപം
 സാ പരിതാപം ചകാരോച്ചൈഃ ൨

ഭാഷ

കെല്പേറുന്നൊരു രാധതാൻറ മദനോന്മാദോദയം താദൃശം
പൊൽപൂമാതുമണാളനായ ഭഗവാൻ കേട്ടിട്ടഹോ തേടിനാൻ
അപ്പോൾ ചന്ദ്രനുദിക്കകൊണ്ടുമജനം വൈകുന്നകൊണ്ടും [ക്ഷണാത്
പൊയ്പോം ജീവിതമെന്നുറച്ചു പരിദേവിച്ചു ചിരം രാധികാ

ഈ പദ്യത്തിൽ ചന്ദ്രോദയംകൊണ്ടും കൃഷ്ണൻ വരാൻ താമസിക്കുന്നതുകൊണ്ടും രാധയ്ക്കു വിരഹതാപം വർദ്ധിച്ചിരിക്കുന്നതായി പ്രസ്താവിക്കുന്നു.

ശശധരബിംബേ—ശശധരന്റെ ചന്ദ്രന്റെ ബിംബം മണ്ഡലം
പ്രസരതി—പൊങ്ങിവരുമ്പോൾ
മാധവേ, ച—കൃഷ്ണനും
വിഹിതവിളംബേ—വരാൻ താമസിക്കുമ്പോൾ
വിധുരാ—പരവശയായ (നിരാശയോടു ദുഃഖിക്കുന്ന)
സാ—അവൾ (രാധ)
വിരചിതവിവിധവിലാപം—വിരചിതമായ ചെയ്യപ്പെട്ട വിവിധ
[മായ ബഹുവിധമായ വിലാപത്തോടു പരിദേവനത്തോടുകൂടി
ഉച്ചൈഃ—അത്യധികം
പരിതാപം, ചകാര—പരിതപിച്ചു (സങ്കടപ്പെട്ടു).

ചന്ദ്രൻ ഉദിച്ചു പൊങ്ങിവരുന്നു. കൃഷ്ണൻ വന്നുമില്ല. പരവശയായ രാധ പലവിധം നിലവിളിച്ചു സങ്കടപ്പെട്ടു.

വിരഹികൾക്കു സന്താപകരനാണല്ലോ ചന്ദ്രൻ. കൃഷ്ണൻ വന്നുമില്ല. ഇതുരണ്ടും അവളെ അത്യധികം പരിതപിപ്പിച്ചു എന്നു സാരം. നിലാവുവെളിച്ചം ആയ്പ്പോയതിനാൽ ഇനി കൃഷ്ണന്റെ വരവുണ്ടാവുകയില്ലെന്നുള്ള നിരാശ. ഇവിടെ രാധ വിപ്രലബ്ധ എന്ന നായികയാകുന്നു. നായകൻ ഉടൻ വരുന്നുണ്ടെന്നു പറഞ്ഞു ദൂതിയെ ആദ്യം അയച്ചിട്ടു പിന്നീടു് ചെല്ലാതെ സങ്കടപ്പെടുന്ന അവസ്ഥയിൽ ഇരിക്കുന്ന നായികയാണു വിപ്രലബ്ധ.

## അഷ്ടപദി ൧൩.

മാലവരാഗേണ ഗീയതേ യതിതാളേന വാദ്യതേ.

൧. കഥിതസമയേപി ഹരിരഹഹ ന യയൗ വനം
മമ വിഫലമിദമമലരൂപമപി യൗവനമ്,
യാമി ഹേ കമിഹ ശരണം സഖീജനവചനവഞ്ചിതാ

൨. യദനുഗമനായ നിശി ഗഹനമപി ശീലിതം
തേന മമ ഹൃദയമിദമസമശരകീലിതമ് (യാമി...)

൩. മമ മരണമേവ വരമിതി വിതഥകേതനാ
കിമിതി വിഷഹാമി വിരഹാനലമചേതനാ (യാമി...)

൪. മാമഹഹ വിധുരയതി മധുരമധുയാമിനീ
കാപി ഹരിമനുഭവതി കൃതസുകൃതകാമിനീ (യാമി...)

൫. അഹഹ കലയാമി വലയാദിമണിഭൂഷണം
ഹരിവിരഹദഹനവഹനേന ബഹുദൂഷണം (യാമി...)

൬. കുസുമസുകുമാരതനുമതനുശരലീലയാ
സ്രഗപി ഹൃദി ഹന്തി മാമതിവിഷമശീലയാ (യാമി...)

൭. അഹമിഹ നിവസാമി നഗണിതവനവേതസാ
സ്മരതി മധുസൂദനോ മാമപി ന ചേതസാ (യാമി....)

൮ ഹരിചരണശരണജയദേവകവിഭാരതീ
വസതു ഹൃദി യുവതിരിവ കോമലകലാവതീ (യാമി....)

## ഭാഷ

### പതിമൂന്നാം അഷ്ടപദി.

ആഹരിരാഗം—ഝമ്പതാളം.

൧. കല്പിച്ച കാലേപി കാനനേ വന്നില്ല
ചിത്പുമാനഹഹ മമ വിഫലയതി യൗവനം
ആരെ ഞാൻ ശരണം ഗമിപ്പൂ
ആളി ചതിചെയ്തു

൨. കാട്ടിലുമിരുട്ടത്തു ചെന്നു രമിപ്പിച്ച മാം
കാമപിതാമംഗജനു കൊൽവാൻ കൊടുത്തു (ആരെ....)

൩. കൊല്ലാതെകൊല്ലുന്ന മാരനെന്നെക്കൊന്നാവൂ
ചൊല്ലാവതല്ല വിരഹക്ലേശകർശനം (ആരെ....)

൪. മണിമയാഭരണഗണമണികളുംബഹുദൂഷണം
മണിതം മറന്നിട്ടു മരുവുന്നു മാദൃശാം (ആരെ....)

൫. മധുരമധുരാത്രിയാംവിധുരീകരിക്കുന്നു
മധുരിപുമറെറാരുവളാലനുഭവിക്കപ്പെടുന്നു. (ആരെ....)

ന്യ മാലതീമലരമ്പലീലയാ മാറിലെ
മാലയുമായിമാംകൊല്ലുവാൻ കോപ്പിടുന്നു (ആരെ....)

൭. അസഹായയായിട്ടു ഞാനിവിടെ മരുവുന്നു
രസഹാനികൊണ്ടെന്നെ മറന്നുവോ മാധവാ (ആരെ....)

വ്യ. ജയദേവരചനയുടെ പൊരുളഖിലമിന്നെന്റെ
ഹൃദയത്തിലായാവ്യ കൃതിയെജനിപ്പിപ്പാൻ (ആരെ....)

'സ്നിഗ്ദ്ധമധുസൂദനരാസാവലയം' എന്ന പതിമൂന്നാം പ്രബന്ധം ആരംഭിക്കുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആകയാൽ എല്ലാ പദങ്ങളോടും ചേർത്തു പഠിക്കണം. രാധയുടെ ബഹുവിധമായ വിലാപത്തെ ഈ പ്രബന്ധത്തിൽ വർണ്ണിക്കുന്നു.

ഒന്നാംപദം:—

ഹേ (സഖി)—അല്ലയോ സഖി!

സഖീജനവചനവഞ്ചിതാ—സഖീജനങ്ങളുടെ തോഴികളുടെ വചനത്താൽവഞ്ചിക്കപ്പെട്ടവളായ

അഹം, ഇഹ, കം—ഞാൻ ഇവിടെ ആരെ

ശരണം, യാമി—ശരണം പ്രാപിക്കട്ടെ?

ഹരിഃ....കൃഷ്ണൻ

കഥിതസമയേ, അപി—പറഞ്ഞയച്ച സമയത്തിൽപോലും

വനം—സങ്കേതസ്ഥാനമായ വനപ്രദേശത്തിലേക്ക്

ന, യയൗ—വന്നില്ല.

അഹഹ, മമ—കഷ്ടം കഷ്ടം. എന്റെ

അമലരൂപം, അപി—അമലമായ നിർമ്മലമായ രൂപത്തോടു സൗന്ദര്യത്തോടു കൂടിയതായിരുന്നാലും

ഇദം, യൗവനം, വിഫലം—ഈ താരുണ്യംനിഷ്ഫലമത്രേ.

കൃഷ്ണൻ വനത്തിലേയ്ക്കു വരാമെന്നു പറഞ്ഞയച്ച സമയം ആയിട്ടും വന്നു കാണുന്നില്ല. നിർമ്മലമായ സൗന്ദര്യത്തോടുകൂടിയ എന്റെ ഈ താരുണ്യം നിഷ്ഫലമത്രേ. അല്ലയോ ഈശ്വര! സഖിയുടെ വാക്കു കേട്ടു വഞ്ചിതയായ ഞാൻ ഇപ്പോൾ ആരെ ശരണം പ്രാപിക്കട്ടെ.

സഖിയുടെ വാക്കു—ഞാൻ ചെന്നു കൃഷ്ണനെ കൂട്ടിക്കൊണ്ടു വരാം എന്നിപ്രകാരമുള്ള വാക്ക്. അമലരൂപം, അപി—അപിശബ്ദത്താൽ ശരീരസൗന്ദര്യം മാത്രമല്ല, അണിഞ്ഞിരിക്കുന്ന ഭൂഷണാദികളെ

കൂടി ഗ്രഹിച്ചുകൊള്ളണം. കഥിതസമയം—സങ്കേതകാലം. സഖിപോലും വഞ്ചിക്കുന്നവളായിരിക്കുമ്പോൾ ഞാൻ മററാരെയാണു വിശ്വസിക്കുക എന്നൎത്ഥം.

രണ്ടാംപദം—

നിശി—രാത്രിയിങ്കൽ

യദനുഗമനായ—യാതൊരു കൃഷ്ണനെ പിൻതുടരുവാനായി

ഗഹനം, അപി—ഗഹനമായുള്ളതുപോലും (ക്ലേശമായതുപോലും)

ശീലിതം –അഭ്യസിക്കപ്പെട്ടുവോ

തേന, മമ—അവൻ നിമിത്തം എന്റെ

ഇദം, ഹൃദയം—ഈ ഹൃദയം

അസമശരകീലിതം—അസമമായ വിഷമമായ ശരത്തോടുകൂടിയ കാമദേവനാൽ കീലിതമായി'തകൎക്കപ്പെട്ടതായി (ഇരിക്കുന്നു).

യാതൊരു കൃഷ്ണനെ പിൻതുടരുവാനായി ഇതേവരെ ചെയ്യാത്ത അഭിസരണപ്രവൃത്തിയെപ്പോലും ഞാൻ അഭ്യസിച്ചുവോ ആ കൃഷ്ണൻ നിമിത്തം എന്റെ ഹൃദയം കാമനാൽ തകൎക്കപ്പെട്ടിരിക്കുന്നു.

യദനുഗമനായ—യത് എന്നുള്ളതു് പ്രത്യേകം പദമായാൽ യാതൊരു കാരണത്താൽ എന്നൎത്ഥം. അപ്പോൾ, തേന—ആ കാരണത്താൽ എന്നുമൎത്ഥം. അല്ലെങ്കിൽ യാതൊരു സഖീവചനത്താൽ ഞാൻ ഇതെല്ലാം ശീലിച്ചുവോ ആ സഖീവചനം തന്നെ എന്നെ പീഡിപ്പിക്കുന്നു എന്നുമൎത്ഥം.

മൂന്നാംപദം—

മമ, മരണം, ഏവ—എനിക്കു് മരണം തന്നെ.

വരം, ഇതി—നല്ലതു. എന്നു

വിതഥകേതനാ—വിതഥമായ നിഷ്പ്രയോജനമായ കേതനത്തോടു വാസഗൃഹത്തോടു അല്ലെങ്കിൽ ശരീരത്തോടു കൂടിയവളായി

അചേതനാ—ചൈതന്യമില്ലാത്തവളായി

വിരഹാനലം—വിരഹാഗ്നിയെ

കിമിതി, വിഷഹാമി—ഞാൻ എന്തിനു സഹിക്കുന്നു.

ശരീരം കൊണ്ടോ ഗൃഹംകൊണ്ടോ യാതൊരു പ്രയോജനവുമില്ലാതെ കേവലം ബോധശൂന്യയായിരിക്കുന്ന ഞാൻ വിരഹാഗ്നിയെ എങ്ങനെ സഹിക്കും.

എൻെറ ദുഃഖത്തെ അറിയാൻ ആരുമില്ല. ഞാൻ വിലപിക്കുന്ന തെല്ലാം അരണ്യരോദനമായിരിക്കുന്നു. പ്രിയൻെറ വരവില്ലാത്ത വാസ ഗൃഹം എനിക്കു നിഷ്ഫലം. അതുപോലെ സംഗമം ഇല്ലാത്ത എൻെറ സുന്ദരമനോഹരമായ ശരീരവും നിഷ്ഫലം എന്നു സാരം.

നാലാംപദം—

മധുരമധുയാമിനീ—മധുരമായ മനോഹരമായ മധുയാമിനി വസ [ന്തരാത്രി

മാം—എന്നെ

വിധുരയതി—പരവശപ്പെടുത്തുന്നു.

കൃതസുകൃതകാമിനീ, കാപി—കൃതമായ ചെയ്യപ്പെട്ട സുകൃത [ത്തോടു പുണ്യത്തോടു കൂടിയ ഒരുത്തി

ഹരിം, അനുഭവതി—കൃഷ്ണനെ അനുഭവിക്കുന്നു.

അഹഹ—കഷ്ടം കഷ്ടം.

മനോഹരമായ ഈ വസന്തകാലത്തിലെ രാത്രി മന്ദഭാഗ്യയായ എന്നെ അധീരയാക്കുന്നു. പുണ്യം ചെയ്തവളായ ഏതോ ഒരു കാമിനി കൃഷ്ണനോടു രമിക്കുന്നു. കഷ്ടം കഷ്ടം.

മധു—വസന്തം കൃഷ്ണനെ പ്രാപിക്കാൻ ശ്രമിച്ച ഞാൻ നിഷ്ഫല മായി ദുഃഖിക്കുന്നു. പുണ്യം ചെയ്ത മറെറാരുത്തി കൃഷ്ണനെ പുണരുന്നു. അഹഹ—ആശ്ചര്യം ആശ്ചര്യം എന്നർത്ഥം.

അഞ്ചാംപദം—

ഹരിവിരഹദഹനവഹനേന—ഹരിയുടെ കൃഷ്ണൻെറ വിരഹ മാകുന്ന വിയോഗമാകുന്ന ദഹനൻെറ അഗ്നിയുടെ വഹനത്താൽ [(അഗ്നിയെ വഹിക്കുന്നതിനാൽ)

വലയാദിമണിഭൂഷണം—വലയാദിയായ കടകം തുടങ്ങിയുള്ള [മണികൾ പതിച്ച ഭൂഷണത്തെ അലങ്കാരത്തെ

ബഹുദൂഷണം—ബഹുവായ അനേകം ദൂഷണത്തോടു ദോഷ [ത്തോടുകൂടിയതായ

കലയാമി—ഞാൻ വിചാരിക്കുന്നു.

ശ്രീകൃഷ്ണൻെറ വിരഹാഗ്നിയാൽ തപിക്കുന്ന ഞാൻ മണികൾ പതിച്ച വള തുടങ്ങിയുള്ള ആഭരണത്തെപ്പോലും ഭാരമേറിയതായി വിചാരിക്കുന്നു.

സ്ത്രീകൾ ആഭരണം അണിഞ്ഞുകൊള്ളുന്നതിൽ പ്രിയമുള്ളവരാകുന്നു. വിരഹിണിയായ രാധയ്ക്കു അതും ദൂഷ്യമായിരിക്കുന്നു.

ആറാംപദം—

സ്രക്, അപി—മാലയും

കുസുമസുകുമാരതനും—കുസുമം പോലെ പൂപോലെ സുകുമാര
[മായ കോമലമായ തനുവോടു ശരീരത്തോടു കൂടിയ

മാം—എന്നെ

അതിവിഷമശീലയാ—അതിശയേന വിഷമമായ ശീലത്തോടു
[സ്വഭാവത്തോടു കൂടിയ (അത്യധികം വിഷ
[മിപ്പിക്കുന്ന

അതനുശരലീലയാ—അതനുശരന്റെ കാമദേവന്റെ ലീലയാൽ

ഹന്തി—ഹനിക്കുന്നു. (അടിച്ചു ഉപദ്രവിക്കുന്നു.

പൂപോലെ മൃദുവായ ശരീരത്തോടുകൂടിയ എന്നെ കാമപീഡ നിമിത്തം ഹൃദയത്തിൽ അണിഞ്ഞിരിക്കുന്ന പുഷ്പമാല്യംപോലും സങ്കടപ്പെടുത്തുന്നു.

രാധ പുഷ്പമാല ധരിക്കുന്നു. അതു സ്മരശരമയമായതിനാൽ ഹനനസ്വഭാവമുള്ളതു എന്നർത്ഥം. മററു ശരങ്ങളിൽ നിന്നു വിഷമമായ സ്വഭാവമുള്ളവയാകുന്നു കാമന്റെ കുസുമമയശരങ്ങൾ എന്നർത്ഥം. മററു ബാണങ്ങൾ മുറിവു ഉണ്ടാക്കി ഉപദ്രവിക്കും. കാമബാണങ്ങളാകട്ടെ ഹൃദയത്തിൽ ഏററ മുറിവു ഉണ്ടാക്കാതെതന്നെ അധികം വിഷമിപ്പിക്കുന്നു.

ഏഴാംപദം—

അഹം, ഇഹ—ഞാൻ ഇവിടെ (നികുഞ്ജത്തിൽ)

നഗണിതവനവേതസാ—നഗണിതമായ ഗണിക്കപ്പെടാത്ത വന
[ത്തോടും വേതസത്തോടും കൂടിയവളായി

നിവസാമി, മധുസൂദനഃ—വസിക്കുന്നു. കൃഷ്ണൻ

മാം, ചേതസാ, അപി—എന്നെ മനസ്സുകൊണ്ടുപോലും

ന, സ്മരതി—വിചാരിക്കുന്നില്ല.

ഞാൻ കൃഷ്ണനെത്തന്നെ നിനച്ചു ഈ വനപ്രദേശത്തെയും ആററുവഞ്ചിയേയും—എന്തിനു വൈഷമ്യങ്ങളൊക്കെയും തന്നെ—കൂട്ടാക്കാതെ ഈ നികുഞ്ജത്തിൽ തന്നെ കഴിഞ്ഞുകൂടുന്നു. കൃഷ്ണനാകട്ടെ മനസ്സുകൊണ്ടുപോലും എന്നെ വിചാരിക്കുന്നില്ല.

എട്ടാംപദം—

കോമലകലാവതീ—കോമലമായും പരുഷമല്ലാത്തതായും കലക
[ളോടുകൂടിയതും വിചിത്രമായി ശൃംഗാരകലകളെവർണിക്കുന്നതും ആയ

ഹരിചരണശരണജയദേവകവിഭാരതി—ഹരിയുടെ ചരണങ്ങൾ ആകുന്ന കാലുകളാകുന്ന ശരണത്തോടുകൂടിയ ജയദേവകവിയുടെ [വാഗ്വിലാസം

(കോമലകലാവതീ—കോമലയും മൃദുവായ അംഗത്തോടുകൂടിയ [വളും കലാവതിയും കലാവിദ്യകളിൽ സമത്ഥയും ആയ)

യുവതിഃ, ഇവ—തരുണി എന്നപോലെ

ഹൃദി—(ഭക്തന്മാരുടെ) ഹൃദയത്തിൽ

വസതു—വസിക്കട്ടെ.

ശ്രീകൃഷ്ണചരണഭക്തനായ ജയദേവകവിയുടെ കവിത ശൃംഗാരകലകളിൽ സമത്ഥയായ തരുണിയെപ്പോലെ ഭക്തന്മാരുടെ ഹൃദയത്തിൽ വസിക്കട്ടെ.

'സ്നിഗ്ദ്ധമധുസൂദനരാസാവലയം' എന്ന പതിമ്മൂന്നാം പ്രബന്ധം സമാപ്തമായി.

(ശ്ലോകം)

തത് കിം കാമപി കാമിനീമഭിസൃതഃ കിം വാ കലാകേലിഭിർ
ബദ്ധോ ബന്ധുഭിരന്ധകാരിണി വനാഭ്യർണ്ണേ കിമുദ്ഭ്രാമ്യതി
കാന്തഃ ക്ലാന്തമനാ മനാഗപി പഥി പ്രസ്ഥാതുമേവാക്ഷമഃ
സങ്കേതീകൃതമഞ്ജുവഞ്ജുലലതാകുഞ്ജേ/പി യന്നാഗതഃ ന

ഈ പദ്യത്തിൽ രാധ കൃഷ്ണൻ വരാത്തതിന്റെ കാരണങ്ങൾ പ്രസ്താവിക്കുന്നു.

കാന്തഃ—കാന്തനായ കൃഷ്ണൻ

സങ്കേതീകൃതമഞ്ജുവഞ്ജുളലതാകുഞ്ജേ, അപി—സങ്കേതീകൃതമായ സങ്കേതസ്ഥലമാക്കി ചെയ്യപ്പെട്ട മഞ്ജുവായ മനോഹരമായ 'വാഞ്ജുളല [താകുഞ്ജത്തിൽ പോലും വേത്രലതാഗൃഹത്തിൽ പോലും

ന, ആഗതഃ—വന്നില്ല

(ഇതി), യത്—എന്നു യാതൊന്നുണ്ടോ.

തത്, കാം, അപി—അതു ഏതോ ഒരു

കാമിനീം—കാമവതിയായ തരുണിയെ

കിം, അഭിസൃതഃ—അഭിസരണം ചെയ്തിരിക്കുന്നു (അഭനാപേക്ഷിച്ചു [പോയിരിക്കുന്നു) എന്നുള്ളതിനാലോ (അല്ലെങ്കിൽ

ബന്ധുഭിഃ—ബന്ധുക്കളായ ഗോപന്മാരാൽ

കലാകേലഭിഃ, വാ—വിലാസക്രീഡകളാലും

കിം, ബദ്ധഃ—ബദ്ധനായിരിക്കുന്നു എന്നുള്ളതിനാലോ (അല്ലെങ്കിൽ)

അന്ധകാരിണി—ഇരുളടഞ്ഞതായ

വനാഭ്യർണ്ണേ—വനപ്രദേശത്തിൽ

കിം, ഉദ്ഭ്രാമ്യതി—സഞ്ചരിക്കുന്നു എന്നുള്ളതിനാലോ (അല്ലെങ്കിൽ)

ക്ലാന്തമനാഃ—ക്ലാന്തമായ (എന്റെ വിരഹത്താൽ) ദീനമായ [ചിത്തത്തോടുകൂടിയവനായി

പഥി, മനാക്, അപി—വഴിയിൽ അല്പംപോലും

പ്രസ്ഥാതും, ഏവ—പുറപ്പെടാൻതന്നെ

അക്ഷമഃ—അശക്തനായിരിക്കുന്നു എന്നുള്ളതിനാലോ.

എന്റെ കാന്തനായ കൃഷ്ണൻ സങ്കേതസ്ഥാനവും മനോഹരവും ആയ ഈ ആററുവഞ്ചിക്കുടിലിൽ പറഞ്ഞതുപോലെ വന്നില്ലല്ലോ. ഒരു പക്ഷേ മററാരു കാമിനിയെ അഭിസരണം ചെയ്തു പോയിരിക്കുമോ? അല്ല, ഇങ്ങോട്ടുതന്നെ വരുന്നവഴിക്കു ബന്ധുക്കൾ പിടികൂടി അവരോടു കളിച്ചുകൊണ്ടിരിക്കുന്നുവോ? അല്ല, ഇരുളടഞ്ഞ വനപ്രദേശത്തിൽ ഭ്രമിച്ചു നടക്കുന്നുവോ. അല്ല, എന്റെ വിരഹത്താൽ ദീനനായി ഇങ്ങോട്ടു പുറപ്പെടാൻ തന്നെ അശക്തനായിരിക്കുന്നുവോ?

ഇങ്ങോട്ടു വരാനായി പുറപ്പെട്ടു വഴിയിൽ വച്ചു കണ്ട ഗോപന്മാരോടു കളിച്ചുകൊണ്ടിരിക്കുന്നുവോ എന്നർത്ഥം. എന്നെ കാണാതെ ഇരുളടഞ്ഞ കാട്ടിൽ ഭ്രമിച്ചു നടക്കുന്നുവോ എന്നർത്ഥം. ഇരുട്ടായതിനാൽ സങ്കേതസ്ഥലം തെററി ഭ്രമിച്ചു നടക്കുന്നുവോ എന്നുമർത്ഥം.

(ശ്ലോകം)

അഥാഗതാം മാധവമന്തരേണ
സഖീമിയം വീക്ഷ്യ വിഷാദമൂകാം
വിശങ്കമാനാ രമിതം കയാപി
ജനാർദനം ദൃഷ്ടവദേതദാഹ — ൪

## ഭാഷ

ആ വൃന്ദാവനസീമനീതി പരിദേവിച്ചോരു രാധാ തദാ
ഗോവിന്ദേന വിനാഗമിച്ച സഖിയെക്കണ്ടിട്ടു 'കൃഷ്ണൻ മുദാ

സ്ത്രീവൃന്ദേഷു-പാരു സുന്ദരീം രമയതീ' ത്യാലോച്യ ധന്യാമിമാ-
മാവന്ദിച്ചു പുനഃ സ്തുതിച്ചു ബഹുമാനിച്ചിട്ടവാദീദിദമ് •

വിഷണ്ണയായി തനിച്ചു വന്ന സഖിയെ കണ്ടിട്ടുള്ള രാധയുടെ ചേഷ്ടിതത്തെ ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു.

അഥ, ഇയം—അനന്തരം ഇവൾ (രാധ)
മാധവം, അന്തരേണ—കൃഷ്ണനോടുകൂടാതെ
ആഗതാം—വന്നാവളും
വിഷാദമൂകാം—വിഷാദത്താൽ ദുഃഖത്താൽ മൂകയും മൗനമവലംബിച്ചിരിക്കുന്നവളും ആയ
സഖീം, വീക്ഷ്യാ— സഖിയെ കണ്ടിട്ടു
ജനാർദ്ദനം, കയാ, അപി—കൃഷ്ണനെ ഏതോ ഒരുവളാൽ
രമിതം—രമിപ്പിക്കപ്പെട്ടവനായി
വിശങ്കമാനാ—സംശയിക്കുന്നാവളായി
ദൃഷ്ടവത്—കണ്ടിട്ടെന്നപോലെ
ഏതത്—ഇതിനെ (മേൽപറയുന്നതിനെ)
ആഹ—പറഞ്ഞു.

അനന്തരം രാധ, ശ്രീകൃഷ്ണനില്ലാതെ തനിച്ചു വ്യസനിച്ചുകൊണ്ടു ഒന്നും മിണ്ടാതെ തിരിച്ചുവന്ന സഖിയെ കണ്ടിട്ടു സംശയം തോന്നിയവളായി കൃഷ്ണനെ മറെറാരു സുന്ദരിയോടു രമിക്കുന്നവനായി കാണുന്നവൾപോലെ ഇപ്രകാരം പറഞ്ഞു.

ഒന്നും മിണ്ടാതെ—വ്യസനംകൊണ്ടു് മിണ്ടാൻ അശക്ത എന്നത്ഥം. സഖിയുടെ വിഷാദത്തിന് കൃഷ്ണൻ മറെറാരുവളോടു രമിക്കുന്നതല്ലാതെ മറെറാരു കാരണവും ഇല്ല എന്നത്ഥം.

## അഷ്ടപദി ൧൪.

വസന്തരാഗേണ ഗീയതേ യതിതാലേന വാദ്യതേ.

൧. സ്മരസമരോചിതവിരചിതവേഷാ
ഗളിതകുസുമദരവിലുലിതകേശാ
കാപി മധുരിപുണാ വിലസതി യുവതിരധികഗുണാ.

൨. ഹരിപരിരംഭണവലിതവികാരാ
കുചകലശോപരി തരലിതഹാരാ (കാപി...)

ന. വിചലദലകലലിതാനനചന്ദ്രാ
തദധരപാനരഭസകൃതതന്ദ്രാ (കാപി.. )
ര്. ചഞ്ചലകുണ്ഡലലലിത്കപോലാ
മുഖരിതരസനജഘനഗതിലോലാ (കാപി....)
ഒ. ദയിതവിലോകിതലജ്ജിതഹസിതാ
ബഹുവിധകൂജിതരതിരസരസിതാ (കാപി...)
ന്ന വിപുലപുലകപൃഥുവേപഥുഭംഗാ
ശ്വസിതനിമീലിതവികസദനംഗാ (കാപി....)
ം. ശ്രമജലകണഭരസുഭഗശരീരാ
പരിപതിതോരസി രതിരണധീരാ (കാപി....)
വ്വ. ശ്രീജയദേവ ഭണിത ഹരിരമിതം
കലികലുഷം ജനയതു പരിശമിതമ് (കാപി...)

ഭാഷ

പതിന്നാലാം അഷ്ടപദി.

കേദാരബന്ധു — അടന്ത.

ച. സുരതരുണിസമയാമോരവളെ ഹരി
സുരതരണേന രമിപ്പിക്കുന്നു
കാരണമിതറിയാം കൃഷ്ണൻ വരാസ്സാൻ കാരണമിതറിയാം
കണവനിഹ വരാത്തതിനു പരം
വ. അവളുടെ കാമവികാരം കൊണ്ടുജൻ
വിവശതപൂണ്ടു മറന്നുമറെറല്ലാം (കാരണ....)
ന. മധുരിപുവിനെ മാന്മിഴിയാളിപ്പോൾ
അധരപാനംചെയ്തു രമിപ്പിച്ചീടുന്നു (കാരണ... )
ര്. കുചയുഗം കലുങ്ങുന്നു കുണ്ഡലമിളകുന്നു
കചഭരമഴിയുന്നു കാമുകിക്കധുനാ (കാരണ...)
ഒ. ലജ്ജകൊണ്ടവളെ ഹസിപ്പിക്കുന്നു ഹരി
ലലന കപോരതരുതം കരുതുന്നു (കാരണ...)
ന്നു. പുളകമണിഞ്ഞു വിറച്ചു വിയത്തവൾ
പുരുഷായിതംചെയ്തു കണ്ണടയ്ക്കുന്നു (കാരണ....)

൭. ശ്രമജലകണവുമണിഞ്ഞൊരക്കാമിനീ
രമണന്റെ മാറത്തുവീണുറങ്ങുന്നു (കാരണ...)

൮. ശ്രീജയദേവനേയും കൃഷ്ണനേയും
രാജേന്ദ്രനേയും വന്ദിക്കുന്നോൻ (കാരണ...)

'ഹരിരമിത ചമ്പകശേഖരം' എന്നാപതിനാലാംപ്രബന്ധം ആരംഭിക്കുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആകയാൽ ബാക്കിയുള്ള പദങ്ങളോടുചേർത്തുകൊള്ളണം. കൃഷ്ണൻ മറ്റൊരു സുന്ദരിയോടു രമിക്കുന്നതായുള്ള വിവരങ്ങൾ രാധ പ്രത്യക്ഷമായികാണുന്നതുപോലെ ഈ പ്രബന്ധത്തിൽ രാധയുടെ വാക്കായിട്ടുതന്നെ വർണ്ണിക്കപ്പെടുന്നു.

ഒന്നാംപദം—

സ്മരസമരോചിതവിരചിതവേഷാ—സ്മരസമരത്തിനു കാമയുദ്ധത്തിനു ഉചിതമാകുംവണ്ണം യോഗ്യമാകും വണ്ണം വിരചിതമായ അണിയപ്പെട്ട വേഷത്തോടു അലങ്കാരത്തോടുകൂടിയവളായി

ഗലിതകുസുമദരവിലുലിതകേശാ—ഗലിതമായ തൊഴിഞ്ഞുപോയ കുസുമങ്ങളാൽ പൂക്കളാൽ ദരം അല്പം വിലുലിതമായ കുഴഞ്ഞു പോയ കേശത്തോടു മുടിയോടുകൂടിയവളായി

അധികഗുണാ—എന്നെക്കാൾ അധികം സൌന്ദര്യാദിഗുണമുള്ള
കാപി, യുവതിഃ—ഏതോ ഒരു തരുണി
മധുരിപുണാ, വിലസതി—കൃഷ്ണനോടുകൂടി രമിക്കുന്നു.

സുരതക്രീഡയ്ക്കു യോഗ്യമായ അലങ്കാരമണിഞ്ഞു, എന്നെക്കാളധികം സൌന്ദര്യാദിഗുണങ്ങളോടുകൂടി വിളങ്ങുന്ന ഒരുത്തി കെട്ടഴിഞ്ഞു പൂക്കൾ തൊഴിഞ്ഞ കേശത്തോടുകൂടിയവളായി കൃഷ്ണനോടുകൂടി രമിക്കുന്നു.

അധികഗുണാ—അസൂയകൊണ്ടു പറയുന്ന വാക്കാണിതു്. തന്റെ സൌന്ദര്യാദിഗുണത്താൽ ഇങ്ങോട്ടുവരാനുള്ള കൃഷ്ണനെ ആകർഷിച്ചവൾ എന്നർത്ഥം. കാമയുദ്ധം—സുരതം. 'കുസുമഭര' എന്നും പാഠം. കൃഷ്ണൻ കേശത്തിൽ പിടിച്ചു ചുംബനാദികൾ ചെയ്കതിനാൽ പൂക്കൾ തൊഴിഞ്ഞു തലമുടി അഴിഞ്ഞു കാണപ്പെടുന്നു എന്നർത്ഥം. വിപരീതസുരതത്തിങ്കൽ നായികയുടെ കേശത്തിൽ പിടിച്ചു ചുംബനാദികൾ നടത്തുക സാധാരണയാണ്.

രണ്ടാംപദം—

ഹരിപരിരംഭണവലിതവികാരാ—ഹരിയുടെ കൃഷ്ണന്റെ പരിരംഭണത്താൽ ആലിംഗനത്താൽ വലിതമായ ആകർഷിക്കപ്പെട്ട വികാരത്തോടു കാമഭാവനയോടുകൂടിയുവളും

കുചകലശോപരി—കലശങ്ങൾ പോലെയുള്ള കുചങ്ങളുടെ മുല
[കളുടെ മീതെ

താളിതഹാരാ—തരലിതമായ ചഞ്ചലമായ ഹാരത്തോടു മാല
[യോടുകൂടിയവളും ആയ (ഒരുത്തി).

ശ്രീകൃഷ്ണൻെറ ആലിംഗനത്താൽ കാമാവേശംപൂണ്ടവളും കല ശങ്ങൾ പോലെയുള്ള മുലകളുടെ മീതെ ഇളകുന്ന ഹാരത്തോടുകൂടിയവ ളും ആയ (ഒരുത്തി).

ഇവിടെ ഹാരം തരലമായിരിക്കുന്നതായി വർണ്ണിച്ചിരിക്കുന്നതു പുരുഷായിതത്തെ സൂചിപ്പിക്കുന്നു.

മൂന്നാംപദം—

വിചലദലകലലിതാനനചന്ദ്രാ—വിചലത്തുക്കളായ ഇളകുന്ന ത്തുകളായ അളകങ്ങളോടുകൂടിയ ലലിതമായ മനോഹരമായ മുഖചന്ദ്ര
[നോടുകൂടിയവളും

തദധരപാനരഭസകൃതതന്ദ്രാ—തദധരപാനരഭസത്താൽ കൃഷ്ണ ൻെറ അധരപാനം ചെയ്യുന്നതിൽ ആഗ്രഹത്തോടുകൂടിയ വേഗത്താൽ കൃതമായ ചെയ്യപ്പെട്ട (ഉണ്ടായ) തന്ദ്രയോടു രതിസുഖാനുഭവത്താലുള്ള
[നിദ്രയോടുകൂടിയവളും ആയ (ഒരുത്തി).

ഇളകിക്കൊണ്ടിരിക്കുന്ന കുറുനിരകളാൽ മനോജ്ഞമായ മുഖചന്ദ്ര നോടുകൂടിയവളും കൃഷ്ണൻ ആഗ്രഹത്തോടുകൂടി അധരംനുകൎന്നുണ്ടായ സുഖത്താൽ അലസയും ആയ (ഒരുത്തി)

മുഖം ചന്ദ്രനു തുല്യം. ഇളകുന്ന അലകങ്ങൾ ചന്ദ്രങ്കലുള്ള കളങ്ക ത്തിനു തുല്യം.

നാലാംപദം—

ചഞ്ചലകുണ്ഡലലലിതകപോലാ—ചഞ്ചലങ്ങളായ ഇളകുന്ന കുണ്ഡലങ്ങളാൽ കർണ്ണാഭരണങ്ങളാൽ ലലിതമായ മനോഹരമായ
[കപോലങ്ങളോടു കവിൾത്തടങ്ങളോടുകൂടിയവളും

മുഖരിതരസനജഘനഗതിലോലാ—മുഖരിതമായ ശബ്ദിക്കുന്ന രസനയോടു അരഞ്ഞാൺ ചിലമ്പുകളോടുകൂടിയ ജഘനത്തിൻെറ പൃഷ്ഠ ഭാഗത്തിൻെറ ഗതിയാൽ ഗതാഗതത്താൽ ചഞ്ചലവും ആയ(ഒരുത്തി).

ഇളകിക്കൊണ്ടിരിക്കുന്ന കുണ്ഡലങ്ങളാൽ മനോഹരമായ കവിൾ ത്തടത്തോടുകൂടിയവൾ. ജഘന പ്രദേശത്തിൻെറ ഗതിനിമിത്തം കിലു ങ്ങുന്ന അരഞ്ഞാണോടുകൂടിയവൾ.

അഞ്ചാംപദം—

ദയിതവിലോകിതലജ്ജിതഹസിതാ—ദയിതന്റെ പ്രിയനായകനായ കൃഷ്ണന്റെ വിലോകിതത്താൽ വീക്ഷണത്താൽ ലജ്ജയോടും [ഹാസ്യത്തോടും കൂടിയവളും

ബഹുവിധകൂജിതരതിരസരസിതാ—ബഹുവിധമായ പലപ്രകാരമായ കൂജിതത്തോടു, മണിതത്തോടു കൂടിയ രതിരസത്താൽ സുരതക്രീ [ഡാരസത്താൽ രസിതയും സന്തുഷ്ടയും ആയ (ഒരുത്തി).

പ്രിയതമൻ നോക്കുമ്പോൾ ലജ്ജയോടുകൂടി പുഞ്ചിരികൊള്ളുന്നവൾ. പലവിധത്തിലുള്ള സുരതകൂജിതത്താൽ സന്തോഷിച്ചവൾ.

പുരുഷായിതം നടത്തുന്ന അവൾ താഴെ ശയിച്ചിരിക്കുന്ന കൃഷ്ണൻ നോക്കുമ്പോൾ ലജ്ജയോടും പുഞ്ചിരിയോടും കൂടിയവളായിത്തീരുന്നു. സുരതരസത്താൽ തരുണികൾ കുയിൽ മയിൽ പ്രാവു് മുതലായവയുടെ ശബ്ദം പുറപ്പെടുവിക്കും. കൂജിതം—അവ്യക്തമായ ശബ്ദം.

ആറാംപദം—

വിപുലപുലകപൃഥുവേപഥുഭംഗാ—വിപുലമായ അധികമായ പുലകത്താലും രോമാഞ്ചത്താലും പൃഥുവായ വലുതായ വേപഥുവാലും [കമ്പത്താലും (വിറയാലും) കലന്നവളും

ശ്വാസിതനിമീലിതവികസദനംഗാ—ശ്വാസിതത്താലും നെടുവീർപ്പിനാലും നിമീലിതത്താലും കണ്ണടയ്ക്കുകയാലും വികസത്തായ സ്പഷ്ട [മായ അനംഗനോടു കാമനോടു കൂടിയവളും ആയ (ഒരുത്തി).

അധികമായ രോമാഞ്ചത്തോടും വിറയോടും കൂടിയവൾ. നെടുവീർപ്പിനാലും കണ്ണു ചിമ്മുകയാലും അധികമായി കാമാവേശം പൂണ്ടവൾ.

സുരതശ്രമത്താലുണ്ടായ ശ്വാസിതം. പരമാനന്ദാനുഭവത്താലുണ്ടായ നിമീലിതം.

ഏഴാംപദം—

ശ്രമജലകണഭരസുഭഗശരീരാ—ശ്രമജലകണഭരത്താൽ സുരതശ്രമത്താലുണ്ടായ വിയർപ്പുതുള്ളിയുടെ സമൂഹത്താൽ സുഭഗമായ മനോഹര [മായ ശരീരത്തോടുകൂടിയവളും

ഉരസി—(കൃഷ്ണന്റെ) മാറിടത്തിൽ

പരിപതിതാ—കിടന്നവളും

രതിരണധീരാ—രതിരണത്തിൽ സുരതയുദ്ധത്തിൽ ധീരയും വിദ [ഗ്ദ്ധയും ആയ (ഒരുത്തി).

സുരതക്രീഡ ചെയ്കുണ്ടായ ആയാസത്താൽ വിയൎത്തു മനോഹരമായിരിക്കുന്ന ശരീരത്തോടു കൂടിയവൾ. ശ്രമം നിമിത്തം കൃഷ്ണൻെറ മാറിടത്തിൽ കിടക്കുന്നവൾ. സുരതയുദ്ധത്തിൽ സാമൎത്ഥ്യമുള്ളവൾ.

സുരതക്രീഡയിൽ ഹാരം പൊട്ടിപ്പോയാലും വിയൎപ്പുതുള്ളികൾ ഹാരംപോലെ ശോഭിക്കുന്നു എന്നൎത്ഥം.

എട്ടാംപദം—

ശ്രീജയദേവഭണിതഹരിരമിതം—ശ്രീജയദേവകവിയാൽ ഭണിതമായ ഗാനം ചെയ്യപ്പെട്ടതായ ഹരിയുടെ കൃഷ്ണൻെറ രമിതം ക്രീഡാവി [ശേഷം

കലികലുഷം—കലിയുഗത്തിൻെറ കലുഷത്തെ പാപത്തെ

പരിശമിതം, ജനയതു—ശമിപ്പിക്കട്ടെ (നിശിപ്പിക്കട്ടെ).

ജയദേവകവിയാൽ ഗീതമായ കൃഷ്ണൻെറ ഈ വിപരീത രതക്രീഡ ഈ കലിയുഗത്തിൽ എല്ലാവരുടേയും പാപത്തെ ശമിപ്പിക്കുന്നതായി ഭവിക്കട്ടെ.

ഈ പ്രബന്ധത്തിൽ വിപരീതരതം ക്രമമായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു.

'ഹരിരമിതചമ്പകശേഖരം' എന്ന പതിന്നാലാം
പ്രബന്ധം സമാപ്തമായി.

(ശ്ലോകം).

വിരഹപാണ്ഡുമുരാരിമുഖാംബുജ-
ദ്യുതിരയം തിരയന്നപി വേദനാമ്
വിധുരതീവ തനോതി മനോഭുവഃ
സുഹൃദയേ ഹൃദയേ മദനവ്യഥാമ്

ഭാഷ

കലുഷമോചനകൃഷ്ണമുഖോപമാം
കലിതവാനപി ചന്ദ്രനിവൻ ഖലൻ
ജലജബാണനു ബന്ധുവിയോഗിനീം
ജ്വലനെരിപ്പതിനാരഭതേ/ധുനാ

ഈ പദ്യത്തിൽ വിരഹാതുരയായ രാധ ചന്ദ്രനെ ഉദ്ദേശിച്ചു പറയുന്നതായി പ്രസ്താവിക്കുന്നു—

അയേ—അല്ലയോ പ്രിയസഖി!

വിരഹപാണ്ഡുമുരാരിമുഖദ്യുതി?—വിരഹം നിമിത്തം പാണ്ഡുവായിത്തീൎന്ന വെളുത്തുപോയ മുരാരിയുടെ കൃഷ്ണൻെറ മുഖത്തിൻെറ [ദ്യുതിഃപോലെയുള്ള ശോഭപോലെയുള്ള ശോഭയോടുകൂടിയവനും

മനോഭവഃ, സുഹൃത്—മന്മഥൻെറ സ്നേഹിതനും ആയ

അയം, വിധുഃ—ഈ ചന്ദ്രൻ

മമ, ഹൃദയേ—എൻെറ ചിത്തത്തിൽ

വേദനാം, അപി—വേദനയെപ്പോലും

തിരയൻ, മദനന്യഥാം—മറച്ചുകൊണ്ടു് കാമക്രീഡയെ

അതീവ, തനോതി—വളരെ വളൎത്തുന്നു.

അല്ലയോ പ്രിയസഖി! ഉദിച്ചുപൊങ്ങിക്കാണുന്ന ഈ ചന്ദ്രൻ വിരഹം നിമിത്തം വിളറിയ കൃഷ്ണൻെറ മുഖംപോലെ കാണപ്പെടുന്നു. ഇവൻ എൻെറ വിരഹതാപത്തെ അകററുന്നവനാണെങ്കിലും കാമൻെറ കൂട്ടുകാരനായതിനാൽ എനിക്കു കാമപീഡയെ വൎദ്ധിപ്പിക്കുക തന്നെ ചെയ്യുന്നു.

## അഷ്ടപദി ൧൫.

ഗുൎജ്ജരീരാഗേണ ഗീയതേ ഏകതാളേന വാദ്യതേ.

൧. സമുദിതമദനേ രമണീവദനേ ചുംബനവലിതാധരേ
മൃഗമദതിലകം ലിഖതി സപുളകം മൃഗമിവ രജനീകരേ
രമതേ യമുനാപുലിനവനേ വിജയീ മുരാരിരധുനാ.

൨. ഘനചയരുചിരേ രചയതി ചികുരേ തരലിതതരുണാനനേ
കുരബകകുസുമം ചപലാസുഷമം രതിപതിമൃഗകാനനേ
(രമതേ....)

൩. ഘടയതി സുഘനേ കുചയുഗഗഗനേ മൃഗമദരുചിരൂ-
[ഷിതേ
മണിസരമമലം താരകപടലം നഖപദശശിഭൂഷിതേ
(രമതേ....)

൪. ജിതബിസശകലേ മൃദുഭുജയുഗലേ കരതലനലിനീദലേ
മരകതവലയം മധുകരനിചയം വിതരതി ഹിമശീതലേ
(രമതേ....)

൫. രതിഗൃഹജഘനേ വിപുലാപഘനേ മനസിജകനകാസനേ
മണിമയരസനം തോരണഹസനം വികിരതി കൃതവാ-
[സനേ (രമതേ....)

൬. ചരണകിസലയേ കമലാനിലയേ നഖമണിഗണപൂജിതേ
ബഹിരപവരണം യാവകഭരണം ജനയതി ഹൃദി യോ-
ജിതേ (രമതേ....)

൭. രമയതി സുദൃശം കാമപി സുഭൃശം ഖലഹലധരസോദരേ
കിമഫലമവസം ചിരമിഹ വിരസം വദ സഖി വിടപോ
[ദരേ (രമതേ....)

൮. ഇഹ രസഭണനേ കൃതഹരിഗുണനേ മധുരിപുപദസേ-
[വകേ
കലിയുഗരചിതം ന വസതു ദുരിതം കവിനൃപജയദേവകേ
(രമതേ....)

## അഷ്ടപദീ ൧൫.

### പതിനഞ്ചാം അഷ്ടപദി.

### മുഖാരി—അടന്ത.

൧. യമുനാപുളിനവഞ്ജുളവനത്തിങ്കൽ
യദുപതി സുഖിപ്പിച്ചു സുന്ദരിതന്റെ
കമനലലാടേ കസ്തൂരിതിലകം
കലയന്നായിട്ടംഗമലങ്കരിപ്പിച്ചു
ഭഗവാനധികം പരിശോഭിക്കുന്നു.
ഖഗവാഹനനധുനാ

൨. നീലമുകിലിന്റെ നിറംപൊറുക്കുട്ടുക
നീലമായവളുടെ വാർകുഴലിങ്കൽ

കൂലങ്കഷമായ മിന്നലിൻെറ നെറികോലും
കുറിഞ്ഞിപ്പൂക്കളെപ്പേർത്തു ചാർത്തുന്നു (ഭഗവാൻ)

൩. മങ്കയാളുടെ നഖവ്രണം തിങ്കളുള്ളൊരു
കൊങ്ക രണ്ടുമാകുന്ന മാനത്തിങ്കൽ
സങ്കടം വിനാ നക്ഷത്രശങ്കയെ നൽകുവാൻ
സങ്കേതം ഗതൻ മുത്തുമാല ചേർത്തു ചാർത്തുന്നു
(ഭഗവാൻ....)

൪. വിരലുകളാമിതളുകളെ വഹിക്കുന്ന
വരവാണിനി തൻെറ കരകമലേ
മരതകവലയം വണ്ടുകളെക്കൊണ്ടണിയുന്നു
മരുത്തുകളവളുടെ പുണ്യത്തെ പുകഴ്ത്തുന്നു(ഭഗവാൻ....)

൫. മനസിജമഹാരാജകനകാസനമായ
മതിമുഖിയാളുടെ ജഘനത്തിങ്കൽ
കനകകാഞ്ചിയെച്ചാർത്തിട്ടതിൻെറ ഭംഗിനോക്കുന്നു
കമലനയനനവളുടെ ഭാഗ്യം ഭാഗ്യം— (ഭഗവാൻ...)

൬. പാലാഴിയിൽ പള്ളികൊള്ളുന്നോൻ പ്രിയയുടെ
പാദങ്ങളാകുന്ന പല്ലവങ്ങളിലിപ്പോൾ
ചാലിച്ച ചെമ്പഞ്ഞിച്ചാറിനെച്ചേർക്കുന്നു
ചാരുവാകുംവണ്ണമെത്രയും ചിത്രം (ഭഗവാൻ....)

൭. തനിക്കനുരൂപയാം തരുണിയെ നിതരാം
രമിപ്പിക്കട്ടേ കൃഷ്ണനിവിടെ വസിപ്പാൻ
ഇനിക്കെന്തുകാര്യം സങ്കേതത്തിങ്കൽ
ഹിതമോടെഴുന്നാളുന്നില്ലല്ലോ (ഭഗവാൻ....)

൮. ശ്രീജയദേവകവിയ്ക്കായ്ക്കൊണ്ടും
ശ്രീപതിയായ കൃഷ്ണനായ്ക്കൊണ്ടും
രാജരാജേശ്വരനായ്ക്കൊണ്ടും
രായും പകലുമഞ്ജലി ചെയ്യുന്നോൻ (ഭഗവാൻ....)

'ഹരിരസമന്മഥതിലകം' എന്ന പതിനഞ്ചാം പ്രബന്ധം ആരംഭിക്കുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആകയാൽ എല്ലാപദങ്ങളോടും

ചേൎത്തു പഠിക്കണം. വിഹ്വലയായ രാധ കൃഷ്ണനെത്തന്നെ മനസ്സിൽ നിരൂപിച്ചിരിക്കുന്നതായി ഈ പ്രബന്ധത്തിൽ വൎണ്ണിക്കപ്പെടുന്നു. മുമ്പിലത്തെ പ്രബന്ധത്തിൽ ഒരു നായികയുടെ വിപരീതരതം കൃഷ്ണനോടു കൂടി വൎണ്ണിച്ചു. ഇവിടെ സ്വാധീനഭൎത്തൃകയായ ഒരു നായികയോടു കൃഷ്ണൻ രമിക്കുന്നതായുള്ള രാധയുടെ ഭാവന വൎണ്ണിക്കപ്പെടുന്നു.

ഒന്നാംപദം—

വിജയീ, മുരാരിഃ—ജയശീലനായ കൃഷ്ണൻ

അധുനാ—ഇപ്പോൾ

യമുനാപുലിനവനേ—യമുനാനദിയുടെ പുലിനത്തിൽ മണൽത്തിട്ടയിലുള്ള വനത്തിൽ

രമതേ—രമിക്കുന്നു.

സമുദിതമദനേ—സമുദിതമായ വൎദ്ധിച്ച മദനനോടു കാമവികാരത്തോടുകൂടിയതും

സപുളകം—രോമാഞ്ചത്തോടുകൂടി

ചുംബനവലിതാധരേ—ചുംബനത്തിനായി വലിതമായ നേരായി കാണിച്ചുതരപ്പെട്ട അധരത്തോടുകൂടിയതും ആയ

രമണീവദനേ—രമണിയുടെ കാമിനിയുടെ വദനത്തിൽ മുഖത്തിൽ

രജനീകരേ—ചന്ദ്രങ്കൽ

മൃഗം, ഇവ—മൃഗം എന്നപോലെ (മൃഗാകൃതിയിലുള്ള കളങ്കം പോലെയുള്ള)

മൃഗമദതിലകം—മൃഗമദംകൊണ്ടു കസ്തൂരികൊണ്ടു തിലകത്തെ പൊട്ടിനെ

ലിഖതി—ചാൎത്തുന്നു.

ജയശീലനായ കൃഷ്ണൻ ഇപ്പോൾ യമുനാനദിയുടെ തീരത്തുള്ള വനത്തിൽ രമിച്ചുകൊണ്ടിരിക്കുന്നു. കാമവികാരം വൎദ്ധിച്ചതും രോമാഞ്ചത്തോടുകൂടി ചുംബനത്തിനായി നേരായി കാണിക്കപ്പെട്ടതും ആയ നായികയുടെ മുഖത്തിൽ ചന്ദ്രങ്കൽ കളങ്കം എന്നപോലെ ശോഭിക്കുന്ന കസ്തൂരിപ്പൊട്ടിനെ ചാൎത്തുന്നു.

പൂൎണ്ണചന്ദ്രനും കാമോദ്ദീപകനായതിനാൽ സമുദിതമദനനാണ്. ചന്ദ്രദൎശനത്താൽ യുവാക്കന്മാൎക്കു ചുംബനാദികളിൽ പ്രവൃത്തി ഉണ്ടാകുന്നതിനാൽ ചന്ദ്രനും ചുംബനവലിതാധരനാകുന്നു. ആഹ്ലാദകാരി

യായതിനാൽ നായികാമുഖത്തിനു ചന്ദ്രസാമ്യം. കസ്തൂരിതിലകത്തിനു കളങ്കരൂപമായ മൃഗത്തോടു സാമ്യം. സപുളകം—നായികയുടെ മുഖം കണ്ടപ്പോൾ കാമം വർദ്ധിച്ചു കൃഷ്ണനു രോമാഞ്ചം ഉണ്ടായി എന്നർത്ഥം. കൃഷ്ണങ്കൽ രമിക്കുന്നതിനാൽ രമണി.

രണ്ടാംപദം—

ഘനചയരുചിരേ—ഘനചയംപോലെ മേഘക്കൂട്ടംപോലെ [രുചിരവും മനോഹരമായതും

രതിപതിമൃഗകാനനേ—രതിപതിയാകുന്ന മന്മഥനാകുന്ന മൃഗ [ത്തിന്റെ (സഞ്ചാരത്തിനു) കാനനമായി വനമായുള്ളതും

തരലിതതരുണാനനേ—തരലിതമായ ചഞ്ചലമായിത്തീർന്ന തരു [ണന്മാരുടെ യുവാക്കളുടെ ആനനത്തോടു മുഖത്തോടുകൂടിയതും ആയ

ചികുരേ—കേശഭാരത്തിൽ

ചപലാസുഷമം—ചപലപോലെ മിന്നൽപോലെ സുഷമയോടു [ശോഭയോടുകൂടിയ

കുരബകകുസുമം—ചെങ്കുറിഞ്ഞിപ്പൂവിനെ

രചയതി—അണിയുന്നു.

ശ്രീകൃഷ്ണൻ നായികയുടെ കേശഭാരത്തിൽ മിന്നൽപോലെ ശോഭിക്കുന്ന ചെങ്കുറിഞ്ഞിപ്പൂവിനെ അണിയുന്നു. കേശഭാരമാകട്ടേ കാർമേഘംപോലെ മനോഹരമായും യുവാക്കന്മാരുടെ മനസ്സിനെ ഇളക്കുന്നതായും കാമദേവനാകുന്ന മൃഗത്തിന്റെ വിഹാരസ്ഥലമായ വനമായും ശോഭിക്കുന്നു.

കുരബകം—കനകാമ്പരം പോലെ എളുപ്പം വാടാത്തതും ചുമന്നതും ആയ പൂവു്. രതിപതി—രതീദേവിയുടെ ഭർത്താവു് മന്മഥൻ. ഇരുണ്ട മേഘക്കൂട്ടംപോലെയുള്ള കേശഭാരത്തിൽ ഇടയ്ക്കിടയ്ക്കു കുരബക പുഷ്പം അണിഞ്ഞുകാണപ്പെടുന്നതു മിന്നൽപിണർപോലെ ശോഭിക്കുന്നു എന്നാർത്ഥം.

മൂന്നാംപദം—

മൃഗമദരുചിരൂഷിതേ—മൃഗമദത്തിന്റെ കസ്തൂരിയുടെ രുചി [യാൽ ശോഭയാൽ രൂഷിതവു വ്യാപ്തവും

സുഘനേ—വളരെ തടിച്ചതും (വിസ്താരമേറിയതും)

നഖപദശശിഭൂഷിതേ—നഖപദമാകുന്ന നഖക്ഷതമാകുന്ന [ശശിയാൽ ചന്ദ്രനാൽ ഭൂഷിതവും അലംകൃതവും ആയ

കുചയുഗഗഗനേ—ഗഗനംപോലെ ആകാശംപോലെ വലു
[തായ കുചയുഗത്തിൽ മുലകൾ രണ്ടിലും

താരകപടലം—നക്ഷത്രസമൂഹം (പോലെ ശോഭിക്കുന്ന)

അമലം—നിർമ്മലമായ

മണിസരം—രത്നഹാരത്തെ

ഘടയതി—ചാർത്തുന്നു

ശ്രീകൃഷ്ണൻ, കസ്തൂരിയുടെ ശോഭവിളങ്ങുന്നതും വിസ്താരമേറിയതും (നായകനാൽ കൊടുക്കപ്പെട്ട) നഖക്ഷതമാകുന്ന (അർദ്ധ) ചന്ദ്രനോടുകൂടിയതും ആയ നായികയുടെ മുലകളാകുന്ന ആകാശത്തിൽ നക്ഷത്രപടലംപോലെയുള്ള രത്നഹാരത്തെ അണിയുന്നു.

നഖങ്ങളെക്കൊണ്ടുള്ള മുറിവു അർദ്ധചന്ദ്രാകൃതിയിൽ ഇരിക്കും. വിസ്താരമേറിയതായും കസ്തൂരി പൂശി ശ്യാമവർണ്ണമായും ഇരിക്കുന്നതിനാൽ കുചയുഗത്തെ ഗഗനമായി വർണ്ണിച്ചു. ഗഗനത്തിൽ അർദ്ധചന്ദ്രനെപ്പോലെ കുചങ്ങളിൽ നഖക്ഷതം ശോഭിക്കുന്നു എന്നു സാരം. ആകാശവും സുഘനമാണ്—ശോഭനമായ ഘനത്തോടു മേഘത്തോടുകൂടിയതു്. മൃഗമദരുചിദൂഷിതവുമാണ്—മൃഗമദത്തിന്റെ രുചിപോലെയുള്ള രുചിയാൽ ദൂഷിതം. നഖപദം പോലെയുള്ള ചന്ദ്രനാൽ ഭൂഷിതവുമാണ്. നക്ഷത്രസമൂഹത്താൽ ശോഭിക്കുന്നതുമാണ്.

നലാംപദം—

ജിതബിസശകലേ—ജയിക്കപ്പെട്ട ബിസശകലംപോലെ മൃണാള
[ഖണ്ഡംപോലെയുള്ളതും

കരതലനലിനീദലേ—കരതലമാകുന്ന ഉള്ളംകൈയാകുന്ന നളി
[നിയുടെ പത്മിനിയുടെ ദലത്തോടു ഇതളോടുകൂടിയതും

ഹിമശീതളേ—ഹിമംപോലെ മഞ്ഞുപോലെ ശീതലവും കുളർമ
[യുള്ളതുംആയ

മൃദുഭുജയുഗളേ—മൃദുവായ മാർദ്ദവമുള്ള രണ്ടു ഭുജങ്ങളിലും

മധുകരനിചയം—വണ്ടിൻകൂട്ടം (പോലെ ശോഭിക്കുന്ന)

മരകതവലയം—മരതകത്തെക്കൊണ്ടുള്ളഇന്ദ്രനീലമണികളെക്കൊ
[ണ്ടുള്ള വലയത്തെ കങ്കണത്തെ

വിതരതി—അണിയുന്നു

താമരവലയത്തെക്കാൾ തണുപ്പും മാർദ്ദവവും ഉള്ളതും കരതലമാകുന്ന കമലത്തോടുകൂടിയതും മഞ്ഞുപോലെ കുളർമയുള്ളതും ആയ

നായികയുടെ കൈകളിൽ കൃഷ്ണൻ വണ്ടിൻകൂട്ടംപോലെയിരിക്കുന്ന പച്ചക്കല്ലുകളെക്കൊണ്ടുള്ള വളകളെ അണിയുന്നു.

ശോണമായ കരതലത്തിൽ നീലമായ മരതകവള അണിയുന്നതു വണ്ടിൻകൂട്ടത്തോടുകൂടിയ താമരയുടെ ശോഭയെ വഹിക്കുന്നു എന്നു സാരം. മരതകവലയത്തെ മധുകരനിചയമായി രൂപപ്പെടുത്തിയിരിക്കുന്നു എന്നർത്ഥം.

അഞ്ചാംപദം—

വിപുലാപഘനേ—വിപുലമായ വിസ്താരമായ അപഘനത്തോടു [പ്രദേശത്തോടു കൂടിയതും

മനസിജകനകാസനേ—മനസിജൻെറ മന്മഥൻെറ കനകനിർമിതമായ സുവർണ്ണനിർമിതമായ ആസനമായി ഇരിപ്പിടമായി ഇരി [ക്കുന്നതും

കൃതവാസനേ—കൃതമായ ഉണ്ടാക്കപ്പെട്ട വാസനയോടു ഗന്ധ [ത്തോടുകൂടിയതും ആയ

രതിഗൃഹജഘനേ—രതിക്കു ശൃംഗാരത്തിനു ഗൃഹമായ ആശ്രയ [മായ ജഘനത്തിൽ പൃഷ്ഠഭാഗത്തിൽ

മണിമയരസനം—മണിമയമായ രസനയേ മേഖലയെ

തോരണഹസനം—തോരണത്തിൻെറ മംഗലമാലയുടെ ഹസന [മായി വിലാസമായി

വികിരതി—വിന്യസിക്കുന്നു.

ശ്രീകൃഷ്ണൻ നായികയുടെ വിസ്താരമേറിയതും കാമദേവൻെറ സ്വർണ്ണസിംഹാസനമായതും ധൂപാദികൾ ഇട്ടുപുകച്ചു വാസനയോടുകൂടിയതും സുരതക്രീഡയ്ക്കു ഗൃഹമായിരിക്കുന്നതും ആയ ജഘനപ്രദേശത്തിൽ രത്നമയമായ അരഞ്ഞാണിനെ തോരണവിലാസം എന്നപോലെ അണിയുന്നു.

വികിരതി—അരഞ്ഞാൺ ഇടുമ്പോൾ കരസ്പർശം ഉണ്ടായി സാധ്വസംകൊണ്ടു നിതംബപ്രദേശം അനങ്ങി അരഞ്ഞാൺ ഇളകുന്നതു തോരണംപോലെ ശോഭിക്കുന്നു എന്നർത്ഥം. വിപുലാപഘനേ—അതിമാംസളമായ പൃഷ്ഠഭാഗം എന്നർത്ഥം. വിസ്താരമേറിയതിനാലും ഗൗരവമുള്ളതിനാലും ജഘനത്തിനു സ്വർണ്ണസിംഹാസനത്തോടു സാമ്യം. ജഘനത്തെ സ്വർണ്ണസിംഹാസനമായി വർണ്ണിച്ചിരിക്കുന്നതിനാൽ അതു കാമദേവനായ മഹാരാജാവിൻെറ സ്ഥാനമെന്നുള്ളതു സിദ്ധിക്കുന്നു.

തോരണഹസനം—തോരണത്തെ (തോരണത്തിൻെറ കാന്തിയെ) പരിഹസിക്കുന്ന രത്നമയഹാരം എന്നത്ഥം. രാജാവു സിംഹാസനത്തിൽ ഇരുന്നാൽ പരിജനങ്ങൾ വന്ദനമാലിക കൊട്ടക്കുക പതിവുണ്ട്. കാമസിംഹാസനമായ നായികയുടെ ജഘനത്തിൽ മണിമയമേഖലയാകുന്ന മംഗലമാലയെ ബന്ധിക്കുന്ന എന്നർത്ഥം. കൃതവാസനേ—വസ്ത്രസംബന്ധമായ പ്രവൃത്തി വാസനം, കൃതമായ വാസനത്തോടുകൂടിയ അതായതു നായികയുടെ ഉടപ്പുടവയെ മാററി കൃഷ്ണൻ അരഞ്ഞാണിനെ ചാർത്തുന്നു എന്നുമത്ഥം. നായകനെ വശപ്പെടുത്തുവാനായി ധൂപാദികളാൽ ജഘനാദിപ്രദേശങ്ങളെ സുഗന്ധമാക്കുകയും ഉണ്ട്. അല്ല ജഘനത്തിൻെറ ദർശനത്താൽ കൃഷ്ണനുണ്ടായ വാസനയോടു ഭോഗേച്ഛയോടുകൂടിയതു എന്നുമർത്ഥം. രാജാവു സിംഹാസനത്തിൽ ഇരിക്കുമ്പോൾ ചുററും ധൂപാദികൾ പുകച്ചു വാസിപ്പിക്കുക പതിവാണ്.

ആറാംപദം—

കമലാനിലയേ—കമലയുടെ ലക്ഷ്മിയുടെ നിലയവും നിവാസ [സ്ഥാനവും
നഖമണിഗണപൂജിതേ—നഖങ്ങളാകുന്ന മണിഗണങ്ങളാൽ രത്ന [സമൂഹത്താൽ പൂജിതവും അലംകൃതവും
ഹൃദി—ഹൃദയത്തിൽ മാറിടത്തിൽ
യോജിതേ—യോജിപ്പിക്കപ്പെട്ടതും ആയ
ചരണകിസലയേ—ചരണങ്ങളാകുന്ന കാലുകളാകുന്ന കിസലയ [ത്തിൽ തളിരിൽ
ബഹിരപവരണം—ബഹിഃ വെളിയിലത്തെ അപവരണമായ ആ [ച്ഛാദകമായ
യാവകഭരണം—യാവകത്താലുള്ള ചെമ്പഞ്ഞിച്ചാറിനാലുള്ള [അലങ്കാരത്തെ
ജനയതി—ഉണ്ടാക്കുന്നു.

ശ്രീകൃഷ്ണൻ, ശ്രീയുടെ നിവാസസ്ഥാനവും നഖങ്ങളാകുന്ന രത്നങ്ങളാൽഭൂഷിതവും ആയ നായികയുടെ കാൽത്തളിരിനെ തൻെറ ഹൃദയത്തിൽ യോജിപ്പിച്ചു അതിൽ ചെമ്പഞ്ഞിച്ചാർ പററിക്കുന്നു.

കൃഷ്ണൻെറ മാറിടത്താണല്ലോ ലക്ഷ്മിയുടെ സ്ഥിതി. സ്വതേതന്നെ കാലു തളിരുപോലെ ചുവന്നതും കോമളവും ആണെങ്കിലും വീണ്ടും അതിൽ ചെമ്പഞ്ഞിച്ചാർ പററിക്കുന്നതു ബാഹ്യാലങ്കാരമാകുന്നു. അനുരാഗാതിശയത്താൽ കൃഷ്ണൻ നായികയുടെ ചരണത്തെ തൻെറ മാറിടത്തിൽ ചേർത്തു അതിൽ ചെമ്പഞ്ഞിച്ചാർ തേയ്ക്കുന്നു എന്നു സാരം.

ഏഴാംപദം—

(ഏവം—ഇപ്പണ്ണമെല്ലാം)

ഖലഹലധരസോദരേ—ഖലനായ ദുഷ്ടനായ ഹലധരൻെറ സോ
[ദരൻ ബലഭദ്രൻെറ സഹോദരനായ കൃഷ്ണൻ

കാം, അപി, സുദൃശം—ഏതോ ഒരു സുന്ദരിയെ

സുഭൃശം—അത്യധികമാംവണ്ണം

രമയതി—രമിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ

ഇഹ—ഇവിടെ

വിടപോദരേ—വിടപങ്ങളുടെ മരങ്ങളുടെ ഉദരത്തിൽ മദ്ധ്യത്തിൽ

അഫലം—വെറുതേ [(കുംജമദ്ധ്യത്തിൽ)

വിരസം, ചിരം—രസശൂന്യമായി ബഹുകാലം

കിം, അവസം—ഞാൻ വസിച്ചവളായിരിക്കുന്നില്ലയോ.

സഖി, വദ—അല്ലയോ സഖി നീ പറഞ്ഞാലും.

അല്ലയോ സഖി! ദുഷ്ടനായ കൃഷ്ണൻ ഇങ്ങനെ ഏതോ ഒരുത്തിയെ രമിപ്പിക്കുന്നു. ഞാനാകട്ടെ യാതൊരു രസവുമില്ലാതെ വെറുതേ ഈ വള്ളിക്കുടിലിൽ വളരെനേരം കാത്തിരുന്നു കഴിഞ്ഞുകൂടുന്നു. നീ എന്തുവേണ്ടു എന്നു പറഞ്ഞാലും.

ദുഷ്ടൻ—സ്നേഹമില്ലാത്തവൻ. രമിപ്പിക്കുന്നു—തന്നാത്താൻ ആഭരണങ്ങളെ അണിഞ്ഞും മററും രമിപ്പിക്കുന്നു. ബലഭദ്രൻെറ എന്നു പറഞ്ഞതു് പാമരത്വത്തെ വെളിപ്പെടുത്തുന്നു.

എട്ടാംപദം—

ഇഹ—ഇവിടെ

രസഭണനേ—രസത്തെ (ഉദ്ദീപിപ്പിക്കുന്ന) ഭണനത്തോടു ഉക്തി
[വൈചിത്ര്യത്തോടുകൂടിയവനും

മധുരിപുപദസേവകേ—മധുരിപുവിൻെറ കൃഷ്ണൻെറ പദസേ
[വകനും ചരണോപാസകനും

കൃതഹരിഗുണനേ—കൃതമായ ചെയ്യപ്പെട്ട ഹരിഗുണനത്തോടു ഹരിചിന്തനത്തോടു അതായതു ഹരികഥാഭ്യാസത്തോടുകൂടിയവനും
[ആയ

കവിനൃപജയദേവകേ—കവിനൃപനായ കവിരാജനായ
[ജയദേവങ്കൽ

കലിയുഗരചിതം—കലിയുഗത്താൽ രചിതമായ ഉണ്ടാക്കപ്പെട്ട
(കലിയുഗത്തിലുള്ള)

ദുരിതം, ന, വസതു—പാപം സ്ഥിതിചെയ്യാതെ പോകട്ടെ.

ശ്രീകൃഷ്ണചരണഭക്തനും കവിശ്രേഷ്ഠനും ആയ ജയദേവന്റെ ആരെയും രസിപ്പിക്കുന്നതായ ഈ ഗീതപ്രബന്ധത്തിൽ കലിയുഗത്തിലെ ദുരിതം സ്പർശിക്കാതെ ഇരിക്കട്ടെ.

ഈ പ്രബന്ധം സ്തുതിപരമായും ഉള്ളതാകുന്നു. വിരഹപീഡിതയും അസൂയാദികലുഷിതയും ആയ രാധയ്ക്കു നിന്ദാപരമായിട്ടുള്ളതു്. സാധാരണ അനുവാചകന്മാൎക്കു സ്തുതിപരമായിട്ടുള്ളതു്. രസഭണനം—കൃഷ്ണവിഷയകമായ ശൃംഗാരരസത്തിന്റെ ഭണനം കഥനത്തോടുകൂടിയ പ്രബന്ധം എന്നർത്ഥം.

'ഹരിരസമന്മഥതിലകം' എന്ന പതിഞ്ചാം പ്രബന്ധം സമാപ്തമായി.

(ശ്ലോകം)

നായാതഃ സഖി നിർദയോ യദി ശഠസ്ത്വം ദൂതി കിം ദൂയസേ
സ്വച്ഛന്ദം ബഹുവല്ലഭഃ സ രമതേ കിം തത്ര തേ ദൂഷണമ്
പശ്യാദ്യ പ്രിയസംഗമായ ദയിതസ്യാകൃഷ്യമാണം ഗുണൈ-
രുത്കണ്ഠാർത്തിഭരാദിവ സ്ഫുടദിദം ചേതഃ സ്വയം യാസ്യതി ന്ന

ഭാഷ

വന്നില്ലാളി ശഠൻ പ്രിയൻ ഗതദയൻ കിം തത്ര തേ ദൂഷണം
വന്ന്യാം വല്ലഭമാരസംഖ്യമവനെത്തേടുന്നു പുല്കീടുവാൻ
വന്നാലും സ വരാതകണ്ടു വിപിനെ വാണാലുമെന്മാനസം
പിന്നാലെസഹചെന്നു മജ്ജതി ഹരൌ ലജ്ജാംവിനാ കിം ബ്രുവേ

ഇതേവരെ കൃഷ്ണൻ മററു സുന്ദരിമാരോടു രമിച്ചുകൊണ്ടിരിക്കുന്നതിനെ ഭാവനചെയ്യുന്നവളായ രാധയുടെ പ്രസ്താവനകൾ വർണിക്കപ്പെട്ടു. ഇപ്പോൾ കൃഷ്ണങ്കൽ നിന്നും വന്നുചേൎന്നവളായ ദൂതിയായ പ്രിയസഖിയെത്തന്നെ കൃഷ്ണനോടു രമിച്ചു വരുന്നവളായി ശങ്കിക്കുന്ന രാധ വക്രോക്തിമര്യാദയിൽ ദൂതിയോടു പറയുന്നതായി ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു—

ഹേ സഖീ, ദൂതി—അല്ലയോ പ്രിയസഖിയായ ദൂതി!

നിർദയഃ, ശഠഃ—ദയയില്ലാത്തവനും ദുഷ്ടനും (ആയ കൃഷ്ണൻ)

ന, ആയാത:—(ഇവിടെ) വന്നില്ല
യദി, ത്വം—എങ്കിൽ, നീ
കിം, ദൂയസേ—എന്തിന്ന ദുഃഖിക്കുന്നു?
ബഹുവല്ലഭഃ, സഃ—ബഹുവല്ലഭനായ അനേകം നായികകളുടെ [പ്രിയനായ അവൻ
സ്വച്ഛന്ദം—നിശ്ശങ്കമായി (ഇഷ്ടംപോലെ)
രമതേ, തത്ര—രമിക്കുന്നു. അതിൽ
തേ, ദൂഷണം, കിം—നിനക്കു ദൂഷ്യം എന്തു്?
പശ്യ, അദ്യ—കണ്ടാലും (അറിഞ്ഞാലും), ഇപ്പോൾ
പ്രിയസംഗമായ—പ്രിയന്റെ സംഗമത്തിനായിക്കൊണ്ടു
ദയിതസ്യ, ഗുണൈഃ—നായകന്റെ സൌന്ദര്യാദിഗുണങ്ങളാൽ
ആകൃഷ്യമാണം—ആകർഷിക്കപ്പെടുന്നതും
ഉത്കണ്ഠാർത്തിഭരാത്—ഉത്കണ്ഠഔത്സുക്യം ആർത്തി പീഡ ഇവ [യുടെ ഭരം നിമിത്തം അതിശയം നിമിത്തം
സ്ഫുടത്, ഇവ—തകൎന്നുപോകുന്നതുപോലെ ഇരിക്കുന്നതുംആയ
ഇദം, ചേതഃ—ഈ എന്റെ ചിത്തം
സ്വയം—തന്നത്താനെ
യാസ്യതി—പോകാൻ പോകുന്നു.

അല്ലയോ സഖി! ദയയില്ലാത്തവനും ദുഷ്ടനും ആയ അവൻ വന്നില്ല എന്നുള്ളതിനാൽ നീ എന്തിന്ന ദുഃഖിക്കുന്നു? അവൻ ഒട്ടധികം സുന്ദരിമാരോടു രമിച്ചുകൊണ്ടിരിക്കുന്നതിൽ നിനക്കു പററിയ ദൂഷ്യം എന്തു്? നീ കണ്ടാലും. പ്രിയന്റെ സംഗമത്തിനായി അവന്റെ ഗുണങ്ങളാൽ പിടിച്ചുവലിക്കപ്പെടുന്നതും ഔത്സുക്യം ആർത്തി ഇവയുടെ ആധിക്യം നിമിത്തം തകൎന്നുകൊണ്ടിരിക്കുന്നതും ആയ എന്റെ ഈ ചിത്തം തന്നെത്താനെ ഇല്ലാതെയാവും—നശിക്കും.

പൂർവാർദ്ധത്തിന്നു മറെറാരുവിധം വ്യാഖ്യാനം—

സഖി പറയുന്നു—

സഖി—അല്ലയോ രാധ!
നിർദയഃ—ദയയില്ലാത്ത (കൃഷ്ണൻ)
ന, ആയാതഃ—(പറഞ്ഞതുപോലെ) വന്നില്ല.

രാധ പറയുന്നു—

ശഠഃ, യദി—(അവൻ) ധൂർത്തനാണെങ്കിൽ
ദൂതി—അല്ലയോ ദൂതിയായ സഖി!

ത്വം, കിം, ദൂയസേ—നീ എന്തിന്ന ദുഃഖിക്കുന്നു?

സഖി പറയുന്നു—

സഃ—അവൻ

ബഹുവല്ലഭഃ—ബഹുവല്ലഭനായി അനേകം പ്രേയസിമാരോടു കൂടി [യവനായി

സ്വച്ഛന്ദം, രമതേ—യഥേഷ്ടം, രമിക്കുന്നു.

രാധ പറയുന്നു—

തത്ര, തേ—അതിൽ, നിനക്കു

ദൂഷണം, കിം—ദൂഷ്യം എന്താണ്?

ഉത്തരാർദ്ധമത്രയും രാധയുടെ വാക്കുതന്നെ.

നിർദയൻ—പ്രിയത്തോടുകൂടി വിളിച്ചും വരാത്തവൻ. ശഠൻ—രഹസ്യമായി അന്യസ്ത്രീകളോടു രമിച്ചു രാധയോടു അപരാധം ചെയ്തവൻ. യഥേച്ഛമായി രമിക്കുന്നവൻ ധൃഷ്ടനുമാണ്. മനോഹരനായ കൃഷ്ണനെ സംഗമിക്കുവാനായി പോകുന്നു എന്നു രാധ പറയുന്നു. ഗുണങ്ങളാൽ കയറുകളാൽ പിടിച്ചുവലിക്കപ്പെടുന്ന വസ്തു ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേയ്ക്കു് പോകുമല്ലോ. അതു പോലെ നായകൻെറ സൗന്ദര്യ്യാദിഗുണങ്ങളാൽ പിടിച്ചുവലിക്കപ്പെടുന്ന എൻെറ ചിത്തം പോകുന്നു എന്നൎത്ഥം. ഭാരം കൂടുതലായാൽ ചുമക്കാൻ വയ്യാതെ താങ്ങു തകൎന്നുപോകും. അതുപോലെ ഉത്കണ്ഠയുടേയും ആൎത്തിയുടേയും ഭാരം താങ്ങാൻ വയ്യാതെ രാധയുടെ ഹൃദയം തകരുന്നു എന്നൎത്ഥം. ഇനി വിരഹദുഃഖം സഹിക്കുക എന്നുള്ളതു സാദ്ധ്യമല്ലാത്തതിനാൽ നായകൻെറ ഗുണങ്ങളെത്തന്നെ സ്മരിച്ചുകൊണ്ടിരിക്കുന്ന രാധ പ്രാണനെത്തന്നെ ത്യജിക്കേണ്ടവളായിരിക്കുന്നു. സഖിയുടെ ദൗത്യം കൊണ്ടോ യാതൊരു പ്രയോജനവും ഇല്ല എന്നൎത്ഥം.

സഖിയാകട്ടേ കൃഷ്ണങ്കൽ ചെന്നു രമിച്ചു ആഗ്രഹം സാധിച്ചു വന്നവരം. കൃഷ്ണൻ വന്നില്ലെന്നുവിചാരിച്ചു അവൾക്കു് ദുഃഖത്തിന്നു അവകാശമില്ല. കുചോപമർദ്ദനഗാഢാലിംഗനാദികളാൽ സഖിയുടെ ശരീരത്തെ മർദിക്കുന്നതിനാൽ അവൻ ദയയില്ലാത്തവനാണെങ്കിലും സഖി ദുഃഖിക്കേണ്ട കാൎയ്യമില്ല. അവ്വണ്ണമുള്ള നായകൻെറ ദയയില്ലായ്മ നായികമാൎക്കു് ഭാഗ്യംകൊണ്ടുമാത്രം സിദ്ധിക്കുന്നു എന്നുസാരം. ശഠനായി രാധയെ വഞ്ചിച്ചു സഖിയോടു രമിച്ചവൻ. അനേകം പ്രേയസികളിൽ സഖിയും ഒരുത്തി എന്നും അൎത്ഥം. സഖിയെപ്പോലെയുള്ളവർ സ്വന്തം ഉപഭോഗംമാത്രം കരുതുന്നവർ എന്നെല്ലാമൎത്ഥം.

# അഷ്ടപദി ൧൫.

പുന്നാഗവരാളിരാഗേണ ഗീയതേ രൂപകതാളേന വാദ്യതേ.

൧. അനിലതരളകുവലയനയനേന
തപതി ന സാ കിസലയശയനേന
സഖി! യാ രമിതാ വനമാലിനാ
൨. വികസിതസരസിജലലിതമുഖേന
സ്ഫുടതി ന സാ മനസിജവിശിഖേന (സഖി!...)
൩. അമൃതമധുരമൃദുതരവചനേന
ജ്വലതി ന സാ മലയജപവനേന (സഖി!...)
൪. സ്ഥലജലരുഹരുചികരചരണേന
ലുഠതി ന സാ ഹിമകരകിരണേന (സഖി!...)
൫. സജലജലദസമുദയരുചിരേണ
ദലതി ന സാ ഹൃദി ചിരവിരഹേണ (സഖി!...)
൬. കനകനികഷരുചിശുചിവസനേന
ശ്വസിതി ന സാ പരിജനഹസനേന (സഖി!...)
൭. സകലഭുവനജനവരതരുണേന
വഹതി ന സാ രുജമതികരുണേന (സഖി!...)
൮. ശ്രീജയദേവഭണിതവചനേന
പ്രവിശതു ഹരിരപി ഹൃദയമനേന. (സഖി!...)

## ഭാഷ

## പതിനാറാം അഷ്ടപദി.

പന്തുവരാളി--ഏകതാളം.

൧. കാനനം തന്നിൽ തന്നോടുസാകം
മാനമുതേ രമിപ്പിപ്പവൾക്കിപ്പോൾ കൃഷ്ണൻ
ആനന്ദമേകുന്നു സാദരം (ആനന്ദ....)
൨. ഞാനിവിടെ കിടന്നിട്ടു ദുഃഖിക്കുന്നു
മാനിനിമാരിലൊരുത്തിയ്ക്കു മായൻ (ആനന്ദ...)

൨. സമർത്ഥനായുള്ള ഹരിവചനമാധുരിയുടെ
സമൃദ്ധികൊണ്ടനുചരിക്കപ്പോളപ്പോൾ (ആനന്ദ...)
൪. വെണ്ണിലാവത്തു വെന്തുരുകാതെ കാമപി
പെണ്ണിനെക്കള്ളൻകളിപ്പിച്ചിട്ടവൾക്കേററം (ആനന്ദ....)
൫. കാർമുകിൽവർണ്ണൻ കൂടെ നടന്നുകളിക്കുന്നു
കാമുകിക്കു വിരഹതാപം തിരെത്തുയും (ആനന്ദ...)
൬. പരമരമാപതി രമിപ്പിക്കുന്ന നാരിയെ
പരിഹസിക്കുന്നില്ലാരുമവൾക്കിങ്ങിദാനീം (ആനന്ദ...)
൭. താരുണ്യംകൊണ്ടുരമിപ്പിച്ചൊരുത്തിക്കു
കാരുണ്യംകൊണ്ടു കടാക്ഷിച്ചു കൃഷ്ണൻ (ആനന്ദ...)
൮. ജയദേവകവിയുടെ ഭണിതിക്കു ഭാഷയെ
ജനിപ്പിപ്പാനീശ്വരൻ തുണയാകണംമെ (ആനന്ദ...)

'നാരായണമദനായാസം' എന്ന പതിനാറാം പ്രബന്ധം ആരംഭിക്കുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആകയാൽ എല്ലാ പദങ്ങളോടും ചേർത്തു പാടിക്കണം. ഈ പ്രബന്ധത്തിൽ നായകൻെറ സുരതസൗശീല്യാദിഗ്ഗുണങ്ങളെ വർണ്ണിക്കുന്നതോടുകൂടി അവനോടു കൂടി രമിക്കുന്ന മററു സുന്ദരിമാരുടെ സൗഭാഗ്യസുഖവും വിരഹിണിയായ രാധയുടെ സന്താപവും നിന്ദാസ്തുതി മര്യാദയിൽ വർണിക്കപ്പെടുന്നു.

ഒന്നാംപദം —

സഖി—അല്ലയോ സഖി!

അനിലതരലകുവലയനയനേന—അനിലനാൽ കാററിനാൽ തരലമായ ഇളകുന്ന കുവലയംപോലെ നീലോത്പലം പോലെ ഉള്ള [നയനങ്ങളോടു കണ്ണുകളോടുകൂടിയ

വനമാലിനാ—വനമാലയണിഞ്ഞ കൃഷ്ണനാൽ

യാ, രമിതാ—യാതൊരു ഗോപി രമിപ്പിക്കപ്പെട്ടുവോ

സാ, കിസലയശയനേന—അവൾ തളിരുമെത്തയാൽ

ന, തപതി—താപത്തെ പ്രാപിക്കുന്നില്ല.

അല്ലയോ സഖി! കാററിൽ ഇളകുന്ന നീലത്താമരപോലെയുള്ള കണ്ണുകളോടുകൂടിയ ശ്രീകൃഷ്ണനോടുകൂടി രമിക്കുന്ന സുന്ദരിക്കു തളിർമെത്തയിൽ കിടക്കുന്നതുകൊണ്ടു സന്താപമില്ല.

രമിത—ഉദ്യാനവിഹാരാദികളാൽ രമിപ്പിക്കപ്പെട്ടവൾ. സന്താപമില്ല.—കൃഷ്ണന്റെ അംഗസംഗത്താൽ പല്ലവശയനം സുഖസ്ഥാനമായിത്തന്നെ ഇരിക്കുന്നു. കൃഷ്ണസംഗമം ഇല്ലാതെ വിരഹിണിയായ കഴിഞ്ഞുകൂടുന്ന രാധയ്ക്കു പല്ലവശയനം പോലും താപത്തെ കൊടുക്കുന്നു എന്നു സാരം.

രണ്ടാംപദം—

വികസിതസരസിജലലിതമുഖേന—വികസിതമായ വിടൎന്നതായ സരസിജം പോലെ താമരപോലെ ലലിതമായ സുന്ദരമായ മുഖത്തോടു [കൂടിയ (കൃഷ്ണനാൽ രമിപ്പിക്കപ്പെട്ടവൾ

മനസിജവിശിഖേന—മനസിജന്റെ മന്മഥന്റെ വിശിഖത്താൽ [ബാണത്താൽ

സാ, ന, സ്ഫുടതി—അവൾ തകൎന്നുപോകുന്നില്ല.

വിടൎന്നതാമരപോലെയുള്ള മുഖത്തോടുകൂടിയ കൃഷ്ണനോടുകൂടി രമിക്കുന്നവൾ കാമബാണത്താൽ തകൎന്നുപോകുന്നില്ല.

പുഞ്ചിരിയോടുകൂടിയ കൃഷ്ണന്റെ സുന്ദരമായ മുഖം വിടൎന്ന താമരയ്ക്കു തുല്യം.

മൂന്നാംപദം—

അമൃതമധുരമൃദുതരവചനേന—അമൃതംപോലെ മധുരവും വളരെ മൃദുവും ആയ വചനത്തോടുകൂടിയ (കൃഷ്ണനാൽ രമിപ്പിക്കപ്പെട്ടവൾ)

മലയജപവനേന—മലയപൎവതത്തിൽ നിന്നുണ്ടാകുന്ന [കാററിനാൽ

സാ, ന, ജ്വലതി—അവൾ ജ്വലിക്കുന്നില്ല.

അമൃതുപോലെ മധുരവും മൃദുവും ആയ വാക്കുകളോടുകൂടിയ കൃഷ്ണനോടുകൂടി രമിക്കുന്നവൾ തെന്നൽകാററിനാൽ എരിയുന്നില്ല.

തെന്നൽകാററ് വിരഹികളെ ജ്വലിപ്പിക്കുന്നതാണ്. അമൃതസേകം ഉണ്ടെങ്കിൽ ജ്വലനം ഉണ്ടാകയില്ലല്ലോ.

നാലാംപദം—

സ്ഥലജലരുഹരുചികരചരണേന—സ്ഥലത്തിൽ ഉണ്ടായ ജലരുഹത്തിന്റെ കമലത്തിന്റെ രുചിപോലെ ശോഭപോലെയുള്ള ശോഭയോടുകൂടിയ കരചരണങ്ങളോടു കൈകാലുകളോടുകൂടിയ (കൃഷ്ണ [നാൽ രമിപ്പിക്കപ്പെട്ടവൾ)

ഹിമകരകിരണേന—ഹിമകരന്റെ ചന്ദ്രന്റെ കിരണത്താൽ

സാ, ന, ഌാതി—അവൾ വീണു തളച്ചയെ പ്രാപിക്കുന്നില്ല.

സ്ഥലകമലം (റോസാപ്പൂവ്) പോലെ ശോഭിക്കുന്നകൈകാലുകളോടുകൂടിയ കൃഷ്ണനോടു രമിക്കുന്നവൾ ചന്ദ്രകിരണങ്ങളാൽ വീണു തളരുന്നില്ല.

ചന്ദ്രകിരണങ്ങൾ വിരഹികളെ വീഴ്ത്തി തളർച്ചയുണ്ടാക്കുന്നവയാണ്.

അഞ്ചാംപദം—

സജലജലദസമുദയരുചിരേണ—സജലമായ ജലത്തോടുകൂടിയ ജലദത്തിന്റെ മേഘത്തിന്റെ സമുദയംപോലെ ആവിർഭാവംപോലെ [രുചിരനായ മനോഹരനായ കൃഷ്ണനാൽ രമിപ്പിക്കപ്പെട്ട

സാ—അവൾ (ഗോപി)

ഹൃദി, ചിരവിരഹേണ—ചിത്തത്തിൽ ചിരകാലവിയോഗത്താൽ

ന, ദലതി—തകരുന്നില്ല.

നീലമേഘശ്യാമളനായി ശോഭിക്കുന്ന കൃഷ്ണനോടുകൂടി രമിക്കുന്നവൾ ദുസ്സഹവിരഹത്താൽ തകൎന്നുപോകുന്നില്ല.

സമുദയം—നിര എന്നർത്ഥം.

ആറാംപദം—

കനകനികഷരുചിശുചിവസനേന—കനകത്തിന്റെ സ്വർണ്ണത്തിന്റെ നികഷം ഉരച്ച ഭാഗംപോലെ ശുചിയായ ശുദ്ധമായ വസ്ത്രത്തോടു പീതാംബരത്തോടുകൂടിയ (കൃഷ്ണനാൽ രമിപ്പിക്കപ്പെട്ടവൾ)

പരിജനഹസനേന—പരിജനങ്ങളുടെ സേവകജനങ്ങളുടെ ഹ [സനത്താൽ പരിഹാസത്താൽ

സാ, ന, ശ്വസിതി—അവൾ നെടുവീർപ്പുള്ളവളായി ഭവിക്കുന്നില്ല.

ഉരകല്ലിൽ തേച്ച തങ്കക്ഷണംപോലെ ശോഭിക്കുന്ന പീതാംബരം ധരിച്ച കൃഷ്ണനോടുകൂടി രമിക്കുന്നവൾ പരിജനങ്ങളുടെ പരിഹാസത്താൽ നെടുവീർപ്പിടുന്നില്ല.

ഏഴാംപദം—

സകലഭുവനജനവരതരുണേന—സകലഭുവനജനങ്ങളിലും വച്ചു എല്ലാലോകങ്ങളിലും ഉള്ള ജനങ്ങളിലും വച്ചു വരതരുണനായ [ശ്രേഷ്ഠയുവാവായ (കൃഷ്ണനാൽ രമിപ്പിക്കപ്പെട്ട)

സാ—അവൾ (ഗോപി)

അതികരുണേന—അധികം ദൈന്യത്താൽ

രുജം, ന, വഹതി—വ്യാധിയെ, ധരിക്കുന്നില്ല.

ലോകങ്ങളിലുള്ള ജനങ്ങളിൽവച്ചു ശ്രേഷ്ഠയുവാവായ ശ്രീകൃഷ്ണനോടുകൂടി രമിക്കുന്നവർ ദുഃഖിക്കുന്നില്ല.

രുജം—പ്രിയൻെറ വിരഹം കൊണ്ടുള്ള വ്യാധിയെ. 'അതികരുണേന'—എന്ന വാക്കു കൃഷ്ണൻെറ വിശേഷണമായിട്ടും ആവാം. അന്യസ്ത്രീയിൽ വളരെ ദയയുള്ളവൻ എന്നർത്ഥം. അല്ലെങ്കിൽ രാധയുടെ വിഷയത്തിൽ അതിക്രമിച്ച കരുണയോടുകൂടിയവൻ നിർദ്ദയൻ എന്നമർത്ഥം.

എട്ടാംപദം—

അനേന—ഇവ്വണ്ണമുള്ള

ശ്രീജയദേവഭണിതവചനേന — ശ്രീജയദേവകവിയുടെ ഭണിതമായ വർണ്ണനയായ വചനത്താൽ

ഹരിഃ, അപി—ഹരിയായ കൃഷ്ണനും

ഹൃദയം—ചിത്തത്തെ (ചിത്തത്തിൽ)

പ്രവിശതു—പ്രവേശിക്കട്ടെ.

ശ്രീജയദേവകവിയുടെ കൃതിയായ ഈ ഗാനംവഴി ശ്രീകൃഷ്ണൻ ഭക്തന്മാരുടെ ഹൃദയത്തിൽ അധിവസിക്കട്ടേ.

ഹൃദയം—രാധയുടെ ഹൃദയത്തിൽ എന്നർത്ഥം.

കൃഷ്ണനോടുകൂടി രമിക്കുന്നവർക്ക് താപമില്ല, സ്ഫുടനമില്ല, ജ്വലനമില്ല, ലുഠനമില്ല, ദലനമില്ല, ശ്വസനമില്ല, വ്യാധിയില്ല; എന്നെല്ലാം വർണ്ണിച്ചിരിക്കുന്നതുകൊണ്ട് കൃഷ്ണൻെറ സംഗമമില്ലാതെ വിരഹിണിയായി കഷ്ടപ്പെടുന്ന രാധയ്ക്കു ഇതെല്ലാം ഉള്ളതിനാൽ രാധയുടെ നിന്ദാപരമായ വചനമാണ് ഈ പ്രബന്ധം.

'നാരായണമദനായാസം' എന്ന പതിനാറാംപ്രബന്ധം സമാപ്തമായി.

(ശ്ലോകം)

മനോഭവാനന്ദന ചന്ദനാനില
പ്രസീദ രേ ദക്ഷിണ മുഞ്ച വാമതാം
ക്ഷണം ജഗത്പ്രാണ വിധായ മാധവം
പുരോ മമ പ്രാണഹരോ ഭവിഷ്യസി ॥

ഈ പദ്യത്തിൽ സന്താപകരനായ മലയമാരുതൻെറ ഉപാലംഭം വിഷയം.

രേ, ചന്ദനാനില—അല്ലയോ ചന്ദനവൃക്ഷങ്ങളെ സ്പർശിച്ചു [വരുന്ന വായുവേ (മലയമാരുത!)

മമ---എനിക്ക് (എന്നെ)

പ്രസീദ—പ്രസാദത്തെ ചെയ്താലും (അനുഗ്രഹിച്ചാലും).

മനോഭവാനന്ദന—മനോഭവനെ കാമനെ ആനന്ദിപ്പിക്കുന്ന [വനേ!

ദക്ഷിണ—അനുകൂലമായ സ്വഭാവത്തോടുകൂടിയവനേ!

വാമതാം, മുഞ്ച—പ്രാതികൂല്യത്തെ വിട്ടാലും

ജഗത്പ്രാണ—അല്ലയോ ജഗത്തിനു ലോകത്തിനു പ്രാണനായു [ള്ളോവേ!

മാധവം, ക്ഷണം—അല്പനേരം കൃഷ്ണനെ

പുരഃ, വിധായ—എന്റെ (മുമ്പിൽ) ആക്കിട്ടു (പിന്നീട്)

പ്രാണഹരഃ—(എന്റെ) പ്രാണങ്ങളെ അപഹരിക്കുന്നവനായി

ഭവിഷ്യസി—നീ ഭവിക്കുന്നു(ഭവിച്ചാലും).

അല്ലയോ മലയവായുവേ! കാമാനന്ദം ഉണ്ടാക്കുന്ന—അനുകൂല സ്വഭാവമുള്ള—ജഗത്തിനു പ്രാണനായുള്ള—അല്ലയോ മലയവായുവേ! നീ എന്നെ അനുഗ്രഹിച്ചാലും. എങ്കൽ പ്രതികൂലമില്ലാതെ ഇരുന്നാലും! ക്ഷണനേരമെങ്കിലും കൃഷ്ണനെ എന്റെ മുമ്പിൽ കാണിച്ചിട്ടു എന്റെ പ്രാണനെ അപഹരിക്കുന്നവനായി ഭവിച്ചാലും.

ദക്ഷിണം—അനുകൂലം (തെക്കത്തു്) വാമം—പ്രതികൂലം (ഇടത്തേതു്). കാററിനു ജഗത്പ്രാണൻ എന്നു പേരുണ്ടു്. ജഗത്പ്രാണനായ കാററു രാധയിങ്കൽ പ്രാണഹരനായിത്തീർന്നിരിക്കുന്നു. കൃഷ്ണനെ ഒരു കുറി കണ്ടതിൽ പിന്നെ കാററു തന്റെ പ്രാണഹരനാകണമെന്നു രാധയുടെ പ്രാൎത്ഥന. ചന്ദനാനിലൻ ജഗദാഹ്ലാദകൻ. എന്നാൽ വിരഹിണിയായ രാധയ്ക്കു പ്രാണഹരൻ. ജഗദാഹ്ലാദകത്വം വിട്ടു രാധയുടെ ശത്രുവായ മനോഭവനു ആനന്ദത്തെ കൊടുക്കുന്നവൻ. ജഗത്തിലുള്ള രാധയെപ്പോലെയുള്ള വിരഹികളെ കൊല്ലുന്നവൻ. ദക്ഷിണൻ—തെക്കുനിന്നു വീശുന്നവൻ. കൃഷ്ണനെ ദർശിച്ചതിൽപിന്നെ കാററുപ്രാണഹരനായാൽ രാധയുടെ മരണത്തിനു അപരാധി കൃഷ്ണൻ എന്നല്ലാതെ കാററല്ല. ചന്ദനതരുസംഗതനായി ദക്ഷിണനായി വരുന്നകാററിനു വാമത്വം ഉചിതമല്ലല്ലോ എന്നൎത്ഥം. കാററു വിരഹിണിയായ രാധയെ ദുഃഖിപ്പിക്കുന്നതുപോലെ വിരഹിയായ കൃഷ്ണനെയും ദുഃഖിപ്പിക്കണം. എന്നാൽ കൃഷ്ണൻ രാധയുടെ അടുക്കൽ വരും എന്നുമൎത്ഥം.

(ശ്ലോകം)

രിപുരിവ സഖീസംവാസോഽയം ശിഖീവ ഹിമാനിലോ
വിഷമിവ സുധാരശ്മിര്യസ്മിൻ ദുനോതി മനോഗതേ
ഹൃദയമദയേ തസ്മിന്നേവം പുനർ വലതേ ബലാത്
കുവലയദൃശാം വാമഃ കാമോ നികാമനിരങ്കുശഃ വ്വ

യസ്മിൻ—യാതൊരു കൃഷ്ണൻ
മനോഗതേ, (സതി)—ചിത്തത്തിൽ ഇരിക്കുമ്പോൾ
അയം, സഖീസംവാസഃ—ഈ തോഴികളോടു കൂടിയുള്ള സംവാസം [ഇരിപ്പു്
രിപുഃ, ഇവ—ശത്രു എന്നപോലെ
ദുനോതി—ദുഃഖത്തെ നൽകുന്നു.
അയം, ഹിമാനിലഃ—ഈ ഹിമത്തോടു മഞ്ഞോടുകൂടിയ അതിശീത [തലനായ അനിലൻ കാററു്
ശിഖീ, ഇവ—അഗ്നി എന്നപോലെ
(ദുനോതി—ദുഃഖത്തെ നൽകുന്നു).
(അയം), സുധാരശ്മിഃ—ഈ ചന്ദ്രൻ
വിഷം, ഇവ—വിഷം എന്നപോലെ
(ദുനോതി—ദുഃഖത്തെ നൽകുന്നു).
അദയേ, തസ്മിൻ—ദയയില്ലാത്തവനായ അവങ്കൽ (കൃഷ്ണങ്കൽ)
പുനഃ, ഹൃദയം, ഏവം—വീണ്ടും (എൻെറ) മാനസം ഇവ്വണ്ണം
ബലാത്, വലതേ—ഹഠാത്തായി ചെല്ലുന്നു.
കുവലയദൃശാം—കുവലയംപോലെ നീലോത്പലംപോലെയുള്ള [ദൃക്കുകളോടു കണ്ണുകളോടുകൂടിയ സ്ത്രീകൾക്കു്
വാമഃ, കാമഃ—വിഷമശീലനായ കാമൻ
നികാമനിരങ്കുശഃ—നികാമം അത്യധികം നിരങ്കുശൻ മര്യാദയെ [ത്യജിച്ചിരിക്കുന്നവൻ ആകുന്നു.

സാക്ഷാദ്ദർശനമില്ലാതെ ഇരിക്കുന്ന യാതൊരു കൃഷ്ണൻ എൻെറ ചിത്തത്തെ കവന്നിരിക്കുമ്പോൾ എനിക്കു് സഖികളോടുള്ള ഈ കൂടിയിരിപ്പു ശത്രു എന്നപോലെയും, ചന്ദ്രൻ വിഷംപോലെയും, കുളിർകാററു തീപോലെയും, ദുഃഖത്തെ തരുന്നു. എൻെറ ചിത്തമാകട്ടെ നിർദയനായ ആ കൃഷ്ണങ്കൽ തന്നെ ബലാത്കാരമായി ചെല്ലുന്നു. വിഷമശീലനായ കാമൻ സുന്ദരികളായ—വിരഹിണികളായ—എന്നെ

ച്ഛോലെയുള്ള തരുണികളുടെ വിഷയത്തിൽ ഏററവും മയ്യാദ ഇല്ലാതെ സ്വച്ഛന്ദം പ്രവത്തിക്കുന്നവനാകുന്നു.

അങ്കുശം ആനയെ നയിക്കുന്ന തോട്ടി. അതില്ലാത്ത ആന സ്വച്ഛന്ദചാരിയായിരിക്കും. രാധ അവളുടെ മനസ്സിനെ കൃഷ്ണങ്കൽ ചെല്ലാതെ തടുത്താലും അതു കൃഷ്ണങ്കൽതന്നെ ചെല്ലുന്നു എന്നാത്ഥം. വിഷമശീലം---അന്യോന്യം അനുരാഗമുള്ള കാമം മനോഹരം. ഇവിടെ കൃഷ്ണൻ രാധയിങ്കൽ അനുരാഗമില്ലാത്തവനും രാധ കൃഷ്ണങ്കൽ അത്യധികം അനുരക്തയും ആയിരിക്കുന്നതായി രാധയുടെ സങ്കല്പം. ഇവിടെ സഖീസഹവാസം ശത്രുപോലെയും ചന്ദ്രൻ വിഷംപോലെയും ദുഃഖഹേതുവാകുന്നതു വിരുദ്ധോക്തിയാകുന്നു. വിഷം—ഹാലാഹലം. "മനോഗതേ" എന്നതിനെ "മനഃ ഗതേ" എന്നു രണ്ടുപദമായി പിരിച്ചാൽ "യസ്മിൻ ഗതേ" എന്നും "മനഃ ദുനോതി—മനസ്സിനെ ഖേദിപ്പിക്കുന്നു." എന്നും അന്വയിപ്പിക്കണം.

(ശ്ലോകം)

ബാധാം വിധേഹി മലയാനില പഞ്ചബാണ
പ്രാണാൻ ഗൃഹാണ ന ഗൃഹം പുനരാശ്രയിഷ്യേ,
കിം തേ കൃതാന്തഭഗിനി ക്ഷമയാ തരംഗൈ-
രംഗാനി സിഞ്ച മമ ശാമ്യതു ദേഹദാഹഃ ൯

കാമാന്ധയായ രാധയുടെ പരിദേവിതമാകുന്നു ഈ പദ്യം.
മലയാനില—അല്ലയോ മലയ പർവതത്തിൽ നിന്നു വീശുന്ന [വായുവേ!
ബാധാം, വിധേഹി—പീഡയെ ചെയ്താലും.
പഞ്ചബാണ—അല്ലയോ കാമദേവ!
പ്രാണാൻ—(എൻെറ) പ്രാണങ്ങളെ
ഗൃഹാണ—അപഹരിച്ചാലും.
(അഹം), പുനഃ—(ഞാൻ)വീണ്ടും
ഗൃഹം, ന, ആശ്രയിഷ്യേ—ഗൃഹത്തെ ആശ്രയിക്കുന്നില്ല.
കൃതാന്തഭഗിനി—അല്ലയോ കൃതാന്തൻെറ യമൻെറ ഭഗിനി സ്വ [സാവേ!
തേ, ക്ഷമയാ—നിനക്കു ക്ഷമകൊണ്ടു്
കിം—എന്തൊരു പ്രയോജനം?

തരംഗൈഃ— തിരമാലകളാൽ
മമ, അംഗാനി— എന്റെ അവയവങ്ങളെ
സിഞ്ച— നനച്ചാലും.
ദേഹദാഹഃ— എന്റെ ശരീരത്തിലെ സന്താപം
ശാമ്യതു— ശമിക്കട്ടെ.

അല്ലയോ മലയവായുവേ! നീ എന്നെ ഇഷ്ടംപോലെ ഉപദ്രവിച്ചാലും. അല്ലയോ കാമദേവ! നീ എന്റെ പ്രാണങ്ങളെ അപഹരിച്ചാലും. ഞാൻ ഇനി എന്റെ ഗൃഹത്തിലേയ്ക്കു മടങ്ങുന്നില്ല. അല്ലയോ യമന്റെ സോദരിയായ യമുനാനദി നീ ക്ഷമിച്ചിരിക്കുന്നതുകൊണ്ടു എന്തൊരു ഫലം? നിന്റെ തിരമാലകളാൽ താപം ശമിക്കത്തക്കവണ്ണം എന്റെ ശരീരാവയവങ്ങളെ നനച്ചാലും.

ഇവ്വണ്ണം പരിദേവനം ചെയ്യുന്ന രാധ തന്റെ മരണം അടുത്തിരിക്കുന്നതായി പറയുന്നതു് പദ്യത്തിന്റെ താൽപര്യം. അഞ്ചുവിധമായ പുഷ്പങ്ങളെക്കൊണ്ടു പഞ്ചബാണനായ കാമൻ രാധയുടെ പ്രാണാപാനാദികളായ പഞ്ചപ്രാണങ്ങളേയും അപഹരിക്കട്ടെ എന്നു സാരം. കൃഷ്ണന്റെ സംഗമം ഉണ്ടായില്ല, വീട്ടിലേയ്ക്കു മടങ്ങരുതോ എന്നുവച്ചാൽ അതിനു ഉത്തരമാണു്— 'ശ്രീകൃഷ്ണനെത്തന്നെ ശരണംപ്രാപിച്ചിരിക്കുന്ന ഞാൻ വീട്ടിലേയ്ക്കു മടങ്ങിപ്പോകുന്നില്ല' എന്നുള്ളതു്. കൃഷ്ണനാൽ ഉപേക്ഷിക്കപ്പെട്ട രാധയ്ക്കു ഗൃഹവും സന്താപകരം തന്നെ എന്നർത്ഥം. ശൈത്യത്തെക്കൊടുക്കുന്ന മലയവായുവും സംഭോഗ കാരണമായ പഞ്ചബാണനും പീഡിപ്പിച്ചു പ്രാണങ്ങളെ അപഹരിച്ചുകഴിഞ്ഞാൽ യമുനാനദി തന്റെ ഭ്രാതാവായ യമനു എന്തു സമാധാനം പറയും? ആയതുകൊണ്ടു യമുനയോടു തന്റെ ശരീരത്തെ തണുപ്പിക്കാൻ രാധ ആവശ്യപ്പെടുന്നു. തണുപ്പിച്ചു രാധയ്ക്കു പ്രാണാർപ്പണംചെയ്താൽ ഭ്രാതാവിനു ഹിതം ചെയ്തതായി ഭവിക്കുന്നു. മാധവപ്രാപ്തിയും ഉണ്ടാവാം. ദേഹദാഹം— വിരഹജന്യമായ ദേഹദാഹം. കൃതാന്തൻ നിർദ്ദയൻ. അവന്റെ ഭഗിനിയായ യമുനയ്ക്കും ദയ കൂടാത്തതാകുന്നു എന്നർത്ഥം.

(ശ്ലോകം)

പ്രാതർ നീലനിചോലമച്യുതമുരഃ സംവീതപീതാംബരം
രാധായാശ്ചകിതം വിലോക്യ ഹസതി സ്വൈരം സഖീ-
[മണ്ഡലേ

വ്രീഡാചഞ്ചലമഞ്ചലം നയനയോരാധായ രാധാനനേ
സ്വാദുസ്മേരമുഖോ യമസ്തു ജഗദാനന്ദായ നന്ദാത്മജഃ ൧൦

കവി സർഗവസാനത്തിൽ മംഗളമാചരിക്കുന്നു.

പ്രാതഃ—വെളുപ്പാൻകാലത്തിൽ (കിടക്കയിൽനിന്നുഎഴിച്ചുഉടൻ)

അച്യുതം—കൃഷ്ണനെ

നീലനിചോളം—നീല വർണമായ (രാധയുടെ) മൂടുപടത്തെ [ധരിച്ചിരിക്കുന്നവനായും

രാധായാഃ, ഉരഃ—രാധയുടെ മാറിടത്തെ

സംവീതപീതാംബരം—സംവീതമായ ധരിക്കപ്പെട്ട പീതാംബര [ത്തോടു(കൃഷ്ണന്റെ) മഞ്ഞപ്പട്ടോടുകൂടിയതായും

വിലോക്യ—കണ്ടിട്ടു

സഖീമണ്ഡലേ—സഖികളുടെ കൂട്ടം

ചകിതം—ഭയത്തോടുകൂടി

സ്വൈരം—ഇഷ്ടംപോലെ രഹസ്യമായി

ഹസതി, (സതി)—ചിരിച്ചുകൊണ്ടിരിക്കുമ്പോൾ

രാധാനനേ—രാധയുടെ ആനനത്തിൽ മുഖത്തിൽ

നയനയോഃ—(തന്റെ) കണ്ണുകളുടെ

വ്രീഡാചഞ്ചലം—വ്രീഡകൊണ്ടു ലജ്ജകൊണ്ടു ചഞ്ചലമായ [തരളമായ

അഞ്ചലം—പ്രാന്തഭാഗത്തെ (കടക്കണ്ണിനെ)

ആധായ —കയററിയിട്ടു

സ്വാദുസ്മേരമുഖഃ—സ്വാദുവാകുംവണ്ണം ആസ്വദിക്കത്തക്കവണ്ണം [സ്മേരമായ മനോഹരമായ മുഖത്തോടുകൂടിയവനായിരിക്കുന്ന

അയം, നന്ദാത്മജഃ—ഈ നന്ദന്റെ പുത്രൻ (കൃഷ്ണൻ)

ജഗദാനന്ദായ—ജഗത്തിന്റെ ആനന്ദത്തിന്നായിക്കൊണ്ടു

അസ്തു—ഭവിക്കട്ടെ.

വെളുപ്പാൻകാലത്തിൽ കിടക്കയിൽ നിന്നു എഴിച്ച ഉടൻ കൃഷ്ണനെ രാധയുടെ നീലനിറമായ മൂടുപടം ധരിച്ചവനായും, രാധയെ കൃഷ്ണന്റെ പീതാംബരം ധരിച്ചവളായും സഖിമാർ കണ്ടു ചിരിച്ചുകൊണ്ടിരിക്കുമ്പോൾ ലജ്ജാതരളമായ കടക്കണ്ണിനെ രാധയുടെ മുഖത്തിങ്കൽ അർപ്പിച്ചു മനോഹരമായ മുഖത്തോടുകൂടി വിലസുന്ന ശ്രീകൃഷ്ണൻ ലോകത്തിനു ആനന്ദത്തെ നല്കട്ടെ.

കാലത്തു കിടക്കയിൽ നിന്നൊഴിച്ചു. ഉടൻ രണ്ടുപേരും ശ്രദ്ധിക്കാതെ അവരവരുടെ വസ്ത്രങ്ങളെ മാറി ധരിച്ചു വെളിയിൽ വരികയാണുണ്ടായതു്. സഖികൾ ഇതു കണ്ടു ചിരിച്ചു. കൃഷ്ണൻ രാധയുടെ മുഖത്തെ കടാക്ഷവീക്ഷണം ചെയ്യുന്നു.

വിപ്രലബ്ധാവർണനത്തിൽ നാഗനാരായണം
എന്ന ഏഴാം സർഗം സമാപ്തമായി.

---

## വിലക്ഷലക്ഷ്മീപതി എന്ന എട്ടാം സർഗം.

(ശ്ലോകം)

അഥ കഥമപി യാമിനീം വിനീയ
സ്മരശരജർജരിതാപി സാ പ്രഭാതേ.
അനുനയവചനം വദന്തമഗ്രേ
പ്രണതമപി പ്രിയമാഹ സാഭ്യസൂയമ് ൧.

### ഭാഷ

സാ വിലപ്യ നിശാം നീത്വാ
രാവിലേ വന്നു നമ്രനാം
ദേവനോടാഹ സാസൂയ-
മേവമായത്തുദീയ്യതേ.

ഇവ്വണ്ണം കൃഷ്ണശരണയായി കേണു കഴിഞ്ഞു കൂടുന്ന രാധയുടെ മുമ്പിൽ ആത്മത്രാണപരായണനായ ഭഗവാൻ ആവിർഭവിച്ചു. മാനിനികളായ സുന്ദരിമാരുടെ മാനം നായകന്റെ മുമ്പിൽ അതിമാനമായിത്തീരുന്നു എന്നു ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു—

അഥ, യാമിനീം—അനന്തരം (ആ) രാത്രിയെ
കഥം, അപി, വിനീയ—ഒരുവിധത്തിൽ കഴിച്ചിട്ടു്
സ്മരശരജർജരിതാ, അപി—സ്മരശരങ്ങളാൽ കാമബാണങ്ങളാൽ
[ജർജരിതയായിരുന്നാലും തകന്നവളായിരുന്നാലും
സാ, പ്രഭാതേ—അവൾ (രാധ) പ്രഭാതകാലത്തിൽ
അഗ്രേ—മുമ്പിൽ (വന്ന)
പ്രണതം, അപി—നമസ്കരിച്ചവനായിരിക്കുന്നവനും
അനുനയവചനം—സമാധാനവചനത്തെ
വദന്തം—പറയുന്നവനായിരിക്കുന്നവനും ആയ
പ്രിയം—പ്രിയനോടു (കൃഷ്ണനോടു)
സാഭ്യസൂയം—അസൂയയോടുകൂടി
ആഹ—(ഇവ്വണ്ണം) പറഞ്ഞു.

അനന്തരം കാമപീഡിതയായ രാധ ആ രാത്രി ഒരുവിധം കഷ്ടപ്പെട്ടു കഴിച്ചുകൂട്ടി. പിന്നെ വെളുപ്പിനു പ്രിയനായ കൃഷ്ണൻ അവളുടെ മുമ്പിൽ വന്നു നമസ്കരിച്ചു സമാധാനവാക്കുകൾ പറഞ്ഞു രാധയെ ആശ്വസിപ്പിച്ചുതുടങ്ങി. അവ്വണ്ണമുള്ള കൃഷ്ണനോടു രാധ അസൂയയോടുകൂടിയവളായി താഴെ പറയുംപ്രകാരം പറഞ്ഞു.

പിറേറദിവസം വെളുപ്പിനു കൃഷ്ണൻ രാധയുടെ അടുക്കൽവന്നു നമസ്കരിച്ചു സമാധാനവചനങ്ങൾ പറയുന്നതും, ഖണ്ഡിതയായ നായികയായ രാധ പരുഷവചനങ്ങൾ പറഞ്ഞു കൃഷ്ണൻെറ പരനാരികളിലുള്ള സംഭോഗത്തെ ആക്ഷേപിക്കുന്നതും, ശ്രീകൃഷ്ണനെ തിരസ്കരിക്കുന്നതും, കൃഷ്ണൻ ലജ്ജിതനാകുന്നതും മററും ഈ സർഗത്തിലെ പ്രതിപാദ്യം. വിലക്ഷലക്ഷ്മീപതി എന്നാണ് സർഗത്തിലെ പേര്. വിലക്ഷനായ് ലജ്ജിതനായ ലക്ഷ്മീപതിയെ അധികരിച്ചുള്ള സർഗം എന്നർത്ഥം.

## അഷ്ടപദി ൧൭.

ഭൈരവീരാഗേണ ഗീയതേ യതിതാലേന വാദ്യതേ.

൧. രജനിജനിതഗുരുജാഗരരാഗകഷായിതമലസനിമേഷം
വഹസി നയനമനുരാഗമിവ സ്ഫുടമുദിതരസാഭിനിവേശം
ഹരി ഹരി യാഹി മാധവ യാഹി കേശവ മാ വദ കൈ-
[തവവാദം
താമനുസര സരസീരുഹലോചന യാ തവ ഹരതി വിഷാ-
[ദം.

൨. കജ്ജലമലിനവിലോചനചുംബനവിരചിതനീലിമരൂപം
ദശനവസനമരുണം തവ കൃഷ്ണ തനോതി തനോരനു-
[രൂപം (ഹരിഹരി...)

൩. വപുരനുഹരതി തവ സ്മരസംഗരഖരനഖരക്ഷതരേഖാ
മരകതശകലകലിതകലധൗതലിപേരിവ രതിജയലേ-
[ഖം.

൪. ചരണകമലഗലദലക്തകസിക്തമിദം തവ ഹൃദയമുദാരം
ദർശയതീവ ബഹിർ മദനദ്രുമനവകിസലയപരിവാരമ്
(ഹരിഹരി...)

൭. ദശനപദം ഭവദധരഗതം മമ ജനയതി ചേതസി ഖേദം
കഥയതി കഥമധുനാപി മയാ സഹ തവ വപുരേതദഭേദം
(ഹരിഹരി...)

൮. വപുരിവ മലിനതരം തവ കൃഷ്ണ മനോ/പി ഭവിഷ്യതി
[നൂനം

കഥമഥ വഞ്ചയസേ ജനമനുഗതമസമശരജ്വരദൂനം
(ഹരിഹരി...)

൯. ഭ്രമതി ഭവാനബലാകബലായ വനേഷു കിമത്ര വിചിത്രം
പ്രഥയതി പൂതനികൈവ വധൂവധനിർദയബാലചരിത്രം
(ഹരിഹരി...)

൧൦. ശ്രീജയദേവഭണിതരതിവഞ്ചിതഖണ്ഡിതയുവതിവിലാപം
ശൃണുത സുധാമധുരം വിബുധാ വിബുധാലയതോ/പി-
[ദുരാപം (ഹരിഹരി....)

ഭാഷ

## പതിനേഴാം അഷ്ടപദി.

മലഹരി—അടന്തം.

൧. രാത്രിയിലൊരുത്തിയുമായി രമിച്ചനു-
രാഗജാഗരകഷായിതമായിരിക്കും
നേത്രവുംവഹിച്ചു സൗഭാഗ്യം കാട്ടുവാനെന്റെ
നേരേവന്നുനില്പാനിന്നാരുചൊല്ലികൃഷ്ണാ
പോക കേശവ വല്ലേടത്തും നീ
കോകകാമിനിയല്ല ഞാൻ ഭവാൻ
രാകഴിയുമ്പോൾ പോന്നുവന്നീടുവാൻ ചക്ര-
വാകവുമല്ലെന്നു വഴിയേ ധരിച്ചാലും

൨. ഉറക്കവുമിളച്ചന്യനയനകജ്ജലംകൊണ്ടു
കറുക്കപ്പെട്ടിരിക്കുന്നൊരധരത്തെത്തന്റെ

നിറത്തിനനുരൂപമാക്കിക്കൊണ്ടിഹവന്നു
നിരത്ഥമാംവണ്ണം നില്പാനാരുചൊല്ലി (പോക....)
൩. നവങ്ങളാം നഖവ്രണങ്ങളെക്കൊണ്ടങ്കിതമായ
നവവപുസ്സവളുടെ രതിപാരവശ്യം
വിവരണംചെയ്യുന്നു ശിവ ശിവ ജീവനുള്ള ഈ
ശവത്തിനിന്നിതൊക്കയും കാണുമാറായല്ലോ (പോക...)
൪. ഹന്ത തവാധരത്തിങ്കലകപ്പെട്ട
ദന്തവ്രണം കണ്ടിന്നിക്കെത്രയും
സന്താപമേറുന്നു മുറിവെൻമുഖമായ
ചെന്തളിരിന്മേലില്ലായ്കമൂലം (പോക...)
൫. കുറുത്തേറും ശരീരത്തെപ്പോലെ നിൻെറമനസ്സും
കറുത്തിരിക്കുന്നുവെന്നവസ്ഥയാ തോന്നിപ്പുറത്തീന്നു
വരുത്തിയ മാനിനിമാരെയെല്ലാം
പുറത്താക്കിച്ചതിച്ചേച്ചു പോമോമററാരാൻ (പോക...)
൬. വഞ്ചിച്ചു മാനേല്പംമിഴിമാരെ വധിപ്പാൻ
സഞ്ചരിക്കുന്നു ഭവാൻ വനംതോറും
കിഞ്ചനമൂല തന്നെ പൂതനയെത്തന്നെ
പഞ്ചതയെ നയിപ്പിച്ചില്ലെ നീ ബാല്യേ (പാക....)
൭. നമ്പിയ നാരിയുടെ കാലിലിഴുകിയ
ചെമ്പഞ്ഞിച്ചാറുനിൻമാറത്തിപ്പൊഴും
അൻപോടകത്തുള്ള മാരമരത്തിൻെറ
കൊമ്പുതളിർത്തോണം കാണപ്പെടുന്നു (പോക...)
൮. കേൾക്ക വിദഗ്ദ്ധന്മാരേ ജയദേവൻ വർണ്ണിച്ച
കേശവവഞ്ചിതഖണ്ഡിതസ്ത്രീയുടെ
നാക്കുമ്മേനുദിച്ച വിലാപം നിങ്ങൾക്കൊരു
നാളും ഭവതാപം ഭവിക്കയില്ലാർക്കും (പോക...)

മാധവ—അല്ലയോ മാധവ!
യാഹി—(ഇവിടെ നിന്നു) പോയാലും.
കേശവ—അല്ലയോ കേശവ!

യാഹി—(ഇവിടെനിന്നു) പോയാലും.

കൈതവവാദം—കള്ളമൊന്നും

മാ,വദ—പറയേണ്ട.

ഹരിഹരി—കഷ്ടം കഷ്ടം.

സരസീരുഹലോചന—അല്ലയോ താമരക്കണ്ണനായുള്ളോവേ!

യാ, തവ, വിഷാദം—യാതൊരുത്തി നിന്റെ ഖേദത്തെ

ഹരതി, താം, അനുസര—തീക്കുന്നുവോ. അവളെ അനുസരിച്ചാലും.

രജനിജനിതഗുരുജാഗരരാഗകഷായിതം—രജനിയിങ്കൽ രാത്രിയിങ്കൽ ജനിതമായ ഉണ്ടായ ഗുരുവായ മഹത്തായ ജാഗരത്താൽ ഉറക്കമില്ലായ്മയാൽ ഉണ്ടായ രാഗത്താൽ രക്തതയാൽ കഷായിതമായും [അല്പം ലോഹിതമായും

അലസനിമേഷം—അലസമായ മന്ഥരമായ നിമേഷത്തോടു [അടപ്പോടുകൂടിയതായും

സ്ഫുടം—സ്പഷ്ടമായും

ഉദിതരസാഭിനിവേശം—ഉദിതമായ ഉണ്ടായതായ രസത്തിന്റെ ശൃംഗാരത്തിന്റെ അഭിനിവേശത്തോടു ആഗ്രഹത്തോടു കൂടിയതായും [ആയ

നയനം, അനുരാഗം, ഇവ—കണ്ണിനെ അനുരാഗം എന്ന

വഹസി—നീ ധരിക്കുന്നു. [പോലെ

അല്ലയോ മാധവ! അല്ലയോ കേശവ! നീ പോയാലും. കള്ളമൊന്നും ഇവിടെ പറയേണ്ട. നിന്റെ കണ്ണു രാത്രി ഉറക്കമില്ലാതെ കലങ്ങിയും അല്പം ചിമ്പിയും കാമാവേശംപൂണ്ടും മൂത്തമായ അനുരാഗമെന്നപോലെ ഇരിക്കുന്നു.

അവ്യയങ്ങളുടെ അർത്ഥം അനന്തമാകയാൽ ഹരിഹരി എന്ന അവ്യയം ഖേദവാചകമാകുന്നു. അല്ലെങ്കിൽ രാധയുടെ സ്തോഭത്തെ സൂചിപ്പിക്കുന്നു. ഖണ്ഡിതയായ രാധ മുമ്പിൽവന്നു പ്രണതനായ കൃഷ്ണനോടു ഈർഷ്യയുള്ളവളായി പറയുന്നു. മാധവൻ—ലക്ഷ്മീപതി. ലക്ഷ്മീപതി ആയതിനാൽ അന്യാസക്തനായ നീ അന്യയായ എന്നെ എന്തിനു വഞ്ചിക്കുന്നു എന്നു സാരം. വെളുപ്പാൻ കാലത്തിൽകമലം അർദ്ധമുകുളിതമായി കാണപ്പെടുന്നതുപോലെ നിന്റെ കണ്ണു രാത്രിഉറക്കമില്ലാത്തതിനാൽ ആലസ്യം നിമിത്തം അർദ്ധമുകുളിതമായിരിക്കുന്നു എന്നുള്ള താത്പര്യം 'സരസീരുഹലോചന' എന്ന സംബോധനംകൊണ്ടു സൂചിതമായിരിക്കുന്നു. സരസീരുഹം എങ്ങനെ രാത്രിയിൽ അടഞ്ഞും

വെളുപ്പാൻ കാലത്തിൽ തുറന്നും ഇരിക്കുമോ അതുപോലെ നിന്റെ കണ്ണു എന്റെ വിഷയത്തിൽ രാത്രി അടഞ്ഞും ഇപ്പോൾ തുറന്നും ഇരിക്കുന്നു. സരസീരുഹം — ആമ്പൽ എന്നർത്ഥം. ആമ്പൽ രാത്രി വിടന്നും പകൽ അടഞ്ഞും ഇരിക്കുന്നതാണല്ലോ. രാത്രി ഏതോ ഒരു ഗോപിയോടുകൂടി രമിച്ചതുകൊണ്ടു് കൃഷ്ണനു ഉറക്കമില്ലാതെ പോയതായി രാധ വിചാരിക്കുന്നു.

'ലക്ഷ്മീപതിരത്നാവലി' എന്ന പതിനേഴാം പ്രബന്ധം ആരംഭിക്കുന്നു. മൂന്നും നാലും വരികൾ ധ്രുവപദം ആകയാൽ എല്ലാ പദങ്ങളോടും ചേർത്തുപാടിക്കണം. കാമപീഡിതയായ രാധ അന്യസ്ത്രീയുടെ നഖക്ഷതാദികളെ കൃഷ്ണങ്കൽ കാണുന്നവളായി ദുഃഖംവർദ്ധിച്ചു തന്റെ വിരഹദുഃഖത്തെ മറന്നു പറയുന്നതാണു ഈ ഗീതപ്രബന്ധത്തിന്റെ വിഷയം.

രണ്ടാംപദം —

കൃഷ്ണൻ തന്നെ അന്വേഷിച്ചു രാത്രി മുഴുവനും അലഞ്ഞുനടന്നതുകൊണ്ടാണു് ഉറക്കമില്ലാതെ ആലസ്യമുണ്ടായതു എന്നു ശങ്കിക്കാൻ വകയില്ലെന്നു ഈ പദത്തിൽ പ്രസ്താവിക്കുന്നു —

കൃഷ്ണ — അല്ലയോ കൃഷ്ണാ!

കജ്ജലമലിനവിലോചനചുംബനവിരചിതനീലിമ — കജ്ജലത്താൽ മഷിയാൽ മലിനങ്ങളായ മാലിന്യത്തെ പ്രാപിച്ചിരിക്കുന്ന വിലോചനങ്ങളുടെ കണ്ണുകളുടെ ചുംബനത്താൽ വിരചിതമായ പററിയ [നീലിമയോടു നീലനിറത്തോടു കൂടിയതും

അരുണം — സ്വതേ ചുമന്നിരിക്കുന്നതും ആയ

തവ, ദശനവസനം — നിന്റെ അധരം

തനോഃ — ശരീരത്തിനു

അനുരൂപം, രൂപം — യോജിച്ചതായ സ്വരൂപത്തെ

തനോതി — വർദ്ധിപ്പിക്കുന്നു.

അല്ലയോ കൃഷ്ണ! നിന്റെ അധരം ഏതോ ഒരുത്തിയുടെ മഷി എഴുതിയ കണ്ണുകളിൽ ഉമ്മവയ്ക്കുകയാൽ നീലനിറമായിത്തീർന്നു നിന്റെ ശരീരകാന്തിയെ വർദ്ധിപ്പിക്കുന്നു.

കൃഷ്ണന്റെ ശരീരം സ്വതേതന്നെ ശ്യാമവർണ്ണമാണു്. ഇപ്പോൾ അധരവും ശ്യാമമായിരിക്കുന്നു.

മൂന്നാംപദം—

(കൃഷ്ണ—അല്ലയോ കൃഷ്ണ!)

സ്മരസംഗരഖരനഖരക്ഷതരേഖം—സ്മരസംഗരത്തിൽ കാമയുദ്ധ ത്തിൽ ഉണ്ടായ ഖരങ്ങളായ തീക്ഷ്ണങ്ങളായ നഖരങ്ങളുടെ നഖങ്ങ [ളുടെ രേഖയോടു പാടുകളോടുകൂടിയ

തവ, വപുഃ—നിൻെറ ശരീരം

മരകതശകലകലിതകലധൗതലിപേഃ—മരകതശകലത്തിൽ നീ ലമണിഖണ്ഡത്തിൽ കലിതമായ നിർമ്മിതമായ കലധൗതലിപിയെ [സുവർണ്ണാക്ഷരത്തെ സംബന്ധിച്ച

രതിജയലേഖം—സുരതവിജയപ്രശസ്തിയെ

അനുഹരതി, ഇവ—അനുകരിക്കുന്നതുപോലെ ഇരിക്കുന്നു.

അല്ലയോ കൃഷ്ണ! സുരതക്രീഡയിൽ ഉണ്ടായ നഖക്ഷതങ്ങളോടു കൂടിയ നിൻെറ ശരീരം സുവർണ്ണംകൊണ്ടു് എഴുതപ്പെട്ട സുരതവിജയ പ്രശസ്തിയോടുകൂടിയ ഇന്ദ്രനീലശിലപോലെ ഇരിക്കുന്നു.

കൃഷ്ണൻെറ നീലമേഘശ്യാമളമായ ദേഹം ഇന്ദ്രനീലശിലയ്ക്കു തുല്യം. അതിലുള്ള നഖപ്പാടുകൾ സുവർണ്ണാക്ഷരങ്ങൾക്കു് തുല്യം. ഇതു ശരീരമല്ല, പിന്നെയോ 'എന്നാൽ എല്ലാം ജയിക്കപ്പെട്ടിരിക്കുന്നു.' എന്നു കാമികളെ ഉദ്ദേശിച്ചുള്ള ലേഖമാണു് എന്നർത്ഥം.

നാലാംപദം—

വരുന്ന വഴിക്കു് മുള്ളുകൾകൊണ്ടുള്ള പാടുകൾ ശരീരത്തിൽ കാണ പ്പെടുന്നു എന്നല്ലാതെ നഖക്ഷതങ്ങളല്ല എന്നുവച്ചാൽ അതിനു പറ യുന്നു—

(കൃഷ്ണ—അല്ലയോ കൃഷ്ണ!)

ഉദാരം—മഹത്തും

ചരണകമലഗലദലക്തകസിക്തം—(ഏതോ ഒരുത്തിയുടെ) ചര ണകമലത്തിൽ നിന്നു ഗലത്തായ സ്രവിച്ച അലക്തകത്താൽ ചെമ്പ [ഞ്ഞിച്ചാറിനാൽ സിക്തവും നനയ്ക്കപ്പെട്ടതും ആയ

ഇദം, തവ, ഹൃദയം—ഈ നിൻെറ മാറിടം

മദനദ്രുമനവകിസലയപരിവാരം—മദനദ്രുമത്തിൻെറ കാമവൃ ക്ഷത്തിൻെറ നവകിസലയങ്ങളുടെ പുത്തൻ തളിരുകളുടെ പരിവാര [ത്തെ സമൂഹത്തെ

ബഹിഃ—വെളിയിൽ (സ്പഷ്ടമായി)

ദർശയതി, ഇവ—കാണിക്കുന്നതുപോലെ ഇരിക്കുന്നു.

അല്ലയോ കൃഷ്ണ! ഏതോ ഒരുത്തിയുടെ കമലസദൃശമായ കാലിൽ നിന്നു ഒഴുകിയ ചെമ്പഞ്ഞിച്ചാറു നിന്റെ ഹൃദയത്തിൽ പററിപ്പിടിച്ചു കാമദേവനാകുന്ന മരം സമൃദ്ധമായി തളിർത്തിരിക്കുന്നതിനെ സ്പഷ്ടമായി കാണിക്കുന്നു.

കൃഷ്ണന്റെ അലക്തകസിക്തമായ ഹൃദയപ്രദേശം കൃഷ്ണന്റെ അന്യനായികയിങ്കലുള്ള ആസക്തിയേയും പ്രീതിവിശേഷത്തേയും സൂചിപ്പിക്കുന്നു. ഹൃദയത്തിനകത്തു വളൎന്നിരിക്കുന്ന കാമവൃക്ഷത്തിന്റെ സമൃദ്ധമായ തളിരായി മാറിടത്തിൽ ചുവപ്പായി കാണപ്പെടുന്നു എന്നൎത്ഥം. സേകത്താൽ വികാസത്തെ പ്രാപിച്ച വൃക്ഷത്തിൽ സമൃദ്ധമായി തളിരുകൾ ഉണ്ടാകുന്നതു സ്വഭാവമാണ്. അന്യസ്ത്രീയുടെ ചരണകമലത്തെ നെഞ്ചത്തു ധരിച്ചു രമിച്ചവൻ എന്നു സാരം. മാറത്തു കാണപ്പെടുന്ന ചുവപ്പു രാധയുടെ മൂൎത്തമായ കോപമായി പ്രകാശിക്കുന്നു എന്നു താൽപര്യം.

അഞ്ചാംപദം—

(കൃഷ്ണ—അല്ലയോ കൃഷ്ണ!)

ഭവദധരഗതം—നിന്റെ ചുണ്ടിൽ കാണപ്പെടുന്ന

ദശനപദം—(ഏതൊ ഒരുത്തിയുടെ) ദന്തക്ഷതം കടിച്ചതുകൊ[ണ്ടുള്ള പല്ലിന്റെ പാട്

മമ, ചേതസി, ഖേദം—എന്റെ ഹൃദയത്തിൽ ദുഃഖത്തെ

ജനയതി—ജനിപ്പിക്കുന്നു.

ഏതത്, തവ, വപുഃ—ഈ നിന്റെ ശരീരം

അധുനാ, അപി, മയാ, സഹ—ഇപ്പൊഴും എന്നോടുകൂടി

കഥം, അഭേദം—എങ്ങനെ ഭേദമില്ലായ്മയെ

കഥയതി—കഥിക്കുന്നു?

അല്ലയോ കൃഷ്ണ! നിന്റെ അധരത്തിൽ പതിഞ്ഞു കാണപ്പെടുന്ന ദന്തക്ഷതം എനിക്കു വേദനയെ ഉണ്ടാക്കുന്നു. നിന്റെ ഈ ശരീരം എന്റേതിനോടു ഭേദമില്ലാതെ ഇരിക്കുന്നതെങ്ങിനെ?

അഭേദം—വ്രണമുള്ളവനു വേദനയുണ്ടാകണം. ഇവിടെ വ്രണം കൃഷ്ണന്റെ അധരത്തിലും, വേദന രാധയുടെ ചിത്തത്തിലും ആകുന്നു. ആയതിനാൽ ഭേദമില്ലാതെ എങ്ങിനെ ഇരിക്കുന്നുവെന്നു രാധയുടെ ചോദ്യം.

ആറാംപദം—

ഇക്കാണുന്നതു ദശനക്ഷതമല്ല. രാധയ്ക്കു കൎണ്ണപൂരമാക്കാനായി താമരപ്പുഷ്പം പറിച്ചുകൊണ്ടിരിക്കുമ്പോൾ പുഷ്പത്തിനകത്തിരുന്നു വെളി

യിൽ ചാടിയ വണ്ട കടിച്ചു അധരം വ്രണപ്പെട്ടതാണ എന്നുവച്ചാൽ അതിനു പറയുന്നു—

കൃഷ്ണ—അല്ലയോ കൃഷ്ണ!

തവ, മനഃ, അപി—നിന്റെ ചിത്തവും

വപുഃ, ഇവ—ശരീരം എന്നപോലെ

മലിനതരം, ഭവിഷ്യതി—ഏററവും മലിനമായി ഭവിക്കും.

നൂനം, അഥ—നിശ്ചയം. അല്ലെങ്കിൽ

അസമശരജ്വരദൂനം—അസമശരനായ വിഷമശരനായ മന്മഥന്റെ ജ്വരത്താൽ കാമജ്വരത്താൽ ദൂനമായി ദൈന്യത്തെ പ്രാപിച്ചും

അനുഗതം—ശരണം പ്രാപിച്ചും ഇരിക്കുന്ന

ജനം—(എന്നെപ്പോലെയുള്ള) ജനത്തെ

കഥം, വഞ്ചയസേ—എങ്ങനെ നീ വഞ്ചിക്കുന്നു?

അല്ലയോ കൃഷ്ണ! നിന്റെ ശരീരം എന്നപോലെ മനസ്സും മലിനമാണ് നിശ്ചയം. അല്ലെങ്കിൽ നീ കാമപീഡയാൽ നിന്നെ ശരണം പ്രാപിച്ചിരിക്കുന്ന ആളിനെ വഞ്ചിക്കുമോ?

ശരണം പ്രാപിച്ച ജനത്തെ വഞ്ചിക്കുന്നതിനാൽ അകമും മലിനം എന്നർത്ഥം. നൂനം—ഉത്പ്രേക്ഷാവാചകശബ്ദം. വിതക്കാർത്ഥത്തിലും നൂനം. മലിനന്മാർ ആശ്രിതവഞ്ചന ചെയ്യുന്നവരാകുന്നു.

ഏഴാംപദം—

ചിത്തമാലിന്യത്തെപ്പററിത്തന്നെ പ്രസ്താവിക്കുന്നു—

(കൃഷ്ണ—അല്ലയോ കൃഷ്ണ!)

ഭവാൻ, വനേഷു—നീ കാട്ടകളിൽ

അബലാകബലായ—അബലകളുടെ കബലത്തിനായി കാമിജനകളെ ഗ്രസിക്കുവാനായി (പിടികൂടി രമിക്കുവാനായി)

ഭ്രമതി, അത്ര—സഞ്ചരിക്കുന്നു. ഇതിൽ

വിചിത്രം, കിം—അതിശയം എന്താണുള്ളതു്? (ഒന്നുമില്ല.)

വധൂവധനിർദയബാലചരിത്രം—വധൂവധത്തിൽ സ്ത്രീമാരണത്തിൽ നിർദ്ദയമായ ദയയില്ലാത്ത (നിന്റെ) ബാലചരിത്രത്തെ ചെറുപ്പകാലവൃത്താന്തത്തെ

പൂതനികാ, ഏവ—പൂതനതന്നെ

പ്രഥയതി—പ്രസിദ്ധമാക്കുന്നു.

അല്ലയോ കൃഷ്ണ! നീ കാട്ടകളിൽ സഞ്ചരിക്കുന്നതു പെണ്ണുങ്ങളെ ഗ്രസിക്കുവാനാണ്. ഇതിൽ എന്താണ ആശ്ചര്യമുള്ളതു്? സ്ത്രീമാരണ

ത്തിൽ നീ നിർദയൻ എന്നുള്ള നിൻെറ ബാലചരിതത്തെ പൂതന തന്നെ സ്പഷ്ടമാക്കുന്നുണ്ടല്ലോ.

'വധൂവധനിർദയ'—എന്ന പ്രത്യേകം സംബുദ്ധിപദമായും പിരിയ്ക്കാം. 'സ്ത്രീമാരണത്തിൽ ദയയില്ലാത്തവനായുള്ളോവേ!' പൂതന തന്നെ നിൻെറ ബാലചരിതത്തെ തെളിയിക്കുന്നുണ്ടല്ലോ' എന്നാർത്ഥം. പൂതന കംസൻെറ ഭഗിനി. കൃഷ്ണൻ ശിശുവായിരിക്കുമ്പോൾ പ്രബലയായ ആ രാക്ഷസി മുലകുടിപ്പിക്കാൻ എന്നമട്ടിൽ കൃഷ്ണനെ കൊല്ലാനായി വന്നു. അവളെ കൃഷ്ണൻ കൊന്നു. ഈ കഥ ഭാഗവതത്തിൽ ദശമത്തിൽ വർണിക്കപ്പെട്ടിരിക്കുന്നു. പൂതനയെപ്പോലും ഗ്രസിച്ച കൃഷ്ണൻ മററു സാധാരണ അബലകളെ ഗ്രസിക്കുനാതിൽ എന്താണു ആശ്ചര്യം എന്നു സാരം. സ്ത്രീവധം നിഷിദ്ധമായതിനാൽ ഇവിടെ നിന്ദയും ധ്വനിക്കുന്നു.

എട്ടാംപദം—

വിബുധാഃ—അല്ലയോ വിദ്വാന്മാരെ!

സുധാമധുരം—സുധയെക്കാൾ അമൃതത്തെക്കാൾ മധുരവും

വിബുധാലയതഃ, അപി—സ്വർഗലോകത്തിൽപോലും

ദുരാപം—കിട്ടാത്തതും ആയ

ശ്രീജയദേവഭണിതരതിവഞ്ചിതഖണ്ഡിതയുവതിവിലാപം— ശ്രീജയദേവകവിയാൽ ഭണിതവും വർണിക്കപ്പെട്ടതും രതിയിങ്കൽ സുരതത്തിങ്കൽ വഞ്ചിതയായ വഞ്ചിക്കപ്പെട്ട ഖണ്ഡിതയായ യുവതിയുടെ [രാധയുടെ വിലാപത്തെ പരിദേവനത്തെ

ശൃണുത—കേട്ടാലും.

അല്ലയോ പണ്ഡിതന്മാരെ! നിങ്ങൾ ശ്രീജയദേവകവിയാൽ വർണിക്കപ്പെട്ടതും അമൃതിനേക്കാൾ മധുരവും സ്വർഗത്തിൽപ്പോലും ദുർലഭവും ആയ, സുരതക്രീഡയിൽ വഞ്ചിക്കപ്പെട്ട രാധയുടെ വിലാപത്തെ കേട്ടാലും.

അമൃതു സ്വർഗത്തിൽ സുലഭമാണ്. കൃഷ്ണകഥാമൃതപാനമാകട്ടെ അവിടെയും ദുർലഭംതന്നെ. ആയതിനാൽ സുധയെക്കാൾ മധുരം. മാധുര്യം കവിതാഗുണവുമാകുന്നു. ഇവിടെ രാധ ഖണ്ഡിത നായികയാണ്. രാത്രി ഉറക്കമില്ലാതെ കലങ്ങിയ കണ്ണുകളോടുകൂടിയും അന്യസ്ത്രീയോടു രമിച്ചു നഖക്ഷതങ്ങളോടുകൂടിയും നായകൻ വെളുപ്പിനു എവിടെയോനിന്നും, വിരഹിണിയായ യാതൊരുത്തിയുടെ അടുക്കൽ ചെല്ലുന്നുവോ അവളാകുന്നു ഖണ്ഡിത എന്ന നായിക. ഇവിടെ

കൃഷ്ണൻ അങ്ങനെയാണല്ലോ രാധയുടെ അടുക്കൽ വന്നിരിക്കുന്നതു. ഖണ്ഡിത വഞ്ചിതഎന്നർത്ഥം. ഖണ്ഡിതയായ നായിക നായകൻ രമിച്ച അന്യസ്ത്രീയിൽ അസൂയയും കോപവും ഉള്ളവളായിരിക്കും. മാത്രമല്ല, അവരം നായകങ്കൽ മററു നാരിമാരുടെ സംഭോഗചിഹ്നങ്ങളെ കണ്ടു അടങ്ങുകയില്ല. വന്നിരിക്കുന്ന നായകൻെറ സമാധാനവചനങ്ങളെപ്പോലും കേരംക്കാൻ ക്ഷമയില്ലാത്തവളായി തിരസ്കരിക്കും.

'ലക്ഷ്മീപതിരത്നാവലി' എന്ന പതിനേഴാംപ്രബന്ധം
സമാപ്തമായി.

(ശ്ലോകം)

തവേദം പശ്യന്ത്യാഃ പ്രസരദനുരാഗം ബഹിരിവ
പ്രിയാപാദാലക്തച്ഛുരിതമരുണദ്യോതി ഹൃദയമ്
മമാദ്യ പ്രഖ്യാതപ്രണയഭരഭംഗേന കിതവ!
ത്വദാലോകഃ ശോകാദപി കിമപി ലജ്ജാം ജനയതി ||

ഖണ്ഡിതയായ നായികയാണെങ്കിലും രാധ പ്രൗഢഭാവത്തെ അവലംബിച്ചിട്ടു കൃഷ്ണനെ അധിക്ഷേപിക്കുന്നതു ഈ പദ്യത്തിലെ പ്രതിപാദ്യം—

കിതവ—അല്ലയോ ധൂർത്തനായുള്ളോവേ!

അദ്യ—ഇപ്പോരം

പ്രിയാപാദാലക്തച്ഛുരിതം—പ്രിയയുടെ നായികയുടെ പാദത്തിലുള്ള കാലിലുള്ള അലക്തത്താൽ ചെമ്പഞ്ഞിച്ചാറിനാൽ ഛുരിതവും [വ്യാപ്തമായതും

അരുണദ്യോതി—(ആയതുകൊണ്ടു്) അരുണമായി ചുമപ്പുനിറ [മായി ദ്യോതിയും പ്രകാശിക്കുന്നതും

ബഹിഃ, പ്രസരത്—വെളിയിൽ വ്യാപിക്കുന്നതായ

അനുരാഗം, ഇവ, (സ്ഥിതം)—അനുരാഗം പോലെയിരിക്കുന്നതും [ആയ

തവ, ഇദം, ഹൃദയം—നിൻെറ ഈ മാറിടത്തെ

പശ്യന്ത്യാഃ—കണ്ടുകൊണ്ടിരിക്കുന്ന

മമ, ത്വദാലോകഃ—എനിക്കു നിൻെറ ആലോകം ദർശനം

പ്രഖ്യാതപ്രണയഭരഭംഗേന—പ്രഖ്യാതമായ പ്രസിദ്ധമായ പ്രണയഭരത്തിൻെറ അനുരാഗാതിശയത്തിൻെറ ഭംഗത്താൽ നാശത്താൽ

ശോകാത്, അപി—ദുഃഖത്തെക്കാളും (അധികമായ)

കിമപി—എന്തോ ഒരു (അനിർവചനീയമായ)

ലജ്ജാം, ജനയതി—ലജ്ജയെ ജനിപ്പിക്കുന്നു.

അല്ലയോ ധൂർത്തനായുള്ളോവേ! പ്രിയയുടെ കാലിലേ ചെമ്പഞ്ഞിച്ചാറു പററി ചുമപ്പായിരിക്കുന്നതും, അവളോടുള്ള നിന്റെ അനുരാഗം ഉള്ളിൽകൊള്ളാതെ പുറത്തു വ്യാപിച്ചിരിക്കുന്നതായി തോന്നിക്കുന്നതും ആയ നിന്റെ മാറിടത്തെ കാണുന്ന എനിക്കു, അനുരാഗാധിക്യം നശിച്ചതിനാലുള്ള വ്യസനത്തേക്കാൾ ഏററവും വലുതായ ലജ്ജയാണു തോന്നുന്നതു്.

കൃഷ്ണദർശനത്താൽ രാധയ്ക്കു വിരഹശോകംപോയി അധികമായ ലജ്ജയാണുണ്ടായതു. മുമ്പുണ്ടായിരുന്ന ശോകത്തിനു കാരണമാണു പ്രഖ്യാതേത്യാദി വിശേഷണത്തിൽ പറയുന്നതു്. പ്രഖ്യാതം ലോകവിദിതം. അരുണദ്യോതി— സന്ധ്യാരാഗം പോലെ പ്രകാശിക്കുന്നതു എന്നാർത്ഥം. ഇവ ശബ്ദം ഉത്പ്രേക്ഷാവാചകം. കൃഷ്ണന്റെ മാറിടത്തിലുള്ള കൌസ്തുഭം ഏററവും ബഹുമാനിക്കത്തക്കതു. അതിൽ ഏതോ ഒരു നായികയുടെ കാലു പതിഞ്ഞതു രാധയ്ക്കു ലജ്ജാവഹം എന്നർത്ഥം. ലജ്ജ—'കൃഷ്ണനോടുള്ള പ്രേമവിശേഷംകൊണ്ടു സൌഭാഗ്യമദം പൂണ്ടിരുന്ന രാധ ഒരുത്തിയേയും കൂട്ടാക്കാതെ ഇരുന്നു. ആ രാധ ഇപ്പോൾ മുമ്പിൽ അന്യനായികയുടെ കാലിലെ ചെമ്പഞ്ഞിച്ചാറിനെ കാണുന്നവളായി ജീവിക്കുന്നു' എന്നിങ്ങനെ മററു യുവതികളുടെ പരഹാസത്തെ ശങ്കിക്കുന്ന രാധയ്ക്കു ശോകത്തേക്കാൾ ലജ്ജ അധികമായി ഭവിച്ചു എന്നു സാരം. ഈ പദ്യത്തിൽ ശോകം കോപം അസൂയ ലജ്ജ മുതലായവ കലർത്തി വർണ്ണിച്ചിരിക്കുന്നതിനാൽ ഭാവശബളതയ്ക്കു ഇതു ഉദാഹരണമാകുന്നു.

(ശ്ലോകം)

അന്തർമ്മോഹനമൌലിഘൂർണ്ണനചലന്മന്ദാരവിഭ്രംശന-

സ്തംഭാകർഷണദൃഷ്ടിഹർഷണമഹാമന്ത്രഃ കുരംഗീദൃശാം്.

ദൃപ്യദ്ദാനവദൂയമാനദിവിഷദ്ദുർവ്വാരദുഃഖാപദാം

ഭ്രംശഃ കംസരിപോർ വിപോലയതു വഃ ശ്രേയാംസി വംശീ-

[രവഃ നു.

സർഗാവസാനത്തിങ്കൽ കവി മംഗളമാചരിക്കുന്നു—

കംസരിപോഃ—കംസശത്രുവായ കൃഷ്ണൻെറ

ദൃപ്യദ്ദാനവദൂയമാനദിവിഷദ്ദുർവാരദുഃഖാപദാം —ദൃപ്യത്തുക്കളായ അഹങ്കാരികളായ ദാനവന്മാരാൽ അസുരന്മാരാൽ ദൂയമാനന്മാരായ ദുഃഖിക്കുന്ന ദിവിഷത്തുക്കളുടെ ദേവന്മാരുടെ ദുർവാരങ്ങളായ [പരിഹരിക്കാൻ വയ്യാത്ത ദുഃഖത്തിനും ആപത്തുക്കൾക്കും

ഭ്രംശഃ —നാശഹേതുവും

കുരംഗീദൃശാം—കുരംഗിയുടെ മാൻപേടയുടെ ദൃക്കുപോലെയുള്ള [ദൃക്കോടു കണ്ണോടു കൂടിയവർക്കു (സുന്ദരിമാൎക്കു)

അന്തർമോഹനമൌലിഘൂർണ്ണനചലന്മന്ദാരവിഭ്രംശനസ്തംഭാകർഷണദൃഷ്ടിഹർഷണമഹാമന്ത്രഃ—അന്തർമോഹനം മനോമോഹനം, മൌലിഘൂർണ്ണനം ശിരഃകമ്പനം, ചലന്മന്ദാരവിഭ്രംശനം ചലത്തുക്കളായ ഇളകുന്നതുകളായ മന്ദാരപുഷ്പങ്ങളുടെ വിഭ്രംശനം പാതം, സ്തംഭാകർഷണം തൂണോടു ചേർക്കുക, ദൃഷ്ടി ബാധ, ഹർഷണം സന്തോഷത്തെ ജനിപ്പിക്കുക, ഇവയെ ഉണ്ടാക്കുന്ന മഹാമന്ത്രം പോലെയുള്ളതും ആയ

വംശീരവഃ, വഃ—വേണുനാദം നിങ്ങൾക്കു (ഭക്തന്മാൎക്കു)

ശ്രേയാംസി, വിദധാതു—നന്മകളെ വളർത്തട്ടേ

ശ്രീകൃഷ്ണൻെറ വേണുനാദം അഹങ്കാരികളായ അസുരന്മാരുടെ ഉപദ്രവത്താൽ സങ്കടപ്പെടുന്ന ദേവന്മാരുടെ സങ്കടത്തെ ഇല്ലായ്മ ചെയ്യുന്നതു്. സുന്ദരിമാരുടെ മനസ്സിനെ ഇളക്കുന്നതു്. വേണുനാദം കേട്ടു രസിക്കുന്ന അവരുടെ കുലുങ്ങുന്ന മുടിയിൽ നിന്നും മന്ദാരപുഷ്പത്തെ പതിപ്പിക്കുന്നതു. വേണുനാദം കേട്ടു രസിക്കുന്ന അവൎക്കു ആധാരമില്ലാതെ തന്നത്താൻ നില്ക്കുവാൻ അസാദ്ധ്യമാക്കുന്നതു്. വേണുനാദം അവരെ ബാധപിടിച്ചവരെപ്പോലെയും സന്തുഷ്ടകളായും ആക്കിത്തിക്കുന്നു.

കൃഷ്ണൻെറ ഓടക്കുഴൽവായന കേട്ടു സുന്ദരീമാരെല്ലാരും ഇവ്വണ്ണം പല അവസ്ഥകളെ പ്രാപിക്കുന്നു. മഹാമന്ത്രങ്ങൾ കർമസാധകങ്ങൾ എന്നപോലെ മഹാമന്ത്രതുല്യമായ വംശീരവവും സുന്ദരിമാരെ സംബന്ധിച്ച ഇപ്പറഞ്ഞ ആറു കാൎയ്യങ്ങളെ സാധിക്കുന്നു എന്നു സാരം. മഹാമന്ത്രത്തിനെന്നപോലെ സംഗീതത്തിനും മോഹത്തെ ജനിപ്പിക്കുക ദുഃഖത്തെ നശിപ്പിക്കുക മുതലായവ ഉണ്ടു്. മൌലിഘൂർണ്ണനം—സംഗീതം കേട്ടു മോഹമുണ്ടായാൽ 'ഭേഷ് ഭേഷ്' എന്നു തല കുലുക്കി പ്രശംസിക്കുക പതിവാണല്ലോ.

ഇങ്ങനെ ഖണ്ഡിതാവൎണ്ണനയിൽ 'വിലക്ഷലക്ഷ്മീപതി'
എന്ന എട്ടാം സർഗം സമാപ്തമായി.

# മുഗ്ദ്ധമുകുന്ദം എന്ന

## ഒൻപതാം സർഗ്ഗം.

(ശ്ലോകം)

താമഥ മന്മഥഖിന്നാം
 രതിരസഭിന്നാം വിഷാദസമ്പന്നാം
അനുചിന്തിതഹരിചരിതാം
 കലഹാന്തരിതാ മുവാച രഹസി സഖീ.

ഭാഷ

ഏവങ്കാരം വിരഹവിധുരാ രാധ കോപിച്ചുപാന്തേ
 മേവും കൃഷ്ണം വിരവൊടു വിനിർഭത്സ്യ ചെമ്മേ മറ-
 [ഞ്ഞാൾ
താവൽപാളീ സഖിയോടു പറഞ്ഞു രഹസ്സാമപൂർവം
 ഗോവിന്ദം നീ പ്രണിനിനിരസിച്ചാളതത്യന്തകഷ്ടം

മുമ്പിലത്തെ സർഗത്തിൽ ഖണ്ഡിതയായ രാധയുടെ ചരിത്രം വർണ്ണിച്ചു. ഇപ്പൊണ്ണം പ്രണയകോപം നിമിത്തം കൃഷ്ണനെ അധിക്ഷേപിച്ചിട്ടു കലഹാന്തരിതയായി പശ്ചാത്തപിക്കുന്ന രാധയോടു സഖി പറയുന്നതായി ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു—

അഥ—അനന്തരം

മന്മഥഖിന്നാം—മന്മഥനാൽ കാമനാൽ ഖിന്നയും ദുഃഖിതയും [(കാമപീഡിതയും)

രതിരസഭിന്നാം—രതിരസത്താൽ ശൃംഗാരരസത്താൽ ഭിന്നയും ഭേദത്തെ പ്രാപിച്ചവളും (കൃഷ്ണനോടുള്ള സംഭോഗതാത്പര്യത്താൽ [ഭാവശബലതയെ പ്രാപിച്ചവളും

വിഷാദസമ്പന്നാം— ഉദ്വേഗത്തോടുകൂടിയവളും

അനുചിന്തിതഹരിചരിതാം—അനുചിന്തിതമായ അനുചിന്തനം ചെയ്യപ്പെട്ട ധ്യാനിക്കപ്പെട്ട ഹരിചരിതത്തോടു കൃഷ്ണന്റെ ചേഷ്ടിത [ത്തോടു കൂടിയവളും

കലഹാന്തരിതാം — കലഹത്താൽ അന്തരിതയും പിണങ്ങിപ്പിരി [ഞ്ഞവളും ആയ

താം — അവളോടു (രാധയോടു)

രഹസി — രഹസ്യമായി

സഖീ, ഉവാച — സഖി പറഞ്ഞു.

കലഹാന്തരിതയായ രാധ ഇപ്പോൾ കാമപീഡിതയായിരിക്കുന്നു. സുരതത്തിൽ ആഗ്രഹത്താൽ കൃഷ്ണൻെറ സംഗമം ഉണ്ടാകാതെ കുഴങ്ങിയിരിക്കുന്നു. പശ്ചാത്തപിക്കുന്നു. കൃഷ്ണൻെറ ചേഷ്ടിതങ്ങളെത്തന്നെ ധ്യാനിക്കുന്നവളായിരിക്കുന്നു. അവ്വണ്ണമുള്ള രാധയോടു സഖി താഴെപറയുംപ്രകാരം പറഞ്ഞു.

പ്രണയകോപാതിശയത്താൽ ഭയന്നു സാന്ത്വനവാക്കുകൾ പറയുന്ന പ്രാണനായകനെ അതുമിതും പറഞ്ഞു തിരസ്കരിച്ചു കാമപീഡയാൽ ദുഃഖിച്ചുകൊണ്ടിരിക്കുന്ന നായിക കലഹാന്തരിതയാകുന്നു.

'മുഗ്ദ്ധമുകുന്ദം' എന്നാണു ഈ സർഗ്ഗത്തിൻെറ പേര്. മുഗ്ദ്ധനായ മുകുന്ദൻ ഇതിൽ വർണ്ണിക്കപ്പെടുന്നു. കലഹാന്തരിതയായി രാധ അടുത്തു വന്ന കൃഷ്ണനെ തിരസ്കരിച്ചതു ശരിയല്ലെന്നും മററും പറഞ്ഞു സഖി രാധയെ പശ്ചാത്താപമുള്ളവളാക്കിത്തീക്കുന്നതു ഈ സർഗ്ഗത്തിലെ പ്രതിപാദ്യമാകുന്നു.

## അഷ്ടപദി ൧൮.

ഗൂർജ്ജരീരാഗേണ ഗീയതേ യതിതാലേന വാദ്യതേ.

൧. ഹരിരഭിസരതി വഹതി മധുപവനേ.
കിമപരമധികസുഖം സഖി ഭവനേ.
മാധവേ മാ കുരു മാനിനി മാനമയേ.

൨. താലഫലാദപി ഗുരുമതിസരസം
കിം വിഫലീകുരുഷേ കുചകലശം (മാധവേ...)

൩. കതി ന കഥിതമിദമനുപദമചിരം
മാ പരിഹര ഹരിമതിശയരുചിരം (മാധവേ...)

൪. കിമിതി വിഷീദസി രോദിഷി വികലാ
വിഹസതി യുവതിസഭാ തവ സകലാ (മാധവേ.. )

൫. സജലനളിനദളശീതളശയനേ
ഹരിമവലോകയ സഫലയ നയനേ (മാധവേ...)

ന്മ. ജനയസി മനസി കിമിതി ഗുരുഖേദം
ശൃണു മമ വചനമനീഹിതഭേദം (മാധവേ....)
൭. ഹരിരുപയാതു വദതു ബഹുമധുരം
കിമിതി കരോഷി ഹൃദയമതിവിധുരം (മാധവേ...)
വൃ. ശ്രീജയദേവഭണിതമതിലലിതം
സുഖയതു രസികജനം ഹരിചരിതം (മാധവേ...)

## ഭാഷ

### പതിനെട്ടാം അഷ്ടപദി.

മദ്ധ്യമാവതി--ഏകതാളം.

മ. മാധവമാസവായുവിനോടു സഹ വന്ന
മാധവനോടു മാനം ചെയ്തതയോഗ്യം
കേൾക്ക നീ കേവലമെന്നുടെ വാക്യമിദം
വ. പനങ്കായെക്കാട്ടില്ലാ മുഴുത്ത മുലകളുടെ
കനംകൊണ്ടെന്തൊരുഫലം കണവനെപ്പുണരാഞ്ഞാൽ
ന. അരുമരമേശനെ ലഭിപ്പാനൗദാസീന്യം
അരുതരുതെന്നു ഞാനെത്രപറഞ്ഞു (കേൾക്ക....)
ർ. സ്ത്രീകളെല്ലാപേരും ചിരിക്കുന്നു സഖി
നീ കരയുന്നതു കേട്ടിട്ടിദാനീം കേൾക്ക....)
ര. നളിനദളനയനേ നാഥനെക്കാൺകനീ
നയനസാഫല്യം ലഭിപ്പാൻ വഴിപോലെ (കേൾക്ക....)
ന്മ. എന്തിനു പഴതേ ഖേദിക്കുന്നു
സന്തതമജനൊടു ചേരുകനല്ലു (കേൾക്ക...)
൭. ഹരി വന്നരികെ വിരഹസന്താപത്തെ
ഹരിക്കട്ടെ ഭവതിയെ രമിപ്പിച്ചിടട്ടേ (കേൾക്ക...)
വൃ. ജയദേവരചനയെജ്ജപിപ്പിനെല്ലാവരും
ജനങ്ങളെ ലോകം രണ്ടുമടങ്ങണമെങ്കിൽ (കേൾക്ക...)

'അമന്ദമുകുന്ദം' എന്ന ഗീതപ്രബന്ധം ആരംഭിക്കുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആകയാൽ എല്ലാംപദങ്ങളോടും ചേർത്തു വഠി

ക്കണം. സഖി രാധയോടു എന്തു പറഞ്ഞു എന്നുള്ളതിനെ ഈ പ്രബന്ധത്തിൽ വർണ്ണിക്കുന്നു—

ഒന്നാംപദം—

അയേ, മാനനി– അല്ലയോ മാനവതിയായ രാധേ!

മാധവേ, മാനം—കൃഷ്ണങ്കൽ മാനത്തെ

മാ, കുരു—ചെയ്യാതെ.

സഖി—അല്ലയോ സഖിയായ രാധേ!

മധുപവനേ—മധുവിങ്കൽ വസന്തകാലത്തിങ്കൽ പവനൻ [വായു

വഹതി—വീശിക്കൊണ്ടിരിക്കുമ്പോൾ

ഭവനേ—(നിന്റെ) ഭവനത്തിൽ (സങ്കേതസ്ഥാനത്തിൽ)

ഹരിഃ—കൃഷ്ണൻ

അഭിസരതി—അഭിസരണം ചെയ്യുന്നു. (തന്നത്താൻ ആഗ്രഹമുള്ള [വനായി രഹസ്യമായി വന്നിരിക്കുന്നു.)

അധികസുഖം—(നിനക്കു) അധികമായ സൗഖ്യം

അപരം, കിം—മററു എന്താണു്? (ഒന്നുമില്ല).

അല്ലയോ മാനവതിയായ രാധികേ! നീ കൃഷ്ണനോടു കയക്കരുതു്. ഈ വസന്തമാരുതൻ വീശിക്കൊണ്ടിരിക്കുമ്പോൾ കൃഷ്ണൻ ഇതാ നിന്റെ സ്ഥാനത്തിലേയ്ക്കു നിന്നോടു സംഗമിക്കുവാനായി വരുന്നു. അല്ലയോ സഖി! ഇതിനെക്കാൾ മറെറന്തൊരു സുഖമാണുള്ളതു്?

ഭവനേ—ഭുവനേ എന്നും പാഠം. ലോകത്തിൽ എന്നർത്ഥം. ഇതിനെക്കാൾ ലോകത്തിൽ മറെറാരുസുഖം എന്താണുള്ളതു എന്നു അനുവയിപ്പിക്കണം. അയേ എന്നു സംഭ്രമത്തിൽ പറഞ്ഞതായും ആവാം. മാധവൻ_ലക്ഷ്മീപതി. ലക്ഷ്മീപതിപോലും നിന്നോടു വന്നു നല്ല വാക്കു പറയുന്നു. അഹോ നിന്റെ ഭാഗ്യം. ആയതുകൊണ്ടു അവശ്യം മാനത്തെ ത്യജിക്കണം എന്നു സഖീവചനത്തിന്റെ താത്പര്യം. മധുപവനേ—മൃദുപവനേ എന്നും പാഠം. മൃദുവായ മന്ദമായ പവനനോടുകൂടിയ എന്നർത്ഥം. കൃഷ്ണാഭിസരണത്തേക്കാൾ വലുതായ മറെറാരു സുഖം ലോകത്തിൽ എന്താണുള്ളതു എന്നുസാരം.

രണ്ടാംപദം—

താലഫലാത്, അപി—കരിമ്പനമ്പഴത്തെക്കാളും

ഗുരും—കനിനവും

അതിസരസം—വളരെ സാരസ്യമുള്ളതും (ശൃംഗാരരസത്തെ [അധികം വളൎത്തുന്നതും) ആയ

കുചകലശം—കലശംപോലെ തടിച്ച കുചത്തെ മുലയെ

വിഫലീകുരുഷേ, കിം—നീ വിഫലമാക്കി നിഷ്പ്രയോജനമാക്കി [ച്ചെയ്യുന്നതെന്തിന്?

അല്ലയോ രാധേ! കരിമ്പനയുടെ പഴത്തെക്കാൾ കാഠിന്യമുള്ളതും രതിയെ വളൎത്തുന്നതും ആയ ഈ കുചകലശത്തെ പ്രയോജനശൂന്യമാക്കി എന്തിനു ചെയ്യുന്നു?

താലഫലവും അകത്തു രസം അല്ലെങ്കിൽ ചാറുള്ളതാകുന്നു. കലശംപോലെ തടിച്ച—മാംസളം എന്നൎത്ഥം. കൃഷ്ണന്റെ കരസ്പർശം ഉണ്ടെങ്കിൽമാത്രമേ കുചകലശങ്ങൾക്കു സാഫല്യം. അതില്ലെങ്കിൽ വൈഫല്യം എന്നു സാരം. അതിമർദനത്താൽ കുചകലശം രസപ്രദമാകുന്നു. പൂൎണ്ണമായ കലശവും ഗുരുവും..(രസം) ജലം ഉള്ളതും ആകുന്നു.

മൂന്നാംപദം—

(സഖി—അല്ലയോ രാധേ!)

അതിശയരുചിരം—അതിശയത്താൽ സൌഭാഗ്യമതിശയത്താൽ [രുചിരനായ മനോഹരനായ (സൌന്ദര്യസർവ്വസ്വമായ)

ഹരിം—കൃഷ്ണനെ

മാ, പരിഹര—ത്യജിക്കരുത് (തിരസ്കരിക്കരുതു-ഉപേക്ഷിക്കരുത്).

ഇദം, അചിരം—ഇതു ഇപ്പോൾതന്നെ

അനുപദം—കൂടക്കൂടെ

(മയാ), കതി—എന്നാൽ എത്ര പ്രാവശ്യം

ന, കഥിതം—പറയപ്പെട്ടില്ല.

അല്ലയോ രാധേ! സൌന്ദൎയ്യസാരസർവ്വസ്വമായ കൃഷ്ണനെ നീ ഉപേക്ഷിക്കരുത്. അപ്പൊഴപ്പോൾ ഇക്കാൎയ്യം ഞാൻ എത്ര പ്രാവശ്യം നിന്നോടു പറഞ്ഞിരിക്കുന്നു എന്നുള്ളതിനെ നീ ഓൎത്താലും.

അനുപദം—ഓരോസ്ഥാനത്തിലും ഓരോഘട്ടത്തിലും

നാലാംപദം—

(സഖി—അല്ലയോ രാധേ!)

കിം, ഇതി, വിഷീദസി—എന്തിനു വിഷാദത്തെ പ്രാപിക്കുന്നു?

(കിം, ഇതി—എന്തിനു)

വികലം, രോദിഷി—പരവശയായി കരയുന്നു?
സകലാ,യുവതിസഭാ—സമസ്തമായ യുവതീസഭയും (തരുണികളെല്ലാം)
തവ—നിന്റെ (പ്രവൃത്തിയിൽ)
വിഹസതി—പരിഹസിക്കുന്നു (പരിഹസിക്കും).

അല്ലയോ രാധേ! നീ എന്തിനു ദുഃഖിക്കുന്നു? എന്തിനു വിഹ്വലയായി കരയുന്നു? നിന്റെ പ്രവൃത്തികണ്ടിട്ടു എല്ലാ യുവതികളും പരിഹസിക്കും.

സകലാ—കലകളോടുകൂടിയ. അറുപത്തിനാലു ശൃംഗാരകലകളിലും സമർത്ഥകളായ യുവതികൾ എന്നർത്ഥം. പരിഹസിക്കും—ഇവൾ മാനത്യാഗത്തിനായി പ്രണയിച്ച പ്രിയനെപ്പോലും ഉപേക്ഷിച്ചിട്ട് ഇപ്പോൾ വിഷമിക്കുന്നു എന്നിങ്ങനെ പരിഹസിക്കും എന്നർത്ഥം.

അഞ്ചാംപദം—

സജലനലിനദലശീതലശയനേ—സജലങ്ങളായ ജലത്തോടുകൂടിയ നളിനീദലങ്ങളുടെ താമരയിതളുകളുടെ ശീതളമായ തണുപ്പുള്ള ശയനത്തോടു കിടക്കയോടുകൂടിയവളേ! രാധേ!
ഹരിം,അവലോകയ—നീ (മുമ്പിലിരിക്കുന്ന) കൃഷ്ണനെ കണ്ടാലും.
നയനേ—(നിന്റെ) കണ്ണുകളെ
സഫലയ—സാഫല്യമുള്ളതുകളാക്കിച്ചെയ്താലും.

വിരഹസന്താപംനിമിത്തം നനവുള്ള താമരയിതളുകളെക്കൊണ്ടു ഉണ്ടാക്കപ്പെട്ട കിടക്കയിൽ ശീതോപചാരത്തിനായി കഴിഞ്ഞുകൂടുന്ന അല്ലയോ രാധേ! നിന്റെ മുമ്പിലിരിക്കുന്ന കൃഷ്ണനെക്കണ്ടാലും. നിന്റെ നേത്രങ്ങൾ സഫലങ്ങളായിത്തീർന്നാലും.

'ശയനേ' എന്നുള്ളതിനെ സപ്തമിയായും വ്യാഖ്യാനിക്കാം. അങ്ങനെയുള്ള നിന്റെ ശയനത്തിൽ വന്നിരിക്കുന്ന ഹരിയെ കണ്ടാലും എന്നന്വയം. കൃഷ്ണനെ സൽക്കരിച്ചു നിന്റെ കിടക്കയിൽ ഇരുത്തി നീ കണ്ടാലും എന്നുസാരം.

ആറാംപദം—

(രാധേ—അല്ലയോ രാധേ!)
മനസി—ചിത്തത്തിൽ
ഗുരുഖേദം—ഗുരുവായ വലുതായ ഖേദത്തെ ദുഃഖത്തെ
കിമിതി, ജനയസി—എന്തിനു ഉണ്ടാക്കിക്കൊള്ളുന്നു?

അനീഹിതഭേദം—അനീഹിതമായ ഊഹിതമല്ലാത്ത ഇച്ഛിക്കപ്പെടാത്ത ഭേദത്തോടു നിങ്ങൾ രണ്ടുപേരിലും വ്യത്യാസത്തോടുകൂടിയ

മമ,വചനം, ശൃണു—എന്റെ വാക്കിനെ നീ കേട്ടാലും.

അല്ലയോ രാധേ! എന്തിനു നീ ഇങ്ങനെ വളരെ ദുഃഖിക്കുന്നതു്? അന്യഥാ ചിന്തിക്കാതെ ഞാൻ പറയുന്നതിനെ നീ കേട്ടാലും.

വാക്കിനെ—'മാധവേ മാനം മാ കുരു' എന്നുള്ള എന്റെ വചനത്തെ. എന്റെ വാക്കു രണ്ടുപേർക്കും പ്രിയമായിരിക്കുന്നതാണു. എന്നെ നീ തെററിദ്ധരിക്കാതെ ഞാൻ പറയുംവണ്ണം കേട്ടാലും എന്നർത്ഥം. 'ഇവൾ എന്റെ സഖി, എങ്കൽ നിന്നു ഭിന്നയല്ല, എനിക്കു അനിഷ്ടമായി ഒന്നും പറയുകയില്ല' എന്നുള്ള ബുദ്ധിയോടുകൂടി ഞാൻ പറയുന്നതു കേൾക്കുക എന്നു സാരം.

എഴാംപദം—

(രാധേ—അല്ലയോ രാധേ!)

ഹരിഃ, ഉപയാതു— കൃഷ്ണൻ നിന്റെ അടുക്കൽ വരട്ടെ.

ബഹുമധുരം—വളരെ മധുരമാംവണ്ണം

വദതു—(നിന്നോടു പ്രിയമായി) സംഭാഷണം ചെയ്യട്ടെ.

ഹൃദയം, അതിവിധുരം—ചിത്തത്തെ വളരെ ദുഃഖമുള്ളതാക്കി

കിമിതി, കരോഷി— എന്തിനു ചെയ്യുന്നു.

അല്ലയോ രാധേ! കൃഷ്ണൻ നിന്റെ അടുക്കൽ വന്നു വളരെ പ്രിയമായി സംഭാഷണം ചെയ്യട്ടെ. എന്തിനു ഇങ്ങനെ ദുഃഖിച്ചു നീ ചിത്തത്തെ പരവശമാക്കിത്തീർക്കുന്നു.

എട്ടാംപദം—

ശ്രീജയദേവഭണിതം—ശ്രീജയദേവകവിയാൽ വർണ്ണിക്കപ്പെട്ടതും

അതിലലിതം—വളരെ മനോഹരവും ആയ

ഹരിചരിതം — കൃഷ്ണചരിതം

രസികജനം, സുഖയതു—സഹൃദയജനത്തെ ആനന്ദിപ്പിക്കട്ടെ.

ശ്രീജയദേവകവിയാൽ വർണ്ണിക്കപ്പെട്ടതും ഏററവും ലാലിത്യഗുണം കൊണ്ടു മനോഹരവും ആയ ഈ കൃഷ്ണന്റെ ചരിതം സഹൃദയന്മാരുടെ ആനന്ദത്തിനായി ഭവിക്കട്ടെ.

രസികജനം—കൃഷ്ണഭക്തിരസത്തെ ആസ്വദിച്ചു അനുഗ്രഹം സിദ്ധിച്ച ഭക്തജനം. അല്ലെങ്കിൽ ശൃംഗാരാദിരസത്തെ ആസ്വദിക്കുന്ന

ത്തിൽ സമർത്ഥമായ സഹൃദയജനം എന്നർത്ഥം. അതിലലിതം—ശ്രുതി ജാതി ഗ്രഹം ലയം ഇവയുടെ സാമ്യത്താൽ മനോഹരം എന്നർത്ഥം.

'അമന്ദമുകുന്ദം' എന്ന

പതിനെട്ടാംപ്രബന്ധം സമാപ്തമായി.

(ശ്ലോകം)

സ്നിഗ്ദ്ധേ യത് പരുഷാസി യത് പ്രണമതി സ്തബ്ധാസി യദ് [രാഗിണി
ദ്വേഷസ്ഥാസി യദുന്മുഖേ വിമുഖതാം യാതാസി തസ്മിൻ പ്രിയേ
തദ് യുക്തം വിപരീതകാരിണി തവ ശ്രീഖണ്ഡചർച്ചാ വിഷം
ശീതാംശുസ്തപനോ ഹിമം ഹുതവഹഃ ക്രീഡാമുദോ യാതനാഃ വ

ഈ പദ്യത്തിൽ സഖി രാധയുടെ ദുശ്ചേഷ്ടിതങ്ങളെ എടുത്തുപറഞ്ഞു രാധയെ ബോധിപ്പിക്കുന്നതായി പ്രസ്താവിക്കുന്നു—

യത്—യാതൊരു കാരണത്താൽ
സ്നിഗ്ദ്ധേ—സ്നേഹത്തോടുകൂടിയ
തസ്മിൻ, പ്രിയേ—ആ പ്രിയങ്കൽ (കൃഷ്ണങ്കൽ)
പരുഷാ, അസി—നീ കഠിനമായി ഭാഷണം ചെയ്യുന്നവളായിരി[ക്കുന്നുവോ

യത്—യാതൊരു കാരണത്താൽ
പ്രണമതി,(തസ്മിൻ)—നമസ്കരിക്കുന്ന അവങ്കൽ
സ്തബ്ധാ, അസി—നീ വഴങ്ങാത്തവളായിരിക്കുന്നുവോ
രാഗിണി—അനുരക്തനായ (അവങ്കൽ)
ദ്വേഷസ്ഥാ, അസി—ദ്വേഷം പൂണ്ടവളായിരിക്കുന്നുവോ
യത്—യാതൊരുകാരണത്താൽ
ഉൻമുഖേ—അഭിമുഖനായിരിക്കുന്ന (അവങ്കൽ)
വിമുഖതാം—വൈമുഖ്യത്തെ
യാതാ, അസി—പ്രാപിച്ചവളായിരിക്കുന്നുവോ
തത്—അക്കാരണത്താൽ
വിപരീതകാരിണി—അല്ലയോ വിപരീതമാചരിക്കുന്നവളെ!
തവ—നിനക്കു

ശ്രീഖണ്ഡചർച്ചാ—ശ്രീഖണ്ഡത്താലുള്ള ചന്ദനംകൊണ്ടുള്ള
[ചർച്ച അനുലേപം പൂച്ച്
വിഷം, ശീതാംശുഃ—വിഷമായും, ചന്ദ്രൻ
തപനഃ—തപിപ്പിക്കുന്ന സൂര്യനായും
ഹിമം, ഹുതവഹഃ—മഞ്ഞു തീയായും
ക്രീഡാമുദഃ—(സഖികളോടു) ക്രീഡിക്കുന്നതിനാൽ കളിക്കുന്നതി
[നാലുണ്ടാകുന്ന മുത്തുകൾ സന്തോഷങ്ങൾ
യാതനാഃ—തീവ്രവേദനകളായും(ഭവിച്ചിരിക്കുന്നതു)
യുക്തം—യോഗ്യംതന്നെ.

അല്ലയോ രാധേ! നിങ്കൽ പ്രിയനായിരിക്കുന്ന കൃഷ്ണനോടു നീ കഠിനയായിരിക്കുന്നു. അവൻ വന്നു കാലിൽ വീണാലും നീ കുലുക്കമില്ലാതെതന്നെ ഇരിക്കുന്നു. അവൻ നിങ്കൽ അനുരക്തനായിരിക്കുമ്പോൾ നീ അവനെ വെറുക്കുന്നു. അവൻ അഭിമുഖനായി വരുമ്പോൾ നീ വിമുഖയായി തിരിയുന്നു. ഈ നിലയ്ക്കു അല്ലയോ വിപരീതമായി പ്രവത്തിക്കുന്നവളേ! നിനക്കു ചന്ദനാനുലേപം വിഷമായും, ചന്ദ്രൻ സൂര്യനായും, മഞ്ഞു തീയായും, ക്രീഡാസുഖങ്ങൾ തീവ്രവേദനകളായും ഭവിച്ചിരിക്കുന്നതു യുക്തം തന്നെ.

പരുഷ—നിഷ്ഠുരഭാഷിണി. അഭിമുഖൻ—ആലിംഗനാദികൾക്കായി അഭിമുഖൻ. വിഷം ഭക്ഷിക്കുന്നവനെ മൂർച്ഛിപ്പിക്കുന്നു. അതുപോലെ ചന്ദനാനുലേപംമററുള്ളവക്കു സുഖപ്രദമാണെങ്കിലും രാധയെ മൂർച്ഛിപ്പിക്കുന്നു എന്നു ഭാവം. അതുപോലെ ചന്ദ്രൻ മററുള്ളവക്കു ശീതസ്വഭാവനാണെങ്കിലും രാധയെ തപിപ്പിക്കുന്നതിനാൽ രാധയ്ക്കു തപനനായി തീന്നിരിക്കുന്നു എന്നു ഭാവം. ഇങ്ങനെ വിപരീതമാചരിക്കുന്ന രാധയ്ക്കു എല്ലാം വിപരീതമായിരിക്കുന്നു എന്നത്ഥം. രാധയുടെ വിപരീതാചരണത്തെയാണു പൂവ്വാർദ്ധത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. സ്നേഹമുള്ളവങ്കൽ സ്നേഹമില്ലായ്മയും, പ്രണമിക്കുന്നവങ്കൽ ഹൃദയമില്ലായ്മയും, സമ്മുഖങ്കൽ വൈമുഖ്യവും വിപരീതമാണല്ലോ. അതുപോലെ ചന്ദനലേപം വിഷമായും, ചന്ദ്രൻ സൂര്യനായും, മഞ്ഞു തീയായും, ക്രീഡാസന്തോഷം തീവ്രവേദനയായും ആയിത്തീരുന്നതു വിപരീതം തന്നെ. വിരോധാലങ്കാരം.

(ശ്ലോകം)

സാന്ദ്രാനന്ദപുരന്ദരാദിദിവിഷദ്വൃന്ദൈരമന്ദാദരാ-
ദാനമ്രൈർ മുകുടേന്ദ്രനീലമണിഭിഃ സന്ദർശിതേന്ദിന്ദിരമ്
സ്വച്ഛന്ദം മകരന്ദസുന്ദരഗലന്മന്ദാകിനീമേദുരം
ശ്രീഗോവിന്ദപദാരവിന്ദമശുഭസ്കന്ദായ വന്ദാമഹേ. ൩

സർഗാവസാനപദ്യത്തിങ്കൽ സർവവിഘ്നങ്ങളും ശമിക്കുവാനായി കവി ഗോവിന്ദപ്രണാമരൂപമായ മംഗളം ആചരിക്കുന്നു—

സ്വച്ഛന്ദം—യഥേഷ്ടമാകുംവണ്ണം (നിരർഗളമായി)

മകരന്ദസുന്ദരഗലന്മന്ദാകിനീമേദുരം—മകരന്ദം പോലെ പുഷ്പരസം പോലെ സുന്ദരമായി മനോഹരമായി ഗളത്തായ ഒഴുകുന്ന മന്ദാ [കിനിയാൽ ഗംഗയാൽ മേദുരമായും സ്നിഗ്ദ്ധമായും

അമന്ദാദരാത്—അമന്ദമായ അധികമായ ആദരത്താൽ

ആനമ്രൈഃ—നമസ്കരിച്ചവരായിരിക്കുന്ന

സാന്ദ്രാനന്ദപുരന്ദരാദിദിവിഷദ്വൃന്ദൈഃ—സാന്ദ്രമായ നിബിഡമായ (അധികമായ) ആനന്ദത്തോടുകൂടിയ പുരന്ദരാദികളായ ദേവേന്ദ്രൻ തുടങ്ങിയുള്ള ദിവിഷത്തുക്കളുടെ ദേവന്മാരുടെ വൃന്ദത്താൽ കൂട്ട [ത്താൽ

മുകുടേന്ദ്രനീലമണിഭിഃ—മുകുടങ്ങളിൽ കിരീടങ്ങളിൽ പതിഞ്ഞിരി [ക്കുന്ന ഇന്ദ്രനീലരത്നങ്ങളെക്കൊണ്ടു

സന്ദർശിതേന്ദിന്ദിരം—സന്ദർശിതമായ പ്രദർശിപ്പിക്കപ്പെട്ട [ഇന്ദിന്ദിരങ്ങളോടു വണ്ടുകളോടു കൂടിയതും ആയ

ശ്രീഗോവിന്ദപദാരവിന്ദം—ശ്രീഗോവിന്ദന്റെ ചരണകമല [ങ്ങളെ

അശുഭസ്കന്ദായ—അശുഭങ്ങൾ നശിക്കുന്നതിനായിക്കൊണ്ടു

വന്ദാമഹേ—നാം നമസ്കരിക്കുന്നു.

ആനന്ദം വർദ്ധിച്ചവരായ ഇന്ദ്രൻ തുടങ്ങിയുള്ള ദേവന്മാർ അത്യാദരത്തോടുകൂടി കൃഷ്ണന്റെ ചരണകമലങ്ങളിൽ സാഷ്ടാംഗപ്രണിപാതം ചെയ്തു നമസ്കരിക്കുന്നു. അപ്പോൾ അവരുടെ കിരീടങ്ങളിലുള്ള ഇന്ദ്രനീലക്കല്ലുകൾ കമലങ്ങളിൽ വണ്ടുകൾ പററിയതുപോലെ ശോഭിക്കുന്നു. പുഷ്പരസംപോലെ മനോഹരമായി യഥേഷ്ടം ഒഴുകുന്ന ഗംഗയോടുകൂടിയതായിരിക്കുന്ന ഭഗവാന്റെ ചരണകമലങ്ങൾ. അവ്വ

ണ്ണുമുള്ള ശ്രീകൃഷ്ണചരണകമലങ്ങളെ സർവവിഘ്നങ്ങളും നശിക്കുവാനായി വന്ദിക്കുന്നു.

അരവിന്ദത്തിൽ മകരന്ദം ഉണ്ട്. അതിനോടു മന്ദാകിനി ഉപമിക്കപ്പെടുന്നു. ഭഗവാൻെറ ചരണങ്ങളിൽ നിന്നുമാണു ഗംഗയുടെ ഉത്പത്തി എന്നു പുരാണപ്രസിദ്ധിയുണ്ട്. ചരണങ്ങൾ കമലങ്ങളോടും മന്ദാകിനി മകരന്ദത്തോടും, ഇന്ദ്രനീലമണികൾ വണ്ടുകളോടും സാമ്യം വഹിക്കുന്നു. ചരണങ്ങളാകുന്ന കമലങ്ങളിൽ നിന്നൊഴുകുന്ന പൂന്തേനിനെ ആസ്വദിക്കാൻ വന്നുകൂടിയ വണ്ടുകൾപോലെ ശോഭിക്കുന്നു ഇന്ദ്രനീലമണികൾ എന്നർത്ഥം.

കലഹാന്തരിതാവർണ്ണനത്തിൽ മുഗ്ദ്ധമുകുന്ദം

എന്ന ഒൻപതാംസർഗം സമാപ്തമായി.

## ചതുരചതുർഭുജം എന്ന പത്താംസർഗം.

(ശ്ലോകം)

അത്രാന്തരേ മസൃണരോഷവശാമപാര-
നിഃശ്വാസനിസ്സഹമുഖീം സുമുഖീമുപേത്യ
സവ്രീഡമീക്ഷിതസഖീവദനാം ദിനാന്തേ
സാനന്ദഗദ്ഗദപദം ഹരിരിത്യുവാച ൧

ഭാഷ

അപ്പോളഹോ വരസഖീവചനേന കോപം
പൊയ്പ്പോയ രാധയുടെ കുഞ്ജമുപേത്യ കൃഷ്ണൻ.
ചിത്പൂരുഷൻ ചിതമെഴും ദിവസാവസാനേ
പൊൽപൂമകൾക്കുപമയാമവളോടവാദീത്.

സായങ്കാലസമയത്തിൽ കൃഷ്ണൻ കാമപീഡിതയായ രാധയെ പ്രാപിച്ചു സാന്ത്വനംചെയ്യുന്നതായി ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു—

അത്രാന്തരേ—ഈ അവസരത്തിൽ

ദിനാന്തേ—സായങ്കാലസമരത്തിൽ

ഹരിഃ—കൃഷ്ണൻ

മസൃണരോഷവശാം—മസൃണമായ കർക്കശമായ അല്ലെങ്കിൽ [സ്നിഗ്ദ്ധമായ രോഷത്തിനു വശ്യയും അധീനയും

അപാരനിഃശ്വാസനിസ്സഹമുഖീം—അപാരമായ അത്യധികമായ നിഃശ്വാസത്താൽ നെടുവീർപ്പിനാൽ നിസ്സഹമായ സഹിക്കാൻ [വയ്യാത്ത മുഖത്തോടുകൂടിയവളും

സവ്രീഡം—ലജ്ജയോടുകൂടി

ഈക്ഷിതസഖീവദനാം—ഈക്ഷിതമായ ദശിക്കപ്പെട്ട സഖിയുടെ മുഖത്തോടുകൂടിയവളുംആയ

സുമുഖീം—ശോഭനസുഭഗമായ മുഖത്തോടുകൂടിയ രാധയെ

ഉപേത്യ—പ്രാപിച്ചിട്ട്

സാനന്ദഗദ്ഗദപദം—ആനന്ദത്തോടുകൂടിയതിനാൽ ഗദ്ഗദമാ [യ ഇടറുന്ന വാക്കോടുകൂടെ

ഇതി, ഉവാച—താഴെപ്പറയുംവണ്ണം പറഞ്ഞു.

ഇതിനിടയ്ക്കു സായങ്കാലസമയത്തിൽ സഖിയുടെ ബോധനത്താൽ കോപം അല്പമൊന്നു ശമിച്ചിരിക്കുന്നവളും, അത്യധികമായ നെടുവീർപ്പിനാൽ വിരഹദുഃഖത്തിൻെറ അസഹ്യതയെ സൂചിപ്പിക്കുന്ന മുഖത്തോടുകൂടിയവളും, ലജ്ജയോടുകൂടി സഖിയെ നോക്കുന്നവളും ആയ സുമുഖിയുടെ (രാധയുടെ) അടുക്കൽ കൃഷ്ണൻ ചെന്നു ആനന്ദത്താൽ ഇടറുന്ന വാക്കോടുകൂടിയവനായി ഇപ്രകാരം പറഞ്ഞു.

'ചതുരചതുർഭുജം' എന്നാണ് ഈ സർഗത്തിൻെറ പേര്. ചതുരനായ സമർത്ഥനായ ചതുർഭുജൻ ശ്രീകൃഷ്ണൻ വർണ്ണിക്കപ്പെടുന്ന സർഗം എന്നർത്ഥം. ചതുരനായ കൃഷ്ണൻ സായങ്കാലം രാധയുടെ അടുക്കൽ വരുന്നതും, അവളോടു പ്രിയമായി സംഭാഷണംചെയ്തു അവളെ വശത്താക്കുന്നതും രാധ പ്രസന്നയായിത്തീരുന്നതും മററും ഈ സർഗത്തിലെ പ്രതിപാദ്യമാകുന്നു.

## അഷ്ടപദി ൧൯.

ദേശവരാഡീരാഗേണ ഗീയതേ അഷ്ടതാളേന വാദ്യതേ.

൧. വദസി യദി കിഞ്ചിദപി ദന്തരുചികൗമുദീ
ഹരതി ദരതിമിരമതിഘോരം
സ്ഫുരദധരശീധവേ തവ വദനചന്ദ്രമാ
രോചയതു ലോചനചകോരമ്
പ്രിയേ ചാരുശീലേ മുഞ്ച മയി മാനമനിദാനം
സപദി മദനാനലോ ദഹതി മമ മാനസം
ദേഹി മുഖകമലമധുപാനമ്.

൨. സത്യമേവാസി യദി സുദതി! മയി കോപിനീ
ദേഹി ഖരനഖരശരഘാതം
ഘടയ ഭുജബന്ധനം ജനയ രദഖണ്ഡനം
യേന വാ ഭവതി സുഖജാതമ് (പ്രിയേ...)

൩. ത്വമസി മമ ഭൂഷണം ത്വമസി മമ ജീവനം
ത്വമസി മമ ഭവജലധിരത്നം

ഭവതു ഭവതീഹ മയി സതതമനുരോധിനീ
തത്ര മമ ഹൃദയമതിയത്നമ് (പ്രിയേ...)

൪. നലിനനലിനാഭമപി തന്വി തവ ലോചനം
ധാരയതി കോകനദരൂപം
കുസുമശരബാണഭാവേന യദി രഞ്ജയസി
കൃഷ്ണമിദമേതദനുരൂപമ് (പ്രിയേ...)

൫. സ്ഫുരതു കുചകുംഭയോരുപരി മണിമഞ്ജരീ
രഞ്ജയതു തവ ഹൃദയദേശം
രസതു രസനാപി തവ ഘനജഘനമണ്ഡലേ
ഘോഷയതു മന്മഥനിദേശമ് (പ്രിയേ...)

൬. സ്ഥലകമലഗഞ്ജനം മമ ഹൃദയരഞ്ജനം
ജനിതരതിരംഗപരഭാഗം
ഭണ മസൃണവാണി കരവാണി ചരണദ്വയം
സരസലസദലക്തകരാഗമ് (പ്രിയേ...)

൭. സ്മരഗരലഖണ്ഡനം മമ ശിരസി മണ്ഡനം
ധേഹി പദപല്ലവമുദാരം
ജ്വലതി മയി ദാരുണോ മദനകദനാരുണോ
ഹരതു തദുപാഹിതവികാരമ് (പ്രിയേ...)

൮. ഇതി ചടുലചാടുപടുചാരു മുരവൈരിണോ
രാധികാമധി വചനജാതം
ജയതി ജയദേവകവിഭാരതീഭൂഷിതം
മാനിനീജനജനിതശാതമ് (പ്രിയേ....)

## ഭാഷ

## പത്തൊൻപതാം അഷ്ടപദി

മുഖാരി— ഝമ്പ

൧. കുറെയെങ്കിലും ഭവതി പറയുമെങ്കിൽ പല്ലുകടെ
നേരിയാകുന്ന വെണ്ണിലാവെൻറ ധീയാം
അറയിൽ നിന്നുഗ്രമാമന്ധകാരത്തെക്കളഞ്ഞീടട്ടേ
നിറയട്ടക്ഷിചകോരം രണ്ടും

കേൾക്ക വാക്യം പ്രിയേ കേൾക്ക വാക്യം
കലഹമരുതെന്നോടൊരുനാളും, കമനിമദനാഗ്നി
മാമെരിപ്പൊരിയെ നയിക്കുന്നു കാമുകീമുഖാംബുജ
മധുപേയം പ്രിയേ
൨. എന്നോടുഭാവിച്ചകോപംപോയില്ലെങ്കി-
ലെന്നോമലേ നയനശരമെയ്തുകാമം
പിന്നെക്കൈകളെക്കൊണ്ടുപിടിച്ചുകെട്ടീടുകനീ
തനപിദന്തങ്ങളെകോർക്കതെളിരോഷേ (കേൾക്ക....)
൩. നീയേ മമ ഭൂഷണം നീയേ മമ ജീവനം
നീയേ സംസാരാംബുധിരത്നം
നീയെന്നെയനുസരിച്ചീടേണമെപ്പൊഴും
ആയതിന്നുഞാനെത്രചെയ്യുന്നുയത്നം (കേൾക്ക....)
൪. കരിങ്കുവളപ്പൂപോലെ കറുത്തനിൻെറ ലോചനം
രക്തകഞ്ജനിറമായി കൊള്ളാം
കരുതുന്ന കാമശരഭാവംകൊണ്ടുകൃഷ്ണനെയും
രഞ്ജിപ്പിച്ചുവെങ്കിലതിരമ്യം (കേൾക്ക....)
൫. കൊങ്കരണ്ടുമായപൊൻകുടങ്ങളുടെമീതെ
പങ്കജാക്ഷീമണിമഞ്ജരീതേ
സംഘടിപ്പിക്കപ്പെട്ടുക തവ ജഘനമണ്ഡലേ
ജംഘലയോളം താണൊരുടഞ്ഞാണും (കേൾക്ക....)
൬. സ്ഥലജലജം ജയിക്കും നിൻകഴൽതലയുഗത്തിങ്കൽഞാൻ
നലമോടലക്തകംകൊണ്ടലങ്കാരം
കലനംചെയ്യാനരചെയ്ക കാമിനി കടാക്ഷിക്ക
കലകരുന്നു കരളിനെക്കാമദേവൻ (കേൾക്ക....)
൭. മദനവിഷമരുന്നായ പദപല്ലവം തലയിൽ
തരിക മമ ഞാൻ മയങ്ങുംമുമ്പേ
വദനകമലപ്പൂവ് പാടുന്നു കാമൻെറ
കദനക്കനലിൻെറ ചൂടേററ (കേൾക്ക....)
൮. പത്മാവതീരമണ ജയദേവകൃതികൾക്ക
സത്മമായതാം ഭക്തിക്കന്തരംഗം

പത്മാമണാളനെയും മാത്താണ്ഡമന്നാനെയും
ഛരത്മംവിനാ ഞാൻ തൊഴുന്നേൻ (കേൾക്ക...)

'ചതുരചതുർഭുജരാഗരാജിചന്ദ്രോദ്യോതം' എന്ന പ്രബന്ധം ആരംഭിക്കുന്നു. അഞ്ചും ആറും ഏഴും വരികൾ ധ്രുവപദമാകയാൽ എല്ലാപദങ്ങളോടും ചേർത്തു പഠിക്കണം. രാധ അകാരണമായി തങ്കൽ കോപിച്ചിരിക്കുന്നതായും താൻ അപരാധിയല്ലെന്നും ആയതുകൊണ്ടു മാനത്തെ ത്യജിക്കണമെന്നും മററും ശ്രീകൃഷ്ണൻ രാധയോടുപറയുന്നതായി ഈ ഗീതപ്രബന്ധത്തിൽ വർണിക്കപ്പെട്ടുന്നു.

ഒന്നാംപദം—

പ്രിയേ—അല്ലയോ എൻെറ പ്രീതിക്കുഭാജനമായ രാധേ!
ചാരുശീലേ—ചാരുവായ മനോഹരമായ ശരീരസ്വഭാവത്തോടു കൂടിയവളേ (നീ)
മയി, അനിദാനം—എങ്കൽ, (കാരണമില്ലാതെ)
മാനം, മുഞ്ച—കോപത്തെ കളഞ്ഞാലും.
സപദി, മദനാനലഃ—ഇപ്പോൾ കാമാഗ്നി
മമ, മാനസം—എൻെറ ചിത്തത്തെ
ദഹതി—ദഹിപ്പിക്കുന്നു (ആയതുകൊണ്ടു താപ ശാന്തിക്കായി)
മുഖകമലമധുപാനം—(നിൻെറ)മുഖകമലത്തിലുള്ളമധുവിൻെറ [പാനത്തെ
ദേഹി—തന്നാലും(അധരപാനംചെയ്വാൻ അഭിമുഖമായി ഭവി (ത്വം), കിഞ്ചിദപി—നീ അല്പംപോലും [ച്ചാലും).
യദി, വദസി—സംഭാഷണം ചെയ്യുമെങ്കിൽ
(തദാ—അപ്പോൾ)
ദന്തരുചികൌമുദീ—ദന്തങ്ങളുടെ പല്ലുകളുടെ രുചിയാകുന്ന കാ [ന്തിയാകുന്നകൗമുദിനിലാവും
അതിഘോരം—വളരെ ഭയങ്കരമായ
ദരതിമിരം—ദരമാകുന്ന സാധ്വസമാകുന്ന തിമിരത്തെ ഇരുട്ടിനെ
ഹരതി—ഇല്ലായ്മചെയ്യുന്നു.
തവ, വദനചന്ദ്രമാഃ—നിൻെറ മുഖചന്ദ്രൻ
(മമ), ലോചനചകോരം—എൻെറ കണ്ണുകളാകുന്ന ചകോര [പക്ഷിയെ
സ്ഫുരദധരശീധവേ—സ്ഫുരത്തായ കോപം കൊണ്ടു പ്രകാശി [ക്കുന്ന അധരത്തിലെ അമൃതത്തിന്നായിക്കൊണ്ടു
രോചയതു—അഭിലാഷമുള്ളതാക്കി ചെയ്യട്ടെ.

അല്ലയോ സാധുശീലയായ പ്രിയേ! എന്നോടു അകാരണമായി കോപിച്ചിരിക്കുന്നതിനെ ത്യജിച്ചാലും. നീ അല്പമെങ്കിലും സംഭാഷണം ചെയ്യുമെങ്കിൽ നിന്റെ പല്ലുകളുടെ കാന്തിയാകുന്ന നിലാവു് എന്റെ ഭയമാകുന്ന ഇരുട്ടിനെ അകററും. നിന്റെ മുഖത്തിൽ ശോഭക്കുന്ന അധരരസത്തെ പാനം ചെയ്യുന്നതിനായി എന്റെ കണ്ണാകുന്ന ചകോരപക്ഷി ഉത്സുകമായിരിക്കുന്നു.

ചകോരം—വേഴാമ്പൽ പക്ഷി. ചകോരപക്ഷികൾ ചന്ദ്രികയെ പാനം ചെയ്യുന്നവയാണെന്നു് കവിസങ്കേതമുണ്ടു്. മാനത്തെ ത്യജിച്ചാലും—നീ ഇങ്ങനെ മാനം പൂണ്ടിരിക്കുന്നതിനാൽ കാമാഗ്നി എന്നെ ദഹിപ്പിക്കുന്നു. അതു ശമിക്കാനായി അധരരസം തന്നാലും എന്നത്ഥം. കാരണമില്ലാതെ—അന്യസ്ത്രീ സംഭോഗലക്ഷണമായ കാരണമില്ലാതെ എന്നത്ഥം. സാധ്വസത്തെ അന്ധകാരമായി നിരൂപണം ചെയ്തിരിക്കുന്നു. സാധ്വസം ശൃംഗാരത്തിനു വിരോധിയായതിനാൽ അതിനെ സംഭാഷണംകൊണ്ടുണ്ടാകുന്ന പല്ലുകളുടെ പ്രകാശമാകുന്ന നിലാവിനാൽ പോക്കണമെന്നു കൃഷ്ണന്റെ പ്രാത്ഥന. കോപം വിട്ടു രസിച്ചു വത്തമാനംപറയണം എന്നു പ്രാത്ഥനയുടെ താത്പര്യം.

രണ്ടാംപദം—

സുദതി—അല്ലയോ ശോഭനങ്ങളായ ദന്തങ്ങളോടുകൂടിയവളേ! (രാധേ!)

(ത്വം),സത്യം,ഏവ—നീ വാസ്തവമായിത്തന്നെ
മയി,കോപിനി—എങ്കൽ കോപമുള്ളവളാരി
യദി,അസി—ഭവിക്കുന്നുവെങ്കിൽ
തദാ—അപ്പോൾ
ഖരനഖരശരഘാതം—ഖരങ്ങളായ തീക്ഷ്ണങ്ങളായ നഖരങ്ങളാകുന്ന ശരങ്ങളാൽ ഘാതത്തെ പ്രഹാരത്തെ (പ്രഹാരം തല്ലു്)
ദേഹി—തന്നാലും (തല്ലിയാലും). അതുകൊണ്ടുതൃപ്തയായില്ലെങ്കിൽ)
ഭുജബന്ധനം, ഘടയ—(എന്നെ) ബാഹുക്കളാൽ ഘടിപ്പിച്ചാലും കെട്ടിപ്പിടിച്ചാലും. (അതുകൊണ്ടും നീ സന്തുഷ്ടയല്ലെങ്കിൽ)
രദഖണ്ഡനം—രദങ്ങളാൽ പല്ലുകളാൽ ഖണ്ഡനത്തെ (അധരത്തിൽ) ക്ഷതത്തെ
ജനയ, യേന, വാ—ജനിപ്പിച്ചാലും. യാതൊന്നുകൊണ്ടു
സുഖജാതം, ഭവതി—സുഖസമൂഹം (തൃപ്തി) ഭവിക്കുന്നുവോ
(തത്, കുരു—അതെല്ലാം നീ ചെയ്താലും.)

അല്ലയോ രാധേ! പരമാൎത്ഥമായി നീ എന്നോടു കോപിച്ചിരിക്കുന്നുവെങ്കിൽ തീക്ഷ്ണങ്ങളായ നഖക്ഷതങ്ങൾ ഏല്പ്പിച്ചു എന്നെ പ്രഹരിക്കുക. ബാഹുക്കളാൽ എന്നെ പിടിച്ചു കെട്ടിക്കൊള്ളുക. പല്ലുകളാൽ കടിച്ചു മുറിവേല്പിക്കുക. നിനക്കെന്തെല്ലാം ചെയ്താൽ കോപം ശമിക്കുമോ അതെല്ലാം ചെയ്യുക.

മയി—അപരാധിയായ എങ്കൽ അപരാധത്തിനു അനുഗുണമായ ശിക്ഷതന്നു നീ കോപത്തെ ത്യജിക്കുക എന്നൎത്ഥം. പ്രഭുക്കൾ അപരാധംചെയ്ത ഭൃത്യന്മാർക്കു താഡനം ബന്ധനം ഖണ്ഡനം തുടങ്ങിയുള്ള ശിക്ഷകൾ കല്പിക്കുന്നതു പതിവാണ്. അതുപോലെ കൃഷ്ണനും താൻ അപരാധം ചെയ്തിട്ടുണ്ടെങ്കിൽ അപരാധത്തിനു തക്കവണ്ണമുള്ള താഡനാദിശിക്ഷകൾ തനിക്കു നൾകണമെന്നു രാധയോടു പ്രാർത്ഥിക്കുന്ന മട്ടിൽ അവളുടെ നഖക്ഷതാലിംഗനചുംബനാദികളെയാണ് പ്രാൎത്ഥിക്കുന്നതു്. താഡനം അടിക്കുക.

മൂന്നാംപദം—

രാധയുടെ മാനത്യാഗത്താൽ കൃഷ്ണനു എന്തു പ്രയോജനം? കൃഷ്ണനു രമിക്കുവാൻ എത്രയോ സുന്ദരിമാരുണ്ട്. അവരോടു ചെന്നു പ്രാൎത്ഥിക്കരുതോ എന്നുവച്ചാൽ അതിനു പറയുന്നു—

(രാധേ—അല്ലയോ രാധേ!)
ത്വം, മമ—നീ എന്റെ
ജീവനം, അസി—ജീവിതമായിരിക്കുന്നു.
ത്വം, മമ, ഭൂഷണം, അസി—നീ എന്റെ ഭൂഷണമാകുന്നു.
ത്വം, മമ—നീ എനിക്കു
ഭവജലധിരത്നം—ഭവമാകുന്ന സംസാരമാകുന്ന ജലധിയിങ്കൽ
[സമുദ്രത്തിങ്കൽ വിളങ്ങുന്ന രത്നമായി
അസി, ഭവതീ—ഇരിക്കുന്നു. ഭവതി
ഇഹ, മയി—ഇവിടെ (പ്രണതനായ) എങ്കൽ
സതതം, അനുരോധിനീ—എപ്പൊഴും ദയയുള്ളവളായി
ഭവതു—ഭവിച്ചാലും.
തത്ര, മമ, ഹൃദയം—അതിൽ എന്റെ ചിത്തം
അതിയത്നം—വളരെ പ്രയത്നമുള്ളതാകുന്നു.

അല്ലയോ രാധേ! നീ എന്റെ ഭൂഷണമാകുന്നു. നീ തന്നെ എന്റെ ജീവനും. നീ തന്നെ എനിക്കു സംസാരസാഗരത്തിലുള്ള രത്നം അതായതു ഈ സംസാരസാഗരത്തെ തരണം ചെയ്തു ജീവിതം നയിക്കുന്നതിൽ എനിക്കു സന്തോഷത്തെ നൾകുന്ന ഉത്തമയായ കൂട്ടു

കാരി. ഭവതി എങ്കൽ കൃപയുള്ളവളായിത്തീരണം. അതിന്ന ഞാൻ എന്തുംചെയ്യാൻ സന്നദ്ധനാകുന്നു.

രാധ തന്നെ കൃഷ്ണന്റെ ഭൂഷണം. രാധയാൽ അലങ്കൃതനായ കൃഷ്ണൻ മററു നാരിമാരിലും സൗഭാഗ്യവാനാകുന്നു. രാധയില്ലാതെ കൃഷ്ണൻ ശോഭിക്കുന്നില്ല. ആയതുകൊണ്ടു രാധതന്നെ കൃഷ്ണന്റെ ലോകോത്തരമായ ഭൂഷണം എന്നത്ഥം. നീ എന്റെ ജീവിതം—നീ വിഷണ്ണയായാൽ ഞാനും വിഷാദിക്കുന്നു, നീ പ്രസന്നയായാൽ ഞാനും പ്രസന്നൻ എന്നത്ഥം. സംസാരസമുദ്രത്തിൽ രത്നം—ദരിദ്രൻ രത്നത്തെക്കണ്ടാൽ ആനന്ദിക്കുന്നതുപോലെ ഞാൻ നിന്നെക്കാണുമ്പോൾ ആനന്ദിക്കുന്നു എന്നത്ഥം. ഭവജലധി എന്നു പറഞ്ഞതു മററു പരിഗ്രഹമെല്ലാം ജഡമാണെന്നു കാണിക്കുവാനാകുന്നു. നിനക്കു കൃപയുണ്ടാകുന്നതിന്നു ഞാൻ എന്തും ചെയ്യാൻ തയ്യാർ എന്നുസാരം.

നാലാംപദം—

തന്വി—അല്ലയോ കൃശാംഗിയായ രാധേ!

നീലനലിനാഭം, അപി—നീലനലിനത്തിന്റെ നീലത്താമര [യുടെ ആഭപോലെ ശോഭപോലെയുള്ള ശോഭയോടുകൂടിയതാണെങ്കിലും

തവ, ലോചനം—നിന്റെ കണ്ണു

കോകനദരൂപം—കോകനദത്തിന്റെ രക്തോത്പലത്തിന്റെ [രൂപത്തെ സൗന്ദര്യത്തെ

ധാരയതി—വഹിക്കുന്നു.

കുസുമശരബാണഭാവേന—കുസുമശരന്റെ കാമദേവന്റെ [ബാണം എന്ന അഭിപ്രായത്താൽ

കൃഷ്ണം—കൃഷ്ണനെ അല്ലെങ്കിൽ കൃഷ്ണവർണ്ണമായിരിക്കുന്നതിനെ

രംജയസി, യദി—നീ രംജിപ്പിക്കുകയാണെങ്കിൽ

ഇദം—ഇതു (രംജിപ്പിക്കുക എന്നുള്ളതു്)

ഏതദനുരൂപം—കണ്ണിന്നും ഇജ്ജനത്തിന്നും (കൃഷ്ണനായ [എനിക്കും) യോജിച്ചതു തന്നെ.

അല്ലയോ തന്വി! നിന്റെ കണ്ണു നീലോത്പലംപോലെ നീലവർണമാണെങ്കിലും ഇപ്പോൾ രക്തോത്പലം പോലെ ചുമപ്പായി കാണപ്പെടുന്നു. നീ നീലനിറമായ കണ്ണിനെ കാമബാണമായി വിചാരിച്ചു ചുമപ്പിച്ചിരിക്കുന്നതായാൽ അതു ശരിതന്നെ.

അഞ്ചാംപദം—

(രാധേ—അല്ലയോ രാധേ!)

മണിമംജരീ—മംജരിപോലെയുള്ള മണിമാല
കുചകുംഭയോഃ—(നിൻെറ) കൊങ്കക്കുടങ്ങളുടെ
ഉപരി, സ്ഫുരതു—മുകളിൽ പ്രകാശിക്കട്ടെ.
തവ, ഹൃദയദേശം—(അതു) നിൻെറ മാറിടത്തെ
രംജയതു—ശോഭിപ്പിക്കട്ടെ.
തവ, ഘനജഘനമണ്ഡലേ—നിൻെറ തടിച്ച ജഘനസ്ഥല [ത്തിൽ
രസനാ, അപി,രസതു—അരഞ്ഞാണും ശബ്ദിക്കട്ടെ.
മന്മഥനിദേശം —(അതു) കാമദേവൻെറ നിദേശത്തെ ആജ്ഞയെ
ഘോഷയതു—വിളംബരം ചെയ്യട്ടെ.

അല്ലയോ രാധേ! നിൻെറ സ്തനകലശങ്ങളുടെ മീതെ മംജരിപോലെയുള്ള മണിമാല പ്രകാശിച്ചു അതു നിൻെറ മാറിടത്തെ ശോഭയുള്ളതാക്കിച്ചെയ്യട്ടെ. നിൻെറ വിസ്താരമേറിയ ജഘനപ്രദേശത്തിൽ കിലുങ്ങിക്കൊണ്ടിരിക്കുന്ന അരഞ്ഞാൺ കാമദേവൻെറ കല്പനകളെ വിളംബരം ചെയ്യട്ടെ.

കല്പന—എല്ലാമാനിനിമാരും മാനം വെടിഞ്ഞു കാമത്തിനു വശപ്പെട്ടു രമിക്കുന്നവരായി ഭവിക്കട്ടേ എന്നിവ്വണ്ണമുള്ള കല്പന. സ്ഫുരതു—നിൻെറ നീലനിറമായ നേത്രോത്പലം ചുമന്നിരിക്കുന്നു. നീയോ കൃഷ്ണനായ എന്നെ രംജിപ്പിക്കുന്നു. ആയതുകൊണ്ടു എനാൽ അർപ്പിതമായ മണിമംജരി നിൻെറ മാറിടത്തെ ശോഭയുള്ളതാക്കിത്തീക്കുന്നതു യുക്തമാകുന്നു എന്നത്ഥം. കേളീരൂപമായ ശുഭകർമ്മം തുടങ്ങുമ്പോൾ മംജരിയോടുകൂടിയ പൂൎണ്ണകലശം സ്ഥാപിക്കുക ചടങ്ങാണ്. അതു സൂചിപ്പിക്കുവാനായി കുചങ്ങളെ കലശങ്ങളായും മണിമാലയെ മംജരിയായും നിരൂപണം ചെയ്തിരിക്കുന്നു. അരഞ്ഞാണിൽ തൂങ്ങിക്കിടക്കുന്ന മണികൾ ശബ്ദിക്കുന്നു.

ആറാം പദം—

ഹേ മസൃണവാണി—അല്ലയോ മസൃണമായ മനോഹരമായ [വാണിയോടു വാക്കോടുകൂടിയവളെ! (രാധേ!)
ഭണ—പറഞ്ഞാലും (ആജ്ഞാപിച്ചാലും).
സ്ഥലകമലഗംജനം—സ്ഥലകമലത്തെ റോസാപ്പൂവിനെ തിരസ് [കരിക്കുന്നതും
മമ—എൻെറ
ഹൃദയരംജനം—ചിത്തത്തിൽ അനുരാഗത്തെ ജനിപ്പിക്കുന്നതും

ജനിതരതിരംഗപരഭാഗം—ജനിതമായ ഉത്പാദിപ്പിക്കപ്പെട്ട രതിരംഗത്തിന്റെ രമണപ്രമോദത്തിന്റെ പരഭാഗത്തോടു ഉത്കൎഷത്തോടു കൂടിയതും അല്ലെങ്കിൽ രതിരംഗത്തിൽ സുരതകൗശലത്തിൽ ഉള്ള പരഭാ [ഗത്തോടു പരസ്പരശോഭയോടു കൂടിയതും ആയ

(തവ), ചരണദ്വയം—നിന്റെ കാലുകൾ രണ്ടിനേയും

സരസലസദലക്തകരാഗം—സരസവും രസത്തോടു കൂടിയതും ലസത്തും പ്രകാശിക്കുന്നതും ആയ അലക്തകത്തിന്റെ ചെമ്പഞ്ഞി [ച്ചാറിന്റെ രാഗത്തോടു ചുമപ്പോടുകൂടിയതായി

കരവാണി—ഞാൻ ചെയ്യാം.

അല്ലയോ മധുരവചനയായ രാധേ! റോസാപ്പൂവിദനക്കാൾ ശോഭയോടുകൂടിയതും, എന്റെ അനുരാഗത്തെ വൎദ്ധിപ്പിക്കുന്നതും, സുരതക്രീഡാരംഗത്തിനു സൗന്ദര്യം കൂട്ടുന്നതും ആയ നിന്റെ രണ്ടു കാലിലും ചെമ്പഞ്ഞിച്ചാറു തേയ്ക്കാൻപോലും ഞാൻ സന്നദ്ധനായിരിക്കുന്നു. നി ആജ്ഞാപിച്ചാലും.

സരസലസദലക്തകം—നിന്റെ കാലുകളിൽ ശോഭിക്കുന്ന അലക്തകത്തിന്റെ ചെഞ്ചായം ശൃംഗാരോദ്ദീപകം എന്നൎത്ഥം.

ഏഴാംപദം—

(രാധേ—അല്ലയോ രാധേ!)

ഉദാരം—സുന്ദരവും

സ്മരഗരലഖണ്ഡനം—സ്മരന്റെ കാമന്റെ ഗരലത്തിന്റെ വിഷ [ത്തിന്റെ (വിഷതാപത്തിന്റെ) ഖണ്ഡനവും നാശകവും ആയ

പദപല്ലവം—നിന്റെ കാല്ത്തളിരിനെ

മണ്ഡനം—(മസ്തകത്തിനു) അലങ്കാരമായി

മമ, ശിരസി, ധേഹി—എന്റെ മൗലിയിൽ വച്ചാലും.

മയി, ദാരുണഃ—എങ്കൽ ഭയങ്കരനായ

മദനകദനാരുണഃ—മദനനാൽ കാമനാൽ ജനിതമായ കദന [മാകുന്ന താപമാകുന്ന അരുണൻ സൂൎയ്യൻ

ജ്വലതി—ജ്വലിക്കുന്നു.

തദുപാഹിതവികാരം—മദനനാൽ ഉപാഹിതമായ തരപ്പെട്ട വി [കാരത്തെ താപം പാരവശ്യം മുതലായതിനെ

ഹരതു—(നിന്റെ ചരണകിസലയന്യാസം) അകററട്ടെ.

അല്ലയോ രാധേ! എന്നിൽ കാമതാപമാകുന്ന സൂൎയ്യൻ ജ്വലിച്ചുകൊണ്ടിരിക്കുന്നു. കാമവിഷവേഗത്തെ നശിപ്പിക്കുന്നതും, സുന്ദരവും

ആയ നിന്റെ കാല്ത്തളിരിനെ മസ്തകത്തിന്നു അലങ്കാരമായി എന്റെ ശിരസ്സിൽ നീ വച്ചാലും. അതു എന്റെ കാമതാപവികാരത്തെ നശിപ്പിക്കട്ടെ.

പല്ലവം പോലെയുള്ള പദം പദപല്ലവം. ശൈത്യം, ചുവപ്പു നിറം കോമലത മുതലായവ സാധാരണധർമ്മങ്ങൾ. വിരഹികൾക്കു മൂർച്ഛ മുതലായവയെ കൊടുക്കുന്നതുകൊണ്ടു മലയവായുവിനെ സ്മരഗരളമായി നിരൂപണം ചെയ്തിരിക്കുന്നതിനാൽ സ്മരനെ സർപ്പമായി അർത്ഥാത് നിരൂപണം ചെയ്തുകൊള്ളണം. വിഷം ഇറക്കാൻ ജപിച്ച ഇലകളും തളിരുകളും ശിരസ്സിൽ കയററി ഉപയോഗിക്കുന്ന ജാംഗലികന്റെ സ്ഥാനത്തിൽ രാധ കാല്ത്തളിരിനെ ശിരസ്സിൽവച്ചു തന്റെ കാമവിഷത്തെ ഇറക്കണമെന്നു കൃഷ്ണന്റെ പ്രാർത്ഥന. മാത്രമല്ല, ശിരസ്സിൽ തളിരുവച്ചാൽ സൂര്യന്റെ താപവും ശമിക്കും.

എട്ടാംപദം—

ഇതി—ഇപ്രകാരം

ചടുലചാരുപടുചാരു—ചടുലമായി മനോഹരമായി ചാരുവായി പ്രീതിയുക്തമായി പടുവായി സമർത്ഥമായി ചാരുവായി സുകുമാരമായി [ഉള്ളതും

ജയദേവകവിഭാരതീഭൂഷിതം—ജയദേവകവിയുടെ ഭാരതിയാൽ [വാക്കിനാൽ ഭൂഷിതവും അലങ്കൃതവും

മാനിനീജനജനിതശാതം—മാനിനീജനത്തിന്നു മാനവതികളായ സുന്ദരികൾക്കു ജനിതമായ ഉണ്ടാക്കപ്പെട്ട ശാതത്തോടു സുഖ [ത്തോടു കൂടിയതും

രാധികാം, അധി—രാധികയെ ഉദ്ദേശിച്ചുള്ളതും ആയ

മുരവൈരിണഃ, വചനജാതം—കൃഷ്ണന്റെ വാക്യസമൂഹം

ജയതി—സർവോൽകർഷേണ വർത്തിക്കുന്നു (വർത്തിക്കട്ടെ.)

ശ്രീജയദേവകവിയുടെ വർണ്ണനയാൽ ഭൂഷിതവും മനോഹരവും സുകുമാരവും മാനിനികൾക്കു സുഖപ്രദവും രാധയെ ഉദ്ദേശിച്ചു കൃഷ്ണൻ പറഞ്ഞതും ആയ വചനങ്ങൾ ജയിക്കട്ടെ.

'പദ്മാവതീരമണജയദേവ' എന്നും പാഠം. പദ്മാവതിയുടെ ഭർത്താവായ ജയദേവകവി എന്നർത്ഥം.

'ചതുരചതുർഭുജരാഗരാജിചന്ദ്രോദ്യോതം'

എന്ന പത്തൊൻപതാം പ്രബന്ധം സമാപ്തമായി.

(ശ്ലോകം)

പരിഹര കൃതാതങ്കേ ശങ്കാം ത്വയാ സതതം ഘന—
സ്തനജഘനയാക്രാന്തേ സ്വാന്തേ പരാനവകാശിനി
വിശതി വിതനോരന്യോ ധന്യോ നകോഽപി മമാന്തരം
പ്രണയിനി പരീരംഭാരംഭേ വിധേഹി വിധേയതാം 

ഈ പദ്യത്തിൽ താൻ നിർദോഷിയാണെന്നു ബോധിപ്പിച്ചു കൊണ്ടു സംഭോഗത്തിന്നായി കൃഷ്ണൻ രാധയെ പ്രോത്സാഹിപ്പിക്കുന്നതായി വർണ്ണിക്കപ്പെടുന്നു—

കൃതാതങ്കേ—അല്ലയോ (തന്നത്താൻ) വരുത്തിവച്ച ആതങ്കത്തോടു [സന്താപത്തോടു കൂടിയവളേ!

ശങ്കാം, പരിഹര—(എങ്കലുള്ള) ശങ്കയെ വെടിഞ്ഞാലും.

ഘനസ്തനജഘനയാ—ഘനങ്ങളായ സ്തനങ്ങളോടും ജഘന [ത്തോടും കൂടിയ

ത്വയാ—നിന്നാൽ

സതതം, ആക്രാന്തേ—എപ്പൊഴും ആക്രമിക്കപ്പെട്ടതും (ആയതു [കൊണ്ടു)

പരാനവകാശിനി—പരന്നു മറെറാരാൾക്കു (മററു നാരിമാൎക്കു [പ്രവേശിക്കുവാൻ അവകാശമില്ലാത്തുള്ളതും ആയ

മമ, സ്വാന്തേ—എന്റെ ചിത്തത്തിൽ

വിതനോഃ—ശരീരശൂന്യനായ കാമങ്കൽനിന്നും

അന്യഃ, കഃ, അപി, ധന്യഃ—ഭിന്നനായ ഒരു ധന്യൻ (ഇവ്വണ്ണമുള്ള എന്റെ ഹൃദയത്തിൽ പ്രവേശിക്കുകയാകുന്ന സൌഭാഗ്യത്തിനു [യോഗ്യനായ മറെറാരുവൻ)

അന്തരം, ന, വിശതി—അകത്തു പ്രവേശിക്കുന്നില്ല.

പ്രണയിനി—അല്ലയോ പ്രണയമുള്ളവളേ!

പരിരംഭാരംഭേ—ആലിംഗനാരംഭത്തിൽ

വിധേയതാം—(എനിക്കു) ദാസഭാവത്തെ

വിധേഹി—കല്പിച്ചാലും.

വെറുതേ സംശയിക്കുന്നവളേ! ധന്യയായുള്ളവളേ! രാധേ! നീ എങ്കലുള്ള ശങ്കയെ വെടിഞ്ഞാലും. നിനക്കു ശങ്കിക്കാൻ യാതൊരു അവകാശവും ഇല്ല. എന്തെന്നാൽ തടിച്ച മുലകളോടും ജഘനത്തോടും (പൃഷ്ഠഭാഗത്തോടും) കൂടിയ നീ എപ്പൊഴും എന്റെ ചിത്തം ആശ്രയും

വ്യാപിച്ചു കുടികൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള എന്റെ ചിത്തത്തിൽ ശരീരശൂന്യനായ കാമദേവൻ ഒഴികെ മററാക്കും കടക്കാൻ പഴുതില്ല. നീ ആലിംഗനം ചെയ്യുവാൻ മുതിൎന്നു എന്നെ അതിനു വിധേയനാക്കിത്തീൎത്താലും.

കൃതാതങ്ക—കൃഷ്ണനു വിരഹതാപരൂപമായ ആതങ്കത്തെ ജനിപ്പിച്ചവൾ. അല്ലെങ്കിൽ അകാരണമായിതന്നെത്താൻ ജനിപ്പിച്ച സന്താപത്തോടുകൂടിയവൾ എന്നുമൎത്ഥം. ആതങ്കം—അന്യവനിതകളോടുള്ള സംഗരൂപമായ സംശയം. കൃഷ്ണനെ സംശയിക്കുന്ന വിരഹിണിയായ രാധയെക്കണ്ടിട്ടു കൃഷ്ണനു സന്താപം ജനിച്ചു എന്നുമൎത്ഥം. ശരീരമില്ലാത്തതിനാൽ അനംഗനുമാത്രം ചിത്തത്തിൽ പ്രവേശിക്കുവാൻ വകയുണ്ടു് എന്നുസാരം. എപ്പൊഴും—എന്റെ ജീവിതമുള്ള കാലത്തോളം എന്നൎത്ഥം. ജീവിതമുള്ള കാലത്തോളം മറെറാരു സ്ത്രീ തന്റെ ഹൃദയത്തിൽ പ്രവേശിക്കുകയില്ലെന്നു കൃഷ്ണൻ രാധയെ ബോധിപ്പിക്കുന്നു. പ്രണയിനി—പ്രണയവാനായ എങ്കൽ ദാസഭാവത്തെ കല്പിച്ചാലും—എന്നെ ആലിംഗനത്തിനായി ആജ്ഞാപിച്ചു ദാസഭാവത്തെ കല്പിച്ചാലും—നിന്റെ ആജ്ഞാവചനത്തിനു വിധേയനാക്കിത്തീൎത്താലും എന്നു ഭാവം. എന്നെ വെറുതേ സംശയിക്കേണ്ട, നിന്നെത്തന്നെ വിചാരിച്ചു ഞാൻ ജീവിതം കഴിക്കുന്നു, കാമപാരവശ്യം വൎദ്ധിച്ചിരിക്കുന്നു, ആയതുകൊണ്ടു ആലിംഗനത്തിനു അനുവദിക്കുക എന്നു താത്പൎയ്യം.

(ശ്ലോകം)

മുഗ്ദ്ധേ വിധേഹി മയി നിൎദ്ദയദന്തദംശ-
ദോൎവല്ലിബന്ധനിബിഡസ്തനപീഡനാനി
ചണ്ഡി! ത്വമേവ മദമുദ്വഹ പഞ്ചബാണ-
ചണ്ഡാലകാണ്ഡദലനാദസവഃ പ്രയാന്തി ൩

ഈ പദ്യത്തിൽ കൃഷ്ണൻ താൻ അപരാധിയാണെന്നുള്ളതിനെ സമ്മതിച്ചു പറയുന്നതായി പ്രസ്താവിക്കുന്നു—

മുഗ്ദ്ധേ—അല്പയോ ആത്മഹിതത്തെ അറിയാത്തവളേ! രാധേ!

മയി—എങ്കൽ

നിൎദ്ദയദന്തദംശദോൎവല്ലിബന്ധനിബിഡസ്തനപീഡനാനി—ഞാൻ നിങ്കൽ അപരാധിയാണെങ്കിൽ നിൎദ്ദയമായി കൃപകൂടാതെ ദന്തങ്ങളെക്കൊണ്ടുള്ള ദംശത്തെയും ക്ഷതത്തെയും, ദോൎവല്ലികളെ

ക്കൊണ്ടുള്ള വല്ലിപോലെയുള്ള ബാഹുക്കളെക്കൊണ്ടുള്ള ബന്ധത്തെയും ബന്ധനത്തെയും, നിബിഡമാംവണ്ണം ഗാഢമാംവണ്ണം സ്തനങ്ങളെ [ക്കൊണ്ടുള്ള പീഡനത്തെയും (എനിക്കു ശിക്ഷയായി)

വിധേഹി—കല്പിച്ചാലും.

ചണ്ഡി—അല്ലയോ കോപശീലേ!

ത്വം,ഏവ—നീ തന്നെ

മുദം,ഉദ്വഹ—സന്തോഷത്തെ പ്രാപിച്ചാലും.

(മമ,പുനഃ—എനിക്കാകട്ടെ)

പഞ്ചബാണചണ്ഡാളകാണ്ഡദലനാത്— പഞ്ചബാണനാകുന്ന കാമദേവനാകുന്ന ചണ്ഡാളൻെറ കാണ്ഡങ്ങളാൽ നാരാചങ്ങളാൽ [ദലനംനിമിത്തം പ്രഹരണം നിമിത്തം

അസവഃ,പ്രയാന്തി—പ്രാണങ്ങൾ പോകുന്നു (പോകട്ടെ).

അല്ലയോ മുഗ്ദ്ധേ! ഞാൻ അപരാധിയാണെങ്കിൽ നീ എങ്കൽ കൃപ കൂടാതെ ദന്തക്ഷതങ്ങൾ ഏല്പിച്ചാലും. ബാഹുക്കളെക്കൊണ്ടു എന്നെ കെട്ടിപ്പിടിച്ചാലും. ഗാഢമാംവണ്ണം സ്തനങ്ങളെക്കൊണ്ടു പീഡനം ചെയ്തും ശിക്ഷ കല്പിച്ചാലും. അല്ലയോ കോപശീലേ! നീ മാത്രം സന്തോഷത്തെ പ്രാപിച്ചാലും. കാമദേവനാകുന്ന ചണ്ഡാലൻെറ ശരങ്ങളേററു എൻെറ പ്രാണങ്ങൾ പോകുന്നു.

നിരപരാധികളെ ഹിംസിക്കുക നിമിത്തം കാമദേവൻ ചണ്ഡാലൻ. ചണ്ഡാലൻെറ പ്രഹരംകൊണ്ടു മരിച്ചാൽ നല്ലഗതി ഉണ്ടാവുകയില്ല. ആയതുകൊണ്ടു അപരാധിയായ കൃഷ്ണനു ഉചിതമായ ദണ്ഡം രാധതന്നെ കല്പിക്കണം. ആയതിനു രാധയുടെ കയ്യിൽതന്നെ ആയുധങ്ങളും ഉണ്ട്. ദന്തക്ഷതാലിംഗനാദികൾ തന്നു രതിക്രീഡചെയ്താലും എന്നു കൃഷ്ണൻ ഭംഗ്യന്തരത്തിൽ രാധയോടു പ്രാത്ഥിക്കുന്നു.

(ശ്ലോകം)

ശശിമുഖി! തവ ഭാതി ഭംഗുരഭ്രൂർ-
യുവജനമോഹകരാളകാലസർപ്പീ.
തദുദിതഭയഭഞ്ജനായ യൂനാം
ത്വദധരസീധുസുധൈവ സിദ്ധമന്ത്രഃ ൪

ഈ പദ്യത്തിൽ കൃഷ്ണൻ രാധയെ അനുകൂലപ്പെടുത്തുന്നതായി പ്രസ്താവിക്കുന്നു—

ശശിമുഖി—അല്ലയോ ചന്ദ്രമുഖിയായ രാധേ!

തവ, ഭംഗുരഭ്രൂഃ—നിൻെറ ഭംഗുരമായ വളഞ്ഞ പുരികം

യുവജനമോഹകരാലകാലസർപ്പീ—യുവജനങ്ങളെ തരുണജനങ്ങളെ മോഹിപ്പിക്കുന്ന മൂർഛിപ്പിക്കുന്ന കരാലമായ ഭയങ്കരമായ കാല [സർപ്പസ്ത്രീയായി

ഭാതി—ശോഭിക്കുന്നു.

(അതഃ – ആയതുകൊണ്ടു)

തദുദിതഭയഭംജനായ—അതിൽനിന്നു ഉദിതമായ ഉണ്ടായ ഭയ [ത്തിൻെറ ഭംജനത്തിന്നായി നാശത്തിന്നായി

യൂനാം—യുവാക്കൾക്കു

ത്വദധരസീധുസുധാ, ഏവ—നിൻെറ അധരത്തിലെ സീധുവാകുന്ന [സുധതന്നെ അമൃതംതന്നെ

സിദ്ധമന്ത്രഃ—സാധിതമായ (കൈകണ്ട) മന്ത്രമായിരിക്കുന്നു.

അല്ലയോ ചന്ദ്രമുഖിയായ രാധേ! നിൻെറ വളഞ്ഞ പുരികങ്ങൾ തരുണജനങ്ങളെ മോഹിപ്പിക്കുന്ന ഭയങ്കരമായ കാലസർപ്പമായി വിളങ്ങുന്നു. യുവാക്കന്മാൎക്കു അതിൽനിന്നും ഭയംതീരാൻ നിൻെറ അധരാമൃതം കൈകണ്ട മന്ത്രമായിരിക്കുന്നു.

വിരഹിണിയായ രാധയേ തപിപ്പിച്ചു ഹിംസിക്കുന്നവനാണ് ശശി ഹിംസ്രമുഖിയായ സ്ത്രീയുടെ പുരികക്കൊടി കാലസർപ്പംപോലെ ഭയങ്കരമായിരിക്കും. അമൃതു ഇരിക്കുന്നതിന്നു അടുത്തു കാലസർപ്പത്തിൻെറ സ്ഥിതി യോജിച്ചതല്ല. പുരിക വാചകമായ ശബ്ദം സ്ത്രീലിംഗമായതിനാൽ സർപ്പസ്ത്രീയെ പറഞ്ഞു. വിഷഭംജനായ എന്നും പാഠം. വിഷം തീരാൻ അമൃതപാനം ശ്രേഷ്ഠമാണ്. കണ്ട ഉടൻ തന്നെ മോഹത്തെ തരുന്നതാണ് കൃഷ്ണസർപ്പി. കോപംകൊണ്ടാണല്ലോ രാധയുടെ പുരികം വളഞ്ഞു ചുളുങ്ങിയിരിക്കുന്നതു്. കോപം തീർന്നവളായി തനിക്കു അധരപാനം തരണമെന്നു കൃഷ്ണൻെറ പ്രാൎത്ഥന എന്നു സാരം.

(ശ്ലോകം)

വ്യഥയതി വൃഥാ മൌനം തന്വി പ്രപഞ്ചയ പഞ്ചമം
തരുണി മധുരാലാപൈസ്താപം വിനോദയ ദൃഷ്ടിഭിഃ
സുമുഖി വിമുഖീഭാവം താവദ് വിമുഞ്ച ന വഞ്ചയ
സ്വയമതിശയസ്നിഗ്ദ്ധോ മുഗ്ദ്ധേ പ്രിയോഽഹമുപ- [സ്ഥിതഃ ൧

തന്വി—അല്ലയോ കൃശാംഗിയായ രാധേ!
വൃഥാ, മൌനം—(നിന്റെ) വെറുതേയുള്ള മൌനം
വ്യഥയതി—(എന്നെ) പീഡിപ്പിക്കുന്നു. (ആയതുകൊണ്ടു്)
തരുണി—അല്ലയോ താരുണ്യവതീ!
മധുരാലാപൈഃ—മധുരങ്ങളായ ആലാപങ്ങളാൽ സംഭാഷണ [ങ്ങളാൽ
പഞ്ചമം—പഞ്ചമം എന്ന സ്വരവിശേഷത്തെ
പ്രപഞ്ചയ, താ വത്—വിസ്തരിച്ചാലും.
ദൃഷ്ടിഭിഃ—നോട്ടങ്ങളാൽ
താപം—താപത്തെ
വിനോദയ—വിനോദിപ്പിച്ചാലും.
സുമുഖി—അല്ലയോ ശോഭനമായ മുഖത്തോടുകൂടിയവളേ!
വിമുഖീഭാവം—(എങ്കൽ) വിമുഖമായിരിക്കുന്ന നിലയെ
വിമുഞ്ച—വെടിഞ്ഞാലും.
ന, വഞ്ചയ—(എന്നെ) വഞ്ചിക്കരുതു്. എന്തെന്നാൽ
മുഗ്ദ്ധേ—അല്ലയോ സുന്ദരി! അല്ലെങ്കിൽ കാര്യജ്ഞാനമില്ലാത്ത [മൂഢേ!
അതിശയസ്നിഗ്ദ്ധഃ—ഏററവും സ്നേഹിച്ചിരിക്കുന്ന
അയം, അഹം, പ്രിയഃ—ഈ പ്രിയനായ ഞാൻ
സ്വയം, ഉപസ്ഥിതഃ—തന്നത്താൻ വന്നിരിക്കുന്നു.

അല്ലയോ കൃശാംഗിയായ രാധേ! നീ വെറുതെ മൌനമായിരിക്കുന്നതു എന്നെ പീഡിപ്പിക്കുന്നു. ആയതുകൊണ്ടു അല്ലയോ തരുണി! പഞ്ചമസ്വരത്തെ ജയിക്കുന്ന നിന്റെമധുരസല്ലാപം നീ തുടങ്ങിയാലും. അതുപോലെ നിന്റെ കടാക്ഷവീക്ഷണങ്ങളാൽ എന്റെ താപത്തെ മാററിയാലും. അല്ലയോ സുമുഖി! നീ എങ്കൽ വിമുഖിയായിരിക്കരുതു്. വളരെ സ്നേഹത്തോടും പ്രീതിയോടുംകൂടി സ്വയം വന്നിരിക്കുന്ന എന്നെ നീ വഞ്ചിക്കരുതു്.

മൌനം—അകാരണമായി വാക്സംയമം. നിരപരാധിയായവനെ അപരാധിയായി വൃഥാശബ്ദം സൂചിപ്പിക്കുന്നു. പഞ്ചമം—പഞ്ചമപദംകൊണ്ടു വസന്തകാലത്തിൽ രുചിരമായി ആലപിക്കുന്ന കുയിലിനെ ജയിക്കുന്ന സ്വരമാണു രാധയ്ക്കുള്ളതെന്നു സിദ്ധിക്കുന്നു. വസന്തത്തിലാണല്ലോ കാമിനിമാർ പ്രിയന്മാരെ അനുസരിക്കുന്നതു്. കൃഷ്ണൻ വളരെ സ്നേഹത്തോടും പ്രീതിയോടും കൂടി രാധയിങ്കൽ അഭിസരണം ചെയ്തിരിക്കുന്നതിനാൽ വചനസന്ദർഭം ഉള്ളപ്പോൾ അവചനവും, സുമുഖിക്കു വൈമുഖ്യവും യോജിച്ചതല്ലെന്നു സാരം. മുഗ്ദ്ധയായ രാധ

മൌഢ്യംവെടിഞ്ഞു ചതുരയായി—അതായതു കൃഷ്ണൻ തന്നിൽ ശരണം പ്രാപിച്ചവൻ എന്നെണനന്നവളായി--തന്നോടുരമിക്കണമെന്ന കൃഷ്ണന്റെ അപേക്ഷ.

(ശ്ലോകം)

ബന്ധൂകദ്യുതിബാന്ധവോ/യമധരഃ സ്നിഗ്ദ്ധോ മധൂകച്ഛവിർ
ഗണ്ഡശ്ചണ്ഡി! ചകാസ്തി നീലനലിനശ്രീമോചനം [ലോചനമ്
നാസാഭ്യേതി തിലപ്രസൂനപദവീം കുന്ദാഭദന്തി! പ്രിയേ!
പ്രായസ്ത്വന്മുഖസേവയാ വിജയതേ വിശ്വം സ പുഷ്പാ- [യുധഃ ൯

ഹേ ചണ്ഡി—അല്ലയോ വളരെ കോപിക്കുവാൻ ശീലമുള്ളവളെ! (രാധേ!)

അയം, അധരഃ—ഈ (നിന്റെ) അധരം

പ്രായഃ—ഒട്ടുമുക്കാലും

ബന്ധൂകദ്യുതിബാന്ധവഃ—ബന്ധൂകത്തിന്റെ ചെമ്പരത്തിപ്പൂവിന്റെ ദ്യുതിക്കു കാന്തിക്കു ബാന്ധവമായി ബന്ധുവായി(സദൃശമായി)

ചകാസ്തി—ശോഭിക്കുന്നു

സ്നിഗ്ദ്ധഃ, ഗണ്ഡഃ—മനോഹരമായ (നിന്റെ) കവിൾത്തടം

മധൂകച്ഛവിഃ—മധൂകത്തിന്റെഇരുപ്പപ്പൂവിന്റെ ഛവിപോലെ [കാന്തിപോലെയുള്ള കാന്തിയോടുകൂടിയതായി (ശോഭിക്കുന്നു).

ലോചനം—(നിന്റെ) കണ്ണു്

നീലനലിനശ്രീമോചനം—(തന്റെശോഭയാൽ) നീലനിറമായ നലിനത്തിന്റെ താമരയുടെ ശ്രീയെ ശോഭയെ മോചിപ്പിക്കുന്ന [തായി ത്യജിപ്പിക്കുന്നതായി ഇരിക്കുന്നു.

ഹേ കുന്ദാഭദന്തി—അല്ലയോ മുല്ലമൊട്ടുപോലെ ശോഭിക്കുന്ന പ [ല്ലുകളോടുകൂടിയവളേ!

നാസാ—(നിന്റെ) നാസിക

തിലപ്രസൂനപദവീം—എള്ളിൻപൂവിന്റെ പദവിയെ

അഭ്യേതി—അതിശയിച്ചിരിക്കുന്നു

ഹേ പ്രിയേ—അല്ലയോ എന്റെ പ്രീതിക്കു ഭാജനമായുള്ളവളേ!

സഃ, പുഷ്പായുധഃ—പ്രസിദ്ധനായ ആ കാമദേവൻ

ത്വൻമുഖോത്സവയാ—നിൻെറ മുഖത്തിൻെറ ശോഭകൊണ്ടു
വിശ്വം, വിജയതേ—ലോകത്തെ ജയിക്കുന്നു.

അല്ലയോ കോപശീലയായ രാധേ! അല്ലയോ മുല്ലമൊട്ടുകളോടൊത്ത പല്ലുകളോടുകൂടിയവളേ! അല്ലയോ പ്രിയേ! നിൻെറ ഈ ചുണ്ടു ചെമ്പരത്തിപ്പൂവിൻെറ ശോഭയെ വഹിച്ചു വിളങ്ങുന്നു. നിൻെറ മനോഹരമായ കവിൾത്തടം ഇരിപ്പപ്പൂവിൻെറ കാന്തിയോടു പരിലസിക്കുന്നു. നിൻെറ കണ്ണു നീലോത്പലകാന്തിയെ ജയിക്കുന്നു. നിൻെറ നാസിക എള്ളിൻ പൂവിൻെറ പദവിയെ അതിശയിച്ചിരിക്കുന്നു. ഇവ്വണ്ണം പുഷ്പബാണനായ കാമദേവൻ നിൻെറ മുഖത്തെ ആശ്രയിച്ചു വിശ്വത്തെ ജയിക്കുന്നു.

പഞ്ചബാണനായ കാമൻെറ ആയുധം അഞ്ചുവിധം പൂക്കളാണ്. രാധയുടെ മുഖാവയവങ്ങളായ അധരം മുതലായവ അഞ്ചുംവിധം പുഷ്പങ്ങളോടു സദൃശമായിരിക്കുന്നു. രാധയുടെ മുഖത്തിൽ കാമൻ കളിയാടുന്നുമുണ്ട്. ആകയാൽ അവളുടെ മുഖത്തെ ആശ്രയിച്ചിട്ടാണോ കാമദേവൻ ലോകത്തെജയിക്കുന്നതു എന്നിങ്ങനെ ഉത്പ്രേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ കോപമില്ലെങ്കിലും മുമ്പുണ്ടായിരുന്നതിനെ ഉദ്ദേശിച്ചാണ് ചണ്ഡി എന്നു സംബോധനം. സഃ—പ്രസിദ്ധൻ, ശ്രീപരമേശ്വരനാൽ ദഹിക്കപ്പെട്ട പുഷ്പായുധൻ എന്നർത്ഥം. അവൻ പുഷ്പമയങ്ങളായ ആയുധങ്ങളാൽ സുരാസുരന്മാരാൽ പോലും ദുർജയമായ ലോകത്തെ ജയിക്കുന്നു. ആ പുഷ്പായുധങ്ങൾക്കു രാധയുടെമുഖാവയവങ്ങളോടു സാദൃശ്യമുണ്ട്. മധൂകപുഷ്പം മഞ്ഞ നിറമുള്ളതാണ്. വിരഹിണികളുടെ കവിൾത്തടം മഞ്ഞളിച്ചിരിക്കും. ബന്ധൂകസദൃശമായ അധരം എന്നു പറഞ്ഞതുകൊണ്ടു അനുരാഗത്തെ ആകർഷിക്കുന്ന കാമൻെറ ഒരുതരം ബാണം സൂചിതമായി. മധൂകച്ഛവിയായ ഗണ്ഡം എന്നതുകൊണ്ടു കാമൻെറ വശീകരണബാണവും, നീലനളിനശ്രീമോചനം എന്നതുകൊണ്ടു ഉന്മാദന ബാണവും, തിലപ്രസൂനപദവീം എന്നതുകൊണ്ടു ദ്രാവണബാണവും, കുന്ദാഭദന്തി എന്നതുകൊണ്ടു ശോഷണബാണവും സൂചിതമായിരിക്കുന്നു. ഇങ്ങനെ കാമൻെറ ബാണങ്ങൾ അഞ്ചും അഞ്ചുവിധമായ പ്രവൃത്തിയെ ചെയ്യുന്നു. കൃഷ്ണൻ രാധയുടെ അധരം കണ്ടു അനുരാഗം വർദ്ധിച്ചു ആകൎഷിക്കപ്പെട്ടവനായും, കവിൾത്തടം കണ്ടു അവൾക്കു വശപ്പെട്ടവനായും, കണ്ണുകളെക്കണ്ടു ഉന്മാദമുള്ളവനായും, പല്ലുകളെക്കണ്ടു ശുഷ്കനായും ആയിത്തീർന്നിരിക്കുന്നു എന്നു ഭാവം. രാധ അവ്വണ്ണമുള്ള കൃഷ്ണനോടു ഇണങ്ങിയിരിക്കണമെന്നു കൃഷ്ണൻെറ പ്രാർത്ഥനം.

(ശ്ലോകം)

ദൃശൗ തവ മദാലസേ വദനമിന്ദുമത്യാസ്പദം
ഗതിർ ജനമനോരമാ വിജിതരംഭമൂരുദ്വയമ്
രതിസ്തവ കലാവതീ രുചിരചിത്രലേഖേ ഭ്രുവാ—
വഹോ വിബുധയൗവതം വഹസി തന്വി പൃഥ്വീഗതാ

ഹേ തന്വീ—അല്ലയോ കൃശാംഗിയായ രാധേ!
(ത്വം), പൃഥ്വീഗതാ—നീ പൃഥ്വിയിങ്കൽ ഭൂമിയിങ്കൽ ഗതയായി [ഇരിക്കുന്നവളായിരുന്നാലും
വിബുധയൗവതം—വിബുധയുവതികളുടെ ദേവതരുണിമാരുടെ [സമൂഹത്തെ
വഹസി, അഹോ—വഹിക്കുന്നു. ആശ്ചര്യം.
തവ, ദൃശൗ—നിന്റെ കണ്ണുകൾ (നോട്ടങ്ങൾ)
മദാലസേ—മദത്താൽഅലസങ്ങളായി മന്ഥരങ്ങളായിഇരിക്കുന്നു.
വദനം—(നിന്റെ) മുഖം.
ഇന്ദുമത്യാസ്പദം—ഇന്ദുവിന്റെ ചന്ദ്രന്റെ മതിക്കു ശോഭക്കു [ആസ്പദമായി ഇരിപ്പിടമായി ഇരിക്കുന്നു.
(തവ), ഗതിഃ—നിന്റെ നട
ജനമനോരമാ—ജനങ്ങളുടെ മനസ്സിനെ രമിപ്പിക്കുന്നതായി [രിക്കുന്നു.
ഊരുദ്വയം—നിന്റെ രണ്ടു തുടകളും
വിജിതരംഭം—വിജിതമായ ജയിക്കപ്പെട്ട രംഭയോടു കദളിയോടു [കൂടിയതായിരിക്കുന്നു.
തവ,രതിഃ—നിന്റെ സുരതക്രീഡ
കലാവതീ—കൗശലശാലിനിയായിരിക്കുന്നു അതായതു കാമശാസ്ത്ര [ത്തിൽ പറഞ്ഞിട്ടുള്ളതിനെ അനുസരിച്ചുള്ളതാകുന്നു.
ഭ്രുവൗ—നിന്റെ പുരികങ്ങൾ
രുചിരചിത്രലേഖേ—രുചിരങ്ങളായ മനോജ്ഞങ്ങളായ ചിത്ര [ലേഖയോടു വിചിത്രമായ രേഖയോടു കൂടിയതായിരിക്കുന്നു.

അല്ലയോ രാധേ! നിന്റെനോട്ടങ്ങൾ മദാലസകളായിരിക്കുന്നു. മുഖം ഇന്ദുമതിക്കു ആശ്രയമായിരിക്കുന്നു. നട ജനങ്ങൾക്കു മനോഹരമായിരിക്കുന്നു. രണ്ടു തുടകളും രംഭയെ ജയിച്ചിരിക്കുന്നു. നിന്റെ സുരതകേളി കലാവതിയുമാണ്. പുരികങ്ങൾ ചിത്രലേഖകളോടുകൂടിയ

ളുകളും ആണ്. ആയതിനാൽ അല്ലയോ കൃശാംഗിയായ രാധേ! നീ ഭൂമിയിൽ ഇരിക്കുന്നവളായാലും ദേവയുവതികളെ വഹിക്കുന്നു എന്നുള്ളതു ആശ്ചര്യം.

മദാലസ—സ്വർഗ്ഗലോകത്തിലെ ഒരു വേശ്യ. സ്വർഗ്ഗത്തിൽ ഒരു മദാലസയെയുള്ളു. രാധയാകട്ടെ മദാലസകളായ രണ്ടു കണ്ണുകളെ വഹിക്കുന്നു. ഇന്ദുമതി ഒരു അസ്പരഃസ്ത്രീയാണ്. മനോരമയും ഒരു ദേവസ്ത്രീതന്നെ. രംഭ സ്വർഗലോകത്തിലെ വേശ്യയാണ്. കലാവതിയും ദേവനായികതന്നെ. ചിത്രലേഖ ഗന്ധർവതരുണിയാകുന്നു. ഇങ്ങനെ ദേവയുവതികളുടെ പേരുകളും ഈ പദ്യത്തിലെ വൃത്തത്തിന്റെ പേരായ പൃഥ്വിയും ഇവിടെ മുദ്രാലങ്കാരഭംഗിയിൽ പ്രതിപാദിച്ചിരിക്കുന്നു. യുവതികളുടെ സമൂഹം യൗവതം.

(ശ്ലോകം)

സ പ്രീതിം തനുതാം ഹരിഃ കുവലയാപീഡേന സാർധം
[രണേ
രാധാപീനപയോധരസ്മരണകൃത്കുംഭേന സംഭേദവാൻ
യത്ര സ്വിദ്യതി മീലതി ക്ഷണമപി ക്ഷിപ്രം തദാ—
[ലോകന-
വ്യാമോഹേന ജിതം ജിതം ജിതമഭൂത് കംസസ്യ
[കോലാഹലഃ വൃ

സർഗാവസാനത്തിൽ കവി മംഗളമാചരിക്കുന്നു—

രാധാപീനപയോധരസ്മരണകൃത്കുംഭേന—രാധയുടെ പീനങ്ങളായ തടിച്ചുരുകളായ പയോധരങ്ങളുടെ മുലകളുടെ സ്മരണയെ [ഓർമ്മയെ ഉണ്ടാക്കുന്ന കുംഭത്തോടു മസ്തകത്തോടുകൂടിയ

കുവലയാപീഡേന, സാർധം—കുവലയാപീഡം എന്ന കംസന്റെ [ന്റെ ആനയോടുകൂടി

രണേ—യുദ്ധത്തിൽ

സംഭേദവാൻ—സംഭേദത്തെ സംഗമത്തെ പ്രാപിച്ചവനായ

സഃ,ഹരിഃ—ആ ഹരി

ജഗതാം—ജഗത്തുക്കൾക്കു (എല്ലാവർക്കും)

പ്രീതിം,തനുതാം—സന്തോഷത്തെ വളർത്തട്ടേ

യത്ര—(സ്മരണയുണ്ടായ) യാതൊരുഹരി

ക്ഷണം,അപി—ക്ഷണനേരംപോലും
സ്വിദ്യതീ—വിയൎത്തവനായിരിക്കുമ്പോൾ
മീലതി—കണ്ണടച്ചവനായിരിക്കുമ്പോൾ
തദാലോകനവ്യമോഹേന—അവ്വണ്ണമുള്ള കൃഷ്ണന്റെ ആലോ
[കനംകൊണ്ടുള്ള ദർശനംകൊണ്ടുള്ള വ്യാമോഹത്താൽ ഭ്രാന്തിയാൽ
ക്ഷിപ്രം—വേഗത്തിൽ
കംസസ്യ,കോലാഹലഃ—കംസന്റെ കലകലം
ജിതം,ജിതം,ജിതം (ഇതി),അഭൂൽ—'ജയിക്കപ്പെട്ടു' എന്നുള്ള
[രൂപത്തിൽ ഭവിച്ചുവോ.

കുവലയാപീഡം എന്നുപേരായ കംസന്റെ ഗജവീരനോടുകൂടി യദ്ധംചെയ്യുമ്പോൾ, കൃഷ്ണൻ ഗജവീരന്റെ മസ്തകകുംഭങ്ങളെ കണ്ടു രാധയുടെ കുചകുംഭങ്ങളെ ഓൎമ്മിച്ചുപോയി. തന്നിമിത്തം കാമപരവശനായി സാത്വികഭാവങ്ങൾ ഉണ്ടായി ക്ഷണനേരം വിയൎത്തും കണ്ണടച്ചും ഇരുന്ന കൃഷ്ണനെ കണ്ടു, യുദ്ധത്തിൽ തളൎന്നു പോയവനായി തെററിദ്ധരിച്ചു, കംസന്റെ 'ജയിച്ചു, ജയിച്ചു, ജയിച്ചു' എന്നിങ്ങനെയുള്ള ആർപ്പുവിളിയുണ്ടായി. (അടുത്തക്ഷണത്തിൽ കൃഷ്ണൻ ഗജവീരനെ തല്ലിക്കൊല്ലുകയും ചെയ്തു). അവ്വണ്ണമുള്ള കൃഷ്ണൻ എല്ലാവൎക്കും സന്തോഷത്തെ വളൎത്തട്ടേ.

ഈ വൎണ്ണനയിൽ നിന്നും ശ്രീകൃഷ്ണൻ രാധയോടു എത്രത്തോളം അനുരാഗമുള്ളവൻ എന്നു ഊഹിക്കാം. അത്രത്തോളം രാധയിങ്കൽ പ്രണയവാനായ ഭഗവാൻ നമുക്കു മംഗളം തരട്ടേ എന്നുസാരം.

മാനിനീവൎണ്ണനത്തിൽ ചതുരചതുർഭുജം

എന്ന പത്താംസർഗം സമാപ്തം.

## സാനന്ദദാമോദരം
## എന്ന പതിനൊന്നാംസർഗ്ഗം.

(ശ്ലോകം)

സുചിരമനുനയേന പ്രീണയിത്വാ മൃഗാക്ഷീം
ഗതവതി കൃതവേശേ കേശവേ കുഞ്ജശയ്യാമ്
രചിതരുചിരഭൂഷാം ദൃഷ്ടിമോഷേ പ്രദോഷേ
സ്ഫുരതി നിരവസാദാം കാപി രാധാം ജഗാദ.

### ഭാഷ

ഏവമതിവചനാമൃതാബ്ധിയിലിറക്കി മുക്കി മുഗ്ദ്ധാംഗനാം
ദേവകീസുതനെയിങ്ങു കുഞ്ജശയനം ഗതം കുടിലകു-
[ന്തളാ
കാപി ഗോപി ഭുവി ക്രൂരിരുട്ടിഹ പരന്നു കണ്ണുകവരും
[വിധൗ
കാപഥസ്ഥിതിവെടിഞ്ഞ രാധയൊടുവാച വാച
[മിതി സാദരമ്

കൃഷ്ണനാൽ സമാധാനപ്പെടുത്തപ്പെട്ട രാധയോടു ഒരു സഖി ചെന്നു കൃഷ്ണനെ പിൻതുടൎന്നുചെല്ലുവാൻ ഉത്സാഹിപ്പിക്കുന്നതായ പ്രസ്താവിക്കുന്നു—

കൃതവേശേ, കേശവേ—അലങ്കൃതനായ കേശവൻ
മൃഗാക്ഷീം—ഹരിണനേത്രയായ രാധയേ
സുചിരം—വളരെ നേരം
അനുനയേന—സാന്ത്വനത്താൽ (സമാധാനപ്പെടുത്തി)
പ്രീണയിത്വാ—സന്തോഷിപ്പിച്ചിട്ടു
കുഞ്ജശയ്യാം—കുഞ്ജത്തിൽ വള്ളിക്കുടിലിൽ ഉള്ള ശയ്യയെ കിട
[ക്കയെ
ഗതവതി—പ്രാപിച്ചവനായിരിക്കുമ്പോൾ

രചിതരുചിരഭൂഷാം—രചിതമായ ചെയ്യപ്പെട്ട രുചിരമായ [മനോഹരമായ ഭൂഷയോടു അലങ്കാരത്തോടു കൂടിയവളും
നിരവസാദാം—നിർഗതമായ പോയതായ അവസാദത്തോടു [(കൃഷ്ണൻ വരാത്തതുകൊണ്ടുള്ള ദുഃഖത്തോടു) കൂടിയവളും ആയ
രാധാം—രാധയോടു
ദൃഷ്ടിമോഷേ—ദൃഷ്ടിയെ അപഹരിക്കുന്നതായ
പ്രദോഷേ—പ്രദോഷസമയം
സ്ഫുരതി—പ്രകാശിക്കുമ്പോൾ
കാപി, ജഗാദ—ഒരു സഖി പറഞ്ഞു.

കൃഷ്ണൻ വളരെ നേരമിരുന്നു രാധയെ സമാധാനപ്പെടുത്തി സന്തോഷിപ്പിച്ചിട്ടു സുരതക്രീഡയ്ക്കു യോഗ്യമായ വേഷം ധരിച്ചവനായി വള്ളിക്കുടിലിനകത്തുള്ള ശയ്യയെ പ്രാപിച്ചു. അപ്പോൾ കണ്ണുകാണാത്തമട്ടിൽ രാത്രിസമയം തുടങ്ങി. ആ സന്ദർഭത്തിൽ സുന്ദരിയായി ഭൂഷകളണിഞ്ഞു സന്തുഷ്ടയായി ശോഭിക്കുന്ന രാധയോടു ഒരു സഖി ഇവ്വണ്ണം പറഞ്ഞു.

ഈ സർഗത്തിനു 'സാനന്ദദാമോദരം എന്നു പേർ. സന്തുഷ്ടനായ ദാമോദരൻ ഇതിൽ വർണ്ണിക്കപ്പെടുന്നു. കൃഷ്ണൻ സന്തുഷ്ടനായി സങ്കേതസ്ഥലത്തിൽ ഇരിക്കുന്നു. സഖി രാധയെ സങ്കേതസ്ഥനായ കൃഷ്ണനോടു സംഗമിപ്പിക്കുന്നു. അതിനു ഉപായമായി സഖി അഭിസരണം ചെയ്യുന്ന നായികമാരുടെ സൗഭാഗ്യാതിശയത്തെ സ്തുതിച്ചു രാധയെ കേൾപ്പിക്കുന്നു. രണ്ടുപേരും വിരഹദുഃഖം തീർന്നു സന്തുഷ്ടന്മാരായി തീരുന്നു. ഇതെല്ലാം ഈ സർഗത്തിലെ പ്രതിപാദ്യമാകുന്നു.

## അഷ്ടപദി ൨൦.

വസന്തരാഗേണ ഗീയതേ യതിതാലേന വാദ്യതേ.

൧. വിരചിതചാടുവചനരചനം ചരണേ രചിതപ്രണിപാതം
സംപ്രതി മഞ്ജുലവഞ്ജുലസീമനി കേലിശയനമനുയാതം
മുഗ്ദ്ധേ മധുമഥനമനുഗതമനുസര രാധികേ!

൨. ഘനജഘനസ്തനഭാരഭരേ ദരമന്ഥരചരണവിഹാരം
മുഖരിതമണിമഞ്ജീരമുപൈഹി വിധേഹി മരാളനികാരം
(മുഗ്ദ്ധേ...)

൩. ശൃണു രമണീയതരം തരുണീജനമോഹനമധുപവിരാവം
കുസുമശരാസനശാസനബന്ദിനി പികനികരേ ഭജ ഭാവം
(മുഗ്ദ്ധേ...)

൪. അനിലതരളകിസലയനികരേണ കരേണ ലതാനികുരുംബം
പ്രേരണമിവ കരഭോരു കരോതി ഗതിം പ്രതി മുഞ്ച
[വിലംബം (മുഗ്ദ്ധേ...)

൫. സ്ഫുരിതമനംഗതരംഗവശാദിവ സൂചിതഹരിപരിരംഭം
പൃച്ഛ മനോഹരഹാരവിമലജലധാരമമും കുചകുംഭം
(മുഗ്ദ്ധേ...)

൬. അധിഗതമഖിലസഖീഭിരിദം തവ വപുരപി രതിരണ—
[സജ്ജം
ചണ്ഡി രണിതരശനാരവഡിണ്ഡിമമഭിസര സരസമ—
[ലജ്ജം (മുഗ്ദ്ധേ....)

൭. സ്മരശരസുഭഗനഖേന കരേണ സഖീമവലംബ്യ സലീലം
ചല വലയക്വണിതൈരവബോധയ ഹരിമപി നിജഗ—
[തിശീലം (മുഗ്ദ്ധേ....)

൮. ശ്രീജയദേവഭണിതമധരീകൃതഹാരമുദാസിതവാമം
ഹരിവിനിഹിതമനസാമധിതിഷ്ഠതു കണ്ഠതടീമവിരാമം
(മുഗ്ദ്ധേ....)

## ഭാഷ

### ഇരുപതാം അഷ്ടപദി.

### വസന്തഭൈരവി —ഏകതാളം.

൧. വിരഹവേദനയും പറഞ്ഞു നിൻപാദേ
വിരവൊടു വീണുനമിപ്പാൻ
വിരചിതപൂമെത്തയിന്മേലിലിന്നു നിൻ
വരവുണ്ടെന്നോർത്തു വാഴുന്നു

രാധേ നിശമയ നീ മാധവമനുസര വാചം
രാധേ നിശമയ നീ

൨. ഘനജഘനാദികനം കൊണ്ടു മന്ദം
കനിവൊടു ചെല്ലുന്ന നിൻെറ
കനകചിലമ്പൊലികേട്ടിട്ടു ചിത്തജ–
ജനകനാശപാസിക്കട്ടെ ചെമ്മെ (രാധേ....)

൩. കേഠംവിപെട്ട ജഗത്രയമന്നനാം മദനൻെറ
കല്പന പറയപ്പെട്ടുന്നു.
ജല്പിക്കും വണ്ടുകളാലും കൂജിത-
തത്പരകുയിലുകളാലും (രാധേ...)

൪. തളിർത്ത പൂവള്ളികളനിലതരളതര-
തളിർകരങ്ങളെക്കാട്ടിനിന്നു
വിളിച്ചിട്ടു പോവാൻ പ്രേരണംചെയ്യുന്നു
വിളംബനമരുതൊട്ടും പുറപ്പെട്ടാലും (രാധേ....)

൫. സ്മരതിരമാലകളുടെ പരമ്പരയേവ
പരിസ്ഫുരിക്കും പാവനകുചകുംഭം
ഹരിപരിരംഭണസുഖോദയമടുത്തതു
സൂചിപ്പിക്കുന്നു ചോദിച്ചാലും (രാധേ...)

൬. അരിയ സുരതകലഹത്തെച്ചെയ്‌വാൻ
അരയും തലയും മുറുക്കി
മരുവുന്നതാളികളാരുമറിഞ്ഞുമറിയാതെ
കേശവമഭിസരിച്ചാലും (രാധേ...)

൭. നല്ല വലത്തുകരംകൊണ്ടാളിയെ
നലമോടവലംബിച്ചു
ചെല്ലുക ചലവലയാദികിലുക്കം
ചെവിയൊപ്പിച്ചുജപാർശ്വേ (രാധേ...)

൮. ഏഷാ ജയദേവകവിരാജകൃതിയുടെ
ഭാഷാ വിദധാതു ഭക്തജനാനാം

ഭ്രൂഷണമാകട്ടെ കണ്ടേറ സുജനം
ദൂഷണം പൊറുക്ക തൊഴുന്നേൻ (രാധേ...]

'ശ്രീഹരിതാലരാജിജലധരവിലസിതാ' എന്ന ഇരുപതാം ഗീതപ്രബന്ധം ആരംഭിക്കുന്നു. മൂന്നാമത്തെവരി 'ധ്രുവപദം' ആയതിനാൽ മറെറല്ലാ പദങ്ങളോടും അതിനെ ചേർത്തുപറിക്കണം.

ഒന്നാംപദം—

ഹേ മുഗ്ദ്ധേ, രാധികേ—അല്ലയോ മുഗ്ദ്ധയായ പ്രിയാഭിസരണകൗ
[ശലത്തെ അറിയാത്ത രാധികേ!

അനുഗതം—(നിന്നെ) അനുസരിച്ചിരിക്കുന്നവനും (അനുകൂലനാ
[യിരിക്കുന്നവനും)

വിരചിതചാടുവചനരചനം—വിരചിതമായ വിഹിതമായ ചാടുവചനത്തിൻെറ പ്രിയവചനത്തിൻെറ രചനയോടു സന്ദർഭത്തോ
[ടു കൂടിയവനും

ചരണേ—(നിൻെറ) കാലിൽ

രചിതപ്രണിപാതം—രചിതമായ ചെയ്യപ്പെട്ട പ്രണിപാതത്തോ
[ടു നമസ്കാരത്തോടുകൂട്ടിയവനും

സംപ്രതി—ഇപ്പോൾ

മംജുലവംജുലസീമനി—മംജുളമായ മനോജ്ഞമായ വംജുളക്കു
[ടിലിൻെറ പര്യന്തത്തിൽ

കേളീശയനം—ക്രീഡാശയ്യയെ

അനുയാതം—അനുഗമിച്ചു പ്രാപിച്ചിരിക്കുന്നവനും ആയ

മധുമഥനം—കൃഷ്ണനെ

അനുസര—നീ പിൻതുടന്നാലും.

അല്ലയോ മുഗ്ദ്ധയായ രാധികേ! നിൻെറ കാലിൽ വീണു ചാടുവചനങ്ങൾ പറഞ്ഞു നിനക്കു അനുകൂലനായി ഇപ്പോൾ വള്ളിക്കുടിലിലുള്ള കേളിശയ്യയെ പ്രാപിച്ചിരിക്കുന്ന കൃഷ്ണനെ നീ പിൻതുടന്നു പ്രാപിച്ചാലും. അനുസര—പിൻതുടന്നാലും. താമസിക്കരുതു എന്നത്ഥം. കേളിശയ്യയിൽ ചെന്നിരുന്നു രാധയുടെ വരവിനെ പ്രതിക്ഷിക്കുന്ന കൃഷ്ണൻ എന്നർത്ഥം.

രണ്ടാംപദം—

ഘനജഘനസ്തനഭാരഭരേ—ഘനമായ തടിച്ച ജഘനഭാരത്തിൻെറയും പൃഷ്ഠഭാഗത്തിൻെറയും സ്തനഭാരത്തിൻെറയും കുചഭാരത്തി
[ൻെറയുംഭരത്തോടു ഗൗരവത്തോടുകൂടിയ രാധേ

മുഖരിതമണിമംജീരം—മുഖരിതമായ ശബ്ദിക്കുന്ന മണിഖചിത
[മായ മംജീരത്തോടു നൂപുരത്തോടുകൂടിയും

ദരമന്ഥരചരണവിഹാരം—ദരത്താൽ സാധ്വസത്താൽ മന്ഥര
മായ അലസമായ ചരണങ്ങളെക്കൊണ്ടുള്ള വിഹാരത്തോടു കൂടിയും
[വിന്യാസത്തോടു കൂടിയും

ഉപൈഹി—അടുത്തു ചെന്നാലും.

മരാളനികാരം—മരാളങ്ങളുടെ ഹംസങ്ങളുടെ നികാരത്തെ
[ജയത്തെ

വിധേഹി—ചെയ്താലും. (നിൻെറ ഗമനത്താൽ മരാളഗമനത്തെ
[ജയിച്ചാലും).

അല്ലയോ ഘനമായ സ്തനജഘനങ്ങളോടു കൂടിയ രാധേ! മണിഖചിതങ്ങളായ ചിലമ്പുകളുടെ ശബ്ദത്തോടുകൂടിയ നിൻെറ അലസസുന്ദരമായ ചരണവിക്ഷേപം—അരയന്നനടയെ ജയിക്കുന്നതായ ചരണവിക്ഷേപം—ആരംഭിച്ചാലും.

ഘനജഘനസ്തനഭാരഭരത്തോടുകൂടിയെ രാധയ്ക്കു ഓടി നടക്കാൻ വയ്യാ. മന്ഥരമായ ഗമനംതന്നെ ഒക്കും. മന്ഥരമായ നടയിൽ പ്രസിദ്ധിനേടിയ അരയന്നങ്ങളെ ജയിക്കുന്നതാണു് രാധയുടെ ഗമനം എന്നർത്ഥം. ഹംസങ്ങളുടെ ശബ്ദവും മംജീരശബ്ദവും ഒന്നുപോലെയിരിക്കും. ഹംസങ്ങളുടെ ശബ്ദം യാത്രയിൽ ശുഭസൂചകവുമാണു്. ആയതിനാൽ രാധ താമസിക്കാതെ ഉടൻ ചെല്ലണമെന്നു താത്പര്യം.

മൂന്നാംപദം—

(രാധേ—അല്ലയോ രാധേ!)

രമണീയതരം—വളരെ മനോഹരമായ

തരുണീജനമോഹനമധുപവിരാവം—തരുണീജനങ്ങൾക്കു മോഹത്തെ ജനിപ്പിക്കുന്ന മധുപങ്ങളുടെ വണ്ടുകളുടെ വിരാവത്തെ ഝങ്കാര
[നാദത്തെ

ശൃണു—നീ കേട്ടാലും.

പികനികരേ—കുയിലുകളുടെ കൂട്ടം

കുസുമശരാസനശാസനബന്ദിനി—കുസുമങ്ങളാകുന്ന പൂക്കളാകുന്ന ശരാസനത്തോടു ബാണത്തോടുകൂടിയ കാമദേവൻെറ ശാസനത്തിനു ആജ്ഞയ്ക്കു വിധേയന്മാരായ ബന്ദികളായി സ്തുതിപാഠകന്മാരായി
[ത്തിക്കുമ്പോൾ

ഭാവം, ഭജ—(കൃഷ്ണനോടു)അഭിപ്രായത്തെ ഭജിച്ചാലും.

അല്ലയോ രാധേ! തരുണീജനമോഹനമായ വണ്ടുകളുടെ ത്സങ്കാര നാദത്തെ നീ കേട്ടാലും. കാമദേവന്റെ ആജ്ഞയെ അനുസരിക്കുന്ന സ്തുതിപാഠകന്മാരായ കുയിലുകൾ ശബ്ദിച്ചുകൊണ്ടിരിക്കുമ്പോൾ നീ കൃഷ്ണങ്കൽ അഭിപ്രായമുള്ളവളായി ഭവിച്ചാലും.

മധുപശബ്ദം നിരസാമൃത്താലും രാധയുടെ അധരമധുപാന ത്താലും കൃഷ്ണനെ സൂചിപ്പിക്കുന്നു. മധു എന്ന ദൈത്യനെ പതിപ്പിച്ച തിനാലും മധുപൻ കൃഷ്ണൻ. തരുണീജനങ്ങൾക്കു മോഹത്തെ ജനി പ്പിക്കുന്ന മധുപൻ കൃഷ്ണൻ് അങ്ങനെയുള്ള കൃഷ്ണന്റെ വിരാവം സീത്കാരാദിശബ്ദം പുറപ്പെടുവിക്കുന്നവൻ എന്നത്ഥം. രാധയും കുയി ലിന്റെ നാദം പുറപ്പെടുവിക്കുന്നവളായി അവനെ ആനന്ദിപ്പിക്കണ മെന്നു സാരം. കുസുമശരാസനശാസനത്തെ വന്ദിക്കുവാൻ ശീലമുള്ള പികനികരം എന്നുമർത്ഥം. പികങ്ങളുടെനാദം നിമിത്തം കൃഷ്ണന്റെ മധുരാലാപം അന്യർക്കു കേൾക്കാനിടയില്ല. ആയതുകൊണ്ടു രാധയ്ക്കും കൃഷ്ണനോടു ശങ്കവെടിഞ്ഞു സല്ലപിക്കാം എന്നു സാരം.

നാലാംപദം—

കരഭോരു—അല്ലയോ കരഭംപോലെ മണിബന്ധത്തിനു മീതെയും ചെറുവിരലിനു താഴെയും ഉള്ള കൈയ്യുടെ വക്കുപോലെ മാർദവമുള്ള [ഊരുക്കളോടു തുടകളോടു കൂടിയവളായ രാധേ!

ലതാനികുരുംബം—ലതകളുടെ വള്ളികളുടെ നികുരംബം കൂട്ടം

അനിലതരലകിസലയനികരേണ—അനിലനാൻ കാററിനാൽ തരലമായ ഇളകുന്ന കിസലയത്തിന്റെ തളിരിന്റെ നികരത്തോടു [സമൂഹത്തോടുകൂടിയ

കരേണ—കൈകൊണ്ടു

ഗതിം,പ്രതി—(നിന്റെ) യാത്രയെക്കുറിച്ചു

പ്രേരണം—പ്രേരണയെ

കരോതി,ഇവ—ചെയ്യുന്നതുപോലെ ഇരിക്കുന്നു.

വിലംബം—താമസത്തെ

മുഞ്ച—ത്യജിച്ചാലും (ഉടൻ പുറപ്പെട്ടാലും).

അല്ലയോ രാധേ! ഇക്കാണുന്ന ലതകൾപോലും കാററിനാൽ ഇള കുന്ന പല്ലവങ്ങളാകുന്ന കരങ്ങളാൽ നിന്നെ കൃഷ്ണങ്കൽ ചെല്ലാൻ പ്രേരിപ്പിക്കുന്നവപോലെ ഇരിക്കുന്നു. ഇനി നിനക്കു താമസമരുതു്. ഉടൻ പുറപ്പെട്ടാലും.

അചേതനങ്ങൾപോലും ചേതനങ്ങൾ പോലെ നിന്റെ ഗമനത്തെ ഉണൎത്തുന്നതിനാൽ തീൎച്ചയായും രാധയ്ക്ക് അഭീഷ്ടസിദ്ധിയുണ്ടാവുമെന്നു ധ്വനിക്കുന്നു. കരസാന്നിധ്യത്താൽ ലതാശബ്ദംകൊണ്ടു സഖികൾ രാധയെ ത്വരിപ്പിക്കുന്നതായി സൂചിതമായിരിക്കുന്നു. കിസലയനികരം—നവപല്ലവസമൂഹം. വല്ലികൾക്കു അതുതന്നെ കരം. കാററിനാൽ ഇളകുന്ന അക്കരം രാധയെ ഉടൻ പുറപ്പെടാൻ പ്രേരിപ്പിക്കുന്നു എന്നൎത്ഥം.

അഞ്ചാംപദം—

(രാധേ—അല്ലയോ രാധേ!)

അനംഗതരംഗവശാത്, ഇവ—അനംഗന്റെ കാമന്റെ (ശൃംഗാരരസനദിയുടെ) തരംഗത്തിനു ഊൎമികൾക്കു വശപ്പെട്ടിരിക്കുന്നതിനാൽ [എന്നപോലെ

സ്ഫുരിതം—സ്ഫുരിക്കുന്നതും ഇളകുന്നതും

മനോഹരഹാരവിമലജലധാരം—മനോഹരമായ ഹാരമാകുന്ന [വിമലമായ നിൎമ്മലമായ ജലധാരയോടുകൂടിയതും

സൂചിതഹരിപരിരംഭം—സൂചിതമായ സൂചിപ്പിക്കപ്പെട്ട ഹരിയുടെ [കൃഷ്ണന്റെ പരിരംഭത്തോടു ആലിംഗനത്തോടുകൂടിയതും ആയ

അമും, കുചകുംഭം—ഈ (നിന്റെ) സ്തനകലശത്തെ

പൃച്ഛ—ചോദിച്ചാലും.

അല്ലയോ രാധേ! കാമവികാരങ്ങളാകുന്ന തിരമാലകൾ ഏററു കൊണ്ടെന്നപോലെ സ്ഫുരിക്കുന്നതും ഭാവിയായ കൃഷ്ണന്റെ ആലിംഗനത്തെ സൂചിപ്പിക്കുന്നതും മനോഹരമായ ജലധാരയോടുകൂടിയതും ആയ നിന്റെ സ്തനകലശത്തോടു ഞാൻ പറയുന്നതു ശരിയോ അല്ലയോ എന്നു ചോദിച്ചറിഞ്ഞാലും.

പ്രിയതമന്റെ കരസ്പൎശത്താൽ ലാലസമായ കുചകുംഭത്തിന്റെ ചേഷ്ടാവിശേഷത്തെ അറിയാൻ ഇച്ഛയുള്ളവളായിത്തീന്നാലും എന്നൎത്ഥം. ഭാവിയായ പ്രിയത്തെ സൂചിപ്പിക്കുന്നു ഇതു്. സ്ത്രീകൾക്കു കുചസ്ഫുരണം പ്രിയസംഗമത്തെ സൂചിപ്പിക്കുന്നു. ചോദിച്ചാലും—സഖി പറയുന്നതു ശരിതന്നെയൊ എന്നു ചോദ്യം ചെയ്താലും. ജലകുംഭത്തെ പുഴയിൽ ഇട്ടാൽ അതു തിരമാലകളാൽ ഇളകിക്കൊണ്ടിരിക്കും. അതുപോലെ രാധയുടെ കുചകുംഭം അനംഗന്റെ ശൃംഗാരരസമാകുന്ന പുഴയുടെ തിരമാലകൾക്കു വശപ്പെട്ടു സ്ഫുരിക്കുന്നു. രാധ ശൃംഗാരരസതരംഗിണി എന്നു താത്പൎയ്യം. ഇവശബ്ദം ഉത്പ്രേ

ക്ഷാവാചകം. സ്തനത്തിൽ ശോഭിക്കുന്ന ഹാരം കുംഭത്തിലെ ജലധാരയായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു. ഇതിൽനിന്നു സ്തനങ്ങളെ പൂൎണ്ണകലശങ്ങളായി ഭാവന ചെയ്തുകൊള്ളണം. പൂൎണ്ണകലശത്തിൽ ചലനമുണ്ടാകുമ്പോൾ ആണല്ലോ ജലധാരയ്ക്കു നിസ്സരണം ഉണ്ടാവുക. കുചസ്ഫുരണം സഖിയുടെ വാൎത്തയെ ശരിവയ്ക്കുന്നു എന്നൎത്ഥം.

ആറാംപദം—

സഖികൾ എല്ലാവരും കണ്ടുംകൊണ്ടിരിക്കുമ്പോൾ രാധ എങ്ങനെ പോകും എന്നുവച്ചാൽ അതിനു പറയുന്നു—

ഇദം, തവ, വപുഃ, അപി — ഈ നിന്റെ ശരീരവും

രതിരണസജ്ജം—രതിരണത്തിനു കാമയുദ്ധത്തിനു സജ്ജമായിട്ടുള്ളതാണെന്നു തയ്യാറായിട്ടുള്ളതാണെന്നു

അഖിലസഖീഭിഃ—എല്ലാസഖിമാരാലും

അധിഗതം—മനസ്സിലാക്കപ്പെട്ടിരിക്കുന്നു. (ആയതുകൊണ്ട്)

ചണ്ഡി—അല്ലയോ കോപശീലേ!

രണിതരശനാരവഡിണ്ഡിമം—രണിതമായ കിലുങ്ങുന്ന രശനയുടെ അരഞ്ഞാണിന്റെ രവമാകുന്ന ശബ്ദമാകുന്ന ഡിണ്ഡിമത്തോടു വാദ്യഘോഷത്തോടുകൂടി

സരസം—സരസമാംവണ്ണം

അലജ്ജം—ലജ്ജയെവിട്ടു

അഭിസര—(നായകനെ) അഭിസരണം ചെയ്താലും.

അല്ലയോ രാധേ! നിന്റെ ശരീരം പലവിധമായ കാമയുദ്ധത്തിനു തയ്യാറാണെന്നുള്ളവിവരം എല്ലാസഖിമാരും അറിഞ്ഞിട്ടുള്ളതുതന്നെ. ആയതുകൊണ്ടു അല്ലയോ കോപശീലയായ രാധേ! നീ ലജ്ജയെവിട്ടു സരസമാംവണ്ണം അരഞ്ഞാൺകിലുങ്ങുന്ന ശബ്ദമാകുന്ന വാദ്യമുഴക്കത്തോടുകൂടി കാമയുദ്ധത്തിന്നായി ഉടൻ നായകനെ അഭിസരണം ചെയ്താലും.

രാധയുടെ ഭൂഷിതമായ ശരീരംതന്നെ സഖികളെ മനസ്സിലാക്കുന്നു. ഇതിനുമുമ്പും അവർ മനസ്സിലാക്കീട്ടുണ്ട്. ആയതുകൊണ്ടു അവരെ വിചാരിച്ചു രാധയ്ക്കു ലജ്ജവേണ്ട എന്നൎത്ഥം. ഡിണ്ഡിമം—പണവവാദ്യം. യുദ്ധത്തിനുപുറപ്പെടുന്നവളായതിനാൽ ചണ്ഡി എന്നു സംബോധനം ചെയ്തു. യുദ്ധത്തിൽ ഡിണ്ഡിമധ്വനി മുഴക്കാറുണ്ട്.

ഏഴാംപദം—

(രാധേ—അല്ലയോ രാധേ)

സ്മരശരസുഭഗനഖേന—സ്മരന്റെ കാമന്റെ ശരംപോലെ സുഭഗമായ സുന്ദരമായ നഖത്തോടുകൂടിയ

കരേണ—കൈകൊണ്ടു

സഖീം, അവലംബ്യ—സഖിയെ (കൈയ്ക്കു) പിടിച്ചു

സലീലം—ലീലയോടുകൂടി (ഉല്ലാസമായി)

ചല—പുറപ്പെട്ടാലും.

വലയക്വണിതൈഃ—വലയങ്ങളുടെ കങ്കണങ്ങളുടെ ക്വണിതങ്ങ [ളാൽ ശബ്ദങ്ങളാൽ

ഹരിം, അപി—കൃഷ്ണനെയും

നിജഗതിശീലം—നിജഗതിയുടെ നിൻെറ വരവിൻെറ ശീലത്തെ [സ്വഭാവത്തെ (വരവിനെ)

അവബോധയ—ധരിപ്പിച്ചാലും.

അല്ലയോ രാധേ! കാമൻെറ ശരങ്ങൾപോലെ സുന്ദരങ്ങളായ നഖങ്ങളോടുകൂടിയ കൈകൊണ്ടു സഖിയെ പിടിച്ചുകൊണ്ടു ഉല്ലാസമായി പുറപ്പെടുക. നടക്കുമ്പോൾ ഇളകുന്ന വളകളുടെ കിലുക്കത്താൽ നിൻെറ വരവിനെ കൃഷ്ണനെ ധരിപ്പിച്ചാലും.

എട്ടാംപദം—

അധരീകൃതഹാരം—അധരീകൃതമായ താഴ്ത്തപ്പെട്ടതായ ഹാരത്തോടു [മുത്തുമാലയോടുകൂടിയതും

ഉദാസിതവാമം—ഉദാസിതമായ വിഷയമാക്കപ്പെട്ട വാമയോടു [നായികയായ രാധയോടു കൂടിയതും ആയ

ശ്രീജയദേവഭണിതം—ശ്രീജയദേവകവിയുടെ വർണ്ണന

ഹരിവിനിഹിതമനസാം—ഹരിയിങ്കൽ കൃഷ്ണഭഗവാങ്കൽ വിനിഹി [തമായ നിലകൊള്ളിക്കപ്പെട്ട ചിത്തത്തോടുകൂടിയ ഭക്തന്മാരുടെ

കണ്ഠതടീം, അവിരാമം—കണ്ഠപ്രദേശത്തിൽ എപ്പോഴും

അധിതിഷ്ഠതു—സ്ഥിതിചെയ്യട്ടെ.

ശ്രീജയദേവകവിയുടെ കൃതിയായ ഈ ഗീതം കൃഷ്ണഭക്തന്മാർക്കു് കണ്ഠാലങ്കാരമായ ഹാരത്തെയും പ്രിയയേയും തിരസ്കരിച്ചിട്ടു, ഉത്തമമായ കണ്ഠാഭരണമായി എപ്പോഴും ശോഭിക്കട്ടെ.

ഈ ഗാനം, ഭക്തന്മാരുടെ കണ്ഠത്തിനു ഹാരത്തെക്കാളും പ്രിയാലിംഗനത്തെക്കാളും അധികമായി ആനന്ദത്തെ കൊടുക്കുന്നതാണെന്നു താല്പര്യം. പ്രിയാലിംഗനം രാഗികൾക്കു സുഖത്തെക്കൊടുക്കും എന്നല്ലാതെ മുമുക്ഷുക്കളായ ഭക്തന്മാർക്കു ആനന്ദത്തെക്കൊടുക്കുന്നതല്ല.

'ശ്രീഹരിതാലരാജിജലധരവിലസിതം' എന്ന

ഇരുപതാംപ്രബന്ധം സമാപ്തമായി.

(ശ്ലോകം)

സാ മാം ദ്രക്ഷ്യതി വക്ഷ്യതി സ്മരകഥാം പ്രത്യംഗമാലിംഗനൈഃ
പ്രീതിം യാസ്യതി രംസ്യതേ സഖി സമാഗത്യേതി ചിന്താകുലഃ
സ ത്വാം പശ്യതി വേപതേ പുലകയത്യാനന്ദതി സ്വിദ്യതി
പ്രത്യുദ്ഗച്ഛതി മൂർഛതി സ്ഥിരതമഃപുഞ്ജേ നികുഞ്ജേ പ്രിയഃ

ഈ പദ്യത്തിൽ കൃഷ്ണന്റെ ഉത്കണ്ഠാധിക്യം വർണ്ണിക്കപ്പെടുന്നു—

സഖി, സാ, സമാഗത്യ—അല്ലയോ സഖി! അവൾ വന്നിട്ടു
മാം, ദ്രക്ഷ്യതി—എന്നെക്കാണും (നോക്കും).
സ്മരകഥാം—സ്മരകഥയെ തന്റെ അഭിലാഷവൃത്താന്തത്തെ
വക്ഷ്യതി—കഥിക്കും.
പ്രത്യംഗം—ഓരോ അവയവത്തിലും
ആലിംഗനൈഃ—ആശ്ലേഷങ്ങളാൽ
പ്രീതിം, യാസ്യതി—സന്തുഷ്ടയായിത്തീരും.
രംസ്യതേ—രമിക്കും
ഇതി—എന്നിപ്രകാരം
ചിന്താകുലഃ—ചിന്തയിൽ ആണ്ടിരിക്കുന്ന
പ്രിയഃ, സഃ—പ്രിയനായ അവൻ (കൃഷ്ണൻ)
സ്ഥിരതമഃപുഞ്ജേ—തിങ്ങിയ ഇരുൾക്കൂട്ടത്തോടുകൂടിയ
നികുഞ്ജേ—വള്ളിക്കുടിലിൽ
ത്വാം, പശ്യതി—നിന്നെക്കാണുന്നു.
വേപതേ, പുലകയതി—വിറകൊള്ളുന്നു. കോൾമയിർകൊള്ളുന്നു.
ആനന്ദതി—ആനന്ദിക്കുന്നു.
സ്വിദ്യതി—വിയർത്തവനായിത്തീരുന്നു.
പ്രത്യുദ്ഗച്ഛതി—(നിന്റെ വരവിനെ ഉണ്ടെന്നു്) എതിരേൽക്കുന്നു.
മൂർച്ഛതി—മൂർച്ഛയെ പ്രാപിക്കുന്നു.

അല്ലയോ രാധേ! നിന്റെ പ്രിയനായ കൃഷ്ണൻ ആ ഇരുളടഞ്ഞ വള്ളിക്കുടിലിൽ ഇരുന്നു നിന്റെ വരവിനെ പ്രതീക്ഷിക്കുന്നവനായി 'ഉടൻതന്നെ രാധ ഇവിടെ വന്നു എന്നെക്കാണും, കാമകഥകൾ പലതും എന്നോടു പറയും, അംഗംതോറും ആലിംഗനംചെയ്തു എന്നെ സന്തോഷിപ്പിക്കും' എന്നിവ്വണ്ണം ചിന്താപരവശനായി ഇരിക്കുന്നു. നിന്റെ വരവിനെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നു. വിറകൊള്ളുന്നു. രോമാഞ്ചിതനായിത്തീരുന്നു. സന്തുഷ്ടനാകുന്നു. വിയർക്കുന്നു. നിന്നെ എതിരേൽക്കുന്നു. മൂർച്ഛയെ പ്രാപിക്കുന്നു.

വിറ വിയർപ്പു രോമാഞ്ചം മോഹം പ്രതീക്ഷ ഇവയെല്ലാം രാധയോടുള്ള സംഗമചിന്തകൊണ്ടു കൃഷ്ണനു ഉണ്ടായ സാത്വികഭാവങ്ങളാകുന്നു. ധ്യാനദൃഷ്ടിയിൽ രാധ വല്ലതും പരുഷമായി പറഞ്ഞേയ്ക്കുമോ എന്നുള്ള ഭയത്താൽ വിറകൊള്ളുന്നു. ആലിംഗനം ചെയ്യുന്നതായി ഭാവിച്ചു കോൾമയിർകൊള്ളുന്നു. സുരതസുഖത്തെ ധ്യാനിച്ചു ആനന്ദിക്കുന്നു. രാധയുടെ വരവിനെ ഭാവനചെയ്തു അല്ലെങ്കിൽ സുരതകേളി കഴിഞ്ഞു പോകാൻ പുറപ്പെട്ട രാധയെ തിരിയെ വരുത്തുവാനായി പ്രത്യുത്ഥാനം ചെയ്യുന്നു. ധ്യാനത്തിനു വിച്ഛേദമുണ്ടാകുമ്പോൾ രാധയെ കാണാതെ മൂർച്ഛിക്കുന്നു എന്നർത്ഥം.

(ശ്ലോകം)

അക്ഷ്ണോർ നിക്ഷിപദംജനം ശ്രവണയോസ്താപിംഛ-
[ഗുച്ഛാവലീം
മൂർധ്നിശ്യാമസരോജദാമ കുചയോഃ കസ്തൂരികാപത്രകമ്
ധൂർത്താനാമഭിസാരസംഭ്രമജുഷാം വിഷ്വങ്നികുംജേ സഖി
ധ്വാന്തം നീലനിചോളചാരു സുദൃശാം പ്രത്യംഗമാലിം-
[ഗതി. ൩

ഈ പദ്യത്തിൽ അലംകൃതയായി നായകനെ അഭിസരണം ചെയ്യണമെന്നുള്ള അഭിസാരികാസമയത്തെപ്പററി പ്രസ്താവിക്കുന്നു—

ഹേ സഖി—അല്ലയോ രാധേ!
നികുംജേ—വള്ളിക്കുടിലിൽ
അഭിസാരസംഭ്രമജുഷാം—അഭിസരണമാകുന്ന സംഭ്രമത്തെ സംഭ്രമത്തോടു തിടുക്കത്തോടു കൂടിയ പ്രവൃത്തിയെ ആശ്രയിച്ചിരിക്കുന്ന
ധൂർത്താനാം—ധൂർത്തകളായ ശഠികളായ
സുദൃശാം—സുന്ദരിമാരുടെ
പ്രത്യംഗം—ഓരോ അവയവത്തിലും
വിഷ്വക്—നാലുപുറവും (ചുററുപാടും)
അക്ഷ്ണോഃ—കണ്ണുകളിൽ
അംജനം—അംജനത്തെ കജ്ജളത്തെ അതായതു മഷിയേയും
കുചയോഃ—മുലകളിൽ
കസ്തൂരികാപത്രകം—കസ്തൂരികൊണ്ടുള്ള മൃഗമദംകൊണ്ടുള്ള പത്രഭംഗരചനയേയും

ശ്രവണയോഃ—ചെവികളിൽ
താപിംഛഗുച്ഛാവലീം—(കണ്ണാഭരണമായി) താപിംഛത്തിൻെറ [പച്ചിലപ്പൂങ്കുലയേയും
മൂർധ്നി—മൗലിയിൽ
ശ്യാമസരോജദാമ—നീലത്താമരമാലയേയും
നിക്ഷിപത്—നിക്ഷേപിക്കുന്നതും
നീലനിചോളചാരു—നീലനിറമായ നിചോളംപോലെ മൂട്ട [പടംപോലെ മനോഹരവും ആയ
ധ്വാന്തം—ഇരുട്ട്
ആലിംഗതി—ആലിംഗനം ചെയ്യുന്നു (വ്യാപിക്കുന്നു).

അല്ലയോ സഖി! നീലനിറമായ മൂട്ടപടംപോലെ മനോഹരമായ ഇരുട്ട ലതാഗൃഹത്തിൽ ചുററുപാടും നിറഞ്ഞു, ധൃഷ്ടകളായ സംഭ്രമവതികളായ അഭിസാരികമാരുടെ കണ്ണുകളിൽ മഷിതേച്ചും, മുലകളിൽ കസ്തൂരികാപത്രം രചിച്ചും, ചെവികളിൽ പച്ചിലപ്പൂങ്കുലയണിഞ്ഞും, മൗലിയിൽ നീലത്താമരമാലചൂടിയും, ഇങ്ങനെ് ഓരോ അവയവത്തിലും ആലിംഗനം ചെയ്തിരിക്കുന്നു.

ഇരുട്ട, മഷിയായി കസ്തൂരിയായി പച്ചിലപ്പൂങ്കുലയായി നീലത്താമരമാലയായി വിളങ്ങുന്നു എന്നർത്ഥം. നല്ല ഇരുട്ടായതിനാൽ രാധയ്ക്കു ലജ്ജവെടിഞ്ഞു അഭിസരണം ചെയ്യാം. വിശേഷാലങ്കാരങ്ങൾക്കായി താമസിക്കയും വേണ്ട എന്നർത്ഥം. നീലനിറമായ മൂട്ടപടം എന്നപോലെ ഇരുട്ട അഭിസരണം ചെയ്യുന്ന രാധയെ അദൃശ്യയാക്കും എന്നർത്ഥം. സംഭ്രമം വേഗം അല്ലെങ്കിൽ ത്വര. പദ്യത്തിൽ ക്രമമായി ഇരുട്ടിൻെറ വർധനയെ വർണ്ണിച്ചിരിക്കുന്നു. ഇരുട്ട ആരംഭത്തിൽ കണ്ണുകൾക്കു അംജനമായും, കുറെക്കൂടിവർദ്ധിച്ചപ്പോൾ കണ്ണാഭരണാച്ഛാദനമായും, കുറെക്കൂടി വർദ്ധിച്ചപ്പോൾ ശിരോമാലയായും, കുചത്തിൽ കസ്തൂരികാപത്രമായും ക്രമമായി വർദ്ധിച്ചു ശരീരമത്രയും വ്യാപിച്ചിരിക്കുന്നു എന്നർത്ഥം.

(ശ്ലോകം)

കാശ്മീരഗൗരവപുഷാമഭിസാരികാണാ-
  മാബദ്ധരേഖമഭിതോ രുചിമംജരീഭിഃ
ഏതത്തമാലദലനീലതമം തമിസ്രം
  തത്പ്രേമഹേമനികഷോപലതാം തനോതി ൮

(സഖി—അല്ലയോ രാധേ!)

കാശ്മീരഗൗരവപുഷാം — കാശ്മീരംപോലെ കുങ്കുമംപോലെ [ഗൗരവർണ്ണമായ വപുസ്സോടു ദേഹത്തോടുകൂടിയ

അഭിസാരികാണാം—അഭിസരണംചെയ്യുന്ന നായികമാരുടെ (ഗമ [നത്തിൽ)

അഭിതഃ—ചുററുപാടും

രുചിമംജരീഭിഃ — രുചിയുടെ ദേഹകാന്തിയുടെ മംജരികളാൽ [കന്ദളങ്ങളാൽ (കാന്തിപരമ്പരകളാൽ)

ആബദ്ധരേഖം—ആബദ്ധമായ വിന്യസിക്കപ്പെട്ട രേഖയോടുകൂടി [യതും

മാലദലനീലതമം — തമാലദലംപോലെ ഏററവും നീല [നിറവും ആയ

തത്, തമിസ്രം—ഈ കൂരിരുട്ട്

തത്പ്രേമഹേമനികഷോപലതാം—അവൻെറ (കൃഷ്ണൻെറ) പ്രേമമാകുന്ന അനുരാഗമാകുന്ന ഹേമത്തിൻെറ സ്വർണ്ണത്തിൻെറ നിക [ഷോപലതയെ ഉരകല്ലായുള്ള അവസ്ഥയെ

താനോതി—ചെയ്യുന്നു.

അല്ലയോ രാധേ! കുങ്കുമംപോലെ ഗൗരവർണ്ണമായ ദേഹകാന്തിയുള്ള നിന്നെപ്പോലെയുള്ള അഭിസാരികമാർ ഇരുട്ടിൽ അഭിസരണം ചെയ്യുമ്പോൾ അവരുടെ ചുററുമായി സ്വർണ്ണരേഖയെ പ്രകാശിപ്പിക്കുന്നതും തമാലത്തളിരുപോലെ ഏററവും നീലനിറവും ആയ ഈ കൂരിരുട്ട് സ്വർണ്ണത്തിൻെറ മാററിനെ ഉരച്ചുനോക്കുവാനുള്ള ഉരകല്ലിൻെറ അവസ്ഥയെ പ്രാപിച്ചിരിക്കുന്നു.

കൂരിരുട്ടാകുന്ന ഉരകല്ലിൽ തേയ്ക്കപ്പെട്ട (സംബന്ധപ്പെട്ട) അഭിസാരികമാരുടെ ദേഹമാകുന്ന സ്വർണ്ണം ചുററും കാന്തിയെ പ്രകാശിപ്പിക്കുന്നു എന്നർത്ഥം. ഉരകല്ലിൽ സ്വർണ്ണത്തെ ഉരച്ചു മാററു അറിയുന്നതുപോലെ നായികമാരുടെ അനുരാഗം കൂരിരുട്ടത്തു അവർ അഭിസരണം ചെയ്യുന്നതിൽ നിന്നും അറിയാം. ഇരുട്ടിയസമയം എത്രയോ അഭിസാരികമാർക്കു അഭിസരണകാലമാണെങ്കിലും കൃഷ്ണനു രാധയോടുള്ള അനുരാഗമാകുന്ന സ്വർണ്ണത്തിൻെറ ഉരകല്ലായി വിളങ്ങുന്നു എന്നുമർത്ഥം. നായിക അഭിസരണം ചെയ്യുമ്പോൾ ചുററും മിന്നുന്നതു പ്രേമംതന്നെ എന്നുഭാവം. കൂരിരുട്ടിൽ എല്ലാം ത്യജിച്ചിട്ടു അഭിസരണം ചെയ്യുന്നതു നായികയുടെ ശുദ്ധമായ പ്രേമത്തിനു പരീക്ഷയാണ്. 'മണിമംജരീഭിഃ' എന്നും പാഠം. അഭിസാരിക അണിഞ്ഞിരിക്കുന്ന ആഭരണമണികളുടെ കാന്തിപരമ്പരകളാൽ എന്നർത്ഥം.

(ശ്ലോകം)

ഹാരാവലീതരലകാഞ്ചനകാഞ്ചിദാമ-
കേയൂരകങ്കണമണിദ്യുതിദീപിതസ്യ
ദ്വാരേ നികുഞ്ജനിലയസ്യ ഹരിം നിരീക്ഷ്യ
വ്രീഡാവതീമഥ സഖീമിയമിത്യുവാച

ഹാരാദ്യാഭരണപ്രഭാഹതതമസ്സായിട്ടു വല്ലീഗൃഹ-
ദ്വാരേ നിന്നരുളുന്ന നന്ദസുതനെക്കണ്ടിട്ടു കാമാർത്തിയും
പാരം ലജ്ജയുമാവഹിച്ചു വശമായി രാധാ ഹി ഭൂയോഽപി [സാ
സാരസ്യാതിസമർത്ഥയായ സഖിയാലൂചേ മുദാ സാദരം

അഥ, ഇയം—അനന്തരം ഇവൾ ദൂതി

ഹാരാവലീതരലകാഞ്ചനകാഞ്ചിദാമകേയൂരകങ്കണമണിദ്യുതിദീപിതസ്യ—ഹാരാവലി ഹാരപരമ്പര, തരളം ഹാരങ്ങളിൽ മദ്ധ്യഹാരം, കാഞ്ചനകാഞ്ചിദാമ പൊന്നരഞ്ഞാൺ, കേയൂരം തോൾവള, കങ്കണം വള, ഇവയിലെ മണികളുടെ ദ്യുതിയാൽ കാന്തിയാൽ ദീപിതമായ [പ്രകാശിപ്പിക്കപ്പെട്ട

നികുംജനിലയസ്യ—വള്ളിക്കുലിടിന്റെ

ദ്വാരേ—ദ്വാരപ്രദേശത്തിൽ

ഹരിം, നിരീക്ഷ്യ—കൃഷ്ണനെ കണ്ടിട്ടു

വ്രീഡാവതീം—ലജ്ജയോടു കൂടിയവളായിത്തീന്ന

സഖീം—സഖിയോടു (രാധയോടു)

ഇതി, ഉവാച—ഇപ്രകാരം പറഞ്ഞു.

അനന്തരം ദൂതിയുടെ പ്രേരണനിമിത്തം അഭിസരണം ചെയ്ത രാധ, ഹാരം പൊന്നരഞ്ഞാൺ തോൾവള വള തുടങ്ങിയുള്ള കൃഷ്ണന്റെ ഭൂഷണമണികളാൽ മിന്നിത്തിളങ്ങുന്ന ലതാഗൃഹത്തിന്റെ വാതുക്കൽ കൃഷ്ണനെ കണ്ടിട്ടു ലജ്ജ പൂണ്ടവളായി ഭവിച്ചു. അവ്വണ്ണമുള്ള രാധയോടു ദൂതി ഇവ്വണ്ണം പറഞ്ഞു.

രാധയുടെ വരവിനെ നോക്കിക്കൊണ്ടിരിക്കുന്ന കൃഷ്ണൻ. കാമവതികളായിരുന്നാലും യുവതികൾ പ്രഥമസംഗമത്തിൽ ലജ്ജിതകളാകും. ആ ലജ്ജ കാമാതിശയത്തെ സൂചിപ്പിക്കുന്നതാകുന്നു. വ്രീഡാവതി—'ഇവനോടു ഞാൻ എത്രയോ പരുഷമായി സംസാരിച്ചു. ഇവന്റെ മുമ്പിൽ ഞാൻ എങ്ങനെ ചെല്ലും' എന്നിങ്ങനെ ലജ്ജ പൂണ്ടവൾ.

## അഷ്ടപദി ൨൦.

വരാളീരാഗേണ ഗീയതേ രൂപകതാളേന വാദ്യതേ

൧. മഞ്ജുതരകുഞ്ജതലകേലിസദനേ
വിലസ രതിരഭസഹസിതവദനേ
പ്രവിശ രാധേ മാധവസമീപമിഹ

൨. നവലസദശോകദലശയനസാരേ
വിലസ കുചകലശതരളഹാരേ (പ്രവിശ....)

൩. കുസുമചയരചിതശുചിവാസഗേഹേ
വിലസ കുസുമസുകുമാരദേഹേ (പ്രവിശ....)

൪. മൃദുചലമലയപവനസുരഭിശീതേ
വിലസ മദനശരനികരഭീതേ (പ്രവിശ...)

൫. വിതതബഹുവല്ലിനവപല്ലവഘനേ
വിലസ ചിരമലസപീനജഘനേ (പ്രവിശ...)

൬. മധുമുദിതമധുപകുലകലിതരാവേ
വിലസ കുസുമശരസരസഭാവേ (പ്രവിശ...)

൭. മധുരതരപികനികരനിനദമുഖരേ
വിലസ ദശനരുചിരുചിരശിഖരേ (പ്രവിശ...)

൮. വിഹിതപദ്മാവതീസുഖസമാജേ
കുരു മുരാരേ മംഗലശതാനി
ഭണതി ജയദേവകവിരാജരാജേ (പ്രവിശ....)

### ഭാഷ

## ഇരുപത്തൊന്നാം അഷ്ടപദി.

ഘണ്ട—ചെമ്പ.

൧. വടിവൊടു നീ വരവല്ലീഭവനേ
കടിവൂക കൃഷ്ണനൊടുക്രീഡിവിഹരിപ്പാൻ
നിരപരാധേ നീതിമതി രാധേ

൨. തെളിവേറുമശകിൻെറ തളിരുകളെക്കൊണ്ടുള്ള
തളിമമലങ്കരിക്ക നീ തരുണേനസാകം (നിരപരാധേ....)

൩. പൂവുകളെക്കൊണ്ടുതീർത്ത പുതിയ വസന്തൗ
നിലവിലസി നീ വിലസിതാതുലനിതംബേ(നിരപരാധേ....)

൪. മേളമൊടിഹാളി മലയവായു യമുനായാം
ഒളഡോളമാകുന്ന മന്ദമിതു കണ്ടോ നീ

൫. വളരെയുള്ള വള്ളികടെ തളിരുകളെക്കൊണ്ടിവിടെ
വളഭി വളരുന്നു ചുമരഖിലവുംകണ്ടോ നീ(നിരപരാധേ....)

൬. കുസുമമധുവുണ്ടിട്ടു കൂകുന്ന കുയിലുകടെ
കുലങ്ങളുടെ പഞ്ചമപ്പാട്ടുകേട്ടോ നീ (നിരപരാധേ....)

൭. തണ്ടലരമ്പൻെറ ഹുങ്കാരംപോലെ തേനുണ്ട
വണ്ടുകടെ ഝങ്കാരംകേൾക്ക കൃഷ്ണം കാൺക നീ
(നിരപരാധേ....)

൮. ജയദേവകവിരാജരാജജയവന്ദേ
ജയദേവകീതനയ സതതം നമോഽസ്തു തേ(നിരപരാധേ....)

ദൂതി എന്തുപറഞ്ഞുവെന്നു ഈ പ്രബന്ധത്തിൽ വൎണ്ണിക്കുന്നു. ഈ അഷ്ടപദിയിങ്കൽ ഓരോപദത്തിലും രാധയുടെ വിശേഷണങ്ങളെയെല്ലാം അനുഭാവങ്ങളായും, സ്ഥാനവിശേഷണങ്ങളെയെല്ലാം വിഭാവങ്ങളായും മനസ്സിലാക്കണം.

ഒന്നാംപദം —

രതിരഭസഹസിതവദനേ — രതിരഭസത്താൽ സുരതക്രീഡയിങ്കലുള്ള ഉത്സാഹത്താൽ ഹസിതമായ പുഞ്ചിരിതൂകുന്ന വദനത്തോടു മുഖത്തോടു [കൂടിയ

രാധേ—അല്ലയോ രാധേ!

മാധവസമീപം—കൃഷ്ണൻെറ അടുക്കൽ

പ്രവിശ—ചെന്നാലും.

ഇഹ—ഇവിടെ

മംജുതരകുംജതലകേളിസദനേ — മംജുതരമായ വളരെ മനോജ്ഞമായ കുംജതലമാകുന്ന ലതാഗൃഹത്തിൻെറ അകമാകുന്ന കേളി [സദനത്തിൽ ലീലാഗൃഹത്തിൽ

വിലസ — വിലാസത്തോടുകൂടിയവളായി ഭവിച്ചാലും (ശോഭി [ച്ചാലും)

അല്ലയോ രാധേ! സുരതക്രീഡയിലുള്ള ഉത്സാഹം നിമിത്തം വിടൎന്ന മുഖത്തോടു വിളങ്ങുന്ന നീ കൃഷ്ണൻെറ അടുത്തു ചെന്നാലും വളരെ മനോഹരമായ ഈ ലതാഗൃഹമാകുന്ന ലീലാഗൃഹത്തിൽ നീ രമിച്ചാലും.

വിലാസം—ഗമനാഗമനരൂപമായ ചേഷ്ടാവിശേഷം.

രതിരഭസം—രതിക്രീഡയിലുള്ള സന്തോഷം എന്നൎത്ഥം.

രണ്ടാംപദം—

കുചകലശതരലഹാരേ—കുചകലശങ്ങളിൽ കലശങ്ങൾ പോലെയുള്ള കുചങ്ങളിൽ തരളമായ ഇളകുന്ന ഹാരത്തോടു മാലയോടു [കൂടിയ രാധേ!

നവലസദശോകദലശയനസാരേ — നവമായും പുത്തനായും ലസത്തായും ശോഭിക്കുന്നതായും ലൎരിക്കുന്ന അശോകപല്ലവങ്ങളെക്കൊണ്ടുള്ള ശയനമാകുന്ന കിടക്കയാകുന്ന സാരസത്തോടു മഹാധനത്തോടു കൂടിയ (ലീലാഗൃഹത്തിൽ)

വിലസ—നീ രമിച്ചാലും.

അല്ലയോ രാധേ! സ്തനകലശങ്ങളിൽ ശോഭിക്കുന്ന മുത്തുമാലയോടുകൂടിയ നീ പുത്തനായ അശോകത്തളിരുകളെക്കൊണ്ടുള്ള ശയനത്തോടു കൂടിയ ഈ ലീലാഗൃഹത്തിൽ രമിച്ചാലും.

'നവലസദി'ത്യാദിപദം മാധവവിശേഷണമായും രാധാവിശേഷണമായും അന്വയിപ്പിക്കാം.

മൂന്നാംപദം—

കുസുമസുകുമാരദേഹേ—അല്ലയോ കുസുമംപോലെ പുഷ്പംപോലെ സുകുമാരമായ കോമലമായ ദേഹത്തോടുകൂടിയ രാധേ!

കുസുമചയരചിതശുചിവാസഗേഹേ—കുസുമചയത്താൽ പുഷ്പസമൂഹത്താൽ രചിതമായും ഉണ്ടാക്കപ്പെട്ടതും ശുചിയുംനിൎമ്മലവും [ആയ ലീലാഗൃഹത്തിൽ

വിലസ—നീ രമിച്ചാലും.

അല്ലയോ രാധേ! പൂപോലെ കോമളമായ ശരീരത്തോടുകൂടിയ നീ പൂക്കളെക്കൊണ്ടു (കൃഷ്ണനാൽ) നിൎമ്മിക്കപ്പെട്ടതും ശുചിയും ആയ ഇരിപ്പിടത്തോടുകൂടിയ ഈ ലീലാഗൃഹത്തിൽ രമിച്ചാലും.

ശുചി—കരസ്പൎശംപോലും ഏല്ക്കാത്തതു, മററു നായികമാരാൽ ഉപഭുക്തമല്ലാത്തതു് എന്നൎത്ഥം. 'കുസുമചയേ'ത്യാദിപദം രാധാവിശേഷണമായും മാധവവിശേഷണമായും ആവാം.

നാലാംപദം—

മദനശരനികരഭീതേ—അല്ലയോ മദനന്റെ മന്മഥന്റെ ശരനികരത്തിൽ നിന്ന ബാണസമൂഹത്തിൽനിന്ന ഭയപ്പെട്ടിരിക്കുന്ന രാധേ

മൃദുചലമലയപവനസുരഭിശീതേ—മൃദുവാകുംവണ്ണം മന്ദമാകുംവണ്ണം ചലമാകുന്ന ഇളകുന്ന മലയപവനനാൽ തെക്കൻകാററിനാൽ സുരഭിയും സുഗന്ധിയും ശീതവും തണുത്തതും ആയ (ഈ ലീലാ[ഗൃഹത്തിൽ)

വിലസ—നീ രമിച്ചാലും.

അല്ലയോ രാധേ! കാമബാണങ്ങളിൽ നിന്ന പേടിച്ചിരിക്കുന്ന നീ മന്ദമായിവീശുന്ന തെക്കൻകാററിനാൽ മണമുള്ളതും തണുത്തതും ആയ ഈ ലീലാഗൃഹത്തിൽ രമിച്ചാലും.

'മൃദു, ചല' എന്ന രണ്ടും പ്രത്യേകവാക്കായും അന്വയിപ്പിക്കാം. അല്ലയോ രാധേ! ലതാഗൃഹത്തിനകത്തു പതുക്കെ ഗമിച്ചാലും. അല്ലെങ്കിൽ കൃഷ്ണന്റെ അടുക്കൽ പതുക്കെ ഗമിച്ചാലും എന്നർത്ഥം.

അഞ്ചാംപദം—

അലസപീനജഘനേ—അലസവും മന്ഥരവും പീനവും തടിച്ചതും [ആയ ജഘനത്തോടു പൃഷ്ഠദേശത്തോടുകൂടിയ രാധേ)

വിതതബഹുവല്ലിനവപല്ലവഘനേ—വിതതങ്ങളായ പടന്നിരിക്കുന്ന ബഹുക്കളായ അനേകം വല്ലികളുടെ ലതകളുടെ നവപല്ലവങ്ങളാൽ പുത്തൻ തളിരുകളാൽ ഘനമായ നിബിഡമായ (ഈ ലീലാഗൃഹ[ത്തിൽ)

ചിരം, വിലസ—വളരെനേരം നീ രമിച്ചാലും

• അല്ലയോ രാധേ! ഘനമായ ജഘനത്തോടുകൂടിയ നീ പടൎന്നുവളന്നിരിക്കുന്ന പല വല്ലികളുടേയും പുത്തൻ തളിരുകളാൽ നിബിഡമായ ഈ ലീലാഗൃഹത്തിൽ ചിരകാലം രമിച്ചാലും.

ആറാംപദം—

കുസുമശരസരസഭാവേ—കുസുമശരനാൽ കാമനാൽ സരസമായ രാഗത്തോടു ശൃംഗാരത്തോടുകൂടിയ ഭാവം അഭിപ്രായം ഉള്ളവളായ രാധേ!

മധുമുദിതമധുപകുലകലിതരാവേ—മധുവിൽ വസന്തകാലത്തിൽ അല്ലെങ്കിൽ മധുവിനാൽ പുഷ്പരസത്താൽ മുദിതമായ സന്തുഷ്ടമായ മധുപകുലത്താൽ വണ്ടിൻകൂട്ടത്താൽ കലിതമായ പുറപ്പെടുവിക്കപ്പെട്ട രാവത്തോടു ഝങ്കാരനാദത്തോടുകൂടിയ (ഈ ലീലാഗൃഹത്തിൽ)

വിലസ—നീ രമിച്ചാലും

അല്ലയോ രാധേ! കാമാവേശം വർധിച്ച നീ മധുപാനംചെയ്ത മദിച്ചവണ്ടുകളുടെ ഝങ്കാരമുഴക്കം റിറഞ്ഞ് ഈ ലീലാഗൃഹത്തിൽ രമിച്ചാലും.

വണ്ടുകൾ മധുപാനംചെയ്ത മദിച്ചു സന്തോഷിച്ചിരിക്കുന്നതുപോലെ രാധയും കൃഷ്ണൻെറ അധരാമൃതപാനംചെയ്ത വിലസിക്കണമെന്നു ഭാവം.

എഴാംപദം—

ദശനരുചിരുചിരശിഖരേ—ദശനങ്ങളുടെ പല്ലുകളുടെ രുചിയാൽ കാന്തിയാൽ രുചിരമായ മനോഹരമായ ശിഖരത്തോടു (ദശനങ്ങളുടെ) [ അററത്തോടുകൂടിയ രാധേ!

മധുരതരപികനികരനിനദമുഖരേ—മധുരതരമായ വളരെ മധുരമായ പികനികരത്തിൻെറ കുയിൽക്കൂട്ടത്തിൻെറ നിനദത്താൽ [നാദത്താൽ മുഖരമായ മുഴക്കത്തോടുകൂടിയ (ഈ ലീലാഗൃഹത്തിൽ)

വിലസ—നീ രമിച്ചാലും.

അല്ലയോ രാധേ! വളരെ ശോഭിക്കുന്ന ദന്തകാന്തിയോടു കൂടിയ നീ മനോഹരമായ കുയിലുകളുടെ നാദം മുഴങ്ങുന്ന ഈ ലീലാഗൃഹത്തിൽ രമിച്ചാലും.

'മധുരതരേ' ത്യാദി രാധയുടെ വിശേഷണമായാൽ കുയിലുകളുടെപോലെയുള്ള നാദത്താൽ സുരതകൂജിതത്താൽ മുഖരയായി വാചാലയായുള്ളോവേ എന്നർത്ഥം. ദന്തകാന്തിയാകുന്ന രുചിരമായ ശിഖരത്തോടു കൂടിയ മാണിക്യരത്നവിശേഷത്തോടുകൂടിയ എന്നർത്ഥം.

എട്ടാംപദം—

ഈ പദത്തിൽ കവി ഈ അഷ്ടപദീപ്രബന്ധത്തെ ശ്രീപരമേശ്വരങ്കൽ സമർപ്പിക്കുന്നതായി പ്രസ്താവിക്കുന്നു.

മുരാരേ—അല്ലയോ ശ്രീകൃഷ്ണ ഭഗവാനേ!

ഭണതി—നിന്തിരുവടിയുടെ ഗുണങ്ങളെ കീർത്തനം ചെയ്യുന്ന [വനം

വിഹിതപദ്മാവതീസുഖസമാജേ—വിഹിതമായ ചെയ്യപ്പെട്ട പദ്മാവതി എന്ന സ്ത്രീയുടെ സുഖമായ സമാജത്തോടു കൂട്ടത്തോടുകൂടിയ [വനം ആയ

ജയദേവകവിരാജരാജേ—ജയദേവൻ എന്ന കവികളുടെ രാജരാജൻ കവിസാർവഭൗമങ്കൽ

മംഗളശതാനി—മംഗളങ്ങളെ

കരു—ചെയ്യാലും.

അല്ലയോ ശ്രീകൃഷ്ണഭഗവാനേ! പദ്മാവതിയുടെ സുഖമായ കൂട്ടോടു കൂടിയവനും നിൻെറ ഗുണങ്ങളെ സ്തുതിച്ചു വർണിക്കുന്നവനും ആയ ജയദേവനെന്ന കവിസാർവഭൗമനു നിന്തിരുവടി നന്മകളെ വളർത്തിയാലും.

ജയദേവൻ കൃഷ്ണനായും ഭാര്യയായ പദ്മാവതി രാധയായും ഭാവനചെയ്തു രാസക്രീഡ ഹല്ലീസകക്രീഡ മുതലായവ നടത്തി രമിച്ചു പരമാനന്ദം അനുഭവിക്കുക പതിവാണ്. പദ്മാവതിയായ ശ്രീഭഗവതിയുടെ ലക്ഷ്മീദേവിയുടെ അമ്പലം ജയദേവരുടെ ഗ്രാമമായ 'തിന്ദുബില്വ' ത്തിൽ ഉണ്ടു്. അവിടെ പദ്മാവതിക്കു (ശ്രീഭഗവതിക്കു) സുഖമായ സമാജം സ്ഥാനം പ്രാസാദം ജയദേവൻ പണിയിച്ചിട്ടുള്ളതായി പ്രസിദ്ധിയുണ്ടു്. ലക്ഷ്മീദേവീയിങ്കൽ ഭക്തിയാൽ ഹരി സന്തുഷ്ടനാകുമല്ലോ.

(ശ്ലോകം)

ത്വാം ചിത്തേന ചിരം വഹന്നയമതിശ്രാന്തോ ഭൃശം താ-
[പിതഃ
കന്ദർപ്പേണ ച പാതുമിച്ഛതി സുധാസംബാധബിംബാധരമ്
അസ്യാങ്കം തദലങ്കുരു ക്ഷണമിഹ ഭ്രൂക്ഷേപലക്ഷ്മീലവ-
ക്രീതേ ദാസ ഇവോപസേവിതപദാംഭോജേ കുതഃ സംഭ്രമഃ

ഈ പദ്യത്തിൽ കൃഷ്ണൻെറ ഉത്കണ്ഠാധിക്യത്തെ വർണ്ണിക്കുന്നു.

(രാധേ—അല്ലയോ രാധേ!

അയം, കൃഷ്ണഃ—ഈ കൃഷ്ണൻ)

ത്വാം, ചിത്തേന—നിന്നെ മനസ്സുകൊണ്ടു്

ചിരം, വഹൻ—ചിരകാലം ചുമക്കുന്നവനായി

അതിശ്രാന്തഃ—വളരെ തളർച്ചയുള്ളവനായിത്തീർന്നിരിക്കുന്നു.

കന്ദർപേണ, ച—കാമദേവനാലും

ഭൃശം—അത്യധികം

താപിതഃ—തപിപ്പിക്കപ്പെട്ടവനായിരിക്കുന്നു.

(അതഃ, തവ—ആയതുകൊണ്ടു നിൻെറ)

സുധാസംബാധബിംബാധരം—സുധയ്ക്കു അമൃതിനു സംബാധമായ സങ്കടമായ ബിംബാധരത്തെ ബിംബതുല്യമായ തൊണ്ടിപ്പഴത്തിനു [തുല്യമായ (കാന്തിയോടുകൂടിയ) അധര(രസ)ത്തെ

പാതും, ഇഛതി—പാനം ചെയ്യുവാൻ ആഗ്രഹിക്കുന്നു.

തത്—ആയതുകൊണ്ടു

അസ്യ—ഇവന്റെ (കൃഷ്ണന്റെ)

അങ്കം—ഉത്സംഗപ്രദേശത്തെ(മടിയെ)

ക്ഷണം—അല്പനേരമെങ്കിലും

അലങ്കുരു—(കയറിയിരുന്നു)നീ അലങ്കരിച്ചാലും.

ഭ്രൂക്ഷേപലക്ഷ്മീലവക്രീതേ—ഭ്രൂക്ഷേപത്തിന്റെ പുരികങ്ങളുടെ ഇളക്കത്തിന്റെ യാതൊരു ലക്ഷ്മിയുണ്ടോ ശോഭയുണ്ടോ അതിന്റെ ലവത്താൽ അംശത്താൽ ക്രീതനായും വിലയ്ക്കുവാങ്ങിയ്ക്കപ്പെട്ട [വനും

ദാസഃ, ഇവ—ദാസൻ എന്നപോലെ

ഉപസേവിതപദാംഭോജേ—ഉപസേവിതമായ ആശ്രയിക്കപ്പെട്ട (നിന്റെ) കാല്ത്താമരയോടു കൂടിയവനും ആയ

ഇഹ—ഇവങ്കൽ(കൃഷ്ണങ്കൽ)

സംഭ്രമഃ—പരിഭ്രമം (ഭയം)

കുതഃ—എന്തിനു?

അല്ലയോ രാധേ! ഈ കൃഷ്ണൻ നിന്നെ മനസ്സുകൊണ്ടു വിചാരിച്ചു വിചാരിച്ചു തളൎന്നിരിക്കുന്നു. മാത്രമല്ല, കാമദേവനാൽ അത്യധികം തപിപ്പിക്കപ്പെട്ടവനായും ഇരിക്കുന്നു. അമൃതിനെ ജയിക്കുന്ന നിന്റെ അധരരസത്തെ ആസ്വദിക്കാൻ ആഗ്രഹമുള്ളവനാകുന്നു. ആയതുകൊണ്ടു നീ അല്പനേരം കൃഷ്ണന്റെ മടിയിൽ അലങ്കാരമായിരുന്നാലും. നിന്റെ പുരികങ്ങളുടെ വിലാസശോഭയുടെ അംശത്താൽ വിലയ്ക്കുവാങ്ങപ്പെട്ട ദാസനെന്നപോലെ നിന്റെ കാല്ത്താമരയെ ആശ്രയിച്ചിരിക്കുന്ന കൃഷ്ണങ്കൽ നീ ഭയപ്പെടുന്നതെന്തിനു?

പഴയകാലത്തിൽ അടിമകളെ വിലയ്ക്കുവാങ്ങുക പതിവായിരുന്നു. അവർ വാങ്ങിച്ച യജമാനനെ ആശ്രയിച്ചു ജീവിക്കും. ലജ്ജയെല്ലാം വെടിഞ്ഞു രാധ യഥേഷ്ടം കൃഷ്ണനെ അനുഭവിക്കണമെന്നു സാരം. അതിസൂക്ഷ്മവും അണുവും ആയ ചിത്തത്തിൽ ഘനജഘനാദികളോടുകൂടിയ ദുർവഹയായ രാധയെ കൃഷ്ണൻ വഹിച്ചു തളൎന്നുപോയി. ശ്രാന്തനും തപ്തനും ആയതിനാൽ അധരരസപാനത്തെ ആവശ്യപ്പെടുന്നു. ആയ

ളുകൊണ്ടു കൃഷ്ണന്റെ അങ്കപ്രദേശത്തെ അലങ്കരിച്ചാലും. എന്നു രാധയോടു ദൂതി പ്രേരിപ്പിക്കുന്നു. മഹാനുഭാവനായ മുരാരിയുടെ അടുത്തു അപരാദ്ധയായ രാധ കൂസലില്ലാതെ എങ്ങനെ ചെല്ലുക എന്നുവച്ചാൽ അതിനു സമാധാനമാണ് ഉത്തരാർദ്ധം. ദാസജനത്തെപ്പോലെ നിന്റെ കൃപയെ പ്രതീക്ഷിച്ചിരിക്കുന്നവനാണു കൃഷ്ണൻ എന്നു ഭാവം.

(ശ്ലോകം)

സാ സസാധ്വസസാനന്ദം ഗോവിന്ദേ ലോലലോചനാ
ശിംജാനമംജുമംജീരം പ്രവിവേശാഭിവേശനമ് ൧

ഭാഷ

(ദണ്ഡകം)

എന്തേ മടിച്ചിവിടെ നില്ക്കുന്നു നീ വിഹിത-
ചിന്താമണേ വിദൂഷികണ്ടോ
ഹന്ത ഹരി കുംജചാരി വിരഹാഗ്നൗ
വെന്തുരുകി വസതി നതബന്ധു തവ വരവിനെ
വിചിന്ത്യ കണവനൊടണക കമനിയെ
മേത്തരമുത്തണിമുലേ നീ ഭജിക്കതിരു ചാത്തരു-
മസ്യപരമോഷ്ഠം ചോരുമരുണിമ്നാ ചോരചൊരിയുന്നു
ചോരിപിബമധുരതരമാരുമറിയരുതുതവ
ചേരുമോ കിമിനിയുമിഹ ദൂരഭിമാനം
നീയുംകൊടുക്ക മുഖമവന്നു മുദാ മദനതീയും
കെടുക്ക വിരഹാർത്ത്യാ കായുമദസീയം
കായമതിഗാഢം ന്യായവതിപുണരുക രമാ
യുവതിരിവ വിവ്രീഡമായുമതിനഹഹ തവഭാഗ്യം
ഏവം സഖീവചനമാകർണ്യ രാധ വസുദേവാത്മജേന
സാറമപോയി ദേവനടെതല്പേ പീവരതദങ്കേ
മേവിപരമിരുവരുടയും തൊഴിലുപറക ജയദേവ
നെല്ലതിതരനതസാദ്ധ്യം

ഗോവിന്ദേ—കൃഷ്ണങ്കൽ

ലോലലോചനാ—ലോലങ്ങളായ തൃഷ്ണയോടുകൂടിയ ലോച [നങ്ങളോടു കണ്ണുകളോടുകൂടിയ

സാ—ആ രാധ

ശിംജാനമംജുമംജീരം—ശിംജാനങ്ങളായ ശബ്ദിക്കുന്ന മംജുവായ [മനോഹരമായ മംജീരങ്ങളോടു കാൽ ചിലമ്പുകളോടുകൂടിയ

രതിവേശ്മ—ലതാഗൃഹത്തെ

സസാധ്വസസാനന്ദം—ഭയത്തോടും ആനന്ദത്തോടുംകൂടി

പ്രവിവേശ—പ്രവേശിച്ചു.

പിന്നീടു ആ രാധ ഭയത്തോടും ആനന്ദത്തോടും കൂടിയവളായി കൃഷ്ണനെ കടക്കണ്ണിനാൽ നോക്കുന്നവളായി മനോഹരങ്ങളായ നൂപുരങ്ങളുടെ ശബ്ദത്തോടുകൂടി ലീലാഗൃഹത്തെ പ്രാപിച്ചു.

അടുക്കൽവന്ന പ്രിയനെ തിരസ്കരിച്ചതിനാൽ രാധയ്ക്കു ഭയം. രമിക്കുവാനുള്ള ഉത്സാഹംനിമിത്തം ആനന്ദം. രതിവേശ്മ—സുരതകേളിക്കായി തയ്യാറാക്കപ്പെട്ട ലീലാഗൃഹം.

## അഷ്ടപദി ൨൨.

വരാളീരാഗേണ ഗീയതേ യതിതാലേന വാദ്യതേ.

൧. രാധാവദനവിലോകനവികസിതവിവിധവികാരവിഭംഗം
ജലനിധിമിവ വിധുമണ്ഡലദർശനതരളിതതുംഗതരംഗം
ഹരിമേകരസം ചിരമഭിലഷിതവിലാസം
സാ ദദർശ ഗുരുഹർഷവശംവദവദനമനംഗനിവാസമ്

൨. ഹാരമമലതരതാരമുരസി ദധതം പരിരഭ്യവിദൂരം
സ്ഫുടതരഫേനകദംബകരംബിതമിവ യമുനാജല- [പൂരമ് (ഹരി...)

൩. ശ്യാമലമൃദുലകലേബരമണ്ഡലമധിഗതഗൗരദുകൂലം
നീലനളിനമിവ പീതപരാഗപടലഭരവലയിതമൂലമ്
(ഹരി....)

൪. തരളദൃഗഞ്ചലചലനമനോഹരവദനജനിതരതിരാഗം
സ്ഫുടകമലോദരഖേലിതഖഞ്ജനയുഗമിവ ശരദി തടാഗം
(ഹരി....)

൫. വദനകമലപരിശീലനമിലിതമിഹിരസമകുണ്ഡലശോഭം
സ്മിതരുചിരുചിരസമുല്ലസിതാധരപല്ലവകൃതരതി-
[ലോഭമ് (ഹരി....)

൬. ശശികിരണച്ഛുരിതോദരജലധരസുന്ദരസകുസുമകേശം
തിമിരോദിതവിധുമണ്ഡലനിർമലമലയജതിലകനിവേശം
(ഹരി....)

൭. വിപുലപുലകഭരദന്തുരിതം രതികേലികലാഭിരധീരം
മണിഗണകിരണസമൂഹസമുജ്ജ്വലഭൂഷണസുഭഗ
[ശരീരം (ഹരി...)

൮. ശ്രീജയദേവഭണിതവിഭവദ്വിഗുണീകൃതഭൂഷണസാരം
പ്രണമത ഹൃദി വിനിധായ ഹരിംസുചിരം സുകൃതോദയ-
[സാരം (ഹരി....)

ഭാഷ

## ഇരുപത്തിരണ്ടാം അഷ്ടപദി.

മദ്ധ്യമാവതി—ഏകതാളം.

൧. ചന്ദ്രനുദിക്കുമ്പോൾ കരകവിയാൻ
ചലമായ കടലെന്നപോലെ
തന്ദ്രി വെടിഞ്ഞു തന്നുടെ മുഖം കണ്ടിട്ടു
കാമിവികാരനായൊരു കൃഷ്ണൻെറ
മടിയിലിരുന്നു മതിമുഖി രൂപംകണ്ടു
മടവയരണിമുടിമാലികരാധിക മദനപിതാവിനെ
പുണർന്നുകൊണ്ടവൻെറ (മടിയി...)

൨. പതകടെ തതിയെ വഹിച്ചയമുനയുടെ
പടുതരംകം ജലപൂരം പോലെ
ബത മൗക്തികമാലയെച്ചാർത്തിവിളങ്ങും
ബലദേവാനന്തരജാതൻെറ (മടിയി....)

൩. പരിചൊട്ടു ഗൗരപരാഗം ചുഴലും
കരുതിയ കരിങ്കുവളപ്പൂവുപോലെ
പരിഹിതപീതാംബരനായിട്ടു
കരളിനെക്കവരുന്ന മുകിൽവണ്ണന്റെ (മടിയി...)

൪. അംജനമെഴുതിയ കണ്ണിണയാകും
ഖംജനയുഗളം കളിക്കുന്ന മുഖമാം
മംജുളകുംജംകൊണ്ടാത്മാവിനെ
രംജിപ്പിച്ച രമാരമണന്റെ (മടിയി...)

൫. കവിളിനിണങ്ങിയ കുണ്ഡലയുഗളംകൊണ്ടും
ധവളസ്മിതരുചികൊണ്ടും
പവിഴനിറംപെറുമധരംകൊണ്ടും
വിവശത നൽകും നളിനാക്ഷന്റെ (മടിയി...)

൬. നന്ദനകുസുമോജ്ജ്വലതലമുടിയും
ചന്ദനതിലകവും വിധുവിന്റെ ബിംബം
വന്ദനം ചെയ്യും വദനവും ശിവ ശിവ
നന്ദനന്ദനസൗന്ദര്യമവന്റെ (മടിയി....)

൭. ശ്യാമളമായ ശരീരം മുഴുവൻ
കോമളിമാവും ചേരും കോപ്പും
രോമാഞ്ചവുമണിഞ്ഞെഴകൊട്ടു വാഴും
രാമാനുജനെ രസിപ്പിച്ചവന്റെ (മടിയി....)

൮. ഏഷാ ജയദേവകവിവരകൃതിയുടെ
ഭാഷാ വിദുഷാം ഭക്തജനാനാം
ഭൂഷണമാകട്ടേ കണ്ടേറ്റു സുജനം
ദൂഷണം പൊറുക്ക തൊഴുന്നേനനിശം (മടിയി....)

'സാനന്ദഗോവിന്ദരാഗശ്രേണികുസുമാഭരണം' എന്ന ഇരുപത്തിരണ്ടാമത്തെ പ്രബന്ധം ആരംഭിക്കുന്നു. മൂന്നും നാലും വരികൾ 'ധ്രുവപദം' ആകയാൽ ബാക്കിയുള്ള പദങ്ങളോടു ചേർത്തു പഠിച്ചുകൊള്ളണം.

ഒന്നാംപദം—

സാ—അവരം (രാധ)

ഏകരസം—ഏകമായ മുഖ്യമായ അല്ലെങ്കിൽ തുല്യമായ രസ
[ത്തോടു ശൃംഗാരത്തോടുകൂടിയവനും

ചിരം—ബഹുകാലമായി

അഭിലഷിതവിലാസം—അഭിലഷിതമായ ആഗ്രഹിക്കപ്പെട്ട വിലാ
[സത്തോടു കേളിയോടുകൂടിയവനും

ഗുരുഹർഷവശംവദവദനം — ഗുരുവായ അധികമായ ഹർഷ
ത്തിനു സന്തോഷത്തിനു വശംവദമായ വശപ്പെട്ട വദനത്തോടു മുഖ
[ത്തോടു കൂടിയവനും

അനംഗനിവാസം—കാമത്തിനു ആശ്രയമായുള്ളവനും

രാധാവദനവിലോകനവികസിതവിവിധവികാരവിഭംഗം—രാധ
യുടെ മുഖത്തിൻെറ ദർശനത്താൽ വികാസത്തെ വിടൎച്ചയെ പ്രാപിച്ച
വിവിധവികാരങ്ങളുടെ അപാംഗദർശന-കരവിമർശാദികളുടെവിഭംഗ
[ത്തോടു ഊർമികളോടുകൂടിയവനും

വിധുമണ്ഡലദർശനതരളിതതുംഗതരംഗം — ചന്ദ്രമണ്ഡലദർശ
[നത്താൽ ഇളകിപ്പൊങ്ങിയ തിരമാലകളോടുകൂടിയ

ജലനിധിം, ഇവ— സമുദ്രംപോലെയുള്ളവനും ആയ

ഹരിം, ദദശ്—കൃഷ്ണനെ കണ്ടു.

കൃഷ്ണൻ രാധയിങ്കലുള്ള അനുരാഗമാകുന്ന ഒരു രസത്തോടേ കൂടി
യവനായിത്തന്നെ ഇരിക്കുന്നു. രാധയുടെ വരവിനാൽ കൃഷ്ണനു
രാധയോടു രമിക്കാനുള്ള സന്ദർഭം ഉണ്ടായി സന്തുഷ്ടമുഖനായി ശോഭി
ക്കുന്നു. കാമത്തിനു ഇരിപ്പിടമായ അവൻ രാധയുടെ മുഖദൎശനത്താൽ
സമുദ്രം ചന്ദ്രമണ്ഡലദർശനത്താൽ എന്നപോലെ ഇളകിയവനായും
ഇരിക്കുന്നു.

ഏകരസം—രാധയെ വിഷയമാക്കിയ അനുരാഗമാകുന്ന രസം
ഒന്നുമാത്രമുള്ളവൻ. അല്ലെങ്കിൽ രാധയ്ക്കു കൃഷ്ണങ്കൽ ഉള്ളതുപോലെ
രാധയിങ്കൽ തുല്യമായ രതിയുള്ളവൻ. അഭിലഷിതം—രാധയോടുകൂടി
കേളിചെയ്യാൻ അഭിലഷിതം എന്നൎത്ഥം. ഹർഷം—രാധയുടെ വര
വിനാലുള്ള ഹർഷം. വിവിധവികാരങ്ങൾ—സ്തംഭസ്വേദാദികളായ
സാത്വിക ഭാവങ്ങൾ. രാധയുടെ മുഖദർശനത്താൽ ക്രമമില്ലാതെ
തന്നെവികാരങ്ങൾ ഉണ്ടാകുന്നു എന്നു സാരം. ചന്ദ്രമണ്ഡലദൎശന
ത്താൽ സമുദ്രംക്ഷോഭിക്കുമല്ലോ. അഗാധമായ ശൃംഗാരരസത്തിൻ്റെ ആ

ശ്രയമായ കൃഷ്ണൻ സമുദ്രതുല്യൻ. ആഹ്ലാദകാരിയായ രാധാവദനം, ചന്ദ്രമണ്ഡലതുല്യം. വികാരങ്ങൾക്കു തരംഗസാമ്യം.

രണ്ടാംപദം—

വിവിധങ്ങളായ വികാരങ്ങളെത്തന്നെ പ്രതിപാദിക്കുന്നു.—

അമലതരതാരം—അമലതരവും വളരെ നിർമ്മലവും താരവും [മുത്തുക്കൾകൊണ്ടുള്ളതും

വിദൂരം, പരിരഭ്യ—ദീർഘമായി പററിയിരിക്കുന്നതും

സ്ഫുടതരഫേനകദംബകരംബിതം—വളരെ സ്ഫുടമായ സ്പഷ്ടമായ ഫേനകദംബത്താൽ നുരക്കൂട്ടകളാൽ കരംബിതമായ കലന്ന

യമുനാജലപൂരം, ഇവ—യമുനാനദിയിലെ ജലപ്രവാഹം എന്നാ [പോലെ ഇരിക്കുന്നതും ആയ

ഹാരം, ഉരസി—ഹാരത്തെ, മാറിടത്തിൽ

ദധതം—ധരിക്കുന്നവനായ (കൃഷ്ണനെ അവൾകണ്ടു).

നിർമലവും മുത്തുമാലകാം കോർത്തതും ആയ വലിയ ഹാരത്തെ തിരുമാറിടത്തിൽ പററിയിരിക്കുന്നതായിധരിക്കുന്നവനും ആയതുകൊണ്ടു ശുഭ്രമായ നുരക്കൂട്ടകളോടുശോഭിക്കുന്ന കാളിന്ദീപ്രവാഹംപോലെ ശോഭിക്കുന്നവനും ആയ കൃഷ്ണനെ രാധ കാണുകയുണ്ടായി.

അമലതരങ്ങളായ നിർദുഷ്ടങ്ങളായ താരങ്ങൾ നിമ്മലമൌക്തികങ്ങൾ. അമലതരതയെ ഏററവും നിമ്മലതയത്തെ പ്രാപിച്ചിരിക്കുന്ന (അമലതരതാം ഋച്ഛതി) ഹാരം അമലതരതാരം എന്നുമർത്ഥം. കൃഷ്ണൻെറ ശരീരം ശ്യാമവും സ്നിഗ്ദ്ധവും ആയതിനാൽ യമുനാപ്രവാഹത്തോടു സാമ്യം. നിമ്മലമായ മുക്താഹാരത്തിനു നുരക്കൂട്ടകളോടു സാമ്യം.

മൂന്നാംപദം—

ശ്യാമലമൃദുലകളേബരമണ്ഡലം—ശ്യാമലവും കൃഷ്ണവർണ്ണവും മൃദുലവും കോമളവും ആയ കളേബരമണ്ഡലത്തോടു ശരീര പരിണാ [ഹത്തോടുകൂടിയവനും

അധിഗതഗൌരദുകൂലം—അധിഗതമായ (ഉടുപുടവയായി) സ്വീകരിക്കപ്പെട്ട ഗൌരവമായ പീതമായ ദുകൂലത്തോടു പട്ടുവസ്ത്രത്തോടുകൂടി [യവനും (ആയതുകൊണ്ടു്)

പീതപരാഗപടലഭരവലയിതമൂലം — പീതമായ മഞ്ഞയായ പരാഗപടലത്തിൻെറ പൂമ്പൊടിക്കൂട്ടത്തിൻെറ ഭരത്താൽ അതി

ശയത്താൽ വലയിതമായ വേഷ്ടിതമായ മൂലത്തോടു ചുവടോടു കൂടിയ

നീലനളിനം, ഇവ—നീലോത്പലംപോലെ ഇരിക്കുന്നവനും [ആയ (കൃഷ്ണനെ രാധകണ്ടു).

ശ്യാമനിറവും മാർദവമേറിയതും ആയ ശരീരവിസ്താരമുള്ളവനായിരിക്കുന്ന കൃഷ്ണൻ. മഞ്ഞപ്പട്ടും ഉടുത്തിരിക്കുന്നു. ചുവട്ടിൽ ചുററുമായി പററിക്കിടക്കുന്ന മഞ്ഞനിറമായ പൂമ്പൊടിക്കൂട്ടത്തോടു കലർന്നിരിക്കുന്ന നീലോത്പലപുഷ്പംപോലെ ശോഭിക്കുന്ന കൃഷ്ണനെ രാധ കാണുകയുണ്ടായി.

ഗൌരാംഗിയായ രാധ കൃഷ്ണനോടു 'ലതാവേഷ്ടിതകം' എന്ന ആലിംഗനവിശേഷം നടത്തുമ്പോൾ വളരെ ശോഭിക്കും എന്നു ധ്വനിപ്പിച്ചിരിക്കുന്നു. സ്നിഗ്ദ്ധശ്യാമളനായ കൃഷ്ണൻ നീലോത്പലതുല്യൻ. മഞ്ഞപ്പട്ടുവസ്ത്രം മൂട്ടിൽ ചുററുമായി കിടക്കുന്ന മഞ്ഞപ്പൂമ്പൊടിക്കുതുല്യം.

നാലാംപദം—

തരളദൃഗഞ്ചലചലനമനോഹരവദനജനിതരതിരാഗം — തരളമായ ഇളകുന്ന ദൃഗഞ്ചലത്തിന്റെ കടാക്ഷത്തിന്റെ ചലനത്താൽ സഞ്ചാരത്താൽ മനോഹരമായ വദനത്താൽ മുഖത്താൽ ജനിതമായ ജനിപ്പിക്കപ്പെട്ട രതിരൂപമായ രാഗത്തോടു (രാധയ്ക്കു) സുരതത്തിൽ [ആശയോടു കൂടിയവനും

ശരദി—ശരത്കാലത്തിൽ

സ്ഫുടകമലോദരഖേലിതഖഞ്ജനയുഗം—സ്ഫുടമായ വിടൎന്ന കമലത്തിന്റെ ഉദരത്തിൽ അകത്തു ഖേലിതമായ കളിക്കുന്ന ഖഞ്ജന [യുഗത്തോടു കരിങ്കുയിലിണയോടു കൂടിയ

തഡാഗം, ഇവ—തടാകം പോലെ ശോഭിക്കുന്ന (കൃഷ്ണനെ [രാധ കണ്ടു).

ഇളക്കമുള്ള കടാക്ഷങ്ങളുടെ വിക്ഷേപങ്ങളാൽ കൃഷ്ണന്റെ മുഖം വളരെ മനോഹരമായിരിക്കുന്നു. അവ്വണ്ണമുള്ള മുഖം രാധയ്ക്കുസുരതത്തിൽ ആശയെ വളൎത്തുന്നു. കൃഷ്ണൻ വിടൎന്ന താമരപ്പൂക്കളുടെ ഉള്ളിൽ കളിക്കുന്ന ഖഞ്ജനപക്ഷികളുടെ ഇണയോടു കൂടിയ തടാകം പോലെ ശോഭിക്കുന്നു.

കൃഷ്ണന്റെ നോട്ടം കാന്തമായുള്ളതെന്നൎത്ഥം. ശരത്കാലത്തിൽ കരിങ്കുയിലുകളെ വർണിച്ചതും താമരയിൽ അവയുടെ മേളനവും ഉചിതം തന്നെ. കൃഷ്ണൻ ശരത്കാലതടാകമായും, സ്മേരമുഖവും മന്ദഹാസവും വികസിതകമലമായും, ചുററും വെളുത്തു കറുത്തിരിക്കുന്നതി

നാലും ചഞ്ചലമായിരിക്കുന്നതിനാലും നേത്രങ്ങൾ ഖംജനപക്ഷികളായും ഉപമിക്കപ്പെട്ടിരിക്കുന്നു. കടാക്ഷവിക്ഷേപങ്ങളോടുകൂടിയ കൃഷ്ണന്റെ ദർശനം രാധയ്ക്കു അഭീഷ്ടമായ കേളിസുഖത്തെ നൽകും എന്നു ശരത്കാലത്തിൽ കമലമദ്ധ്യത്തിലുള്ള ഖംജനോപമാനം ധ്വനിപ്പിക്കുന്നു.

അഞ്ചാംപദം—

വദനകമലപരിശീലനമിലിതമിഹിരസമകുണ്ഡലശോഭം—(കൃഷ്ണന്റെ) മുഖപദ്മത്തെ പരിചയിക്കുന്നതിനായി മിലിതന്മാരായ സംഗതന്മാരായ വന്നുകൂടിയ രണ്ടുമിഹിരന്മാരു സൂര്യന്മാരു സമ [മായ തുല്യമായ കുണ്ഡലങ്ങളുടെ ശോഭയോടുകൂടിയവനും

സ്മിതരുചിരുചിരസമുല്ലസിതാധരപല്ലവകൃതരതിലോഭം —സ്മിതത്തിന്റെ മന്ദഹാസത്തിന്റെ രുചിയാൽ കാന്തിയാൽ രുചിരവും മനോഹരവും സമുല്ലസിതവും ചലിപ്പിക്കപ്പെട്ടതും ആയ അധരപല്ലവത്താൽ തളിരുപോലെയുള്ള അധരത്താൽ കൃതമായ ചെയ്യപ്പെട്ട (ജനിപ്പിക്കപ്പെട്ട )രതിലോഭത്തോടു സുരതത്തിലുള്ള ആശയോടു കൂടിയ [വനും ആയ (കൃഷ്ണനെ രാധ കണ്ടു).

മുഖമാകുന്ന താമരയുടെ പരിചയത്തിനായി വന്ന രണ്ടുസൂര്യന്മാരോ എന്നു തോന്നുമാറുള്ള കുണ്ഡലങ്ങളോടു കൂടിയവനും, തന്റെ മന്ദഹാസശോഭയാൽ വിളങ്ങുന്ന അധരപല്ലവത്താൽ രാധയ്ക്കു രതിക്രീഡയിങ്കൽ ആശയെ വളൎത്തുന്നവനും ആയ കൃഷ്ണനെ രാധ കാണുകയുണ്ടായി.

സൂര്യൻ താമരയോടു സമ്പൎക്കം ഒഴിച്ചുകൂടാൻപാടില്ലാത്തതാണു്. നാനാമണിഖചിതങ്ങളായതിനാൽ കുണ്ഡലങ്ങൾക്കു സൂര്യനോടു സാദൃശ്യം. സമുല്ലസിതം—രാധയുടെ അധരപാനാത്കണ്ഠയാൽ അയഞ്ഞുകൊടുക്കപ്പെട്ട അധരപല്ലവം എന്നൎത്ഥം. അയഞ്ഞുകൊടുക്കപ്പെട്ടപ്പോൾ അവൾക്കു സംഭോഗതൃഷ്ണ വർദ്ധിച്ചുഎന്നുസാരം.

ആറാംപദം—

ശശികിരണച്ഛുരിതോദരജലധരസുന്ദരസകുസുമകേശം —ശശിയുടെ ചന്ദ്രന്റെ കിരണങ്ങളാൽ ഛുരിതമായ സംബദ്ധമായ ഉദരത്തോടു അന്തർഭാഗത്തോടുകൂടിയ ജലധരംപോലെ മേഘംപോലെ സുന്ദരമായ സുകുമാരമായ സകുസുമമായ പൂക്കളോടുകൂടിയ കേശത്തോ [ടുകൂടിയവനും

തിമിരോദിതവിധുമണ്ഡലനിർമലമലയജതിലകനിവേശം— തിമിരത്തിൽ ക്രൂരിരുട്ടിൽ ഉദിച്ച വിധുമണ്ഡലംപോലെ ചന്ദ്രബിംബംപോലെ നിർമലമായ ശുഭ്രമായ മലയജതിലകത്തിൻെറ ചന്ദനപ്പൊട്ടിൻെറ നിവേശത്തോട്ട വിന്യാസത്തോട്ട കൂടിയവനും ആയ (കൃ
[ഷ്ണനെ രാധ കണ്ടു).

കൃഷ്ണൻ തലമുടിക്കെട്ടിൽ പൂക്കളണിഞ്ഞിരിക്കുന്നതു ചന്ദ്രരശ്മികൾ ഏററുവിളങ്ങുന്ന കാർമേഘംപോലെ സുകുമാരമായിരിക്കുന്നു. ശുഭ്രമായ ചന്ദനപ്പൊട്ടണിഞ്ഞിരിക്കുന്നതു ഇരുട്ടത്തു ഉദിച്ച ചന്ദ്രബിംബംപോലെയും ശോഭിക്കുന്നു. അവ്വണ്ണമുള്ള കൃഷ്ണനെ രാധ കാണുകയുണ്ടായി.

ശ്യാമവർണ്ണമായ കേശത്തിനു ജലധരസാമ്യം. കേശങ്ങളിലുള്ള പുഷ്പങ്ങൾക്കു മേഘാന്തരിതങ്ങളായ ചന്ദ്രകിരണങ്ങളോട്ട സാമ്യം. രണ്ടാമത്തെ വിശേഷണത്തിൽ കൃഷ്ണൻ ഗാഢാന്ധകാരത്തോട്ട സദൃശൻ. നെററിത്തടത്തിൽ മണ്ഡലാകാരമായി ശോഭിക്കുന്ന പൊട്ടിനു ചന്ദ്രബിംബസാമ്യം. പൂർണ്ണചന്ദ്രോദയത്തിങ്കൽ ഇരുട്ടില്ലാത്തതിനാൽ അദ്ഭുതോപമയാണെന്നു ഗ്രഹിക്കണം.

ഏഴാംപദം—

വിപുലപുളകഭരദന്തുരിതം—വിപുലമായ അധികമായ പുലകഭര
[ത്താൽ രോമാഞ്ചാതിശയത്താൽ ദന്തുരിതവും വ്യാപ്തവും

രതികേലികലാഭിഃ—രതിക്രീഡാകലകളിൽ നൈപുണ്യത്താൽ

അധീരം—ചഞ്ചലവും

മണിഗണകിരണസമൂഹസമുജ്ജ്വലഭൂഷണസുഭഗശരീരം — മണിഗണങ്ങളുടെ രത്നസമൂഹങ്ങളുടെ കിരണസമൂഹത്താൽ സമുജ്ജ്വലമായ വളരെ ശോഭിക്കുന്ന ഭൂഷണങ്ങളാൽ സുഭഗവും മനോജ്ഞവും ആയ ശരീര
[ത്തോട്ടക്രൂടിയ (കൃഷ്ണനെ രാധ കണ്ടു).

കൃഷ്ണൻെറ ശരീരമത്രയും കൊൾമയിർ കൊണ്ടിരിക്കുന്നു. സുരതകേളിചെയ്യുന്നതിലുള്ള സാമർത്ഥ്യത്താൽ ഇളക്കമുള്ളതായിരിക്കുന്നു. മാത്രമല്ല, മണികളുടെ കിരണസമൂഹത്താൽ ശോഭയേറുന്ന ആഭരണങ്ങളാൽ സുന്ദരമായും ഇരിക്കുന്നു. അവ്വണ്ണമുള്ള കൃഷ്ണനെ രാധ കാണുകയുണ്ടായി.

എട്ടാംപദം—

(ഹേ ജനാഃ—അല്ലയോ ഭക്തജനങ്ങളെ!)

സുകൃതോദയസാരം—സുകൃതോദയത്തിനു പുണ്യോത്പത്തിയ്ക്കു
[സാരമായുള്ളവനും

ശ്രീജയദേവഭണിതവിഭവദ്വിഗുണീകൃതഭൂഷണഭാരം — ശ്രീജയദേവകവിയാൽ ഭണിതമായ വർണിക്കപ്പെട്ട വിഭവത്താൽ സാമത്ഥ്യത്താൽ ദ്വിഗുണീകൃതമായ ഇരട്ടിപ്പാക്കപ്പെട്ട ഭൂഷണങ്ങളുടെ അലങ്കാരങ്ങളുടെ ഭാരത്തോടുകൂടിയവനും ആയ

ഹരിം, സുചിരം—കൃഷ്ണനെ വളരെക്കാലം

ഹൃദി, വിനിധായ—ചിത്തത്തിങ്കൽ ധ്യാനിച്ചിട്ട

പ്രണമത—നമസ്കരിച്ചാലും.

അല്ലയോ ഭക്തജനങ്ങളേ! നിങ്ങൾ പുണ്യം ഉണ്ടാകാൻ കാരണഭൂതനും, ശ്രീജയദേവകിയുടെ വർണ്ണനയാകുന്ന അലങ്കാരങ്ങളാലും ഭൂഷിതനായി ഇരട്ടിക്കപ്പെട്ട ഭൂഷണത്തോടു കൂടിയവനും ആയ കൃഷ്ണനെ ഹൃദയത്തിൽ ധ്യാനിച്ചു നമസ്കരിച്ചാലും.

ശരീരത്തിൽ ധരിച്ചിരിക്കുന്ന ഹാര-കുണ്ഡല-കേയൂരാദിഭൂഷണങ്ങൾ, കവിയുടെ വർണ്ണനാലങ്കാരങ്ങളാൽ ഇരട്ടിക്കപ്പെട്ട അലങ്കാരങ്ങളായിത്തീർന്നിരിക്കുന്നു. അപ്രകാരമുള്ള ഭൂഷണഭാരത്തോടുകൂടിയ ശ്രീകൃഷ്ണൻ എന്നത്ഥം. ഭണിതവിഭവത്തിൽ വാഗൈഭവത്തിൽ എന്നുമത്ഥം. ജയദേവഭണിതങ്ങളെ കേട്ടാൽ ഭൂഷണങ്ങളിൽ അനാദരവുണ്ടാവും എന്നു ധ്വനിക്കുന്നു. ജയദേവന്റെ വർണ്ണന ഉപമാ—ത്പ്രേക്ഷാ—രൂപകാദ്യലങ്കാരങ്ങളോടു കൂടിയതാണ്. വർണ്ണനീയങ്ങളായ ഭഗവദ്ഗുണങ്ങളാൽ അലംകൃതവുമാണ്.

'സാനന്ദഗോവിന്ദരാഗശ്രേണികുസുമാഭരണം' എന്ന

ഇരുപത്തിരണ്ടാം പ്രബന്ധം സമാപ്തമായി.

(ശ്ലോകം)

അതിക്രമ്യാപാംഗം ശ്രവണപഥപര്യന്തഗമന-

പ്രയാസേനേവാക്ഷ്ണോരമലതരതാരം ഗമിതയോഃ

ഇദാനീം രാധായാഃ പ്രിയതമസമായാതസമയേ

പപാത സ്വേദാംബുപ്രസര ഇവ ഹർഷാശ്രുനികരഃ

രാധയ്ക്കും സാത്വികഭാവങ്ങൾ ഉണ്ടായതായി ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു.

പ്രിയതമസമായാതസമയേ—പ്രിയതമന്റെ നായകന്റെ (കൃഷ്ണന്റെ) വരവുണ്ടായ സമയമായ

ഇദാനീം—ഇപ്പോൾ

അമലതരതാരം—വളരെ നിർമ്മലമായ താരത്തോടു കൃഷ്ണമ[ണിയോടുകൂടിയ

അപാംഗം, അതിക്രമ്യ—കണ്ണുകളുടെ അററത്തെ അതിക്രമിച്ചിട്ടു

ഗമിതയോഃ—ഗമിച്ചവയുകളായ

രാധായാഃ, അക്ഷ്ണോഃ—രാധയുടെ കണ്ണുകളുടെ

ശ്രവണപഥപര്യന്തഗമനപ്രയാസേന— ശ്രവണമാർഗ്ഗത്തിൻെറ ശ്രോത്രപുടങ്ങളുടെ വശങ്ങളിൽ ഗമിച്ചതിനാലുള്ള പ്രയാസത്താൽ [ഉണ്ടായ

സ്വേദാംബുപ്രസരഃ, ഇവ—വിയർപ്പുനീർ എന്നപോലെ

ഹർഷാശ്രുനികരഃ—സന്തോഷബാഷ്പസമൂഹം

പപാത—പതിച്ചു.

കൃഷ്ണനെ കാണുന്നവളായ രാധയുടെ കണ്ണുകൾ ശുദ്ധമായ കൃഷ്ണമണിയോടുകൂടിയ അപാംഗപ്രദേശത്തെ കടന്നു ശ്രവണപുടങ്ങൾവരെ ചെന്നെത്താനുള്ള ശ്രമം കൊണ്ടുണ്ടായ വിയർപ്പുനീരോ എന്നു തോന്നുമാറു സന്തോഷബാഷ്പത്തെ പതിപ്പിച്ചു.

വളരെക്കാലമായി ആഗ്രഹിച്ചിരുന്ന നായകൻ വന്നപ്പോൾ രാധ അവനെ കാതോളം വിടന്ന കണ്ണുകളെക്കൊണ്ടു സന്ദർശിച്ചു എന്നത്ഥം. രാധയ്ക്കു കൃഷ്ണനിലുള്ള അതിശയത്തെ ഇതു സൂചിപ്പിക്കുന്നു. കൃഷ്ണനെ സന്ദർശിച്ച രാധ കണ്ണുനീർ പൊഴിച്ചു. സന്തോഷം നിമിത്തമുണ്ടായ കണ്ണുനീരിനെ കാതോളം വിടന്നതിലുള്ള പ്രയാസത്താൽ കണ്ണുകൾ വിയർത്തുണ്ടായ വിയർപ്പുനീരായി ഉത്പ്രേക്ഷിച്ചിരിക്കുന്നു.

(ശ്ലോകം)

ഭജന്ത്യാസ്തല്പാന്തം കൃതകപടകണ്ഡൂതിപിഹിത-
സ്മിതം യാതേ ഗേഹാദ്ബഹിരവഹിതാലീപരിജനേ
പ്രിയാസ്യം പശ്യന്ത്യാഃ സ്മരപരവശാകൂതസുഭഗം
സലജ്ജാ ലജ്ജാപി വ്യഗമദിവ ദൂരം മൃഗദൃശഃ

രാധയും കൃഷ്ണനും ഒന്നിച്ചു കൂടിയ ഈ അവസരത്തിൽ സഖിയുടെ കൃത്യത്തെപ്പററി പ്രസ്താവിക്കുന്നു—

അവഹിതാലീപരിജനേ—അവഹിതമായ ശ്രദ്ധയുള്ള ആലീരൂപ[മായ സഖീരൂപമായ പരിജനം

കൃതകപടകണ്ഡൂതിപിഹിതസ്മിതം—കൃതമായ ചെയ്യപ്പെട്ട കപടകണ്ഡൂതി (കള്ളമായി ചൊറിയുക)യാൽ പിഹിതമായ മറയ്ക്കപ്പെട്ട [സ്മിതത്തോടുകൂടിയാകുംവണ്ണം

ഗേഹാത്—നികുംജത്തിൽ നിന്നു

ബഹിഃ, യാതേ—വെളിയിൽ പോയപ്പോൾ

തല്പാന്തം—കിടക്കയുടെ ഒരു അററത്തെ

ഭജന്ത്യാഃ—ആശ്രയിച്ചിരിക്കുന്നവളും

സ്മരപരവശാകൂതസുഭഗം—സ്മരപരവശമായ കാമാധീനമായ [ആകൂതത്താൽ അഭിപ്രായത്താൽ സുഭഗമായ സുന്ദരമായ

പ്രിയാസ്യം—പ്രിയന്റെ കൃഷ്ണന്റെ ആസ്യത്തെ മുഖത്തെ

പശ്യന്ത്യാഃ—കാണുന്നവളും ആയ

മൃഗദൃശഃ—മാൻമിഴിയാളായ രാധയ്ക്കു

ലജ്ജാ, അപി—ലജ്ജയും

സലജ്ജാ, ദൂരം—ലജ്ജയോടുകൂടിയതായി അകലെ

വ്യഗമത്, ഇവ—ചെന്നതുപോലെ ആയിത്തീൎന്നു.

രാധയുടെയും കൃഷ്ണന്റെയും അഭിപ്രായം മനസ്സിലാക്കിയ സഖീജനങ്ങൾ കപടമായി ചൊറിഞ്ഞു അവരവരുടെ ഹാസത്തെ മറയ്ക്കുന്നവരായി പതുക്കെ ലതാഗൃഹത്തിൽ നിന്നു വെളിയിൽ ചെന്നു. ഉടൻ കിടക്കയുടെ ഒരു അററത്തെ ആശ്രയിച്ചവളായി കാമാവേശം പൂണ്ടു സുന്ദരമായിരിക്കുന്ന കൃഷ്ണന്റെ മുഖത്തെ കാണുന്നവളായ രാധയുടെ ലജ്ജയും ലജ്ജപൂണ്ടു അവളെ വിട്ടു മാറി അകലെ ചെന്നു.

രാധാകൃഷ്ണന്മാരുടെ തത്കാലസ്ഥിതി കണ്ടു പരിജനങ്ങൾക്കു ഹാസമുണ്ടായി. അവർ അതിനെ ഒരുവിധം ചെവിചൊറിയുക എന്ന മട്ടിൽ മറച്ചുകൊണ്ടു ലതാഗൃഹത്തിൽ നിന്നു വെളിയിലേയ്ക്കു കടന്നു.

(ശ്ലോകം)

സാനന്ദം നന്ദസൂനുർ ദിശതു മിതപരം സമ്മദം മന്ദമന്ദം
രാധാമാധായ ബാഹ്വോർ വിവരമനു ദൃഢം പീഡയൻ [പ്രീതിയോഗാത്

ത്തുംഗൗ തസ്യാ ഉരോജാവതനു വരതനോർ നിർഗതൗ
[മാ സ്മ ഭൂതാം
പൃഷ്ഠം നിർഭിദ്യ തസ്മാദ് ബഹിരിതി വലിതഗ്രീവമാ-
[ലോകയൻ വഃ ൧൦

ബാഹ്വാഃ, വിവരം, അനു—ബാഹുക്കളുടെ ഇടയിൽ
രാധാം, ആധായ—രാധയെ ആക്കിക്കൊണ്ടു
മന്ദമന്ദം—പതുക്കെപ്പതുക്കെ
പ്രീതിയോഗാത്, ദൃഢം—അനുരാഗം നിമിത്തം ബലമായി
പീഡയൻ—ഞെക്കുന്നവനും (ആലിംഗനംചെയ്യുന്നവനും)
വരതനോഃ—ശ്രേഷ്ഠമായ ശരീരത്തോടുകൂടിയ
തസ്യാഃ—അവളുടെ (രാധയുടെ)
തുംഗൗ, ഉരോജൗ—പൊങ്ങിയ മുലകൾ
അതനു, പൃഷ്ഠം—ശീഘ്രമായി(അല്ലെങ്കിൽ വലിയ)പൃഷ്ഠഭാഗത്തെ
നിർഭിദ്യ, തസ്മാത്—പിളൎന്നുകൊണ്ടു അവിടെനിന്നും
ബഹിഃ, നിർഗതൗ—വെളിയിൽ നിർഗമിച്ചവകളായി
മാ,ഭൂതാം,സ്മഃ,ഇതി—ഭവിക്കരുത് എന്നിങ്ങനെ
വലിതഗ്രീവം—വലിതമായ തിരിക്കപ്പെട്ട ഗ്രീവയോടു കഴുത്തോടു
ആലോകയൻ—നോക്കുന്നവനും ആയ [കൂടിയവണ്ണം
നന്ദസൂനുഃ—നന്ദപുത്രനായ കൃഷ്ണൻ
സാനന്ദം, വഃ—ആനന്ദത്തോടുകൂടിയവനായി നമുക്കു
മിതപരം,സമ്മദം—അപരിമിതമായ സന്തോഷത്തെ
ദിശതു—തന്നരുളട്ടേ.

കൃഷ്ണൻ രാധയെ കെട്ടിപ്പുണരുവാനായി അവളെ വലയാകാരമായ തന്റെ രണ്ടു കൈകൾക്കും നടുക്കാക്കി അനുരാഗപരവശനായി പതുക്കെപ്പതുക്കെ ബലപ്പിച്ചു ആലിംഗനം ചെയ്യുന്നു. അവളുടെ ഉന്നതങ്ങളായ മുലകൾ ആലിംഗനംനിമിത്തം പൃഷ്ഠഭാഗത്തെ ഭേദിച്ചുകൊണ്ടുപോകുന്നുണ്ടോ എന്നു കൃഷ്ണൻ കഴുത്തുതിരിച്ചു നോക്കുന്നവൻപോലെയും ഇരിക്കുന്നു. ഇവ്വണ്ണം ആനന്ദിക്കുന്ന ശ്രീകൃഷ്ണൻ നമുക്കു അപരിമിതമായ സന്തോഷത്തെ വളൎത്തട്ടെ.

മന്ദമന്ദം—കോമളഗാത്രിയായ രാധയ്ക്കു കരസ്പർശം പോലും വേദനയെ ജനിപ്പിക്കാമെന്നുള്ളതിനാൽ മന്ദമന്ദം. 'അതനുവരനോഃ' എന്നു ഒരു പദമായാൽ അതനുവായ കാമന്റെ വരതനു

ശ്രേഷ്ഠമായ ശരീരത്തോടുകൂടിയവൾ എന്നത്ഥം. രാധയെക്കൊണ്ടു കാമദേവൻ വിശ്വത്തെ ജയിക്കുവാൻ മൂത്തിമാനായിരിക്കുന്നു എന്നത്ഥം.

(ശ്ലോകം)

ജയശ്രീവിന്യസ്തൈർ മഹിത ഇവ മന്ദാരകുസുമൈഃ
സ്വയം സിന്ദൂരേണ ദ്വിപരണമുദാ മുദ്രിത ഇവ
ഭുജാപീഡക്രീഡാഹതകുവലയാപീഡകരിണഃ
പ്രകീർണ്ണാസൃഗ്ബിന്ദുർ ജയതി ഭുജദണ്ഡോ മുരജിതഃ ൧൧

ഭുജാപീഡക്രീഡാഹതകുവലയാപീഡകരിണഃ — ഭുജാപീഡത്തിന്റെ ബാഹുദണ്ഡത്തിന്റെ (ഭുജവിസ്താരത്തിന്റെ) ക്രീഡയാൽ വിലാസത്താൽ ഹതമായ കൊല്ലപ്പെട്ട, കുവലയാപീഡം എന്ന കരിയുടെ [ആനയുടെ

പ്രകീർണ്ണാസൃഗ്ബിന്ദുഃ— പ്രകീർണ്ണമായ ചിന്നിച്ചിതറിയ അസൃഗ് [ബിന്ദുക്കളോടു രക്തബിന്ദുക്കളോടുകൂടിയതും

ദ്വിപരണമുദാ — ദ്വിപത്തോടു ആനയോടുള്ള രണത്തിൽ യുദ്ധ [ത്തിൽ സന്തോഷത്താൽ

സിന്ദൂരേണ — (ആനയുടെ മസ്തകത്തിലുള്ള) സിന്ദൂരത്താൽ [കുങ്കുമത്താൽ

സ്വയം — തന്നത്താനെ

മുദ്രിതഃ, ഇവ — അടയാളപ്പെടുത്തപ്പെട്ടതുപോലെയുള്ളതും

ജയശ്രീവിന്യസ്തൈഃ — ജയശ്രീയാൽ ജയലക്ഷ്മിയാൽ വിന്യസ്ത [ങ്ങളായ വർഷിക്കപ്പെട്ടതുകളായ

മന്ദാരകുസുമൈഃ — മന്ദാരപുഷ്പങ്ങളാൽ

മഹിതഃ, ഇവ — മാനിക്കപ്പെട്ടതുപോലെയുള്ളതും ആയ

മുരജിതഃ — മുരൻ എന്ന അസുരനെ ജയിച്ച കൃഷ്ണന്റെ

ഭുജദണ്ഡഃ — ദണ്ഡാകാരമായ ബാഹു

ജയതി — സർവോത്കൃഷ്ടമായി വത്തിക്കുന്നു.

ശ്രീകൃഷ്ണന്റെ ദണ്ഡാകാരമായ ബാഹു — യുദ്ധത്തിൽ കളിയെന്ന മട്ടിൽ കൊല്ലപ്പെട്ട കുവലയാപീഡം എന്ന ആനയുടെ രക്തബിന്ദുക്കളോടുകൂടിയ ബാഹു — അതുകൊണ്ടു കുങ്കുമാങ്കിതം പോലെയും, ജയലക്ഷ്മിയാൽ പുഷ്പവർഷംചെയ്തു മാനിക്കപ്പെട്ടതുപോലെയും ഉള്ള ബാഹു — സർവോത്കൃഷ്ടമായി വത്തിക്കുന്നു.

സർവോത്കൃഷ്ടമായതിനാൽ ബാഹ്യ ജഗദ്വന്ദ്യമാണു്. ക്രീഡാശബ്ദംകൊണ്ടു ആയാസംകൂടാതെ ആനയെ കൊന്നവൻ എന്നൎത്ഥം സൂചിതമായിരിക്കുന്നു. ചോരത്തുള്ളികൾ പുരണ്ട കൈയ്യ് സിന്ദൂരമുദ്രിതമായും, മന്ദാരകുസുമങ്ങളാൽ പൂജിതമായും ഉത്പ്രേക്ഷിക്കപ്പെട്ടിരിക്കുന്നു. 'രണമുദാ' എന്നതു ഹേത്വൎത്ഥത്തിൽ തൃതീയയാകുന്നു. രണ്ടു നാസാമുഖങ്ങളാലും പാനം ചെയ്യുന്നതു ദീപം. യുദ്ധത്തിൽ ജയിച്ചവന്റെ മീതെ പുഷ്പങ്ങൾ വൎഷിക്കുക പതിവാണു്. മന്ദാരപുഷ്പങ്ങൾ ചുമന്നതും ദേവകുസുമങ്ങളും ആകുന്നു.

(ശ്ലോകം)

സൌന്ദൎയ്യൈകനിധേരനംഗലലനാലാവണ്യലീലാജുഷോ
രാധായാ ഹൃദി പല്വലേ മനസിജക്രീഡൈകരംഗ-
[സ്ഥലേ
രമ്യോരോജസരോജഖേലനരസിത്വാദാത്മനഃ ഖ്യാപയൻ
ധ്യാതുർ മാനസരാജഹംസനിഭതാം ദേയാന്മുകുന്ദോ
[മുദമ് ഹവ

സൌന്ദൎയ്യൈകനിധേഃ— സൌന്ദൎയ്യത്തിനു അഴകിനു ഏകമായ
[അദ്വിതീയമായ നിധിയും ഇരിപ്പിടമായുള്ളവളും
അനംഗലലനാലാവണ്യലീലാജുഷഃ—അനംഗന്റെ മന്മഥന്റെ ലലനയുടെ സ്ത്രീയായ രതീദേവിയുടെ ലാവണ്യലീലയെ സൌന്ദൎയ്യലീ
[ലയെ (വിഭ്രമവിലാസത്തെ) ആശ്രയിച്ചിരിക്കുന്നവളും ആയ
രാധായാഃ—രാധയുടെ
മനസിജക്രീഡൈകരംഗസ്ഥലേ—മനസിജക്രീഡയ്ക്കു കാമകേളിക്കു
[ഏകമായ അദ്വിതീയമായ രംഗസ്ഥലമായിരിക്കുന്ന
ഹൃദി,പല്വലേ—ഹൃദയമാകുന്ന തടാകത്തിൽ
രമ്യോരോജസരോജഖേലനരസിത്വാത്—രമ്യങ്ങളായ മനോഹരങ്ങളായ ഉരോജങ്ങളാകുന്ന മുലകളാകുന്ന സരോജങ്ങളിൽ താമരകളിൽ ഖേലനം ചെയ്യുന്നതിൽ രസത്തോടുകൂടി (ഏകാഗ്രഭാവത്തോടു
[കൂടി, യിരിപ്പു എന്നുള്ള അവസ്ഥഹേതുവാൽ
ധ്യാതുഃ,ആത്മനഃ—ധ്യാനിക്കുന്ന ആത്മാവിനു

മാനസരാജഹംസനിഭതാം—മാനസസരസ്സുപോലെയുള്ള മാനസത്തിൽ ചിത്തത്തിൽ രാജഹംസപക്ഷിയുടെ അരയന്നംപോലുള്ള [രാജഹംസത്തിന്റെ നിഭതയെ സാദൃശ്യത്തെ

ഖ്യാപയൻ,മുകുന്ദഃ—പ്രകാശിപ്പിച്ചുകൊണ്ടു കൃഷ്ണൻ

മുദം,ദേയാത്—സന്തോഷത്തെ പ്രദാനം ചെയ്യട്ടേ.

സൌന്ദൎയ്യത്തിന്റ ഏകധാമവും രതിസ്വരൂപിണിയും ആയ രാധയുടെ കാമകേളിക്കു ഉത്തമരംഗസ്ഥലമായ ഹൃദയതടാകത്തിൽ രമ്യങ്ങളായ വക്ഷോജങ്ങളാകുന്ന താമരകളിൽ കളിക്കുവാനുള്ള ഏകാഗ്രതയാൽ, ധ്യാനിച്ചുകൊണ്ടിരിക്കുന്ന ആത്മാവിന്റ മാനസസരസ്സിലെ രാജഹംസപക്ഷിയെന്നപോലെ മാനസത്തിൽ രാജഹംസത്വത്തെ പ്രകാശിപ്പിക്കുന്നവനായ മുക്തിപ്രദനായ കൃഷ്ണൻ എല്ലാവൎക്കും സന്തുഷ്ടിയെ നല്കട്ടേ.

തടാകത്തിൽ താമരകൾ ഉണ്ടാകും. അതിൽ രാജഹംസപക്ഷികൾ കളിച്ചു രസിക്കും. രാധയുടെ ഹൃദയതടാകത്തിൽ താമരകൾപോലെയുള്ള മുലകളിൽ രാജഹംസനായ കൃഷ്ണൻ കളിച്ചു രസിക്കുവാൻ താത്പൎയ്യമുള്ളവൻ. അവളുടെ ഹൃദയം കാമകേളിക്കു ഒന്നാംതരം രംഗസ്ഥലവുമാണു്.

രാധികാമിലനത്തിൽ സാനന്ദദാമോദരം എന്ന

പതിനൊന്നാം സർഗം സമാപ്തം.

---

# സുപ്രീതപീതാംബരം എന്ന പന്ത്രണ്ടാംസർഗ്ഗം.

(ശ്ലോകം)

ഗതവതി സഖീവൃന്ദേ/മന്ദത്രപാഭരനിർഭര-
സ്മരപരവശാകൂതസ്ഫീതസ്മിതസ്നപിതാധരാമ്
സരസമനസം ദൃഷ്ട്വാ രാധാം മുഹുർ നവപല്ലവ-
പ്രസവശയനേ നിക്ഷിപ്താക്ഷീമുവാച ഹരിഃ പ്രിയാമ്

ഭാഷ

സഖീജനം പോയശേഷം സുഖീ സ ഭഗവാൻ മുദാ
രാധയോടരുളിച്ചെയ്തു ബാധ തീർപ്പാനിമാം ഗിരമ്

ചിരകാലപ്രാത്ഥിതമായ രാധയുടെ സമാഗമത്താൽ പ്രീതനായ കൃഷ്ണൻ രാധയോടു സംഭാഷണം ചെയ്യുന്നതായി ഈ പദ്യത്തിൽ പ്രസ്താവിക്കുന്നു.—

ഹരിഃ, രാധാം—കൃഷ്ണൻ രാധയെ
സഖീവൃന്ദേ—സഖികളുടെ കൂട്ടം
ഗതവതി—പൊയ്ക്കഴിഞ്ഞപ്പോൾ
നവപല്ലവപ്രസവശയനേ—പുത്തൻ തളിരുകളെക്കൊണ്ടും പൂ [ക്കളെക്കൊണ്ടും നിർമ്മിതമായ കിടക്കയിൽ (പ്രസവം പൂവ്)
മുഹുഃ—കൂടക്കൂടെ
നിക്ഷിപ്താക്ഷീം—നിക്ഷിപ്തമായ ന്യസിക്കപ്പെട്ട കണ്ണുകളോടു [കൂടിയവളായി
ദൃഷ്ട്വാ—കണ്ടിട്ടു
അമന്ദത്രപാഭരനിർഭരസ്മരപരവശാകൂതസ്ഫീതസ്മിതസ്നപിതാധരാം—അമന്ദമായ അധികമായ ത്രപാഭരത്താൽ ലജ്ജാതിശയത്താൽ ഉണ്ടായ കാമത്തിനു പരവശമായ അധീനമായ ആകൂതത്താൽ അഭിപ്രായത്താൽ സ്ഫീതമായ വർദ്ധിച്ച സ്മിതത്താൽ ഹാസത്താൽ [സ്നപിതമായ വ്യാപ്തമായ അധരങ്ങളോടു കൂടിയവളും
സരസമനസം—സരസമായ. അനുരാഗത്തോടുകൂടിയ മനസ്സോടു [ചിത്തവൃത്തിയോടു കൂടിയവളും ആയ

പ്രിയാം, ഉവാച—പ്രിയയോടു (രാധയോടു) പറഞ്ഞു.

സഖീജനങ്ങൾ പൊയ്ക്കഴിഞ്ഞു. രാധ പുത്തൻ തളിരുകളെക്കൊണ്ടും പൂക്കളെക്കൊണ്ടും തയ്യാറാക്കപ്പെട്ട കിടക്കയെ കൂടക്കൂടെ നോക്കുന്നവളായിരിക്കുന്നു. മാത്രമല്ല, ലജ്ജ വർദ്ധിച്ചു കാമാവേശം കൂടിയ തന്റെ അഭിപ്രായത്തെ നിനച്ചു അവൾക്കു സ്മിതം അധികമുണ്ടായി അതിനാൽ അവളുടെ അധരങ്ങൾ ശോഭിക്കുന്നു. അവൾ അനുരാഗവതിയുമായിരിക്കുന്നു. അപ്പൂർണ്ണമുള്ള രാധയോടു കൃഷ്ണൻ ഇപ്രകാരം പറഞ്ഞു.

'സുപ്രീതപീതാംബരം' എന്ന പന്ത്രണ്ടാം സർഗം ആരംഭിക്കുന്നു. രാധയുടെ സംഗമത്താൽ സുപ്രീതനായ വളരെ സന്തുഷ്ടനായ പീതാംബരൻ ശ്രീകൃഷ്ണൻ ഈ സർഗത്തിൽ വർണിക്കപ്പെടുന്നു. കൃഷ്ണൻ സമാഗതയായ രാധയോടു സംഭാഷണം തുടങ്ങിയുള്ള രതിക്രീഡകൾ ചെയ്യുന്നതും, രാധാകൃഷ്ണന്മാർ രണ്ടുപേരും പരമാനന്ദമാകുന്ന നിർവൃതിയെ പ്രാപിക്കുന്നതും മററും ഈ സർഗത്തിലെ പ്രതിപാദ്യമാകുന്നു.

## അഷ്ടപദി ൨൩.

വിഭാസരാഗേണ ഗീയതേ ഏകതാലേന വാദ്യതേ.

൧. കിസലയശയനതലേ കുരു കാമിനി ചരണനളിനവിനിവേശം
തവ പദപല്ലവവൈരിപരാഭവമിദമനുഭവതു സുവേശം
ക്ഷണമധുനാ നാരായണമനുഗതമനുസര മാം രാധികേ!

൨. കരകമലേന കരോമി ചരണമഹമാഗമിതാസി വിദൂരം
ക്ഷണമുപകുരു ശയനോപരി മാമിവ നൂപുരമനുഗതിശൂ-
[രമ് (ക്ഷണ...)

൩. വദനസുധാനിധിഗലിതമമൃതമിവ രചയ വചനമനുകൂലം
വിരഹമിവാപനയാമി പയോധരരോധകമുരസി ദുകൂലമ്
(ക്ഷണ...)

൪. പ്രിയപരിരംഭണരഭസവലിതമിവ പുലകിതമതിദുരവാപം
മദുരസി കുചകലശം വിനിവേശയ ശോഷയ മനസിജതാ
[പം (ക്ഷണ...)

൫. അധരസുധാരസമുപനയ ഭാമിനി ജീവയ മൃതമിവ ദാസമ്
ത്വയി വിനിഹിതമനസം വിരഹാനലദഗ്ധവപുഷമവിലാ-
[സമ് (ക്ഷണ....)

ന്നു. ശശിമുഖി മുഖരയ മണിരശനാഗുണമനുഗുണകണ്ഠനി-
[നാദം
ശ്രുതിയുഗളേ പികരുതവികലേ മമ ശമയ ചിരാദവസാ-
[ദമ് (ക്ഷണ....)

൭. മാമതിവിഫലരുഷാ വികലീകൃതമവലോകിതുമധുനേദം
ലജ്ജിതമിവ നയനം തവ വിരമതി സൃജസി വൃഥാ രതി-
[ഖേദമ് (ക്ഷണ...)

വ്വ. ശ്രീജയദേവഭണിതമിദമനുപദനിഗദിതമധുരിപുമോദം
ജനയതു രസികജനേഷു മനോരമരതിരസഭാവവിനോദമ
(ക്ഷണ...)

## ഭാഷ

### ഇരുപത്തിമൂന്നാം അഷ്ടപദി.

നാഥനാമക്രിയ—ഏകതാളം.

ഫ. തളിരുകളാകിയ തളിമതലേ കുരു
ചരണനളിനയുഗളം നീ
കിളിമൊഴി തവ പദപല്ലവപരി-
പന്ഥിപടലി ചവുട്ടുകൊള്ളട്ടേ
നിശമയ രാധേ നീ ഗിരം
നിശിതമദനശരഹതിഭാരം

വ. പിന്നെക്കാലുകളിന്നു കലമ്പും
പൊന്നഞ്ചിലമ്പഴിച്ചാലും
തമ്പി മാം പ്രാപിപ്പാനിരുട്ടു ചവുട്ടിയ
നിന്നിടിമലരിണ തിരുമ്മീടാം ഞാൻ (നിശമയ....)

ന. മധുരവചനങ്ങളെക്കേട്ടാവൂ ഞാൻ നിന്റെ
മധുവുള്ള മുഖം നുകന്നാവൂ
വിധുമുഖി മുലക്കച്ചയഴിച്ചു പുണന്നാവൂ
വിധുരതതീന്നു രമിപ്പാൻ

൪. പുളകിതകുചകലശങ്ങളെ വഴിയേ
പുണരുവാൻ തരിക നീ തുണ്ണം
കളക മേ കാമസന്താപം കാമുകി
കമനീയകബരീഭാരേ (നിശമയ...)

൫. വിരഹംകൊണ്ടു മരിച്ച കണക്കിഹ
മരുവുമിവൻ ജീവിപ്പാൻ
വിരവിനൊടധരാമൃതമപ്പ്വാ നീ
വിരചയ ദാസേ മയി കരുണാം (നിശമയ....)

൬. കോകിലകാകളികേട്ടു കേട്ടെത്രയു-
മാകുലമായൊരു കണ്ണം രണ്ടും
മേഖലയുടെ ശിംജിതവും മണിതവു-
മാകണ്ണനം ചെയ്തു സുഖിച്ചീടട്ടേ (നിശമയ...)

൭. ത്രപയേയുമഫലരുട്ടിനെയും ത്യജ മയി
കൃപ ചെയ്ക രമിപ്പാൻ
വിപരീതരതിചാതുരികരുത്തും നീ
വിപരീതയാകാതെ ഭവിച്ചാലും (നിശമയ...)

൮. ശ്രീജയദേവവർണ്ണിതമായിരിക്കും
ശ്രീകൃഷ്ണൻെറ വചസ്സീഗീതം
കേട്ടാലും ഗാനം ചെയ്താലും
കേശവസായുജ്യം പ്രാപിക്കാം (നിശമയ...)

'മധുരിപുമോദവിദ്യാധരലീല' എന്ന ഇരുപത്തിമൂന്നാം പ്രബന്ധം ആരംഭിക്കുന്നു. കൃഷ്ണൻ രാധയോടു പറഞ്ഞതു എന്താണെന്നു ഇതിൽ വർണ്ണിക്കുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആകയാൽ എല്ലാ പദങ്ങളോടും ചേർത്തു പഠിച്ചുകൊള്ളണം.

൧ന്നാംപദം—

രാധികേ—അല്ലയോ രാധേ!
ക്ഷണം,അധുനാ—അല്പനേരം. ഇപ്പോൾ
അനുഗതം—നിന്നെ അനുഗമിച്ചിരിക്കുന്ന
നാരായണം, മാം—നാരായണനായ എന്നെ
അനുസര—നീ അനുസരിച്ചാലും.

കാമിനി—അല്ലയോ കാമിനി!

കിസലയശയനതലേ—തളിരുമെത്തയിൽ

ചരണനളിനവിനിവേശം—(നിന്റെ പാദപത്മങ്ങളുടെ അർ [പ്പണത്തെ

കുരു—ചെയ്താലും.

സുവേശം—നല്ലപോലെ അലങ്കരിക്കപ്പെട്ട

ഇദം,തവ—ഇതു (ഈ തളിരുമെത്ത)നിന്റെ

പദപല്ലവവൈരിപരാഭവം—പദപല്ലവമാകുന്ന കാൽത്തളിരാകുന്ന വൈരിയിങ്കൽ നിന്നു ശത്രുവിങ്കൽ നിന്നു പരാഭവത്തെ പരാജ [യത്തെ

അനുഭവതു—അനുഭവിക്കട്ടേ.

അല്ലയോ രാധേ! നിന്നെ അനുഗമിച്ചിരിക്കുന്ന നാരായണനായ എന്നെ നീ ക്ഷണാന്തരമെങ്കിലും അനുസരിച്ചാലും. അല്ലയോ കാമിനിയായുള്ളവളേ! ഈ തളിരുമെത്തയിൽ നിന്റെ പദകമലത്തെ സമർപ്പിക്കുക. നല്ലപോലെ അലംകൃതമായ ഈ തളിരുമെത്ത നിന്റെ കാൽത്തളിരുകളാകുന്ന ശത്രുവിങ്കൽ നിന്നു പരാഭവത്തെ പ്രാപിക്കട്ടേ.

രാധയുടെ പാദം തളിരുകളെക്കാൾ സുകുമാരമായിരിക്കുന്നു എന്നു ഭാവം. അങ്ങനെയുള്ള പാദത്തെ തളിരുമെത്തയിൽ വയ്ക്കുവാൻ കൃഷ്ണന്റെ പ്രാൎത്ഥന. സുവേശം—പത്രരചനാദികളാൽ അലങ്കരിക്കപ്പെട്ടതു എന്നൎത്ഥം. നിന്നെ അനുഗമിച്ചിരിക്കുന്ന—നിന്റെ ദർശനോത്സവത്തെ പ്രാപിച്ചിരിക്കുന്ന. അനുസര—കാമതാപം ശമിക്കാൻ അനുസരിച്ചാലും എന്നൎത്ഥം.

രണ്ടാംപദം—

രാധേ,വിധുരം—അല്ലയോ രാധേ! ബഹുദൂരം (നടന്നു)

ആഗമിതാ, അസി—വന്നവളായിരിക്കുന്നു. ആയതുകൊണ്ടു

കരകമലേന—എന്റെ കൈയ്യാകുന്ന കമലത്താൽ

ചരണമഹം—(നിന്റെ) കാലിനു മഹത്തെ, പൂജയെ

കരോമി—ഞാൻ ചെയ്യാം.

അനുഗതിശൂരം—നിന്നെ അനുഗമിക്കുന്നതിൽ ശൂരമായ സമൎത്ഥ [മായ

നൂപുരം, ഇവ—ചിലമ്പിനെ എന്നപോലെ

ശയനോപരി—കിടക്കയുടെ മീതെ

മാം—എന്നെയും (എനിയ്ക്കും)
ക്ഷണം—ക്ഷണനേരമെങ്കിലും
ഉപകുരു—ഉപകരിച്ചാലും (ആലിംഗനാദികൾ തന്നു ഉപകാരം [ചെയ്താലും.

അല്ലയോ രാധേ! നീ വളരെ ദൂരം നടന്നു വന്നിരിക്കുന്നു. ആയതിനാൽ ഞാൻ എന്റെ കരകമലത്താൽ കാലുതിരുമ്മി നിന്റെ ക്ഷീണം തീക്കാം. നിന്നെ അനുഗമിച്ചിരിക്കുന്ന ചിലമ്പിനെ നീ കിടക്കയിൽ വച്ചു ഉപകരിക്കുന്നു. അതുപോലെ നിന്നെ അനുഗമിച്ചിരിക്കുന്ന എന്നെയും കിടക്കയിൽ ഇരുത്തി ആലിംഗനാദികൾ തന്നു നീ ഉപകരിച്ചാലും.

ചരണം, അഹം—എന്നു രണ്ടു വാക്കായും പിരിയ്ക്കാം. നിന്റെ [ചരണത്തെ ഞാൻ തിരുമ്മാം എന്നാത്ഥം.

മൂന്നാംപദം—

രാധേ—അല്ലയോ രാധേ!
വദനസുധാനിധിഗളിതം—വദനമാകുന്ന മുഖമാകുന്ന സുധാനി [ധിയിങ്കൽ നിന്നു ചന്ദ്രങ്കൽ നിന്നു ഗളിതമായ ഒഴുകിയ
അമൃതം, ഇവ—അമൃതമോ എന്നു തോന്നുമാറുള്ള
അനുകൂലം, വചനം—അനുകൂലമായ സംഭാഷണത്തെ
രചയ—നടത്തിയാലും.
ഉരസി—(നിന്റെ) മാറിടത്തിൽ (കാണപ്പെടുന്ന)
പയോധരരോധകം—പയോധരങ്ങളെ മുലകളെ മറച്ചിരിക്കുന്ന
ദുകൂലം—പട്ടുവസ്ത്രത്തെ
(പയോധരരോധകം—പയോധരങ്ങളുടെ വളച്ചയെ തടയുന്ന)
വിരഹം, ഇവ—വിരഹം എന്നപോലെ
അപനയാമി—ഞാൻ മാററാം.

അല്ലയോ രാധേ! നിന്റെ മുഖമാകുന്ന ചന്ദ്രങ്കൽ നിന്നു ഒഴുകിയ അമൃതിൻ തുല്യമായ ചാടുവചനങ്ങളെ നീ സംഭാഷണം ചെയ്താലും. നിന്റെ മാറിടത്തിൽ മുലകളെ മറച്ചിരിക്കുന്ന ഈ പട്ടുവസ്ത്രത്തെ വിരഹം എന്നപോലെ ഞാൻ മാററാം.

വിരഹം തരുണികളുടെ പയോധരങ്ങളുടെ വളർച്ചയെ തടയുന്ന [താണ്. വിരഹസങ്കടമും ഹൃദയത്തിലാണ്.

നാലാംപദം—

(രാധേ—അല്ലയോ രാധേ!)
പുളകിതം—കോൾമയിർ കൊണ്ടിരിക്കുന്നതും

അതിദൂരവാപം—പ്രാപിക്കാൻ എളുപ്പമല്ലാത്തതും

പ്രിയപരിരംഭണരഭസവലിതം, ഇവ—പ്രിയൻെറ നായകൻെറ പരിരംഭണത്തിനായി ഉള്ള ആലിംഗനത്തിനായുള്ള രഭസത്തോടു വേഗത്തോടു അല്ലെങ്കിൽ ഉത്സാഹത്തോടു വലിതമായി പൊങ്ങിനിൽക്കുന്ന
[തുപോലെ ഇരിക്കുന്നതും ആയ

കുചകലശം—കലശം പോലെയുള്ള കുചത്തെ സ്തനത്തെ

മദുരസി—എൻെറ മാറിടത്തിൽ

വിനിവേശയ—നിക്ഷേപിച്ചാലും.

മനസിജതാപം—കാമസന്താപത്തെ

ശോഷയ—നശിപ്പിച്ചാലും.

അല്ലയോ രാധേ! പ്രിയനെ ആലിംഗനം ചെയ്യുന്നതിൽ ആൎത്തിയുള്ളതും രോമാഞ്ചത്തോടുകൂടിയതും അതിദുർലഭവും ആയ നിൻെറ കുചകലശത്തെ എൻെറ മാറത്തുചേൎത്തണച്ചു കാമതാപത്തെ തീൎത്തു കൊണ്ടാലും.

സന്തോഷത്താൽ രോമാഞ്ചം. അതിദുർലഭം—നിൻെറ അനുഗ്രഹമില്ലാതെ കിട്ടുന്നതല്ല എന്നൎത്ഥം. കലശസാന്നിധ്യത്തിൽ താപം മാറും.

അഞ്ചാംപദം—

ഭാമിനി—അല്ലയോ ഭാമിനി!

അധരസുധാരസം—അധരത്തിലുള്ള അമൃതരസത്തെ

ഉപനയ, തായി— തന്നാലും. നിങ്കൽ

വിനിഹിതമനസം—വിനിഹിതമായ നിലകൊള്ളിക്കപ്പെട്ട മന
[സ്സോടു കൂടിയവനും

വിരഹാനലദഗ്ദ്ധവപുഷം—(നിൻെറ) വിരഹമാകുന്ന തീയാൽ
[ദഹിക്കപ്പെട്ട ശരീരത്തോടു കൂടിയവനും

അവിലാസം, ദാസം—ഉന്മേഷശൂന്യനും നിൻെറ ദാസനും

മൃതം, ഇവ—മരിച്ചവൻ പോലെ ആയിരിക്കുന്നവനും ആയ

(മാം), ജീവയ—എന്നെ ജീവിപ്പിച്ചാലും.

അല്ലയോ ഭാമിനീ! നീ എനിക്കു അധരാമൃതം തന്നാലും. നിങ്കൽ തന്നെ ലയിച്ചു വിരഹത്താൽ തപിച്ചു ഉത്സാഹശൂന്യനായി മൃതതുല്യനായി ഇരിക്കുന്ന ദാസനായ എന്നെ ജീവിപ്പിക്കുക.

ദാസൻ—ചരണപരിചരണപരൻ. ഭാമിനി—കോപശീല. ദാസനായ എങ്കൽ കോപത്തെ ത്യജിച്ചാലും എന്നൎത്ഥം. അമൃതപാനം

മൃതനെ ജീവിപ്പിക്കുന്നതാണ്. ദാസൻ അനുഃപക്ഷണീയനമാണ്. മൃതൻ ഉന്മേഷശൂന്യനായും ദഗ്ദ്ധദേഹനായും ആയിത്തീരും അതു പോലെ ആയിത്തീൎന്ന തന്നെ ജീവിപ്പിക്കണമെന്ന കൃഷ്ണന്റെ പ്രാൎത്ഥന.

ആറാംപദം —

ശശിമുഖി — അല്ലയോ ചന്ദ്രവദനേ!

അനുഗുണകണ്ഠനിനാദം— അനുഗുണമായ യോജിച്ചതായ കണ്ഠ
[ത്തിന്റെ നിനാദത്തോടു ധ്വനിയോടുകൂടിയതാകുംവണ്ണം

മണിരശനാഗുണം— മണികളോടുകൂടിയ അരഞ്ഞാണിനെ

മുഖരയ— ശബ്ദിപ്പിച്ചാലും (കിലുക്കിയാലും). ഈ ശബ്ദത്താൽ

പികരുതവികലേ— പികരുതത്താൽ കുയിൽനാദത്താൽ ദുഃഖി
[ച്ചിരിക്കുന്ന

മമ, ശ്രുതിയുഗളേ— എന്റെ ചെവികൾ രണ്ടിലും

ചിരാത്, അവസാദം— വളരെക്കാലമായുള്ള ഖേദത്തെ

ശമയ— ശമിപ്പിച്ചാലും.

അല്ലയോ ചന്ദ്രമുഖിയായ രാധേ! നിന്റെ സംഭാഷണത്തിൽ കണ്ഠധ്വനിക്കു യോജിച്ചവണ്ണം മണിമയമായ നിന്റെ അരഞ്ഞാണിനെ കിലുക്കിയാലും. അതുകൊണ്ടു വിരഹാവസ്ഥയിൽ കുയിൽനാദത്താൽ എന്റെ ചെവികൾക്കുണ്ടായ വേദന ശമിക്കട്ടെ.

വിരഹികൾക്കു കുയിൽനാദം ദുഃശ്രവമാകുന്നു.

എഴാംപദം—

(രാധേ— അല്ലയോ രാധേ)

ഇദം, തവ, നയനം— ഈ നിന്റെ കണ്ണ്

അതിവിഫലരുഷാ— വളരെ വിഫലമായ പ്രയോജനശൂന്യമായ
[രുട്ടിനാൽ കോപത്താൽ

വികലീകൃതം— വികലനാക്കി അധീരനാക്കിച്ചെയ്യപ്പെട്ട

മാം, അധുനാ— എന്നെ ഇപ്പോൾ

അവലോകിതും— കാണുവാൻ

ലജ്ജിതം, ഇവ— ലജ്ജയുള്ളതുപോലെ

വിരമതി— വിരമിക്കുന്നു (അടയുന്നു).

വൃഥാ, രതിഖേദം— വെറുതേ രതിയിങ്കൽ ഖേദത്തെ

സൃജസി— നീ ഉണ്ടാക്കുന്നു.

അല്ലയോ രാധേ! നിന്റെ കണ്ണ് വെറുതെയുള്ള കോപഭാവത്താൽ എന്നെ അധീരനാക്കിത്തീൎത്തിട്ടു ഇപ്പോൾ എന്നെ കാണുവാൻകൂടി

ലജ്ജയുള്ളതുപോലെ അടയുന്നു. ആയതുകൊണ്ടു കോപത്തെ ത്യജിച്ചു രതിഖേദത്തെ തീർത്താലും.

വിഫലരുഷാ, വികലീകൃതം— ഇതിനെ 'നയനം'എന്നതിനോടും അന്വയിപ്പിക്കാം. വെറുതെയുള്ള കോപംകൊണ്ടു കലുഷമായ കണ്ണ് എന്നർത്ഥം. കോപഭാവം കണ്ണിൽ സ്ഫുരിച്ചു കണ്ണു ചുമന്നും കലങ്ങിയും ഇരിക്കും. അതു കണ്ടു വ്യാകുലനായിത്തീൎന്നു കൃഷ്ണൻ.

എട്ടാംപദം —

ശ്രീജയദേവഭണിതം— ശ്രീജയദേവകവിയാൽ വൎണ്ണിക്കപ്പെട്ടതും

അനുപദനിഗദിതമധുരിപുമോദം — അനുപദം ഓരോ പദത്തിലും നിഗദിതമായ കഥിക്കപ്പെട്ട മധുരിപുവിൻെറ കൃഷ്ണൻെറ മോദത്തോടു [ആനന്ദത്തോടു കൂടിയതും ആയ

ഇദം— ഈ ഗീതപ്രബന്ധം

രസികജനേഷു—സഹൃദയന്മാരായ ജനങ്ങളിൽ

മനോരമരതിരസഭാവവിനോദം— മനോരമമായ മനോഹരമായ രതി ഭോഗം, രസം ശൃംഗാരം, ഭാവം സാത്ത്വികഭാവം, ഇവയുടെ [വിനോദത്തെ

ജനയതു— ജനിപ്പിക്കട്ടെ.

ശ്രീജയദേവകവിയാൽ വൎണ്ണിക്കപ്പെട്ടതും ഓരോ പദത്തിലും കഥിക്കപ്പെട്ട ശ്രീകൃഷ്ണൻെറ ആനന്ദത്തോടുകൂടിയതും ആയ ഈ ഗീതപ്രബന്ധം സഹൃദയന്മാരെ ശൃംഗാരികളാക്കിത്തീൎക്കട്ടെ അല്ലെങ്കിൽ സഹൃദയന്മാരായ ഭക്തജനങ്ങളിൽ കൃഷ്ണവിഷയകമായ രതിരസഭാവങ്ങളെ ജനിപ്പിക്കട്ടെ.

'മധുരിപുമോദവിദ്യാധരലീല' എന്ന

ഇരുപത്തിമൂന്നാം പ്രബന്ധം സമാപ്തമായി.

(ശ്ലോകം)

പ്രത്യൂഹഃ പുളകാങ്കുരേണ നിബിഡാശ്ലേഷേ നിമേഷേണ ച
ക്രീഡാകൂതവിലോകിതേഽധരസുധാപാനേ കഥാനർമഭിഃ
ആനന്ദാധിഗമേന മന്മഥകലായുദ്ധേഽപി യസ്മിന്നഭൂ-
ദുദ്ഭൂതഃ സ തയോർ ബഭൂവ സുരതാരംഭഃ പ്രിയംഭാവുകഃ ൨

ഈ പദ്യത്തിൽ സുരതാരംഭത്തെ വർണിക്കുന്നു.

തയോഃ— അവൎക്കു (രാധാമാധവന്മാൎക്കു)

സഃ, സുരതാരംഭഃ—അവ്വണ്ണമുള്ള സുരതക്രീഡയുടെ ആരംഭം
ഉദ്ഭൂതഃ—വർദ്ധിച്ചതായി
പ്രിയംഭാവുകഃ, ബഭൂവ—പ്രീതിഭാവനയ്ക്കു യോഗ്യമായി ഭവിച്ചു.
യസ്മിൻ—യാതൊരു സുരതാരംഭത്തിൽ
നിബിഡാശ്ലേഷേ—ബലപ്പിച്ച ആലിംഗനത്തിൽ
പുളകാങ്കുരേണ—രോമാഞ്ചംകൊണ്ടു മാത്രവും
ക്രീഡാക്രൂതവിലോകിതേ—ക്രീഡചെയ്യുമ്പോൾ ഉണ്ടാകുന്ന അഭി
[പ്രായത്തോടുകൂടിയ നോട്ടത്തിൽ
നിമേഷേണ, ച—നേത്രപരിസ്പന്ദത്താൽ മാത്രവും
അധരസുധാപാനേ—അധരാമൃതപാനത്തിങ്കൽ
കഥാനർമഭിഃ—രഹസ്യകഥാലാപങ്ങളാൽ മാത്രവും
മന്മഥകലായുദ്ധേ, അപി—വിവിധങ്ങളായ സുരതങ്ങളാകുന്ന
[യുദ്ധത്തിലും
ആനന്ദാധിഗമേന—ആനന്ദപ്രാപ്തിയാൽ മാത്രവും
പ്രത്യൂഹഃ, അഭൂത്—തടസ്സം ഭവിച്ചുവോ.

രാധയും മാധവനും തമ്മിൽ ആരംഭിച്ച സുരതക്രീഡ ക്രമമായി അഭിവൃദ്ധിയെ പ്രാപിച്ചു അവക്കു പ്രീതിയെ നൾകി. യാതൊരു സുരതക്രീഡയിൽ കൊൾമയിർ കൊണ്ടതിനാൽ ആലിംഗനത്തിനും, അക്ഷിനിമേഷത്താൽ അനുരാഗത്തോടുകൂടിയ നോട്ടത്തിനും, പ്രിയസല്ലാപത്താൽ അധരപാനത്തിനും, ആനന്ദപ്രാപ്തിയാൽ ക്രീഡാവിശേഷങ്ങൾക്കും തടസ്സം നേരിട്ടുവോ.

തടസ്സങ്ങളായി പറഞ്ഞവയെല്ലാം തടസ്സങ്ങളല്ല. രതിയെ വർദ്ധിപ്പിക്കുന്നവയാണ്. ആലിംഗനം ചെയ്യുമ്പോൾ രോമാഞ്ചവും, അനുരാഗത്തോടു നോക്കുമ്പോൾ അക്ഷിനിമേഷവും, അധരപാനം ചെയ്യുമ്പോൾ പ്രിയമായ കൗതുകസല്ലാപവും, വിവിധക്രീഡകൾ ചെയ്യുമ്പോൾ ആനന്ദവും അവക്കു ഉണ്ടായി എന്നു സാരം. ആദ്യത്തെ മൂന്നു പാദങ്ങളിൽ സുരതത്തിന്റെ ക്രമമായ അഭിവൃദ്ധിയെ വർണ്ണിച്ചിരിക്കുന്നു.

(ശ്ലോകം)

ദോർഭ്യാം സംയമിതഃ പയോധരഭരേണാപീഡിതഃ പാണി-
[ജൈ-
ദാവിദ്ധോ ദശനൈഃ ക്ഷതാധരപുടഃ ശ്രോണീതടേനാഹതഃ

ഹസ്തേനാനമിതഃ കചേƒധരമധുസ്യന്ദേന സംമോഹിത
കാന്താ കാമപി തൃപ്തിമാപ തദഹോ കാമസ്യ വാമാ ഗതിഃ ന

മുമ്പിലത്തെ പദ്യത്തിൽ പറഞ്ഞതിനെത്തന്നെ ഈ പദ്യത്തിൽ വിവരിക്കുന്നു.

ദോർഭ്യാം—(രാധയുടെ) കൈകളാൽ
സംയമിതഃ— കെട്ടപ്പെട്ടവനായി
പയോധരഭരേണ—കൊങ്കത്തടത്താൽ
ആപീഡിതഃ— ഞെക്കപ്പെട്ടവനായി
പാണിജൈഃ— നഖങ്ങളാൽ
ആവിദ്ധഃ—മുറിവേല്പ്പിക്കപ്പെട്ടവനായി
ദശനൈഃ—ദന്തങ്ങളാൽ
ക്ഷതാധരപുടഃ—മുറിവേല്പ്പിക്കപ്പെട്ട അധരപ്രദേശത്തോടുകൂടി [യവനായി
ശ്രോണീതടേന, ആഹതഃ—പൃഷ്ഠഭാഗത്താൽ അടിക്കപ്പെട്ടവനായി
ഹസ്തേന, കചേ—കൈകൊണ്ടു തലയ്ക്കുപിടിച്ചു
ആനമിതഃ—താഴ്ത്തപ്പെട്ടവനായി
അധരമധുസ്യന്ദേന—അധരം നുകൎന്നതിനാൽ
സംമോഹിതഃ—മോഹത്തെ പ്രാപിച്ചവനായി
കാന്തഃ—കമനീയനായ കൃഷ്ണൻ
കാമപി—ഒരു (അനിർവചനീയമായ)
തൃപ്തിം, ആപ—സംതൃപ്തിയെ പ്രാപിച്ചു.
തത്, കാമസ്യ—അതു് കാമദേവന്റെ
ഗതിഃ, വാമാ—ഗമനം വിരുദ്ധമായിരിക്കുന്നു.

അഹോ—ആശ്ചര്യം.

രാധ കൈകളാൽ ബന്ധിച്ചും മുലത്തടത്താൽ ഞെക്കിയും നഖങ്ങളെക്കൊണ്ടു മുറിവേല്പ്പിച്ചും ദന്തങ്ങളാൽ അധരത്തിൽ വ്രണമുണ്ടാക്കിയും നിതംബത്താൽ അടിച്ചും കൈകൊണ്ടു തലയ്ക്കുപിടിച്ചു താഴ്ത്തിയും അധരാമൃതംകൊണ്ടു മോഹിപ്പിച്ചും രതികേളികൾ ചെയ്തു. കാന്തനായ കൃഷ്ണൻ വാചാമഗോചരമായ തൃപ്തിയെ പ്രാപിക്കുകയും ചെയ്തു.

ബന്ധിക്കയും ഞെക്കുകയും അടിക്കുകയും എല്ലാം ദുഃഖഹേതുക്കൾ. അവയെ തൃപ്തിയെജനിപ്പിക്കുന്ന സുഖഹേതുക്കളായിചെയ്തു കാമൻ എന്നു സാരം. വീരരസത്തിനു അനുഗുണമായ പ്രവൃത്തികളാൽ രസാന്തരമായ

ശൃംഗാരമാണല്ലോ ആവിർഭവിച്ചതു. കാന്തനായുള്ളവങ്കൽ ബന്ധനാദി പ്രവൃത്തികൾ യോജിച്ചതല്ലല്ലോ എന്നുവച്ചാൽ അതിനു സമാധാനമാണു—കാമസ്യ വാമാ ഗതിഃ—എന്നുള്ളതു്.

(ശ്ലോകം)

മാരാങ്കേ രതികേലിസങ്കുലരണാരംഭേ തയാ സാഹസ-
പ്രായം കാന്തജയായ കിഞ്ചിദുപരി പ്രാരംഭി യത്സംഭ്രമാത്
നിഷ്പന്ദാ ജഘനസ്ഥലീ ശിഥിലിതാ ദോർവല്ലിരുത്കമ്പിതം
വക്ഷോ മീലിതമക്ഷി പൗരുഷരസഃ സ്ത്രീണാം കുതഃ
സിദ്ധ്യതി? ൪

മുമ്പിലത്തെ പദ്യത്തിൽ വർണ്ണിച്ച ശൃംഗാരത്തെ വീരസംവലിതമായി ഈ പദ്യത്തിൽ വർണ്ണിക്കുന്നു. ഈ പദ്യത്തെ പൂർവ്വപദ്യശേഷമായി യോജിപ്പിച്ചുകൊള്ളണം.

മാരാങ്കേ—മന്മഥന്റെ അടയാളമായ

രതികേലിസങ്കുലരതാരംഭേ—രതികേളികളെക്കൊണ്ടു ചുംബനാലിംഗനാദികളെക്കൊണ്ടു സങ്കുലമായ വ്യാപ്തമായ സുരതാരംഭത്തിൽ

തയാ—അവളാൽ (രാധയാൽ)

സാഹസപ്രായം—വളരെ സാഹസമായി

കാന്തജയായ—കാന്തനെ ജയിക്കുവാനായി

ഉപരി—(കാന്തന്റെ) മീതെ

കിഞ്ചിത്—ലോകോത്തരമായ ക്രീഡ

പ്രാരംഭി—ആരംഭിക്കപ്പെട്ടു.

യത്സംഭ്രമാത്—യാതൊരു ക്രീഡയിലുള്ള സംഭ്രമം നിമിത്തം

ജഘനസ്ഥലീ—അവളുടെ) പൃഷ്ഠദേശം

നിഷ്പന്ദാ—നിശ്ചലമായി (ഭവിച്ചുവോ)

ദോർവല്ലിഃ—ബാഹുലത

ശിഥിലിതാ—ശിഥിലമായി (ഭവിച്ചുവോ)

വക്ഷഃ—ഹൃദയം

ഉത്കമ്പിതം—വിറകൊണ്ടുവോ

അക്ഷി—കണ്ണു്

മീലിതം—അടഞ്ഞുവോ.

സ്ത്രീണാം—അബലകൾക്കു

പൌരുഷരസഃ—വീരരസം

കുതഃ, സിധ്യതി—എവിടന്നു ഉണ്ടാകും?

ആലിംഗനചുംബനാദികളോടുകൂടിയ സുരതക്രീഡാരംഭത്തിങ്കൽ നായകനെ ജയിക്കണമെന്ന ഉദ്ദേശത്തോടുകൂടി അവരം നായകന്റെ മീതെ കയറി ലോകോത്തരമാംവണ്ണം ഒരു സാഹസകാൎയ്യം ആരംഭിച്ചു. എന്നാൽ അവരം പരിഭ്രമം നിമിത്തം ആരംഭിച്ച കാൎയ്യം നടത്തുവാൻ ശക്തയാകാതെ അവളുടെ പൃഷ്ഠഭാഗം നിശ്ചലമാവുകയും കൈകരം തളരുകയും മാറിടം വിറകൊള്ളുകയും കണ്ണ് അടയുകയും ചെയ്തു. സ്ത്രീകരംക്കുണ്ടാ പൌരുഷം സിദ്ധിയ്ക്കുക.

സാഹസം—അബലകരംക്കു യോജിക്കാത്തതു. നായകൻ സാഹസം അരുതെന്നു പറഞ്ഞു. കേരംക്കാതെ രാധ പ്രവൎത്തിച്ചുതുടങ്ങി എന്നു സാരം. സംഭ്രമാത്—കാമയുദ്ധത്തിലുള്ള അതിനിൎവ്വേശം ഹേതുവായി.

(ശ്ലോകം)

തസ്യാഃ പാടലപാണിജാങ്കിതമുരോ നിദ്രാകഷായേ ദൃശൌ
  നിൎദ്ധൌതോഽധരശോണിമാ വിലുലിതസ്രസ്തസ്രജോ മൂൎദ്ധജാഃ
കാഞ്ചീദാമ ദരശ്ലഥാഞ്ചലമിതി പ്രാതർ നിഖാതൈർ ദൃശോ-
  രേഭിഃ കാമശരൈസ്തദദ്ഭുതമഭൂത് പത്യുർമനഃ കീലി-
തമ്. ൫

സംഭോഗാന്തത്തിലുള്ള ലീലയെ വൎണ്ണിക്കുന്നു—

തസ്യാഃ—അവളുടെ (രാധയുടെ)

പാടലപാണിജാങ്കിതം—പാടലമായ വെളുത്തും ചുമന്നും ഇരിക്കുന്ന പാണിജത്താൽ നഖത്താൽ അങ്കിതമായ അടയാളപ്പെടുത്തപ്പെട്ട

ഉരഃ—മാറിടം,

നിദ്രാകഷായേ—നിദ്രയില്ലാതെ കലങ്ങിയ

ദൃശൌ—കണ്ണുകരം,

നിൎദ്ധൌതഃ—നിശ്ശേഷം മാഞ്ഞുപോയ

അധരശോണിമാ—അധരത്തിലെ ചുമപ്പ്,

വിലുലിതസ്രസ്തസ്രജഃ—വിലുലിതങ്ങളും കുഴഞ്ഞുപോയതും സ്രസ്ത [ങ്ങളും ശിഥിലങ്ങളും ആയ

മൂൎദ്ധജാഃ—കേശങ്ങരം,

ദരശ്ലഥാഞ്ചലം—ദരം അല്പം ശ്ലഥമായ ശിഥിലമായ അഞ്ചല [ത്തോടു വസ്ത്രപ്രാന്തത്തോടുകൂടിയ

കാഞ്ചീദാമ—അരഞ്ഞാൺ,

ഇതി,പ്രാതഃ—എന്നിങ്ങനെ വെളുപ്പാൻകാലത്തു

ദൃശോഃ, നിഖാതൈഃ—കണ്ണുകളെ തറയ്ക്കുന്ന

ഏഭിഃ, കാമശരൈഃ—ഈ അഞ്ചു കാമശരങ്ങളാൽ

പത്യുഃ,മനഃ—പതിയായ കൃഷ്ണൻെറ ചിത്തം

കീലിതം—തുളയ്ക്കപ്പെട്ടു.

തത്,അദ്ഭുതം—ഇതു് ആശ്ചയ്യമായി

അഭൂത്—ഭവിച്ചു.

വെളുപ്പാൻകാലത്തിൽ രാധയുടെ മാറിടം പാടലവണ്ണമായി നഖത്താൽ അടയാളപ്പെടുത്തപ്പെട്ടതായും, കണ്ണുകൾ ഉറക്കമൊഴിഞ്ഞു കലങ്ങിയിരിക്കുന്നതായും, അധരത്തിലെ ചുമപ്പു മാഞ്ഞുപോയതായും, തലമുടി മാലയഴിഞ്ഞു ചിന്നിച്ചിതറിയതായും, അരഞ്ഞാൺ അററം അഴിഞ്ഞ വസ്ത്രത്തിൽ പററിയതായും, ഇങ്ങനെ അഞ്ചുവിധമായ സ്ഥിതി അഞ്ചുവിധമായ കാമദേവൻെറ ശരങ്ങൾ എന്നമട്ടിൽ കൃഷ്ണൻെറ കണ്ണിൽ തറച്ചു. അതുകൊണ്ടു കൃഷ്ണൻെറ ഹൃദയം തുളയ്ക്കപ്പെട്ടു. ആശ്ചയ്യം.

കണ്ണിലാണു തറച്ചതു്. തുളയ്ക്കപ്പെട്ടതു ഹൃദയമാണു്. അതാണു ആശ്ചയ്യം. കൃഷ്ണനു പിന്നെയും കാമവികാരമുണ്ടായി എന്നു ഭാവം. കാമൻെറ അഞ്ചു ശരങ്ങൾ എന്ന വ്യാജത്താൽ അഞ്ചു അവസ്ഥകൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. പ്രാതഃകാലത്തിൽ അഞ്ചവസ്ഥകളേയും കണ്ടിട്ടു പിന്നെയും കാമാവേശം പൂണ്ടവനായി ഭവിച്ചു കൃഷ്ണൻ എന്നു ഭാവം. നഖക്ഷതാദികളായ സുരതചിഹ്നങ്ങളെക്കണ്ടാൽ മനസ്സിനു ഇളക്കമുണ്ടാവുക സാധാരണയാണല്ലോ.

(ശ്ലോകം)

വ്യാകോശഃ കേശപാശസ്തരലിതമളകൈഃ സ്വേദമോക്ഷൌ കപോലൌ

ക്ലിഷ്ടാ ബിംബാധരശ്രീഃ കുചകലശരുചാ ഹാരിതാ ഹാര-[യഷ്ടിഃ

കാഞ്ചീകാന്തിർ ഹതാശാ സ്തനജഘനപദം പാണിനാച്ഛാദ്യ [സദ്യഃ

പശ്യന്തീ സത്രപാ സാ തദപി വിലുലിതാ മുഗ്ദ്ധകാന്തിർ [ധിനോതി. ന്ന

കേശപാശഃ, വ്യാകോശഃ—തലമുടി ശിഥിലമായിരിക്കുന്നു.
അലകൈഃ—കുറുനിരകൾ(ളാൽ)
തരളിതം— ചിന്നിച്ചിതറിക്കിടക്കുന്നു.
കപോലൗ—കവിൾത്തടങ്ങൾ രണ്ടും
സ്വേദമോക്ഷൗ—വിയർപ്പിനെ ഒലിപ്പിക്കുന്നു.
ബിംബാധരശ്രീഃ—തൊണ്ടിപ്പഴം പോലെയുള്ള അധരശോഭ
ക്ലിഷ്ടാ—കലങ്ങിപ്പോയിരിക്കുന്നു.
ഹാരയഷ്ടിഃ—യഷ്ടിപോലെ വടിപോലെയുള്ള മുത്തുമാല
കുചകലശരുചാ—കലശങ്ങൾപോലെയുള്ള കുചങ്ങളുടെ സൗന്ദ
[ര്യത്താൽ
ഹാരിതാ—അപഹരിക്കപ്പെട്ടതായിരിക്കുന്നു.
കാഞ്ചീകാന്തിഃ—അരഞ്ഞാണിന്റെ കാന്തി
ഹതാശാ—ആശയെ ഹനിച്ചിരിക്കുന്നു.
തദപി—എങ്കിലും
വിലുലിതാ—സുരതക്രീഡയാൽ കുഴഞ്ഞവളും.
മുഗ്ദ്ധാകാന്തിഃ—മനോഹരമായ ശോഭയോടുകൂടിയവളും
സത്രപാ—ലജ്ജയോടുകൂടിയവളും ആയ
സാ—അവൾ (വസ്ത്രശൂന്യയായ രാധ)
സദ്യഃ—ഉടൻ (പെട്ടന്നു)
സ്തനജഘനപദം—സ്തനജഘനപ്രദേശത്തെ
പാണിനാ, ആച്ഛാദ്യ—കൈകൊണ്ടു മറച്ചിട്ടു
പശ്യന്തീ—നോക്കുന്നവളായി
ധിനോതി—(കൃഷ്ണനെ) സന്തോഷിപ്പിക്കുകതന്നെ ചെയ്യുന്നു.

രതിക്രീഡചെയ്ത രാധയുടെ തലമുടിക്കെട്ടു അഴിഞ്ഞു കുഴഞ്ഞിരിക്കുന്നു. കുറുനിരകൾ ചിന്നിച്ചിതറിക്കിടക്കുന്നു. കവിൾത്തടങ്ങളിൽ വിയർപ്പു ഒലിക്കുന്നു. കുചങ്ങളുടെ സൌന്ദര്യത്താൽ മുത്തുമാലയുടെ ശോഭ മങ്ങിയിരിക്കുന്നു. അരഞ്ഞാണിന്റെ കാന്തി ആശയെ ഇല്ലായ്മ ചെയ്യുന്നതായിരിക്കുന്നു. ഇങ്ങനെയൊക്കെ രതിക്രീഡകൊണ്ടു കുഴഞ്ഞു തളന്നിരുന്നാലും സുന്ദരിയായ അവൾ ലജ്ജപൂണ്ടവളായി സ്തനജഘനപ്രദേശങ്ങളെ കൈകൊണ്ടു മറച്ചു നോക്കുന്നവളായി കൃഷ്ണനു പ്രീതിയെ ജനിപ്പിക്കുകതന്നെ ചെയ്യുന്നു.

അലങ്കാരങ്ങളെല്ലാം അഴിഞ്ഞു കുഴഞ്ഞിരിക്കുന്ന നായിക നായകനു വെറുപ്പിനെ ജനിപ്പിക്കുന്നവളായിരിക്കണം. രാധയാകട്ടെ

അങ്ങനെയല്ല എന്നർത്ഥം. കഞ്ചുകമില്ലാത്തതിനാൽ മുത്തുമാലയുടെ ശോഭയെ കുചശോഭ കവൎന്നുകളഞ്ഞു എന്നൎത്ഥം. അതുപോലെ വസ്ത്രമില്ലാത്തതിനാൽ ജഘനശോഭയാൽ അരഞ്ഞാണിൻെറ ശോഭ മങ്ങിപ്പോയിരിക്കുന്നു. അങ്ങനെ നിരലങ്കാരയാണെങ്കിലും രാധ ശരീര ശോഭകൊണ്ടുതന്നെ പ്രിയനു മനോഹാരിണിയായിത്തീൎന്നു എന്നു ഭാവം.

(ശ്ലോകം)

ഈഷന്മീലിതദൃഷ്ടി മുഗ്ദ്ധവിലസത്സീത്കാരധാരാവശാ-

ദവ്യക്താകുലകേലികാകുവികസദ്ദന്താംശുധൗതാധരമ്

ശാന്തസ്തബ്ധപയോധരം ഭൃശപരിഷ്വംഗാത് കുരംഗീദൃശോ

ഹർഷോത്കർഷവിമുക്തനിസ്സഹതനോർ ധന്യോ ധയത്യാ-

നനമ്. ൧

ഈ പദ്യത്തിൽ അന്യാപദേശരീതിയിൽ ആത്മാവിനെ കൃതകൃത്യനായി വൎണ്ണിക്കുന്നു.

ഈഷന്മീലിതദൃഷ്ടി—അല്പം തുറന്ന കണ്ണോടുകൂടിയതും

മുഗ്ദ്ധവിലസത്സീത്കാരധാരാവശാത്— മുഗ്ദ്ധമാകുംവണ്ണം മനോഹരമാകുംവണ്ണം വിലസത്തായ ശോഭിക്കുന്ന സീത്കാരപരമ്പരാ [വശത്താൽ

അവ്യക്താകുലകേലികാകുവികസദ്ദന്താംശുധൗതാധരം — അവ്യക്തമായും സ്പഷ്ടമല്ലാതെയും ആകുലമായും കുഴഞ്ഞതായും ഉള്ള കാകുവാൽ (സുരതക്രീഡയിലുള്ള) സ്വരവികാരത്താൽ വികസത്തായ വിടർന്ന ദന്തകിരണങ്ങളാൽ ധൗതമായ ശുഭ്രമായ അധ [രത്തോടുകൂടിയതും ആയ

ഹർഷോത്കർഷവിമുക്തനിസ്സഹതനോഃ— ഹർഷോത്കർഷത്താൽ ആനന്ദാതിശയത്താൽ വിമുക്തമായും വ്യാപാരശൂന്യമായും നിസ്സഹമായും അന്യവ്യാപാരസഹമല്ലാതെയും ഉള്ള തനുവോടു ശരീരത്തോടു [കൂടിയ

കുരംഗീദൃശഃ, ആനനം—മാന്മിഴിയാളുടെ മുഖത്തെ

ധന്യഃ—ഭാഗ്യം ചെയ്തവൻ (കൃഷ്ണൻ)

ഭൃശപരിഷ്വംഗാത്—ദൃഢമായ ആലിംഗനത്താൽ

ശാന്തസ്തബ്ധപയോധരം—ശാന്തവും പുലകശൂന്യവും സ്തബ്ധവും കഠിനവും അല്പം കുനിഞ്ഞതും ആയ പയോധരത്തോട കുചത്തോട [കൂടിയവണ്ണം

ധയതി—പാനംചെയ്യുന്നു.

ധന്യനായ കൃഷ്ണൻ കുചകലശങ്ങൾ സ്തംഭിക്കത്തക്കവണ്ണം മാന്മിഴിയാളായ രാധയെ ദൃഢമായി ആലിംഗനം ചെയ്തുകൊണ്ട അധരം നുകരുന്നു. അപ്പോൾ അവളുടെ മുഖം അല്പം അടഞ്ഞ കണ്ണുകളോടുകൂടിയിരിക്കുന്നു. മനോഹരങ്ങളായ സീത്കാരശബ്ദങ്ങളാൽ അവ്യക്തശിഥിലമായ സ്വരവികാരങ്ങൾ ആവിർഭവിച്ചു ദന്തശോഭ വഴിച്ചു ശുഭ്രമായ അധരത്തോടുകൂടിയിരിക്കുന്നു.

സുരതാന്തത്തിലുള്ള ചുംബനമാണ് ഈ പദ്യത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. സുരതത്തിൽ ക്ഷീണിച്ചവളായ സുന്ദരിയുടെ അധരം നുകരുന്ന ഭാഗ്യം ചെയ്ത കൃഷ്ണൻ. ആലിംഗനം ചെയ്തപ്പോൾ അധരം നുകരുന്നതിൽ സ്പൃഹയുണ്ടായി.

(ശ്ലോകം)

അഥ സഹസാ സുപ്രീതാ സുരതാന്തേ സാ നിതാന്തഖി- [ന്നാംഗീ
രാധാ ജഗാദ സാദരമിദമാനന്ദേന ഗോവിന്ദമ് വൃ

ഭാഷ

രാപോവോളോമുപരിസുരതം ചെയ്തജന്തും തനിക്കും
താപോദ്രേകം വിരവിനൊടഴിച്ചൻപൊടാനന്ദസിന്ധൌ
നാരീ രാധാ ദയിതയുതയായിട്ടിറങ്ങിക്കളിക്കും-
നേരം രാമാനുജനൊടു് തനൌ കോപ്പിടീപ്പാൻ പറ- [ഞ്ഞാൾ.

സുരതാവസാനത്തിങ്കൽ പരമാനന്ദത്തെ പ്രാപിച്ച രണ്ടുപേരുടേയും അനന്തരകൃത്യത്തെപ്പററി അതായതു രാധ ഗോവിന്ദനെ വീണ്ടും ആനന്ദിപ്പിക്കുന്നതായി പ്രസ്താവിക്കുന്നു.—

അഥ, സഹസാ— അനന്തരം ശീഘ്രം

സുപ്രീതാ— വളരെ സന്തുഷ്ടയും

നിതാന്തഖിന്നാംഗീ—വളരെ ഖേദത്തെ പ്രാപിച്ച അവയവങ്ങ
[ളോടു കൂടിയവളും ആയ

സാ, രാധാ—ആ രാധ

സുരതാന്തേ—സുരതത്തിൻെറ അവസാനത്തിങ്കൽ

ആനന്ദേന—ആനന്ദത്തോടുകൂടി

ഗോവിന്ദം—കൃഷ്ണനോടു

സാദരം—ആദരവോടുകൂടി

ഇദം, ജഗാദ—ഇവ്വണ്ണം പറഞ്ഞു.

അനന്തരം വേഗം സന്തോഷത്തെ പ്രാപിച്ചവളായ രാധ വളരെ തളൎന്നവളായി സുരതാവസാനത്തിങ്കൽ ആനന്ദത്തോടുകൂടി ആദരവോടുകൂടി കൃഷ്ണനോടു ഇപ്രകാരം പറഞ്ഞു.

ആനന്ദത്തോടുകൂടിയ ഗോവിന്ദനോടു എന്നും അന്വയിപ്പിക്കാം. നായകൻ പ്രീതനായിരിക്കുമ്പോഴാണല്ലോ നായികയുടെ വിജ്ഞാപനം ഉചിതം. ഇപ്പോൾ രാധ സ്വാധീനഭൎത്തൃകയായിത്തീൎന്നു. തൻെറ കേളിനൈപുണ്യത്താൽ നായകനെ വശത്താക്കിയവൾ.

## അഷ്ടപദീ ൨൪.

രാമകരീരാഗേണ ഗീയതേ യതിതാലേന വാദ്യതേ

൧. കുരു യദുനന്ദന ചന്ദനശിശിരതരേണ കരേണ
[പയോധരേ

മൃഗമദപത്രകമത്ര മനോഭവമംഗലകലശസഹോദരേ

നിജഗാദ സാ യദുനന്ദനേ ക്രീഡതി ഹൃദയാനന്ദനേ

൨. അലികുലഗംജനമംജനകം രതിനായകസായകമോചനേ

ത്വദധരചുംബനലംബിതകജ്ജലമുജ്ജ്വലയ പ്രിയ
[ലോചനേ (നിജഗാദ....)

൩. നയനകുരംഗതരംഗവികാസനിരാസകരേ ശ്രുതിമണ്ഡലേ

മനസിജപാശവിലാസധരേ ശുഭവേശ നിവേശയ
[കുണ്ഡലേ (നിജഗാദ...)

൪. ഭ്രമരചയം രചയന്തമുപരി രുചിരം സുചിരം മമ
[സംമുഖേ

ജിതകമലേ വിമലേ പരികൎമ്മയ നൎമ്മജനകമലകം
[മുഖേ (നിജഗാദ...)

൬. മൃഗമദരസവലിതം ലലിതം കുരു തിലകമലികരജനീകരേ
വിഹിതകളങ്കകലം കമലാനന വിശ്രമിതശ്രമശീകരേ
(നിജഗാദ...)

൭. മമ രുചിരേ ചികുരേ കുരു മാനദ മനസിജധ്വജചാമരേ
രതിഗലിതേ ലലിതേ കുസുമാനി ശിഖണ്ഡിശിഖണ്ഡ-
[കഡാമരേ(നിജഗാദ...)

൮. സരസഘനേ ജഘനേ മമ ശംബരദാരണവാരണകന്ദരേ
മണിരശനാവസനാഭരണാനി ശുഭാശയ വാസയ
[സുന്ദരേ (നിജഗാദ...)

൯. ശ്രീജയദേവവചസി രുചിരേ ഹൃദയം സദയം കുരു
[മണ്ഡനേ
ഹരിചരണസ്മരണാമൃതനിർമിതകലികലുഷജ്വര-
[ഖണ്ഡനേ (നിജഗാദ...)

## ഭാഷ

### ഇരുപത്തിനാലാം അഷ്ടപദി.

കല്യാണി—ഏകതാളം.

൧. മുത്തണിയുന്നൊരു മാമകമുലയാം
ഉത്തമകലശേ കസ്തൂരികയാ
പത്രകമെഴുതുക തവ കരകൗശലം
എത്രയുമേറുമറിവനഹം
ക്രിയതാമലംക്രിയാ സാദരം
പ്രിയതമ മമ തനു മുഴവൻ

൨. കംജശരാഹവഗതമഷിയാമെൻെറ
കണ്ണിണയിങ്കലിദാനീം
അംജനമെഴുതുക ഭഗവൻ ഭംഗിയിൽ
അംബുജലോചന കൃഷ്ണ ഹരേ (ക്രിയതാ...)

൩. കണ്ണുകളുടെ ഗതി തട്ടുത്തുവിളങ്ങും
കണ്ണും രണ്ടിലുമുജ്ജ്വലമാം

കുണ്ഡലമിട്ടുക കപോലതലദ്വയ-
മണ്ഡലമണ്ഡനമായ്‌വരുവാൻ (ക്രിയതാ...)

൪. അളകകുലംകൊണ്ടു മലമുഖത്തിനൊ-
രഴകു വരുത്തുക, മമ വദനം
അളികളെക്കൊണ്ടു വിളങ്ങും വികസിത-
നളിനംപോലെ ലസിച്ചീടുവാൻ (ക്രിയതാ...)

൫. മൃദുലതതേടിയൊരളികതലേ മൃഗ-
മദതിലകത്തെ രചിക്ക മുദാ
മദിരാക്ഷ്യാ മമ നെററികളങ്കം-
മുദിപ്പിച്ചു ചന്ദ്രനെ വെന്നീടുവാൻ (ക്രിയതാ...)

൬. രതിരണലീലയിലഴിഞ്ഞൊരു തലമുടി-
തതിയെ വിടർത്തിക്കെട്ടീടുക ഭംഗ്യാ
പുതിയ പുഷ്പങ്ങളെ മേളിക്ക മാധവ
മതിയാവോളം മമ ചികുരേ (ക്രിയതാ...)

൭. കടിതടസീമനി കനകനിറംപേറും
പുടകയുടുപ്പിച്ചു കാഞ്ചനകാഞ്ചിയെ
വടിവൊടു ഘടിപ്പിക്ക മറയ്ക്കു മനോഭവ-
കുടിയെയും തുണൊത്ത തുടകളേയും (ക്രിയതാ...)

൮. ജലജവിലോചനനാം കൃഷ്ണനെയും
നലമൊടു കവിയാം ജയദേവനെയും
വലരിപുസമനാം വഞ്ചീശനെയും
കലയേ ഹൃദി കലുഷം കളവാൻ.

'സുപ്രീതപീതാംബരതാലഃശ്രേണി' എന്ന ഇരുപത്തിനാലാം പ്രബന്ധം ആരംഭിക്കുന്നു. മൂന്നാമത്തെ വരി 'ധ്രുവപദം' ആകയാൽ എല്ലാപദങ്ങളോടും ചേർത്തു പഠിക്കണം. രാധ കൃഷ്ണനോടു പറഞ്ഞതു എന്താണെന്നുള്ളതിനെ ഈ പ്രബന്ധത്തിൽ വർണ്ണിക്കുന്നു—

ഒന്നാംപദം—

ഹൃദയാനന്ദനേ—തൻെറ ഹൃദയത്തിനു ആനന്ദത്തെ നല്കു [നാവനും

ക്രീഡതി—രമിക്കുന്നവനും ആയ

യദുനന്ദന—കൃഷ്ണ്ണകൽ

സാ, നിജഗാദ—അവരം (രധ) പറഞ്ഞു.

യദുനന്ദന—അല്ലയോ യദുനന്ദനനായ കൃഷ്ണ!

ചന്ദനശിശിരതരേണ—ചന്ദനംപോലെ (ചന്ദനത്തേക്കാരം) വള [രെ തണുത്തിരിക്കുന്ന

കരേണ—നിൻെറ കൈകൊണ്ടു

മനോഭവമംഗലകലശസഹോദരേ—മന്മഥൻെറ മംഗലകലശ [ങ്ങൾക്കു തുല്യമായ

അത്ര, പയോധരേ—എൻെറ ഈ കുചത്തിൽ

മൃഗമദപത്രകം—കസ്തൂരികൊണ്ടുള്ള മകരപത്രാദിയെ പത്തി [ക്കിററിനെ

കുരു—ചെയ്താലും.

രാധ, തനിക്കു ആനന്ദത്തെ തരുന്നവനും തങ്കൽ രമിച്ചുകൊണ്ടിരിക്കുന്നവനും ആയ കൃഷ്ണനോടു ഇവ്വണ്ണം പറഞ്ഞു—അല്ലയോ കൃഷ്ണ! നീ ചന്ദനംപോലെ തണുത്ത നിൻെറ കൈകൊണ്ടു കാമദേവൻെറ മംഗലകലശംപോലെയുള്ള എൻെറ മുലത്തടത്തിൽ കസ്തൂരികൊണ്ടുള്ള പത്രരചനയെ ചെയ്താലും.

കുചങ്ങളെ ജഗത്തിനെ ജയിക്കുവാനുള്ള കാമൻെറ മംഗലകലശങ്ങളായി വർണ്ണിച്ചു. മംഗലകലശം പയോധരമായി അതായതു ജലപൂൎണ്ണമായിരിക്കും. പത്രങ്ങളെക്കൊണ്ടും മാവില മുതലായവയെക്കൊണ്ടും മംഗലകലശത്തെ അലങ്കരിക്കാറുണ്ടു്. മംഗലകലശം—മാംഗല്യത്തിനായി സ്ഥാപിക്കപ്പെട്ട കലശം നിറകുടം.

രണ്ടാംപദം—

പ്രിയ—അല്ലയോ നായക!

രതിനായകസായകമോചനേ—രതിനായകൻെറ കാമദേവൻെറ സായകങ്ങളെ കടാക്ഷരൂപങ്ങളായ ബാണങ്ങളെ മോചിപ്പിക്കു [ന്നതും എയ്യുന്നതും

ത്വദധരചുംബനലംബിതകജ്ജലേ—നിൻെറ അധരംകൊണ്ടു ഉമ്മവച്ചതിനാൽ ലംബിതമായ മാഞ്ഞുപോയ കജ്ജലത്തോടു മഷി [യോടുകൂടിയതും ആയ

ലോചനേ—കണ്ണിൽ

അലികുലഗഞ്ജനം—അലികുലത്തെ വണ്ടിൻകൂട്ടത്തെ തിരസ്ക [രിക്കുന്നതായ

അഞ്ജനകം—മഷിയെ

ഉജ്ജ്വലയ—പ്രകാശിപ്പിച്ചാലും.

അല്ലയോ കൃഷ്ണ! കടാക്ഷങ്ങൾ എന്ന മട്ടിൽ കാമബാണങ്ങളെ എയ്യുന്നതുകളായ എന്റെ കണ്ണുകളിൽ എഴുതിയ മഷി ചുംബനത്താൽ നിന്റെ അധരത്തിൽ പററി മാഞ്ഞുപോയിരിക്കുന്നതിനാൽ നീ വീണ്ടും മഷിയെഴുതി വണ്ടിൻകൂട്ടത്തെ നിറത്തിൽ തിരസ്കരിക്കത്തക്കവണ്ണം എന്റെ കണ്ണുകളെ പ്രകാശിപ്പിച്ചാലും.

നയനങ്ങളിൽ ചുംബിക്കുന്നതു അനുരാഗത്തെ വർദ്ധിപ്പിക്കുന്നതാണു്.

മൂന്നാംപദം—

ശുഭവേഷ (ശ)—അല്ലയോ ശുഭമായ മംഗലമായ വേഷത്തോടു [അലങ്കാരത്തോടു കൂടിയുള്ളോവേ!

നയനകുരംഗതരംഗവികാസനിരാസകരേ—നയനങ്ങളാകുന്ന കണ്ണുകളാകുന്ന കുരംഗങ്ങളുടെ ഹരിണങ്ങളുടെ തരംഗവികാസത്തെ വിശേഷപ്പെട്ട നോട്ടത്തെ നിരസിക്കുന്നതും സാരമില്ലാതെ തള്ളിക്കള[യുന്നതും

മനസിജപാശവിലാസധരേ—മനസിജന്റെ മന്മഥന്റെ (യുവഹൃദയങ്ങളെ ബന്ധിക്കുവാനുള്ള) പാശത്തിന്റെ വിലാസത്തെ [ശോഭയെ ധരിക്കുന്നതും ആയ

ശ്രുതിമണ്ഡലേ—ചെവിയിൽ

കുണ്ഡലേ,നിവേശയ—കുണ്ഡലങ്ങളെ അണിഞ്ഞാലും.

അല്ലയോ സുന്ദര! കണ്ണുകളാകുന്ന മൃഗങ്ങളുടെ വിശേഷപ്പെട്ട നിരീക്ഷണങ്ങളെ തിരസ്കരിക്കുന്നതുകളും കാമദേവന്റെ പാശശോഭയെ ധരിക്കുന്നതുകളും (പാശലീലയെ ചെയ്യുന്നതുകളും) ആയ കുണ്ഡലങ്ങളെ എന്റെ ചെവിയിൽ അണിഞ്ഞാലും.

ആടുന്ന കുണ്ഡലം നോട്ടത്തെ ഇടയ്ക്കിടയ്ക്കു തടയുന്നതിനാൽ നിരീക്ഷണങ്ങളെ തിരസ്കരിക്കുന്നതു എന്നു പറഞ്ഞു. പാശം—അസ്ത്രവിശേഷം എന്നുമർത്ഥം. കണ്ണു കാതുവരെ നീണ്ടിരിക്കുന്നു എന്നുസാരം.

നാലാംപദം—

(യദുനന്ദന—അല്ലയോ കൃഷ്ണ!)

മമ,സമ്മുഖേ—എന്റെ നേരായതും

വിമലേ—ശുഭ്രവും

ജിതകമലേ—ജിതമായ ജയിക്കപ്പെട്ട കമലത്തോടുകൂടിയതുംആയ

മുഖേ, രുചിരം—മുഖത്തിൽ മനോഹരവും

സുചിരം,ഉപരി—വളരെനേരം (മുഖത്തിനു)മീതേ

ഭ്രമരചയം,രചയന്തം—വണ്ടിൻകൂട്ടത്തെ ഉണ്ടാക്കുന്നതും

നർമജനകം—നർമത്തെ പരിഹാസവചനത്തെ ജനിപ്പിക്കുന്ന [തും ആയ

അളകം,പരികർമയ—കുറുനിരയെ അലങ്കരിച്ചാലും.

അല്ലയോ കൃഷ്ണ! അഭിമുഖവും ശുദ്ധവും കമലശോഭയെ ജയിച്ചിരിക്കുന്നതും ആയ എന്റെ മുഖത്തിൽ മനോഹരമായി വണ്ടുകളുടെ ഭ്രമത്തെ ജനിപ്പിക്കുന്നതായി പരിഹാസാലാപത്തിനു ഹേതുവായി കുറുനിരയെ അലങ്കരിച്ചാലും.

അളകങ്ങളാകുന്ന വണ്ടിൻകൂട്ടങ്ങളാൽ മുഖം പദ്മമായി ഉത്പ്രേക്ഷിക്കപ്പെട്ടിരിക്കുന്നു.

അഞ്ചാംപദം—

കമലാനന—അല്ലയോ താമരക്കണ്ണനായ കൃഷ്ണ!

വിശ്രമിതശ്രമശീകരേ—വിശ്രമിതങ്ങളായ ശമിച്ച ശ്രമശീകരങ്ങളോടു വീയർപ്പുതുള്ളികളോടുകൂടിയ

അലികരജനീകരേ—അലികമാകുന്ന (എന്റെ) നെററിത്തടമാകുന്ന രജനീകരങ്കൽ ചന്ദ്രങ്കൽ

മൃഗമദരസവലിതം—കസ്തൂരിരസത്താൽ ചാലിച്ചതും

വിഹിതകലങ്കകലം—വിഹിതമായ ചെയ്യപ്പെട്ട കലങ്കകലയോടു [കളങ്കശോഭയോടുകൂടിയതും

ലലിതം—മനോഹരവുമ ആയ

തിലകം,കുരു—പൊട്ടിനെ തൊട്ടാലും.

അല്ലയോ കൃഷ്ണ! വിയർപ്പു ശമിച്ച എന്റെ നെററിത്തടമാകുന്ന ചന്ദ്രങ്കൽ കളങ്കംപോലെ ശോഭിക്കുന്ന കസ്തൂരിരസത്താൽ ചാലിച്ച മനോഹരമായ പൊട്ടു ഇട്ടാലും.

നെററിത്തടമാകുന്ന ചന്ദ്രങ്കൽ കളങ്കം പോലെയുള്ള പൊട്ട്. 'കമലാനന' എന്ന സംബോധനംകൊണ്ടു മുഖമാകുന്ന കമലത്തിന്റെ വിരോധിയായ ചന്ദ്രനിൽ കളങ്കമുണ്ടാക്കുക ഉചിതമാണെന്നു ധ്വനിക്കുന്നു.

ആറാംപദം—

മാനദ—അല്ലയോ എന്നെപ്പോലെയുള്ളവക്കു അഭിമാനപ്രദനായുള്ളോവേ!

രുചിരേ,ലലിതേ—മനോഹരവും മാർദവമേറിയതും

മനസിജധ്വജചാമരേ—മനസിജന്റെ കാമന്റെ പതാകയ്ക്കു
[അടയാളമായ ചാമരമായുള്ളതും
രതിഗലിതേ—രതിയിങ്കൽ സുരതക്രീഡയിങ്കൽ ഗലിതവും അഴി
[ഞ്ഞുപോയതും
ശിഖണ്ഡിശിഖണ്ഡകഡാമരേ—ശിഖണ്ഡികളുടെ മയിലുകളുടെ
[ശിഖണ്ഡകം പീലിപോലെ ഡാമരവും ഭംഗിയുള്ളതുംആയ
മമ, ചികുരേ—എന്റെ കേശത്തിൽ
കുസുമാനി, കുരു—പൂക്കളണിഞ്ഞാലും.

അല്ലയോ മാനദനായുള്ളോവേ! മനോഹരവും മൃദുവും കാമദേവന്റെ കൊടിയുടെ ചാമരവും രതികേളിയിൽ കെട്ടഴിഞ്ഞതും മയിൽപീലിപോലെ ഭംഗിയുള്ളതും ആയ എന്റെ കേശഭാരത്തിൽ പൂക്കള
[ണിഞ്ഞാലും.

ഏഴാംപദം—

ശുഭാശയ—അല്ലയോ നല്ല ഹൃദയമുള്ളോവേ!
സുന്ദരേ—മനോഹരവും
സരസഘനേ—ശൃംഗാരരസത്തോടുകൂടിയതും നിബിഡവും
ശംബരദാരണവാരണകന്ദരേ—ശംബരാസുരനെ ദാരണം ചെയ്യുവനായ കമദേവനാകുന്ന വാരണത്തിന്റെ ആനയുടെ വാസസ്ഥാ
[നമായ കന്ദരം ഗുഹപോലെയുള്ളതും ആയ
മമ, ജഘനേ—എന്റെ പൃഷ്ഠദേശത്തിൽ
മണിരശനാവസനാഭരണാനി—മണിമയമായ അരഞ്ഞാൺ വസ
[നം വസ്ത്രം ഇതുകളാകുന്ന അലങ്കാരങ്ങളെ
വാസയ—യോജിപ്പിച്ചാലും.

അല്ലയോ നല്ല ഹൃദയമുള്ളോവേ! മനോജ്ഞവും സരസവും നിബിഡവും മന്മഥനാകുന്ന ആനയ്ക്കു പാർപ്പിടവും ആയ എന്റെ പൃഷ്ഠദേശത്തിങ്കൽ മണിമയമായ അരഞ്ഞാണിനെയും വസ്ത്രത്തെയും ആഭരണങ്ങളെയും യോജിപ്പിച്ചാലും.

എട്ടാംപദം—

(യദുനന്ദന—അല്ലയോ കൃഷ്ണ!)

ഹരിചരണസ്മരണാമൃതനിർമ്മിതകലികലുഷജ്വരഖണ്ഡനേ — ഹരിയുടെ ചരണങ്ങളെ സ്മരിക്കുക ആകുന്ന അമൃതത്താൽ നിർമ്മിതമായ കലിയുഗത്തിലെ ജ്വരത്തിന്റെ പാപത്തിന്റെ ഖണ്ഡനത്തോടു
[നാശത്തോടുകൂടിയതും

മണ്ഡനേ—(നിന്തിരുവടിയ്ക്കു)ഭൂഷണമായതും
രുചിരേ—മനോഹരവും ആയ
ശ്രീജയദേവവചസീ—ശ്രീജയദേവകവിയുടെ വാക്കിൽ
സദയം—കൃപയോടുകൂടി.
ഹൃദയം, കുരു—ഹൃദയത്തെ ചെയ്താലും (ദയാപരനായി അനുഗ്ര[ഹിച്ചാലും.)

അല്ലയോ കൃഷ്ണ! ഇക്കലിയുഗത്തിലെ പാപത്തെ നശിപ്പിക്കുന്നതായ നിന്തിരുവടിയുടെ ചരണസ്മരണമാകുന്ന അമൃതത്തെ നൽകുന്നതും നിന്തിരുവടിക്കു ഭൂഷണമായുള്ളതും മനോഹരവും ആയ ശ്രീജയദേവകവിയുടെ വാക്കിൽ കൃപയോടുകൂടി അനുഗ്രഹപരനായി ഭവിച്ചാലും.

(ശ്ലോകം)

രചയ കുചയോഃ പത്രം ചിത്രം കുരുഷ്വ കപോലയോർ
ഘടയ ജഘനേ കാഞ്ചിം മുഗ്ദ്ധസ്രജാ കബരീഭരമ്
കലയ വലയശ്രേണീം പാണൗ പദേ മണിനൂപുരാ-
വിതി നിഗദിതഃ പ്രീതഃ പീതാംബരോऽപി തഥാക-
[രോത് ൻ

പ്രബന്ധത്തിൽ പറഞ്ഞതിനെത്തന്നെ ശ്ലോകംകൊണ്ടും അവതരിപ്പിക്കുന്നു—

കുചയോഃ—മുലത്തടങ്ങളിൽ
പത്രം,രചയ—പത്തിക്കീററിനെ രചിച്ചാലും.
കപോലയോഃ—കവിൾത്തടങ്ങളിൽ
ചിത്രം,കുരുഷ്വ—മകരികാദിചിത്രം എഴുതിയാലും.
ജഘനേ—പൃഷ്ഠഭാഗത്തിൽ
കാഞ്ചീം,ഘടയ—അരഞ്ഞാണിനെ ധരിപ്പിച്ചാലും.
കബരീഭരം—കേശഭാരത്തെ
മുഗ്ദ്ധസ്രജാ—മനോഹരമായ മാല്യത്താൽ(അലങ്കരിച്ചാലും).
പാണൗ,വലയശ്രേണീം—കൈയ്യിൽ കങ്കണങ്ങളെ
കലയ,പദേ—അടുക്കിയാലും. കാലിൽ
മണിനൂപുരൗ—മണിമയങ്ങളായചിലമ്പുകളെ(യോജിപ്പിച്ചാലും).
ഇതി,നിഗദിതഃ—ഇവ്വണ്ണം (രാധയാൽ) പറയപ്പെട്ടവനും

പ്രീതഃ—സന്തുഷ്ടനും ആയ
പീതാംബരഃ,അപി—പീതാംബരനും കൃഷ്ണനും
തഥാ— അവ്വണ്ണമെല്ലാം (രാധപറഞ്ഞതുപോലെയെല്ലാം)
അകരോത്—ചെയ്തു.

(ശ്ലോകം)

യദ് ഗാന്ധർവകലാസു കൗശലമനുധ്യാനം ച യദ്
[വൈഷ്ണവം
യത് ശൃംഗാരവിവേകതത്ത്വരചനാകാവ്യേഷു ലീലാ-
യിതമ്
തത് സർവം ജയദേവപണ്ഡിതകവേഃ കൃഷ്ണൈകതാ-
നാത്മനഃ
സാനന്ദാഃ പരിശോധയന്തു സുധിയഃ ശ്രീഗീത-
ഗോവിന്ദതഃ ൧൦

ഈ പദ്യത്തിൽ വിദ്വാന്മാരോടു പ്രാൎത്ഥിക്കുന്ന മട്ടിൽ കവി ആത്മപ്രശംസ ചെയ്യുന്നു—

സുധിയഃ—അല്ലയോ വിദ്വാന്മാരേ!
ഗാന്ധർവകലാസു—നൃത്തഗീതവാദ്യാദിസംഗീതകലകളിൽ
യത്,കൗശലം—യാതൊരു നൈപുണ്യം ഉണ്ടോ
വൈഷ്ണവം—വിഷ്ണുവിനെ സംബന്ധിച്ച (വ്യാപിയായ ഭഗ
[വാനേ സംബന്ധിച്ച)
യത്, അനുധ്യാനം, ച—യാതൊരു മനനവും ഉണ്ടോ
ശൃംഗാരവിവേകതത്ത്വരചനാകാവ്യേഷു— ശൃംഗാരരസത്തിന്റെ വിവേകത്തിൽ സംഭോഗരൂപമായും വിപ്രലംഭരൂപമായും വിവേചനം ചെയ്യുന്നതിൽ ഉള്ള തത്ത്വംകൊണ്ടു പരമാൎത്ഥംകൊണ്ടുള്ള രചനാവിശേഷത്തോടുകൂടിയ കാവ്യങ്ങളിൽ (കാവ്യനിർമ്മിതിയിൽ)
യത്,ലീലായിതം—യാതൊരു ഉല്ലാസമുണ്ടോ
തത്,സർവം—അതിനെയെല്ലാം
കൃഷ്ണൈകതാനാത്മനഃ — കൃഷ്ണങ്കൽതന്നെ ഏകാഗ്രമായ
[നിലയോടുകൂടിയ
ജയദേവപണ്ഡിതകവേഃ—ജയദേവൻ എന്ന പണ്ഡിതനായ
[കവിയുടെ (കൃതിയായ)

ശ്രീഗീതഗോവിന്ദതഃ—ശ്രീഗീതഗോവിന്ദം എന്ന ഗ്രന്ഥത്തിൽ
സാനന്ദാഃ—ആനന്ദത്തോടുകൂടിയവരായി (നിങ്ങൾ)
പരിശോധയന്തു—പരിശോധിച്ചുകൊള്ളുവിൻ.

നൃത്തഗീതവാദ്യാദികലകളിൽ യാതൊരു സാമർത്ഥ്യം ഉണ്ടോ, വിഷ്ണുവായ ഭഗവാങ്കൽ ചിത്തത്തിനു യാതൊരു ഏകാഗ്രത ഉണ്ടോ, ശൃംഗാരരസത്തിന്റെ തത്വത്തെ വിവേചനം ചെയ്തുകൊണ്ടുള്ള അക്ലിഷ്ടമായ യാതൊരു കാവ്യരചനയുണ്ടോ, അതിനെയെല്ലാം നിർമത്സരന്മാരായ വിദ്വാന്മാർ, കൃഷ്ണഭക്തനും പരമഭാഗവതോത്തമനും ആയ ശ്രീജയദേവപണ്ഡിതകവിയുടെ ശ്രീഗീതഗോവിന്ദം എന്ന കാവ്യത്തിൽ ആനന്ദത്തോടുകൂടി പരിശോധിച്ചുകൊള്ളട്ടേ.

മാർഗ-ദേശീരൂപമായ ഗാന്ധർവശാസ്ത്രം അതിന്റെ അഭിനയാദികലകൾ എന്നർത്ഥം. ജയദേവകവിക്കു ഗാനത്തിലും വിഷ്ണുഭക്തിയിലും ശൃംഗാരരസനിരൂപണത്തിലും ഉള്ള അസാമാന്യവൈദുഷ്യം ഈ ഗ്രന്ഥത്തിൽ പരിശോധിക്കാവുന്നതാണെന്നു താത്പര്യം.

(ശ്ലോകം)

ത്വാമപ്രാപ്യ മയി സ്വയംവരരസാം ക്ഷീരോദതീരോദരേ
ശങ്കേ സുന്ദരി! കാളകൂടമപിബന്മൂഢോ മൃഡാനീപതിഃ
ഇത്ഥം പൂർവ്വകഥാഭിരന്യമനസോ വിക്ഷിപ്യ വക്ഷോ-
[ഞ്ചലം
രാധായാഃ സ്തനകോരകോപരി ചലന്നേത്രോ ഹരിഃ
[പാതു വഃ ൧൧

അല്ലയോ സുന്ദരി! ശ്രീപരമേശ്വരൻ ആദ്യം നിന്നെ ലഭിക്കണമെന്നു ആഗ്രഹിച്ചിരുന്നു. ശിവൻ അമൃതമഥനസമയത്തിൽ പാലാഴിക്കരയിൽ വച്ചു കാളകൂടവിഷം ഭക്ഷിച്ചതു, തന്നെത്താനെ എന്നെത്തന്നെ വരിക്കുവാൻ താത്പര്യമുള്ള നിന്നെ ലഭിക്കാത്തതുകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു. എന്നിവ്വണ്ണമുള്ള പഴങ്കഥകൾ കൃഷ്ണൻ ചൊല്ലുന്നതിനെ കേട്ടപ്പോൾ വികാരഭരിതയായിത്തീർന്ന രാധയുടെ ഉത്തരീയം മാററി അവളുടെ മൊട്ടുകൾപോലെയുള്ള മുലകളിൽ കണ്ണോടിച്ചുകൊണ്ടിരിക്കുന്ന കൃഷ്ണൻ നമ്മെ കാത്തുകൊള്ളട്ടെ].

(ശ്ലോകം)

ശ്രീഭോജദേവപ്രഭവസ്യ രാമാദേവീസുതശ്രീജയദേവകസ്യ
പരാശരാദിപ്രിയവർഗകണ്ഠേ ശ്രീഗീതഗോവിന്ദകവിത്വ-

[മസ്തു ൧൨

ഈ പദ്യത്തിൽ കവി മാതാപിതാക്കന്മാരുടെ പേരിനെ സ്മരിച്ചു കൊണ്ടു സജ്ജനങ്ങളോടു പ്രാർത്ഥിക്കുന്നു——

ശ്രീഭോജദേവപ്രഭവസ്യ—ശ്രീഭോജദേവങ്കൽ നിന്നു ഉത്പത്തി [യോടുകൂടിയവനും

രാമാസുതശ്രീജയദേവകസ്യ—രാമാദേവിയുടെ പുത്രനും ആയ [ശ്രീജയദേവൻെറ

ശ്രീഗീതഗോവിന്ദകവിത്വം—ശ്രീഗീതഗോവിന്ദം എന്ന ഈ ക [വിത

പരാശരാദിപ്രിയവർഗകണ്ഠേ—പരാശരൻ തുടങ്ങിയുള്ള സ്നേ [ഹിതന്മാരായ ഗായകന്മാരുടെ കണ്ഠത്തിൽ

അസ്തു—(ഭൂഷണമായി) വിളങ്ങട്ടേ.

ജയദേവകവിയുടെ സ്നേഹിതന്മാരായ പരാശരൻ തുടങ്ങിയുള്ള വർ ഈ കവിതയെ ഗാനം ചെയ്വാൻ അഭ്യസിച്ചവരാകയാൽ, ഈ കവിത അവരുടെ കണ്ഠത്തിൽ ഭൂഷണമായി ശോഭിക്കട്ടെ എന്നു കവി പ്രാർത്ഥിക്കുന്നു.

(ശ്ലോകം)

സാധ്വീ മാധ്വീക ചിന്താ ന ഭവതി ഭവതഃ ശർക്കരേ കർക്കശാസി
ദ്രാക്ഷേ ദ്രക്ഷ്യന്തി കേ ത്വാമമൃത മൃതമസി ക്ഷീര നീരം രസസ്തേ
മാകന്ദ ക്രന്ദ കാന്താധര ധര ന തുലാം ഗച്ഛ യച്ഛന്തി ഭാവം
യാവത് ശൃംഗാരസാരം ശുഭമിവ ജയദേവസ്യ

[വൈദഗ്ദ്ധ്യവാചഃ ൧൩

ഈ പദ്യത്തിൽ കവി തൻെറ കവിതയിൽ മാധുര്യാദികാവ്യഗു ണങ്ങൾ പുഷ്കലമായുണ്ടെന്നു പ്രതിപാദിക്കുന്നു.

മാധ്വീക—അല്ലയോ മധുവേ!

ഭവതഃ, ചിന്താ—നിൻെറ ഈ ചിന്ത (ഈ കവിത എനിക്കു [തുല്യമായി മധുരമായിരിക്കുന്നുവോ എന്നിങ്ങനെയുള്ള ചിന്ത)

സാധ്വീ, ന, ഭവതി—സാധുവായി ഭവിക്കുന്നില്ല (ശരിയല്ല).

ശക്കരേ—അല്ലയോ ശക്കരേ!

കക്കശാ, അസി—നീ കഠിനയായിരിക്കുന്നു.

ദ്രാക്ഷേ—അല്ലയോ ദ്രാക്ഷാഫലമേ! (ദ്രാക്ഷ മുന്തിരി)

ത്വാം—നിന്നെ

കേ, ദ്രക്ഷ്യന്തി—ആരാണു കാണാൻപോകുന്നതു്?

അമൃത—അല്ലയോ അമൃതേ!

മൃതം, അസി—ഗീതഗോവിന്ദാമൃതം ഉള്ളപ്പോൾ നീ മരിച്ചതായി [രിക്കുന്നു.

ക്ഷീര, തേ, രസഃ—അല്ലയോ പാലേ! നിന്റെ രസം

നീരം—ജലമയമാകുന്നു.

മാകന്ദ—അല്ലയോ പക്വസരസമായ മാമ്പഴമേ!

ക്രന്ദ—നീ നിലവിളിച്ചാലും.

കാന്താധര—അല്ലയോ കാന്തയുടെ അല്ലെങ്കിൽ കാന്തമായ മനോ [ഹരമായ അധരമേ!

തുലാം, ന, ധര,—നീ (അവകളോടു കവിതാവർണ്ണനകളോടു) [സാദൃശ്യത്തെ വഹിക്കരുതു്.

ഗച്ഛ—പോയാലും.

(യതഃ—എന്തുകൊണ്ടെന്നാൽ)

ജയദേവസ്യ—ജയദേവകവിയുടെ

വൈദഗ്ദ്ധ്യവാചഃ—വിദഗ്ദ്ധങ്ങളായ സമത്ഥങ്ങളായ വാക്കുകൾ [ഉക്തിവൈചിത്ര്യങ്ങൾ

യാവച്ഛൃംഗാരസാരം—ശൃംഗാരരസത്തിന്റെ സാരമത്രയും ഉൾ [ക്കൊള്ളുന്ന

ശുഭം, ഇവ—ശുഭവത്തായ

ഭാവം, യച്ഛന്തി—ചിത്തവൃത്തിയെ പ്രദാനം ചെയ്യുന്നു.

ശർക്കര തേൻ ദ്രാക്ഷ മുതലായവയെക്കാൾ മധുരമാണു് ജയദേവകവിയുടെ വചനം. അതു നമ്മയെ വളർത്തുന്നതും ശൃംഗാരത്തിന്റെ സർവസ്വത്തെയും ഉൾക്കൊള്ളുന്നതും ആയ ചിത്തവൃത്തിയെ ഉണ്ടാക്കുന്നതുമാണു്.

(ശ്ലോകം)

[പര്യങ്കീകൃതനാഗനായകഫണശ്രേണീമണീനാം ഗണേ
സംക്രാന്തപ്രതിബിംബസങ്കലനയാ ബിഭ്രദ് വപുഃപ്രക്രിയാം
പാദാംഭോജവിഹാരിവാരിധിസുതാമക്ഷ്ണാം ദിദൃക്ഷുഃ ശതൈഃ
കായവ്യൂഹമിവാകരോദുരുമുദാ യോഽസൗ ഹരിഃ പാതു വഃ ൧൪

വിഷ്ണുഭഗവാൻ തൻെറ കാൽത്താമരയിൽ കളിക്കുന്ന ലക്ഷ്മീദേവിയെ കണ്ടു രസിക്കുവാൻ ആഗ്രഹമുള്ളവനായി, തൻെറ കിടക്കയായിരിക്കുന്ന അനന്തൻ എന്ന സർപ്പരാജൻെറ പടങ്ങളിലുള്ള രത്നങ്ങളിൽ പ്രതിഫലനരൂപത്തിൽ പലദേഹത്തോടു അവതരിച്ചിരിക്കുന്നുവോ എന്നു തോന്നുമാറു ശോഭിക്കുന്നു. അവ്വണ്ണമുള്ള ഭഗവാൻ നമ്മെ രക്ഷിക്കട്ടെ.]

(ശ്ലോകം)

[യന്നിത്യൈർ വചനൈർ വിരിഞ്ചഗിരിജാപ്രാണേശ-
[മുഖ്യൈർ മുഹുർ
നാനാകാരവിചാരസാരചതുരൈർ നാദ്യാപി നിശ്ചീയതേ
തത് സർവൈർ ജയദേവകാവ്യഘടിതൈഃ സത്സൂരിസം-
ശോധിതൈ-
രാദ്യം വസ്തു ചകാസ്തു ചേതസി പരം സാരസ്യസീമാജുഷാം
൧൫

ബ്രഹ്മ–വിഷ്ണു–മഹേശ്വരാദിരൂപത്തിൽ ധ്വനിക്കപ്പെടുന്ന യാതൊരു വസ്തു എത്രയും വിചിന്തനം ചെയ്കിട്ടും ദേവന്മാരാലും വേദോപനിഷദാദികളെക്കൊണ്ടും നിർണയിക്കപ്പെട്ടിരിക്കുന്നില്ലയോ, ആ ആദ്യമായ വസ്തു—പരബ്രഹ്മം—കൃഷ്ണബ്രഹ്മം—ഈ ജയദേവകൃതിയിൽ ഉള്ള വചനങ്ങളാൽ ഭക്തന്മാരുടെ ഹൃദയങ്ങളിൽപ്രകാശിക്കട്ടെ]

(ശ്ലോകം)

ഇത്ഥം കേളിതതീർ വിഹൃത്യ യമുനാകൂലേ സമം രാധയാ
തദ്രോമാവലിമൗക്തികാവലിയുഗേ വേണീഭ്രമം ബിഭ്രതി

തത്രാഹ്ലാദികുചപ്രയാഗഫലയോർ ലിപ്സാവതോർ
[ഹസ്തയോർ
വ്യാപാരാഃ പുരുഷോത്തമസ്യ ദദതു സ്ഫീതാം മുദാം സമ്പദമ്
4 ന്നു

ഇത്ഥം—ഇപ്രകാരം

യമുനാകൂലേ—യമുനാനദിയുടെ കരയിൽ

രാധയാ, സമം—രാധയോടുകൂടി

കേലിതതീഃ—കേളിപരമ്പരകളെ (ചെയ്തുകൊണ്ടു്)

വിഹൃത്യ—വിഹരിച്ചിട്ടു്

തദ്രോമാവലിമൗക്തികാവലിയുഗേ—അവളുടെ രോമാവലി രോമ പങ്ക്തി, മൗക്തികാവലി ഹാരത്തിലുള്ള മുത്തുക്കളുടെ പങ്ക്തി, [ഇതുരണ്ടും

വേണീഭ്രമം—വേണിയുടെ ഗംഗയുടേയും യമുനയുടേയും സംഗമ [ഭ്രമത്തെ വിലാസത്തെ

ബിഭ്രതി—ധരിക്കുമ്പോൾ

തത്ര—അതിൽ (സംഗമത്തിൽ)

ആഹ്ലാദികുചപ്രയാഗഫലയോഃ—ആഹ്ലാദത്തെ ആനന്ദത്തെ [ഉണ്ടാക്കുന്ന കുചങ്ങളാകുന്ന വടവൃക്ഷത്തിൻെറ ഫലങ്ങളിൽ

ലിപ്സാവതോഃ—ലിപ്സയോടു പ്രാപിക്കാനുള്ള ഇച്ഛയോടു [കൂടിയ

പുരുഷോത്തമസ്യ—ശ്രീകൃഷ്ണൻെറ

ഹസ്തയോഃ, വ്യാപാരാഃ—കൈകളുടെ പ്രവൃത്തികൾ

സ്ഫീതാം, മുദാം—വർധിച്ച ആനന്ദങ്ങളുടെ

സമ്പദം, ദദതു—ഐശ്വര്യത്തെ തന്നരുളട്ടെ.

ഇവ്വണ്ണമെല്ലാം കൃഷ്ണൻ രാധയോടുകൂടി യമുനാതടത്തിൽ കളിച്ചുനടന്നു. എങ്കിലും രാധയിങ്കലുള്ള അഭിലാഷം തീരാതെ കൃഷ്ണൻ തൻെറ കൈകളെ അവളുടെ മുലകളിൽ വ്യാപരിപ്പിച്ചുകൊണ്ടിരിക്കുന്നു. അവളുടെ മുലകളാകട്ടെ രോമപംക്തിയും മൗക്തികപംക്തിയും ചേരുന്നതായ ത്രിവേണീസംഗമത്തിലുള്ള വടവൃക്ഷത്തിൻെറ ഫലങ്ങളോ എന്നു തോന്നുമാറു ഇരിക്കുന്നു. അങ്ങനെയുള്ള കൃഷ്ണൻെറ കൈകൾ നമുക്കു വർധിച്ച ആനന്ദസമ്പത്തിനെ നൾകട്ടെ.

ഗംഗയും യമുനയും സംഗമിക്കുന്ന സ്ഥലം വേണി. അതു പ്രയാഗക്ഷേത്രമാകുന്നു. ഇവിടെ രാധയുടെ കറുത്ത രോമപങ്ക്തി തന്നെ

യമുന. വെളുത്ത മൗക്തികപങ്ക്തി തന്നെ ഗംഗ. ഇതു രണ്ടും ചേരുന്ന മാറിടത്താണല്ലോ സ്തനങ്ങൾ. മാറിടം വേണീഭ്രമത്തിനു ആശ്രയമായിരിക്കുന്നു.

## ഭാഷ

രത്യാ രാധ പറഞ്ഞവണ്ണമവളെ ശ്രീകൃഷ്ണനാം ചിത്പുമാ-
നത്യാശ്ചര്യവിഭൂഷണാവലികളെക്കൊണ്ടാത്തകൗതൂഹലം
നിത്യാനന്ദനലങ്കരിച്ചു നിതരാം സംഭാവ്യ സന്തുഷ്ടയാം
സത്യാ സാകമരംസ്ത യസ്സ ഭഗവാനുള്ളിൽ കളിച്ചാവുമേ.

ഭാഷാഷ്ടപദി സമാപ്തയായി.

'സുപ്രീതപീതാംബരതാലശ്രേണി' എന്ന ഇരുപത്തിനാലാമത്തെ പ്രബന്ധം സമാപ്തമായി.

'സുപ്രീതപീതാംബരം' എന്നാപന്ത്രണ്ടാം സർഗം സമാപ്തം.

കാവ്യം ശ്രീജയദേവപണ്ഡിതകവേഃ
ശ്രീഗീതഗോവിന്ദകം
രാധാം പ്രേമഭരാർദിതാം നയദിദം
ശ്രീകൃഷ്ണസായുജ്യകമ്
ശ്രീമദ്‌വേങ്കടരാമശർമവിദുഷാ വ്യാ
ഖ്യാതമാഞ്ജസ്യതഃ
ശൃംഗാരോത്തരസത്പ്രമേയരുചിരം
ശ്രീകൃഷ്ണഭക്താർത്തിഹമ്.

ഗീതഗോവിന്ദകാവ്യം സമാപ്തം.

ശുഭം.

# ഗീതഗോവിന്ദത്തിലെ പദ്യങ്ങളുടേയും പ്രബന്ധങ്ങളുടേയും അനുക്രമണിക.


| | | | |
|---|---|---|---|
| അക്ഷ്ണോർ നിക്ഷിപ | 266 | തസ്യാഃ പാടല | 305 |
| അംഗേഷ്വാഭരണം | 167 | താനി സ്പർ | 107 |
| അതിക്രമ്യാ | 286 | താമഥ മന്മഥ | 223 |
| അത്രാന്തരേ ച | 171 | തിര്യക്കണ്ഠ | 108 |
| അത്രാന്തരേ മസൃണ | 234 | ത്വദ്വാമ്യേന സമം | 153 |
| അഥ കഥമപി | 210 | ത്വാമപ്രാപ്യ | 319 |
| അഥ താം ഗന്തു | 159 | ത്വാം ചിത്തേന | 275 |
| അഥ സഹസാ | 309 | ദരവിദലിത | 48 |
| അഥാഗതാം | 180 | ദൂരാലോകഃസ്തോക | 88 |
| അനിലതരല (പ്ര. 16) | 199 | ദൃശൗ തവ | 252 |
| അനേകനാരീ | 51 | ദോർഭ്യാം സംയ | 302 |
| അന്തർമോഹന | 221 | നായാതഃ സഖി | 196 |
| അഹമിഹ | 136 | നിത്യോത്സംഗ | 62 |
| ആവാസോ വിപി | 121 | നിന്ദതി ചന്ദന (പ്ര.8) | 112 |
| ആശ്ലേഷാദനു | 154 | നിഭൃതനികുഞ്ജ (പ്ര.6) | 77 |
| ഇതസ്തതസ്താ | 92 | പദ്മാപയോധര | 36 |
| ഇത്ഥം കേലി | 322 | പരിഹര കൃതാ | 245 |
| ഈഷന്മീലിത | 308 | പര്യങ്കീകൃത | 322 |
| ഉന്മീലന്മധു | 50 | പശ്യതി ദിശി(പ്ര.12) | 160 |
| കംസാരിരപി | 92 | പാണൗ മാ കുരു | 102 |
| കഥിതസമയേ (പ്ര. 13) | 173 | പൂർവം യത്ര | 141 |
| കന്ദർപജ്വര | 131 | പ്രത്യൂഹഃ പുല | 301 |
| കാശ്മീരഗൗര | 267 | പ്രലയപയോധി(പ്ര.1) | 11 |
| കിം വിശ്രാമ്യസി | 168 | പ്രസരതി ശശധര | 172 |
| കിസലശയന (പ്ര. 23) | 294 | പ്രാതർനീല | 207 |
| കുരു യദുനന്ദന (പ്ര.24) | 310 | ബന്ധൂകദ്യുതി | 250 |
| ക്ഷണമപി | 132 | ബാധാം വിധേഹി | 206 |
| ഗണയതി ഗുണ | 76 | ഭജന്ത്യാസ്ത | 287 |
| ഗതവതി സഖീ | 93 | ഭ്രൂചാപേ നിഹിതഃ | 105 |
| ചന്ദനചർചിത(പ്ര.4) | 52 | ഭ്രൂപല്ലവം ധനു | 104 |
| ജയശ്രീവിന്യസ്തൈ | 290 | മഞ്ജുതര (പ്ര. 21) | 270 |
| തത് കിം കാമപി | 179 | മനോഭവാനന്ദന | 203 |
| തവേദം പശ്യന്ത്യാ | 220 | മാമിയം ചലി (പ്ര.7) | 94 |

| | |
|---|---|
| മാരാങ്കേ രതി | 304 |
| മുഗ്ദ്ധേ വിധേഹി | 246 |
| മേഘൈർ മേദുര | 1 |
| യദി ഹരി | 6 |
| യദ് ഗാന്ധർവ | 318 |
| യന്നിത്യൈർ വചനൈ | 322 |
| യമുനാതീര | 111 |
| രചയ കുചയോഃ | 317 |
| രജനിജനിത (പ്ര.17) | 211 |
| രതിസുഖ (പ്ര. 11) | 143 |
| രാധാമുഗ്ദ്ധാ | 157 |
| രാധാവദന (പ്ര. 22) | 278 |
| രാസോല്ലാസ | 63 |
| രിപുരിവ സഖീ | 205 |
| ലലിതലവംഗ (പ്ര.3) | 39 |
| വദസി യദി (പ്ര. 19) | 235 |
| വസന്തേ വാസന്തീ | 38 |
| വഹതി മലയ (പ്ര. 10) | 137 |
| വാഗ്ദേവതാ | 4 |
| വാചഃ പല്ലവ | 8 |
| വികിരതി മുഹുഃ | 151 |
| വിപുലപുളക | 165 |
| വിരചിത ചാടു (പ്ര.20) | 256 |
| വിരഹപാണ്ഡു | 186 |
| വിശേഷാമന്ദ | 60 |
| വിഹരതി വനേ | 66 |
| വൃഷ്ടിവ്യാകുല | 134 |
| വേദാനുദ്ധരതേ | 27 |
| വ്യഥയതി | 248 |
| വ്യാകോശഃ | 306 |
| ശശിമുഖി | 247 |
| ശ്രിതകമലാ (പ്ര.2) | 29 |
| ശ്രീഭോജദേവ | 320 |
| സഞ്ചരദധര (പ്ര.5) | 68 |
| സ പ്രീതിം തനുതാം | 253 |
| സഭയ ചകിത | 156 |
| സമുദിതമദനേ (പ്ര.15) | 187 |
| സാകൂതസ്മിത | 90 |
| സാധ്വീ മാധ്വീക | 320 |
| സാനന്ദം നന്ദ | 288 |
| സാന്ദ്രാനന്ദ | 232 |
| സാ മാം ദ്രക്ഷ്യതി | 265 |
| സാ രോമാഞ്ചതി | 128 |
| സാ സസാധ്വസ | 2,7 |
| സുചിരമനു | 255 |
| സൗന്ദര്യൈകനിധേഃ | 291 |
| സ്തനവിനിഹിത (പ്ര.9) | 123 |
| സ്നിഗ്ദ്ധേ യത്പരുഷാ | 230 |
| സ്മരസമരോചിത(പ്ര.14) | 181 |
| സ്മരാതുരാം | 130 |
| ഹരിരഭിസരതി(പ്ര.18) | 224 |
| ഹസ്തസ്രസ്ത | 87 |
| ഹാരാവലീ | 269 |
| ഹൃദി ബിസലതാ | 100 |

## ഭാഷാഷ്ടപദി[illegible] പദ്യങ്ങളു[illegible]യും പ്ര[illegible]ങ്ങളുടെയും അനുക്രമണിക


| | വശം |
|---|---|
| അന്യാസക്തിമുഴുത്തു | 66 |
| അപ്പോളഹോ | 234 |
| അവളുംനിന്തിരുവടിയുടെ | 1[illegible]1 |
| ആവൃന്ദാവനസീമനീതി | 180 |
| ഇവിടെലതാഗൃഹ(പ്ര.6) | 78 |
| എന്നോടു കൂടാതെ | 76 |
| എന്തേമടിച്ചിവിടെ(ദണ്ഡകം) | 277 |
| ഏവം വിലപ്യ | 111 |
| ഏവങ്കാരം വിരഹ | 223 |
| ഏവമാദിവചനം | 255 |
| കലുഷമോചന | 186 |
| കല്പിച്ചകാലേ/പി (പ്ര.13) | 174 |
| കാട്ടീന്നംഗനമാരെ | 93 |
| കാനനംതന്നിൽ(പ്ര.16) | 199 |
| കുറെയെങ്കിലും (പ്ര.19) | 236 |
| കെല്പേറുന്നൊരു | 172 |
| ചന്ദനപർവത (പ്ര.3) | 41 |
| ചന്ദനവും ചന്ദ്രന്റെ (പ്ര 8) | 113 |
| ചന്ദ്രനുദിക്കുമ്പോൾ (പ്ര.22) | 279 |
| ഞാനിവടെ വസിക്കാം | 136 |
| തളിരുകളാകിയ (പ്ര.23) | 295 |
| നാനാനാരീ | 51 |
| നിരവധിലയ (പ്ര.1) | 13 |
| പീതാംബരചന്ദന (പ്ര.4) | 53 |
| മലരമ്പന്റെ (പ്ര.10) | 138 |
| മാധവമാസ (പ്ര.18) | 225 |
| മുത്തണിയുന്നൊരു (പ്ര.24) | 311 |
| മുന്നംനിന്നോടു | 141 |
| മുലകളിലണിഞ്ഞൊരു (പ്ര.9) | 123 |
| യമുനാതീരനികുംജ (പ്ര.1 ) | 144 |
| യമുനാപുളിന (പ്ര.15) | 188 |
| രത്യാ രാധപറഞ്ഞ | 324 |
| രാത്രിയിലൊരുത്തി (പ്ര.17) | 212 |
| രാധ കോപിച്ചിട്ടെങ്ങു (പ്ര.7) | 94 |
| രാപോവോളം | 309 |
| വടിവോടു നീ(പ്ര.21) | 270 |
| വണ്ടോളിവണ്ണന്റെ (പ്ര.5) | 69 |
| വന്നില്ലാളി ശഠൻ | 196 |
| വസന്താഖ്യേ കാലേ | 38 |
| വിരഹവേദനയും(പ്ര.20) | 257 |
| വിരഹവിഹിത | 159 |
| വീടു കൊടുങ്കാടായി | 121 |
| വീണാപാണി | 90 |
| വേദം വീണ്ടുദ്ധരിച്ചും | 27 |
| ശ്രീഭഗവതിയുടെ(പ്ര.2) | 30 |
| ശ്രീമാന്മാർത്താണ്ഡ | 13 |
| സഖീജനം | 293 |
| സാ വിലപ്യ | 210 |
| സുരതരുണിസമ(പ്ര.14) | 182 |
| ഹന്ത പയോധര(പ്ര.12) | 161 |
| ഹാരാദ്യാഭരണ | 269 |

P. 278
-22

PRINTED AT
THE MODERN PRESS
TRIVANDRUM.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

**KOTTAYAM PUBLIC LIBRARY**
KOTTAYAM.

Cl. No. M200. Acc. No 4235

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 3 DEC 1986 | | |
| 11 OCT 1987 | | |
| 8 DEC 1988 | | |
| 4 MAR 1994 | | |
| 25 MAY 1994 | | |
| 28 JUL 1995 | | |
| 15 AUG 1997 | | |
| 7 APR 2002 | | |
| 6 APR 2003 | | |
| 2 DEC 2003 | | |
| 2 APR 2004 | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M 200
~~Sar~~
Sar-G.

4235

ശർമ്മ വി. വി.

ഗീതാ ഗോവിന്ദകാവ്യം

KOTTAYAM PUBLIC LIBRARY

Call No. 14200 Acc. No. 4235

Author വർമ്മ വി.വി.

Title [illegible]

Indic Digital Archive Foundation

gpura.org